# ഒരു തേപ്പ് കഥ

Oru Theppu Kadha | Author : Chullan Chekkan |
www.kabistories.com

ഞാൻ ചുള്ളൻ ചെക്കൻ,

ഇത് എന്റെ ആദ്യ കഥയാണ്... നിങ്ങളുടെ സ്നേഹം ഞാൻ പ്രേധിക്ഷിക്കുന്നു...

“ടാ എഴുനേക്ക് ആ പെണ്ണ് അവിടെ കിടന്ന് കയറു പൊട്ടിക്കുന്നു ” ഉമ്മ എന്നെ കുലിക്കി വിളിച്ചുകൊണ്ടു പറഞ്ഞു..

“ആഹ് ഉമ്മ ഒരു 5 മിനിറ്റ് ” ഞാൻ ഒന്ന് കൂടെ ചരിഞ്ഞു കിടന്നു പറഞ്ഞു...

“ആഹ് നീ എന്താന്ന് വെച്ചാ കാണിക്ക്... അവൾ ഇങ്ങോട്ട് കയറി വന്നാൽ അറിയാമല്ലോ ” ഉമ്മ എന്നെ നോക്കി പറഞ്ഞു കൊണ്ട് താഴേക്ക് ഇറങ്ങി പോയി...

എന്നെ കുറിച്ചു പറഞ്ഞില്ലല്ലോ... ഞാൻ അജാസ് (26 വയസ്) ബിസ്സിനെസ്സ് മാൻ ആണ്. ബാംഗ്ലൂർ ഉള്ള ഞങ്ങളുടെ ബിസ്സിനെസ്സ് ഒക്കെ നോക്കുന്നത് ഞാൻ ആണ്. വീട് എറണാകുളം തന്നെ ആണ്.ഉമ്മ അജീന ഹൗസ് വൈഫ് ആണ് . ഉപ്പ ജാഫർ ബിസിനസ് ആണ്.ഒരു പെങ്ങൾ ഉണ്ട് ആഫിയ (22 വയസ് )ഡോക്ടർ ആവാൻ പഠിക്കുകയാണ് ഇത് ലാസ്റ്റ് ഇയർ . ഓൾടെ കല്യാണം ആണ് 2 ആഴ്ച കഴിഞ്ഞാൽ. പയ്യൻ ഫൈസൽ(26 എന്റെ അതെ പ്രായം )ഓനും ഡോക്ടർ ആണ് ഓൾ പഠിക്കുന്ന അതെ കോളേജിൽ ആയിരുന്നു പഠിത്തം.. ഓൾ കേറിയപ്പോൾ ഓൻ ഫോർത് ഇയർ.. ആയിരുന്നു പ്രേമം ആയിരുന്നു.. വീട്ടിൽ പറഞ്ഞു സമ്മതിച്ചു. ഓന്റെ ഉമ്മ മരിച്ചു വാപ്പ 2 പെങ്ങമ്മാർ ഒരാൾടെ കല്യാണം കഴിഞ്ഞു ഇനി ഒരാൾ കൂടെ ഉണ്ട് ഓൾക്ക് കൂട്ടുകാരികളെ കല്യാണം ക്ഷേണിക്കാൻ പോണം.. ഞാനും കൂടെ പോകണം.. അതാണ് ഇന്നത്തെ എന്റെ main പരിപാടി...

“ ടാ പട്ടി ഇക്ക.. എണീക്കട ” ഇടത്തോട്ട് ചരിഞ്ഞു കിടന്നാ എന്നെ ബെഡിൽ നിന്ന് ചവിട്ടി താഴെ ഇട്ടുകൊണ്ട് പറഞ്ഞു...

“നിനക്ക് എന്തിന്റെ കുഴപ്പമാ ആഫി..കുറച്ചു നേരം കൂടെ കിടന്നിട്ട് വരാം... ഞാൻ ഇന്നലെ ഇങ് വന്നതല്ലേ ഉള്ളു ”

“അതൊന്നും പറഞ്ഞാൽ പറ്റില്ല.. ഇപ്പൊ തന്നെ പോണം.. ഇന്ന് കുറച്ചു ഷോപ്പിംഗ് ഉണ്ട് പിന്നെ എല്ലാരേം കാണണ്ടേ ” അവൾ ചിരിച്ചുകൊണ്ട് പറഞ്ഞു... എന്നിട്ട് എന്നെ തള്ളി ബാത്റൂമിൽ കയറ്റി... ( പണ്ട് മുതൽ വാപ്പ ഗൾഫിൽ ആയത് കൊണ്ട് ഒരുപാട് ബസ്സിനസ് അവിടെയും ഇവിടെയും എല്ലായിടത്തും ഉണ്ടായിരുന്നു )

ഞാൻ ബാത്റൂമിൽ കയറി നിന്ന് മുഖം ഒന്ന് നോക്കി... താടി ഒന്ന് ഷേപ്പ് ആക്കണം...

“അതെ ആ താടി അങ്ങ് ഷേപ്പ് ആക്കിയെരെ ” പുറത്തുനിന്നു ആഫി വിളിച്ചു പറഞ്ഞു...

ഞാൻ പല്ലൊക്കെ തേച്ചു താടി ഒക്കെ ഷേപ്പ് ചെയ്ത് ഇറങ്ങുമ്പോൾ ബെഡിൽ എനിക്ക് ഇടാൻ ആയി വൈറ്റ് ഷർട്ടും ബ്ലൂ പാന്റ്സും എടുത്ത് വെച്ചിരിക്കുന്നു... ഞാൻ ഷർട്ട് ഇഞ്ച് ചെയ്തിട്ട് അവിടെ ഉണ്ടായിരുന്ന കണ്ണാടിയിലേക്ക് നോക്കി...‘ താടി എടുത്തപ്പോൾ കൊള്ളാം ’ ഞാൻ മനസ്സിൽ പറഞ്ഞു താഴേക്ക് ചെന്നു... അവിടെ നല്ല ചൂട് അരിപ്പത്തിരിയും ചിക്കൻ കറിയും... ഒന്നും നോക്കിയില്ല കുറെ നാൾ ആയി ഇതൊക്കെ കഴിച്ചിട്ട് ഇരുന്നു അങ്ങ് തട്ടി...കഴിച്ചു കഴിഞ്ഞു ഞങ്ങൾ പുറത്തേക്ക് ഇറങ്ങി. ഓടി കാർ എടുത്തു..

“ആദ്യം എങ്ങോട്ടേക്കാ പോകുന്നെ ” ഞാൻ ചോദിച്ചു

“ആദ്യം നാത്തൂനെ ഒന്ന് കാണണം ” അവൾ പറഞ്ഞു...

“മോളെ കല്യാണം ഉറപ്പിച്ച ശേഷം കല്യാണം കഴിയാതെ അവിടേക്ക് ചെല്ലുന്നത് ശെരിയല്ല ”

“അത് എനിക്ക് അറിയാം... വീട്ടിൽ ഞാൻ കയറുന്നില്ല...ഞാൻ അവളോട് ഇക്കാക്ക് നല്ലൊരു ആളെ കണ്ട് പിടിക്കാൻ പറഞ്ഞിരുന്നു.. അവൾ ആരെയോ കണ്ട് വെച്ചിട്ടുണ്ട് ഇന്ന് അങ്ങോട്ട് ചെല്ലാൻ പറഞ്ഞു ”

“എനിക്ക് ഇപ്പോഴേ കല്യാണം ഒന്നും വേണ്ട” ഞാൻ എടുത്ത വാക്കിൽ പറഞ്ഞു...

“അത് ഒറ്റക്കങ്ങു തീരുമാനിച്ചാൽ മതിയോ” അവൾ വിടുന്ന ലക്ഷണം ഇല്ല

“എന്റെ ജീവിതം അല്ലെ എനിക്ക് തീരുമാനിക്കാൻ അവകാശം ഇല്ലേ ” ഞാൻ അവളോട് ചോദിച്ചു...

“ സോറി അത് ഞാൻ ചിന്തിച്ചില്ല.. ഇനി ഇക്കാക്ക് ഇഷ്ടം പോലെ ജീവിക്കാം.. ഞാൻ ഒന്നും വരുന്നില്ല ” എന്ന് പറഞ്ഞു അവൾ കൈ കെട്ടി പുറത്തേക്ക് നോക്കി ഇരുന്നു...

'ശേ അങ്ങനെ പറയണ്ടായിരുന്നു... ഒന്നുമില്ലേലെങ്കിലും എന്നെ ജീവിതത്തിലേക്ക് തിരിച്ചു കൊണ്ട് വന്നത്.. എന്റെ പെങ്ങൾ അല്ലെ ' പെട്ടന്ന് ഒരു വണ്ടി ഹോൺ അടിച്ചു സ്പീഡിൽ പോയി... അപ്പോഴാണ് എനിക്ക് ബോധം വീണത്... ഞാൻ പെട്ടന്ന് വണ്ടി സൈഡിലേക്ക് വളച്ചു മാറ്റി...

“ അതെ ഇക്കാക്ക് കല്യാണം വേണ്ടന്ന് പറഞ്ഞു എന്നെ കൂടെ കൊല്ലരുത്... എനിക്ക് ഇനിയും ജീവിക്കണം ” അവൾ എന്നെ നോക്കാതെ പറഞ്ഞു...

“അത് ഞാൻ പഴയതൊക്കെ ഓർത്തുപോയി ”

“എന്തിനാ ഇപ്പൊ അതൊക്കെ ഓർക്കാൻ പോണേ... അതൊക്കെ മറക്കാൻ വേണ്ടി ആണ് ഞാൻ ഒരു കൊച്ചിനെ കണ്ട് പിടിച്ചു തരാം എന്ന് പറഞ്ഞത്... അപ്പൊ കല്യാണം വേണ്ട പോലും ” ഞാൻ മറുപടി ഒന്നും പറഞ്ഞില്ല പിന്നെ നിശബ്ദത ആയിരുന്നു... അവളുടെ ചെക്കന്റെ വീട്ടിലോട്ട് പോണ വഴിയിൽ വെച്ച് അവൾ ആ നിശബ്ദത ഭേധിച്ചു സംസാരിച്ചു...

“വണ്ടി ഇവിടെ നിർത്തിയാൽ മതി ഇക്ക.. അവൾ ഇങ്ങോട്ട് വരും ” എന്ന് പറഞ്ഞു അവൾ ഫോൺ എടുത്ത് അവളുടെ നാത്തൂനെ വിളിച്ചു...

“നീ എന്ത് ഉദ്ദേശത്തില വീണ്ടും ആ കൊച്ചിനെ വിളിച്ചേ.. ഞാൻ പറഞ്ഞില്ലേ എനിക്ക് ഇപ്പോഴേ കല്യാണം വേണ്ടന്ന്” ഞാൻ ചോദിച്ചു...

“ ഇത് അതിനൊന്നും അല്ല... ഞങ്ങൾ ഒരുമിച്ചാണല്ലോ പഠിച്ചത്.. ഞങ്ങളുടെ കൂട്ടുകാരികളുടെ ഒക്കെ വീട്ടിൽ പോകാന. പിന്നെ വേണ്ടന്ന് പറയുന്ന ആളെ നിർബന്ധിച്ചിട്ട് കാര്യം ഇല്ലല്ലോ ”

പിന്നെ അവൾ ഫോണിൽ ആരോടോ ചാറ്റിങ് ആയി.. ഞാൻ അവളോട് ഒന്നും സംസാരിക്കാനും പോയില്ല... അപ്പോഴാണ് ഒരു yamaha ray വന്ന് ഞങ്ങളുടെ

കാറിന്റെ അവിടെ നിർത്തിയത്. ഒരു ഓറഞ്ച് കളറിൽ പൂക്കൾ ഒക്കെ ഉള്ള ഒരു ടോപ്പും പലസയും ഒക്കെ ഇട്ട്.. കവിളിൽ നുണക്കുഴി ഒക്കെ ഉള്ള ഒരു കുട്ടി... ഞാൻ അവളെ തന്നെ ശ്രെദ്ധിച്ചു നോക്കി ഇരുന്നു... ഡോർ അടയുന്ന ശബ്ദം കേട്ടാണ് ഞാൻ അവളിൽ നിന്ന് കണ്ണ് മാറ്റിയത്... നോക്കുമ്പോൾ ഞാൻ കാണുന്നത് ആഫി ഇറങ്ങി അവളുടെ അടുത്ത് സംസാരിച്ചിട്ട് എന്റെ അടുത്ത് വന്ന് വിൻടോയിൽ മുട്ടുന്നു... ഞാൻ ഗ്ലാസ് താത്തു..

"ഇതാണ് എന്റെ നാത്തൂൻ ആകാൻ പോകുന്ന ആൾ ജെന്ന "ആഫി എനിക്ക് ജന്നയെ പരിചയപ്പെടുത്തി... ഞാൻ ജന്നയെ നോക്കി ഒന്ന് ചിരിച്ചു അവളും എന്നെ നോക്കി ചിരിച്ചു...

"എന്നാ ഞങ്ങൾ പോകട്ടെ.. ഇപ്പൊ സമയം 10 ആയി ഞങ്ങൾ ഒരു 11.30 ആകുമ്പോൾ ഇങ് എത്താം "

"അപ്പൊ ഞാനോ "

"ഇക്ക വണ്ടി അങ്ങോട്ട് പാർക്ക് ചെയ്തിട്ട് wait ചെയ്.. ഞങ്ങൾ ഇങ് വരാം " എന്ന് പറഞ്ഞു അവൾ ജെന്നയുടെ കൂടെ കയറി പോയി... ഞാൻ ജന്നയെ ഒന്ന് മനസ്സിൽ ഓർത്തു... മാൻപേട മിഴികൾ കറുപ്പും നീലയും ചേർന്നുള്ള കണ്ണുകൾ കുഞ്ഞ് മൂക്ക് ചുവന്ന ചുണ്ടുകൾ നുണക്കുഴി ഉള്ള കവിളുകൾ... ആവശ്യത്തിന് ശരീരം ഉള്ള ഒരു കുട്ടി.. പെട്ടന് ഒരു മുഖം എന്റെ മനസിലേക്ക് ഓടി കയറി വന്നു ഐഷ.. എറണാകുളം കളമശേരി പോളിടെക്നിക്കിൽ എന്റെ ജൂനിയർ ആയി വന്ന കുട്ടി...

« ഇനി നമുക്ക് എന്റെ കോളേജ് കാലത്തേക്ക് പോകാം »

പത്തിലും +2വിലും അത്യാവശ്യം മാർക്ക് ഒക്കെ ഉള്ളത്കൊണ്ട്... നല്ല കോളേജിൽ തന്നെ സീറ്റ് കിട്ടി.. എല്ലാരേയും പോലെ കോളേജിൽ അടിച്ചു പൊളിച്ചു നടക്കാൻ തന്നെ ഞാനും തീരുമാനിച്ചു...അവിടെ എനിക്ക് കിട്ടിയത് നല്ല രണ്ട് കൂട്ടുകാരെ ആയിരുന്നു... ആദിൽ, വിവേക്. എന്ത് കാര്യത്തിനും കൂടെ നിൽക്കുന്ന രണ്ട് പേർ... അവർ വേറെ സ്ഥാലത്തു നിന്ന് വന്ന് റൂം എടുത്ത് താമസിക്കുന്നവർ ആയിരുന്നു... അങ്ങനെ ആർട്സിലും സ്പോർട്സിലും എല്ലാം ഞങ്ങളുംപങ്കാളി ആയി.. രണ്ട് വർഷം കഴിഞ്ഞു .. ഞങ്ങളുടെ ലാസ്റ്റ് ഇയർ ആയി.. ഫ്രഷേഴ്സ്ഡെയുടെ അന്ന് ഞങ്ങൾ മൂന്നും എന്റെ വീട്ടിൽ നിന്ന് ഫുഡും കഴിച്ചു കോളേജിലേക്ക് യാത്രയായി..2 ബൈക്കിൽ ആയിരുന്നു യാത്ര... ഞങ്ങൾ വണ്ടി കോളേജിലേക്ക് കയറ്റുമ്പോൾ കാണുന്നത് വരിവരിയായി നടന്നു വരുന്ന കുറെ പിള്ളേരെ ആണ്...

“ടാ ഇന്ന് കുറെ പെൺപിള്ളേർ വന്നിട്ടുണ്ട് നമ്മൾ അല്ലെ സീനിയർസ്.. ഇന്ന് ഒരെണ്ണത്തിനെ എങ്കിലും set ആക്കി എടുക്കണം ” എന്റെ കൂടെ ഇരുന്ന വിവേക് പറഞ്ഞു...

“ഇപ്പൊ തന്നെ 4,5 എണ്ണം ഇല്ലെടാ... എന്തിനാ വെറുതെ അടുത്തതിന്റെ പ്രാക്ക് കൂടെ വാങ്ങിക്കയുന്നത് ” ആദിൽ അവനെ നോക്കി പുച്ഛത്തോടെ പറഞ്ഞു...

“അത്...,. ആ നീ വല്യ ഡയലോഗ് ഒന്നും പറയണ്ട കുറെ നാൾ ആയല്ലോ ഒരു കൊച്ചിന്റെ പിറകെ നടക്കുന്നു എന്നിട്ട് എന്തായി.. എടാ ഇതൊരു കലയാണ്.. അതിനു കഴിവും വേണം ” വിവേക് ആദിലിനെ നോക്കി അവന്റെ ചമ്മൽ മാറ്റാൻ ആയി പറഞ്ഞു...

“ഓ നമ്മക്ക് ആ കഴിവ് ഇല്ലേ.. ഒരെണ്ണത്തിനെ set ആക്കണേ പാടാണ് ” ആദിൽ പറഞ്ഞു...

“ടാ നിർത്തിക്കെ രണ്ടും കൂടെ... ദേ അങ്ങോട്ട് നോക്കിക്കേ അത് ആ സെക്കന്റ്‌ഇയർ പിള്ളേർ അല്ലെ... അവന്മാർ റാഗിംഗ് നടത്തുവാണോ ” ഞാൻ അവന്മാരോട് ചോദിച്ചു...

“ആണോ എങ്കിൽ അതൊന്ന് കാണണമല്ലോ ” ആദിൽ പറഞ്ഞിട്ട് വണ്ടി ഒതുക്കി. അപ്പോൾ ഞാനും വണ്ടി ഒതുക്കി... ഇറങ്ങി അവൻ ആദ്യം നടന്നു പിറകെ ഞാനും വിവേക്കും.... അവരുടെ അടുത്ത് ചെന്നപ്പോൾ 4 പെൺകുട്ടികളെ ആണ് റാഗ് ചെയ്യുന്നത്... ഞങ്ങൾ വരുന്നത് കണ്ട് അവന്മാരിൽ ഒരുത്തൻ അവരുടെ നേതാവ് എന്ന് തോന്നിക്കുന്നവനോട് എന്തോ പറഞ്ഞു... അവൻ ഞങ്ങളെ ഒന്ന് നോക്കി... എന്നിട്ട് വീണ്ടും ആ പെൺകുട്ടികളോട് എന്തൊക്കെയോ ചോദിച്ചു..

“ എന്താ മോനെ റാഗിംഗ് ആണോ ”ആദ്യം ചെന്ന ആദിൽ ഒരു പരിഹാസ രൂപേണ അവനോട് ചോദിച്ചു...

“ആണെങ്കിൽ ” അവൻ കൊളുത്തുവാണെന്ന് മനസിലാക്കാൻ വേണ്ടി പറഞ്ഞു..

“ ആണെങ്കിൽ അത് ഇവിടെ നടക്കില്ല... അത്ര തന്നെ... നിങ്ങൾ പൊക്കൊളു ” അവനോട് പറഞ്ഞിട്ട് അവിടെ നിന്ന പെണ്പിള്ളേരോട് വിവേക് പറഞ്ഞു... അവർ തിരിഞ്ഞപ്പോൾ ആണ് ഞാൻ അവളെ കണ്ടത്... ചുവന്ന ടോപ്പും ബ്ലാക്ക് പാലാസയും ഇട്ട് തട്ടമൊക്കെ ചുറ്റി ചുവന്ന ചുണ്ടുകളും നീല കണ്ണുകളും ഉള്ള ഒരു മൊഞ്ചത്തിയെ... ഒറ്റ നോട്ടം കണ്ടപ്പോഴേ എന്റെ

നെഞ്ചിനുള്ളിലൂടെ ഒരു മിന്നൽ കടന്നു പോയി.... രംഗ് ചെയ്ത് കൊണ്ട് ഇരുന്നവൻ പെട്ടന് അവളുടെ തോളിൽ കൈ വെച്ചു പറഞ്ഞു"അങ്ങനെ അങ്ങ് പോകാമോ.. ഇവിടെ വിളിച്ചത് ഞങ്ങൾ ആണേൽ ഞങ്ങൾ പോകാൻ പറയുമ്പോൾ നിയൊക്കെ പോയാമതി " "പെൺപ്പിള്ളേർഡ് ദേഹത്ത് കൈവെക്കുന്നോടാ..***** മോനെ "അവൻ പറഞ്ഞു തീർരുന്നതും ഞാൻ അവന്റെ നെഞ്ചത് ആഞ്ഞു ചവിട്ടിക്കൊണ്ട് ഞാൻ പറഞ്ഞു... അവന്മാർ പ്രതികരിക്കില്ല എന്ന് കരുതിരുന്ന എന്നെ അവന്മാരിൽ ഒരുത്തൻ ചവിട്ടി താഴെ ഇട്ടു.. പെട്ടന്ന് ചാടി എഴുന്നേറ്റ ഞാൻ കാണുന്നത് അവന്റെ കൂടെ ഉണ്ടായിരുന്ന 4 പേരും താഴെ കിടക്കുന്നു.. ഞാൻ എഴുന്നേറ്റ കണ്ട് ആദിലും വിവേക്കും ഒരു ചിരിയോടെ എന്നെ നോക്കി... ഞാൻ അവന്മാരെ ഒന്ന് നോക്കി.. പെട്ടന്ന് തന്നെ എന്റെ കണ്ണുകൾ അവളിലേക്ക് പാഞ്ഞു... ഞാൻ നോക്കുമ്പോൾ ആ നില കണ്ണുകൾ നിറഞ്ഞിരിക്കുന്നു...

"ആഹ് ക്ലാസ്സിൽ പൊക്കോ... ഇനി ആരെങ്കിലും റാഗ് ചെയ്യാനോ മറ്റോ വന്നാൽ ഞങ്ങളുടെ പേര് പറഞ്ഞാൽ മതി " താഴെ വീണ ചമ്മൽ മാറ്റാൻ വേണ്ടി ഞാൻ പറഞ്ഞു...

കേട്ടപാടെ അവർ നാലുപേരും നടന്നു ആ നീല കണ്ണുകൾ എന്നെ വല്ലാണ്ട് ആകർഷിച്ചു... ഞാൻ അവർ നടക്കുന്നത് നോക്കി കുറച്ചു നേരം നിന്നു... അവർ നടന്നു പോകുന്ന വഴിയിൽ ആ നീല കണ്ണുള്ള കുട്ടി ചെറുതായി തിരിഞ്ഞു നിറക്കണ്ണുകളോടെ എന്നെ നോക്കി ആരും കേൾക്കാൻ പറ്റാത്ത രീതിയിൽ ചുണ്ടുകൊണ്ട് 'സോറി ' എന്ന് പറഞ്ഞു...

മുതുകത്തു ആരോ തട്ടുന്നത് അറിഞ്ഞൻ ഞാൻ അവളിൽ നിന്ന് നോട്ടം മാറ്റിയത്... മുത്തുകത്തുള്ള മണ്ണും പൊടിയും ഒക്കെ തട്ടി കളയുകയാണ് എന്റെ ചങ്കുകൾ...

"എന്താ മോനെ ഒരു ഇളക്കം " വിവേക് ആണ് ചോദിച്ചത്..

"എന്ത് ഇളക്കം.. നിങ്ങൾ ഒന്ന് വിട്ടേ " ഞാൻ അവന്മാരിൽ നിന്ന് മാറി എന്നിട്ട് മുന്നോട്ട് നടന്നു...

"നീ അവനെ ചവിട്ടിയപ്പോഴേ എനിക്ക് എന്തോ ഡൌട്ട് തോന്നിയത്... അവസാനം നിൻറെ ആ നോക്കി നിൽപ് കണ്ടപ്പോഴേ മനസിലായി.. നീയും പെട്ടെന്ന് " വിവേക് ചിരിച്ചുകൊണ്ട് പറഞ്ഞു...വിവേക് അത് പറഞ്ഞപ്പോൾ ആദിലിന്റെ മുഖം വാടുന്നത് ഞാൻ ശ്രദ്ധിച്ചു...

“അത് പിന്നെ കണ്ടപ്പോൾ എന്തോ ഒരു അട്രാക്ഷൻ തോന്നി അങ്ങനെ നോക്കി നിന്ന് പോയതാ ” ഞാൻ അവന്മാരുടെ മുഖത്തേക്ക് നോക്കാതെ പറഞ്ഞു...

“ആ മതി സംസാരിച്ചത്... നിയൊക്കെ ക്ലാസ്സിൽ കയറാൻ വരുന്നോ... അതോ ഇനിയും പെൺപിള്ളേരെ നോക്കി നിക്കുവാണോ ” ആദിൽ ചെറിയ ദേഷ്യത്തിൽ പറഞ്ഞിട്ട് മുന്നോട്ട് നടന്നു... ഇവന് ഇത് എന്ത് പട്ടി എന്ന് പറഞ്ഞു ഞങ്ങൾ മുഖത്തോട് മുഖം നോക്കി നിന്നു... ക്ലാസ്സിൽ ചെന്നു കയറി ഇരുന്നു... ആരൊക്കെയോ വന്ന് ക്ലാസ്സ് എടുക്കുന്നു... ഞങ്ങൾ മൂന്നും ലാസ്റ്റ് ബെഞ്ചിൽ ഇരുന്നു സംസാരിക്കുകയായിരുന്നു... അപ്പോൾ പ്യൂണ് അങ്ങോട്ട് കയറി വന്നു എന്നിട്ട് കയ്യിലിരുന്ന ഒരു പേപ്പർ സാറിന് കൊടുത്തു..“അജാസ്, ആദിൽ, വിവേക്. ഇവരെ മൂന് പേരെയും പ്രൈസിപ്പൽ വിളിക്കുന്നു ” ഞങ്ങൾ മൂന് പേരും എഴുന്നേറ്റു ക്ലാസിനു വെളിയിൽ ഇറങ്ങി... നേരെ പ്രിൻസിയുടെ റൂമിലേക്ക് കയറി... പ്രിൻസി അവിടെ എന്തോ തിരക്കിലായിരുന്നു ഞങ്ങളെ ഒന്ന് നോക്കുക പോലും ചെയ്തില്ല.. പണിയെല്ലാം കഴിഞ്ഞ് അവർ ഞങ്ങളെ ഒന്ന് നോക്കി... എന്നിട്ട് കണ്ണിലിരുന്ന കണ്ണാടി ഊരി ടേബിളിൽ വെച്ചു...

“ആരൊക്കെയാ ഇത്... എന്തൊക്കെ ഉണ്ട് വിശേഷം ” അവർ ഞങ്ങളെ ആക്കി ( കളിയാക്കി )കൊണ്ട് പറഞ്ഞു...

“സുഖം ”പെട്ടന്ന് വിവേക് ഉത്തരം പറഞ്ഞു...

“നിന്റെ ഒക്കെ സുഖ വിവരം അറിയാൻ അല്ല ഞാൻ വിളിച്ചത്... ഇത് ഒരു കോളേജ് ആണ് ഇതിന് അതിന്റെതായ മാന്യത ഒക്കെ ഉണ്ട്... തല്ലുണ്ടാക്കാൻ ആണേൽ കോളേജിൽ വരുന്നത് എന്തിനാ ”

“അത്.. അവർ.. ആ..പെണ്പിള്ളേരുടെ.. ദേഹത്ത്.. പിടിച്ചപ്പോൾ ”അജാസ് വിക്കി വിക്കി പറഞ്ഞു....

“എന്ത്.. എന്താ പറഞ്ഞെ ” പ്രിൻസി ചോദിച്ചു...

“അത് ഞങ്ങൾ കോളേജിലേക്ക് വരുമ്പോൾ അവന്മാർ ആ പിള്ളേരെ റാഗ് ചെയ്യുകയായിരുന്നു ” വ്യക്തമാക്കി പറയാൻ വേണ്ടി വിവേക് പറഞ്ഞു തുടഗിയത് ഇടക്ക് നിർത്തി..

“ഏത് പിള്ളേരെ ” പ്രിൻസി ചോദിച്ചു...

“അത് അറിയില്ല മിസ്സ്.. ഫസ്റ്റ്ഇയർ പിള്ളേർ ആണെന്ന് തോന്നുന്നു ”അജാസ് പറഞ്ഞു...

“അപ്പോൾ ഞങ്ങൾ അവന്മാരോട് ഇത് ഇവിടെ പറ്റില്ല പ്രിൻസിപ്പൽ സ്ട്രിക്ട് ആണ് എന്നൊക്കെ പറഞ്ഞു... അപ്പോൾ അവന്മാർ ‘പ്രെസിപ്പൽ ആയാലും ആരായാലും എനിക്ക് ഒന്നും ഇല്ല ’ എന്ന് അവന്മാർ പറഞ്ഞു എന്നിട്ട് തിരികെ പോകാൻ തുടങ്ങിയ ഒരു കുട്ടിയുടെ തോളിൽ പിടിച്ചു വലിച്ചു... അപ്പോഴാണ് ഇവൻ അവനെ ചവിട്ടിയത്.. അപ്പൊ അവരും ഇവനെ തല്ലി അപ്പോ ഞങ്ങൾ അവരെ പിടിച്ചു മാറ്റിയത് ” വിവേക് നല്ല വെക്തമായി പ്രിൻസിയോട് പറഞ്ഞു... പ്രിൻസിയെ അവന്മാർ അങ്ങനെ പറഞ്ഞെന്ന് ഒക്കെ പറഞ്ഞു തള്ളിയപ്പോൾ അവർ അതിൽ വീണു.. അവർ ഞങ്ങളോട് ക്ലാസ്സിൽ പൊക്കോളാൻ പറഞ്ഞു...

ക്ലാസ്സിൽ കയറിയപ്പോൾ മുതൽ എന്റെ മനസ്സിൽ അവൾ ആയിരുന്നു.. അവളുടെ ആ നീല കണ്ണുകൾ ആയിരുന്ന എന്റെ മനസ് മുഴുവൻ...

“എടാ നീ ഇവിടെങ്ങും അല്ലെ ”തോളിൽ തട്ടി വിവേക് ചോദിച്ചപ്പോൾ ആണ് ഞാൻ ചിന്തയിൽ നിന്ന് ഉണരുന്നത്...

“അത് ഞാൻ ഓരോന്ന് ആലോചിക്കുവായിരുന്നെടാ ”ഞാൻ അവനെ പറഞ്ഞു വിടാൻ വേണ്ടി വെറുതെ പറഞ്ഞു...

“മനസിലായി മനസിലായി.”എന്ന് പറഞ്ഞു തലയുമാട്ടി അവൻ അവിടെ ഇരുന്നു... അങ്ങനെ അവളെ ആലോചിച്ച് ഇരുന്നു ക്ലാസ്സ് കഴിഞ്ഞു വൈകുന്നേരം വീട്ടിലേക്ക് പോകാൻ ആയി... വണ്ടിയും എടുത്ത് ഇറങ്ങുമ്പോൾ ആണ് ബസ്സ്റ്റോപ്പിൽ നിൽക്കുന്ന ആ നീലാകാന്നുകാരിയെ കണ്ടത്... ഞാൻ വേഗം ബ്രേക്ക് ഇട്ടു പിറകെ വന്ന ആദിൽ എന്നെ ഒന്ന് നോക്കി...

“എടാ എനിക്ക് ഒരു സ്ഥലം വരെ പോണം നീ ഇവനുമായി പൊക്കോ ”ഞാൻ ആദിലിനെ നോക്കി പറഞ്ഞു വിവേക് വണ്ടിയിൽ നിന്ന് ഇറങ്ങി...

“ടാ കള്ള **** നീ ആ കൊച്ചിനെ കണ്ടോണ്ട എന്നെ അവന്റെ കൂടെ വിടുന്നത് എന്ന് അറിയാം.. അവിടെ നിക്കുന്ന ആ പച്ച ഡ്രസ്സ് ഇട്ട കുട്ടിയെ കണ്ടോ എനിക്ക് അതിനെ ഒന്ന് set ആക്കി തരണേ ” അവൻ ചിരിച്ചുകൊണ്ട് അങ്ങനെ പറഞ്ഞിട്ട് ഓടി ആദിലിന്റെ ബൈക്കിൽ കയറി അവൻ വണ്ടി എടുത്ത് പോയി.... ഞാൻ അവന്മാർ പോയി കഴിഞ്ഞ് ബസ്സ്റ്റോപ്പിലേക്ക് പോകാൻ

ആയി വണ്ടി അവിടെ ഒതുക്കി ബസ്സ്റ്റോപ്പിലേക്ക് കയറി... ബസ്സ്റ്റോപ്പിൽ ഞാനും ആ നീലകണ്ണുകാരിയും വേറെ ഒരു ആറ് പ്രൺപിള്ളാരും 2 ആൺപിള്ളാരും... അവൾ എന്നെ കണ്ടു എന്നെ നോക്കി ഒന്ന് ചിരിച്ചു... ഞാനും ചിരിച്ചു...

“അതെ...” ഞാൻ അവളെ വിളിച്ചു...

“മം ” അവൾ ഒന്ന് മൂളി...

“എന്തിനാ രാവിലെ സോറി പറഞ്ഞത്...” ഞാൻ സംസാരത്തിലേക്ക് ഒരു വിഷയം കൊണ്ട് വരാൻ വേണ്ടി ചോദിച്ചു...

“ അത് ഞാൻ കാരണം അല്ലെ ഇക്കാക്ക് ചവിട്ട് കിട്ടിയത് ” അവൾ പറഞ്ഞിട്ട് തല താത്ത് ഇരുന്നു...

“അതൊന്നും സാരമില്ലന്നെ.. അല്ല തന്റെ പേര് പറഞ്ഞില്ല ”

“എന്റെ പേര് ഐഷ ഫാത്തിമ ” അവൾ പറഞ്ഞു..

“ ഞാൻ അജാസ് ജാഫർ.. ഇഷ്ടമുള്ളവർ അജു എന്ന് വിളിക്കും ”

ഞങ്ങൾ പേര് പറഞ്ഞു തീർന്നതും അവളുടെ ബസ് വന്ന് അവൾ എന്നെ ഒന്ന് നോക്കുക പോലും ചെയ്യാതെ ബസ്സിലേക്ക് കയറി... ബസ്സിൽ കയറിയ ശേഷം ഞാൻ അവളെ ഒരുപാട് നോക്കിയെങ്കിലും കാണാൻ പറ്റിയില്ല... ഞാൻ അവളെ തന്നെ നോക്കി ഇരുന്നു.. ബസ് മുന്നിലേക്ക് പോയി ബസ് പോയി കഴിഞ്ഞ് ഞാൻ തിരികെ വീട്ടിൽ എത്തി... ആഫിയും ഉമ്മിയും tv കാണുന്നു... ഞാൻ അവരെ ഒന്ന് നോക്കി എന്നിട്ട് റൂമിൽ പോയി ഫ്രഷ് ആയി ഡ്രസ്സ് എല്ലാം ഇട്ട് താഴേക്ക് വന്നു.. ഞാൻ വന്ന് ഇരുന്നപ്പോഴേ ഉമ്മി ചായ ഇടാൻ ആയി അടുക്കളയിലേക്ക് പോയി.. അപ്പോഴേക്കും എന്റെ കുഞ്ഞു പെങ്ങൾ ചാടി എന്റെ അടുത്ത് വന്നു...

“എന്താ മുഖത്ത് പതിവില്ലാതെ ഒരു സന്തോഷം ” അവൾ എന്റെ മുഖത്തേക്ക് നോക്കി ചോദിച്ചു...

“സന്തോഷമോ.. നിനക്ക് തോന്നുന്നെയാ ” ഞാൻ പറഞ്ഞു ഒഴിഞ്ഞു...

“ഇക്കുനെ ഞാൻ ഇന്നും ഇന്നലെയും കാണാൻ തുടങ്ങിയതല്ല... ഓഹ് നമ്മളോട് പറയാൻ പറ്റാത്ത കാര്യം ആണ് അല്ലെ. ശെരി വേണ്ട ” അവൾ പരിഭവം കാണിച്ച എന്റെ അടുത്ത് നിന്ന് എഴുനേറ്റ്... ഞാൻ അവളുടെ കയ്യിൽ പിടിച്ചു അവിടെ ഇരുത്തി... എന്നിട്ട് ഞാൻ ചരിഞ്ഞിരുന്ന അവളുടെ മുഖത്തേക്ക് നോക്കി എന്നിട്ട് പറഞ്ഞു...

“അതില്ലേ ഞാൻ ഇല്ലേ..” ഞാൻ അവളോട് എങ്ങനെ പറയണം എന്ന് അറിയാതെ കൊഴഞ്ഞു...

“നീ ഇല്ല... വെച്ച് താമസിപ്പിക്കാതെ കാര്യം പറഞ്ഞു താ ഇങ്ങോട്ട് ” അവൾ എന്നോട് പറഞ്ഞു...

“ഇന്ന് ഞാൻ ഒരു കൊച്ചിനെ കണ്ടു...” പറഞ്ഞു തീരുന്നതിനു മുൻപ് അവൾ എന്നോട് നിർത്താൻ കൈ കാണിച്ച...

“ആ കൊച്ചിനെ കണ്ടപ്പോളെ ഇഷ്ടമായോ ”

“മം ” ഞാൻ തല താഴ്ത്തി ഒന്ന് മൂളി...

“നാണം ഇല്ലല്ലോ.. കണ്ടൊപ്പോലെ ഇഷ്ടപെട്ടുന്ന... ഉമ്മി ദേ നിങ്ങള്ടെ മോന് ഏതോ കൊച്ചിനെ ഇഷ്ടമാണെന്ന് ” അവൾ എന്നെ കളിയാക്കിയിട്ട് അടുക്കളയിലേക്ക് നോക്കി വിളിച്ചു പറഞ്ഞു... അടുക്കളയിൽ എന്തൊക്കെയോ ശബ്ദം കേട്ടു ഞാൻ അങ്ങോട്ട് നോക്കിയപ്പോൾ ഉമ്മി ഇറങ്ങി വന്ന് എന്റെ അടുത്ത് ഇരുന്നു...

“എങ്ങനെ ഉണ്ടെടാ ആ കൊച്ചു... കാണാൻ കൊള്ളാമോ... വീട് എവിടെയാ... Muslim ആണോ... എങ്ങനെ ഉണ്ട് സ്വഭാവം ഒക്കെ ” ഉമ്മയുടെ വക നോൺസ്റ്റോപ്പ് ചോദ്യങ്ങൾ...

“ഇയ്യോ തള്ളേടെ ആകാംഷ നോക്കിക്കെ മോൻ ഒരു കൊച്ചിനെ ഇഷ്ടമാണെന്ന് പറഞ്ഞപ്പോൾ ” ആഫി പറഞ്ഞു...

“നീ ഒന്ന് മിണ്ടാതെ ഇരിക്കേടി.. ഞാൻ ചോദിക്കട്ടെ ”ഉമ്മി അവളോട് പറഞ്ഞിട്ട് എന്നെ നോക്കി... ഞാൻ ആണേൽ ചെകുത്താന്റേം കടലിന്റേം നടുക്കായത് പോലെ...

ഞാൻ അവരുടെ അടുത്ത് ഇരുന്നു ഇന്ന് നടന്ന കാര്യം എല്ലാം പറഞ്ഞു... എല്ലാം കേട്ട് കഴിഞ്ഞപ്പോൾ.. ആഫി ഒടുക്കാത്ത ചിരി... ഞാൻ എന്താടി എന്ന് പിരികം ഉയർത്തി ചോദിച്ചു...

“അവളെ രക്ഷിച്ചു എന്നൊരു സഹാദപം അവൾക്ക് ആദ്യം ഉണ്ടായിരുന്നിരിക്കണം അതാണ് അവൾ നിന്നോട് സോറി പറഞ്ഞത്.. പക്ഷെ നീ അവളോട് സംസാരിച്ചപ്പോൾ.. നീ അവൾക്ക് ഒരു ശല്യം ആകും എന്ന് കരുതിയിട്ടായിരിക്കണം അവൾ നിന്നെ നോക്കുക പോലും ചെയ്യാതെ കേറി പോയത്”അവൾ പറഞ്ഞത് കേട്ട് ഞാൻ ഉമ്മിയുടെ മുഖത്തേക്ക് നോക്കുമ്പോൾ... അവൾ പറഞ്ഞത് ശെരിയാണെന്ന് രീതിയിൽ ഉമ്മിയും തലയാട്ടി.... പെട്ടന്ന് എന്തോ കരിയുന്ന മണം വന്നു...“ അയ്യോ ചായ അടുപ്പത്തു വെച്ചിട്ടാണ് ഇവന്റെ കഥ കേക്കാൻ ഓടി വന്നത്... അത് മൊത്തം കരിഞ്ഞു കാണും ” എന്ന് പറഞ്ഞു ഉമ്മി ഓടി അടുക്കളയിലേക്ക് പോയി... ഞാൻ എന്ത് ചെയ്യണം എന്ന് അറിയാതെ അവിടെ ആലോചിച്ച് ഇരുന്നു...

“അതെ ഇക്കു... എനിക്ക് തിന്നിയതാണ് ഞാൻ പറഞ്ഞത്... അത് സത്യം ആണോ എന്ന് എനിക്ക് അറിയില്ല ” അവൾ പറഞ്ഞിട്ട് എന്റെ തോളിൽ തല വെച്ച് കിടന്നു.. ഞാൻ അവിടെ ഇരുന്നു ഉറങ്ങി പോയി...

.....

ഞാൻ എഴുന്നേക്കുമ്പോൾ ആരുടെയോ മടിയിൽ ആണ് ഞാൻ കിടക്കുന്നത്... ആരുടെയോ കൈ എന്റെ തലയിലൂടെ തഴുകുന്നുണ്ട്.... ഞാൻ കണ്ണ് തുറന്ന് നോക്കി ആഫി ആണ്...

“എന്ത് ഉറക്കമാണ് ഇക്കു ഇത് വാ വന്ന് ഫുഡ് കഴിക്ക് ” അവൾ എന്നേം കുത്തിപ്പൊക്കി കൊണ്ട് പോയി മുഖം കഴുകിച്ചു ഞങ്ങൾ മൂന്നും ഇരുന്നു ഫുഡ് കഴിച്ചു... എല്ലാരും ഉറക്കം ആയി... ഞാൻ അപ്പോഴും ചിന്തയിൽ ആയിരുന്നു... ആഫി പറഞ്ഞത് സത്യം ആണോ... ആകാൻ ആണ് സാധ്യത... ഇനി അത് ചിന്തിക്കേണ്ട എന്ന് കരുതി ഉറങ്ങാൻ കിടന്നു... എവിടെ ഉറക്കം വരുന്നില്ല... തിരിഞ്ഞു മറിഞ്ഞും കിടന്നു.. ഞാൻ phone എടുത്തു വന്ന മെസ്സേജ് എല്ലാം റിപ്ലൈ കൊടുത്ത്.. എപ്പോഴോ ഉറക്കത്തിലേക്ക് വീണുപോയി...

......

പതിവിലും താമസിച്ചു ആണ് ഞാൻ എഴുന്നേറ്റത് അത്കൊണ്ട് പെട്ടന്ന് തന്നെ പല്ലും തേച്ചു കുളിച്ചൊരുങ്ങി വണ്ടിയിലേക്ക് കയറി ...

“ മോനെ കഴിച്ചിട്ട് പോടാ ”ഉമ്മി പുറകിൽ നിന്ന് വിളിച്ചു..

“ഇല്ല ഉമ്മി സമയം പോയി..”

ഞാൻ വണ്ടി നേരെ വിവേക്കും ആദിലും താമസിക്കുന്ന വീട്ടിൽ കയറ്റി... ആദിലിന്റെ വണ്ടി അവിടെ ഇരിപ്പുണ്ടായിരുന്നു.. ഞാൻ നേരെ അകത്തേക്ക് കയറി വിവേക് അവിടെ ഒരുങ്ങി ഇരിപ്പുണ്ട്...

“ടാ വാ പോകാം ” ഞാൻ അവന്മാരെ വിളിച്ചു...

“ടാ ഞാൻ നിന്നെ നോക്കി ഇരിക്കുവായിരുന്നു... ഇവൻ ഇന്ന് വരുന്നില്ലെന്ന് ” അവൻ എന്നോട് പറഞ്ഞു...

“ എന്താടാ ആദിലെ എന്ത് പറ്റി” ഞാൻ അവനോട് തിരക്കി...

“ഒന്നുമില്ലടാ.. ചെറിയ ഒരു പനി ” അവൻ പറഞ്ഞു...

“വാ നമുക്ക് ഹോസ്പിറ്റലിൽ പോകാം ” ഞാൻ അവനോട് പറഞ്ഞു...

“വേണ്ടടാ അത് മാറിക്കോളും ” അവൻ പറഞ്ഞൊഴിഞ്ഞു...

“അങ്ങനെ പറഞ്ഞാൽ എങ്ങനെയാ നീ എഴുനേക്ക്.. വാ പോകാം ” ഞാൻ അവനെ നിർബന്ധിച്ച പിടിച്ചെഴുനെപ്പിക്കാൻ തുടങ്ങി...

“ഓഹ് മനുഷ്യന് സമാധാനവും തരില്ല... ഒന്ന് പോയി തരുമോ രണ്ട് എണ്ണവും.. എന്റെ കാര്യം നോക്കാൻ എനിക്ക് അറിയാം ” അവൻ എടുത്തടിച്ച പോലെ അങ്ങനെ പറഞ്ഞപ്പോൾ അവനെ പിടിച്ചു നിന്ന ഞാൻ അങ്ങ് ഇല്ലാണ്ടായി പോയി... കാരണം എന്നോട് അവൻ ഇതുവരെ അങ്ങനെ സംസാരിച്ചിട്ടേ ഇല്ല... വിവേകിന്റെ അവസ്ഥയും ഇത് തന്നെ ആയിരുന്നു... നിറഞ്ഞു വന്ന കണ്ണുനീർ ആരും കാണാതെ ഞാൻ തുടച്ചിട്ട് പുറത്തേക്ക് ഇറങ്ങി എന്റെ കൂടെ വിവേകും ഉണ്ടായിരുന്നു...

“ടാ അവൻ ഇന്നലെ കോളേജ് കഴിഞ്ഞ് വന്നപ്പോൾ മുതൽ ഇങ്ങനെ ആട ” വിവേക് പറഞ്ഞു...

“എന്തോ കാര്യമായി പറ്റിയിട്ടുണ്ടെടാ.. ഇല്ലേൽ അവൻ നമ്മളോട് ഇങ്ങനെ പറയില്ല ”ഞാൻ അവനോട് പറഞ്ഞു....

ഞങ്ങൾ നേരെ വണ്ടി കോളേജികേക്ക് വിട്ടു.. ക്ലാസ്സിൽ ഇരിക്കുമ്പോഴും എന്റെ ചിന്ത അവൻ ഞങ്ങളോട് അങ്ങനെ പറഞ്ഞതിൽ ആയിരുന്നു...ഉച്ചക്ക് ഞങ്ങൾ രണ്ടും ഇരുന്നിടത് നിന്ന് അനങ്ങിയില്ല... പെട്ടന് അതുവഴി പോയ അയ്ഷയെ ഞാൻ കണ്ടു.. എനിക്ക് അവളോട് സംസാരിക്കണം എന്ന് ഉണ്ടായിരുന്നെങ്കിലും... ആഫി പറഞ്ഞ കാര്യങ്ങൾ എന്നെ വല്ലാതെ വേട്ടയാടാൻ തുടങ്ങി... ഞാൻ അവിടുന്ന് നോട്ടം മാറ്റി വിവേകിനെ നോക്കി.അവന്റെ കണ്ണ് അയ്ഷയുടെ അടുത്ത് നിക്കുന്ന കുട്ടിയിൽ ആയിരുന്നു... ക്ലാസ്സിൽ ഇരിക്കാൻ ഞങ്ങൾക്ക് രണ്ടുപേർക്കും താല്പര്യം ഇല്ലായിരുന്നു... ഞങ്ങൾ രണ്ട് പേരും ക്ലാസ്സ് കട്ട് ചെയ്യാൻ തീരുമാനിച്ചു...

അങ്ങനെ ഞങ്ങൾ ക്ലാസ്സ് കട്ട് ചെയ്ത് അടുത്തുള്ള ബീച്ചിലേക്ക് പോയി...അവിടെ ചെന്ന് രണ്ട് പേര് തിരമാലയിലേക്ക് നോക്കിയിരുന്നു..

“ടാ നീ ആ അയിശുന്റെ കൂടെ നടക്കുന്ന കൊച്ചിനെ set ആക്കാൻ തുടങ്ങിയോ ” ഞാൻ തെരമലയിലേക്ക് നോക്കിയിരുന്ന അവനോട് ചോദിച്ചു..

“എടാ അത് പിന്നെ.. ഒന്ന് നോക്കി അത്രെ ഉള്ളു . എന്താടാ എന്തേലും പ്രശ്നം ഉണ്ടോ ” അവൻ എന്നോട് ചോദിച്ചു..

“എടാ എനിക്ക് ഐഷയെ കുറിച്ചൊന്നു അറിയണം.” ഞാൻ അവനോട് ചോദിച്ചു..

“അത്രെ ഉള്ളോ അത് നീ എനിക്ക് വിട്ടേരെ... ഇന്ന് രാത്രി നീ അത് അറിഞ്ഞിരിക്കും ”എന്ന് അവൻ പറഞ്ഞു ഞങ്ങൾ വീണ്ടും തിരമാല എണ്ണി ഇരുന്നു...

വിവേകിന്റെ ഫോണിൽ ഒരു മെസ്സേജ് വന്ന ശബ്ദം കെട്ടാൻ ഞങ്ങൾ രണ്ട് പേർക്കും സ്വയബോധം വന്നത്... അവൻ ഫോൺ എടുത്ത് നോക്കി...

“എടാ ഇതെന്തൊരു വല്യ പ്രശ്നം ആണല്ലോ ” അവൻ പറഞ്ഞിട്ട് ഫോൺ എനിക്ക് നേരെ നീട്ടി.. ഞാൻ ഫോണിൽ നോക്കുമ്പോൾ ആദിലിന്റെ മെസ്സേജ്

„ഞാൻ ഈ റൂം മാറുകയാണ്.. നിങ്ങൾ ഇപ്പോൾ വന്നാൽ ചാവി നേരെ കയ്യിൽ തരാം ഇല്ലേൽ ഇവിടെ വെച്ചിട്ട് ഞാൻ പോകുവാ „ എനിക്ക് അവൻ എന്തിനാ ഇങ്ങനെ ചെയ്യുന്നതെന്ന് മനസിലായില്ല... ഞാൻ അവനെയും വിളിച്ചെഴുനെപ്പിച്ചു വണ്ടിയുടെ അടുത്തേക്ക് നടന്നു വണ്ടിയും എടുത്ത് നേരെ

അവരുടെ വീട്ടിലേക്ക് പോയി.. വണ്ടി അങ്ങോട്ട് കയറ്റുമ്പോൾ അവൻ വണ്ടിയിൽ ഇരിപ്പുണ്ട്...

“ഞാൻ ഇവിടുന്ന് മാറുവാ... ചാവി അവിടെ ആ ചെടിച്ചട്ടിയിൽ ഇരിപ്പുണ്ട്.” എന്ന് പറഞ്ഞു അവൻ വണ്ടി സ്റ്റാർട്ട് ചെയ്ത് first ഇട്ട് എടുത്തു ഞാൻ കൈ കാണിച്ചു. അവൻ വണ്ടി നിർത്തി...

“ ടാ എന്തേലും പ്രശ്നം ഉണ്ടേൽ പറഞ്ഞു തീർക്കാം... ഇതിന് റൂം മാറാൻ ഒന്നും നിക്കണ്ട ”ഞാൻ പറഞ്ഞു...

“എനിക്ക് ഒരു പ്രവേശനവും ഇല്ല... പക്ഷെ ഞാൻ ഇവിടെ ഉണ്ടെങ്കിൽ നിങ്ങൾക്ക് അതൊരു പ്രശ്നം ആയി മാറും.. നീ കൈ മാറ്റ് ” എന്ന് പറഞ്ഞു അവൻ എന്റെ കൈ തട്ടി മാറ്റി വണ്ടിയുമായി എങ്ങോട്ടോ പോയി....

എനിക്ക് അതൊക്കെ സഹിക്കുന്നതിനും അപ്പുറമായിരുന്നു..ഞാൻ വിവേകിനെ അവിടെ ഇറക്കി എന്നിട്ട് നേരെ വീട്ടിലേക്ക് വിട്ടു.. വീട്ടിൽ ചെന്ന് നേരെ റൂമിലേക്ക് കയറി ഫ്രഷ് ആയി... റൂമിൽ തന്നെ കിടന്നു... ആരോ വന്ന് ഡോർ തുറന്നു ഞാൻ അപ്പോഴേക്കും അവരെ ഫേസ് ചെയ്യാൻ ഉള്ള മടി കാരണം കണ്ണടച്ചു കിടന്നു... ഉമ്മി ആയിരുന്നു എന്ന് എനിക്ക് എന്റെ തലയിൽ കൈ വെച്ചപ്പോൾ മനസിലായി... അങ്ങനെ കിടന്ന് ഞാൻ എപ്പോഴോ ഉറങ്ങി.. ചൂട് അസ്സഹ്യനിയം ആയപ്പോഴാണ് ഞാൻ ഉണരുന്നത്... ഫോൺ എടുത്ത് നോക്കിയപ്പോൾ വിവേക് 5 പ്രാവശ്യം വിളിച്ചിരിക്കുന്നു... ഞാൻ ആദ്യം fan ഇട്ടിട്ട് അവനെ തിരിച്ചു വിളിച്ചു.... ആദ്യത്തെ റിങ്ങിൽ തന്നെ ഫോൺ എടുത്തു...

“ഹലോ.എന്താടാ വിളിച്ചേ .”ഞാൻ ചോദിച്ചു ..

“എടാ ഞാൻ അവളെ പറ്റി കുറെ ഒക്കെ അറിഞ്ഞെടാ ” അവൻ പറഞ്ഞു.....

“ആ പറയടാ ”

“എടാ അവളുടെ വീട് കൊല്ലാതാണ്.. അച്ഛനും അമ്മയും ഒരു അനിയനും ഉണ്ട് ”

“എടാ അവൾക്ക് വല്ലതും പ്രേമമോ മറ്റോ ഉണ്ടോ ”ഞാൻ തിരക്കി

“അത് ഞാൻ അന്വേഷിച്ചെടാ.. ഏതോ ഒരുത്തൻ കുറച്ചു മാസങ്ങൾ ആയി അവളുടെ പുറകെ നടപ്പുണ്ട്... റിപ്ലൈ കൊടുത്തിട്ടില്ല എന്നാ അറിഞ്ഞത് ”അവൻ പറഞ്ഞു...

“ആണോ.. ആഹ് ok ടാ ” ഞാൻ പറഞ്ഞിട്ട് ഫോൺ വെച്ചു..

ഞാൻ ബെഡിൽ കിടന്നു... എന്നെ എന്തൊക്കെയോ അലട്ടുന്നുണ്ട്... പക്ഷെ അത് പറയാൻ പറ്റുന്നില്ല...

........

കുറച്ചു നേരം കൂടെ അങ്ങനെ ഇരുന്നിട്ട് എഴുന്നേറ്റ് താഴെ ചെന്നു... അവർ tv കാണുകയായിരുന്നു.. ഞാനും അവരുടെ കൂടെ ഇരുന്നു tv കണ്ടു ' geetha govintham' എന്നാ സിനിമ ആയിരുന്നു.. ഞാൻ അത് കണ്ട് അങ്ങ് ഇരുന്നു അവർ ഫുഡ് ഒക്കെ കഴിക്കാൻ വിളിച്ചെങ്കിലും കഴിക്കാം എന്ന് പറഞ്ഞു ഞാൻ ഒഴിഞ്ഞു എനിക്ക് അവരോട് പോലും സംസാരിക്കാൻ കഴിയുന്നുണ്ടായിരുന്നില്ല... ഞാൻ tv കണ്ട് എഴുന്നേറ്റപ്പോൾ അവർ ഉറക്കം ആയിരുന്നു... ഞാൻ കഴിച്ചിട്ട് റൂമിലേക്ക് പോയി കിടന്നു... എപ്പോഴോ ഉറങ്ങിപ്പോയി..

.........

രാവിലെ എഴുന്നേറ്റു.. പല്ലൊക്കെ തേച്ചു താഴേക്ക് ചെന്നു... താഴെ ചെന്നപ്പോഴേ ടേബിളിൽ കഴിക്കാൻ എല്ലാം നിരത്തി വെച്ചിരുന്നു... ഞാൻ കഴിക്കാൻ തുടങ്ങി..

“രാവിലെ തന്നെ വെട്ടി വിഴുങ്ങിക്കോണം ” എന്ന് പറഞ്ഞു കഴിച്ചുകൊണ്ട് ഇരുന്ന എന്റെ മുതുകിൽ തട്ടി.. കഴിച്ചുകൊണ്ട് ഇരുന്നത് എന്റെ നെറുകിൽ കയറി... അവൾ എന്റെ തലയിൽ തട്ടിയിട്ട് അവിടിരുന്ന വെള്ളം എനിക്ക് എടുത്ത് തന്നു...

“ അടങ്ങി ഇരിക്കാൻ അറിയത്തില്ലേ.. അതെങ്ങനെയാ എല്ലാ സ്വാതന്ത്ര്യവും കൊടുത്തങ്ങു വളർത്തിയിതിക്കുവല്ലേ...” പെട്ടന്നുള്ള ദേഷ്യത്തിൽ ഞാൻ ആഫിയോട് എന്തൊക്കെയോ പറഞ്ഞു... ഞാൻ കഴിപ്പ് നിർത്ത് അവിടെ നിന്ന് എഴുന്നേക്കുമ്പോൾ ആഫി അവിടെ ചാരി നിന്ന് കരയുകയാണ്... എനിക്ക് അവളെ സമാധാനിപ്പിക്കണം എന്ന് ഉണ്ട്... പക്ഷെ എന്റെ മനസ് അതിനു സമ്മതിക്കുന്നുണ്ടായിരുന്നില്ല... ഇനി ഇവിടെ നിന്നാൽ ശെരിയാകില്ല എന്ന്

തോന്നിയ ഞാൻ റൂമിൽ ചെന്ന് ഡ്രസ്സ് മാറുമ്പോൾ ഹാളിൽ വല്യ ശബ്ദം ഒക്കെ കേക്കുന്നുണ്ടായിരുന്നു... ഞാൻ അതൊന്നും ശ്രെദ്ധിക്കാതെ ഡ്രസ്സ് മാറി റൂമിൽ നിന്ന് പുറത്ത് വരുമ്പോൾ കാണുന്നത്... കയ്യിൽ നിന്ന് ചോര പോകുന്ന അഫിയെ ആണ്... കയ്യിലിരുന്ന ബാഗ് വലിച്ചെറിഞ്ഞു ഞാൻ ചാടി അവളുടെ അടുത്തെത്തുമ്പോൾ പഞ്ഞിയും കെട്ടാൻ തുണിയുമായി കരഞ്ഞുകൊണ്ട് ഓടി വരുന്ന ഉമ്മിയെ ആണ് .. കയ്യുടെ വെള്ളയാണ് മുറിഞ്ഞിരിക്കുന്നത്... ഉമ്മി വന്ന് അത് വെച്ചു കെട്ടി..ഞാൻ അവളുടെ അടുത്ത് ഇരുന്നു... എന്ത് പറഞ്ഞു സമാധാനിപ്പിക്കണം എന്ന് എനിക്ക് അറിയില്ലായിരുന്നു... പക്ഷെ എന്റെ പ്രേതിക്ഷ എല്ലാം വെള്ളത്തിൽ ആക്കിക്കൊണ്ട് അവൾ എഴുനേറ്റ് എന്റെ മുൻപിൽ നിന്ന് പോയി...

“നീ... നീ... ഇപ്പൊ... കാണായിരുന്നു ഞാൻ വന്നില്ലായിരുന്നേൽ ” ഉമ്മി കരഞ്ഞുകൊണ്ട് പറഞ്ഞു

“ ഞാൻ പെട്ടന്ന് ദേഷ്യത്തിൽ എന്തോ പറഞ്ഞു പോയി... അവൾ കൈ മുറിക്കും എന്ന് ഞാൻ കരുതിയോ ”

“ നീ ഒന്നും പറയണ്ട.. ഒന്നുമില്ലേലും അവൾ നിന്റെ പെങ്ങൾ അല്ലേടാ... അതിന്റെ പരിഗണന എങ്കിലും കാണിക്കമായിരുന്നു ”

“ഉമ്മി അത് ” ഞാൻ അത് തുടങ്ങിയപ്പോഴേക്കും ഉമ്മി ആഫിയുടെ റൂമിലേക്ക് പോയി...

ഞാൻ അപ്പോഴേ വലിച്ചെറിഞ്ഞ ബാഗ് എടുത്ത് ബൈക്കിൽ കയറി.... ബൈക്ക് വിവേകിന്റെ വീട്ടിലേക്ക് വിട്ടു... അവൻ കോളേജിൽ പോകാൻ ഒരുങ്ങിയിരുന്നു ഞാൻ അവനെയും കൂട്ടി കോളേജിലേക്ക് പോയി.... വീട്ടിൽ നടന്ന കാര്യം ഒന്നും ഞാൻ അവനോട് പറയാൻ നിന്നില്ല... കോളേജിൽ കയറിയാ ഞങ്ങൾ രണ്ടുപേരെയും അക്ഷരാർത്ഥത്തിൽ ഞെട്ടിക്കുന്ന പോലെ ഉള്ള സംഭവമായിരുന്നു അവിടെ നടന്നുകൊണ്ടിരുന്നത്....

ആദിൽ അവിടെ അന്ന് അടി ഉണ്ടാക്കിയ സെക്കന്റ് ഇയർ പിള്ളേരുമായി നടന്നു പോകുന്ന പിള്ളേരെ റാഗ് ചെയ്യുന്നു.... ഇത് കണ്ട ഞാൻ വണ്ടി ഒതുക്കി.... വിവേക് അതിനു മുന്നേ ചാടി ഇറങ്ങി... അവരുടെ അടുത്തേക്ക് ഓടി ചെന്നു... വിവേക് പോകുന്നത് കണ്ടപ്പോഴേ അവന്റെ പോക്ക് ശെരിയല്ല എന്ന് മനസിലാക്കിയ ഞാൻ അവന്റെ പിറകെ ഓടി....

“ടാ നിന്നോടൊക്കെ ഞങ്ങൾ അന്നേ പറഞ്ഞേയ.. ഈ പരിപാടി ഇവിടെ നടക്കത്തില്ലന്ന് ” വിവേക് പറഞ്ഞു...

“അന്ന് ഞങ്ങളുടെ കൂട്ടത്തിൽ സീനിയർസ് ഇല്ലായിരുന്നു... ഇപ്പൊ ഞങ്ങളുക്കും സീനിയർസ് ഉണ്ട് ” ആദിലിന്റെ നേരെ വലത് വശത്തിരുന്നവൻ പറഞ്ഞു...

“ആ അത്കൊണ്ട് തടി കെടക്കണ്ടെങ്കിൽ... ചേട്ടൻമാർ രണ്ടും അങ്ങ് ചെന്നാട്ടെ ” ആദിലിന്റെ ഇടത് വശത്തിരുന്നവൻ അത് പറഞ്ഞപ്പോൾ വിവേക് അവനെ ഇടിക്കാനായി കൈ വീശി അവന്റെ അടുത്ത് എത്തിയതും ആദിൽ ആ കൈ തടഞ്ഞു...

“ടാ... ആദിലെ കൈ വിട് ” വിവേക് പൊങ്ങി വന്ന ദേഷ്യം അടക്കി വച്ചുകൊണ്ട് പറഞ്ഞു...

“കൈ ഒക്കെ വിടാം പക്ഷെ ഇവന്മാരുടെ ഒരുത്തന്റെയും ദേഹത്ത് നിന്റെ കൈ വീഴരുത് ” ആദിൽ താക്കിത് നൽകും പോലെ ചിരിച്ചുകൊണ്ട് പറഞ്ഞു...

“അങ്ങനെ ആണോ എന്നാ നീ കൈ വിടണ്ട... എങ്ങനെ കൈ എടുക്കണം എന്നൊക്കെ എനിക്ക് അറിയാം....” എന്ന് പറഞ്ഞു വിവേക് ഇടതു കൈ ആദിലിന്റെ കോളേറിൽ പിടിച്ചു അവനെ പൊക്കി നിർത്തി... പൊക്കി നിർത്തിയതും ആദിൽ അവന്റെ വളത്തുകാലിൽ ഊന്നി ഇടത് കാൽ ശക്തമായി വിവേകിന്റെ നെഞ്ചിലേക്ക് പതിപ്പിച്ചു... ആ ചവിട്ടിന്റെ ആഘാദത്തിൽ വിവേക് തെറിച്ചു പോയി വീണു... അത് നോക്കി ഞാൻ ആദിലിലേക്ക് നോക്കുമ്പോൾ ഒരു ഇടി എനിക്ക് കിട്ടി... അതോടെ ഞാനും താഴെ വീണു... താഴെ വീണ ഞങ്ങളെ.. അവർ എല്ലാവരും കൂടെ അവിടെ ഇട്ട് ചവിട്ടി കൂട്ടി... ചവിട്ടിന്റെ ഇടക്ക് ബോധം പോയ ഞാൻ കണ്ണ് തുറക്കുമ്പോൾ കാണുന്നത് നേർമുകളിൽ കറങ്ങുന്ന fan ആയിരുന്നു... ഞാൻ എഴുനേക്കാൻ നോക്കി... തല പൊക്കാൻ പറ്റുന്നില്ലായിരുന്നു എന്തോ ഭാരം പോലെ... കൈ തലയിലേക്ക് കൊണ്ട് വരാൻ നോക്കുമ്പോൾ രണ്ട് കയ്യിലും പ്ലാസ്റ്റർ ഇട്ടിരിക്കുന്നു... ഞാൻ ചുറ്റും ഒന്ന് കണ്ണോടിച്ചു... ഹോസ്പിറ്റൽ ആണ്... എനിക്ക് നേരെ വലതു വശത്തെ ബെഡിൽ അവനും ഉണ്ട് വിവേക്... അവന്റെ തല കെട്ടി പൊതിഞ്ഞു വെച്ചിരിക്കുന്നു... ഒരു കൈ പ്ലാസ്റ്റർ ഇട്ടിരിക്കുന്നു. ഒരു കാലും...തല ഇടത്തോട്ട് ചരിച്ചു നോക്കിയപ്പോൾ അവിടെ ഉമ്മി,ആഫിയും ഇരിക്കുന്നു... കരഞ്ഞു കരഞ്ഞു രണ്ട് പേരുടെയും കണ്ണുകൾ ചുവന്നിട്ടുണ്ട്... ഞാൻ നോക്കുന്നത് കണ്ടതും ആഫി മുഖം തിരിച്ചിരുന്നു...

അത് കണ്ടപ്പോൾ അവന്മാർ എന്നെ അങ്ങ് കൊന്നാൽ മതിയായിരുന്നു എന്ന് ഞാൻ ചിന്തിച്ചു...

“മോളെ... അ.. ആഫി.. സൊ ” എനിക്ക് അത് കണ്ട് വിഷമമായി... ഞാൻ വിളിച്ചു അല്ല കരഞ്ഞുകൊണ്ട് വിളിച്ചു... അത് കേട്ടതും അവൾ ഓടി വന്നെന്റെ വാ പൊത്തി...

“എന്തിനാ എന്നോട് രാവിലെ അങ്ങനെ ഒക്കെ പറഞ്ഞെ... അത് കൊണ്ട് അല്ലെ ഇപ്പൊ ഇങ്ങനെ കിടക്കുന്നെ ” സോറി പറയാൻ സമ്മതിക്കാതെ അവൾ പറഞ്ഞു...

“അപ്പൊ നീ പ്രാകിയത് ആണ് അല്ലെ ”അവൾ വന്ന് സംസാരിച്ചപ്പോൾ ഉള്ള സന്തോഷം കൊണ്ട് ചിരിച്ചുകൊണ്ട് ഞാൻ പറഞ്ഞു...

“ദേകൈ മാത്രമേ ഒടിഞ്ഞിട്ടുള്ളു.. ആവശ്യം ഇല്ലാത്തത് പറഞ്ഞാൽ ഉണ്ടല്ലോ... ഈ കാല് കൂടെ ഞാൻ തല്ലി ഓടിക്കും ”നിറഞ്ഞിരുന്ന കണ്ണുനീർ തുടച്ചുകൊണ്ട് അവൾ പറഞ്ഞു...

“അല്ല ഞങ്ങളെ ആരാ ഇവിടെ കൊണ്ട് വന്നത് ”

“അത് ഇല്ലേ ഒരു നീല കണ്ണുള്ള കൊച്ച്.. ഇവിടെ കൊണ്ട് വന്ന് ആക്കി എന്നാണ് നേഴ്സ് പറഞ്ഞത്... ഒരു നമ്പറിൽ നിന്ന് കാൾ വന്നപ്പോഴാ ഞങ്ങൾ കാര്യം അറിഞ്ഞത്... ഞങ്ങൾ അപ്പോഴേ ഇങ് വന്നു” ഉമ്മി ആണ് മറുപടി പറഞ്ഞത്..

“അത് ഇല്ലേ ഇക്കു.. അത് മറ്റേ ഐഷ ഇത്തി ആണെന്നാണ് തോന്നുന്നത് ”എന്റെ ചെവിയിൽ അവൾ ചിരിച്ചുകൊണ്ട് പറഞ്ഞു... അവൾ അത് പറഞ്ഞപ്പോൾ ഞാനും ഒന്ന് ചിരിച്ചു...

“അല്ല എന്ന് പോകാൻ പറ്റും വീട്ടിലേക്ക് ”

“ആദ്യം ഇതൊക്കെ ഒന്ന് ശെരിയാകട്ടെ എന്നിട്ട് വിട്ടാൽ മതി എന്ന് ഞാൻ ഡോക്ടറോട് പറഞ്ഞിട്ടുണ്ട് ” ഉമ്മി പറഞ്ഞു... ഞാൻ ഉമ്മിയെ ദയനീയമായി നോക്കി... നടക്കില്ല എന്ന് ഉമ്മ തലയാട്ടി...

അടുത്ത ബെഡിൽ ശബ്ദം കേട്ടാണ് ഞങ്ങൾ അങ്ങോട്ട് നോക്കുമ്പോൾ അവൻ ഉറക്കം ഉണർന്നിരുന്നു...

“ടാ വാ എണിക്ക് വീട്ടിൽ പോകാം..” അവൻ കണ്ണ് തുറന്നയുടൻ പറഞ്ഞു

“ടാ പൊട്ടാ... നിന്റെ കയ്യും കാലും ഒടിഞ്ഞു... നീ എങ്ങനെ വീട്ടിലോട്ട് പോകും... അത് മാത്രം അല്ല ഇത് ready ആകാതെ ഇവിടുന്ന് വിടണ്ടാന്ന് ഉമ്മി ഡോക്ടറോട് പറഞ്ഞു... നിന്റെ വീട്ടിൽ വിളിച്ചു പറയണ്ടേ ”

“എടാ വീട്ടിൽ വിളിച്ചു പറയണ്ട... ഇതൊക്കെ അറിഞ്ഞാൽ അവർക്ക് ആകെ ടെൻഷൻ ആകും.. അതും അല്ല ഇതൊക്കെ 1 ആഴ്ച കൊണ്ട് അങ്ങ് ശെരിയാകും ”

“ആ നോക്കി ഇരുന്നോ... ഡോക്ടർ പറഞ്ഞത് ഓടിയാഞ്ഞത് ഭാഗ്യം ആയെന്നാണ്... 2 മാസം എങ്കിലും ഇടണം എന്നാണ് ഡോക്ടർ പറഞ്ഞത് ” ആഫി ആണ് പറഞ്ഞത്...

“2 മാസമോ ” ഞങ്ങൾ രണ്ടും ഒരുമിച്ച് ഞെട്ടി

ഞങ്ങൾ സമയം കളയാൻ വേണ്ടി ഓരോന്ന് സംസാരിച്ചിരിരുന്നു...ഉമ്മിയും അഫിയും ഞങ്ങൾക്കുള്ള ഡ്രസ്സ് എടുക്കാൻ ആയി വീട്ടിലേക്ക് പോയിരുന്നു...സമയം 4 മണി ഒക്കെ ആയി കാണും അപ്പോൾ തട്ടം ഇട്ട ഒരു കുട്ടിയും അതിന്റെ പിറകിൽ 4 പേരും കൂടെ നടന്നു വരുന്നത് ഞങ്ങൾ കണ്ടു.. അവർ ഞങ്ങളുടെ റൂമിലേക്ക് ആണ് വന്നത്...അവരെ കണ്ടപ്പോഴേ ചിരിച്ചുകൊണ്ട് ഇരുന്ന എന്റെ മുഖം മാറി... അത് ഐഷ ആയിരുന്നു.. ഇപ്പോഴും എണിക്ക് ആഫി പറഞ്ഞ വാക്കുകൾ ആയിരുന്നു മനസ്സിൽ വന്നത്... ഒരു സഹതാപത്തിന്റെ പുറത്ത് വന്ന ഒരു ബന്ധം അത്രയേ ഉള്ളുയിരുന്നു...

“ എന്തെ ഞങ്ങൾ വന്നത് ഇഷ്ടമായില്ലേ ” മുന്നിൽ വന്ന ഐഷ ചോദിച്ചു...

“ഏ്യ അങ്ങനെ ഒന്നും ഇല്ല” ഞാൻ പറഞ്ഞു ..

“നിങ്ങൾ എന്താ ഇവിടെ ” വിവേക് ചോദിച്ചു...

“അത് ശെരി.. ഇവിടെ കൊണ്ട് വന്നതും.. ഏ്യ റൂമിൽ ആക്കിയതും ഒന്നും ഓർമ ഇല്ലേ രണ്ടാൾക്കും ” അവൾ ഞങ്ങളുടെ രണ്ടുപേരുടെയും മുഖത്തേക്ക് നോക്കി ചോദിച്ചു...

“ ഇല്ല ”ഒന്നും നോക്കാതെ വിവേക് പറഞ്ഞു ..

“ആഹ് ശെരിയാ.. കൊണ്ട് വരുമ്പോൾ നിങ്ങൾക്ക് ബോധം ഇല്ലയൊരുന്നു... ഇവിടെ കൊണ്ട് ആക്കിയിട്ടു ഈ ഇക്കാടെ ഫോണിൽ നിന്ന number എടുത്ത് ഉമ്മയെ വിളിച്ചേ ” അവൾ എന്നെ ചൂണ്ടി കാണിച്ചുകൊണ്ട് പറഞ്ഞു... എന്നിട്ട് അവൾ അവളുടെ കൂട്ടുകാരികളോട് കണ്ണ് കൊണ്ട് എന്തോ കാണിച്ചു.. അവർ 4 പേരും വിവേകിനെ ചുറ്റി നിന്നു.. അപ്പോൾ ഐഷ എന്റെ അടുത്തിട്ടിരുന്ന ചെയർ പിടിച്ചിട്ടിട് അവിടെ ഇരുന്നു

“എന്താ പിന്നെ എന്നെ കാണാൻ വരാഞ്ഞത് ”ഒരു കുസൃതി ചിരിയോടെ അവൾ നാണത്തിൽ മുഖം താഴ്ത്തി ചോദിച്ചു...

“അത് ഞാൻ... അന്ന് ബസ്സിൽ കയറിയിട്ട് ഒന്ന് നോക്കുക പോലും ചെയ്തില്ലല്ലോ... ഞാൻ കരുതി എന്നെ ഒഴിവാക്കാൻ വേണ്ടിയിട്ട് ആയിരിക്കും എന്ന് ” ഞാൻ പതിഞ്ഞ ശബ്ദത്തിൽ പറഞ്ഞു...

“ഒഴിവാക്കാൻ വേണ്ടിയിട്ടോ... ശെരി ഞാൻ പോവുവാ ” എന്ന് പറഞ്ഞു അവൾ എഴുനേറ്റു...

“ഏ പോവല്ലേ.. നിക്ക് ” ഞാൻ അവളോട് പറഞ്ഞു അവൾ അവിടെ നിന്നു...

“അന്ന് അറിയാമോ.. ഞാൻ അതിൽ കുടുങ്ങി പോയി ആരുടെയൊക്കെയോ ഇടയിൽ ആയി പോയി ഞാൻ പക്ഷെ ഞാൻ കാണുന്നുണ്ടായിരുന്നു... ബസ്സിലേക്ക് കയറിയ എന്നെ എത്തി വലിഞ്ഞു നോക്കുന്നത്.. എന്താ ഉദ്ദേശം ”അവൾ എന്റെ മുഖത്ത് നോക്കി ചോദിച്ചു...

“എന്ത് ഉദ്ദേശം ” ഞാൻ ചോദിച്ചു...

“ഇക്കാക്ക് എന്നോട് പ്രേമം ആണെന്ന് ഒക്കെ പറയുന്നത് കേട്ട് ” അവൾ ചിരിയോടെ പറഞ്ഞു...

“പ്രേമോ എനിക്കോ ”

“അവന്മാരെ ഇടിച്ചപ്പോൾ ഞാൻ കരുതി കുറച്ചു ധൈര്യം കാണുമെന്നു... ഇതിപ്പോ ശേ.. നിങ്ങളുടെ വായിൽ നിന്ന് കേക്കാൻ ആഗ്രഹിച്ച ഞാൻ ഒരു മണ്ടി ” അവൾ തലയിൽ തട്ടിയിട്ട് പറഞ്ഞു...

“എന്ത് ” ഞാൻ ആകാംഷയോടെ ചോദിച്ചു...

“എടാ പൊട്ടാ... അവൾക്ക് നിന്നെ ഇഷ്ടമാണെന്ന്... ഓഹ് ഇതിലും നല്ലതുപോലെ എങ്ങനെ പറയുമോ എന്റെ ദൈവമേ ” അപ്പുറത്തെ ബെഡിൽ നിന്ന് വിവേക് വിളിച്ചു പറഞ്ഞു... ഞാൻ അപ്പോൾ ഐഷയുടെ മുഖത്തേക്ക് നോക്കി ആണോ എന്നാ രീതിയിൽ ചോദിച്ചു... അവിടെ ആണെന്ന് തലയാട്ടിയിട്ട് നാണിച്ചു മുഖം തഴ്ത്തി...

എനിക്ക് വല്ലാത്ത സന്ദോഷം ആയിരുന്നു... ഞങ്ങൾ കുറച്ചു നേരം സംസാരിച്ചിരുന്നു...

**************************************************

'ടക് ടക് ടക്', 'ടക് ടക് ടക് ' എന്നാ ശബ്ദം കേട്ട് ഞാൻ ഞെട്ടി കണ്ണ് തുറന്നു... ആഫി ആയിരുന്നു... ഞാൻ കാറിന്റെ ഡോർ തുറന്ന് കൊടുത്തു... അവൾ അകത്തു കയറിയിട്ട് ഗ്ലാസ് താഴ്ത്തി ജന്നക്ക് ടാറ്റാ കൊടുത്തു...

“ എവിടെ ആയിരുന്നു രണ്ട് ആളും കൂടെ പോയത് ”ഞാൻ ചോദിച്ചു...

“ഞങ്ങൾ ക്ലോട്ടുകാരികളെ കല്യാണം വിളിച്ചു പിന്നെ ഇക്കാക്ക് നോക്കിയ പെണ്ണിനെ കാണാൻ ആയി പോയി ” അവൾ പറഞ്ഞു...

“എങ്ങനെ ഉണ്ട് ആൾ ” ഇഷ്ടം അല്ലെങ്കിലും ഞാൻ ചോദിച്ചു...

“കാണാൻ ഒക്കെ കൊള്ളാം പക്ഷെ സ്വഭാവം ശെരിയല്ല ” അവൾ പറഞ്ഞു...

“നിന്റെ നാത്തൂൻ ജന്നായോ ” ഞാൻ ഒളി കണ്ണിട്ടു ചോദിച്ചു...

“എന്താ മോനെ... ഇഷ്ട്ടായോ അവളെ ” അവൾ എന്റെ സൈഡിലോട്ട് ചരിഞ്ഞരുന്നു ചോദിച്ചു...

“ഇഷ്ടം ആയെന്നാ തോന്നുന്നേ ” ഞാൻ പറഞ്ഞു...

“സത്യം ആണോ ” അവൾ ചോദിച്ചു... ഞാൻ ആണെന്ന് തലയാട്ടി....

“എന്റെ പൊന്ന് ഇക്ക... ഒരു സത്യം പറയട്ടെ അവളെ കാണിക്കാൻ ആണ് ഇക്കോട് വരാൻ പറഞ്ഞെ വേറെ പെണ്ണിനെ കാണാൻ ഒന്നും അല്ല... അവളോട് ഞാൻ കാര്യം സൂചിപ്പിച്ചിട്ടുണ്ട്.. അവൾക്ക് പ്രശ്നം ഒന്നും ഇല്ല.. പക്ഷെ ente കല്യാണത്തിന് മുന്നേ അവളുടെ വീട്ടിൽ പറയണം.. ഫൈസി ഇക്കോട് ഞാൻ പറഞ്ഞോളാം ഉമ്മിയോടും... ഇത് ഞാൻ നടത്തും... അവൾ നല്ല ആളാ... ഇക്ക് അറിയാം അവളെ ” ആഫി വാ തോരാതെ ജന്നയെ കുറിച്ച് പറഞ്ഞുക്കൊണ്ട് ഇരുന്നു.. ഞാൻ വണ്ടി നേരെ വീട്ടിലേക്ക് വിട്ടു... നേരെ റൂമിൽ ചെന്ന് ഒന്ന് ഫ്രഷ് ആയി ബെഡിലേക്ക് കിടന്നു.. വീണ്ടും മനസ് ഒരു 4,5 വർഷങ്ങൾക്ക് പിറകിലേക്ക് സഞ്ചരിച്ചു...

*****************************************************

ഇഷ്ടമാണെന്ന് പറഞ്ഞതിന് ശേഷം സന്തോഷം കൊണ്ട് എനിക്ക് തുള്ളി ചാടാൻ തോന്നി... അങ്ങനെ ഞങ്ങൾ വല്ലാണ്ട് അടുത്തു... അന്ന് അവൾ ഫോൺ number

തന്ന്.. അവൾ 5 മണി ഒക്കെ ആയപ്പോഴേക്ക് ഹോസ്റ്റലിലേക്ക് പോകാൻ ഇറങ്ങി...5 മണി ഒക്കെ ആയപ്പോഴേക്കും ഉമ്മിയും അഫിയും വന്ന്...

"എന്താ മോനെ വല്ലാത്ത ഒരു സന്തോഷം " വന്ന പാടെ ആഫി ചോദിച്ചു...

"രാവിലെ ഇവിടെ കൊണ്ട് ആക്കിയാ ആൾ വന്നു.. അതാണ് " വിവേക് ചിരിച്ചുകൊണ്ട് പറഞ്ഞു ...

"ആരാ ഇക്ക.. ഐഷ ഇത്തി ആണോ "ആഫി എന്നോട് ചോദിച്ചു... ഞാൻ ആണെന്ന് രീതിയിൽ തല ആട്ടി...

"മോനെ അവൾ എന്ത് പറഞ്ഞു" ഉമ്മി ചോദിച്ചു...

"എന്ത് പറയാൻ... മോനെ അവൾക്ക് ഇഷ്ടമാണെന്ന്... പെട്ടന്ന് പിടിച്ചു കെട്ടിച്ചു വിട് " എന്ന് പറഞ്ഞു വിവേക് കളിയാക്കി..

ഉമ്മിയും അഫിയും ഒരേ പോലെ എന്നെ നോക്കി.. ഞാൻ നാണത്തിൽ തല താഴ്ത്തി ആണെന്ന് മൂളി...

"എന്തായലും കൊള്ളാം " എന്ന് പറഞ്ഞു ആഫി എന്റെ അടുത്ത് ഇരുന്നു... ഞങ്ങൾ ഓരോന്ന് സംസാരിച്ചു സമയം പോയത് അറിഞ്ഞില്ല.. ഒരു 7 മണി ഒക്കെ ആയപ്പോൾ ഐഷ എന്നെ വിളിച്ചു എല്ലാരും ഉള്ളത് കൊണ്ട് ഞാൻ ഫോൺ കട്ട് ചെയ്തു...8 മണി ഒക്കെ ആയപ്പോൾ അവർ വീട്ടിലേക്ക് പോയി... ഭക്ഷണം ഒക്കെ കഴിച്ചു 9 മണി ഒക്കെ ആയപ്പോൾ ഞാൻ അവളെ അങ്ങോട്ട്

വിളിച്ചു... Busy ആയിരുന്നു,അത്കൊണ്ട് ഞാൻ കട്ട് ചെയ്തു.. അപ്പോൾ തന്നെ ഇങ്ങോട്ട് കാൾ വന്നു...

“ഹലോ ”കുറച്ചു ഗൗരവത്തിൽ ഞാൻ ചോദിച്ചു...

“എന്താ ഇത്ര ഗൗരവം ”

“ആരെയായിരുന്നു വിളിച്ചുകൊണ്ടു ഇരുന്നത് ” ഗൗരവത്തിൽ തന്നെ ഞാൻ ചോദിച്ചു...

“ആ..ആത്..ഉമ്മി വിളിച്ചു... സംസാരിച്ചോണ്ട് ഇരിക്കുവായിരുന്നു... ഇപ്പോഴേ സംശയം തുടങ്ങിയോ ”

“ സംശയം ഒന്നും ഇല്ല.. ഞാൻ ചുമ്മാ നിന്നെ കളിപ്പിക്കാൻ വേണ്ടി ചോദിച്ചതാ ”

“ഞാൻ നേരത്തെ വിളിച്ചപ്പോൾ എടുക്കാഞ്ഞതെന്താ ”

“അപ്പോൾ എല്ലാവരും എന്റെ അടുത്ത് ഇണ്ടായിരുന്നു... പിന്നെ എല്ലാരും അറിഞ്ഞു.. നമ്മടെ കാര്യം "

“ഏ ” എന്നൊരു നീട്ടി വിളി മാത്രമേ കേട്ടോളു

“പേടിക്കണ്ട അവർ എല്ലാവരും എനിക്ക് സപ്പോർട്ട് ആണ് ”

അങ്ങനെ ഞങ്ങൾ സംസാരിച്ചു സമയം പോയത് അറിഞ്ഞില്ല...

“ടാ മതിയെടാ ഒലിപ്പിച്ചത്... ഉറങ്ങാൻ നോക്ക് ”വിവേക് അപ്പുറത്തെ ബെഡിൽ നിന്ന് പറഞ്ഞു... ഞാൻ അവനെ നോക്കെ ഒന്ന് ചിരിച്ചു കാണിച്ചിട്ട് ഫോൺ വെച്ചു കിടന്ന് ഉറങ്ങി...

..........

രാവിലെ എഴുനേറ്റു...10 മണി ആയപ്പോൾ ഉമ്മി ഫുഡ് കൊണ്ട് വന്നു... ഞങ്ങൾ കഴിച്ചിട്ട് അവിടെ ഇരുന്നു... അന്നത്തെ ദിവസം വളരെ ബോറിങ് ആയിരുന്നു... കരണം ആഫി സ്കൂളിലേക്ക് പോയിരുന്നു... കൈ ഒടിഞ്ഞിരിക്കുന്നത് കൊണ്ട് ഇൻസ്റ്റയിൽ ഒന്നും അധികം നേരം വെക്കാൻ പറ്റില്ലായിരുന്നു... വൈകുന്നേരം വരെ സമയം തല്ലി നീക്കി...4.00 മണി ആയപ്പോൾ ആഫി എത്തി... പിന്നെ ഞങ്ങൾ ഓരോന്ന് പറഞ്ഞു ഇരിക്കുമ്പോൾ ആണ്... ഐഷ അങ്ങോട്ട് കയറി വരുന്നത്... ഉമ്മിയെ കണ്ട അവൾ ഒന്ന് പരിങ്ങിയെങ്കിലും അവൾ അകത്തേക്ക് കയറി വന്നു...

“ഉമ്മി ഇത്....” ഞാൻ അവളെ പരിചയപെടുത്താൻ തുടങ്ങി

“അറിയാം... ഐഷ... അല്ലെ ” ഉമ്മി ഒരു ചെറിയ ഗൗരവത്തിൽ പറഞ്ഞു...

“മം ” ഞാൻ ഐഷ നോക്കുന്നില്ല എന്ന് ഉറപ്പുവരുത്തിയിട്ട് ചിരിച്ചുകൊണ്ട് മൂളി...

“എന്താ.. മോളെ.. നിനക്ക് ഇവനോട് പ്രേമം ആണെന്ന് കേട്ടല്ലോ ” ഉമ്മി അത് പറഞ്ഞപ്പോൾ തല കുനിച്ചിരുന്ന അവൾ ഞെട്ടി തല പൊക്കി നോക്കി... അപ്പോഴാണ് ഉമ്മി ചിരിച്ചുകൊണ്ട് ആണ് അത് പറഞ്ഞതെന്ന് അവൾ കണ്ടത്... തുളുമ്പാൻ വേണ്ടി കാത്ത് നിന്ന് കണ്ണുകൾ അവൾ തുടച്ചു.. അപ്പോൾ ഉമ്മി അവളുടെ അടുത്തേക്ക് ചെന്നു അവളുടെ തോളിൽ തട്ടി...

“ഞാൻ നിന്നെ ഒന്ന് പേടിപ്പിക്കാൻ പറഞ്ഞതല്ലേ മോളെ.” അവൾ അത് കേട്ടൊന്ന് ചിരിച്ചു...

“അത് പോട്ടെ.. എങ്ങനെ ഉണ്ടേ എന്റെ മോൻ ” ഉമ്മി അവളോട് ചോദിച്ചു...

“മോൻ ആണ് ആദ്യ ദിവസം എന്നെ രക്ഷിച്ചത്... അന്നേ ഞാൻ കരുതിയതാ പ്രേമിക്കുവാണേൽ ഇങ്ങനെ ഒരാളെ പ്രേമിക്കണം എന്ന്... അപ്പോഴാണ് ഈ ഇക്കാടെ നോട്ടവും മറ്റും ഒക്കെ ഞാൻ ശ്രെദ്ധിച്ചത്... അപ്പോഴേ എനിക്ക് ഡൌട്ട് അടിച്ചു... പിന്നെ ഈ വിവേക് ഏട്ടൻ പറഞ്ഞു കാര്യങ്ങൾ ഒക്കെ... അന്ന് ആണ് ഈ കാര്യങ്ങൾ ഒക്കെ നടന്നത്.. അത് പിന്നെ ഇങ്ങനെ ഒക്കെ ആയി ” അവൾ ഒറ്റശ്വാസത്തിൽ പറഞ്ഞു നിർത്തി...

അവളുടെ ഫോണിൽ അപ്പോൾ മറ്റൊരു കോൾ വന്നു അവൾ കോൾ അറ്റൻഡ് ചെയ്തു

“ ആ ദാ വരുന്നു ” എന്ന് അവൾ ആ കോളേജിൽ ഉള്ള ആളോട് പറയുന്നു...

“ ഉമ്മ ഞാൻ പോവാ, നാട്ടിൽ നിന്ന് ആള് വന്നിട്ടുണ്ട് പെട്ടെന്ന് ചെല്ലാൻ ആണ് ഇപ്പൊ വിളിച്ചുപറഞ്ഞത് ” എന്നും പറഞ്ഞു അവൾ ബാഗും എടുത്തു കൊണ്ട് പുറത്തേക്ക് പോയി..

ഞങ്ങൾ പിന്നെയും കുറെ നേരം സംസാരിച്ചു... സമയം ഒരുപാട് ആയപ്പോൾ ആഫിയെയും കൂട്ടി ഉമ്മി വീട്ടിലേക്ക് പോയി...

അങ്ങനെ ദിവസങ്ങൾ കടന്നുപോയി എല്ലാദിവസവും ഒരേ പോലെ രാവിലെ ഉണ്ണി വരും... നാലു മണി ഒക്കെ ആകുമ്പോൾ ആഫി സ്കൂളിൽ നിന്ന് വരും... നാലര അഞ്ചു മണി ഒക്കെ ആകുമ്പോൾ ഐഷയും വരും... കുറച്ചു കഴിയുമ്പോൾ അവൾ പോകും സമയം കുറച്ചുകൂടെ ആകുമ്പോഴും ഉമ്മിയും ആഫിയും വീട്ടിലേക്ക് പോകും രാത്രി 9 മണി ആകുമ്പോൾ ഞാൻ ഐഷയെ വിളിക്കും... പിന്നെ 11 മണി വരെ നിർത്താതെ സംസാരിക്കും.. ഇതായിരുന്നു എന്റെ സ്ഥിരം ജോലികൾ...

രണ്ടാഴ്ച കടന്നുപോയി...

ഡിസ്ചാർജ് ആകുന്നതിനെ തലേന്ന്.. വിവേക് ഞങ്ങൾ ആരുമറിയാതെ അവന്റെ വീട്ടിൽ വിളിച്ച് നടന്ന കാര്യങ്ങളെല്ലാം പറഞ്ഞു... അന്ന് ഉമ്മിയും ആഫിയും വീട്ടിലേക്ക് പോയില്ല, അടുത്ത ദിവസം ഡിസ്ചാർജ് ആയി ഒരുമിച്ച് പോകാം എന്ന് തീരുമാനിച്ചു...

“ അപ്പോ നാളെ ഡിസ്ചാർജ് ആകും, അപ്പോൾ വിവേക് എന്റെ കൂടെ നമ്മുടെ വീട്ടിൽ നിൽക്കട്ടെ... അവനെ ഒറ്റയ്ക്ക് അവിടെ ആക്കുന്നത് ശരിയല്ലല്ലോ ” ഞാൻ ഉമ്മിയോട് ചോദിച്ചു

“ അതാണ് എന്റെ തീരുമാനം വിവേക് നമ്മുടെ ഒപ്പം നമ്മുടെ വീട്ടിലേക്ക് വരും ” ഉമ്മിയും അതിൽ ഉറച്ചു നിന്നു...

“ അല്ലടാ, ഞാൻ വീട്ടിൽ വിളിച്ച് പറഞ്ഞായിരുന്നു..അവർ നാളെ വരും ” അവൻ പറഞ്ഞു...

“ അതെന്താടാ.. നീ പറയുന്നില്ല എന്ന് പറഞ്ഞില്ലേ ”

“ എത്ര നാളായി എടാ... എനിക്ക് അവരെ കാണണമെന്ന് തോന്നി പിന്നെ അതാണ് ഞാൻ അമ്മേ വിളിച്ചു പറഞ്ഞത് ”

“ അത് നന്നായി മോനെ അവരെ അറിഞ്ഞിരിക്കുന്നത് നല്ലതാ” ഉമ്മി അവനെ സപ്പോർട്ട് ചെയ്തു

.

അന്നത്തെ ദിവസം എനിക്ക് അവളെ വിളിക്കാൻ പറ്റിയില്ല.. അന്ന് ഭക്ഷണം ഒക്കെ കഴിച്ച ഞാൻ നേരത്തെ തന്നെ കിടന്നുറങ്ങി.. അടുത്ത ദിവസം രാവിലെ തന്നെ ഡോക്ടർ വന്ന് ഡിസ്ചാർജ് ആയി... ഞങ്ങൾ എല്ലാവരും എന്റെ വീട്ടിലേക്ക് പോയി വേഗം ഉണ്ടായിരുന്നു കൂടെ... ഞങ്ങൾ ഭക്ഷണം ഒക്കെ കഴിച്ചിരുന്നു... സമയം രണ്ടു മണി ഒക്കെ ആയി.. പുറത്ത് ഒരു വണ്ടി വന്നു നിന്നു.... അതിൽനിന്ന് ഒരു സ്ത്രീയും ഒരു പുരുഷനും ഒരു പെൺകുട്ടിയും ഇറങ്ങിവന്നു.. ഉമ്മി വെളിയിലേക്ക് ഇറങ്ങിച്ചെന്നു ...

“ ഇത് അജാസിന്റെ വീടല്ലേ ” ആ സ്ത്രീ ഉമ്മിയോട് ചോദിച്ചു...

“ അതെ ആരാണ്” ഉമ്മ അവരോട് ചോദിച്ചു..

“ ഞാൻ വിവേകിനെ അമ്മയാണ് ഇത് അവന്റെ അച്ഛനും അനിയത്തിയും ” അവർ ഉമ്മിയോട് പറഞ്ഞു.. ഉമ്മി അവരെയും കൂട്ടി അകത്തേക്ക് വന്നു...

വിവേകിനെ കണ്ടപാടെ അവന്റെ അമ്മ അവനെ വന്നു കെട്ടിപ്പിടിച്ചു കരയാൻ തുടങ്ങി...

“ എന്താ അമ്മേ ഇത്...എല്ലാരും നോക്കുന്നു കരയാതിരിക്കുക ”അവൻ അമ്മയെ പിടിച്ചുയതിക്കൊണ്ട് പറഞ്ഞു...അവന്റെ amma എഴുനേറ്റ് കണ്ണൊക്കെ തുടച്ചു...

“ നിനക്ക് അറിയുമോ.. ഇവൻ നാട്ടിലേക്ക് വന്നിട്ട് ഇപ്പോ അഞ്ചു മാസമാകുന്നു.. വരാൻ പറയുമ്പോഴൊക്കെ ഇവൻ ഇന്ന് വരാം, നാളെ വരാം, അടുത്താഴ്ച വരാം എന്നൊക്കെ പറഞ്ഞു ഒഴുകുകയായിരുന്നു.. ഞാനും ഒരു അമ്മയല്ലേ എത്രനാൾ മകനെ കാണാതിരിക്കും ” അമ്മ വിങ്ങിക്കൊണ്ട് പറഞ്ഞു...

“ നിങ്ങൾ ഇവിടെ ഇരിക്കെ... ഞാൻ കുടിക്കാൻ എടുത്തിട്ട് വരാം ” എന്ന് പറഞ്ഞു ഉമ്മി അടുക്കളയിലേക്ക് പോയി... പുറകെ വിവേകിന്റെ അമ്മയും പോയി..ആ ചെറിയ സമയം കൊണ്ട് ആഫിയും വിവേകിന്റെ പെങ്ങൾ വൃന്ദയും നല്ല കമ്പനി ആയിരുന്നു... അവർ എന്തൊക്കെയോ സംസാരിക്കുകയാണ്... അഫിയേക്കാൾ 1 വയസ് ഇളയതാണ് വൃന്ദ...

“വണ്ടിയിൽ നിന്ന് വീണിട്ടു മുറിവ് ഒന്നും പറ്റിയില്ലേ ” വിവേകിന്റെ അച്ഛൻ എന്നോട് ചോദിച്ചു... അപ്പൊ ഞാൻ വിവേകിനെ നോക്കി...

“അത് അച്ഛാ ഞങ്ങൾ ഹെൽമെറ്റ് ഇട്ടിരുന്നു... പിന്നെ വീണതിന് മണ്ണിൽ ആയിരുന്നു അതുകൊണ്ട് ഏത് ഒന്നുമില്ല പരിക്കുപറ്റി ഇല്ല... wrong-way കേറി വണ്ടി വന്നപ്പോഴേക്ക് സൈഡിലേക്ക് വെട്ടിമാറ്റിയത് അപ്പൊ ബാലൻസ് തെറ്റി... അപ്പോ മണ്ണിലേക്ക് അങ്ങ് വീണു..ഇവൻ വണ്ടി വെട്ടി അപ്പോഴേ വണ്ടിന്ന് തെറിച്ചു അങ്ങ് മാറി വീണു... കൈ കുത്തി വീണ വഴിയിൽ രണ്ട് കൈയും ഒടിഞ്ഞു ഞാൻ എന്റെ കൈയും കാലും വണ്ടിയുടെ അടിയിൽ പെട്ട്.. അതാണ് സംഭവം ” എന്നെ പറയാൻ അനുവദിക്കാതെ വിവേക് പറഞ്ഞപ്പോഴാണ് എനിക്ക് മനസ്സിലായി അവൻ ഇവരോട് കള്ളം പറഞ്ഞ് ഇരിക്കുകയാണെന്ന്... ഞാനും അവന്റെ അച്ഛനും കുറെ നേരം കൂടെ സംസാരിച്ചിരുന്നു അപ്പോഴേക്കും ഉമ്മി വെള്ളവുമായി വന്നു... എല്ലാവർക്കും കൊടുത്തശേഷം വിവേക് അടുത്തുവന്നു

“ ഇത്രയൊക്കെ ഉണ്ടായിട്ടും ഞങ്ങളോട് എല്ലാം നീ മറച്ചുവെച്ചില്ല ” ഉമ്മി അവനെ നോക്കി പറഞ്ഞു... എന്താണെന്ന് മനസിലാക്കാതെ ഞാനും അവനെ നോക്കി... അവൻ എന്നെ നോക്കി കണ്ണടച്ചു കാണിച്ചു... ഞാൻ ഉമ്മിയോട് കാര്യം തിരക്കി...

” ഇവനു യഥാർത്ഥമായ ഒരു പ്രണയം ഉണ്ടായിരുന്നു... ആ പെൺകുട്ടിയുടെ വീട്ടുകാർ അറിഞ്ഞപ്പോൾ അവളെ പെട്ടെന്ന് പിടിച്ചു കെട്ടിച്ചു വിട്ടു... അതിനുശേഷമാണ് ഇവൻ നാട്ടിലേക്ക് പോകാത്തത്...ഇവൻ നമ്മളുടെ മുന്നിൽ ഒളിച്ചുവച്ച നാടകം കളിക്കുകയായിരുന്നു ” എന്റെ എന്റെ അടുത്ത് വന്നു എനിക്ക് കേക്കാൻ പാകത്തിന് പറഞ്ഞു... ഞാൻ അത് കേട്ട് അവന്റെ അടുത്തേക്ക് ചെന്നു...

“ നീയും എന്നെ ചതിക്കുകയായിരുന്നു അല്ലേ” ഞാൻ അവനോട് ചോദിച്ചു...

“ എടാ അങ്ങനെ അല്ലടാ... എനിക്കറിയാമല്ലോ നിന്നെ....എനിക്കൊരു വിഷമമുണ്ടെന്ന് നീ അറിഞ്ഞാൽ നീയും വിഷമിക്കും, അതുകൊണ്ടാണ് ഞാൻ നിങ്ങളുടെ എല്ലാം മുന്നിൽ സന്തോഷവാനായി നിന്നത്...” അവൻ പറയുമ്പോൾ അവന്റെ കണ്ണുകൾ നിറയുന്നുണ്ടായിരുന്നു... അവർ എല്ലാവരും വെള്ളം കുടിച്ചുകഴിഞ്ഞ് എഴുന്നേറ്റു...

“എന്നാൽ നമുക്ക് ഇറങ്ങാം ” വിവേകിന്റെ അച്ഛൻ വിനോദ് അങ്കിൾ ഗ്ലാസ് ടേബിളിൽ വച്ചുകൊണ്ട് പറഞ്ഞു...

“ എന്തായാലും ഉച്ചയായി... നിങ്ങൾ ഇനി ഹോട്ടലിലേക്ക് കയറി കഴിക്കേണ്ടിവരും നമുക്ക് ഇവിടുന്നു ഫുഡ് ഒക്കെ കഴിച്ചിട്ട് പോകാം ” എന്ന് ഉമ്മി പറഞ്ഞു വിവേകിന്റെ അമ്മ സമ്മതിച്ചു...അച്ഛന് എതിർ വാക്ക് പറയാൻ സാധിച്ചില്ല... അങ്ങനെ ഞങ്ങൾ എല്ലാവരും ഒരുമിച്ചിരുന്ന് ഫുഡ് ഒക്കെ കഴിച്ചു കഴിഞ്ഞു... അവർ ഇറങ്ങാൻ തുടങ്ങി...

“ ഇനിയെന്നാ തിരിച്ച് കോളേജിലോട്ട് ” ഞാൻ വിവേകിനോട് ചോദിച്ചു...

“ അളിയാ ഈ കയ്യും കാലും റെഡി ആയിട്ട് ഞാൻ വരും” അവൾ ചരിച്ചുകൊണ്ട് പറഞ്ഞു.. അവനെ അവന്റെ അച്ഛൻ താങ്ങിക്കൊണ്ട് കാറിലേക്ക് കയറിയ... അവന്റ അച്ഛനുമമ്മയും ഞങ്ങളോട് യാത്ര പറഞ്ഞ് കാറിലേക്ക് കയറി... കാറിൽ കയറി വൃന്ദ ആഫിക്ക് കൈ ആട്ടി റ്റാറ്റാ കൊടുത്തു...

അവർ വണ്ടിയുമായി പോകുന്ന കാഴ്ച നോക്കി ഞാൻ അവിടെ കുറച്ചുനേരം നിന്നു.... ശേഷം റൂമിലേക്ക് പോയി... അന്ന് ഞാൻ റൂമിൽ കയറി ഇരുന്നു വൈകുന്നേരം... എന്റെ നമ്പറിലേക്ക് ഒരു കോൾ വന്നു...

“ഹലോ ”അവിടുന്ന് ഒരു കിളി നാദം

“ആരാണ് ” ഞാൻ ചോദിച്ചു..

“മനസിലായില്ലേ ”അവിടെ നിന്നും ചോദിച്ചു...

“ഇല്ല... ആരാ ” ഞാൻ ചോദിച്ചു...

“ ഞാൻ ഇനി മിണ്ടൂല... ഇത് ഞാനാണ് ഐഷ.. എന്റെ ശബ്ദം പോലും തിരിച്ചറിയാൻ പറ്റുന്നില്ലല്ലോ നിങ്ങൾക്ക്... വ്യത്തികെട്ട മനുഷ്യൻ” ഐഷ കപട ദേഷ്യത്തിൽ പറഞ്ഞു...

“അയ്യോ... സോറി ഡി മോളെ ഞാൻ അത് പെട്ടെന്ന് ശ്രദ്ധിച്ചില്ല ” ഞാൻ ക്ഷേമാപണം നടത്തി...

“ ആ മതി മതി ഒന്നും പറയണ്ട... നാളെ രാവിലെ ഞാൻ അവിടെ കാണും വീട്ടിലെ എനിക്ക് വീടിന്റെ ലൊക്കേഷൻ അയച്ചേ ” അവൾ പറഞ്ഞു... ഞാൻ അപ്പോഴേ ലൊക്കേഷൻ അയച്ചു... അതിനുശേഷം ഞങ്ങൾ കുറെ നേരം സംസാരിച്ചിരുന്നു... അപ്പോഴേക്കും ആഫി അങ്ങോട്ട് കടന്നുവന്നു...

“ ആരോടാ ഈ കൊഞ്ചുന്ന ” ആഫി കേറി വന്നപാടെ ചോദിച്ചു..

“ഐഷയാ ” ഞാൻ ഫോൺ പൊത്തിപ്പിടിച്ചു കൊണ്ടു പറഞ്ഞു ...

“ എനിക്കൊന്ന് സംസാരിക്കാൻ തരൂ കുറച്ചുനേരത്തേക്ക് ” ആഫി ചോദിച്ചു..

“ ഞാൻ ആഫിക്കു കൊടുക്കുകയാണ് നിങ്ങൾ സംസാരിക്കു ” ഞാൻ ആയിഷയോട് അങ്ങനെ പറഞ്ഞിട്ട് ... ഫോൺ അഫിക്കു കൊടുത്തു...

ആഫിയ ഫോണും വാങ്ങിക്കൊണ്ട് കുറേനേരം അങ്ങോട്ടുമിങ്ങോട്ടും നടന്നു ആയിഷയോട് സംസാരിച്ചുകൊണ്ടിരുന്നു... താഴെനിന്നും ഉമ്മി അവളെ വിളിച്ചപ്പോൾ ആണ് അവൾ ഫോൺ എനിക്ക് നേരെ ഇറങ്ങിയിട്ട് താഴേക്കിറങ്ങി പോയത്...

“ എന്തായിരുന്നു നാത്തൂനും നാത്തൂനും കൂടെ ഇത്രനേരം സംസാരിച്ചുകൊണ്ടിരുന്നത് ”ഞാൻ ഐഷയോട് ചോദിച്ചു...

“ അത് ഞങ്ങൾ നാത്തൂന്മാർ തമ്മിലുള്ള സീക്രട്ട് ആണ് ”എന്ന് പറഞ്ഞു അവൾ ചരിച്ചു... അപ്പോൾ അവളുടെ ഫോണിൽ കാൾ വരുന്നുണ്ടെന്ന് എനിക്ക് മനസിലായി...

“ അത് ഞാൻ പിന്നെ വിളിക്കാം ഉമ്മ.. വിളിക്കുന്നുണ്ട് ” എന്ന് പറഞ്ഞവൾ ഫോൺ കട്ടാക്കി... ഞാനോ ഓരോന്നാലോചിച്ച് കുറെ നേരം കൂടെ അവിടെ കിടന്നു... അതിനുശേഷം ഞാൻ ഫുഡ് കഴിക്കാൻ ആയി താഴേക്കിറങ്ങി ചെന്ന് ഫുഡ് കഴിച്ചു കഴിഞ്ഞു ഞാൻ ഉമ്മിയുമായി ആയി കുറച്ചു നേരം സംസാരിച്ചിരുന്നു,അതിനുശേഷം ഞാൻ തിരികെ റൂമിലേക്ക് വന്നു ബെഡിലേക്ക് കിടന്നു... എന്റെ ഉള്ളിൽ അവൾ നാളെ വീട്ടിലേക്ക് വരുന്ന സന്തോഷമായിരുന്നു... അങ്ങനെ ഞാൻ എപ്പോഴോ ഉറക്കത്തിലേക്ക് വീണു കഴിഞ്ഞിരുന്നു... രാവിലെ ഉറക്കം എഴുന്നേറ്റ് താഴേക്ക് ചെന്നു.. ഫുഡ് കഴിക്കാൻ ഇരിക്കുമ്പോൾ ആഫി യൂണിഫോമിൽ പുറത്തേക്ക് വരുന്നത് ഞാൻ കണ്ടു...

“ ബൈ ഇക്കു വന്നിട്ട് കാണമേ ” എന്നുപറഞ്ഞ് അവൾ ബാഗും എടുത്തിട്ട് വെളിയിലേക്ക് ഇറങ്ങി പോയി...

സമയം 10 മണി ആയി... ഹാളിൽ ഇരിക്കുമ്പോൾ ഉമ്മി ഒരുങ്ങി വെളിയിലേക്ക് ഇറങ്ങി വരുന്നത് ഞാൻ കണ്ടു...

“ എങ്ങോട്ടാ ഉമ്മി പോകുന്നേ ” ഞാൻ ഒരുങ്ങി വരുന്നത് കണ്ട് ഉമ്മയോട് ചോദിച്ചു..

“അജു... നിന്റെ മുറപ്പെണ്ണിന്റെ വളയിടീൽ ആണ് ഇന്ന് ” ഉമ്മി എന്നെ ആക്കി ചിരിച്ചുകൊണ്ട് ചിരിച്ചുകൊണ്ട് പറഞ്ഞു...

{ചിരിച്ചത് എന്തിനാണെന്നല്ലേ...8 പഠിക്കുമ്പോൾ ഞാൻ അവളോട് ഇഷ്ടമാണെന്ന് പറഞ്ഞു... അവൾ അത് നിരസിച്ചു.. എന്നിട്ട് എന്റെ ഉമ്മിയോട് പറഞ്ഞു... ഞാനും ഉമ്മിയും നല്ല ഫ്രണ്ട്സ് ആയത്കൊണ്ട്... ഉമ്മി അത് ഒതുക്കി തീർത്തു... അതിനാണ് ആ ആക്കിയ ചിരി }

എന്നിട്ട് ഉമ്മി ഇറങ്ങി... ഉമ്മ പോയി കഴിഞ്ഞു ഞാൻ കുറച്ചു നേരം ടി വി കണ്ട് അവിടെ ഇരുന്നു.. ഒരു 1 മണിക്കൂർ കഴിഞ്ഞപ്പോൾ വീടിന്റെ ഫ്രണ്ടിൽ ഒരു ഓട്ടോ വന്നു... ഞാൻ പുറത്തേക്ക് എത്തി നോക്കി... ആരോ തിരിഞ്ഞു നിക്കുന്നു... ഒരു പച്ച കളർ സാരിയും, ക്രീം കളർ ബ്ലൗസും ഇട്ട്... തലയിൽ തട്ടം ഒക്കെ ചുറ്റിയ ഒരാൾ...അവർ ആ ഓട്ടോക്കാരന് cash കൊടുക്കുകയാണ്... Cash കൊടുത്ത് അവർ തിരിഞ്ഞപ്പോൾ.. ആ മുഖം ഞാൻ കണ്ടു... ഐഷ! ഇത് ഐഷ ആയിരുന്നോ... പടച്ചോനെ.. ഇവളെ സാരിയിൽ കാണാൻ എന്ത് മോന്ജ് ആണ്...

അവൾ അധികാരത്തോടെ ഗേറ്റ് ഒക്കെ തുറന്ന് അകത്തേക്ക് കയറി വന്നു... ഡോർ തുറന്നു കിടക്കുകയായിരുന്നു എങ്കിലും അവൾ ബെൽ അടിച്ചു.... ഞാൻ പുറത്തേക്ക് ഇറങ്ങി ചെന്നു...

“ആരാണ് ” ഞാൻ അവളെ കളിയാക്കിക്കൊണ്ട് ചോദിച്ചു...

“ഇത് അജാസ് ജാഫറിന്റെ വീട് അല്ലെ ”അവളും അത് ഏറ്റു പിടിച്ചു...

“ആണല്ലോ.... നിങ്ങൾ ആരാ ” ഞാൻ ചോദിച്ചു... അവൾ ആദ്യം ഒന്ന് പകച്ചു എങ്കിലും... എന്റെ ചിരി കണ്ടപ്പോൾ അവളും ചിരിച്ചു...

“ഞാൻ ആരാണെന്ന് അല്ലെ... കാണിച്ചു തരാടാ... പട്ടീ........”എന്ന് പറഞ്ഞു അവൾ എന്നെയും തള്ളി അകത്തേക്ക് കയറ്റി... എന്നിട്ട് ഡോർ അടച്ചു... ഞാൻ അവളെ തന്നെ നോക്കി നിന്നു...

“എന്താ? ആദ്യം കാണുന്ന പോലെ നോക്കുന്നത് ”അവൾ ചുണ്ടിന്റെ കോണിൽ നാണം ഒളിപ്പിച്ചു വെച്ചുകൊണ്ട് ചോദിച്ചു...

“എന്ത് മൊഞ്ജാണ് എന്റെ പെണ്ണെ നിന്നെ ഈ സാരിയിൽ കാണാൻ ” ഞാൻ അവളുടെ മുഖത്തുനോക്കി ചോദിച്ചു... ചോദ്യം കേട്ടപ്പോൾ തന്നെ അവളുടെ മുഖം നാണത്താൽ ചുവന്നു...

“എല്ലാരും പറയാറുണ്ട്. സാരിയിൽ ഞാൻ സുന്ദരി ആണെന്ന് ”അവൾ മുഖത്തേക്ക് നോക്കാതെ താഴേക്ക് നോക്കി തന്നെ പറഞ്ഞു...

“അയ്യടാ.. ചുള്ളികമ്പിൽ സാരി ചുറ്റി വെച്ചത് പോലെ ഉണ്ട്..എന്നിട്ട് സുന്ദരി ആണ് പോലും”

ഞാൻ അവളെ ചൂടാക്കാൻ വേണ്ടി പറഞ്ഞു... അവൾ തിരിച്ചു എന്തോ പറയാൻ തുടങ്ങിയപ്പോൾ അവളുടെ ഫോൺ റിങ് ചെയ്തു...

`നീ ഇല്ലയെങ്കിൽ വെറും മണ്ണാണു ഞാൻ

വെറും മണ്ണാണു ഞാൻ

വെറും മണ്ണാണു ഞാൻ

ആരും കാണാതെ ആരും അറിയാതെ ´അപ്പോഴേക്കും ഐഷ ഫോൺ എടുത്തു...

“ഹലോ...” ഐഷ തുടങ്ങി...

“ആയോ എപ്പോ ” അവളുടെ മുഖം വിഷമത്തിൽ ആകുന്നത് പോലെ തോന്നി...

“എത്രയാ ”

“അത്രേം ഒക്കെ ഞാൻ എങ്ങനെ ഒപ്പിക്കാനാണെടി ”

“ആ നീ വെക്ക്... ഞാൻ ആരോടെങ്കിലും ചോദിച്ചു നോക്കട്ടെ ”

എന്ന് പറഞ്ഞവൾ ഫോൺ സോഫയിലേക്ക് ഇട്ടിട്ട് പെട്ടന്ന് സോഫയിലേക്ക് വീണു....ഞാൻ അവളെ താങ്ങി എടുത്തു.. അടുത്തിരുന്ന ജഗ്ഗിൽ നിന്ന് വെള്ളം അവളുടെ മുഖത്തേക്ക് കുറച്ചൊഴിച്ചു... അവൾ പെട്ടന് ഞെട്ടി എഴുന്നേറ്റു...

“എന്താ എന്താ പ്രശ്നം ” ഞാൻ തിരക്കി...

“ഇക്ക... ഇക്ക.. എന്റെ കൂട്ടുകാരി ഇല്ലേ പല്ലവി... അവൾക്ക്.... അവൾക്ക് ആക്സിഡന്റ് ആയെന്ന്... പെട്ടന്ന് ഒരു 15,000 അടക്കണമെന്ന്...6,000 അവർ എല്ലാവരും ചേർന്ന് ഇട്ടിട്ടുണ്ട്... ഒരു. ഇഹ്. ഒരു 8,000 കൂടെ അത്യാവശ്യം ആയി വേണം... ഞാൻ എന്ത് ചെയ്യും ഇക്ക ഇപ്പോൾ ” അവൾ കരഞ്ഞുക്കൊണ്ട് എന്റെ നെഞ്ചിലേക്ക് ചെയ്ഞ്ഞുകൊണ്ട് ചോദിച്ചു..

“നീ വിഷമിക്കണ്ട ഞാൻ ഉമ്മിയോട് ഒന്ന് ചോദിക്കട്ടെ ” ഞാൻ അവളുടെ തലയിൽ തടവിക്കൊണ്ട് പറഞ്ഞു...

“അയ്യോ അതൊന്നും വേണ്ട ഇക്ക ”

“നീ ഒന്നും പറയണ്ട... ഞാൻ ഉമ്മിയോട് ചോദിക്കട്ടെ ” എന്ന് പറഞ്ഞു ഫോൺ എടുത്തു ഉമ്മിക്ക് ഡയൽ ചെയ്തു...

ഫുൾ റിങ് ചെയ്തിട്ടും എടുത്തില്ല...

രണ്ടാമത് ഒന്നുടെ വിളിച്ചപ്പോൾ എടുത്തു... അവിടെ നല്ല ശബ്ദം ഉണ്ടായിരുന്നു...

“ഹലോ ” ഉമ്മി പറഞ്ഞു എനിക്ക് ക്ലിയർ ആകുന്നുണ്ടായിരുന്നില്ല... അവിടെ മുഴുവൻ ആളുകൾ സംസാരിക്കുന്ന ശബ്ദം...

“ഉമ്മി അവിടുന്ന് മാറി നിൽക്ക്... എനിക്ക് ഒന്നും കേക്കുന്നില്ല ”

“ആ മാറി...എന്താ കാര്യം ” കുറച്ചു നേരത്തിനു ശേഷം ഉമ്മി പറഞ്ഞു..

“ഉമ്മി നമ്മടെ ഐഷ ഇല്ലേ ”.

“നമ്മുടെ അല്ല നിന്റെ... ആഹ് നീ കാര്യം പറ ചെക്കാ ” ഉമ്മി കുറച്ചു ദേഷ്യത്തിൽ പറഞ്ഞു..

“ഉമ്മി അവളുടെ കൂട്ടുകാരിക്ക് ആക്സിഡന്റ് ആയി ഹോസ്പിറ്റലിൽ ആണ്.”

“അയ്യോ ”

“ അവർക്ക്... ഇപ്പൊ അത്യാവശ്യം ആയി ഒരു 8,000 വേണം.. ഉമ്മിടെ കയ്യിൽ ഉണ്ടോ ”

“മോനെ cash ഉമ്മിടെ കയ്യിൽ ആണ്... ബാങ്കിൽ ഉള്ളത് നിനക്ക് ഞാൻ അയച്ചേക്കാം... നമ്മൾ കാരണം ഒരാൾക്ക് എന്തേലും സഹായം ചെയ്യാൻ പറ്റുവാണേൽ നടക്കട്ടെ... ഞാൻ അയച്ചേക്കാം ചെക്കന്റെ വീട്ടുകാർ എത്തിയിട്ടുണ്ട്.. ” എന്ന് പറഞ്ഞു ഉമ്മി ഫോൺ വെച്ചു....ഐഷ ഇതെല്ലാം കേട്ടു നിക്കുകയായിരുന്നു... ഐഷയുടെ കണ്ണുകൾ നിറയുന്നത് ഞാൻ കണ്ടു...

“അയ്യേ, നീ കരയുവാണോ...ഞാൻ എന്ന് വെച്ചാൽ ഉമ്മിക്ക് ജീവൻ ആണ്... എന്റെ ഒരു ആഗ്രഹങ്ങൾക്കും ഉമ്മി എതിര് പറയാറില്ല...നീ ” ഞാൻ പറഞ്ഞു വന്നത് മുഴുവപ്പിക്കാൻ സമ്മതിക്കാതെ അവൾ എന്റെ ചുണ്ടുകൾ അവളുടെ തക്കാളി പോലെ ചുവന്ന ചുണ്ടുകൾ കൊണ്ട് ചുംബിച്ചു... ഒരു ദീർഘ ചുമ്പനം... പ്രേശിക്ഷിക്കാതെ ഉള്ള കിസ്സ് ആയതുകൊണ്ട്.. എനിക്ക് അധിക നേരം അത് തുടരാൻ സാധിച്ചില്ല.കൈ രണ്ടും ഒടിഞ്ഞിരിക്കുന്നത് കൊണ്ട് പിടിച്ചുമാറ്റാൻ എനിക്ക് പറ്റുന്നില്ലായിരുന്നു... ഞാൻ പെട്ടന്ന് തല വെട്ടിച്ചു മാറ്റി...അവൾ അപ്പോൾ തന്നെ നാണത്താൽ കണ്ണുപൊത്തി തല താഴ്ത്തി ഇരുന്നു...

“എന്തോന്നടെ ഇത്... ഒന്ന് പറഞ്ഞിട്ടൊക്കെ ചെയ്തുടെ.. കുറച്ചുനേരം കൂടെ ചെയ്തിരുന്നേൽ ഞാൻ ചത്തു പോയേനെ ” ഞാൻ അവളെ ഒന്ന് കളിയാക്കിക്കൊണ്ട് പറഞ്ഞു...

“ഒന്ന് പോ ഇക്ക എന്ന് പറഞ്ഞു അവൾ എന്റെ നെജിലേക്ക് ചാഞ്ഞു... മുഖം എന്റെ നെഞ്ചിൽ വെച്ചു കുറച്ചുനേരം കിടന്നു...

പെട്ടന്ന് അവളുടെ ഫോൺ റിങ് ചെയ്യുന്നത് കണ്ടു 'ജോബിൻ ' എന്ന് സ്ക്രീനിൽ... അത് ഒരു മിന്നായം പോലെ മാത്രമേ ഞാൻ കണ്ടുള്ളു...

“ആഹ് cash കിട്ടി.. ഒരു 10 മിനിറ്റ് ഇപ്പൊ അയച്ചു തരാം ” എന്ന് പറഞ്ഞു അവൾ ഫോൺ കട്ട് ആക്കി.. എന്നിട്ട് എന്റെ മുഖത്തേക്ക് നോക്കി.. ഒന്നും പറഞ്ഞില്ല. അവൾക്ക് കാശിന്റെ കാര്യം പറയാൻ മടി ഉണ്ടെന്ന് എനിക്ക് മനസിലായി... കാര്യം മനസിലായ ഞാൻ ഫോൺ എടുത്ത് നോക്കുമ്പോൾ cash ക്രെഡിറ്റ് ആയിട്ടുണ്ട്...

“നീ number ഇങ് പറഞ്ഞു താ.. Cash അയക്കട്ടെ ” ഞാൻ പറഞ്ഞു...

അവൾ അപ്പോൾ തന്നെ number അയച്ചു തന്നു... ഞാൻ aa നമ്പറിലേക്ക് cash അയച്ചു...

അത് കഴിഞ്ഞു..ഞങ്ങൾ കുറച്ചു നേരം മുഖത്തോട് മുഖം നോക്കി ഇരുന്നു. അവളുടെ ഫോണിലേക്ക് ഒരു കാൾ വഴുമ്പോഴാണ് ഞങ്ങളുടെ നോട്ടം മുറിഞ്ഞത്...

“ആഹ്.. ഇപ്പൊ ഇറങ്ങാം.. ഒരു 5 മിനിറ്റ് ” എന്ന് പറഞ്ഞു അവൾ ഫോൺ കട്ട് ചെയ്തു...

“ഇക്ക എനിക്ക് അത്യാവശ്യം ആയി പോണം.. നാളെ വൈകിട്ട് വരാമേ എന്ന് പറഞ്ഞു അവൾ പുറത്തേക്ക് നടന്നു...എന്നിട്ട് അകത്തേക്ക് ഓടി വന്നെന്റെ ചുണ്ടിൽ ചുണ്ട് ചേർത്തിട്ട്... ഒന്ന് നോക്കുക പോലും ചെയ്യാതെ പുറത്തേക്ക് ഒറ്റ ഓട്ടം.. ഞാൻ അവിടെ ഞെട്ടി ഇരുന്നു... അവൾ പോയിക്കഴിഞ്ഞു ഒരു 10 മിനിറ്റ് കഴിഞ്ഞപ്പോൾ ഉമ്മി വീട്ടിലേക്ക് വന്നു...

ഉമ്മി വന്നപ്പോഴും എന്റെ മുഖത്ത് ഒരു ചിരി ഉണ്ടായിരുന്നു...

“എന്താടാ വല്ലാത്ത ഒരു ചിരി ”എന്റെ ചിരി കണ്ട് ഉമ്മി ചോദിച്ചു...

ഒന്നുമില്ലന്ന രീതിയിൽ ഞാൻ ഷോൾഡർ പൊക്കി കാണിച്ചു...

“ നാട്ടുകാരെ കൊണ്ട് അതും ഇതും ഒക്കെ പറയിപ്പിച്ചാൽ ഉണ്ടല്ലോ... മോനെ.. വീട്ടിൽ നിന്ന് ഞാൻ ഇറക്കി വിടും ” ഉമ്മി ആക്കി ചിരിച്ചുകൊണ്ട് പറഞ്ഞു...

“ഏഹ്... ഉമ്മി എന്താ ഈ പറയുന്നേ ” ഞാൻ ചോദിച്ചു...

“ എടാ മോനെ ഉരുളാതെ... അയലത്തെ വീട്ടിലെ സുജാതച്ചേച്ചി പറഞ്ഞു... ഇവിടെ അപരിചിതയായ ഒരു കൊച്ച് വന്നിരുന്നെന്ന്... അപ്പോഴേ എനിക്ക് മനസിലായി അത് ഐഷ ആണെന്ന് ” ഉമ്മി എന്റെ കവിളിൽ പിടിച്ചു പിച്ചികൊണ്ട് പറഞ്ഞു....

ഞാൻ ഒരു വളിച്ച ചിരി പാസ്സ് ആക്കി...

“ നീ ചിരിക്കരുത്... ആ പിന്നെ ആരും ഇല്ലാത്തപ്പോൾ ഉള്ള ഈ വരവ് നിർത്താൻ പറയണം.. ആൾക്കാരെക്കൊണ്ട് അതും ഇതും പറയിപ്പിക്കാതെ ” എന്ന് പറഞ്ഞു ഉമ്മ എന്റെ കവിളിൽ നിന്നും കൈ എടുത്തിട്ട് അടുക്കളയിലേക്ക് പോയി...

ഉമ്മി ഫുഡ് വടുത്ത വെച്ചു എന്നിട്ട് എന്നെ വിളിച്ച് അവിടെ എത്തി എനിക്ക് ചോറ് വാരി തന്നു...

അതിനു ശേഷം ഉമ്മി ഉറങ്ങാൻ ആയി റൂമിലേക്ക് പോയി... ഞാനും എന്റെ റൂമിലേക്ക് കയറി...ഞാൻ ഫോൺ എടുത്ത് നോക്കി.. 'താങ്ക്സ് ഇക്ക' എന്നൊരു മെസ്സേജ് ഐഷയിൽ നിന്ന് വന്ന് കിടക്കുന്നു... അവൾ ഓഫ്‌ലൈൻ ആണ്...

അത്കൊണ്ട് ഞാൻ റിപ്ലൈ കൊടുത്തില്ല... ഞാൻ ബെഡിലേക്ക് കിടന്നു....കുറച്ചു നേരം ഉറങ്ങിപ്പോയി.. ആരോ വന്ന് തട്ടി വിളിച്ചപ്പോഴാണ് ഉണർന്നത്.... ആഫിയ ആയിരുന്നു...

“എണിക്ക്” അവൾ ആണെന്ന് കണ്ട ഞാൻ ഒന്നുകൂടെ തിരിഞ്ഞു കിടന്നു...

“മതി ഉറങ്ങിയത്... ഇക്കുനെ കാണാൻ ആൾക്കാർ ഒക്കെ വന്നിട്ടുണ്ട് ” എന്ന് പറഞ്ഞു അവൾ ചിരിച്ചുകൊണ്ട് താഴേക്ക് പോയി...

ആരാണ് വന്നതെന്ന് അറിയതെ ഞാൻ ബാത്റൂമിൽ കയറി ഒന്ന് ഫ്രഷ് ആയി... താഴേക്ക് ഇറങ്ങി... അതാ അവിടെ ഇരിക്കുന്നു.. ഉമ്മിടെ ആങ്ങളയും ആങ്ങളയുടെ ഭാര്യയും കുട്ടികളും... മാമാക്ക് 2 മക്കൾ ആണ്... ഒരാൾ നബീൽ എന്നേക്കാൾ ഒരു വയസ് മൂത്തതാണ്... ഒരാൾ നാദിയാ...എന്നേക്കാൾ ഒരു വയസ് ഇളയതാണ്... പണ്ട് ഉമ്മിടെ വീട്ടിൽ പോകുമ്പോൾ ഇവർ ആയിരുന്ന എന്റെ കൂട്ട് +2 കഴിഞ്ഞ ശേഷം അങ്ങോട്ട് അധികം പോയിട്ടില്ല...

“ആഹ് കൈ മാത്രമേ ഒടിഞ്ഞതള്ളോ ” താഴേക്ക് ഇറങ്ങി വരുന്ന എന്നെ കണ്ട പാടെ നാദി കളിയാക്കിക്കൊണ്ട് പറഞ്ഞു...

ഞാൻ ഒരു വോൾട്ടേജ് കുറഞ്ഞ ചിരി പാസാക്കി...

“ എന്ത് പറ്റിയതാണ് ടാ ” മാമ ചോദിച്ചു

“ മാമാ അത് ഞങ്ങൾ കോളേജ് വിട്ടു വരുകയായിരുന്നു... ഒരു വണ്ടി wrong-way കേറി വന്നു വന്നപ്പോൾ പെട്ടെന്ന് വണ്ടി വെട്ടിച്ചു മാറ്റി വഴിക്ക് ബാലൻസ് തെറ്റി... ഞാൻ വണ്ടിയിൽ നിന്ന് തെറിച്ച് മാറി വീണു കൈ കുത്തിയൊഴുകി രണ്ടുകൈയും ഒടിഞ്ഞു ” അന്ന് വിവേക് പറഞ്ഞത് പോലെ ഒരു കള്ളം ഞാനും പറഞ്ഞു... അപ്പോഴേക്കും ആഫിയ വന്ന് നാദിയെയും കൂട്ടി റൂമിലേക്ക് പോയി...

“പഠിത്തം ഒക്കെ എങ്ങനെ പോകുന്നു ”അടുക്കളയിൽ നിന്ന് ഇറങ്ങി വന്ന മാമി ചോദിച്ചു...

“ആ കുഴപ്പം ഇല്ല ” ഞാൻ വല്യ താല്പര്യം ഇല്ലാതെ പറഞ്ഞു...

അങ്ങനെ ഞങ്ങൾ കുറച്ചു സംസാരിച്ചുകൊണ്ട് ഇരുന്നു... കുറച്ചുകഴിഞ്ഞ് ആഫിയയും നാദിയും റൂമിൽ നിന്ന് പുറത്തേക്ക് വന്നു.. നാദിയ എന്റെ അടുത്ത് വന്നിരുന്നു...

“എന്താ മോനെ പുതിയ ആൾ set ആയെന്ന് ഒക്കെ കേട്ടു.. നമ്മളോട് ഒന്നും പറഞ്ഞില്ല ” നാദി എന്റെ ചെവിയിൽ ചോദിച്ചു...

“ ആ.. അത്.. അത് പിന്നെ ” ഞാൻ പറയാൻ വിക്കി...

“ നിന്റെ ഈ വിക്ക് ഒന്നും വേണ്ട ഞാൻ എല്ലാം അറിഞ്ഞു ” എന്നിട്ട് നാദി അഫിയെ നോക്കി

അപ്പോഴത്തേക്ക് എനിക്ക് മനസ്സിലായി എല്ലാം പറഞ്ഞു കൊടുത്തത് ആഫി ആണെന്ന്... അവർ സംസാരിച്ചിരുന്നു ഓരോ കാര്യങ്ങൾ സംസാരിച്ചു സംസാരിച്ചു രാത്രി എട്ടു മണിയായപ്പോഴേക്കും അവർ ഫുഡ് ഒക്കെ കഴിച്ച് അവരുടെ വീട്ടിലേക്ക് പോകാനായി ഇറങ്ങി... അവർ പോയി കഴിഞ്ഞ് ഞാനും

ആഫിയും ഉമ്മയും കൂടെ ഇരുന്ന് ടിവി കണ്ടു... സമയമായപ്പോൾ അവർ രണ്ടുപേരും ഉറങ്ങാൻ ആയിപോയി ഞാൻ റൂമിലേക്ക് കയറി... ഞാൻ ഐഷയെ വിളിച്ചു.. അവൾ ബിസി ആയിരുന്നു... കുറച്ചുകഴിഞ്ഞ് ഞാൻ ഒന്നുകൂടെ വിളിച്ചു അപ്പോഴും അവൾ ബിസിയായിരുന്നു... എന്താണ് അവൾ ഫോൺ എടുക്കാത്തത് ആരെയാണ് വിളിച്ചിരുന്നത് എന്ന് ആലോചിച്ച് ഞാൻ അവിടെ കിടന്ന് ഉറങ്ങിപ്പോയി.... രാവിലെ 10:00 ആയി ഞാൻ എഴുന്നേറ്റപ്പോൾ അപ്പോഴേക്കും ആ സ്കൂളിൽ പോയിരുന്നു ഞാൻ താഴെ ഇറങ്ങി ചെന്ന് ഫുഡ് ഒക്കെ കഴിച്ച് അവിടെ ഇരുന്നു... ഉമ്മി ജോലിയൊക്കെ തീർത്ത എന്റെ അടുത്ത് വന്നിരുന്നു... ഞങ്ങൾ രണ്ടുപേരും ഒരുമിച്ചിരുന്ന് ടിവി കണ്ടുകൊണ്ടിരിക്കുന്നു... ടിവിയിൽ ' അങ്ങ് വൈകുണ്ഠപുരത്ത് 'എന്ന സിനിമയായിരുന്നു.. അപ്പോൾ എന്റെ ഫോണിലേക്ക് ഒരു കോൾ വന്നു.. ഞാൻ ഫോണിൽ നോക്കിയപ്പോഴേക്കും ഐഷ ആയിരുന്നു... ഉമ്മിടെ അടുത്തിരുന്ന് സംസാരിക്കാൻ എനിക്ക് ചെറിയ മടി ഉള്ളതുകൊണ്ട് ഞാൻ ഉമ്മിയെ ഒന്ന് നോക്കി... ഉമ്മി അപ്പോൾ എന്നെ തന്നെ നോക്കി ഇരിക്കുകയായിരുന്നു...

“ ആ ചെല്ല് ചെല്ല്... അങ്ങോട്ട് മാറിയിരുന്നു സംസാരിക്ക് ” ഉമ്മി എന്നെ നോക്കി ആക്കി ചിരിച്ചുകൊണ്ട് പറഞ്ഞു.... ഞാനും ഒരു ചിരി ചിരിച്ചിട്ട് റൂമിലേക്ക് പോയി...

“ ഹലോ ” ഞാൻ കുറച്ചു കടുപ്പിച്ചു ചോദിച്ചു...

“ എന്താ ഒരു ദേഷ്യം” അവൾ എന്നോട് ചോദിച്ചു...

“ ഇന്നലെ ഞാൻ രാത്രി വിളിച്ചപ്പോൾ എന്താ എടുക്കാഞ്ഞെ ” ഞാൻ അവളെ കാണിക്കാൻ വേണ്ടി ദേഷ്യത്തിൽ ചോദിച്ചു

“ അത്... അത് ഇന്നലെ ഇല്ലേ എസ്എസ്എൽസിക്ക് കൂടെ പഠിച്ച കൂട്ടുകാരികൾ വിളിച്ചായിരുന്നു അവരോട് ഇങ്ങനെ സംസാരിച്ചിരുന്നു...” അവൾ മറുപടി പറഞ്ഞു...

“ ആണോ... ആ നീ ഇപ്പൊ എവിടാ ” ഞാൻ ചോദിച്ചു

“ ഞാൻ ഇപ്പൊ കോളേജിലാ ” അവൾ മറുപടി പറഞ്ഞു

“ പിന്നെ എന്താ വിളിച്ചേ ” ഞാൻ ചോദിച്ചു

“ എന്തേലും കാര്യമുണ്ടെങ്കിൽ വിളിക്കാവോ... ശരി ഇനി ഞാൻ വിളിക്കുന്നില്ല... എന്തെങ്കിലും കാര്യം ഉണ്ടെങ്കിൽ വിളിച്ചോളാം ” അവൾ ഒരു ചെറിയ ദേഷ്യത്തിൽ പറഞ്ഞു...

“ അങ്ങനെയല്ല... എന്താ ഈ സമയത്ത് വിളിച്ചത് എന്ന് ഞാൻ ചോദിച്ചത് ” അവൾ ഫോൺ കട്ട് ആക്കാൻ പോയത് ഞാൻ പറഞ്ഞു...

“ ഇന്ന് ഞാൻ എങ്ങനെ വരും എന്ന് ആലോചിച്ച് ഇരിക്കുകയായിരുന്നു അങ്ങനെ ചോദിക്കാം എന്ന് വിചാരിച്ചു വിളിച്ചതാ ”

“ ആ ഇന്നലെ നീ ഇറങ്ങിപ്പോകുന്നത് അപ്പുറത്തെ വീട്ടിലെ സുജാത ചേച്ചി കണ്ടു..

ഉമ്മി വന്നപ്പോ അവർ ഉമ്മിടെ അടുത്ത് പറഞ്ഞു കൊടുത്തു.. ഉമ്മി അപ്പൊ എന്നോട് വന്ന് പറഞ്ഞു... വീട്ടിൽ ആൾ ഉള്ളപ്പോഴേ നിന്റെ അടുത്ത് വരാവൂ എന്ന് പറയാൻ പറഞ്ഞു ”

“ ആണോ.ആഹ് എന്നാ ഇന്ന് വൈകിട്ട് ഞാൻ അവിടെ ഉണ്ടാകും... എന്നാ ശെരി lub u.. ഉമ്മാഹ്ഹ്ഹ്ഹ് ” അവൾ പറഞ്ഞിട്ട് അവൾ ഫോൺ കട്ട് ചെയ്തു

അങ്ങനെ കുറച്ചുനേരം കഴിഞ്ഞ് റൂമിൽ കിടന്നിട്ട് താഴേക്കിറങ്ങി തന്നു...

“ കഴിഞ്ഞോ കൊഞ്ചൽ ഒക്കെ ” ഉമ്മി ചോദിച്ചു

“ അത് പിന്നെ” ഞാൻ തല താഴ്ത്തി ഇരുന്നു

“ ആ മതി മതി.. വാ ഫുഡ് കഴിക്കാം ” എന്ന് പറഞ്ഞ് ഉമ്മി അടുക്കളയിലേക്ക് പോയി ഫുഡ് മായി വന്നു.. എനിക്ക് ഫുഡ് വാരി തന്നു.. അതിനുശേഷം ഉമ്മ റൂമിലേക്ക് പോയി കിടന്നു ഞാനും റൂമിലേക്ക് പോയി കിടന്നു കുറച്ചു നേരം ഉറങ്ങി... ആരോ ബെഡിൽ വന്നിരുന്നു എന്റെ ദേഹത്ത് തട്ടുമ്പോൾ ഞാൻ ഉണർന്നത്... ഐഷ ആയിരുന്നു... അവളെ അവളെ അവിടെ കണ്ടപ്പോൾ ഞാൻ ഞെട്ടിപ്പോയി...

“ ഹലോ എന്തൊരു ഉറക്കമാ ഇത് എത്ര നേരമായി ഞാൻ വന്നിട്ട് ” അവൾ ചിരിച്ചു കൊണ്ട് പറഞ്ഞു...

“ എത്ര നേരമായി ” ഞാൻ കണ്ണ് തിരുമ്മി കൊണ്ട് ചോദിച്ചു ...

“ ഞാൻ നാലു മണിയായപ്പോൾ വന്നു... വന്നപ്പോൾ ഉമ്മി അവിടെ ഇരിപ്പുണ്ടായിരുന്നു... എന്നെ കണ്ടപ്പോഴേ ഉമ്മി പറഞ്ഞു മുകളിൽ ഉറങ്ങുകയാണെന്ന്... അപ്പോൾ ഞാൻ വന്നു നോക്കി.. ഉറങ്ങുവാൻ എന്ന് കണ്ടപ്പോൾ പിന്നെ ഞാൻ വിളിക്കാൻ നിന്നില്ല താഴെ ചെന്ന് ഉമ്മിയുടെ കൂടെ കുറച്ചുനേരം അടുക്കളയിലേക്ക് നിന്നപ്പോഴേക്കും ആഫി വന്നു ഞാനും ആഫിയും ഉമ്മയും കുറച്ചുനേരം സംസാരിച്ചിരുന്നു.. അപ്പോ ഉമ്മി പറഞ്ഞു ഇക്കാനെ വിളിച്ച് എണീപ്പിക്കാൻ.. അങ്ങനെ കേറി വന്നതാ ” അവൾ പറഞ്ഞിട്ട് എന്റെ കൂടെ കിടന്നു...

“ ആഹാ എന്നെ വിളിച്ച് എണീക്കാൻ വന്നിട്ട്... നീയും ഇവിടെ കിടക്കുവാണോ ” ഞാൻ അവളുടെ മുടിയിൽ തഴുകി കൊണ്ട് ചോദിച്ചു..

“ ഇങ്ങനെ കിടക്കാൻ നല്ല സുഖമാ... കൊച്ചിലെ ഞാൻ വാപ്പയുടെ നെഞ്ചത്ത് കിടക്കുമായിരുന്നു... അങ്ങനെ കിടന്നുറങ്ങാൻ എന്തോ പ്രത്യേക ഫീലാണ് ” അവൾ എന്റെ നെഞ്ചിൽ തല ചായ്ച്ച് കൊണ്ട് പറഞ്ഞു...

“ അതൊക്കെ പിന്നെ ആരുമില്ലാത്തപ്പോൾ... ഇപ്പോ നിന്നെ തിരക്കി ആരെങ്കിലും ഇങ്ങോട്ട് വന്നാൽ നമ്മൾ ഇങ്ങനെ കിടക്കുന്നത് അവരും കാണുന്നു ” എന്നും പറഞ്ഞ് ഞാൻ എഴുനേൽക്കാൻ തുടങ്ങി.. അപ്പോഴേക്കും അവൾ എന്നെ പിടിച്ച് വീണ്ടും അവിടെ കിടത്തി... കുറച്ചുനേരം കിടന്നപ്പോൾ അവൾ ഉറങ്ങിപ്പോയി ഞാൻ എഴുന്നേറ്റ് ബാത്ത് റൂമിലേക്ക് കയറി മുഖം ഒക്കെ കഴുകി ഇറങ്ങി... അവൾ അപ്പോഴും നല്ല ഉറക്കമായിരുന്നു... ഞാൻ അവളെ നോക്കി അവിടെ തന്നെ ഇരുന്നു... കാറ്റടിച്ചു അവളുടെ മുടികളുടെ മുഖത്തേക്ക് വീണു കിടപ്പുണ്ടായിരുന്നു ഞാൻ അത് അവളുടെ ചെവിയുടെ പുറകിൽ ആക്കി വെച്ചു... എന്നിട്ട് ഞാൻ അവളുടെ മുഖത്തേക്ക് തന്നെ നോക്കി ഇരുന്നു...

“ അതെ മതി നോക്കിയത് ” ഡോറിന്റെ അവിടെ നിന്ന് ആഫി വിളിച്ചുപറഞ്ഞു...

“താഴെ ഉമ്മി വിളിക്കുന്നു രണ്ടിനെയും.. വേഗം അതിനെ വിളിചുണർത്തി താഴേക്ക് വാ രണ്ട് ആളും...” എന്ന് പറഞ്ഞ് അവൾ താഴേക്ക് ഇറങ്ങി പോയി

അങ്ങനെ ഞാൻ അവളെ വിളിച്ചുണർത്തി ഞങ്ങൾ രണ്ടും താഴേക്ക് പോയി...

താഴെ ഉമ്മി ചായയും കഴിക്കാനും ഉണ്ടാക്കി വെച്ചിരുന്നു... അത് കഴിച്ചു കഴിഞ്ഞു അവൾ പോകാൻ ആയി എഴുനേറ്റു...

“ അയ്യോ എന്റെ ബാഗുകൾ ഇരിക്കുവാ ”എന്ന് പറഞ്ഞു അവൾ മുകളിലേക്ക് പോയി... അത് എന്നോട് അങ്ങോട്ട് ചെല്ലാൻ ഉള്ള സിഗ്നൽ ആയിരുന്നു...

അവൾ പോയതിനു പുറകേ ഞാനും മുകളിൽ കയറി പോയി... ഞാൻ റൂമിലേക്ക് കേറി അവളെ നോക്കി... അവളെ അവിടെ എങ്ങും കാണില്ലായിരുന്നു...

അകത്തേക്ക് കയറി ഞാൻ ബെഡിലേക്ക് ഇരുന്നപ്പോൾ ഡോർ അടഞ്ഞു...അവൾ വന്ന് എന്റെ അടുത്ത് ഇരുന്നു... എന്റെ മുഖം അവൾ രണ്ട് കൊണ്ടും എന്റെ മുഖം അവളിലേക്ക് തിരിച്ചു എന്നിട്ട് എന്റെ ചുണ്ടുകളിൽ അവളുടെ ചുണ്ടുകൾ ചേർത്തു... എന്നിട്ട് ബാഗ് എടുത്ത് പുറത്തേക്ക് ഇറങ്ങി...

“ബൈ... നാളെ വരാമേ " എന്നുപറഞ്ഞ് ഒരു കൂസലുമില്ലാതെ ഇറങ്ങിപ്പോയി... ഞാനും അവളുടെ പുറകെ ഇറങ്ങി... അവളെ കയറ്റി വിട്ടിട്ട് ഞാൻ വീട്ടിൽ തിരിച്ചു വന്നു...

ഞാൻ വീട്ടിൽ വരുമ്പോൾ അവർ രണ്ടുപേരും ടിവി കാണുകയായിരുന്നു അവരെ കൂടെ എന്ന ടിവി കണ്ടു...ഞാനും അവരുടെ കൂടെ ഇരുന്നു tv കണ്ടു...

“നാളെ പോയി ആ ഇടത്തെ കയ്യുടെ പ്ലാസ്റ്റർ എടുക്കണം..” ഉമ്മി tv നോക്കിക്കൊണ്ട് പറഞ്ഞു...

“ അല്ല.. ഉമ്മി പറഞ്ഞത് 2 മാസം എടുക്കും എന്ന് അല്ലെ..” ഞാൻ ചോദിച്ചു...

“അത് ഞാൻ മനപ്പൂർവം നിന്നോട് പറയാതെ ഇരുന്നതാ.. ഇടത്തെ കൈക്ക് അതികം കുഴപ്പം ഒന്നുമില്ല... അത് കൊണ്ട് നാളെ പോയി... അതങ്ങ് എടുക്കാം

" അങ്ങനെ ഞങ്ങൾ ഓരോന്ന് പറഞ്ഞിരുന്നു... അപ്പൊ ആഫിക്ക് പഠിക്കാൻ ഉണ്ടെന്ന് പറഞ്ഞു അവൾ പഠിക്കാൻ ആയി പോയി...

“ടാ... ഐഷ ഇല്ലേ.. അവൾക്ക് നല്ല കൈപ്പുണ്യം ഉണ്ട്.. അവളാണ് ഇന്ന് ഫുള്ളും ചെയ്തത്... ചായ ഇട്ടതും വാക്കി എല്ലാം ഉണ്ടാക്കിയതും... എന്നെ കൊണ്ട് ഒന്നും ചെയ്യിപ്പിച്ചില്ല.. "ഉമ്മി എന്റെ അടുത്ത് ചേർന്ന് ഇരുന്നു പതിയെ പറഞ്ഞു...

“അത് പിന്നെ എന്റെ സെലെക്ഷൻ അല്ലെ.. അങ്ങനെയേ വരു”ഞാൻ ചിരിച്ചുകൊണ്ട് പറഞ്ഞു...

“ആഹ് മതി ചിരിച്ചത്... ഇവിടെ കിടന്ന് കന്നന്തിരിവ് വല്ലതും കാണിച്ചാൽ ഉണ്ടല്ലോ.. ചട്ടുകം പഴിപ്പിച്ചു ഞാൻ ചന്തിക്ക് വെക്കും കേട്ടല്ലോ " ഉമ്മി താക്കിത് നൽകി...

ഞാൻ അത് കേട്ട് ഒന്ന് ഇളിച്ചു കാണിച്ചു...

അപ്പോഴേക്കും ആഫി പഠിത്തം ഒക്കെ കഴിഞ്ഞു ഇറങ്ങി വന്നു... ഞങ്ങൾ ഫുഡ് ഒക്കെ കഴിച്ചു.. എല്ലാരും ഉറങ്ങാൻ പോയി... ഞാൻ ഐഷയെ വിളിച്ചു സംസാരിച്ചിരുന്നു...

**__**

അടുത്ത ദിവസം രാവിലെ ഞാൻ എഴുനേറ്റു...10 മണി ആയിരുന്നു... ഞാൻ ഫ്രഷ് ആയി താഴെ ചെല്ലുമ്പോൾ ഉമ്മി ഡെയിനിങ് ടേബിളിൽ ഫുഡ് എല്ലാം എടുത്ത് വെക്കുകയായിരുന്നു... ഞാൻ അവിടെ ചെന്ന് ഇരുന്നു... ഉമ്മി എനിക്ക് വരി തന്നു.. ഞാൻ അത് കഴിച്ചു കഴിഞ്ഞു അവിടെ ഇരുന്നു tv കണ്ടുകൊണ്ട് ഇരിക്കുമ്പോൾ...

“ടാ വാ ഹോസ്പിറ്റലിൽ പോകാം ” ഉമ്മി പറഞ്ഞു എന്നിട്ട് ഉമ്മി റൂമിലേക്ക് പൊയി... ഞാനും റൂമിലേക്ക് പോയി... ഡ്രസ്സ് ഒക്കെ ചെയ്തു ഇറങ്ങി വന്നു.... അപ്പോഴേക്കും ഉമ്മി പർദ്ദയിട്ട ഹാളിൽ ഇരിക്കുകയായിരുന്നു... ഞാൻ ഇറങ്ങി വന്ന ഉടനെ ഉമ്മി ആർക്കോ ഫോൺ ചെയ്തു... കുറച്ചു കഴിഞ്ഞപ്പോൾ ഒരു ഓട്ടോ വീടിന്റെ ഫ്രണ്ട് ലേക്ക് വന്നു... ഉമ്മി എന്നെയും പിടിച്ചുകൊണ്ട് ഓട്ടോയിൽ കയറി.. ഓട്ടോ നേരെ ഹോസ്പിറ്റലിലേക്ക് പോയി... ഹോസ്പിറ്റലിൽ കയറി ഇടത്തെ കൈയുടെ പ്ലാസ്റ്റർ അടിച്ചു ഞങ്ങൾ ഡോക്ടറെ കയറി കണ്ടു...

“വലത്തേ കയ്യിൽ ഒരു 3 ആഴ്ച കൂടെ കിടക്കട്ടെ അത് കഴിഞ്ഞു എടുക്കാം ”

ഡോക്ടർ എക്സ്-റേ യിലേക്ക് നോക്കി പറഞ്ഞു..ഡോക്ടർ പറഞ്ഞത് ഞങ്ങൾ കേട്ടിട്ട് ഞങ്ങൾ ഹോസ്പിറ്റലിൽ നിന്ന് തിരിച്ചു വീട്ടിലേക്ക് വന്നു...

പുറത്ത് നല്ല വെയിൽ ആയിരുന്നു അതുകൊണ്ട് നല്ല ക്ഷീണം ഉണ്ടായിരുന്നു... അതുകൊണ്ട് ഞാൻ റൂമിൽ കയറി അവിടെ കിടന്നുറങ്ങി... ഉച്ചയ്ക്ക് ഉമ്മി ഫുഡ് കഴിക്കാൻ വിളിച്ചപ്പോഴാണ് ഞാൻ ഉണർന്നത്... ഞാൻ ചെന്ന് താഴെ ഇരുന്നു ഉമ്മി എനിക്ക് ഫുഡ് ഒക്കെ വാരി തന്നു... രാവിലെ ഉറങ്ങിയത് കൊണ്ട് ഉച്ചയ്ക്ക് വാങ്ങാൻ എനിക്ക് പറ്റിയില്ല.... ഞാൻ ഫോൺ എടുത്തു വാട്സ്ആപ്പിലും ഇൻസ്റ്റാഗ്രാമിൽ ഉം ഒക്കെ കേറിയിരുന്നു സമയം കളഞ്ഞു... സമയം നാലു മണിയായി ആഫി സ്കൂളിൽ നിന്ന് വന്നു... ഞാനും ആഫിയും കുറച്ച് ഏറെ സംസാരിച്ചിരുന്നു അപ്പോഴേക്കും ഐഷ വന്നിരുന്നു.. ബാഗ് അവിടെ വെച്ചു... ഐഷ വന്നപ്പോൾ ആഫി എഴുന്നേറ്റു എന്നിട്ട് 'നടക്കട്ടെ നടക്കട്ടെ' എന്ന രീതിയിൽ തലയാട്ടിക്കൊണ്ട് അവൾ റൂമിന് പുറത്തേക്ക് പോയി...

“ ആ കയ്യിലെ പ്ലാസ്റ്റർ ഒക്കെ അഴിച്ചല്ലോ എന്നോട് ഒന്നും പറഞ്ഞില്ലല്ലോ ” അവൾ ചിണുങ്ങി കൊണ്ട് ചോദിച്ചു...

“ ഒരു സർപ്രൈസ് ആയിക്കോട്ടെ എന്ന് വെച്ചു ”ഞാൻ ചിരിച്ചുകൊണ്ട് പറഞ്ഞു..

അപ്പോൾ ഉമ്മി ഞങ്ങളോട് താഴേക്കിറങ്ങി ചെല്ലാൻ പറഞ്ഞു... ഞാനും അവളും താഴേക്കിറങ്ങി ചെന്നു, ഉമ്മി ഉണ്ടാക്കിയ ചായയും കഴിച്ചു ഞങ്ങൾ അവിടെ സംസാരിച്ചിരുന്നു.... സമയമായപ്പോൾ അവൾ പോകാനായി എഴുന്നേറ്റു....

“ ഞാൻ നിന്റെ ബാഗ് മുകളിൽ എന്ന് ഞാൻ പോയി എടുത്തോണ്ട് വരാം ” എന്ന് പറഞ്ഞ് ഞാൻ ബാഗ് എടുക്കാൻ ആയി മുകളിലേക്ക് കയറി പോയി...

“ഞാനും വരാം” എന്നും പറഞ്ഞു ഐഷയും എന്റെ പിറകെ വന്നു... റൂമിൽ കേറിയ ഉടനെ അവളെ തിരിച്ചു നിർത്തി ഞാൻ അവളുടെ ചുണ്ടുകളിൽ എന്റെ ചുണ്ടുകൾ കൊണ്ട് വാരി പുണർന്നു... ഞാൻ അത് നിർത്തി മാറിയപ്പോൾ അവൾ എന്നെ ചേർത്ത പിടിച്ചു എന്റെ ചുണ്ടുകളിൽ ചുണ്ടുകൾ ചേർത്തു... അത് ഒരു ദീർഘ ചുംബനം ആയിരുന്നു...ശ്വാസം കിട്ടാതെ ആയപ്പോൾ ആണ് ഞാൻ അവളെ മാറ്റിയത്...

“എന്തുവാണടെ ഇത് ” ഞാൻ ചിരിച്ചുകൊണ്ട് ചോദിച്ചു...

“എന്നെ പേടിപ്പിച്ചില്ലേ അതുപോലെ ഞാനും പേടിപ്പിക്കാൻ നോക്കിയതാ ” അവൾ പറഞ്ഞു...

“പേടിച്ചതൊന്നും ഇല്ല... ഇപ്പൊ ശ്വാസം കിട്ടാതെ ചത്തേനെ ”ഞാൻ പറഞ്ഞു...

“ചുമ്മാ ” എന്ന് പറഞ്ഞു അവൾ ബാഗ് എടുത്ത് താഴേക്ക് പോയി... ഞങ്ങൾ രണ്ട് പേരും ചേർന്ന് പുറത്തേക്ക് പോയി ഞാൻ അവളെ വണ്ടി കയറ്റി വിട്ടിട്ട് തിരിച്ചുവന്നു...

**_**

പിന്നിടുള്ള 3 ആഴ്ചകളും ഇത് പോലെ ആയിരുന്നു...ഒരു മാറ്റം എന്തെന്നാൽ... Copa American സ്റ്റാർട്ട് ചെയ്തത് കൊണ്ട് രാത്രി ഉള്ള ഉറക്കങ്ങൾ മാറ്റി വെച്ച് ഞാൻ കളികൾ കാണാൻ തുടങ്ങി... അതിനിടയാൽ വിവേക് വിളിച്ചു അവന്റെ പ്ലാസ്റ്റർ ഒക്കെ എടുത്ത് അടുത്ത ആഴ്ച അവൻ ഇങ് തിരിച്ചു വരും എന്നാണ് അറിഞ്ഞത്...

**__**

അങ്ങനെ നീണ്ട കുറച്ച് ആഴ്ചകൾക്കു ശേഷം ഇന്ന് ഞാൻ എന്റെ കയ്യിൽ ക്ലാസ്സ് എടുക്കാൻ പോവുകയാണ്... അങ്ങനെ പ്ലാസ്റ്റർ എടുത്തു...ഡോക്ടറെ കണ്ടപ്പോൾ ഡോക്ടർ പറഞ്ഞു മൂന്നാല് ദിവസം കൂടെ റസ്റ്റ് എടുത്തിട്ട് കോളേജിൽ പോയാൽ മതിയെന്ന്... അങ്ങനെ ഞങ്ങൾ വീട്ടിൽ വന്നു... കുറെ നാളായി വീട്ടിൽതന്നെ ആയതുകൊണ്ട് ഒന്ന് പുറത്തേക്ക് പോയി കുറച്ചു ഷോപ്പിംഗിന് പോയി വരാം എന്ന് വിചാരിച്ചു...

“ഉമ്മി ഞാൻ ഒന്ന് പുറത്ത് പോയിട്ട് വരാം... ഇങ്ങടെ atm കാർഡ് ഞാൻ എടുക്കുവാ കുറച്ചു ഷോപ്പിംഗ് ഒക്കെ ഉണ്ട് ” എന്ന് പറഞ്ഞു ഞാൻ ഉമ്മിടെ ATM കാർഡുമെടുത്ത ഞാൻ എന്റെ rc390 എടുത്ത് ടൗണിലേക്ക് പോയി.. നേരെ മാളിൽ പോയി ഡ്രസ്സ് എടുക്കാൻ തീരുമാനിച്ചു... 2 ജോഡി ഷർട്ടും പാന്റും എടുത്ത്... ഒരു ഷൂവും എടുത്ത് ഞാൻ ഇറങ്ങുമ്പോൾ ആണ് അവിടെ ലേഡീസിന്റെ ഡ്രസ്സ് കണ്ടത്... ഐഷക്ക് ഒരണ്ണം വാങ്ങണം എന്ന് മനസ്സിൽ കരുതി ഞാൻ അവിടെ കയറി.. അവിടെ നിന്ന് പെൺകുട്ടിയോട് ഞാൻ ഒരു ചുവന്ന

പട്ടിന്റെ ഫുൾസ്ലീവ് ബ്ലൗസ്സിൽ മുത്തുകൾ പിടിപ്പിച്ചതും... ഒരു ക്രീം കളർ പാവാടയും.. അവൾക്കായി വാങ്ങി... തിരിയുമ്പോഴാണ് ആഫിക്ക് കൂടെ ഒരണ്ണം വാങ്ങാം എന്ന് വിചാരിച്ചത്... ഐഷക്ക് വാങ്ങിയ അതെ മോഡൽ പച്ച കളർ ബ്ലൗസും പാവാടയും വാങ്ങി.. അപ്പൊ ഉമ്മിക്ക് വാങ്ങാതെ ഇറങ്ങുന്നത് ശെരിയല്ലല്ലോ... അങ്ങനെ ഉമ്മിക്ക് നല്ല താത്ത പച്ച കളർ സാരി അങ്ങ് വാങ്ങി. എന്നിട്ട് പേ ചെയ്ത ഇറങ്ങി... അവിടുന്ന് ഇറങ്ങി ഞാൻ നേരെ വീട്ടിലേക്ക് വന്നു...കുറേ നാളുകൾക്ക് ശേഷം ഞാൻ തന്നെ എന്റെ കൈകൊണ്ട് ഫുഡ് കഴിച്ചു... അത് കഴിഞ്ഞ് പൈസ വരാൻ വേണ്ടി ഞാൻ കുറേനേരം കാത്തിരുന്നു... ഇരുന്നിരുന്ന ഞാൻ എപ്പോഴോ മയങ്ങി പോയി... ആരോ വന്ന് എന്റെ അടുത്ത് ഇരുന്നപ്പോഴാണ് ഞാൻ ഉറക്കമുണർന്നത്... ഞാൻ പതിയെ കണ്ണുകൾ തുറന്നപ്പോൾ എന്റെ കണ്ണിൽ നിൽക്കുന്ന ആളെ ഞാൻ കണ്ടു... ആളുടെ കണ്ണുകൾ എന്നിൽ തന്നെയായിരുന്നു... ഞാൻ അയാളെ അപ്പോൾതന്നെ കെട്ടിപ്പിടിച്ച് എന്റെ അടുത്തേക്ക് കിടത്തി....

“ എന്തോന്നാ ഇത്... വിട് എന്നെ ” അവൾ പറഞ്ഞു

“ എന്താ ഇന്ന് ചെറി ദേഷ്യത്തിലാണ് തോന്നുന്നല്ലോ ”ഞാൻ പറഞ്ഞു

” ആ.. അത് നിങ്ങടെ കൂട്ടുകാരൻ...ഉണ്ടല്ലോ അത് എന്റെ പുറകേയാണ്” അവൾ പറഞ്ഞു...

“ആരാ...” ഞാൻ ചോദിച്ചു...

“ആ അന്ന് ഇക്കാനെ ഇടിച്ചില്ലേ... അയാൾ ”

അവൾ പറഞ്ഞു...

“ആര് ആദിലോ ” ഞാൻ ചോദിച്ചു...

“ആ പേരൊന്നും എനിക്ക് അറിയില്ല ” അവൾ പറഞ്ഞു...

“ അതൊന്നും നീ നോക്കണ്ട അത് ഞാൻ കൊടുത്തോളാം... നീ ഇപ്പൊ അടുത്ത് വന്നെ ഞാൻ നിനക്ക് ഒരു സാധനം വാങ്ങിയിട്ടുണ്ട് ”ഞാൻ പറഞ്ഞു...

“എന്ത് സാധനം ” അവൾ ആകാംഷയോടെ ചോദിച്ചു...

ഞാൻ അപ്പോൾ തന്നെ അവൾക്ക് വാങ്ങിയ ആ ഡ്രസ്സ് അവൾക്ക് നേരെ നീട്ടി...

അവൾ അത് വാങ്ങി എന്നിട്ട് അതെടുത്തു നോക്കി... ആ ഡ്രസ്സ് കണ്ടപ്പോൾ അവളുടെ കണ്ണിലെ തിളക്കം ഞാൻ ശ്രദ്ധിച്ചു... അവൾ വേഗം എന്നെ കെട്ടി മുറുക്കി എന്റെ മുഖത്തെല്ലാം ഉമ്മ വെച്ചു...ഉമ്മ over ആയി തോന്നിയപ്പോൾ ഞാനവളെ എന്റെ രണ്ടു കൈ കൊണ്ടും പിടിച്ചു മാറ്റി നിർത്തി... ഞാൻ അവളുടെ കണ്ണുകളിലേക്ക് നോക്കുമ്പോൾ അവളുടെ കണ്ണുകൾ നിറഞ്ഞിരുന്നു...

“എന്തിനാ പെണ്ണെ നീ ഇപ്പൊ കരയുന്നെ ” ഞാൻ അവളുടെ കണ്ണുകൾ തുടച്ചു കൊണ്ട് ചോദിച്ചു...

“ ഞാനെത്ര ആഗ്രഹിച്ചു എന്നറിയാമോ ഇതുപോലെ ഒരെണ്ണം വാങ്ങിക്കാൻ.... പക്ഷേ വീട്ടിൽ ഉള്ളവർ ആരും ഇതുപോലെയുള്ള വേടിച്ചു തരിക ഇല്ലായിരുന്നു...thank you... ഉമ്മ്ഹ ” എന്ന് പറഞ്ഞവൾ എന്റെ കവിളിൽ ചുംബിച്ചു...എന്നിട്ടവൾ മാറി... അങ്ങനെ ഞങ്ങൾ കുറച്ചു നേരം സംസാരിച്ചിരുന്നു... പതിവുപോലെ സമയമായപ്പോൾ ...അവളെ ഞാൻ വണ്ടി

കയറ്റിവിട്ടു തിരികെ വീട്ടിലേക്ക് വന്നോ... ഞാൻ തിരികെ വരുമ്പോൾ റാഫിയുടെ മുഖം കടന്നൽ കുത്തിയ പോലെ

വീർത്ത് ഇരിക്കുന്നത് ഞാൻ കണ്ടു... ഞാൻ അവളുടെ അടുത്ത് പോയിരുന്നു.... അപ്പോൾ അവിടെ നിന്ന് എഴുന്നേറ്റ് റൂമിലേക്ക് പോയി... ഞാൻ എന്താണ് കാര്യം എന്ന് അറിയാൻ വേണ്ടി ഉമ്മിയുടെ മുഖത്തേക്ക് നോക്കി.... ഉമ്മി അറിയത്തില്ല എന്ന രീതിയിൽ തോള് അനക്കി.... ഞാൻ അവിടെ നിന്ന് എഴുന്നേറ്റ് അവളുടെ റൂമിലേക്ക് പോയി... അവൾ അവിടെ കട്ടിലിൽ കമഴ്ന്നു കിടക്കുകയായിരുന്നു... ഞാൻ അവളുടെ അടുത്തു പോയിരുന്നു...

"ആഫി " ഞാൻ അവളുടെ തോളിൽ തട്ടി... അവൾ എന്റെ കൈ തട്ടി മാറ്റി...

"ആഫി ഇങ്ങോട്ട് നോക്കിയേ " എവിടെ ഒരു അനക്കവും ഇല്ല...

"അപ്പൊ അങ്ങനെ ആണ് അല്ലെ... ശെരി ഇനി ഇക്കു കുക്കു എന്നൊന്നും വിളിച്ചു വരരുത് " എന്ന് പറഞ്ഞു ഞാൻ എഴുന്നേറ്റപ്പോൾ എഴുന്നേക്കുമ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞിരുന്നു... അപ്പോൾ തന്നെ അവൾ എന്റെ കയ്യിൽ കയറി പിടിച്ചു...

"ഇക്കു എന്തിനാ കരയുന്നെ " അവൾ എന്റെ കണ്ണുകൾ തുടച്ചുകൊണ്ട് പറഞ്ഞു...ഞാൻ ഒന്നും മിണ്ടിയില്ല...

"ചോദിച്ചത് കേട്ടില്ലേ... എന്തിനാ കരയുന്നതെന്ന് " ഈ പ്രാവശ്യം അവൾ കുറച്ചു കടുപ്പിച്ചാണ് ചോദിച്ചത്...

“അത് നീ എന്നോട് മിണ്ടാതെ ഇരുന്നപ്പോൾ പെട്ടന്ന് എ..ന്തോ വിഷ..മം ആയി ” അത് പറയുമ്പോൾ എന്റെ വാക്കുകൾ മുറിയുന്നുണ്ടായയിരുന്നു...

“ ഇത്ര സ്നേഹമുള്ള ആളാണോ ഇത്തിക് ഡ്രസ്സ് വാങ്ങി കൊടുത്തപ്പോൾ...എനിക്ക് വാങ്ങി തരാതിരുന്നത് ” അവൾ വിഷമം മറച്ചുവെച്ചുകൊണ്ട് ചോദിച്ചു...

“ ആരു പറഞ്ഞു വാങ്ങിയില്ല എന്ന്... അവൾക്ക് വാങ്ങിയപ്പോൾ തന്നെ നിനക്ക് ഞാൻ വാങ്ങി.. നീ എന്റെ കുഞ്ഞനിയത്തി അല്ലേ...” ഞാൻ അവളോട് പറഞ്ഞു...

എന്നിട്ട് ഞാൻ ഓടി മുകളിൽ കയറി പോയി അവൾക്കുള്ള ഡ്രെസ്സുമായി ആയി താഴേക്കു വന്നു... എന്നിട്ട് അത് എടുത്തു അവൾക്കു കൊടുത്തു... അപ്പോൾ അവളുടെ ചുണ്ടിൽ വന്ന ചിരി അത് എന്നെ വിഷമങ്ങളിൽ നിന്ന് സന്തോഷത്തിലേക്ക് കൊണ്ടുപോയി....അവൾ എന്നെ കെട്ടി പിടിച്ചു....

“ഞാൻ കരുതി ഐഷ ഇത്തി വന്നപ്പോൾ എന്നെ മറന്നെന്നു ” അവൾ എന്നെ വിട്ട് മാറിയിട്ട് പറഞ്ഞു...

“ മറക്കാനോ നിന്നയോ.. നീ ഇപ്പൊ അവളെ മറക്കാൻ പറഞ്ഞാൽ അവളെ ഞാൻ മറക്കും ” ഞാൻ പറഞ്ഞു...

“എങ്കിൽ മറക്ക് ” അവൾ ചിരിച്ചുകൊണ്ട് പറഞ്ഞു...

“അയ്യടാ.. അത് മോൾ അങ്ങ് മനസ്സിൽ വെച്ചാൽ മതി...” എന്ന് പറഞ്ഞു ഞാൻ അവളെ പൊക്കി എടുത്ത് അവളെ ഇക്കിളി ആക്കി...

“ഇക്കു വിട്... വിട് എന്നെ എനിക്ക് വയ്യ... അയ്യോ. ഇഹ്. ഇഹ് ” അവൾ ചിരിച്ചുകൊണ്ട് പറഞ്ഞു... ഞാൻ അവളെ താഴെ നിർത്തി...അവളെന്നെ തള്ളി മാറ്റിക്കൊണ്ട് ഉമ്മിടടുത്തേക്ക് ഓടി... ഞാനും പുറകെ പോയി... അവൾ ഉമ്മിയെ ഞാൻ വാങ്ങി കൊടുത്ത ഡ്രസ്സ് ഒക്കെ കാണിക്കുകയാണ്... ഞാൻ നേരെ റൂമിലേക്ക് പോയി ഉമ്മിക്കുള്ള സാരിയുമായി താഴേക്ക് വന്നു.. ഉമ്മിയുടെ പുറകെ പോയി ആ സാരി എടുത്ത് കാണിച്ചു... ഉമ്മി ആ സാരിയിൽ നോക്കിയിട്ട് എന്നെ ഒന്ന് നോക്കി... ആ നോട്ടത്തിൽ ഉണ്ടായിരുന്നു എന്നോടുള്ള സ്നേഹം... ഞാൻ ഉമ്മിയുടെ അടുത്ത് ഇരുന്നു... ഉമ്മി എന്നെ കവിളിൽ ഒരു ഉമ്മ തന്നു....ഞങ്ങൾ അങ്ങനെ ഓരോന്ന് സംസാരിച്ചിരുന്നു...

അങ്ങനെ ദിവസങ്ങൾ കടന്ന് പോയി.

ഇന്നാണ് ഞാൻ കുറെ നാളുകൾക്കു ശേഷം കോളേജിലേക്ക് പോകാൻ പോകുന്ന ദിവസം.. നാട്ടിൽ നിന്ന് വിവേകും തിരിച്ചു വന്നിരുന്നു... അവൻ വീട്ടിൽ ഇരുന്നു വെറുതെ കഴിച്ചു കവിൾ ഒക്കെ ചാടിയിട്ടുണ്ട്.. ഞാനും അവനും കൂടെ കോളജിൽ പോയി... കോളേജിൽ ഞാൻ ബൈക്ക് നിർത്തുമ്പോൾ... അന്ന് നിന്നത് പോലെ തന്നെ ആദിൽ ആ പിള്ളേരെയും കൊണ്ട് അവിടെ നിൽപ്പുണ്ടായിരുന്നു... ഞാനും വിവേകും അങ്ങോട്ട് പോകാൻ നിന്നില്ല... ഞങ്ങളെ കണ്ട ഉടനെ.. കുറെ പേർ ഞങ്ങളെ വളഞ്ഞു... ഞങ്ങളുടെ സുഖവിശേഷം ഒക്കെ അറിയാൻ ആണ് അവർ വന്നത്... അവർ ചോദിച്ചതിനൊക്കെ വെറുതെ മൂളുക മാത്രം ചെയ്തു ഞാൻ... എന്റെ നോട്ടം ആദിലിൽ ആയിരുന്നു... അത് കണ്ട ഞങ്ങളെ ചുറ്റി നിന്ന ഒരുത്തൻ പറഞ്ഞു...‘ഇക്ക ആദിൽ ഇക്ക ഇപ്പൊ പഴയത് പോലെ അല്ല അവന്മാരുമായി കൂടി 2 ദിവസം മുന്നേ.. ജാക്കോടെ ടീമുമായി മുട്ടി... അവന്മാരെ നല്ല ഇടി ഇടിച്ചു.. ഏതോ കൊച്ചിനെ ജാക്കോ നോക്കുന്നെന്ന് പറഞ്ഞായിരുന്നു പ്രശനം തുടങ്ങിയത് ’ അവൻ പറഞ്ഞു നിർത്തിയതും അതൊന്നും കേക്കണ്ട എന്ന് രീതിയിൽ അവന്മാരെ തള്ളി മാറ്റിയിട്ടു ഞങ്ങൾ രണ്ടും ക്ലാസ്സിലേക്ക് പോയി... പോകുന്ന വഴിയിൽ കാണുന്നവർ എല്ലാം കളിയാക്കുകയും ഓരോന്ന് ചോദിച്ചു വരുകയും ചെയ്യുകയായിരുന്നു... എനിക്ക് എങ്ങനെയെങ്കിലും ഇതിൽ നിന്ന് രക്ഷപ്പെടണം എന്ന് ഉണ്ടായിരുന്നു... വിവേകിന്റെ അവസ്ഥയും ഇത് തന്നെ ആയിരുന്നു... ക്ലാസ്സിൽ ചെന്ന് കയറിയത് കുറേപേർ പിന്നെയും വന്ന് കൂടി പക്ഷെ ഞങ്ങളുടെ രക്ഷക്കായി അവിടെ രണ്ട് മാലാഖമാരെ

പോലെ അഞ്ജനയും കൃഷ്ണപ്രിയയും എത്തി... അവിടെ നിന്നവരെ എല്ലാം പറഞ്ഞയിച്ചു...{ ഫസ്റ്റ് ഇയർ വന്നപ്പോൾ ആദ്യം പരിചയപ്പെട്ടത് ഇവരെ ആണെങ്കിലും പിന്നീട് ഇവരുമായി വല്യ ബന്ധം ഒന്നും ഇല്ലായിരുന്നു}

" നിങ്ങൾക്ക് ആരോടും അതിനെപ്പറ്റി സംസാരിക്കാൻ താല്പര്യം ഇല്ല എന്നറിയാം.. അതുകൊണ്ടാ ഞങ്ങളെ അവരെ പറഞ്ഞു വിട്ടത് " അഞ്ജന പറഞ്ഞു...

" ആ... രാവിലെ വന്നപ്പോൾ തൊട്ടു തുടങ്ങിയതാ.. എല്ലാരും ഞങ്ങളെ ഇങ്ങനെ ഒരു കോമാളിയെ പോലെ ആക്കി.."

" അത് നിങ്ങടെ കൂടെ നടന്നവൻ നിങ്ങൾക്ക് പണി വന്നപ്പോൾ എല്ലാവരും... ആ അത് കള അത് കഴിഞ്ഞ കാര്യം നമ്മൾ അതിനെ പറ്റി ചിന്തിക്കുന്നില്ല ഇനി നമുക്ക് അടുത്ത കാര്യങ്ങളിലേക്ക് ശ്രദ്ധ കൊടുക്കാം... ഞങ്ങൾക്ക് ഒരു ആഗ്രഹം ഉണ്ട്... നിങ്ങളുടെ കൂടെ കൂടിയാൽ കൊള്ളാമെന്നു " കൃഷ്ണപ്രിയ പറഞ്ഞു...ഞാൻ വിവേകിനെ നോക്കി... വിവേക് അഞ്ജനയെ തന്നെ ആയിരുന്നു നോട്ടം... ഞാൻ അവന്റെ കാലിൽ ഒന്ന് ചവിട്ടി...'ആഹു 'ചവിട്ടിന്റെ വേദനയിൽ അവൻ കാൽ പൊക്കിയപ്പോൾ കാൽ ഡെസ്കിൽ വന്ന് ഇടിച്ചു...

"എന്താടാ " അവൻ എന്റെ ചെവിയിൽ ചോദിച്ചു...

"ടാ നീ ഇവിടെ എങ്ങും അല്ലെ.. കൃഷ്ണപ്രിയ ചോദിച്ചത് വല്ലതും കേട്ടോ... അതെങ്ങനെയാ ആ അഞ്ജനയെ അല്ലായിരുന്നോ നോട്ടം" ഞാൻ അവന്റെ ചെവിയിൽ പറഞ്ഞു...

“എടാ അവൾ പറയുന്നത് ഞാൻ കേട്ടു പക്ഷെ... അവർ ഇങ്ങോട്ട് വന്ന് പറഞ്ഞ സ്ഥിതിക്ക് വിശ്വസിക്കാമോ... കാരണം ഇനി ഒരു പണി കൂടെ താങ്ങാൻ ഉള്ള ശക്തി ഇല്ലാത്തോണ്ടാ ” അവൻ എന്റെ ചെവിയിൽ പറഞ്ഞു...

“ എന്താ അവിടെ രണ്ടുപേരും കൂടെ ഒരു രഹസ്യം... ഞങ്ങളെ കൂടെ കൂട്ടാൻ പറ്റില്ലെങ്കിൽ അത് പറഞ്ഞാൽ മതി ” അഞ്ജന പറഞ്ഞു...

“ അതല്ല... നിങ്ങളെ വിശ്വസിക്കാൻ പറ്റുമോ എന്ന് ഇവൻ എന്നോട് ചോദിക്കുമായിരുന്നു ” വിവേക് എന്റെ തലയിൽ കെട്ടി വെച്ചു...

ഞാൻ അവനെ ഒന്ന് രൂക്ഷമായി നോക്കി.. അവൻ പെട്ടെന്ന് തലതിരിച്ചു...

“ എടോ എനിക്ക് മനസ്സിലാകും നിങ്ങടെ അവസ്ഥ...അവൻ നിങ്ങളെ ചതിച്ചു എനിക്ക് മനസ്സിലാകും... ഞങ്ങൾ അങ്ങനെ ചെയ്യില്ല അത് ഉറപ്പാണ് ”കൃഷ്ണപ്രിയ പറഞ്ഞു... അപ്പോൾ വിവേക് എന്റെ അടുത്തേക്ക് ഇരുന്നിട്ട് പറഞ്ഞു..

.“ എടാ നമ്മക്ക് കുറച്ചുനാളത്തേക്ക് നോക്കാം...എന്തെങ്കിലും കള്ളത്തരം കാണിച്ചാൽ നമുക്കവരെ ഒഴിവാക്കാം ”... അവൻ അങ്ങനെ പറഞ്ഞപ്പോൾ ഞാനും അതിനു ശെരി വെച്ചു...

“ അപ്പോ ശരി നിന്റെ നമ്മൾ ഫ്രണ്ട്സ്... ഗുഡ് ഫ്രണ്ട്സ് ”ഞാൻ കൃഷ്ണപ്രിയക്ക് കൈ കൊടുത്തുകൊണ്ട് പറഞ്ഞു...വിവേക് അഞ്ജനക്കും കൈ കൊടുത്തു.....അവർ അവരുടെ സീറ്റിലേക്ക് പോയി ഇരുന്നു...

“എടാ നീ എന്നാലും എന്നോട് നിന്റെ പ്രണയം മറച്ചുവെച്ചു...”ഞാൻ അവനോട് പറഞ്ഞു...

“എടാ.. അത് എന്താണെന്ന് അറിയുവോ... എനിക്ക് ലക്ഷ്മിയെ ( അതായിരുന്നു വിവേകിന്റെ പ്രണയിനിയുടെ പേര് )എന്ത് ഇഷ്ടമായിരുന്നു എന്ന് അറിയാമോ... അവൾ എന്റെ ജീവൻ ആയിരുന്നു... പക്ഷേ അവൾ എന്നെ ചതിക്കുകയായിരുന്നു എന്നറിയാൻ ഞാൻ കുറച്ചു വൈകിപ്പോയി... അവൾ എന്നെ സ്നേഹിക്കുന്നു എന്ന രീതിയിൽ അഭിനയിക്കുകയായിരുന്നു... അവൾക്ക് മറ്റൊരാളെ ഇഷ്ടമായിരുന്നു പക്ഷെ അവൾ എന്നോട് പറഞ്ഞിരുന്നില്ല... ഞാൻ അവളെ ജീവനുതുല്യം സ്നേഹിച്ചിരുന്നു... ഞങ്ങളുടെ ബന്ധം ഓവർ ആയി തുടങ്ങിയെന്ന് അവൾക്ക് മനസ്സിലായപ്പോൾ അവർ തന്നെ മറ്റേ പയ്യനോട് പറഞ്ഞു വീട്ടിൽ കല്യാണം ആലോചിച്ചു... എന്റെ മുൻപിൽ കരഞ്ഞു കാണിച്ചെങ്കിലും അവളുടെ ഉള്ളിൽ സന്തോഷമായിരുന്നു... അന്ന് അവളുടെ കല്യാണത്തിന് അന്ന് രാത്രി ഞാൻ അവിടുന്ന് നാടു വിട്ടതാണ് ഇങ്ങോട്ട്... തിരിച്ചു പോകുന്നില്ല എന്ന് ഉറപ്പിച്ച് ഞാൻ ഇങ്ങോട്ട് വന്നത് കാരണം വേറൊന്നുമല്ല.. അന്ന് എന്റെ അച്ഛൻ എന്നെ തള്ളി പറഞ്ഞു... അന്ന് അങ്ങ് മരിച്ചാലോ എന്ന് ചിന്തിച്ചതാണ് ഞാൻ.... പക്ഷേ മരിച്ചുകിടക്കുന്ന എന്റെ മുന്നിലിരുന്ന് കരയുന്ന അമ്മയെയും അനിയത്തിയേയും ഓർമ്മ വന്നപ്പോൾ അത് വേണ്ട എന്ന് വെച്ചു... അന്ന് അവിടുന്ന് വണ്ടി കയറി ഇവിടെ വരുമ്പോൾ എനിക്ക് സ്വന്തം എന്ന് പറയാൻ ആരും തന്നെ ഇല്ലായിരുന്നു എന്നാണ് ഞാൻ കരുതിയിരുന്നത്... പക്ഷേ ഇവിടെ വന്നപ്പോൾ നിന്നെയും നിന്റെ ഉമ്മയുടെയും അനിയത്തിയുടെയും എല്ലാവരുടെയും സ്നേഹം എനിക്ക് കിട്ടിയപ്പോൾ ഞാൻ പഴയ ജീവിതത്തിലേക്ക് പോവുകയായിരുന്നു... പക്ഷേ അന്ന് കയ്യും കാലും ഒടിഞ്ഞു കിടന്നപ്പോൾ അമ്മയെ ഞാൻ ഒരുപാട് മിസ്സ് ചെയ്തു... പക്ഷേ അച്ഛന്റെ മുഖം എനിക്ക് ഓർമ്മ വരുമ്പോൾ അമ്മയെ വിളിക്കേണ്ട എന്ന് വരെ ഞാൻ ചിന്തിച്ചു അതാണ് ഞാൻ നിന്നോട് അങ്ങനെ പറഞ്ഞത്... അന്ന് വീട്ടിലേക്ക് വീണ്ടും എന്ന് പറഞ്ഞതിനെ അന്ന് ഞാൻ അമ്മയെ വിളിച്ചു... അന്ന് അമ്മ പറഞ്ഞു അച്ഛൻ ഞാനവിടെ നിന്നു ഇറങ്ങിയതിനു ശേഷം അച്ഛൻ ചിരിച്ചിട്ടില്ല എന്ന്... അങ്ങനെയാണ് അവർ വന്ന് എന്നെ കൊണ്ട് പോയത്... പക്ഷേ എനിക്ക് നാട്ടിലേക്ക് പോകണമെന്ന് ഇല്ലായിരുന്നു.. കാലം എനിക്ക് കരുതി വച്ചിരുന്നത് മറ്റൊന്നായിരുന്നു ഞാൻ അവിടെ ചെന്നിറങ്ങി നാല് ദിവസങ്ങൾക്ക് ശേഷം എന്നെ കാണാൻ അവൾ വന്നു... കല്യാണം കഴിഞ്ഞു 2 മാസം കഴിഞ്ഞപ്പോൾ അവൾ എന്റെ കാര്യം ഹസ്ബൻഡ് നോട് പറഞ്ഞു... അന്ന് തൊട്ട് അയാൾക്ക് ഇവളോട് ദേഷ്യമായിരുന്നു... അയാൾ ഇവളെ ഉപദ്രവിക്കുമായിരുന്നു... അങ്ങനെ സഹിക്കവയ്യാതെ അവൾ അവിടെ നിന്ന് ഇറങ്ങി തിരിച്ച് വീട്ടിലേക്ക് വന്നു നിൽക്കുകയാണ്.. അങ്ങനെ അന്ന് ഞങ്ങൾ കുറെ നേരം

സംസാരിച്ചപ്പോൾ ഞങ്ങൾ നല്ല സുഹൃത്തുക്കൾ ആയി...അവളാണ് എന്നോട് പറഞ്ഞത് അവളെ ചിന്തിക്കാതെ മറ്റൊരാളെ നോക്കാൻ..."അവൻ നോൺസ്റ്റോപ്പ് ആയി പറഞ്ഞു...

"ഓ അതുകൊണ്ട് ആയിരിക്കും അല്ലെ അഞ്ജനെയെ നോക്കുന്നെ "ഞാൻ ചോദിച്ചു...

" അതല്ലടാ അവൾ പോയതിനു ശേഷം ഞാൻ ഇതുവരെ മറ്റൊരു

പെൺകുട്ടിയെയും അങ്ങനെ കണ്ടിട്ടില്ലായിരുന്നു...പക്ഷേ എപ്പോഴോ എനിക്കവളോട് അങ്ങനെയൊക്കെ തോന്നിപ്പോയി... അത് ഇന്ന് തുടങ്ങിയതല്ല തുടങ്ങിയപ്പോൾ മൂന്ന് മാസമായി... അതും ഞാൻ നിന്നോട് മറച്ചുവെച്ചു " അവൻ പറഞ്ഞു...

എനിക്ക് ആദ്യം വിഷമം വന്നെങ്കിലും ഞാൻ അത് പുറത്ത് കാണിക്കാൻ നിന്നില്ല.. ഞാൻ അവിടെ നിന്ന് എഴുനേറ്റു...

"അഞ്ജനെ ഒന്ന് ഇങ്ങോട്ട് വരുമോ " ഞാൻ അവളെ വിളിച്ചു...

"ടാ നി എന്ത് ചെയ്യാൻ പോകുവാ " വിവേക് എന്റെ കയ്യിൽ പിടിച്ചുകൊണ്ടു ചോദിച്ചു...

അപ്പോഴേക്കും അഞ്ജന എന്റെ അടുത്ത് എത്തിയിരുന്നു.. ഞാൻ അഞ്ജനെയും കൂട്ടി മാറി ഇരുന്നു...

"അഞ്ജനെ ഞാൻ പറയുന്നത് കേക്കണം " ഞാൻ പറഞ്ഞു...

“ആ പറഞ്ഞോടാ ”

അവൾ പറഞ്ഞു

“എടി നമ്മുടെ വിവേകിന് നിന്നെ ഇഷ്ടമാണെടി ” ഞാൻ പറഞ്ഞു...

“എടാ അത് ശെരിയാകില്ല... എനിക്ക് സീരിയസ് റിലേഷൻ ആണ് താല്പര്യം... അവൻ ടൈം പാസ്സ് ആയിട്ട് ആയിരിക്കും നോക്കുന്നെ... അത് മാത്രം അല്ല അവൻ ഒരു കോഴി ആണെന്നാണ് എല്ലാരും പറയുന്നത് ” അവൾ പറഞ്ഞു...

“എടി ഞാൻ പറയുന്നത് കേൾക്കണം... എന്നിട്ട് നി ഒരു തീരുമാനം എടുത്താൽ മതി ” എന്ന് പറഞ്ഞു ഞാൻ അവന്റെ കഥകൾ എല്ലാം അവൾക്ക് പറഞ്ഞു കൊടുത്തു...

“എടാ എനിക്ക് ആലോചിക്കാൻ സമയം വേണം.. കാരണം... ഞാൻ ഒരാളെ പ്രേണയിക്കുവാണേൽ അവനെ കെട്ടും... അഥവാ അത് സാധിച്ചില്ല എങ്കിൽ ഞാൻ കല്യാണം കഴിക്കില്ല... അത് അവനോട് പറഞ്ഞേക്ക്.. ഞാൻ ആലോചിച്ചിട്ട് കാര്യം പറയാം ” അവൾ പറഞ്ഞു... എന്നിട്ട് അവൾ എഴുനേറ്റ് വിവേകിന്റെ അടുത്ത് പോയി ഇരുന്നു... വിവേക് അവൾ പറയുന്നതിനെല്ലാം തല ആട്ടുന്നുണ്ട് എന്നല്ലാതെ ഒന്നും പറയുന്നില്ല... അഞ്ജന അവിടുന്ന് മാറിയപ്പോൾ ഞാൻ അവിടെ പൊയി ഇരുന്നു....

“എന്താടാ ” അവന്റെ മുഖം വല്ലാതെ ഇരിക്കുന്നത് കണ്ട് ഞാൻ ചോദിച്ചു....

“എടാ അവൾക്ക് എന്നെ ഇഷ്ടമാണെന്ന് ” അവൻ പറഞ്ഞു...

“അതിനു വല്ലാതെ ഇരിക്കുന്നത് എന്തിനാ... സന്തോഷിക്കണ്ടേ ” ഞാൻ ചോദിച്ചു...

“അതല്ലടാ.. അവൾ പ്രേമിക്കുവാണേൽ അയാളെ തന്നെ കെട്ടും ഇല്ലേൽ അവൾ കെട്ടില്ലെന്ന് ” അവൻ പറഞ്ഞു..

“അതെ അവൾ പറഞ്ഞത് ശെരിയാണ്.. അവൾ ആരെയും ചതിക്കാൻ തയ്യാർ അല്ല..”

“ശെരിയാണെടാ...എനിക്കും അതിൽ കുഴപ്പം ഒന്നും ഇല്ല... പക്ഷെ ഞാൻ അവളെ കെട്ടി എന്റെ വീട്ടിലോട്ട് കൊണ്ട് പോകുമ്പോൾ... അമ്മക്കോ അച്ഛനോ ഇവളെ ഇഷ്ടമായില്ലേൽ... അവളുടെ ജീവിതം കൂടെ നശിക്കത്തില്ലേ ” അവൻ ചോദിച്ചു... ഞാനും അതിനെ പറ്റി ആലോചിച്ചു...

“എടാ നി ഒരു കാര്യം ചെയ്.. ആദ്യം അമ്മയോട് ചോദിക്ക്... അമ്മ അച്ഛനെ പറഞ്ഞു സമ്മതിപ്പിച്ചോളും... അമ്മ സമ്മതിച്ചില്ലേൽ അവളെ വേദനിപ്പിക്കാൻ നിക്കണ്ട ”” ഞാൻ പറഞ്ഞു

“അഹ് ടാ... ഞാൻ അമ്മയോട് ഇന്ന് തന്നെ പറയാം ” അവൻ പറഞ്ഞു.. അപ്പോൾ ക്ലാസ്സ് നിശബ്ദം ആകുന്നത് അറിഞ്ഞു ഞാൻ ഡോറിന്റെ ഭാഗത്തേക്ക് നോക്കി അപ്പോൾ ആദിൽ കയറി വരുന്നത് ഞാൻ കണ്ടു...അപ്പോഴേക്കും സർ ക്ലാസ്സ് എടുക്കാൻ ആയി വന്നു... ക്ലാസ്സ് ഒക്കെ കഴിഞ്ഞു ഉച്ചക്ക് ഞങ്ങൾ പുറത്തോട്ട് ഇറങ്ങി... അപ്പോൾ ഐഷ അതുവഴി നടന്നു പോയി... അവളുടെ

കൂടെ ഉള്ള കുട്ടി എന്നെ കണ്ടു.. അവൾ ഐഷയോട് പറഞ്ഞു... അപ്പോഴാണ് ഐഷ എന്നെ കണ്ടത്...

അവൾ എന്റെ അടുത്തേക്ക് വന്നു...

" ഞാൻ വന്നിട്ട് എന്നെ ഒന്ന് കാണാൻ പോലും വന്നില്ലല്ലോ നി " ഞാൻ അവളോട് പറഞ്ഞു...

"വരണം എന്ന് വിചാരിച്ചയ... പക്ഷെ ഇങ്ങൾ വന്നോ ഇല്ലയോ എന്ന് അറിയത്തെ എങ്ങനെയാ... അത് മാത്രം അല്ല ഇങ്ങളെ കാണാൻ ഞാൻ അവിടെ വന്നാൽ... ആ ആദിൽ എന്നെ നോക്കും... എനിക്ക് ഇഷ്ടല്ല അത് " അവൾ പറഞ്ഞു...

"എങ്കിൽ നി പൊക്കോ.. വൈകിട്ട് കാണാം "

ഞാൻ പറഞ്ഞു

"വൈകിട്ട് നമ്മക്ക് എങ്ങോട്ടേലും പോയാലോ " അവൾ ചോദിച്ചു...

"എങ്ങോട്ട് പോകാൻ " ഞാൻ ചോദിച്ചു

"ബീച്ചിൽ പോകാം " അവൾ പറഞ്ഞു...

“ആഹ് ശെരി ഞാൻ വിവേകിനെ കൊണ്ട് വിട്ടിട്ട് വരാം... നി അപ്പോൾ കൂട്ടുകാരികളുടെ കൂടെ ബസ്സ്റ്റോപ്പിൽ നിക്കണം ” ഞാൻ പറഞ്ഞു..അവൾ ok പറഞ്ഞു നടന്നു പോയി... ഞാൻ തിരിയുമ്പോൾ അവനെ ഞാൻ കണ്ടു... കണ്ണുകൾ ഒക്കെ ചുമപ്പിച്ചു ദേഷ്യത്തോടെ എന്നെ നോക്കുന്ന ആദിൽ... ഞാൻ അവനെ mind ചെയ്യാതെ ക്ലാസിലേക്ക് പോയി... ഞാൻ ക്ലാസ്സിൽ കയറുമ്പോൾ വിവേക് അവിടെ കിടക്കുകയായിരുന്നു... ഞാൻ അവന്റെ അടുത്തേക്ക് പോയി..

“എന്ത് പറ്റിയെടാ ” ഞാൻ അവന്റെ തോളിൽ തട്ടിക്കൊണ്ടു ചോദിച്ചു...

“ എനിക്കറിയത്തില്ല എനിക്ക് വല്ലാതെ വിഷമം തോന്നുന്നു” അവൻ വിഷമത്താൽ പറഞ്ഞു...

“ടാ നി നിന്റെ അമ്മേ വിളിക്ക് ” ഞാൻ അവിടെ ഇരുന്നു എന്നിട്ട് പറഞ്ഞു...

“ടാ ഞാൻ എങ്ങനെ പറയുമെടാ ” അവൻ ചോദിച്ചു... ശെരിയാ അവൻ എങ്ങനെ ആണ് ചോദിക്കുന്നെ....

“ അമ്മേടെ number ഇങ് കൊണ്ട് വാ ” ഞാൻ പറഞ്ഞു അവൻ number തന്നു... ഞാൻ ഡയൽ ചെയ്തു... 2 റിങ് അടിച്ചപ്പോൾ എടുത്തു...

“ഹലോ... അമ്മേ ഇത് ഞാനാ അജാസ് ”

“അഹ് മോനെ പറഞ്ഞോ... അവിടെ എന്തേലും പ്രശ്നം ” അമ്മ വേവലാതിയോടെ ചോദിച്ചു...

“അമ്മേ ഒരു ചെറിയ പ്രശ്നം ഉണ്ട് ” എന്ന് പറഞ്ഞു ഞാൻ കാര്യം എല്ലാം പറഞ്ഞു...

“മോനെ നി ഫോൺ അവനു കൊടുത്തേ ” ഞാൻ ഫോൺ അവനു നേരെ നീട്ടി... അവൻ ഫോൺ വാങ്ങി സ്പീക്കറിൽ ഇട്ടു..

“അമ്മേ ” അവൻ വിറക്കുന്ന നാവുകൾ കൊണ്ട് വിളിച്ചു...

“മോനെ എനിക്ക് സന്തോഷം ഉണ്ടെടാ... ഇങ്ങനെ ഒരു കാര്യം നി അമ്മയോട് ചോദിച്ചിട്ട് തീരുമാനം എടുക്കാം എന്ന് വിചാരിച്ചല്ലോ... അമ്മക്ക് സമ്മതം ആണെടാ.. നി കണ്ട് പിടിക്കുന്ന കുട്ടി അമ്മേ നോക്കും എന്ന് അമ്മക്ക് അറിയാമെടാ മോനെ ” എന്ന് പറഞ്ഞു അമ്മ അവിടെ വിങ്ങുന്നത് ഫോണിലൂടെ ഞങ്ങൾ കേട്ടു...

“അമ്മേ... ലവ് യു അമ്മേ... ലവ് യു... ഉമ്മ ” അവൻ അമ്മയുടെ കരച്ചിൽ കേട്ടുകൊണ്ട് സന്തോഷ കണ്ണീർ ഒഴിക്കി കൊണ്ട് പറഞ്ഞു.. ഇത് അഞ്ജന കണ്ടു... അഞ്ജന ഞങ്ങളുടെ അടുത്തേക്ക് വന്നു...

“ടാ മതിയെടാ... കുറച്ചു സ്നേഹം ആ കൊച്ചിന് കൊടുക്കാൻ വാക്കി വെച്ചേക്കണേ ” അമ്മ ചിരിച്ചുകൊണ്ട് പറഞ്ഞു... ഇത് കേട്ട്ക്കൊണ്ട് ആണ് അഞ്ജന വന്നത്... അവൾ എന്താണ് കാര്യം എന്ന് കൈ കൊണ്ട് ചോദിച്ചു...

“നിന്റെ അമ്മായി ആണ്... നിന്നെ കെട്ടിക്കോട്ടെ എന്ന് ഇവൻ അമ്മായിയോട് ചോദിച്ചു ”

“അപ്പോൾ ” അവൾ ആകാംഷയോടെ ചോദിച്ചു...

“അപ്പോൾ കെട്ടിക്കോളാൻ പറഞ്ഞു ” എന്ന് അമ്മ ഫോണിലൂടെ പറഞ്ഞു.. അഞ്ജന വണ്ടർ അടിച്ചു നിക്കുകയാണ്... ഞാൻ അഞ്ജനയെ പിടിച്ചു അവിടെ ഇരുത്തി... അവർ 3 പേരും സംസാരിക്കുകയാണ്... അവരുടെ കാര്യത്തിൽ ഇടപെടേണ്ട എന്ന് കരുതി ഞാൻ കൃഷ്ണപ്രിയയുടെ അടുത്ത് പോയി ഇരുന്നു...

“ഹലോ... അവർ set ആയി... നിനക്ക് ഒരാളെ വേണ്ടേ ”ഞാൻ കൃഷ്ണപ്രിയയോട് ചോദിച്ചു...

“എനിക്ക് പ്രേണയിക്കണം എന്ന് ഉണ്ട് ടാ.. പക്ഷെ അയാൾ എന്നെ ചതിച്ചാൽ ഞാൻ അങ്ങ് ഇല്ലാതെ ആയി പോകും ” അവൾ പറഞ്ഞു...

“അങ്ങനെ ആണേൽ... നി അഞ്ജനയെ പോലെ പ്രേമിക്കുന്ന ആളെ കെട്ടണം ” ഞാൻ സിമ്പിൾ ആയി പറഞ്ഞു...

“അത് നടക്കില്ലടാ... വീട്ടിൽ പ്രശ്നം ആകും... ചേച്ചി ഇത് പോലെ ഒരാളെ ഇഷ്ടമാണെന്ന് പറഞ്ഞു... വീട്ടുകാർ സമ്മതിച്ചില്ല... അത് കൊണ്ട് അവർ ഒളിച്ചോടി പോയി... അതിന്റെ നാണക്കേട് ഒന്ന് മാറുന്നതേ ഉള്ളു.. അതിന്റെ ഇടക്ക് ഞാൻ എന്തിനാ വെറുതെ...” അവൾ പറഞ്ഞു നിർത്തി... ഞാൻ തിരിഞ്ഞു നോക്കുമ്പോൾ പുറകിൽ ഒടുക്കത്തെ ചിരിയും കളിയും ഒക്കെ...

എനിക്ക് അത് കാണുമ്പോൾ അസൂയ തോന്നുന്നുണ്ട്... ഞാൻ പിന്നെ അങ്ങോട്ട് നോക്കാൻ പോയില്ല...

അങ്ങനെ ഞാനും കൃഷ്ണപ്രിയയും സംസാരിച്ചിരുന്നു...പക്ഷെ എന്നെ അലട്ടിക്കൊണ്ട് ഇരുന്ന കാര്യം ആദിലിന്റെ ഈ മാറ്റം ആണ്.. ആരൊക്കെയോ വന്ന് ക്ലാസ്സ് ഒക്കെ എടുത്ത് പോയി... ക്ലാസ്സ് കഴിഞ്ഞ ഉടനെ ഞാൻ വിവേകിനെ കൊണ്ട് വിടാൻ ആയി പോയി...

"എടാ വാ കേറൂ... റൂമിൽ ആക്കാം " ഞാൻ പറഞ്ഞു...

"എടാ എന്താ ഇന്ന് ഇത്ര ഇത്..." അവൻ ചോദിച്ചു..

"എടാ ഐഷായുമായി ഒന്ന് ബീച്ചിൽ പോകാം എന്ന് പറഞ്ഞിരുന്നു..."

"ആണോ എന്നാ നീ പൊക്കോ... എന്റെ കയ്യിൽ ഡിയോ ഉണ്ട്... ഞാൻ കൊണ്ട് ആക്കിക്കോളാം " അഞ്ജന ആണ് പറഞ്ഞത്... ഞാൻ അവളെ നോക്കി ചിരിച്ചു... എന്നിട്ട് ഐഷയെ നോക്കാൻ ആയി ബസ്സ്റ്റോപ്പിലേക്ക് പോയി... അവിടെ അവളും അവളുടെ കുറച്ച് കൂട്ടുകാരികൾ നിൽപ്പുണ്ടായിരുന്നു... ഞാൻ അങ്ങോട്ട് പോകുന്നത് അവരുടെ കൂട്ടത്തിൽ ഉള്ള ഒരു കുട്ടി പറഞ്ഞു...

'അങ്ങോട്ട് നോക്കെടി നിന്റെ ചെക്കൻ വരുന്നു ' ഐഷ ചിരിച്ചുകൊണ്ട് അവളുടെ കയ്യിൽ ഒരു തട്ട് തട്ടി.... ഞാൻ അവിടെ കൊണ്ട് വണ്ടി നിർത്തി.. ആയിഷ ചുറ്റും ഒന്ന് നോക്കിയിട്ട് വണ്ടിയിലേക്ക് കയറി... ഞങ്ങൾ വണ്ടിയുമായി നേരെ ബീച്ചിലേക്ക് പോയി... പോകുമ്പോൾ അവൾ എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു... ഞാൻ അതിനെല്ലാം മുളുക മാത്രം ചെയ്തു... അങ്ങനെ ഞങ്ങൾ ബീച്ചിൽ എത്തി... ഞാൻ വണ്ടി ഒതുക്കി നിർത്തി... അവൾ ഇറങ്ങി... ഞാനും... അവൾ എന്റെ കയ്യിൽ

പിടിച്ചുകൊണ്ടു എന്റെ തോളിൽ തല ചെയ്ച്ചു വെച്ച് ആണ് നടപ്പ്.. ഞങ്ങൾ ആരും ഇല്ലാത്ത ഒരു സ്ഥാലത്തേക്ക് ഇരുന്നു...

“എന്താ ഇങ്ങടെ മുഖം വല്ലാണ്ട് ഇരിക്കുന്നെ ”അവൾ എന്നോട് ചോദിച്ചു...

“അത് ഇല്ലെടി.. ആദിൽ ഇല്ലേ അവന്റെ ഈ മാറ്റത്തിന് കാരണം എന്താണെന്ന് അതൊക്കെ ആലോചിച്ചിട്ട ” ഞാൻ പറഞ്ഞു...

“നമ്മൾ ഇവിടെ വന്നത് കുറച്ചു സമാധാനത്തിനാണ്... അപ്പൊ ഈ ചിന്ത കളഞ്ഞേക്ക് ” അവൾ എന്റെ കൈ അവളുടെ രണ്ട് കയ്യുടെയും ഇടയിൽ വെച്ചുകൊണ്ട് പറഞ്ഞു...

“ ചിരിക്ക് അങ്ങോട്ട് ” അവൾ എന്റെ കവിളിൽ കുത്തിക്കൊണ്ട് പറഞ്ഞു...

ഞാൻ ഒരു ചിരി ചിരിച്ചു..

“അതെ...” അവൾ എന്നെ ഒന്ന് തട്ടി... ഞാൻ ഒന്ന് മൂളി...

“അതെ... ഇങ്ങോട്ട് നോക്ക് ” ഞാൻ നോക്കാതെ ആയപ്പോൾ അവൾ എന്റെ തല പിടിച്ചുതിരിച്ചുകൊണ്ട് പറഞ്ഞു...

“ആഹ്... എന്താ ” ഞാൻ ചോദിച്ചു...

“എനിക്ക് ഒരു ഐസ്ക്രീം വാങ്ങി തരോ ” അവൾ എന്റെ തോളിൽ കുത്തിക്കൊണ്ട് ചോദിച്ചു... ഞാൻ അവളേം പിടിച്ചുകൊണ്ടു ആ ഐസ്ക്രീം വണ്ടിയുടെ അടുത്തേക്ക് നടന്നു...

“ചേട്ടാ രണ്ട് ഐസ്ക്രീം ” ഞാൻ ആ ആളോട് പറഞ്ഞു...

“ഏതാ വേണ്ടേ ” അയാൾ ചോദിച്ചു...

“എനിക്ക് ഒരു വാനില... നിനക്കോ ” ഞാൻ ഐഷയോട് ചോദിച്ചു...

“എനിക്ക് ഒരു ബട്ടർസ്കോച് ” അവൾ പറഞ്ഞു...

“മോളെ ബട്ടർസ്കോച് ഇല്ല... പിസ്ത എടുക്കട്ടെ ” അയാൾ അവളോട് ചോദിച്ചു...

“വേണ്ട വാനില തന്നെ എടുത്തോ... രണ്ടെണ്ണം ” അവൾ മറുപടി പറഞ്ഞു... അയാൾ ഐസ്ക്രീം എടുത്ത് തന്നു... ഞങ്ങൾ അതും കൊണ്ട് നേരത്തെ ഇരുന്നടുത്തേക്ക് നടന്നു...

“ഇക്ക ഞാൻ ഒരു കാര്യം ചോദിക്കട്ടെ ” അവൾ ഐസ്ക്രീം കഴിച്ചുകൊണ്ട് ചോദിച്ചു...

“അഹ് ചോദിക്ക് ” ഞാൻ തിരമാല നോക്കി പറഞ്ഞു...

“ഇങ്ങടെ എത്രമത്തെ ആൾ ആണ് ഞാൻ ” എന്റെ മുഖത്ത് നിന്ന് നോട്ടം മാറ്റി അവൾ ചോദിച്ചു... അത് കേട്ടപ്പോൾ ഞാൻ അവളെ ഒന്ന് നോക്കി...

“ആദ്യത്തെ ആൾ ” ഞാൻ പറഞ്ഞു പക്ഷെ അവൾ ഇപ്പോഴും എന്റെ മുഖത്ത് നോക്കിയിട്ടില്ല...

“ചുമ്മാ കള്ളം പറയാതെ സത്യം പറ ”

“ഞാൻ നിന്നെയും കൂട്ടി രണ്ട് പേരോട് ഇഷ്ടം ആണെന്ന് പറഞ്ഞുള്ളു.. ആദ്യത്തെ ആൾ ഞാൻ എട്ടിൽ പഠിക്കുമ്പോൾ ഉള്ളയാ.. അന്ന് അത് set ആയില്ല.. അന്നത്തോടെ ഞാൻ പ്രേമം നിർത്തിയത് പക്ഷെ നിന്നെ കണ്ടപ്പോൾ എന്തോ....” ഞാൻ പറഞ്ഞു നിർത്തി...എന്നിട്ട് ഞാൻ തിരമാലകൾ എണ്ണി ഐസ്ക്രീംമും കഴിച്ചു ഇരുന്നു... ഇടക്ക് ഞാൻ ഐഷയെ നോക്കുമ്പോൾ അവൾ ആ നീല കണ്ണുകൾ എന്റെ മുഖത്തുക്ക് തന്നെ ആയിരുന്നു ...

“എന്താ ഇങ്ങനെ നോക്കുന്നെ ” ഞാൻ ചോദിച്ചു...

“എനിക്ക് ഒരു ഉമ്മ തരുമോ...” അവൾ നാണത്തോടെ ചോദിച്ചു...

“ഇപ്പോഴോ ഇവിടെ വെച്ചോ... ആൾക്കാർ കാണും ” ഞാൻ ചുറ്റും ഒന്ന് നോക്കിയിട്ട് പറഞ്ഞു...

“ആരും കാണില്ല ” എന്ന് പറഞ്ഞു അവൾ തട്ടം അഴിച്ചു എന്റെയും തലയുടെ മുകളിലൂടെ ഇട്ടു.. എന്നിട്ട് എന്റെ തോളിലൂടെ രണ്ട് കയ്യും ഇട്ട് എന്നെ അവളിലേക്ക് അടുപ്പിച്ചു... ഞാൻ അവളുടെ ചുണ്ടുകളെ എന്റെ ചുണ്ടുകൾ കൊണ്ട് വിഴുങ്ങി... ഏറെ നേരം അതെ ചുംബനം തുടർന്നു..ശ്വാസം കിട്ടാതെ ഞങ്ങൾ വിട്ട് മാറുമ്പോൾ എന്റെ ഫോൺ റിങ് ചെയ്യുന്നുണ്ടായിരുന്നു..... ഞാൻ എടുത്ത് നോക്കുമ്പോൾ ആഫി ആയിരുന്നു...

“ഹലോ എന്താ ” ഞാൻ ചോദിച്ചു...

“ഇക്ക എവിടെയാ...” അവൾ ചോദിച്ചു...

“ഞാൻ ബീച്ചിൽ ആണ് ”

“ഒറ്റക്കോ ”

“അല്ല ഐഷയും ഉണ്ട്... നീ എന്താ പോലീസുകാരെ പോലെ ചോദ്യം ചെയ്യുന്നേ ”

“സമയം എന്തായി എന്നാ വിചാരം... ഇത്തിയെ കൊണ്ട് ആക്കിയിട്ട് വേഗം ഇവിടെ എത്തണം കേട്ടല്ലോ ”

“ഓഹ് ശെരി മാഡം ” എന്ന് പറഞ്ഞു ഞാൻ ഫോൺ വെച്ചിട്ട് സമയം നോക്കുമ്പോൾ..5.50…

“എന്താ ” ഐഷ ചോദിച്ചു…

“ഒന്നുമില്ല… സമയം 6 ആകാൻ പോകുന്നു… നമുക്ക് പോകാം ” ഞാൻ പറഞ്ഞു എഴുന്നേറ്റു…

അവളും എന്റെ പിറകെ എഴുന്നേറ്റു… ഞാൻ വണ്ടി എടുത്തു അവൾ കയറി എന്റെ വയറിലൂടെ കയ്യിട്ട് മുതുകിൽ ചാരി ആണ് ഇരിപ്പ്.. ഞാൻ വണ്ടി കത്തിച്ചു വിട്ടു നേരെ ഐഷയുടെ ഹോസ്റ്റലിലേക്ക്… അവിടെ കൊണ്ട് വണ്ടി നിർത്തിയതും ഐഷ ഒന്ന് നെടുവീർപ്പ് ഇട്ടു…

എന്നിട്ട് എന്നെ കെട്ടിപ്പിടിച്ചു ഒരു ഉമ്മയും തന്നിട്ട് അവൾ അകത്തേക്ക് ഓടി… ഞാൻ അവൾ ഓടി പോകുന്നതും നോക്കി ചിരിച്ചുകൊണ്ട് അവിടെ നിന്നു… അവൾ ഗേറ്റ് കടന്നതും തിരിഞ്ഞു എന്നിക്ക് കൈ ആട്ടി റ്റാറ്റാ തന്നു എന്നിട്ട് അകത്തേക്ക് പോയി… ഞാൻ വണ്ടി നേരെ വീട്ടിലേക്ക് വെച്ചു പിടിച്ചു… വീട്ടിൽ ചെന്ന് കയറി…

“എവിടെ ആയിരുന്നാവോ സാർ ഇത്രയും നേരം “ഉമ്മി എന്നെ ആക്കിക്കൊണ്ട് ചോദിച്ചു…

“ഞാൻ… ഐഷായേം കൊണ്ട് ബീച്ചിൽ ഒന്ന് പോയതാ ” ഞാൻ പതിയെ പറഞ്ഞു…

“ആഹ് ചെല്ല് ചെല്ല്.. പോയി കുളിച്ചിട്ട് വാ ”ഉമ്മി പറഞ്ഞു ഞാൻ രക്ഷപെട്ടു എന്ന് രീതിയിൽ മുകളിലേക്ക് ചാടി കയറി പോയി.. കുളിച്ച് താഴെ വന്നു ചായ ഒക്കെ കുടിച്ചു… Tv കണ്ട് ഇരുന്നു… അങ്ങനെ ആ ദിവസം കടന്നു

പോയി... പിന്നീട് ഉള്ള ദിവസങ്ങൾ... അഞ്ജന വിവേകിന്റെ കൂടെ കൂടിയപ്പോൾ കൃഷ്ണപ്രിയ ഒറ്റക്ക് ആയത് കൊണ്ട് ഞാൻ അവളുടെ കൂടെ കൂടി... ഐഷക്ക് അത് ഇഷ്ടപെടുന്നില്ലായിരുന്നു... പക്ഷെ ഞാൻ അത് വല്യ കാര്യം ആക്കിയില്ല... പക്ഷെ അവളുടെ ആഗ്രഹങ്ങൾ എല്ലാം ഞാൻ സാധിച്ചു കൊടുത്തുകൊണ്ട് ഇരുന്നു... അങ്ങനെ ഇരിക്കെ ഒരു ദിവസം ഞാനും വിവേകും ക്ലാസ്സിൽ ഇരിക്കുമ്പോൾ പുറത്ത് ഒരു ശബ്ദം കേട്ടു ആളുകൾ എല്ലാം ഓടി കൂടുന്നതും ഞങ്ങൾ കണ്ടു... വിവേക് ഒന്ന് എത്തി നോക്കി...എന്നിട്ട് എന്റെ അടുത്ത് വന്നു...

“എന്താടാ ” ഞാൻ അവനോട് ചോദിച്ചു...

“എടാ ആ ജാങ്കോയും ടീമും ആരുമായോ മുട്ടുകയാണ്...” അവൻ പറഞ്ഞു...

അപ്പോൾ കിദച്ചുകൊണ്ട് ഒരുത്തൻ ക്ലാസ്സിലേക്ക് ഓടി വന്നു... ‘ആദിലിനെ അവിടെ ജാങ്കോയും ടീമും എടുത്തിട്ട് ഇടിക്കുന്നു ’ കേട്ട പാതി കേക്കാത്ത പാതി... അവനോട് ദേഷ്യം ഉണ്ടെങ്കിലും ഞാനും വിവേകും അങ്ങോട്ടേക്ക് ഓടി... കൂടി നിന്നവരെ എല്ലാം തള്ളി മാറ്റി ഞങ്ങൾ അവിടേക്ക് ചെന്നു...

“അജാസേ, വിവേകേ മാറ്... ” ആദിലിനെ ഞങ്ങളുടെ പിറകിൽ ഒളിപ്പിച്ചപ്പോൾ ജാങ്കോ പറഞ്ഞു...

“ജാങ്കോ.. ഞങ്ങളോട് ചിലപ്പോൾ അവനു എന്തേലും പ്രശ്നം കാണും പക്ഷെ ഞങ്ങൾ ഇവിടെ ഉള്ളടുത്തോളം കാലം നീ ഒന്നും ഇവിന്റെ ദേഹത്ത് നീ ഒന്നും തൊടില്ല ” വിവേക് ചെറിയ ചിരിയോടെ പറഞ്ഞു...

“ആണോ.. എന്നാ അവനെ ഇങ് എടുത്തോടാ ” ജാങ്കോ അവന്റെ പുറകിൽ നിക്കുന്നവനോട് പറഞ്ഞു.. അവൻ ഓടി ഞങ്ങളുടെ അടുത്തേക്ക് വന്നു.. വിവേക് എന്നെ ഒന്ന് നോക്കി ചിരിച്ചു... എന്നിട്ട് ആദിലിന്റെ മുഖത്തേക്ക് നോക്കി.. അപ്പോൾ ഓടി വന്നവൻ avante കയ്യിൽ ഇരുന്ന ഹോക്കി സ്റ്റിക്ക് വിവേകിനു നേരെ വീശി... വിവേക് അതി വിധക്തമായി കുനിഞ്ഞുമാറി.. അവന്റെ കാലിൽ തട്ടി... അവന്റെ ബാലൻസ് തെറ്റി അവൻ താഴെ വീണപ്പോൾ ആഞ്ഞു അവന്റെ നെഞ്ചിൽ ചവിട്ടി... കണ്ട് നിന്ന ജാങ്കോ ഉൾപ്പടെ എല്ലാവരും ആ ചവിട്ട് കണ്ട് ചെറുതായി ഒന്ന് പേടിച്ചു...വിവേകിന്റെ ചുണ്ടിൽ ഇപ്പോഴും ആ ചിരി ഉണ്ട് പക്ഷെ പെട്ടന്ന് അവന്റെ ചിരി മാഞ്ഞു.. അവന്റെ നോട്ടം ചെന്ന ദിശയിലേക്ക് ഞാൻ നോക്കുമ്പോൾ കാണുന്നത് കണ്ണുകൾ ഒക്കെ ചുവപ്പിച്ചു നിക്കുന്ന അഞ്ജനയെ ആണ്.. വിവേക് അവന്റെ നെഞ്ചത്ത് നിന്ന് കാൽ എടുത്ത്... അപ്പോൾ ജാങ്കോടെ കൂട്ടത്തിൽ ഉള്ള വേറൊരുത്തൻ ഓടി വന്നു വിവേകിനെ ആഞ്ഞു ചവിട്ടി വിവേക് അവിടെ വീണു... അവനെ വീണ്ടും ചവിട്ടാൻ

പോയപ്പോൾ ഞാൻ അവനു നേരെ അവിടെ കിടന്ന ഹോക്കി സ്റ്റിക്ക് വീശി... അടി കൊണ്ട് അവൻ പുളയുമ്പോൾ അവന്റെ കൈ പിടിച്ചു തിരിച്ചു അവനെ ചവിട്ടി മാറ്റി... വിവേകിനെ പിടിച്ചു ഉയർത്തി... ജാങ്കോട് കൂടെ വാക്കി ഉള്ള മൂന് പേര് ആദിലിന്റെ അടുത്തേക്ക് ഓടി അടുത്ത്... ഇത് കണ്ട വിവേക് അവർക്ക് നേരെ എന്റെ കയ്യിൽ നിന്ന് ഹോകി സ്റ്റിക്ക് വേടിച്ചു ഓടി...ഒരുത്തനെ അടിച്ചുകൊണ്ട് ഇരുന്നപ്പോൾ പുറകിൽ നിന്ന് ഒരുത്തൻ അവന്റെ കയിലുള്ള ക്രിക്കറ്റ് ബാറ്റ് വെച്ച് വിവേകിന്റെ മുതുകത്ത് അടിച്ചു... വേദന കൊണ്ട് അവൻ പുളഞ്ഞു തിരിഞ്ഞപ്പോൾ അവൾ വിവേകിന്റെ തലക്ക് ആ ബാറ്റ് വീശി... അടി കൊണ്ട് അവന്റെ വായിൽ നിന്ന് ചോര തെറിച്ചു... ഞാൻ അവന്റെ അടുത്തേക്ക് ഓടുമ്പോൾ ഒരു ഭവ വ്യത്യസവും ഇല്ലാതെ അനങ്ങാതെ നിക്കുന്ന ആദിലിനെയും... അലറി കരയുന്ന അഞ്ജനയെയും ആണ് ഞാൻ കണ്ടത്... അവളെ പിടിച്ചു നിർത്തിയിരിക്കുന്ന കൃഷ്ണപ്രിയയെയും ഞാൻ കണ്ടു...ഞാൻ കയ്യിൽ കിട്ടിയ ഒരു തടി എടുത്ത് അവനെ അടിച്ചതും പുറകിൽ നിന്ന് ഒരുത്തൻ എന്നെ ചവിട്ടി... ചവിട്ട് കൊണ്ട് ഞാൻ ചെന്ന് വീണത് ജാങ്കോടെ കാലിന്റെ അവിടെ.... ജാങ്കോ എന്നെ കുത്തിനു പിടിച്ചു പൊക്കി...

“ടാ... ഞാൻ ഒരു തവണ കൂടി പറയാം... അവനെ വിട്ട് നിങ്ങൾ നിങ്ങളുടെ കാര്യം നോക്കി പൊക്കോ ” അവൻ അത് പറഞ്ഞു തീർന്നതും അവന്റെ

കൈ തട്ടി മാറ്റി ഞാൻ അവനെ അടുത്തുള്ള തൂണിൽ കൊണ്ട് ചെന്ന് ഇടിച്ചു... എന്നിട്ട് കൈ മടക്കി അവന്റെ മൂക്കിനിട്ട് കൊടുത്തു ഒരണ്ണം...

“ടാ നിങ്ങളെ പോലെ കളഞ്ഞിട്ട് പോകാൻ പറ്റത്തില്ല അവനെ ഞങ്ങൾക്ക്... കാരണം ഒരു കാലം ഞങ്ങൾ മൂന് ശരീരവും ഒരു മനസും ആയിരുന്നു ” എന്ന് പറഞ്ഞു ഞാൻ തിരിയുമ്പോൾ.... വാക്കി ഉള്ളവന്മാരെ എല്ലാം ഇടിച്ചിട്ടിട്ട്... വിവേകിനെ പിടിച്ചുയർത്തുന്ന ആദിലിനെ ആണ്... പൊങ്ങി കഴിഞ്ഞപ്പോൾ... വിവേക് അവന്റെ കയ്യിൽ ഉള്ള പിടി വിട്ടു...

“ഞങ്ങൾ തമ്മിൽ പല പ്രേശ്നവും കാണും... അതിന്റെ പേരിൽ ഞങ്ങളുടെ ആരുടെ എങ്കിലും ദേഹത്ത് തൊടാൻ ഒരുത്തനും ഇങ്ങോട്ട് വരണ്ട... വന്നാൽ ഇത് പോലെ ഇരിക്കും ”വിവേക് പറഞ്ഞിട്ട് ആദിലിനെ ഒന്ന് തറപ്പിച്ചു നോക്കിയിട്ട് നടന്നു എന്റെ അടുത്തേക്ക് വന്നു... എന്നിട്ട് എന്റെ ഇടി കൊണ്ട് താഴെ കിടക്കുന്ന ജാങ്കോയോട് പറഞ്ഞു...

“മോനെ ജാങ്കോ... നിന്റെ ഒന്നും ഒരു കൂതാട്ടവും ഇവിടെ നടക്കില്ല... ഇനി അങ്ങനെ കാണിക്കാൻ ആഗ്രഹം ഉണ്ടെങ്കിൽ... ആ ഗേറ്റ് ഉണ്ടല്ലോ അതിനു പുറത്ത് നിനക്ക് എന്ത് വേണേലും കാണിക്കാം ” വായിൽ നിന്ന് വന്ന ചോര തുപ്പി കളഞ്ഞുകൊണ്ട് വിവേക് പറഞ്ഞു...

ഞാൻ അവനെ താങ്ങി നടന്നു...

“ടാ ”.... പുറകിൽ നിന്ന് ആദിൽ വിളിച്ചു...തിരിഞ്ഞു നോക്കെടാ എന്ന് മനസ്

പറഞ്ഞെങ്കിലും... നോക്കാൻ ഞാൻ നിന്നില്ല...അപ്പോൾ തന്നെ അഞ്ജന ഓടി വന്നു വിവേകിനെ കെട്ടി പിടിച്ചു... വിവേക് തിരിച്ചു... ആരൊക്കെ നോക്കുന്നുണ്ട് എന്ന് അറിയാൻ ഞാൻ ഒന്ന് ചുറ്റും നോക്കുമ്പോൾ ആ കൂട്ടത്തിൽ നിന്ന് നോക്കുന്ന ഐഷയെ ഞാൻ കണ്ടു... ഞാൻ കണ്ടു എന്ന് ഉറപ്പായപ്പോൾ അവൾ നോട്ടം മാറ്റി... ഞാൻ പതിയെ ക്ലാസ്സ് റൂമിലേക്ക്

കയറി... അഞ്ജന നിർത്താതെ വിവേകിനെ ഉപദേശിക്കുവാ... കൃഷ്ണപ്രിയ ആണ് എന്റെ കൂടെ ഇരിക്കുന്നെ.

“എടാ നിങ്ങൾ എന്തിനാ അവനെ ” ഞാൻ നോക്കുന്നത് കണ്ടപ്പോൾ അവൾ ചോദ്യം പാകതിക്ക് വെച്ച് നിർത്തി...

“എടി ഞങ്ങൾ എങ്ങനെ ആയിരുന്നെന്നോ.. ഒരു കാര്യത്തിനും എതിർ അഭിപ്രായം ഇല്ലായിരുന്നു... എല്ലാ കാര്യത്തിനും യോജിച്ചു നിക്കുന്നവർ ആയിരുന്നു..പക്ഷെ ഒരു ദിവസം ഇതെല്ലാം തെറ്റി... അന്ന് അവൻ റൂം ഒക്കെ മാറി.. അന്ന് ഞങ്ങളെ ഇടിച്ചു...ഇതിന്റെ ഒന്നും കാര്യം അറിയില്ല ”ഞാൻ പറഞ്ഞു... അപ്പോൾ ആരുടെ ഒക്കെയോ കൂടെ ആദിൽ അകത്തേക്ക് വന്നു... വിവേകിനെ അഞ്ജന എന്നൊക്കെയോ പറയുന്നത് കണ്ട് ആദിൽ എന്റെ അടുത്തേക്ക് വന്നു..

“എടാ എനിക്ക് ഒന്ന് സംസാരിക്കണം ” അവൻ പറഞ്ഞു..

“എനിക്ക് ഒന്നും സംസാരിക്കാൻ ഇല്ല ” ഞാൻ പറഞ്ഞു..

“ഞാൻ പറയുന്നത് നീ ഒന്ന് കേക്കണം... എന്ന് പറഞ്ഞു അവൻ എന്റെ എതിരെ ഇരുന്നു... ഞാൻ അവനെ നോക്കിയത് പോലും ഇല്ല...

“എടാ ഞാൻ ആണ് തെറ്റ് ചെയ്തത്... എന്തിനാണെന്ന് അറിയാമോ... അവൻ എന്നെ കളിയാക്കിയില്ലേ.. കുറെ നാൾ ആയി ഒരു കൊച്ചിന്റെ പിറകെ നടക്കുന്നെന്ന്... അത് ആരാണെന്നു അറിയാമോ... അത് ഐഷയാ..” അവൻ പറഞ്ഞത് കേട്ടപ്പോൾ ഞാൻ ഞെട്ടി...

“അതേടാ.. അന്ന് നിനക്ക് അവളെ ഇഷ്ടമാണെന്ന് അറിഞ്ഞപ്പോൾ എനിക്ക് സഹിക്കാൻ പറ്റിയില്ല.. അങ്ങനെ ആണ് നിങ്ങളുമായി ഞാൻ അടി ഉണ്ടാക്കിയത്... പക്ഷെ അന്ന് നിങ്ങൾക്ക് അത്രയും ഒക്കെ പറ്റും എന്നെ പടച്ചോൻ ആണേ എനിക്ക് അറിയില്ലായിരുന്നു ” അവൻ എന്റെ കയ്യിൽ പിടിച്ചുകൊണ്ടു പറഞ്ഞു...

“എടാ... ഇവിടെ വരുന്നതിന് മുൻപ് ഒരു ദിവസം അവളോട് ഞാൻ എന്റെ ഇഷ്ടം പറഞ്ഞതാ അപ്പോൾ അവൾ പറഞ്ഞത് എന്താണെന്ന് അറിയാമോ... ഞാൻ കറുത്തിട്ടാണെന്ന്.. ശെരിയാണെടാ ഞാൻ കറുത്തിട്ടാണ്... പക്ഷെ അത് എന്റെ തെറ്റ് ആണോ ” അത് പറയുമ്പോൾ അവന്റെ കണ്ണുകൾ നിറയുന്നുണ്ടായിരുന്നു...

“എന്നോട് ക്ഷേമിക്കാൻ പറ്റില്ല എന്ന് അറിയാം പറ്റുമെങ്കിൽ ക്ഷെമിക്കുക ” എന്ന് പറഞ്ഞു അവൻ കണ്ണുകൾ തുടച്ചു പുറത്തേക്ക് പോയി..

'ഈ കാര്യം എന്തായിരിക്കും അവൾ എന്നോട് പറയാതെ ഇരുന്നത് '

“എന്താടാ ആലോചിക്കുന്നത് ” അവൻ പോയി കഴിഞ്ഞപ്പോൾ കൃഷ്ണപ്രിയ ചോദിച്ചു..

“ അല്ലെടീ വന്ന കാര്യം ഒന്നും അവൾ എന്റെ അടുത്ത് പറഞ്ഞിട്ടില്ല” ഞാൻ എന്റെ സംശയം അവളോട് ചോദിച്ചു

“ എടാ അത് ചിലപ്പോൾ നിന്റെ അടുത്ത് പറയാൻ എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടായിരിക്കും ” അവൾ പറഞ്ഞു

“ എന്റെ അടുത്ത് പറയാൻ എന്ത് ബുദ്ധിമുട്ട്... ഇത് അവളോട് ഒന്ന് ചോദിക്കണമല്ലോ ” ഞാൻ പറഞ്ഞു

“ വേണ്ട അത് ചോദിക്കേണ്ട ചിലപ്പോൾ എന്തെങ്കിലും പ്രശ്നമാകും ” അവളത് പറഞ്ഞപ്പോൾ ശരിയാണെന്ന് ഞാനും വിചാരിച്ചു...

“അഹ്. ശെരിയാ ” ഞാൻ പറഞ്ഞു...

കുറച്ചു കഴിഞ്ഞ് ആദ്യം ക്ലാസിലേക്ക് കയറി വന്നു,അപ്പോൾ ഞാൻ അവന്റെ അടുത്തേക്ക് പോയി...

“ എടാ നിനക്ക് അങ്ങനെ ഒരു ആഗ്രഹം ഉണ്ടായിരുന്നു എറ്റെടുത്ത് അപ്പോഴേ പറഞ്ഞു കൂടായിരുന്നോ ” ഞാൻ അവനോടു ചോദിച്ചു

“ എടാ ഞാൻ ചോദിക്കണം എന്ന് വിചാരിച്ചതാ പക്ഷേ എന്റെ മനസ്സ് പറഞ്ഞു ചോദിക്കേണ്ട എന്ന് ” അവൻ മറുപടി പറഞ്ഞു...

“ അല്ലടാ നീ എവിടെ താമസം ” ഞാൻ ചോദിച്ചു

“ അടി ഞാൻ വേറൊരു റൂമെടുത്തു മാറി ” അപ്പോ സാറ് ക്ലാസ്സിലേക്കു വന്നു...

അങ്ങനെ ക്ലാസ്സ് കഴിഞ്ഞു ഞാൻ നേരെ ഐഷയെയും കൂട്ടി അവളുടെ ഹോസ്റ്റലിൽ ചെന്നു ആളെ ഇറക്കി... പോകാൻ നേരത്ത് അവൾ സ്ഥിരമായി തരുന്ന ഉമ്മ എനിക്ക് തന്നിട്ട് അവൾ അകത്തേക്ക് കയറിപ്പോയി.. എനിക്ക് അവളോട് ആ കാര്യം ചോദിക്കണമെന്ന് ഉണ്ടായിരുന്നു,പക്ഷേ അതിൽ എന്തെങ്കിലും പ്രശ്നം ആയാലോ എന്ന് ആലോചിച്ച് അത് ചോദിക്കാൻ നിന്നില്ല...

അങ്ങനെ സന്തോഷത്തിന് കുറെ നാളുകളായിരുന്നു പിന്നീടങ്ങോട്ട് ഉണ്ടായിരുന്നത്...അതിനിടയിൽ ജോബിനുമായി ഐഷ ഫോണിൽ സംസാരിക്കുന്നുണ്ടെന്ന് ഞാൻ അറിഞ്ഞു... പക്ഷെ അത് ഒരു ഫ്രണ്ട് എന്നാ രീതിയിൽ ആണെന്ന് ആണ് അറിഞ്ഞത്...ഞാൻ ആദിലുമായി വീണ്ടും കൂട്ടായത് ഐഷക്ക് ഒട്ടും ഇഷ്ടപ്പെടുന്നില്ലായിരുന്നു.. കൂടാതെ ഞാൻ കൃഷ്ണപ്രിയ ആയിട്ടുള്ള ഫ്രണ്ട്ഷിപ്പും.. എല്ലാ കാര്യത്തിനും എന്റെ കൂടെ കൃഷ്ണപ്രിയ ഉണ്ടായിരുന്നു... കോളേജിൽ ഞങ്ങൾ തമ്മിൽ പ്രേമം ആണെന്നുള്ള സംസാരം വരെ ഉണ്ടായി... ഞാൻ അത് വലിയ കാര്യമായി എടുത്തില്ല...

അങ്ങനെ എക്സാം ആയി...

**__**

എക്സാം തീരാൻ ഇനി ഈ ഒരു ദിവസം മാത്രം ബാക്കി... അന്നത്തെ എക്സാം വളരെ പാടായിരുന്നു കൂടാതെ ക്ലാസിൽ നിന്ന് സാർ ഒന്ന് അനങ്ങാൻ പോലും സമ്മതിച്ചില്ലായിരുന്നു... ആ ദേഷ്യം എനിക്ക് ഉണ്ടായിരുന്നു.. ക്ലാസിൽ നിന്ന് പുറത്തിറങ്ങിയപ്പോൾ മുഖം വീർപ്പിച്ചിരിക്കുന്ന ഐഷയെ ആണ് ഞാൻ കണ്ടത്...

“എന്താ ഐഷു മുഖം വീർത്ത് ഇരിക്കുന്നനെ ” ഞാൻ അവളോട് ചോദിച്ചു...

“നിങ്ങളും ആ കൃഷ്ണപ്രിയയും ആയി എന്താണ് ബന്ധം ” അവൾ ദേഷ്യത്തിൽ എന്നോട് ചോദിച്ചു...

“എന്ത് ബന്ധം... അവൾ എന്റെ നല്ലൊരു ഫ്രണ്ട് ആണ് ”ആ ചോദ്യം എനിക്ക് ഇഷ്ടപ്പെട്ടില്ലേലും.. ഞാൻ നല്ല രീതിയിൽ ഉത്തരം പറഞ്ഞു...

“ ഓഹ് പിന്നെ ഫ്രണ്ട്സ്.. എല്ലാ ഫ്രണ്ട്സും ഇങ്ങനെ ആണെല്ലോ ” അവൾ ഒരു പുച്ഛ ഭാവത്തിൽ പറഞ്ഞു...

“ ഐഷാ നീ വെറുതെ കാര്യമറിയാതെ സംസാരിക്കരുത് ”ഉള്ളിൽ നിന്നു വന്ന ദേഷ്യം അടക്കി പിടിച്ചു ഞാൻ പറഞ്ഞു...

“ ഇനിയെന്ത് അറിയാനാ കോളേജ് ഫുൾ പാട്ടാണ് നിങ്ങൾ തമ്മിൽ പ്രേമത്തിലാണ് എന്ന് ”അവൾ പറഞ്ഞു

“അപ്പോൾ നീ അത് വിശ്വസിച്ചു അല്ലേ”ഞാൻ ചോദിച്ചു...

“വിശ്വസിക്കാതെ ഇരിക്കാൻ മാത്രം മണ്ടി ഒന്നും അല്ല ഞാൻ... എന്നോട് എന്തേലും ഒളിപ്പിക്കുന്നുണ്ടേൽ അതങ്ങു തുറന്ന് പറ ” അവൾ പറഞ്ഞു....

“ ഞങ്ങൾ തമ്മിൽ ഇഷ്ടത്തിൽ അല്ലാതെ ഞങ്ങൾക്കറിയാം ഞങ്ങടെ കൂട്ടത്തിൽ ഉള്ള കുറച്ചു പേർക്കും അറിയാം... പിന്നെ തുറന്നു പറയേണ്ട കാര്യം, അതിനെപ്പറ്റി നീ സംസാരിക്കരുത് ” ഞാൻ പറഞ്ഞു...

“ ഞാനെന്തു നിങ്ങൾ നിന്ന മറച്ചുവച്ചെന്നാണ് നിങ്ങൾ ഈ പറയുന്നത് ” അവൾ എന്റെ നേരെ ചുടായി....

“ അത് ഇനി എന്നെ കൊണ്ട് തന്നെ പറയിപ്പിക്കണം അല്ലേ, ഞാൻ പറയാം ഞാൻ തന്നെ പറയാം... ആദിൽ നിന്നോട് വന്ന് ഇഷ്ടമാണെന്ന് പറഞ്ഞാൽ നീ എന്തു കൊണ്ട് എന്നോട് പറഞ്ഞില്ല... പിന്നെ ആരാണി ജോബിൻ.. നീ എന്തിനാണ് അവനെ വിളിച്ചു സംസാരിക്കുന്നെ” ഞാനും തിരിച്ച് ദേഷ്യത്തിൽ തന്നെ ചോദിച്ചു....

“ ഓ അപ്പൊ സംശയം ആണ് അല്ലെ... ആദിലിന്റെ കാര്യം എനിക്ക് അത്രക്ക് വല്യ കുഴപ്പം ആണെന്ന് എനിക്ക് തോന്നിയില്ല അത് കൊണ്ട് പറഞ്ഞില്ല... പിന്നെ ജോബിൻ അവൻ എന്റെ ഫ്രണ്ട് ആണ് ” അവൾ ചെറിയ വിഷമത്തോടെ പറഞ്ഞു

“ ആയിഷ എനിക്കിപ്പോ ഇത് വിഷ്വസിക്കാൻ ബുദ്ധിമുട്ട് ഉണ്ട്...നമുക്ക് ഇതിനെപ്പറ്റി നാളെ സംസാരിക്കാം ” ഞാൻ പറഞ്ഞു ഒഴിയാൻ ശ്രമിച്ചു...

“നിക്ക്... എനിക്ക് ഒരു കാര്യം പറയാൻ ഉണ്ട്... അത് കേട്ടിട്ട് പോയാൽ മതി ”അവൾ ചോദിച്ചു...

“എന്ത് കാര്യം ”ഞാൻ ചോദിച്ചു...

“ഇങ്ങനെ എന്നെ സംശയം ഉള്ള ഒരാളുടെ കൂടെ കഴിയാൻ എനിക്ക് താല്പര്യം ഇല്ല ” അവൾ പറഞ്ഞു...

“എന്താണ് നീ പറഞ്ഞു വരുന്നത് ” ഞാൻ മനസിലാകാതെ ചോദിച്ചു...

“let's breakup ”

“let's breakup ” അത് പറയുമ്പോൾ അവളുടെ കണ്ണിൽ നിന്ന് വെള്ളം വരുന്നുണ്ടായിരുന്നു...

ഞാൻ അവൾ പറഞ്ഞത് കേട്ട് തളർന്നു പോയി...

“ഐഷാ.......” ഞാൻ വിളിക്കുമ്പോളേക്കും അവൾ അത് വഴി വന്ന ഓട്ടോയിൽ കയറിയിരുന്നു... അവൾ തിരിഞ്ഞുപോലും നോക്കാതെ പോയി... എനിക്ക് എന്റെ കൈകലുകൾ തളരുന്നത് പോലെ തോന്നി...ഞാൻ അവിടെ തളർന്നു വീണു...

മുഖത്ത് വെള്ളം വീണപ്പോൾ ആണ് ഞാൻ എഴുന്നേറ്റത്... നോക്കുമ്പോൾ ചുറ്റും കുറെ പേര് കൂടിയിട്ടുണ്ട്... ആരെയൊക്കെയോ തള്ളി മാറ്റി വിവേക് എന്റെ അടുത്തേക്ക് വന്നു... എന്റെ ഉള്ളിലെ വിഷമം കൊണ്ട് ഞാൻ അവനെ കെട്ടിപിടിച്ചു അങ്ങ് കരഞ്ഞു...

“എന്താടാ എന്ത് പറ്റി ” അവൻ വേവലാതിയോടെ ചോദിച്ചു...

“എടാ എന്ന് പറഞ്ഞു അവനെ ഞാൻ ഒന്ന് കൂടെ മുറുക്കി കെട്ടിപിടിച്ചു ” അവൻ എന്നെ പിടിച്ചു വണ്ടിയിൽ കയറ്റി...കൊണ്ട് പോയത് നേരെ

വീട്ടിലേക്ക് ആണ്... വീട്ടിൽ വണ്ടി ചെന്നപ്പോൾ തന്നെ ആഫി ഇറങ്ങി വന്നു... താഴെ വീണു എന്റെ ദേഹത്ത് എല്ലാം മണ്ണായത് കണ്ട് അവൾ ഉമ്മിയെ വിളിച്ചു... ഉമ്മി ഇറങ്ങി വന്നു എന്നെ കണ്ടപ്പോൾ തന്നെ മുഖം വല്ലാതെ ആയി...അവർ മൂന്നും കൂടെ എന്നെ വീട്ടിനകത്തേക്ക് കയറ്റി അവിടെ ഇരുത്തി...

“എന്താടാ മോനെ എന്താ പറ്റിയെ ” ഉമ്മി എന്നോട് ചോദിച്ചു... ഞാൻ ഒന്നും പറയാതെ ആയപ്പോൾ ഉമ്മി വിവേകിനെ നോക്കി..

“ഇവൻ ഒന്നും പറയുന്നില്ല ഉമ്മ... ഞാൻ ആണേ അപ്പോൾ അവിടെ ഇല്ലായിരുന്നു...” വിവേക് പറഞ്ഞു...

“ഉമ്മ എനിക്ക് ഒന്ന് ഉറങ്ങണം..” ഞാൻ എന്റെ അവസ്ഥാ അവരോട് പറയാൻ പറ്റാത്തത് കൊണ്ട് ഞാൻ ഒഴിഞ്ഞു മാറാൻ ശ്രെമിച്ചു...പക്ഷെ അവർ അവിടെ തന്നെ ഇരുന്നു... ഞാൻ പതിയെ കണ്ണുകൾ അടച്ചു കുറച്ചു മുന്നേ നടന്ന കാര്യങ്ങൾ ഒന്നുകൂടെ ആലോചിച്ചു... വിഷമം മാറാൻ ആയി എനിക്ക് ഒന്ന് കരയണം എന്ന് ഉണ്ടായിരുന്നു... പക്ഷെ ഇവർ കൂടെ ഇരിക്കുന്നത് കൊണ്ട് കരയാൻ പറ്റില്ല... വേദന സഹിക്കാൻ പറ്റാതെ ആയപ്പോൾ ഞാൻ ചാടി എഴുനേറ്റ് നേരെ ബാത്റൂമിലേക്ക് കയറി... ഷവർ തുറന്ന് അതിന്റെ അടിയിൽ നിന്ന് അങ്ങ്

കരഞ്ഞു... വേദന കുറേച്ചേ അടങ്ങികൊണ്ട് ഇരുന്നു... ഒരുപാട് നേരം അങ്ങനെ നിന്നു...ഞാൻ നനഞ്ഞ ഡ്രസ്സ് എല്ലാം ചേഞ്ച് ചെയ്ത് പുറത്തിറങ്ങി... ഞാൻ പുറത്തിറങ്ങുമ്പോൾ എന്റെ കണ്ണുകൾ എല്ലാം ചുവന്നിരിക്കുകയായിരുന്നു... ഞാൻ ബെഡിലേക്ക് വന്നു ഇരുന്നു...

“ഉമ്മ ഒന്ന് പുറത്തേക്ക് നിക്കുമോ. ഞാൻ ഇവനോട് ഒരു കാര്യം ചോദിച്ചോട്ടെ ” അവൻ എന്റെ മുഖത്ത് ദേഷ്യത്തോടെ നോക്കിയിട്ട് ഉമ്മിടെ അടുത്ത് പറഞ്ഞു... ഉമ്മി ആഫിയെയും വിളിച്ചു പുറത്തേക്ക് ഇറങ്ങി...

“ടാ ഐഷ എന്താ പറഞ്ഞെ ” അവൻ ദേഷ്യത്തോടെ എന്നോട് ചോദിച്ചു...അവനോട് ഇപ്പോൾ കാര്യം പറഞ്ഞാൽ അവൻ എന്ത് ചെയ്യും എന്ന് എനിക്ക് നല്ലത് പോലെ അറിയാവുന്നത് കൊണ്ട് ഞാൻ അവനോട് പറഞ്ഞില്ല ”

“ടാ അവൾ ഒന്നും പറഞ്ഞില്ല ” ഞാൻ ഒന്ന് അഭിനയിച്ചു നോക്കി... പക്ഷെ അത് ഏറ്റില്ല...

“ടാ എന്നോട് പോലും പറയാൻ പറ്റാത്ത കാര്യം ഉണ്ട് അല്ലെ നിനക്ക്... ശെരി.. ഞാൻ പോകുവാ.. നീ എന്താണ് എന്ന് വെച്ച് കാണിക്ക് ” അവൻ പറഞ്ഞിട്ട് എഴുന്നേറ്റു...

“ആഹ് നീയും പോ... ആരും എന്ന് മനസിലാക്കേണ്ട... എല്ലാരുംകൂടെ ചേർന്ന് സ്നേഹിക്കുന്നു എന്ന് പറഞ്ഞു എന്നെ എന്നെ വട്ടം കളിപ്പിക്കുവാ...” ഞാൻ നല്ല ഉച്ചത്തിൽ ആണ് അത് പറഞ്ഞത്...

“ടാ നീ എന്താ പറഞ്ഞെ ” അവൻ എന്റെ കുത്തിന് പിടിച്ചു ചോദിച്ചു..

“അതേടാ അവൾ പോയി... ഇത്രയും കാലം എന്റെ ജീവനായി കൂടെ നടന്നിട്ട് അവൾ പോയി ” അതും പറഞ്ഞത് അവനെ ഞാൻ കെട്ടിപിടിച്ചു കരഞ്ഞു...

“എടാ പോട്ടെ.. പോയത് പോയി.. പോയത് നന്നായി എന്ന് വിചാരിച്ചാൽ മതി ” അവൻ പറഞ്ഞു....

“നീ എന്താടാ ഉദ്ദേശിക്കുന്നെ ”ഞാൻ കരച്ചിൽ നിർത്തി കണ്ണൊക്കെ തുടച് അവന്റെ മുഖത്തേക്ക് നോക്കി...

“എടാ ഒന്നുമില്ല... ഞാൻ പറഞ്ഞത് അവൾ പോയാൽ വേറെ നല്ല ഒരാൾ കിട്ടും എന്ന് ആണ് ” അവൻ കള്ളം പറയുവാണെന്ന് അവന്റെ മുഖത്തിൽ നിന്ന് എനിക്ക് മനസിലായി...

“ടാ സത്യം പറയടാ...” ഞാൻ എന്റെ രണ്ട് കൈകൊണ്ടും അവന്റെ ഷർട്ടിൽ കയറി പിടിച്ചു...

“എടാ... അത്.. ഞാൻ അറിഞ്ഞ ഒരു കാര്യം ആണ്.. അതിൽ എത്രത്തോളം സത്യം ഉണ്ടെന്ന് ഒന്നും എനിക്ക് അറിയില്ല ” അവൻ പറഞ്ഞു...

“വിവേകേ നീ കാര്യം പറ ”ഞാൻ ചോദിച്ചു...

“എടാ... ഐഷായുമായി ആദിൽ കുറച്ചു നാൾ ആയി ഫോൺ വിളിയും സംസാരവും ഒക്കെ ഉണ്ട്... അത് മാത്രവും അല്ല.. അവൻ പുറകെ നടന്നിരുന്ന കൊച്ച്.. ഐഷ ആയിരുന്നു...” വിവേക് പറഞ്ഞു നിർത്തി...

“എടാ അവനു ഐഷയെ ഇഷ്ടം ആയിരുന്നു.. അത് എനിക്ക് അറിയാമായിരുന്നു.. പക്ഷെ അവൾക്ക് അവനെ ഇഷ്ടമല്ല എന്ന് ആണല്ലോ എന്നോട് പറഞ്ഞത്..” ഞാൻ ചോദിച്ചു

“അത് ശെരിയായിരിക്കും.. എന്തായാലും ഞാൻ നാളെ കൊല്ലത്തേക്ക് പോകുവാ.. എനിക്ക് ഇതിനെ കുറിച്ച് അറിയണം ” വിവേക് എന്തോ തീരുമാനിച്ചുറപ്പിച്ചത് പോലെ ആണ് പറഞ്ഞത്...

“എടാ ഞാനും ഉണ്ട്... എനിക്ക് അതിന്റെ കാര്യം അറിയതെ പറ്റില്ല ” ഞാൻ പറഞ്ഞു... അവൻ ഒരുപാട് തവണ വരണ്ട എന്ന് പറഞ്ഞെങ്കിലും അവസാനം എന്റെ നിർബന്ധത്തിൽ അവനു സമ്മതിക്കേണ്ടി വന്നു.....

“എടാ പിന്നെ നീ ഇത് ഉമ്മിയോട് പറയാൻ നിക്കണ്ട... ഉമ്മി ഒരുപാട് ആഗ്രഹിച്ചതാ അവളെ മരുമകൾ ആയി കിട്ടാൻ... ഇനി അത് കിട്ടില്ല എന്ന് ആകുമ്പോൾ വിഷമം ആകും... നീ പറയാൻ നിക്കണ്ട ” ഞാൻ എന്റെ ഉള്ളിലെ വിഷമം ഒതുക്കികൊണ്ട് പറഞ്ഞു...

“നീ എത്രനാൾ എന്റെ മുന്നിൽ ഇത് ഒളിച്ചു വെക്കും ” എന്ന് ചോദിച്ചു ഉമ്മി ഡോർ തല്ലിതുറന്ന് അകത്തേക്ക് കയറി വന്നു... രണ്ട് പേരും കരഞ്ഞ ലക്ഷണം ഉണ്ട്...

“അത് ഉമ്മി... ഞാൻ ”

“ ഒന്നുമില്ല പോട്ടെ അതൊന്നും ഓർക്കേണ്ട.. എല്ലാം കഴിഞ്ഞു..” എന്ന് എന്ന് പറഞ്ഞു ഉമ്മ എന്നെ മാറോടു ചേർത്തു മുടിയിൽ തഴുകിക്കൊണ്ട് ഇരുന്നു...

“ഉമ്മ ഞാൻ നാളെ വരാം... നിങ്ങൾ ഒന്ന് അവനോട് സംസാരിക്ക്... വരണ്ടന്ന് പറ ” അവൻ ഉമ്മിയോടും ആഫിയോടും പറഞ്ഞു...

“മോനെ... അവനു അവളെ ഇഷ്ടമായിരുന്നു... നിങ്ങൾ പറഞ്ഞത് ഞാൻ പുറത്ത് നിന്ന് കേട്ടു.. ഇനി അഥവാ അവൾ ഇവനെ പറ്റിച്ചതാണേൽ അത് എന്തിന് എന്ന് ഇവൻ അറിയണം ” ഉമ്മി പറഞ്ഞു... അവൻ അത് കേട്ട് അവന്റെ റൂമിലേക്ക് പോയി... ഞാനും ഉമ്മിയും ആഫിയും അവിടെ തന്നെ ഇരുന്നു ഉറങ്ങി... രാത്രി മുഴുവൻ ഞാൻ കരഞ്ഞു... രാവിലെ ഞാൻ ഉണരുമ്പോൾ അടുത്ത് ആഫി ചാരി ഇരുന്നു ഉറങ്ങുന്നുണ്ട്.. പാവം അവൾ ഒരുപാട് കരഞ്ഞെന്ന് തോന്നുന്നു... കണ്ണൊക്കെ വല്ലാതെ ഇരിക്കുന്നു.. ഞാൻ അവിടെ നിന്ന് എഴുനേറ്റ് അവളെ കട്ടിലിൽ പിടിച്ചു കിടത്തി... ഞാൻ ഒന്ന് ഫ്രഷ് ആയി താഴേക്ക് ചെന്നു.. ഉമ്മി അവിടെ ഫുഡ് ഒക്കെ ഉണ്ടാക്കുന്ന തിരക്കിൽ ആയിരുന്നു... ഞാൻ സോഫയിൽ ഇരുന്നു... ഫുഡ് ഒക്കെ ഉണ്ടാക്കി ഉമ്മി ടേബിളിൽ കൊണ്ട് വെച്ചു...

“വാ മോനെ... വന്നു കഴിക്ക് ” ഉമ്മി എന്നെ വിളിച്ചു ഞാൻ അവിടെ പോയി ഇരുന്നു...

അപ്പോൾ ഉമ്മിയുടെ ഫോൺ റിങ് ചെയ്തു... ഉമ്മി പോയി എടുത്തു...

‘ആഹ് കൊടുക്കാം ’ ഫോൺ എടുത്ത് ഇങ്ങനെ പറഞ്ഞിട്ട് എന്റെ നേരെ നീട്ടി... ഞാൻ ഫോൺ വാങ്ങി നോക്കി.. വാപ്പി ആണ്...

“ഹലോ വാപ്പി ” വിളിക്കുമ്പോൾ എന്റെ ശബ്ദം വിറക്കുന്നുണ്ടായിരുന്നു...

“മോനെ ഒരു വർഷം ആയി നീ എന്നെ ഒന്ന് വിളിച്ചിട്ട് ” വാപ്പി അത് പറയുമ്പോൾ ഞാനും ആലോചിച്ചു... കഴിഞ്ഞ വർഷം വിളിച്ചതാണ്.. പിന്നീട് ഞാൻ അങ്ങോട്ട് വിളിച്ചിട്ടുമില്ല... ഇങ്ങോട്ട് വിളിക്കുമ്പോൾ എടുത്തിട്ടുമില്ല.. എടുക്കാഞ്ഞത് ദേഷ്യം കൊണ്ട് അല്ല... ഞാൻ എന്തേലും പണിയിൽ നിക്കുമ്പോൾ ആയിരിക്കും വിളിക്കുന്നത് അപ്പൊ എടുക്കാൻ പറ്റാറില്ല....

“ഉമ്മ എന്നോട് എല്ലാം പറഞ്ഞു... കഴിഞ്ഞത് കഴിഞ്ഞു... നിന്റെ കോഴ്സ് എല്ലാം കഴിഞ്ഞല്ലോ... നീ ഇങ് കയറി പോര്... കുറച്ചു ദിവസം അവിടുന്ന് മാറി നിക്കുന്നത് നല്ലതാ..”വാപ്പി പറഞ്ഞത് ശെരിയാണെന്ന് ഞാനും വിചാരിച്ചു...

“ആഹ് വരാം വാപ്പി... വാപ്പി വിസയും ടികേറ്റും എടുത്തോ ”

എന്ന് പറഞ്ഞു ഞാൻ ഫോൺ ഉമ്മിടെ കയ്യിൽ കൊടുത്തു... ഉമ്മി ഫോൺ കട്ട് ചെയ്തിട്ട്...

“മോനെ.. ”ഉമ്മി വിളിച്ചു...

“വേണ്ട ഉമ്മി... ഉമ്മി പറയാൻ വരുന്നത് എനിക്ക് അറിയാം..കഴിഞ്ഞതൊക്കെ കഴിഞ്ഞു.. ഇനി അതൊന്നും ഓർത്തു നിക്കണ്ട എന്നൊക്കെ അല്ലെ.. അതൊക്കെ ഞാൻ കളഞ്ഞു... പക്ഷെ ഉമ്മി ഇന്നലെ അവനോട് പറഞ്ഞത് പോലെ ഇനി അവൾ എന്നെ ചതിച്ചിട്ടുണ്ടേൽ അത് എന്തിനാണെന്ന് എനിക്ക് അറിയണം .” ഞാൻ പറഞ്ഞു...എന്നിട്ട് ഞാൻ ഭക്ഷണം കഴിച്ചു... എന്നിട്ട് പോകാൻ ആയി ഡ്രസ്സ് എല്ലാം എടുത്ത് വെച്ചു... എന്നിട്ട് വിവേകിനെ വിളിച്ചു...

“ടാ എപ്പോഴാ പോകുന്നെ ” ഞാൻ അവനോട് ചോദിച്ചു...

“എടാ ആദിലിനെ വിളിച്ചിരുന്നു അപ്പോൾ അവൻ ഇന്ന് കൊല്ലത്തു പോകുന്നുണ്ടെന്ന്.. അവൻ ബൈക്കിൽ ആണ് പോകുന്നെ...” അവൻ പറഞ്ഞു...

“അതിനു എന്താ നമ്മളും ബൈക്കിൽ ആണല്ലോ പോകുന്നെ ”ഞാൻ ചോദിച്ചു...

“അത് അല്ലടാ... ഐഷയുടെ കൂട്ടുകാരിയെ വിളിച്ചിരുന്നു... ഇന്നലെ നിന്റെ വീട്ടിൽ നിന്ന് ഇറങ്ങിയപ്പോൾ.. അവൾ പറഞ്ഞു ഇന്നലെ തിരിച്ചു വീട്ടിൽ ചെന്നപ്പോൾ മുതൽ അവൾക്ക് എന്തെന്നില്ലാത്ത സന്തോഷം ആണെന്ന്... പിന്നെ അവളും ഇന്ന് കൊല്ലത്തേക്ക് പോകുകയാണെന്ന്... പക്ഷെ അവൾ ട്രെയിനിൽ ആണ് പോകുന്നത്... അത്കൊണ്ട് നമ്മക്ക് രണ്ട് പേർക്കും ട്രെയിൻ ടിക്കറ്റ് എടുത്ത് വച്ചിട്ടുണ്ട്... ഉച്ചക്ക് 2.20 ന് ആണ്... ”

“ആഹ് ശെരിയെടാ ” എന്ന് പറഞ്ഞു ഞാൻ ഫോൺ കട്ട് ആക്കി...

ബെഡിലോട്ട് ഇരുന്നു... ആഫി ഇതുവരെ എഴുന്നേറ്റിട്ടില്ല... ഞാൻ അവളെ നോക്കി... നല്ല ഉറക്കം ആണ്... ഞാനും അങ്ങോട്ട് കിടന്നു... ചെറുതായി ഒന്ന് മയങ്ങിപ്പോയി.. എഴുന്നേക്കുമ്പോൾ സമയം 1 മണി ആയി... ഞാൻ ബാത്റൂമിൽ പോയി മുഖം ഒന്ന് കഴുകി... ഒന്ന് കുളിച്ചു തിരിചിറങ്ങി... ഡ്രസ്സ് ചെയ്ത് താഴേക്ക് ചെന്നു.. ഫുഡ് കഴിച്ചോണ്ട് ഇരിക്കുമ്പോൾ ആണ് വിവേക് വന്നത്... അവനും

കഴിക്കാൻ വിളമ്പി... ഞങ്ങൾ കഴിച്ചെഴുന്നേറ്റു...

“ടാ പോകാം ഇപ്പൊ പോയാലെ ട്രെയിൻ കിട്ടാത്തൊള്ളൂ ” വിവേക് പറഞ്ഞു... ഞാൻ ഉമ്മിയെ ഒന്ന് നോക്കി ഉമ്മി എന്റെ അടുത്തേക്ക് വന്നു പിറകെ ആഫിയും...

“ഉമ്മി പോയിട്ട് വരാം... ആഫി ” ഞാൻ പറഞ്ഞു..

“മോനെ വേറെ പ്രശ്നം ഒന്നും ഉണ്ടാക്കരുതേ ”ഉമ്മി ചെറിയാ പേടിയുയോടെ പറഞ്ഞു...

“ഇല്ല ഉമ്മി.. പേടിക്കണ്ട ” എന്ന് പറഞ്ഞു ചിരിച്ചുകൊണ്ട് ഉമ്മിയെ കെട്ടിപിടിച്ചു കവിളിൽ ഒരു ഉമ്മ കൊടുത്തു... ആഫിയെയും കെട്ടിപിടിച്ചു.. അവളുടെ നെറ്റിയിൽ ഒരു ഉമ്മ കൊടുത്തു...

എന്നിട്ട് ഞാൻ വണ്ടിയിൽ കയറി... വിവേക് വണ്ടി എടുത്തു...റെയിൽവേ സ്റ്റേഷനിലേക്ക് കുറച്ചു ദൂരം ഉണ്ടായിരുന്നു...അവരോട് ഒക്കെ ചിരിച്ചു സംസാരിച്ചെങ്കിലും എന്റെ ഹൃദയം നീറുകയായിരുന്നു.. ഞങ്ങൾ അങ്ങനെ റെയിൽവേ സ്റ്റേഷനിൽ എത്തി... അവൻ വണ്ടി ഒതുക്കി... ഞാൻ ഇറങ്ങി നോക്കുമ്പോൾ ഒരു ഓട്ടോയിൽ അവൾ... ഐഷ വന്നു ഇറങ്ങി...അവളെ കണ്ടപ്പോളെ അവളോട് സംസാരിക്കാൻ എനിക്ക് തോന്നി... ഞാൻ അങ്ങോട്ട് പോകാൻ തുടങ്ങിയപ്പോൾ വിവേക് എന്റെ കയ്യിൽ കയറി പിടിച്ചു...

“നീ എങ്ങോട്ടാ പോകുന്നെ ” അവൻ എന്നോട് ചോദിച്ചു...

“എടാ അവൾ ദോ പോകുന്നു...”ഞാൻ അവളെ ചൂണ്ടി പറഞ്ഞു...

“എടാ അവൾ നമ്മളെ കണ്ടാൽ അവിടെ കഴിഞ്ഞില്ലേ ” അവൻ എന്നോട് ചോദിച്ചു...

അപ്പോഴാണ് ഞാനും അതിനെ പറ്റി ആലോചിച്ചത്... അങ്ങനെ അവൾ പോയി കഴിഞ്ഞു ഞങ്ങളും അകത്തേക്ക് കയറി... ട്രെയിൻ അവിടെ കിടപ്പുണ്ടായിരുന്നു.... ഞങ്ങൾ രണ്ട് പേരും കയറി... അവൾ ഏത് ബോഗിയിൽ ആണെന്ന് അറിയില്ല... ഞങ്ങൾ സീറ്റിൽ ഇരുന്നു വിവേക് ഫോണിൽ എന്തോ നോക്കുകയാണ്...

“ എന്താണ് നീ നോക്കുന്നേ ” ഞാൻ

വിവേകിനോട് ചോദിച്ചു...

" എടാ അവിടെ വല്ല ഹോട്ടൽ ഉണ്ടോ എന്ന് നോക്കിയതാ ടാ നമ്മൾ പോയിട്ട് ഒരു ദിവസം അവിടെ നിൽക്കേണ്ട അപ്പൊ നേരത്തെ നോക്കി വെക്കാം എന്ന് വിചാരിച്ചു "അവൻ പറഞ്ഞിട്ട് വീണ്ടും ഫോണിലേക്ക് നോക്കി ഇരുന്നു...

ഞാൻ ഹെഡ്സെറ്റ് എടുത്ത് വെച്ച്.. പാട്ട് ഇട്ടു... പതിയെ ഉറക്കത്തിലേക്ക് വീണു... സ്വപ്നം എന്നെ എന്റെ പ്രേണയത്തിലേക്ക് കൊണ്ട് പോയി... കോളേജിൽ പോയ ദിവസം റാഗിംഗ് നടത്തുന്നവന്മാരെ ഇടിച്ചു... അവളോട് സംസാരിച്ചപ്പോൾ അവൾ തിരിഞ്ഞു നോക്കാതെ ബസിലേക്ക് കയറി...അടുത്തദിവസം ആദിൽവരുന്നില്ല എന്ന് പറഞ്ഞതും ഞങ്ങൾ കോളേജിലേക്ക് പോയതും... അവൻ മെസ്സേജ് അയച്ചതും... അവിടെ ചെന്നപ്പോൾ അവൻ പോകാൻ ഇറങ്ങിയതും...

അടുത്ത ദിവസം അവൻ ഞങ്ങളെ ഇടിച്ചതും... ഹോസ്പിറ്റലിൽ ആയതും... ഐഷ ഇഷ്ടം പറഞ്ഞതും... പിന്നീട് അങ്ങോട്ട് നടന്നതും... അവസാനം അവൾ ഇഷ്ടമല്ലെന്ന് പറഞ്ഞത് വരെ... അപ്പോഴേക്കും ഞാൻ ഞെട്ടി എഴുനേറ്റു...

"എന്താടാ എന്ത് പറ്റി " എന്റെ ഞെട്ടൽ കണ്ടു വിവേക് ചോദിച്ചു...

"ഞാൻ സ്വപ്നം കണ്ടെയാ " ഞാൻ പറഞ്ഞു... എന്നിട്ട് ഞാൻ എഴുനേറ്റ് പോയി മുഖം ഒക്കെ കഴിക്കു വന്നു ഇരുന്നു...

അത് കഴിഞ്ഞു ഞാൻ ഒന്നും മിണ്ടാതെ ഇരുന്നു... അങ്ങനെ ഞങ്ങൾ കൊല്ലത്തെത്തി... ട്രെയിനിൽ നിന്നിറങ്ങിയപ്പോൾ ഞാൻ ആദ്യം നോക്കിയത് ഐഷയെ ആണ്... കുറച്ചു ദൂരെയായി ഒരു ചുവന്ന തട്ടമിട്ട അവളെ ഞാൻ കണ്ടു.. ഞാൻ വിവേക് നോക്കിയപ്പോൾ അവൻ അവളെ കണ്ടിരുന്നു.... ഞാൻ

ആളുകളെ തള്ളിമാറ്റി അവളുടെ അടുത്തേക്ക് പോയി... അവളുടെ അടുത്ത് എത്താറായപ്പോൾ വിവേക് എന്റെ കയ്യിൽ പിടിച്ചു... ഞാൻ അവനെ നോക്കി... ആ തല കൊണ്ട് വലതു വശത്തേക്ക് നോക്ക് എന്ന രീതിയിൽ കാണിച്ചു... ഞാൻ കണ്ട കാഴ്ച എന്നെ തളർത്തിക്കളഞ്ഞു.. ചിരിച്ചുകൊണ്ട് ഐഷയെ നോക്കി നിൽക്കുന്ന ആദിൽ... അവന്റെ കയ്യിൽ ബാഗ് ഒക്കെ ഉണ്ട്.. അവനെ കണ്ട അയച്ച ഓടിച്ചെന്ന് അവനെ കെട്ടിപ്പിടിച്ചു... അവൻ അയിഷയെ കറക്കി താഴെ നിർത്തി... എന്നിട്ട് അവളുടെ തോളിൽ കൈ ഇട്ട് നടന്നു പോയി... എനിക്ക് അത് കണ്ടപ്പോൾ ഭൂമി പിളർന്നു താഴെ പോയാൽ മതി എന്ന് തോന്നി... പക്ഷേ എനിക്ക് അവിടെ നിൽക്കാൻ പറ്റിയില്ല.... അവന്റെ അടുത്തേക്ക് ഓടി.. എന്നെക്കാൾ നല്ല വേഗത്തിൽ വിവേക് എന്റെ പുറകിൽ നിന്ന് ഓടി... ചാടി അവന്റെ മുതുകത്തു ചവിട്ടി... നിമിഷനേരംകൊണ്ട് അവനും ഐഷയും താഴെവീണു... ആരാണ് ചവിട്ടിയത് എന്ന് അറിയാൻ അവൻ തിരിഞ്ഞു നോക്കിയപ്പോഴാണ് ഞങ്ങളെ രണ്ടുപേരെയും കണ്ടത്... ഞങ്ങളെ കണ്ടപ്പോൾ അവരുടെ രണ്ടുപേരുടെയും മുഖം പെട്ടെന്ന് മാറി ...

" എന്താണ് നിങ്ങൾ തമ്മിലുള്ള ബന്ധം " ഞാൻ അയിഷയെ നോക്കി ദേഷ്യത്തിൽ ചോദിച്ചു..

"അത് നീ അറിയണ്ട കാര്യം ഇല്ല " ആദിൽ ആണ് മറുപടി പറഞ്ഞത്...

"അറിയണമെടാ പുന്നാര മോനെ " എന്ന് പറഞ്ഞു ഞാൻ അവന്റെ നെഞ്ചിൽ ആഞ്ഞു ചവിട്ടി ചവിട്ട് കൊണ്ട് അവൻ താഴെ വീണു... അവൻ ചാടി എഴുന്നേറ്റ് എന്നെ അടിക്കാൻ ആയി ഓടി വന്നു അവൻ കൈ വീശിയതും അവന്റെ കൈ ഞാൻ തടഞ്ഞു അവന്റെ കവിളിൽ കൈ മടക്കി ഇടിച്ചു ഇടി കൊണ്ട് അവൻ തെറിച്ചു പോയി അവൻ ചെന്ന് വീണേത് വിവേകിന്റെ കയ്യിൽ... വിവേക് അവനെ പഞ്ചിങ് ബാഗ് ആക്കി... അവന്റെ വയറ്റിൽ വിവേക് നിർത്താതെ ഇടിച്ചു... ഇടി കൊണ്ട് ആദിൽ കുഴഞ്ഞു വീണു... അപ്പോഴേക്കും ഒരു പോലീസ് വണ്ടി അങ്ങോട്ട് വന്നു... കൂടി നിന്ന ആളുകളെ എല്ലാം തള്ളി മാറ്റി അവർ അകത്തേക്ക് വന്നു എന്നിട്ട് തളർന്ന ഇരിക്കുന്ന ആദിലിനെ എടുത്ത് ഹോസ്പിറ്റലിൽ കൊണ്ട് പോയി ആയിഷയും അവരുടെ കൂടെ പോയി... പുറകെ വന്ന ഒരു പോലീസുകാരൻ ഞങ്ങളെ രണ്ടുപേരെയും

തള്ളി ജീപ്പിൽ കയറ്റി... നേരെ പോലീസ് സ്റ്റേഷനിലേക്ക് പോയി.. അവിടെ ഇല്ലായിരുന്നു

പോലീസുകാരൻ ഞങ്ങളെ ലോക്കപ്പിലേക്ക് കയറ്റി... എന്നിട്ടയാൾ അകത്തേക്കു വന്നു..

" നീയൊക്കെ ഞങ്ങടെ സ്റ്റേഷൻ പരിധിയിൽ വന്നിട്ട് ഗുണ്ടായിസം കാണിക്കും അല്ലേടാ " എന്ന് പറഞ്ഞ് പോലീസുകാരൻ വിവേകിനെ കുനിച്ചുനിർത്തി കൈമുട്ട് കൊണ്ട് ഇടിച്ചു... അതിനുശേഷം അയാൾ എന്റെ അടുത്തേക്ക് വന്നു... അപ്പോൾ പുറകിൽ നിന്ന് ഒരു സ്ത്രീയുടെ ശബ്ദം കേട്ടു... ഞങ്ങൾ അങ്ങോട്ട് നോക്കുമ്പോൾ യൂണിഫോമിൽ ഒരു സുന്ദരിയായ സ്ത്രീ നിൽക്കുന്നു...

"എന്താണ് ഇവർക്ക് എതിരെ ഉള്ള കേസ് " അവർ ആ പോലീസുകാരനോട് ചോദിച്ചു...

" ഇവന്മാരെ അറിയില്ലേ സ്റ്റേഷനിൽ വെച്ച് ഒരു പയ്യനെ എടുത്തിട്ട് ഇടിച്ചു... അവൻ ഇപ്പോൾ ഹോസ്പിറ്റലിലാ " അയാൾ മറുപടി കൊടുത്തു...

" നിങ്ങൾ അവരെയും കൊണ്ട് ഇങ്ങോട്ട് ഇറങ്ങി വന്നേ " അവർ പറഞ്ഞിട്ട് പോയി...

" നിനക്കുള്ളത് അവിടെ ചെന്നിട്ട് " അയാൾ എന്നോട് പറഞ്ഞു.. എന്നിട്ട് അയാൾ ലോക്കപ്പ് തുറന്ന് പുറത്തേക്ക് പോയി.. വേറെ ഒരു പോലീസുകാരൻ വന്നു എന്നെയും വിവേകിനെയും അവരുടെ റൂമിലേക്ക് കൊണ്ടുപോയി... അകത്തു കയറി അവിടെ ഉണ്ടായിരുന്നു നെയിം ബോർഡ് ഞാൻ വായിച്ചു...

ഗാഥാ നിസാം. സബ് ഇൻസ്പെക്ടർ ആണ്... അത്രയും ഇടി കൊണ്ടത് കൊണ്ട് വിവേകിന് ചെറിയ പെയിൻ ഉണ്ടായിരുന്നു...

“ അവനെ അങ്ങോട്ട് ഇരുത്തിയിട്ട് നീ ഇവിടെ ഇരിക്ക് ” അവർ എന്നോട് പറഞ്ഞു... ഞാൻ അവനെ അടുത്തുണ്ടായിരുന്ന കസേര ഇരുത്തിയിട്ട് ഞാനും അതിനപ്പുറത്ത് കസേരയിലിരുന്നു....

“എന്ത് കാരണം കൊണ്ട് ആണ് നിങ്ങൾ അവനെ ഇടിച്ചത് ” അവർ ചോദിച്ചു...

“സത്യം സത്യം പോലെ പറഞ്ഞാൽ ഇടിയുടെ എണ്ണം എങ്കിലും കുറയും.. കേട്ടല്ലോ ” അവർ ഒരു ഭീഷണിയുടെ സ്വരത്തിൽ പറഞ്ഞു...

“മാഡം ഞങ്ങളെ 3 പേരും എറണാകുളത്ത് പോളിടെക്നിക്കിന് ഒരുമിച്ച് പഠിച്ചവർ ആണ്... കോളേജ് തുടങ്ങിയപ്പോൾ തൊട്ടുള്ള ഫ്രണ്ട്സ് ആയിരുന്നു ഞങ്ങൾ...

ഇത് ഞങ്ങളുടെ ലാസ്റ്റ് ഇയർ ആയിരുന്നു..

ലാസ്റ്റ് ഇയറിന്റെ ഫസ്റ്റ് ദിവസം ഞങ്ങൾ കോളേജിലേക്ക് പോയപ്പോൾ സെക്കൻഡ് ഇയർ പഠിക്കുന്ന കുറച്ച് പിള്ളേർ... കോളേജ് പെൺകുട്ടികളെ റാഗ് ചെയ്യുന്നത് കണ്ടു... ഞങ്ങൾ അവരുടെ അടുത്തേക്ക് പോയി... അതിലെ ഒരു കുട്ടിയെ എനിക്ക് വല്ലാണ്ട് അങ്ങ് ഇഷ്ടപ്പെട്ടു... ഞങ്ങൾ അവന്മാരോട് ഇവിടെ റാഗിംഗ് ഒന്നും പറ്റില്ല എന്ന് പറഞ്ഞു ആ പെൺകുട്ടികളോട് പോയ്ക്കോളാൻ പറഞ്ഞു... അപ്പോൾ അവൻ മാരിൽ ഒരാൾ അവളുടെ ദേഹത്ത് കൈ വെച്ചു.. അങ്ങനെ ഞങ്ങടെ അവന്മാരെ ഇടിച്ചു... അന്ന് വൈകുന്നേരം ഞാൻ അവളോട് സംസാരിച്ചെങ്കിലും അവൾ ഒന്നും പറയാതെ ബസ് കയറി പോയി... അടുത്ത ദിവസമാണ് തൊട്ടു ആദിലിനു മാറ്റങ്ങൾ വന്നു തുടങ്ങിയിരുന്നു.. അന്ന് അവൻ കോളേജിൽ വരുന്നില്ല എന്ന് പറഞ്ഞു എന്നിട്ട് ഞങ്ങളോട് കുറെ ദേഷ്യപ്പെട്ടു..

അന്ന് ഞങ്ങൾ മാത്രം കോളേജിൽ പോയി അവൻ വന്നില്ല.. അന്ന് വൈകുന്നേരം വിവേകിന്റെ ഫോണിൽ ഒരു മെസ്സേജ് വന്നു... ആദിലിന്റെ ആയിരുന്നു അവൻ റൂം മാറുകയാ എന്നായിരുന്നു പറഞ്ഞത്...ഞങ്ങൾ അവിടെ ചെന്നപ്പോൾ അവൻ പോകാൻ ഇറങ്ങി.. ഞങ്ങൾ അവനോട് കാര്യങ്ങൾ സംസാരിച്ചെങ്കിലും അവൻ പോവാൻ തന്നെ തീരുമാനിച്ചു... അടുത്ത ദിവസം ഞങ്ങൾ കോളേജിൽ കയറിയപ്പോൾ ആ സെക്കന്റ് ഇയർ സ്റ്റുഡൻസ് കൂടെ ആദിലും ഉണ്ടായിരുന്നു... അന്ന് അവന്മാരോട് സംസാരിക്കാൻ പോയപ്പോൾ അവന്മാർ ഞങ്ങളെ എടുത്ത് ഇട്ട് ഇടിച്ചു..2 മാസത്തോളം ഞങ്ങൾ രണ്ടും ഹോസ്പിറ്റലിൽ ആയിരുന്നു... കയ്യും കാലും ഒക്കെ ഒടിഞ്ഞിട്ട്..."

"ഓ അപ്പൊ അതിന്റെ പ്രതികാരം തീർത്തതാണ് അല്ലെ " അവർ ഇടക്ക് കയറി ചോദിച്ചു...

"അല്ല മാഡം.. അന്ന് ഞങ്ങളെ ഹോസ്പിറ്റലിൽ ആരോ കൊണ്ട് ആക്കി ബോധം ഇല്ലാത്തത്കൊണ്ട് ആരാണെന്ന് അറിയാൻ പറ്റിയില്ല... അന്ന് വൈകുന്നേരം അവർ വന്നോപ്പോൾ ആണ് ഞങ്ങളെ കൊണ്ട് ആക്കിയത് അന്ന് ഞങ്ങൾ റാഗിംഗിൽ നിന്ന് പറഞ്ഞു വിട്ട പിള്ളേർ ആണ് എന്ന്... {അവിടം മുതൽ ഇന്ന് നടന്ന കാര്യങ്ങൾ വരെ പറഞ്ഞു }"

"അപ്പൊ അതാണ് കാര്യം.. ഇതൊക്കെ സത്യമാണോന്ന് അറിയണമല്ലോ... അവരെ വിളിപ്പിക്കാം " ഗാഥാ മാഡം ഒരു കോൺസ്ട്രബിളിനെ വിളിച്ചിട്ട് കാര്യം പറഞ്ഞു അവരോട് വരാൻ പറയാൻ പറഞ്ഞു... ഞാൻ എന്റെ ഫോൺ എടുത്തു... ഞങ്ങൾ മൂന് പേരും നിക്കുന്ന ഫോട്ടോയും ഞാനും ഐഷയും നിക്കുന്ന ഫോട്ടോയും ഗാഥാ മാഡത്തിന്റെ കാണിച്ചു...അവർ ഫോൺ വേടിച്ചു എല്ലാം നോക്കി ഫോൺ അവിടെ വെച്ചു..... ഞങ്ങളോട് അപ്പുറത്തെ റൂമിലേക്ക് മാറി ഇരിക്കാൻ പറഞ്ഞു...

1 മണിക്കൂർ കഴിഞ്ഞപ്പോൾ അവർ വന്നു... ആദിലിനു ഒട്ടും വയ്യാന്നു അവനെ കണ്ടാലേ അറിയാം...അവർ വന്നപ്പോൾ ഞങ്ങളെയും വിളിച്ചു...

“ആദിൽ എന്ന് അല്ലെ പേര് ? ”ഗാഥാ മാഡം ആദിലിനോട് ചോദിച്ചു...

“അതെ മാഡം ” അവൻ പറഞ്ഞു...

“ഈ ഇരിക്കുന്നവരെ നിങ്ങൾക്ക് അറിയാമല്ലോ ”ഗാഥാ മാഡം ആദിലിനോട് ചോദിച്ചു...

“ഇവർ ആണ് മാഡം എന്നെ അവിടിത്ത് തല്ലിയത് ” അവൻ പറഞ്ഞു...

“അതിനു മുൻപേ വല്ല പരിചയവും ഉണ്ടോ ”

“മാഡം ഞങ്ങൾ ഒരുമിച്ച് പഠിച്ചതാണ് ”

“ok...”

“നീയും ഇവനുമായുള്ള ബന്ധം ” ഗാഥാ മാഡം ഐഷയോട് ചോദിച്ചു...

“ഇയാൾക്ക് എന്നെ ഇഷ്ടമായിരുന്നു ” അവൾ എന്നെ കൈ ചൂണ്ടിക്കൊണ്ട് പറഞ്ഞു...

“നിനക്ക് ഇഷ്ടമില്ലായിരുന്നോ ” ഗാഥാ മാഡം ചോദിച്ചു...

“അല്ലായിരുന്നു ” അവൾ അപ്പൊ തന്നെ ഉത്തരം പറഞ്ഞു... അത് കേട്ട് എന്റെ ഹൃദയം പിടച്ചു... വിവേക് എന്നെ നോക്കി... എന്റെ കണ്ണുകൾ നിറഞ്ഞു... അവൾ എന്നെ പറ്റിക്കുകയായിരുന്നു എന്നാ സത്യം ഞാൻ മനസിലാക്കി...

“ദേ നിന്റെ വേഷം കേട്ട് ഇവിടെ ഇറക്കരുത്... ഇത് എന്താ ” മാഡം എന്റെ

ഫോണിൽ ഫോട്ടോ അവൾക്ക് കാണിച്ചു കൊടുത്തു...

“ഇനി നി ഇവൻ ബലം പ്രോയോഗിച്ച് എടുത്തതാണെന്ന് പറഞ്ഞാലും നടക്കില്ല... കാരണം നിന്റെ മുഖത്തെ ചിരി കണ്ടാൽ അറിയാം നി സന്തോഷമായി എടുത്തതാണെന്ന് ” അത് കേട്ടപ്പോൾ അവൾ ആകെ വല്ലാതെ ആയി... മുഖം ഒക്കെ വിളറി വെളുത്തു...

“അടിച്ചു നിന്റെ കരണം പൊട്ടിക്കേണ്ടതാണ്... പക്ഷെ സ്ത്രികളെ ഉപദ്രവിക്കുന്നത് കുറ്റകരമായി പോയി... ഇനി നി സത്യം പറ ”മാഡം ചിരിച്ചുകൊണ്ട് ആണ് പറഞ്ഞത്...

അവൾ ആദിലിനെ ഒന്ന് നോക്കി... എന്നിട്ട് എന്നെയും നോക്കി... അവളുടെ നോട്ടം കണ്ടപ്പോഴേ ഞാൻ നോട്ടം മാറ്റി...

“നി പറയുന്നുണ്ടോ അതോ ആളെ വിളിക്കണോ....”മാഡം അവളോട് ചോദിച്ചു അവൾ അപ്പോഴും ഒന്നും മിണ്ടിയില്ല...

“സുഷമേ... ഒന്ന് ഇങ് വന്നേ ” ഒരു ലേഡി കോൺസ്‌ട്രബിൾ അകത്തേക്ക് വന്നു

“ഇനിയും നി ഒന്നും മിണ്ടിയില്ലേൽ വാക്കി കാര്യം സുഷമ നോക്കിക്കോളും ” എന്ന് പറഞ്ഞു ഗാഥാ മാഡം കസേരയിലേക്ക് ചാരി കൈ കെട്ടി ഇരുന്നു...

“വേണ്ട മാഡം ഞാൻ പറയാം ” ഐഷ പേടിച്ചു പറഞ്ഞു...

“എന്നാ സമയം കളയാതെ വേഗം പറഞ്ഞോളൂ ”

“മാഡം രണ്ട് വർഷം മുൻപ് ഇഷ്ടമാണെന്ന് പറഞ്ഞു ഈ ഇക്ക എന്റെ പിറകെ കൂടി... (ആദിലിനെ നോക്കി അവൾ പറഞ്ഞു ) കുറെ ഞാൻ പറഞ്ഞു ഒഴിവാക്കിയതാ പക്ഷെ പോയില്ല പിന്നെയും പിന്നെയും പുറകെ വന്നു... പക്ഷെ എനിക്ക് എപ്പോഴോ ഈ ഇക്കയെ ഇഷ്ടമായി... അങ്ങനെ ഞാനും തിരിച്ചു ഇഷ്ടമെന്ന് പറഞ്ഞു... അങ്ങനെ ദിവസങ്ങൾ കടന്ന് പോയി... എനിക്ക് ഇവരുടെ കോളേജിൽ അഡ്മിഷൻ എടുത്തു... ഫസ്റ്റ് ഡേ തന്നെ റാഗിംഗിൽ കുടുങ്ങി... പക്ഷെ അന്ന് അജാസ് ഇക്ക എന്നെ രക്ഷിച്ചു... പക്ഷെ ആദിലിക്കാക്ക് അത് ഇഷ്ടപ്പെട്ടില്ല..അത് എനിക്ക് മനസിലായി... അന്ന് വൈകിട്ട് അജാസ് ഇക്ക സംസാരിക്കാൻ വന്നപ്പോൾ ഞാൻ അധികം സംസാരിക്കാതെ ബസ് കയറി പോയി... അന്ന് രാത്രി ആദിലിക്ക വിളിച്ചിട്ട് എന്നോട് ഒരു കാര്യം പറഞ്ഞു...'അജാസിക്കയെ പറ്റിക്കാൻ വേണ്ടി ഇഷ്ടമാണെന്ന് പറയാൻ ' ഞാൻ അത് പറ്റില്ല എന്ന് പറഞ്ഞു അത്കൊണ്ട് അടുത്ത ദിവസം ആദിൽ ഇക്ക കോളേജിൽ വന്നില്ല... അന്ന് ഞാൻ അജാസ് ഇക്ക കാണാത്ത രീതിയിലാണ് നടന്നത്...അന്ന് വരാത്തത് കൊണ്ട് ഞാൻ ആദിൽ ഇക്ക പറഞ്ഞ കാര്യം സമ്മതിച്ചു...എനിക്ക് അവരോട് സംസാരിക്കാൻ വേണ്ടി ഒരു പ്രശ്നം ഉണ്ടാകണം എന്ന് പറഞ്ഞു ആദിൽ ഇക്ക അന്ന് റൂം മാറി...അന്ന് വൈകിട്ട് ഈ വിവേക് ഏട്ടന്ന് വിളിച്ചിട്ട് എന്നോട് ഈ അജാസ് ഇക്കാക്ക് എന്നോട് ഉള്ള സ്നേഹം പറഞ്ഞു തന്നു.. അപ്പൊ ഞാനും കരുതി ഒന്ന് നോക്കാമെന്നു... പക്ഷെ അടുത്ത ദിവസം അടി ഉണ്ടാകും എന്ന് ഞാൻ പ്രേധിക്ഷിച്ചില്ല.. അന്ന് ആദിൽ ഇക്ക ആണ് എന്നോട് ഇവരെ ഹോസ്പിറ്റലിൽ കൊണ്ട് പോകാൻ

പറഞ്ഞത്.. അങ്ങനെ ഞാൻ ഹോസ്പിറ്റലിൽ ചെന്ന് ഇഷ്ടമാണെന്ന് പറഞ്ഞു...അന്ന് തൊട്ട് എന്നും ഹോസ്പിറ്റലിൽ പോകും... അങ്ങനെ വിശ്വാസം പിടിച്ചെടുത്തു... അങ്ങനെ ഇരിക്കെ ഒരു ദിവസം ആദിൽ ഇക്ക കുറച്ചു പൈസ ചോദിച്ചു... എന്റെ കയ്യിൽ ഇല്ലായിരുന്നു... അപ്പോഴാണ് ആദിലിക്ക ഒരു ബുദ്ധി പറഞ്ഞു തന്നത്... ഹോസ്പിറ്റലിൽ ആണെന്നും അവൾക്ക് വേണ്ടി കുറച്ച് പൈസ വേണം എന്നും പറയാൻ പറഞ്ഞു...

എന്നിട്ട് വേറൊരു നമ്പർ തന്നിട്ട് ജോബിൻ എന്ന് പറഞ്ഞ് സേവ് ചെയ്യാൻ പറഞ്ഞു.. അന്ന് ഞാൻ ആദിൽ ഇക്കാടെ വീട്ടിൽ ചെന്നു... ഞങ്ങൾ സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ ആണ്.. ആദിൽ ഇക്ക വിളിച്ചത്... മറ്റേ നമ്പറിൽ നിന്ന് വിളിച്ചത്... എന്നിട്ട് പ്ലാൻ ചെയ്ത പോലെ വിളിച്ചു കൂട്ടുകാരിക്ക് ആക്സിഡന്റ് പറ്റിയെന്നും ക്യാഷ് വേണം എന്നും പറഞ്ഞു.. ഞാൻ തലകറങ്ങി വീഴുന്ന പോലെ അഭിനയിച്ചു.. അജാസിക്ക് അത് സത്യമെന്ന് കരുതി വിശ്വസിച്ചു... അന്ന് പൈസ തന്നു.. അതിനുശേഷം എനിക്കും ഒരു വിശ്വാസം വന്നു എന്ത് ചോദിച്ചാലും തരും എന്ന്.. ആദിൽ ഇക്ക എന്നോട് അജാസിക്കയുമായി ഉള്ള ബന്ധം അവസാനിപ്പിക്കാൻ പറഞ്ഞു... എനിക്ക് അവസാനിപ്പിക്കാൻ തോന്നിയില്ല ഞാൻ അത് കണ്ടിന്യൂ ചെയ്തു പോയി ആദിൽ ഇക്കാക്ക് അതിൽ നീരസം ഉണ്ടായിരുന്നു.... ഞാൻ ചോദിച്ചത് എല്ലാം അജാസ് ഇക്കാ എനിക്ക് വാങ്ങി തന്നു.... പക്ഷേ ഇവർ വീണ്ടും ഒന്നിച്ചപ്പോൾ എനിക്ക് മാനസികമായി എന്തൊക്കെയോ പ്രശ്നങ്ങൾ വന്നുതുടങ്ങി... രണ്ടു പേരോട് പറഞ്ഞപ്പോഴും അവർ രണ്ടുപേരും അത് കാര്യമായി എടുത്തില്ല... ഞാനത് കണ്ടില്ല എന്ന് നടിച്ചു എങ്കിലും എനിക്കത് കഴിയുന്നുണ്ടായിരുന്നില്ല... അങ്ങനെ ക്ലാസ് അവസാനമായപ്പോൾ ഞാന് അജാസിക്കയോട് ബ്രേക്ക് ആകാമെന്ന് പറഞ്ഞു... അങ്ങനെ ഞാൻ ട്രെയിൻ കയറി വീട്ടിലേക്ക് വരുമ്പോൾ ഇവർ എന്റെ കൂടെ ഉണ്ടായിരുന്ന എന്നാ കാര്യം എനിക്ക് അറിയില്ലായിരുന്നു ഇങ്ങനെയുള്ള പ്രശ്നങ്ങൾ ഉണ്ടാകും എന്ന് എനിക്ക് അറിയില്ലായിരുന്നു മാഡം" അവൾ പറഞ്ഞു നിർത്തിയതും രണ്ട് കാര്യങ്ങൾ സംഭവിച്ചു... ഒന്ന് ഐഷയുടെ കവിളിൽ ഗാഥാ മാഡത്തിന്റെ കൈ പതിഞ്ഞു... കൂടെ ഇത് കേട്ടിരുന്ന ഞാൻ ചാടി എഴുന്നേറ്റ് ആദിലിനെ ചവിട്ടി തെറിപ്പിച്ചു... ഞാൻ വീണ്ടും അവന്റെ അടുത്തേക്ക് ഓടി അടുത്തെങ്കിലും എനിക്ക് അവനെ ചവിട്ടാൻ പറ്റിയില്ല എവിടുന്നോ വന്ന പോലീസുകാർ എന്നെ പിടിച്ചു മാറ്റി നിർത്തി...

“നിയൊക്കെ ഒരു പെണ്ണ് ആണോടി... 500,1000 രൂപക്ക് കിടക്ക പങ്കിടാൻ പോകുന്ന വേശികൾക്ക് പോലും ഇതിലും മാന്യത ഉണ്ടല്ലോടി ” ഗാഥാ മാഡം ഐഷയോട് പറഞ്ഞു“ഇവളുടെ വീട്ടിൽ നിന്ന് ആളെ വിളിപ്പിക്ക് പെട്ടന്ന് ” ഗാഥാ മാഡം സുഷമ മാഡത്തിനോട് പറഞ്ഞു.. അവർ ഐഷയുടെ വീട്ടിലെ നമ്പർ വാങ്ങി... പുറത്തേക്ക് പോയി...

“അവനെ എടുത്ത് അകത്തിട്ടേരെ ” ഗാഥാ മാഡം ഒരു പോലീസ് കാരനോട് പറഞ്ഞു ”അജാസ് ഇവിടെ ഇരിക്ക് ” ഗാഥാ മാഡം എന്നോട് പറഞ്ഞു ഞാൻ ദേഷ്യം അടക്കി പിടിച്ചു അവിടെ ഇരുന്നു...

“അജാസ് ആണ് തീരുമാനം എടുക്കണ്ടത്... ഇവർക്കെതിരി വഞ്ചന കുറ്റത്തിന് കേസ് എടുക്കട്ടെ ”

“വേണ്ട മാഡം..എല്ലാരും പെണ്ണിനെ വിശ്വസിക്കരുത് ചതിക്കും എന്ന് പറഞ്ഞപ്പോളും ഞാൻ അത് വിശ്വസിച്ചിരുന്നില്ല... പക്ഷെ ഇതിപ്പോ എന്റെ ജീവിതത്തിലും സംഭവിച്ചു.. അവനെ ഇറക്കി വിട്ടേരെ മാഡം എനിക്ക് പരാതി ഒന്നും ഇല്ല ” ഉള്ളിൽ നെഞ്ചിൽ നീറുകയാണെങ്കിലും ഞാൻ ചിരിച്ചുകൊണ്ട് ആണ് പറഞ്ഞത്..

“അജാസ് ആരെങ്കിലും ഒരാൾ ചെയ്ത കുറ്റത്തിന് എല്ലാരുടെയും മുകളിൽ പഴിചാരണ്ട കാര്യം ഇല്ല...ഇവളെ പോലെ ഉള്ളവളുമാർ ചെയ്യും.. വാക്കി ഉള്ളവർ അവരുടെ അവസ്ഥാ കൊണ്ട് ആണ് പ്രേമം ഉപേക്ഷിക്കുന്നത്... അത് നിങ്ങളും മനസിലാക്കണം ” അവർ പറഞ്ഞു നിർത്തി...

“മാഡം ഞങ്ങൾ എന്നാൽ പൊക്കോട്ടെ ” ഞാൻ അവരോട് ചോദിച്ചു...

“നിങ്ങൾ പോയാൽ ഇവരുടെ കാര്യം ” ഗാഥാ മാഡം ഐഷയെ നോക്കി പറഞ്ഞു...

“എനിക്ക് ഇവളുടെ മുഖം കാണുന്നതേ ഇഷ്ടമല്ല.. ഞങ്ങൾ പൊക്കോട്ടെ ” ഞാൻ ചോദിച്ചു... എന്റെ വിഷമം മനസിലാക്കിയിട്ട് ആകണം...

“നിങ്ങൾക്ക് എതിരെ കേസ് എടുക്കണ്ടതാണ്... പിന്നെ ഇവരുടെ ഭാഗത്തു തെറ്റ് ആയതുകൊണ്ട് മാത്രം ആണ് കേസ് എടുക്കാത്തത്... ശെരി നിങ്ങൾ പൊക്കോ.... അവിടുന്ന് ഇറങ്ങുമ്പോൾ എന്റെ മനസ്സ് അസ്വസ്ഥമായിരുന്നു...

“ ടാ ഇന്നിവിടെ തന്നിട്ട് നാളെ അങ്ങ് പോവാ ”

വിവേക് പറഞ്ഞു

“ ഇല്ലടാ ഞാൻ പോവുക എനിക്ക് ഇവിടെ നിൽക്കാൻ പറ്റില്ല ” ഞാൻ പറഞ്ഞു

“ എന്നാ നമുക്ക് രണ്ടുപേർക്കും ടിക്കറ്റ് ബുക്ക് ചെയ്യട്ടെ ” വിവേക് ചോദിച്ചു

“ എടാ വേണ്ടടാ നീ നിങ്ങടെ നാട്ടിലേക്ക് പൊയ്ക്കോ ഞാൻ ഒറ്റയ്ക്ക് പൊയ്ക്കോളാം ” ഞാൻ പറഞ്ഞു

“ എടാ ഞാനും വരാം കുഴപ്പമില്ല ”അവൻ പറഞ്ഞു അവന്റെ മുഖത്ത് ഞാൻ ആത്മഹത്യ ചെയ്യും എന്നുള്ള പേടി ഉണ്ടായിരുന്നു...

" എടാ നീ പേടിക്കേണ്ട ഞാൻ ആത്മഹത്യ ഒന്നും ചെയ്യില്ല... അവൾ പോയാൽ പോട്ടെ എനിക്ക് ഉമ്മി ഉണ്ട് ആഫി ഉണ്ട് വാപ്പിയും ഉണ്ട് ഇവരെല്ലാം എനിക്ക് വേണ്ടി കാത്തിരിക്കുന്നവരാണ്... അങ്ങനെയുള്ളപ്പോൾ ഞാൻ ആത്മഹത്യയ്ക്ക് ഒന്നും ശ്രമിക്കില്ല..." അവസാനം അവൻ എനിക്ക് മാത്രം ടിക്കറ്റ് ബുക്ക് ചെയ്തു... രാത്രി 7 മണിക്കാണ് ട്രെയിൻ.... അങ്ങനെ ആവാൻ എന്റെ കൂടെ വന്നു എന്ന് ട്രെയിനിൽ കയറ്റി വിട്ടു.... ഞാൻ പതിയെ ഉറക്കത്തിലേക്ക് പോയി.... ഉറക്കമുണരുമ്പോൾ ഏകദേശം സ്ഥലം എത്താറായി മൂന്ന് സ്റ്റേഷൻ കഴിഞ്ഞാൽ സ്ഥലം എത്തി... ഞാനൊന്ന് പോയി മുഖം കഴുകി വന്നിരുന്നു... ഫോൺ എടുത്തു നോക്കിയപ്പോൾ ഒരുപാട് മിസ്കോൾ കടക്കുന്നു... ഉമ്മിയും ആഫിയുമാണ് വിളിച്ചിരിക്കുന്നത്... ഞാൻ തിരികെ വീട്ടിലേക്ക് ആണ് പോകുന്നത് അതുകൊണ്ട് ഞാൻ അവരെ വിളിക്കുന്നില്ല.... സ്റ്റേഷൻ എത്തി ഞാൻ പുറത്തേക്കിറങ്ങി.... പതിയെ നടന്നു നീങ്ങി... സമയം 11 മണിയോടെ അടുത്തായിരുന്നു... ഞാൻ സ്റ്റേഷന് പുറത്തേക്കിറങ്ങിയ റോഡിലേക്ക് നടന്നതും ഫോണിൽ ഒരു കോൾ വന്നു.... ഞാൻ റോഡ് ആണെന്ന് ശ്രദ്ധിക്കാതെ മുന്നിലൂടെ നടന്നു ഫോൺ എടുത്തു നോക്കിയതും പെട്ടന്ന് ഒരു കാർ വന്നു എന്നെ ഇടിച്ചു തെറിപ്പിച്ചു....

---------------------------------------------------

ഞാൻ ആ സ്വപ്നം കണ്ട് പെട്ടന്ന് ഉറക്കത്തിൽ നിന്ന് ഞെട്ടി ഉണർന്നു....ചുറ്റും നോക്കി... എന്റെ വീട് ആണ്...ഞാൻ മുഖം ഒക്കെ കഴുകിയിട്ടു phone എടുത്ത്

നോക്കി..

ഞാൻ ആ സ്വപ്നം കണ്ട് പെട്ടന്ന് ഉറക്കത്തിൽ നിന്ന് ഞെട്ടി ഉണർന്നു....ചുറ്റും നോക്കി... എന്റെ വീട് ആണ്...ഞാൻ മുഖം ഒക്കെ കഴുകിയിട്ടു phone എടുത്ത്

നോക്കി..സമയം 7 മണി ആകാൻ പോകുന്നു... ഞാൻ വന്ന കുറച്ചു മെസ്സേജുകൾക്ക് റിപ്ലൈ കൊടുത്തു... എന്നിട്ട് ഞാൻ ഇൻസ്റ്റയിൽ കയറി..

ജെന്നയുടെ അക്കൗണ്ട് തപ്പി എടുത്തു... അവളുടെ ഫോട്ടോ ഒക്കെ നോക്കി...എന്നിട്ട് phone നെഞ്ചിൽ വെച്ച് ബെഡിലേക്ക് കിടന്നു... പുറത്ത്

ഇടിയോട് കൂടിയ മഴ പെയ്യുന്നു... പെട്ടന്ന് നല്ല ശബ്ദത്തിൽ ഒരു ഇടി പെട്ടി... ഞാൻ ഞെട്ടി എഴുന്നേറ്റു... എന്നിട്ട് ഞാൻ താഴേക്ക് ഇറങ്ങി പോയി... അവിടെ ഉമ്മിയും ആഫിയും ഇരിപ്പുണ്ട്... രണ്ട് പേരുടെയും മുഖം വല്ലാതെ ഇരിപ്പുണ്ട്...

ഞാൻ ഇറങ്ങി വരുന്നത് രണ്ട് പേരും കണ്ടില്ല... ഞാൻ അവരുടെ എതിർവശത്തായി ഇരുന്നു... അപ്പോഴാണ് ഞാൻ അവരെ കണ്ടത്... എന്നെ കണ്ട ഉടനെ ആഫി ഉമ്മിയെ നോക്കി എന്നിട്ട് കണ്ണ് കൊണ്ട് എന്തോ കാണിച്ചു....

“എന്താ രണ്ടുംകൂടെ ” ഞാൻ ചോദിച്ചു

“ഏഹ് ഒന്നുമില്ല ” ആഫി എന്റെ മുഖത്ത് നോക്കാതെ പറഞ്ഞു... അപ്പോഴേ എനിക്ക് മനസിലായി അത് കള്ളം ആണെന്ന്

“നീ പോടീ കള്ളി... നിനക്ക് എപ്പോഴെങ്കിലും ഒന്ന് സത്യം പറഞ്ഞൂടെ ”ഞാൻ ചിരിച്ചുകൊണ്ട് അവളോട് പറഞ്ഞു...

“നീ പോടാ പന്ന പട്ടി ഇക്ക ” എന്ന് പറഞ്ഞു അവൾ ഓടി വന്നു എന്നെ പിടിച്ചു കുനിച്ചു മുതുകത്ത് ഒരു ഇടി തന്നിട്ട് ഓടി....

“നിക്കടി അവിടെ ” എന്ന് പറഞ്ഞു ഞാൻ അവളുടെ പുറകെ ഓടി...

അവൾ ചെന്ന് റൂമിൽ കയറി ഡോർ lock ചെയ്തു...

"നീ പുറത്തോട്ട് ഇറങ് നിന്നെ ഞാൻ എടുത്തോളാം " എന്ന് പറഞ്ഞു ഞാൻ തിരിച്ചു ഉമ്മിടെ അടുത്ത് വന്നു ഇരുന്നു...

ഉമ്മിടെ മുഖം ഇപ്പോഴും അതുപോലെ തന്നെ...

"എന്താ ഉമ്മി... വയ്യേ.. ഹോസ്പിറ്റലിൽ പോണോ " ഞാൻ ഉമ്മിടെ അടുത്ത് ചോദിച്ചു... അപ്പോൾ ഉമ്മി എന്നെ ഒന്ന് നോക്കി...ആ കണ്ണുകൾ നിറഞ്ഞിരിക്കുന്നു..

ഞാൻ ഉമ്മിയെ എന്റെ നെഞ്ചോട് ചേർത്ത പിടിച്ചു താടി പിടിച്ചു പൊക്കി..

"എന്താ ഉമ്മി കാര്യം "

"അത് മോനെ... നിന്റെ കാര്യം പറയാൻ ആയി.. അഫിമോൾ ഫൈസലിനെ വിളിച്ചു." ഞാൻ ആകാംഷയോടെ കേട്ടിരുന്നു...

"അത് നടക്കില്ല " അത് കേട്ടപ്പോൾ എവിടുന്നോ വിഷമം വന്നു കൂടി കണ്ണുകൾ നിറഞ്ഞു...

"അവരുടെ വീട്ടുകാർ അവളുടെ കാര്യം നേരത്തെ പറഞ്ഞു വെച്ചിരിക്കുവാണെന്ന്.. നമ്മുടെ നബീലുമായിട്ട് " ഞാൻ കണ്ണുകൾ ഒന്ന് അടച്ചു വിഷമം മാറ്റാൻ ആയി വേറെ കാര്യങ്ങൾ ആലോചിച്ചു.... ഞാൻ ഉമ്മിയെ വിട്ട് എഴുന്നേറ്റു...

"മോനെ നീ വിഷമിക്കണ്ട " നടക്കാൻ തുടങ്ങിയ എന്റെ കയ്യിൽ പിടിച്ചുകൊണ്ടു ഉമ്മി പറഞ്ഞു...

“വിഷമം ഒന്നും ഇല്ല ഉമ്മി... അല്ലേലും ഇന്ന് കണ്ട ഒരു കൊച്ചിനെ കിട്ടില്ല എന്ന് അറിയുമ്പോൾ എന്തിന് വിഷമം ” വിഷമം ഉള്ളിൽ ഒതുക്കി ചിരിച്ചുകൊണ്ട് ആണ് പറഞ്ഞത്... ഞാൻ ഉമ്മിടെ കൈ മാറ്റി നടന്ന് അഫിയുടെ റൂമിന്റെ അടുത്ത് ചെന്നു... ഡോറിൽ മുട്ടി...

“ആഫി ഡോർ തുറക്ക് ” അവളെ വിളിക്കുമ്പോൾ എന്റെ വാക്കുകളിൽ വിറയൽ പടർന്നു...കുറച്ചു നേരം കഴിഞ്ഞപ്പോൾ അവൾ വന്നു ഡോർ തുറന്നു...

“ഇങ്ങനെ ഒരു ആലോചന കൊണ്ട് വന്നത് നീ ആണോ... അപ്പൊ അത് നടക്കില്ലേൽ പറയണ്ട ഉത്തരവാദിത്തം നിനക്ക് ആണ്... അല്ല ഞാൻ ഉമ്മിയോട്

ചോദിച്ചല്ല അറിയണ്ടത് ” ഞാൻ കടുത്ത ശബ്ദത്തോടെ പറഞ്ഞു...

“ഇക്ക ഞാൻ ” അവൾ എന്തോ പറയാൻ തുടങ്ങിയപ്പോളേക്കും ഞാൻ തടഞ്ഞു...

“നീ ഒന്നും പറയണ്ട.. ഞാൻ നാളെ തിരിച്ചു പോകും... ഈ കല്യാണത്തിന് ഞാൻ കാണത്തില്ല ” ഉള്ള ദേഷ്യം മുഴുവൻ ഞാൻ അവളോട് തീർത്തു അങ്ങനെ എന്തൊക്കെയോ പറഞ്ഞു... എന്നിട്ട് ഞാൻ നേരെ എന്റെ റൂമിൽ പോയി.. ഡോർ lock ചെയ്തു... ബെഡിൽ കിടന്നു...

'അന്നേ അങ്ങ് മരിച്ചാൽ മതിയായിരുന്നു' അങ്ങനെ ഞാൻ ആലോചിച്ചു...

**************************************************

സമയം 11 മണിയോടെ അടുത്തായിരുന്നു... ഞാൻ സ്റ്റേഷന് പുറത്തേക്കിറങ്ങിയ റോഡിലേക്ക് നടന്നതും ഫോണിൽ ഒരു കോൾ വന്നു.... ഞാൻ റോഡ് ആണെന്ന് ശ്രദ്ധിക്കാതെ മുന്നിലൂടെ നടന്നു ഫോൺ എടുത്തു നോക്കിയതും പെട്ടന്ന് ഒരു കാർ വന്നു എന്നെ ഇടിച്ചു തെറിപ്പിച്ചു....കയ്യിലിരുന്ന phone തെറിച്ചു പോയി ഞാൻ പറന്നു പോയി തല ഇടിച്ചു റോഡിലേക്ക് വീണു... തലയിൽ നിന്ന് ചോര ഒഴുകുന്നു... അപ്പോഴേക്കും എന്റെ ബോധം പോയി... ബോധം വരുമ്പോൾ ഞാൻ ഏതോ ഹോസ്പിറ്റലിൽ ആണ്.. കയ്യും കാലും തലയും ഒന്നും അനാക്കാൻ വയ്യ.. എനിക്ക് ബോധം വന്നതറിഞ്ഞു ഒരു സിസ്റ്റർ ഡോക്ടറെ വിളിച്ചു... ഒരു ലേഡി ഡോക്ടർ ഓടി വന്നു... എന്തൊക്കെയോ ചെക്ക് ചെയ്തു...

“ഞാൻ ഇത് എവിടെയാ...” ഞാൻ ഡോക്ടറോട് ചോദിച്ചു...

“ഇത് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആണ് ” ആ ഡോക്ടർ എന്നോട് പറഞ്ഞു...

“നിങ്ങൾ വന്നിട്ടിപ്പോൾ ഏതാണ്ട് 12 ദിവസം ആയി...കൊണ്ട് വരുമ്പോൾ ഞങ്ങൾ കരുതിയത് മരിക്കും എന്ന് ആണ്... പക്ഷെ എല്ലാം ദൈവത്തിന്റെ കയ്യിൽ ആണല്ലോ ” അവർ പറഞ്ഞു...

“എന്നെ ആരാണ് ഇവിടെ കൊണ്ട് ആക്കിയത് എന്ന് അറിയാമോ ”ഞാൻ ചോദിച്ചു...

“ഒരു ഹാഫിസ് അലി സാക്കിർ ഹുസൈൻ.. അദ്ദേഹം ആണ് നിങ്ങളെ ഇവിടെ കൊണ്ട് വന്നത്... പുറത്തിരിപ്പുണ്ട്.. കാണണോ ” അവർ ചോദിച്ചു...

“ഒന്ന് കണ്ടാൽ കൊള്ളായിരുന്നു ”ഞാൻ പറഞ്ഞു... ഡോക്ടർ ആ സിസ്റ്ററോട് പറഞ്ഞു ആളെ വിളിപ്പിച്ചു... ആൾ അകത്തേക്ക് വന്നു...

അയാൾ എന്നെ കണ്ടപ്പോളെ നോക്കി ചിരിച്ചു.. ഞാനും ചെറുതായിട്ട് ചിരിച്ചു..

“ഇയ്യാൾക്ക് എന്തോ സംസാരിക്കണമെന്ന്.. പിന്നെ താൻ അധികം സംസാരിക്കണ്ട ” എന്നെ നോക്കി പറഞ്ഞിട്ട് അവർ പുറത്തേക്ക് പോയി...

“എന്താണ് ” അയാൾ എന്നോട് ചോദിച്ചു...

“എന്റെ ഉമ്മിയെ ഒന്ന് വിളിച്ചു പറയണം ” എന്ന് പറഞ്ഞു... അയാൾ phone എടുത്തു number ഞാൻ പറഞ്ഞു കൊടുത്തു... അയാൾ പുറത്തേക്ക് പോയി... കുറച്ചു കഴിഞ്ഞു അകത്തേക്ക് കയറി വന്നു...

“അവർ കേട്ട ഉടനെ ഇറങ്ങിയിട്ടുണ്ട്... ഇന്ന് തന്നെ ഇങ് എത്തും... പിന്നെ ഇത് ഉമ്മാടെ number എന്നല്ലേ പറഞ്ഞത്.. ഇത് ഒരു ആൺ ആണ് എടുത്തത്...” എന്ന് പറഞ്ഞു അയാൾ അവിടെ ഇരുന്നു...

“വേറെ എന്തെങ്കിലും വേണോ ” അയാൾ ചോദിച്ചു...

“വേണ്ട ” ഞാൻ പറഞ്ഞു... അയാൾ പുറത്തേക്ക് പോയി..

ആ ഡോക്ടർ തിരിച്ചു വന്നു..

“അതെ തന്റെ പേര് എന്താണ്..”

“അജാസ് ജാഫർ...”

“ഞാൻ ജഹാനാരാ ഷാജി ”അവർ പറഞ്ഞു...

“സ്ഥാലം എവിടെയാണ് ” അവർ ചോദിച്ചു..

“എറണാകുളം ആണ് ”ഞാൻ പറഞ്ഞു...

“ഒരു കാര്യം പറയാം... നിങ്ങളുടെ നട്ടെല്ലിന് സാരമായ പ്രശ്നം ഉണ്ട് ചിലപ്പോൾ ഇനി എഴുന്നേറ്റ് നടക്കാൻ പറ്റുമെന്ന് തോന്നുന്നില്ല ”അവർ പറഞ്ഞു.. അപ്പോൾ ഞാൻ ആലോചിച്ചു... ഇതിനെക്കാളും ഭേദം മരിക്കുന്നതായിരുന്നു എന്ന്...

ഞാൻ കണ്ണടച്ചു കിടന്നു... പതിയെ ഉറക്കത്തിലേക്ക് വീണു.. ആരൊക്കെയോ സംസാരിക്കുന്ന ശബ്ദം കേട്ട് ആണ് ഞാൻ ഉണർന്നത്... നോക്കുമ്പോൾ വാപ്പി ആണ്..

ഉമ്മി എന്റെ അടുത്ത് ഇരിക്കുന്നു കരയുന്നു ആഫിയും ഉണ്ട് കൂടെ

“ഉമ്മി”

“നീ ഇങ്ങനെ ഒക്കെ ചെയ്യുന്നതിന് മുൻപ് ഞങ്ങളെ കുറിച്ച് ആലോചിച്ചോ ”

വാപ്പി എന്റെ വിളി കേട്ടിട്ട് എന്നോട് ചോദിച്ചു...

“എന്ത് ആലോചിച്ചൊന്ന്... ഞാൻ ആത്മഹത്യാ ചെയ്യാൻ നോക്കിയതാണെന്നാണോ... ശെരിയാ എനിക്ക് വിഷമം ഉണ്ടായിരുന്നു.. നിങ്ങളെ ഓർത്തു ആണ് ഞാൻ ഒന്നും ചെയ്യാതെ ഇരുന്നത്.. ഞാൻ തിരിച്ചു വീട്ടിലേക്ക് വരാൻ ഇറങ്ങിയപ്പോൾ ഒരു കാർ വന്നു എന്നെ ഇടിച്ചതാണ്.. അത് കൊണ്ട് ഒരു ഉപകാരം ഉണ്ടായി... ഇനി നടക്കാൻ പറ്റത്തില്ല വീൽ ചെയറിൽ തള്ളിക്കൊണ്ട് നടക്കാം ” ഞാൻ പറഞ്ഞു... അവർ എല്ലാരും ഒരേ പോലെ ഞെട്ടി.. അപ്പോഴേക്കും ഡോക്ടർ വന്നു...

“വിശ്വാസം ആയില്ലേൽ അങ്ങോട്ട് ചോദിച്ചോളൂ ” ഞാൻ പറഞ്ഞു... അപ്പോൾ എല്ലാവരും ഡോക്ടറെ നോക്കി...

“ഡോക്ടർ ഇനി ഇവന് നടക്കാൻ പറ്റില്ലേ ” ഉമ്മി വിങ്ങിക്കൊണ്ട് ചോദിച്ചു.. ഡോക്ടർ എന്നെ ഒന്ന് രൂക്ഷമായി നോക്ക്...

“എഴുനേറ്റ് നടക്കാൻ പറ്റില്ല എന്ന് അല്ല... ചിലപ്പോൾ പറ്റില്ല എന്നാണ് പറഞ്ഞത് ” ഡോക്ടർ എന്നെ നോക്കി ഉമ്മിയോട് പറഞ്ഞു..

“ഞങ്ങൾക്ക് ഇവനെ കൊണ്ട് പോകാൻ പറ്റുമോ ഡോക്ടർ ” വാപ്പി ചോദിച്ചു...

“ഒരു 2 ആഴ്ച കഴിഞ്ഞു കൊണ്ട് പൊക്കൊളു ” ഡോക്ടർ പറഞ്ഞു... പിന്നീട് ഡോക്ടർ ഇടക്ക് ഇടക്ക് വന്നു എന്റെ കാര്യം ശ്രദ്ധിച്ചു... അങ്ങനെ ഞങ്ങൾ എല്ലാവരും ഡോക്ടറുമായി നല്ലത് പോലെ അടുത്തു...

2ആഴ്ചക്കു ശേഷം.....

“ഡോക്ടർ എന്നാൽ ഞങ്ങൾ പോട്ടെ ” ഞാൻ ഡോക്ടറോട് ചോദിച്ചു...

“വീട്ടിലോട്ട് വരണം ” ആഫി പറഞ്ഞു...

“ഉറപ്പായും വരാം... നിങ്ങൾ ഇവിടുന്ന് പോകുമ്പോൾ വേണ്ടപ്പെട്ട ആരെയൊക്കെയോ വിട്ട് പിരിയുന്ന ഒരു തരം ഫീൽ ആണ് ”

അങ്ങനെ ഞങ്ങളെ അവർ യാത്രയാക്കി...

വീട്ടിൽ വന്നപ്പോൾ തന്നെ വീടിന് ചുറ്റും ആളുകൾ കൂടി...

“എന്താടി ആഫി ഇത് ” ഞാൻ അവളോട് ചോദിച്ചു...

“ഇക്കു പോയപ്പോൾ ഉമ്മി വാപ്പിയെ വിളിച്ചു അങ്ങനെ വാപ്പി വന്നു കേസ് ഒക്കെ കൊടുത്തു ആളെ കാണുന്നില്ല എന്ന് പറഞ്ഞു... അങ്ങനെ വന്നതായിരിക്കും ” അവൾ പറഞ്ഞു... വാപ്പിയും ഉമ്മിയും കൂടെ താങ്ങി ആണ് എന്നെ റൂമിലേക്ക് കൊണ്ട് പോയത്... വീട്ടിൽ ചെന്ന് കയറിയതും... കുറേപേർ വന്നു കണ്ടു എന്നെ..

പിന്നീട് ഉള്ള ദിവസങ്ങൾ വളരെ മോശം ആയിരുന്നു... കാരണം എന്നെ ആരും നോക്കാതെ ആയി... ഉമ്മി ഫുഡ് കൊണ്ട് വെച്ചിട്ട് താഴേക്ക് പോകും... വാപ്പി വന്നു കണ്ടാൽ കണ്ടു.. ഇല്ലേൽ ഇല്ല... ആഫി അവൾ ആയിരുന്നു ആകെ ഉള്ളൊരു ആശ്വാസം.. എന്റെ അവസ്ഥ അവൾക്ക് മനസിലായി.. അവൾ ഉമ്മിയോട് പറഞ്ഞു 2 മാസത്തേക്ക് ലീവ് എടുത്ത് എന്റെ കൂടെ കൂടി... ഉറക്കം വരെ എന്റെ റൂമിൽ ആക്കി... ഇടക്ക് ഇടക്ക് എന്തേലും പറഞ്ഞു ഞാൻ അടി ഇടും പക്ഷെ കുറച്ചു കഴിയുമ്പോൾ അവൾ വന്നു സംസാരിക്കും... അങ്ങനെ ആ രണ്ട് മാസം സന്തോഷം ആയി പോയി... വാക്കി എല്ലാം ശരിയായി.. പക്ഷെ നടക്കാൻ പറ്റില്ല എന്നൊരു പ്രശ്നം മാത്രം... അങ്ങനെ അവൾ സ്കൂളിലേക്ക് പോകാൻ തുടങ്ങി... ഞാൻ വീണ്ടും ഒറ്റപ്പെട്ടു... ഇടക്ക് വിവേക് വിളിച്ചു സംസാരിക്കുന്നതൊഴിച്ചാൽ വേറെ ആരും എന്നെ വിളിക്കാറില്ല... അങ്ങനെ ഇരിക്കെ വാപ്പി തിരികെ പോയി..അങ്ങനെ ദിവസങ്ങളും മാസങ്ങളും കടന്ന് പോയി... ആഫിക്ക് പരിക്ഷ കഴിഞ്ഞു... ഏകദേശം 1 വർഷത്തോളം ആയി പക്ഷെ നടക്കാൻ മാത്രം പറ്റിയില്ല... അങ്ങനെ ഇരിക്കെ ഒരു ദിവസം ആഫിക്ക് ക്ലാസ്സ് ഇല്ല.. ഉമ്മി മരിപ്പിന് പോയി.. ഞാൻ റൂമിൽ കിടക്കുകയായിരുന്നു... പെട്ടന്ന്

“ആാാ... ഇക്കു...ആാാാ ” എന്നൊരു അലർച്ച കേട്ടു....

ഞാൻ ചുള്ളൻ ചെക്കൻ... നിങ്ങൾ തരുന്ന സപ്പോർട്ടിനു വളരെ നന്ദി...

ഞാൻ ബെഡിൽ നിന്ന് ചാടി എഴുന്നേറ്റു... കാൽ തറയിൽ ഉറക്കുന്നില്ല... ഞാൻ വേഗം താഴെക്കോടി...

“എന്താ.ആഫി എന്ത് പറ്റി ” ഞാൻ ചോദിച്ചു... അവൾ അത്ഭുതംത്തോടെ എന്നെ നോക്കി നിക്കുന്നു....

“എന്താടി.. നീ ഇങ്ങനെ നോക്കുന്നെ നിനക്ക് എന്താ പറ്റിയെ ” ഞാൻ അവളോട് ചോദിച്ചു...

“ഇക്കു നടന്നു...” അവൾ ഓടി വന്നെന്നെ കെട്ടിപിടിച്ചു...അത് കേട്ടപ്പോഴാ ഞാനും ആ കാര്യം അറിഞ്ഞത്... എനിക്കും എന്തെന്നില്ലാത്ത സന്തോഷം ആയി...

“അല്ല ആഫി നീ എന്തിനാ വിളിച്ചു കൂവിയത് ” ഞാൻ അവളെ ചേർത്ത നിർത്തിക്കൊണ്ട് ചോദിച്ചു....

“അത് ഒരു പാറ്റ അത് എന്റെ കാലിൽ വന്നു കയറി അപ്പൊ അറിയത്തെ കൂവിയതാ ” അവൾ നാണത്താൽ പറഞ്ഞു... ഞാൻ അവളുടെ തലക്കൊരു അടി കൊടുത്തു..

“അയ്യടാ... ഞാൻ പാറ്റയെ കണ്ട് കൂവി വിളിച്ചോണ്ട് ആണ് ഇയ്യാൾ ഇപ്പൊ ഇങ്ങനെ നിക്കുന്നെ... ഇല്ലേൽ കാണാമായിരുന്നു ” അവൾ എന്നെ കളിയാക്കി ചിരിച്ചു... ഞാനും കൂടെ ചിരിച്ചു... അപ്പോഴേക്കും ഒരു ഓട്ടോ പുറത്തു വന്നു നിന്നു... കുറച്ചു കഴിഞ്ഞപ്പോൾ ആ ഓട്ടോയിൽ വന്നായാൾ അകത്തേക്ക് വന്നു.. ഉമ്മി ആയിരുന്നു... എന്നെ കണ്ട ഉടനെ... ഉമ്മിയുടെ കണ്ണുകൾ സന്തോഷത്താൽ നിറഞ്ഞു...

“ഇത് എങ്ങനെ ” ഉമ്മി എന്നോട് ചോദിച്ചു...

“ഇവൾ പാറ്റയെ കണ്ട് പേടിച്ചു അലറി..അപ്പോൾ ഞാൻ ചാടി ഇറങ്ങി ഇങ് വന്നു.. വേറെ ഒന്നും അറിയില്ല ” ഞാൻ പറഞ്ഞു...

“ഇവളുടെ പാറ്റയെ പേടി കാരണം അങ്ങനെ ഒരു ഗുണം ഉണ്ടായല്ലോ ” ഉമ്മി അവളെ കളിയാക്കി...ഉമ്മി അപ്പോൾ തന്നെ വാപ്പിയെ വിളിച്ചു പറഞ്ഞു... എല്ലാർക്കും സന്തോഷം ആയി... ആദ്യം ഒക്കെ നടക്കാൻ ബുദ്ധിമുട്ട് ഉണ്ടയായിരുന്നു പിന്നെ അതൊക്കെ മാറി.. പിന്നെ 1 മാസം മാത്രമേ എന്നെ നാട്ടിൽ നിർത്തിയുള്ളു.. അതിനു ശേഷം എന്നെ വാപ്പി കൂടെ കൊണ്ട് പോയി.. എനിക്ക് ഏകദേശം ബിസ്സിനെസ്സ് മനസിലായപ്പോൾ വാപ്പി ബാംഗ്ലൂരിലേക്ക് എന്നെ പറഞ്ഞു വിട്ടു.അവിടെ ആയിരുന്നു വാക്കി എന്റെ സമയം മുഴുവനും.. ഇടക്ക് ഒരു പ്രാവശ്യം ഞാൻ നാട്ടിലേക്ക് പോയി... നാദിയുടെ കല്യാണത്തിന്..ഒരു ആഴ്ച മാത്രമേ അവിടെ നിന്നുള്ളു. അത് കഴിഞ്ഞു ഞാൻ തിരിച്ചു ബാംഗ്ലൂർ

പോയി... അതിനു ശേഷം ഇന്നലെ ആണ് ഞാൻ നാട്ടിൽ എത്തിയത്... അഫിയുടെ കല്യാണം പ്രമാണിച്ച് ആയിരുന്നു നാട്ടിലേക്കുള്ള വരവ്.. അവളുടെ കല്യാണ നിശ്ചയത്തിന് എനിക്ക് പങ്കെടുക്കാൻ സാധിച്ചില്ല അത്യാവശ്യമായ ഒരു മീറ്റിംഗിൽ പങ്കെടുക്കേണ്ടതായി വന്നു... വാപ്പി ഉടനെ ഇങ്ങ് എത്തും..

*******_*********_********_*******_********_*******

ഉറക്കത്തിൽ എന്തോ എന്റെ കാലിൽ ഇഴയുന്നത് അറിഞ്ഞാണ് ഞാൻ എഴുന്നേറ്റത്... നോക്കുമ്പോൾ ആഫി ആണ്.. അവൾ ഇരുന്നു കരയുകയാണ്...

“എന്താടി ” ഞാൻ ദേഷ്യത്തിൽ ചോദിച്ചു...

“ഒന്നുല്ല ” അവൾ കരഞ്ഞു കൊണ്ട് പറഞ്ഞു...

“എന്നാ റൂമിന് പുറത്ത് പോ... എനിക്ക് നിന്റെ കരച്ചിൽ ഒന്നും കാണണ്ട ” ഞാൻ അവളെ നോക്കാതെ പറഞ്ഞു...

അവൾ എഴുന്നേറ്റ് ഡോറിന്റെ അടുത്ത് എത്തി...

“ഇക്ക അവൾക്ക് അറിയില്ലായിരുന്നു.. ആ കല്യാണത്തിന്റെ കാര്യം.. അവൾ ഇല്ലെങ്കിൽ വേറെ കുട്ടിയെ നോക്കാം ”അവൾ തിരിഞ്ഞ് നോക്കതെ തന്നെ പറഞ്ഞു...

“നീ നോക്കിയതൊക്കെ മതി... നിന്നോട് ഞാൻ പറഞ്ഞതെല്ലേ എനിക്ക് കല്യാണം വേണ്ടന്ന്... അപ്പൊ നിനക്ക് എന്നെ കെട്ടിച്ചേ പറ്റു... എന്നിട്ട് ഇപ്പൊ എന്തായി ” ഞാൻ ചോദിച്ചു... അവിടുന്ന് ഒരു തേങ്ങൽ മാത്രം.. കുറച്ചു നേരം അവൾ അവിടെ നിന്നു.. എന്നിട്ട് പുറത്തേക്ക് പോയി..ഞാൻ അവിടെ തന്നെ കിടന്നു... എന്തോ മനസിന് വല്ലാത്ത ഒരു വിഷമം.. ഇനിയും ഇവിടെ നിന്നാൽ ശെരിയാകില്ല എന്ന് മനസിലായി.. ഞാൻ കാറുമെടുത്ത നേരെ പോയി... എങ്ങോട്ട് പോകുന്നു എന്ന് അറിയില്ല.. ...വീട്ടിൽ നിന്ന് ഇറങ്ങിയത് മുതൽ ഫോണിൽ നിരന്തരം കാളുകൾ വന്നുകൊണ്ടേ ഇരുന്നു... ഞാൻ phone സൈലന്റ് ആക്കി... സമയം 12 ആകാൻ പോകുന്നു... ഞാൻ വണ്ടി സൈഡിൽ ഒതുക്കി പാർക്ക് ചെയ്തു... എന്നിട്ട് ഉറക്കത്തിലേക്ക് പോയി... കണ്ണിൽ വെട്ടം അടിച്ചപ്പോൾ ആണ് ഞാൻ ഉണർന്നത്...ഞാൻ കണ്ണൊക്കെ ഒന്ന് തിരിമ്മി പുറത്തേക്ക് ഇറങ്ങി നേരെ എതിർവശത്തായി... ഒരു ചെറിയ ചായക്കട ഉണ്ട്..ഞാൻ അങ്ങോട്ട് നടന്നു...

“ചേട്ടാ ഒരു ചായ ”

“ഇത് ഏതാ ചേട്ടാ സ്ഥലം ” ഞാൻ ചുറ്റും ഒന്ന് നോക്കിക്കൊണ്ട് പറഞ്ഞു....

“ഇത് പനങ്ങാട് " എന്ന് പറഞ്ഞു അയാൾ ചായ എടുത്തു... ഞാൻ പല്ല് പോലും തേക്കാതെ ആ ചായ വാങ്ങി കുടിച്ചുകൊണ്ട് ചുറ്റും നോക്കി നല്ല മനോഹരമായ സ്ഥലം... ചുറ്റും നിറയെ പച്ചപ്പുള്ള ഒരു മനോഹരമായ സ്ഥലം.. വന്നത് രാത്രി ആയത് കൊണ്ട് ഒന്നും കണ്ടില്ലായിരുന്നു... ഞാൻ ചായ കുടിച് പൈസയും കൊടുത്ത് തിരിച്ചു വന്നു കാറിൽ കയറി... Phone എടുത്ത് നോക്കിയപ്പോൾ കുറെ മിസ്സ്ഡ് കാൾസ് കിടക്കുന്നു... എടുത്ത് നോക്കിയപ്പോൾ ആഫിയും ഉമ്മിയും മാറി മാറി വിളിച്ചിരിക്കുന്നു... ഒരു കാൾ വിവേകിന്റെ... ഗൾഫിൽ ആയിരുന്നപ്പോൾ ഇടക്ക് ഇടക്ക് വിളിക്കുമായിരുന്നു...

ഞാൻ അവനെ തിരിച്ചു വിളിച്ചു...

“ഹലോ ” ഞാൻ പറഞ്ഞു...

“എടാ നീ എവിടെയാ...” അവൻ ചോദിച്ചു..

“ഞാൻ ഇപ്പൊ വേറെ ഒരു സ്ഥാലത്താണ്.. എന്താടാ ”

“എടാ ഈ വരുന്ന 28 ന് എന്റെ കല്യാണം ആണ് ” അവൻ പറഞ്ഞു...

“ഇനി 3 ആഴ്ച കൂടെ അല്ലെ ”

“അഹ് ടാ... നീ വരണം ” അവൻ പറഞ്ഞു

“അത് എന്ത് ചോദ്യം ആണെടാ.. ഞാൻ വരാതെ ഇരിക്കാനോ.. അഞ്ജന എന്ത് പറയുന്നു ” ഞാൻ ചോദിച്ചു

“അവൾ എന്നെ എന്റേത് ആയി കഴിഞ്ഞു.. അത്കൊണ്ട് അവൾക്ക് വല്യ സന്തോഷം ഒന്നും ഇല്ല ” അവൻ പറഞ്ഞു...

അപ്പോൾ എന്റെ ഫോണിൽ ഒരു കാൾ വന്നു... വാപ്പി ആണ്...

“എടാ എനിക്ക് വേറെ ഒരു കാൾ വരുന്നുണ്ട് ഞാൻ തിരിച്ചു വിളിക്കാം ” ഞാൻ പറഞ്ഞു..

“ശെരിയെടാ ” അവൻ പറഞ്ഞിട്ട് കാൾ കട്ട് ചെയ്തു...

അപ്പോഴേക്കും വാപ്പിടെ കാൾ കട്ട് ആയി..

“ഹലോ വാപ്പി ” ഞാൻ വിളിച്ചു...

“അജാസേ... ഞാൻ ഇന്ന് ഒരു 4 മണി ഒക്കെ ആകുമ്പോൾ കയറും 8 മണി ഒക്കെ ആകുമ്പോൾ അങ്ങ് എത്തും...” വാപ്പി പറഞ്ഞു

“ആഹ് ഞാൻ വരാം വാപ്പി വിളിക്കാൻ ” ഞാൻ പറഞ്ഞു...

“അതിനല്ല ഞാൻ വിളിച്ചത്.. നീ ഇപ്പൊ എവിടെയാ ” വാപ്പി ചോദിച്ചു...

“ഞാൻ പനങ്ങാട് ” ഞാൻ പറഞ്ഞു...

“നീ ഇന്നലെ രാത്രി ഇറങ്ങിയതല്ലേ... ആരോടെങ്കിലും ദേഷ്യം ഉണ്ടെങ്കിൽ ഇങ്ങനെ ആണോ തീർക്കുന്നത് ” വാപ്പി ചോദിച്ചു...

“ദേഷ്യം ഒന്നും ഇല്ല വാപ്പി ഓരോ കാര്യങ്ങൾ ആലോചിച്ചിരുന്നപ്പോൾ.. ഒന്ന് പുറത്ത് പോകാം എന്ന് കരുതി ഇറങ്ങിയത്... ഇവിടെ വന്നു ഉറങ്ങി പോയി... ഞാൻ വീട്ടിലേക്ക് പോകുകയാണ് ” ഞാൻ പറഞ്ഞു...

“വേഗം ചെല്ലാൻ നോക്ക്... ഇനി രണ്ട് ആഴ്ചയെ ഉള്ളു അറിയാമല്ലോ ”വാപ്പി പറഞ്ഞു...

“ വാപ്പി വന്നിട്ട് വേണം ഡ്രസ്സ്, സ്വർണം ഒക്കെ എടുക്കാൻ.. വാക്കി ഉള്ളതൊക്കെ ഇന്ന് തന്നെ ഞാൻ ശെരിയാക്കിക്കോളാം...” ഞാൻ പറഞ്ഞു...

“ശെരി നീ വേഗം വീട്ടിൽ പോകാൻ നോക്ക് ” പറഞ്ഞിട്ട് വാപ്പി phone കട്ട് ആക്കി...

ഞാൻ വണ്ടി പതിയെ വീട്ടിലേക്ക് വിട്ടു... രണ്ട് പേരും പുറത്ത് നിപ്പുണ്ട്... കാർ വന്നത് കണ്ടപ്പോൾ ആഫി അകത്തേക്ക് കയറി പോയ്... ഞാൻ കാർ പാർക്ക് ചെയ്തു ഇറങ്ങി...

“നീ എവിടെ ആയിരുന്നു ഇന്നലെ ” ഉമ്മി ദേഷ്യത്തിൽ ആണ് ചോദിച്ചത്...

“ഞാൻ ഒന്ന് പുറത്ത് പോയതാണ് ” ഞാൻ പറഞ്ഞു...

“ഇത്രയും നേരമോ ” ആ ചോദ്യത്തിന് എനിക്ക് ഉത്തരം ഇല്ലായിരുന്നു...

“അവൾ പറഞ്ഞു... നീ എന്തിനാണ് ഇവിടെ നിന്ന് ഇറങ്ങി പോയതെന്ന്... ഞാൻ പറഞ്ഞത് ആണോ തെറ്റ് ആയി പോയത് ” ഉമ്മി ചോദിച്ചു...

“പിന്നെ.. അവൾ ആണോ ഈ ആലോചന കൊണ്ട് വന്നത് അപ്പൊ അത് നടക്കില്ലേൽ അത് പറയാൻ ഉള്ള ഉത്തരവാദിത്തം അവൾക്ക് ആണ്..” പറഞ്ഞു തീർന്നതും കിട്ടി നല്ല ഒരു അടി കവിളത്ത്.. അടി കൊണ്ട് ഞാൻ ഒന്ന് ആടി... എന്റെ കണ്ണുകൾ നിറഞ്ഞു.. അസ്സഹാനിയമായ വേദനയായിരുന്നു... ഞാൻ നിറഞ്ഞ കണ്ണുകളോടെ ഉമ്മിയെ നോക്കി... ഉമ്മിയുടെ കണ്ണുകൾ ദേഷ്യത്തിൽ ചുവന്ന ഇരിക്കുന്നു...

“ഇത് പണ്ടേ നിനക്ക് തരേണ്ടതായിരുന്നു... എന്നെ പറഞ്ഞാൽ മതിയല്ലോ....വളർത്തി വഷളാക്കിയത് njan അല്ലെ...അവൾ പറഞ്ഞില്ല ശെരിയാണ്... എന്ത്കൊണ്ടാണെന്ന് നീ തിരക്കിയോ... അവൾക്ക് നീ കഴിഞ്ഞിട്ടേ വേറെ ആരും ഉള്ളു... അപ്പൊ നിന്റെ വിഷമം കാണാൻ വയ്യാത്തത് കൊണ്ട് ആണ് അവൾ പറയാതെ ഇരുന്നത്... നിനക്ക് അത് മനസിലാകില്ല... കാരണം നീ അവളെ മനസിലാക്കിയിട്ടില്ല... അന്ന് നീ വണ്ടി ഇടിച്ചു ഇവിടെ

കിടന്നപ്പോൾ ഒറ്റക്കായി പോകണ്ട എന്ന് പറഞ്ഞു ക്ലാസ്സിന് പോലും പോകാതെ കൂടെ ഇരുന്നവൾ അല്ലേടാ അത്..കമ്പിസ്റ്റോറീസ്. കോം . ഇതൊക്കെ നീ മറന്നാലും ശെരി... അവൾ കാരണം അല്ലേടാ നീ എഴുനേറ്റ് നടക്കുന്നത്... അത് പോലും നീ ചിന്തിച്ചില്ലല്ലോ... നീ കല്യാണം കൂടുന്നില്ല എന്നല്ലേ അവളോട് പറഞ്ഞത്... അങ്ങനെ ആണേൽ നീ നിനക്ക് ഇഷ്ടം ഉള്ള ഇടത്തേക്ക് പൊക്കോ " ഉമ്മി നിർത്താതെ പറഞ്ഞു... അതും കൂടെ ആയപ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞൊഴുകി... ഞാൻ നിന്ന നിൽപ്പിൽ താഴേക്ക് വീണു... അത് കണ്ട് ഉമ്മി എന്റെ അടുത്തേക്ക് ഓടി വന്നു... ഞാൻ പെട്ടന് ബാക്കിലോട്ട് ചാടി എഴുനേറ്റു...

“എന്റെ അടുത്തേക്ക് വരരുത്...ഞാൻ ചെയ്തത് തെറ്റ് ആയി പോയി അവളെ ഞാൻ മനസിലാക്കിയില്ല... ശെരിയാണ്.. എന്റെ വാപ്പി പറഞ്ഞിരുന്നു... ഉള്ള കാര്യങ്ങൾ ഒക്കെ ചെയ്ത് തീർക്കണം 2 ആഴ്ച കൂടിയേ ഉള്ളുന്ന... ഓഡിറ്റോറിയം.. പന്തൽ അതിന്റെ എല്ലാം ഞാൻ ഇന്ന് തന്നെ ശെരിയാക്കിക്കോളാം... ഉമ്മിയും വാപ്പിയും കൂടെ അവളെ കല്യാണം നടത്തിക്കോ... അവളെ മനസിലാക്കാത്ത ഞാൻ അവളുടെ ഇക്ക അല്ല... എനിക്ക് ആ സ്ഥാനം ശെരിയാകില്ല.. ഞാൻ പോകുവാ..” എന്ന് പറഞ്ഞു ഞാൻ നേരെ റൂമിൽ പോയി ബാഗിൽ ഡ്രസ്സ് എല്ലാം എടുത്ത് ഇറങ്ങി... കാർ ഞാൻ എടുത്തില്ല... എന്റെ ബൈക്ക് അവിടെ ഇരിപ്പുണ്ടായിരുന്നു...കുറെ ആയി അത് എടുത്തിട്ട്... ഞാൻ കീ എടുത്ത് കൊണ്ട് വണ്ടിയിൽ കയറി...കുറച്ചു സമയം എടുത്തു വണ്ടി സ്റ്റാർട്ട് ആകാൻ... ഉമ്മി അവിടെ നോക്കി നിന്നതല്ലാതെ ഒരു അക്ഷരം മിണ്ടിയില്ല... ആഫിയെ ഞാൻ പുറത്തേക്ക് കണ്ടതുമില്ല... ഞാൻ വണ്ടി എടുത്ത് ഗേറ്റ് കടന്ന് പുറത്തേക്ക് ഇറങ്ങി... ഉമ്മി അടിച്ചതിന്റെ വേദന കവിളിലും നെഞ്ചിലും ഉണ്ട്... ഞാൻ വണ്ടി പുറത്തേക്ക് ഇറങ്ങി ഗേറ്റ് അടച്ചു.. എന്നിട്ട് പന്തലും ഫുഡിന്റെ കാര്യവും എല്ലാം വിളിച്ചു അറേഞ്ച് ചെയ്തു.എന്നിട്ട് നല്ല കിസ എന്ന് പറഞ്ഞ ഒരു ഓഡിറ്റോറിയം ബുക്ക് ചെയ്തു.... എന്നിട്ട് എല്ലാ കാര്യവും ശെരിയായി എന്ന് പറഞ്ഞു വാപ്പിക്ക് ഒരു വോയിസ് അയച്ചു... എന്നിട്ട് നബീലിനെ വിളിച്ചു വാപ്പിയെ എയർപോർട്ടിൽ നിന്ന് കൊണ്ട് വരാൻ ഉള്ള കാര്യം പറഞ്ഞു... ഞാൻ നേരെ വിവേകിന്റെ വീട്ടിലേക്ക് വിട്ടു വണ്ടി... ആലപ്പുഴ.. അവിടെ ആണ് അവന്റെ വീട്...2.30 മണിക്കൂർ കൊണ്ട് അവന്റെ വീട്ടിൽ എത്തി... അവൻ പുറത്ത് തന്നെ ഉണ്ടായിരുന്നു... അവൻ എന്നെ കണ്ടു...

“ടാ അജാസേ ” അവൻ വിളിച്ചുകൊണ്ടു എന്റെ അടുത്തേക്ക് വന്നു എന്നെ കെട്ടിപിടിച്ചു…

“എന്താടാ വന്നേ പ്രേതേകിച് എന്തേലും” അവൻ ചോദിച്ചു…

“പ്രേതേകിച് ഒന്നുമില്ല… ഇനി നിന്റെ കല്യാണം കഴിഞ്ഞിട്ടേ അങ്ങോട്ട് പോകുന്നുള്ളു ” ഞാൻ അവനോട് പറഞ്ഞു..

“നീ എന്താടാ പറയുന്നേ.. അടുത്ത ആഴ്ച അല്ലെ ആഫിയുടെ കല്യാണം… അപ്പൊ എങ്ങനെയാ ” അവൻ ചോദിച്ചു…

“അതൊക്കെ നോക്കാൻ അവിടെ ആളുകൾ ഉണ്ട്..” ഞാൻ അവനോട് പറഞ്ഞു…

“അങ്ങനെ പറഞ്ഞാൽ എങ്ങനെയാ… നിന്റെ പെങ്ങൾ അല്ലേടാ അവൾ… നീ ഇല്ലാതെ എങ്ങനെയാ കല്യാണം നടക്കുന്നെ ” അവൻ എന്നോട് ചോദിച്ചു…

“അതൊക്കെ നടന്നോളും…” എന്ന് പറഞ്ഞു ഞാൻ വണ്ടയിൽ നിന്ന് ഇറങ്ങാൻ തുടങ്ങി…

“നിക്ക്… അജാസേ നിനക്ക് ഇവിടെ നിക്കാം പക്ഷെ അത് ഇപ്പോൾ അല്ല.. നിന്റെ പെങ്ങളുടെ കല്യാണം ആണ് അടുത്ത ആഴ്ച ”അവൻ എന്നോട് പറഞ്ഞു…

“അപ്പൊ ഞാൻ ഇവിടെ നിക്കുന്നത് നിനക്ക് ഇഷ്ടമല്ല... അതങ്ങ് തുറന്ന് പറഞ്ഞാൽ പോരെ.. ഞാൻ പൊക്കോളാം ” എന്ന് പറഞ്ഞു ഞാൻ വണ്ടി എടുത്തു... തിരിച്ചു...

“നീ എങ്ങോട്ടാ പോകുന്നെ ” അവൻ ചോദിച്ചു...

“അതൊന്നും ചോദിക്കാൻ ഉള്ള അവകാശം നിനക്ക് ഇപ്പൊ ഇല്ല ” ചെറിയ ചിരി ചിരിച്ചുകൊണ്ട് ഞാൻ പറഞ്ഞു...

“അത് ഞാൻ ചോദിക്കുന്നില്ല...പക്ഷെ ഒരു ചോദ്യത്തിന് നീ ഉത്തരം തരണം... നിനക്ക് എന്താണ് പറ്റിയത്?” അവൻ എന്നോട് ചോദിച്ചു...

ഞാൻ അവനെ തിരിഞ്ഞു നോക്കി എന്റെ കണ്ണുകൾ നിറഞ്ഞു... അവൻ ഒന്നും നോക്കാതെ വണ്ടിയിലേക്ക് കയറി..

“ഇവിടുന്ന് നേരെ പോയിട്ട് റൈറ്റ് തിരിഞ്ഞു പോകുമ്പോൾ ഒരു സ്ഥലം ഉണ്ട്.. അങ്ങോട്ട് പോ ” അവൻ പറഞ്ഞു ഞാൻ വണ്ടി അങ്ങോട്ടേക്ക് വിട്ടു... നേരെ പോയിട്ട് റൈറ്റ് എടുത്തു കുടച്ചു മുന്നോട്ട് പോയി ഇരു സൈഡിലും പച്ചപ്പ് മാത്രം കണ്ണിനു കുളിർമ നൽകുന്ന പച്ചപ്പ്...

“ഇങ്ങോട്ട് നിർത്ത് ” അവൻ പറഞ്ഞു.. ഞാൻ വണ്ടി നിർത്തി... എന്നിട്ട് അവൻ ഇറങ്ങി ചെറിയ ഒരു വരമ്പുണ്ട് അവൻ അത് വഴി നടന്നു... ഞാൻ അവന്റെ പുറകെ നടന്നു... കുറച്ചു ദൂരം നടന്നു... ഞാൻ താഴേക്ക് നോക്കി നടന്നു.. അവൻ നിന്നു അത് കാണാതെ ഞാൻ അവനെ പോയി തട്ടി... അപ്പോഴാണ് ഞാൻ നേരെ നോക്കിയത്... ഹോ ആമ്പലുകൾ നിറഞ്ഞു കിടക്കുന്ന ഒരു കായൽ അവൻ അങ്ങോട്ട് നടന്ന് അവിടെ കിടന്ന് തോണിയിൽ കയറി.. എന്നിട്ട് എന്നെ വിളിച്ചു... ഞാനും ചെന്ന് കയറി... അവൻ തുഴഞ്ഞു തുഴഞ്ഞു കുറച്ചു

ദൂരം പോയി... ആ സമയങ്ങളിൽ അവൻ ഒന്നും ചോദിച്ചതുമില്ല ഞാൻ ഒന്നും പറഞ്ഞതുമില്ല... കുറച്ചു കഴിഞ്ഞപ്പോൾ അവൻ തുഴച്ചിൽ നിർത്തി... എന്നെ നോക്കി...

"ഇനി പറ കാര്യങ്ങൾ.. എന്താണ് നിന്റെ പ്രശനം "അവൻ ചോദിച്ചു...

"എടാ 2 ദിവസം മുൻപ് ആണ് ഞാൻ നാട്ടിലേക്ക് വന്നത്..ഇന്നലെ തന്നെ ആഫി എന്നെയും വിളിച്ചുകൊണ്ടു പോയി അവളും അവളുടെ നാത്തൂൻ ആകാൻ പോകുന്ന ആളും ഒക്കെ ഒരുമിച്ച് പഠിച്ചേയ... അപ്പൊ വാക്കി കൂട്ടുകാരികളെ വിളിക്കാൻ അവൾ നാത്തൂനേ വിളിച്ചു..എന്നിട്ട് ആഫി എനിക്ക് ഏതോ കൊച്ചിനെ നോക്കി വെച്ചിട്ടുണ്ടെന്ന് പറഞ്ഞു അങ്ങനെ അവർ പോയി... പക്ഷെ എനിക്ക് അവളുടെ നാത്തൂനേ കണ്ടപ്പോഴേ ഇഷ്ടായി.. അങ്ങനെ ഇവർ രണ്ടും കൂടെ പോയി ഞാൻ ഒറ്റക്കായി... ഞാൻ ഒന്ന് മയങ്ങി... ഇവരെ തിരിച്ചു വന്നിട്ട് എന്നെ വിളിച്ചു..എന്നിട്ട് തിരിച്ചു പോണ വഴിയിൽ ആഫിയോട് ഞാൻ എനിക്ക് അവളുടെ നാത്തൂനേ ഇഷ്ടമായെന്ന് പറഞ്ഞു... അപ്പോൾ അവൾക്കും സന്തോഷം

ആയി... അവൾ അത് ആലോചിക്കാം എന്ന് പറഞ്ഞു... ഞാൻ വീട്ടിൽ വന്നൊന്ന് മയങ്ങി എഴുന്നേറ്റപ്പോൾ അവൾ പൊട്ടൻ കളിച്ചു... ഉമ്മി ആണ് എന്നോട് പറഞ്ഞു ആ കാര്യം നടക്കില്ലന്ന്... എനിക്ക് ആഫി പറയാത്തതും അത് നടക്കില്ലല്ലോ എന്നും കൂടെ ആലോചിച്ചപ്പോൾ ദേഷ്യം വന്നു... അങ്ങനെ ഞാൻ പോയി ആഫിയോട് എന്തൊക്കെയോ പറഞ്ഞു... ഞാൻ എറണാകുളം കല്യാണത്തിന് കൂടില്ല എന്നൊക്കെ... രാത്രി അവൾ എന്തോ പറയാൻ വന്നെങ്കിലും ഞാൻ അത് കേക്കാൻ നിന്നില്ല... എന്നിട്ട് വീട്ടിൽ നിന്ന് ഇറങ്ങി പോയി... രാവിലെ എഴുനേറ്റ് ഞാൻ വീട്ടിൽ പോയപ്പോൾ ഉമ്മി ഈ കാര്യം പറഞ്ഞു എന്നെ തല്ലി... എന്നിട്ട് കല്യാണം കൂടണ്ട എന്നും പറഞ്ഞു " അതും പറഞ്ഞു ഞാൻ വീണ്ടും കരഞ്ഞു...

"നീ കരച്ചിൽ ഒന്ന് നിർത്തിക്കെ.. അത് പെട്ടന്നുള്ള ദേഷ്യത്തിൽ അവർ പറഞ്ഞതായിരിക്കും.. അത് കേട്ട ഉടനെ നീ ചാടി ഇറങ്ങിയത് എന്തിനാ " അവൻ ചോദിച്ചു

“ദേഷ്യത്തിൽ പറ്റി പോയതാണ് ” ഞാൻ പറഞ്ഞു...

“ഇനി ഇപ്പൊ ഒന്നും നോക്കണ്ടാ തിരിച്ചു പൊക്കോ..നീ അവിടെ വേണം ” അവൻ എന്നെ തിരിച്ചു പറഞ്ഞയിക്കാൻ തന്നെ തീരുമാനിച്ചു...അവസാനം അവന്റെ നിർബന്ധത്തിന് എനിക്ക് വഴങ്ങേണ്ടി വന്നു...ഞാൻ തിരിച്ചു നാട്ടിലേക്ക് യാത്രയായി...

വീട്ടിൽ എത്തി ആരും ഇല്ല പുറത്ത്... ഞാൻ വണ്ടി നിർത്തുന്ന ശബ്ദം കേട്ട് ആഫി പുറത്തേക്ക് വന്നു... ഇത്രയും നേരം കരയുവായിരുന്നു എന്ന് തോന്നുന്നു... കണ്ണെല്ലാം കലങ്ങി ഇരിക്കുന്നു... ഞാൻ തിരിച്ചു വന്നതിന്റെ സന്തോഷം ആ മുഖത്ത് ഉണ്ട്... എന്നെ കണ്ട ഉടനെ അവൾ അകത്തേക്ക് പോയി... ഞാൻ വീട്ടിലേക്ക് കയറി റൂമിലേക്ക് പോയി... ഒന്ന് കുളിച്ച്.. എന്നിട്ട് ബെഡിൽ കിടന്നപ്പോൾ ആരോ ഡോറിന്റെ അവിടെ നിക്കുന്നത് പോലെ തോന്നി...

“ആഫി ഇങ്ങ് കേറി വന്നേ ” ആരാണെന്ന് അറിയില്ലെങ്കിലും അവൾ അല്ലാതെ വേറെ ആര് വരാനാ എന്ന് കരുതി വിളിച്ചു... ഊഹം തെറ്റിയില്ല അവൾ തന്നെ ആയിരുന്നു...

“ഈ ഒളിഞ്ഞു നോട്ടം എപ്പോ തുടങ്ങി...” ഞാൻ ചോദിച്ചു...

“അത് പിന്നെ ഇന്നലെ അങ്ങനെ ഒക്കെ പറഞ്ഞപ്പോൾ ഞാൻ കരുതി ” അവൾ പറയാൻ മടിച്ചു...

“എനിക്ക് തെറ്റ് പറ്റിപ്പോയി... പെട്ടന്ന് ഉള്ള ദേഷ്യത്തിൽ ഞാൻ എന്തൊക്കെയോ ചെയ്തു... അത്രയേ ഉള്ളു ” ഞാൻ പറഞ്ഞു

“ഉമ്മി എന്തിയെ ” ഞാൻ ചോദിച്ചു...

“ഇക്ക പോയതിന് ശേഷം കയറി റൂം അടച്ചതാ ഞാൻ ഒരുപാട് വിളിച്ചു നോക്കി ഡോർ തുറക്കുന്നില്ല... ഫുഡും കഴിച്ചിട്ടില്ല ” അവൾ പറഞ്ഞു ഞാൻ താഴെക്കിറങ്ങി ഉമ്മിടെ റൂമിന്റെ ഡോറിൽ തട്ടി വിളിച്ചു...

“ഉമ്മി ഡോർ തുറക്ക്..” ഞാൻ വിളിച്ചു തുറക്കില്ല എന്ന് അറിയാം... ഞാൻ വീണ്ടും വീണ്ടും വിളിച്ചുകൊണ്ടു ഇരുന്നു...

“ഉമ്മി ഡോർ തുറക്കുന്നോ അതോ ഞാൻ ചവിട്ടി തുറക്കാണോ ” ഞാൻ ചോദിച്ചു... ഒരു അനക്കവും ഇല്ല... ഞാൻ ഡോർ ചവിട്ടി തുറക്കാൻ ആയി കാൽ പൊക്കിയതും ഡോർ തുറന്നതും ഒരുമിച്ചായിരുന്നു... ഭാഗ്യം കുറച്ചു താമസിച്ചിരുന്നേൽ എല്ലാം കയ്യിന്ന് പോയേനെ...

“എന്താടാ പട്ടി നീ എന്നാ കൊല്ലാൻ നോക്കുവായിരുന്നോ ” ഞാൻ കാൽ പൊക്കി നിക്കുന്നത് കണ്ട് ഉമ്മി ചോദിച്ചു...

“ആഹ് കൊല്ലാൻ നോക്കിയതാ.. എന്നോട് ഇവിടുന്ന് ഇറങ്ങി പോവാൻ പറഞ്ഞില്ലേ അതിനു ”ഞാൻ പരിഭവം കാണിച്ചു

“പോവാൻ പറഞ്ഞാൽ നീ അങ്ങ് പോകുവോ... എന്നാ ഇപ്പൊ പോടാ. പോ ” എന്ന് പറഞ്ഞു കരഞ്ഞുകൊണ്ട് ഉമ്മി എന്റെ നെഞ്ചിലേക്ക് വീണു കരഞ്ഞു...

“അയ്യേ ഉമ്മി കരയുവാണോ ... നോക്കടി ആഫി ഉമ്മി കരയുന്നു. അയ്യേ ” ഞാൻ ഉമ്മിയെ കളിയാക്കി... ഉമ്മി വേഗം കണ്ണുകൾ തുടച്ചു...

“പിന്നെ കരയാതെ.. ഞാൻ എന്തേലും പറഞ്ഞെന്ന് കരുതി നീ ഇറങ്ങി പോകുവാണോ വേണ്ടേ ”

“അയ്യോ എന്തൊരു സ്നേഹം... ഇത്രയും സ്നേഹം ഉണ്ടായിരുന്നേൽ ഞാൻ പോയപ്പോൾ ഒരു പ്രാവശ്യം എങ്കിലും പോണ്ട എന്ന് പറഞ്ഞോ.. എന്നിട്ട് ഇപ്പൊ കുറ്റം എന്റെ തലയിൽ...” ഞാൻ പറഞ്ഞു...

“അതെ നിങ്ങൾക്ക് ഒന്നും വിശപ്പില്ലായിരിക്കും എനിക്ക് വിശക്കുന്നു ” പുറകിൽ നിന്ന് ആഫി പറഞ്ഞു..ഞാനും ഉമ്മിയും അത് കേട്ട് ചിരിച്ചു... എന്നിട്ട് ഞങ്ങൾ ഫുഡ് ഒക്കെ കഴിച്ചിട്ട് ഹാളിൽ ഇരുന്നു...

“അപ്പൊ ഇനി എന്താ അടുത്ത പരിപാടി...” ഞാൻ ചോദിച്ചു...

“നിന്നെ ഇങ്ങനെ നിർത്തിയാൽ ശെരിയാകില്ല... നിന്റെയും അവളുടെയും ചാൻസ് കഴിഞ്ഞു... ഇനി ഞാൻ ഒരാളെ നോക്കട്ടെ. എങ്ങനെ ഉള്ള ആളെ ആണ് വേണ്ടത്..” ഉമ്മി പറഞ്ഞു...

“എനിക്ക് അങ്ങനെ ആഗ്രഹങ്ങൾ ഒന്നും ഇല്ല.. പാവം ആയിരിക്കണം... നാത്തൂനോടും അമ്മായിഅമ്മയോടും ഒക്കെ വഴക്ക് ഉണ്ടാക്കരുത്... എനിക്ക് അത്രയേ ഉള്ളു.. ” ഞാൻ അതും പറഞ്ഞുകൊണ്ട് ഉമ്മിയുടെ മടിയിലേക്ക് കിടന്നു...

“എന്തായാലും ഇപ്പോഴേ നോക്കണ്ടാ...എന്റെ കല്യാണം കഴിഞ്ഞിട്ട് മതി.. ഇല്ലേൽ അടുത്ത അടി ആകും ” ആഫി ഒരു കണ്ണടച്ചു നാക്ക് വെളിയിലേക്ക് ഇട്ട് കാണിച്ചുകൊണ്ട് പറഞ്ഞു..

“ഓ ശെരി ” ഉമ്മി അവളെ കളിയാക്കി...

“ ഡ്രസ്സ്, സ്വർണം ഒഴികെ വാക്കി എല്ലാം set ആക്കിയിട്ടുണ്ട്... വാപ്പി ഇന്ന് രാത്രി വരുമല്ലോ.. നമുക്ക് മറ്റന്നാൾ പോയി അതിന്റെ കാര്യം നോക്കാം ” ഞാൻ പറഞ്ഞു...

“വാപ്പി വരുമെന്നോ ” അവൾ അത്ഭുതത്തോടെ ചോദിച്ചു...

“ആ ” ഞാൻ പറഞ്ഞു..

“ഈ പന്ന തള്ള.. എന്നോട് ഒന്നും പറഞ്ഞില്ല ”

അവൾ ഉമ്മിയെ നോക്കി പറഞ്ഞു...

“ഇത് ഉമ്മി പറഞ്ഞതല്ല.. വാപ്പി വിളിച്ചു പറഞ്ഞതാ ” ഞാൻ പറഞ്ഞു...

“ഓ സോറി... ഉമ്മി ” അവൾ ഒരു ചിരി ചിരിച്ചു ഉമ്മിയെ കെട്ടി പിടിച്ചു പറഞ്ഞു...

“ വേണ്ട വേണ്ട സോപ്പ് ഒന്നും വേണ്ട നീ അങ്ങോട്ട് മാറി ഇരുന്നേ ” ഉമ്മി അവളുടെ കൈ തട്ടി മാറ്റിക്കൊണ്ട് പറഞ്ഞു

“വേണ്ടെങ്കിൽ വേണ്ട ” എന്ന് പറഞ്ഞവൾ ഉമ്മിടെ അടുത്തുന്നു മാറി.. Tv ഇട്ടു.. ഉമ്മി എന്റെ തലയിൽ തടകിക്കൊണ്ട് ഇരുന്നു... ഞാൻ പതിയെ ഉറക്കത്തിലേക്ക് വീണു..

ആഫി ആരോടോ സംസാരിക്കുന്നത് കേട്ട് ആണ് ഞാൻ ഉണർന്നത്... ഞാൻ നോക്കുമ്പോൾ നബീൽ ആണ്...

“അയ്യോ നീ വന്നായിരുന്നോ.. ഞാൻ പൊക്കോളാം എന്ന് പറയാൻ മറന്നു പോയി ” ഞാൻ പറഞ്ഞു..

“അതൊന്നും കുഴപ്പം ഇല്ല... നീ പോയി റെഡി ആയിട്ട് വന്നേ ” അവൻ പറഞ്ഞു ഞാൻ ഡ്രസ്സ് ഒക്കെ മാറ്റിയിട്ടു ഇറങ്ങി വന്നു...

“ഉമ്മി ഞങ്ങൾ ഇറങ്ങുവാണെ ” ഞാൻ ഉറക്കെ വിളിച്ചു പറഞ്ഞു... എന്നിട്ട് ഞാനും അവനും കൂടെ അവന്റെ വണ്ടിയിൽ കയറി... വണ്ടി കുറച്ചു ദൂരം എത്തി...

“എടാ നാദിക്ക് എങ്ങനെ ഉണ്ട് ” ഞാൻ ചോദിച്ചു…

“നീ അവളുടെ കല്യാണത്തിന് അല്ലെ അവളെ അവസാനമായി കണ്ടത്… അവൾ സുഗമായി ഇരിക്കുന്നു. ഒരു മോൻ ഉണ്ട്.. നഫാസ് ” അവൻ പറഞ്ഞു…

“ഒന്ന് പോയി കാണണം.. സമയം ഇല്ലായിരുന്നു. അതാണ് ” ഞാൻ പറഞ്ഞു…

“ഓ പിന്നെ സമയം… ബാംഗ്ലൂർ നിന്ന് ഇവിടെ വരാൻ ദിവസങ്ങൾ എടുക്കുമല്ലോ ” അവൻ ചോദിച്ചു…

“എടാ നിങ്ങൾക്ക് എല്ലാം അറിയാമല്ലോ.. നാട്ടിലേക്ക് വരണമെന്ന് ഇല്ലായിരുന്നു… പിന്നെ അവളുടെ കല്യാണത്തിന് വന്നില്ലേൽ പിന്നെ അവൾ മിണ്ടില്ല എന്ന് അറിയാവുന്നത് കൊണ്ട് മാത്രമാണ് ഞാൻ വന്നത്… ആ അത് കള നിന്റെ കല്യാണം ആയെന്ന് കേട്ടല്ലോ ” ഞാൻ ചിരിച്ചുകൊണ്ട് ചോദിച്ചു…

“അത് പറഞ്ഞു വെച്ചിട്ടുണ്ട്… അടുത്ത വർഷമേ കല്യാണം ഒക്കെ കാണു ” അവൻ പറഞ്ഞു…

“ഹ്മ് ” ഞാൻ ഒന്ന് മൂളി.. എന്നിട്ട് സീറ്റിലേക്ക് ചാരി ഇരുന്നു… വീട്ടിൽ നിന്ന് എയർപോർട്ടിലേക്ക് അധികം ദൂരം ഇല്ലാത്തത് കൊണ്ട് പെട്ടന്ന് എത്തി… ഞങ്ങൾ രണ്ട് പേരും കൂടെ വാപ്പിയെ കാത്ത് നിന്നു… കുറച്ചു നേരം നിക്കേണ്ടി വന്നു… അപ്പോഴേക്കും വാപ്പി ഇറങ്ങി വന്നു ഞങ്ങളെ കണ്ടു…

“അഹ് മോനും ഉണ്ടായിരുന്നോ ” വാപ്പി അവനെ നോക്കി ചോദിച്ചു…

“ഇവൻ വിളിച്ചപ്പോ വന്നായ മാമ ” നബീൽ എന്നെ ചൂണ്ടിക്കൊണ്ട് പറഞ്ഞു...

“ആ ”അങ്ങനെ ഞങ്ങൾ വണ്ടിയിൽ കയറി വീട്ടിലേക്ക് വന്നു.. വാപ്പിയെ കാത്ത് ഉമ്മിയും ആഫിയും പുറത്ത് തന്നെ നിപ്പുണ്ട്... വണ്ടി വന്നു നിർത്തി വാപ്പി ഇറങ്ങിയതും രണ്ട് പേരും വാപ്പിടെ അടുത്തേക്ക് വന്നു.. ആഫി വന്നു വാപ്പിയെ കെട്ടിപിടിച്ചു... ഉമ്മി വന്നു നോക്കി നിന്നത്തെ ഉള്ളു... എന്നിട്ട് എല്ലാരും അകത്തേക്ക് കയറി... വാപ്പി ഒന്ന് ഫ്രഷ് ആയി വന്നപ്പോളേക്കും ഫുഡ് ഒക്കെ റെഡി ആയി.. അങ്ങനെ ഞങ്ങൾ ഫുഡ് കഴിക്കാൻ ഇരുന്നു..

“എല്ലാ കാര്യവും നീ പറഞ്ഞു വെച്ചിട്ടില്ലേ ” വാപ്പി എന്നോട് ചോദിച്ചു..

“ഫുഡ്, ഓഡിറ്റോറിയം, പന്തൽ ഒക്കെ റെഡി ആണ്...” ഞാൻ പറഞ്ഞു

“അപ്പൊ ഓഡിറ്റോറിയം പോകാൻ ഉള്ള ബസ്സോ ” വാപ്പി ചോദിച്ചു...

“അത് ഞാൻ മറന്നു നാളെ തന്നെ റെഡി ആക്കാം.. പിന്നെ സ്വർണം, ഡ്രസ്സ് വാപ്പി നാളെ ഒരു ദിവസം റസ്റ്റ് എടുത്തിട്ട് മറ്റന്നാൾ പോയി എടുക്കാം ” ഞാൻ പറഞ്ഞു കഴിച്ചെഴുന്നേറ്റു... കൈ കഴുകി ഹാളിൽ ഇരുന്നു... നബീലും കൈകഴുകി വന്നു ഇരുന്നു...

“ടാ നാളെ നാദിയെ കാണാൻ പോണം എനിക്ക് വഴി ശെരിക്ക് അറിയില്ല.. നീ ഒന്ന് വരുമോ ” ഞാൻ ചോദിച്ചു...

“ആ ശെരിയെടാ.. എന്നാൽ ഞാൻ ഇറങ്ങട്ടെ.” അവൻ ചോദിച്ചു...

“അഹ് ടാ ” അവൻ എല്ലാരേയും നോക്കിയിട്ട് പുറത്തേക്ക് പോയി...

ഞാൻ അവിടെ തന്നെ ഇരുന്നു ആഫി എന്റെ അടുത്ത് വന്നിരുന്നു എന്നെ തന്നെ നോക്കി...

“എന്താ ” ഞാൻ ചോദിച്ചു..

“ഞാൻ പോയാൽ ഇക്കാക്ക് വിഷമം കാണില്ലേ ”അവൾ എന്റെ കണ്ണുകളിലേക്ക് നോക്കി ചോദിച്ചു...

“ വിഷമമോ എന്തിന്.. നീ പോണത്തിന്റെ അന്ന് ഞാൻ ഇവിടെ പടക്കം പൊട്ടിച്ചു ആഘോഷിക്കും.. ഹ ഹ. ഹ.” എന്ന് പറഞ്ഞു ഞാൻ ചിരിച്ചു...

“പോടാ പട്ടി ” എന്ന് പറഞ്ഞു അവൾ എന്റെ നെഞ്ചത്ത് ഒരു കുത്ത് തന്നു..

അപ്പൊ വാപ്പി വന്നു...

“കല്യാണം ആയി പെണ്ണിന്റെ കുട്ടിക്കളി ഇപ്പോഴും മാറിയിട്ടില്ല ”വാപ്പി അവളെ കളിയാക്കി...

“അവൾ കൊച്ചല്ലേ വാപ്പി... Just 22 വയസല്ലേ ആയുള്ളൂ ” ഞാനും അവളെ കളിയാക്കി...

അത് കേട്ട് വാപ്പി ഉറക്കെ ചിരിച്ചു.. ഞാനും കൂടെ കൂടി..ഇത് കേട്ട് ഉമ്മി അകത്തുന്ന് വന്നു...

“എന്താ ഇവിടെ ഒരു ബഹളം ”ഉമ്മി ചോദിച്ചു...

“ഞാൻ പറയുവായിരുന്നു ഇവളുടെ കുട്ടിക്കളി ഇതുവരെ മാറിയില്ലെന്ന് ”വാപ്പി ഉമ്മിയോട് പറഞ്ഞു...

“അത് എങ്ങനെയാ നിനങ്ങളുടെ അല്ലെ മോള്.. എന്നെ കെട്ടുമ്പോൾ നിങ്ങൾക്കും കുട്ടിക്കളി അല്ലായിരുന്നോ ” ഉമ്മി വാപ്പിയോട് ചോദിച്ചു...

“ആ.. അത്.. ആ ” വാപ്പി വിക്കി...

“വിക്കണ്ട ആയിരുന്നു... പിന്നെ ഗൾഫിൽ പോയതിന് ശേഷം ആണ് ഇത്തിരി വകതിരിവ് വെച്ചത് ” ഉമ്മി വാപ്പിയെ കളിയാക്കി ചിരിച്ചു...

വാപ്പി ഉമ്മിയെ അടിക്കാനായി കൈ ഓങ്ങി...

“മോളെ കെട്ടിച്ചു വിടാറായി.. ഇപ്പോഴും രണ്ടുപേരും കളിക്കുന്നെ നോക്കിക്കേ” ആഫി അവരെ കളിയാക്കി... വാപ്പി ഒരു വളിച്ച ചിരി ചിരിച്ചു

അപ്പോൾ ആഫി എഴുന്നേറ്റ് tv ഇട്ടു.. എല്ലാരും കുറച്ചു നേരം ഒരുമിച്ചിരുന്നു tv കണ്ട് കൊണ്ട് സംസാരിച്ചു... കിട്ടുന്ന സമയത്തെല്ലാം അങ്ങോട്ടും ഇങ്ങോട്ടും കളിയാക്കിക്കൊണ്ട് ഇരുന്നു.. അങ്ങനെ എല്ലാരും റൂമിലേക്ക് ഉറങ്ങാൻ ആയി പോയി...

രാവിലെ പതിവിലും താമസിച്ചാണ് ഞാൻ എഴുന്നേറ്റത്... യാത്ര ക്ഷീണം ആയിരുന്നു കാരണം... ഞാൻ പല്ലൊക്കെ തേച്ചു ചായ കുടിക്കാനായി താഴേക്കു ചെന്നു... വാപ്പി പത്രം വായിക്കുകയാണ്.. അഫിയെ റൂമിൽ ആണെന്ന് തോന്നുന്നു... ഞാൻ കിച്ചനിലേക്ക് പോയി ഉമ്മി അവിടെ ഫുഡ് ഉണ്ടാക്കുന്ന തിരക്കിൽ ആണ്... അങ്ങോട്ടും ഇങ്ങോട്ടും ഒക്കെ ഓടി നടക്കുന്നതിനിടയിൽ ഉമ്മി എനിക്ക് ചായയും തന്നു... ഞാൻ ആ ചായയും വാങ്ങി ഹാളിലേക്ക് പോയി...

“കാര്യങ്ങൾ എല്ലാം നിന്റെ ഉമ്മി പറഞ്ഞു... നിന്റെ സ്വഭാവം ഒന്ന് ശെരിയാക്കാൻ ആണ് ഞാൻ ബസ്സിനസ്സിലേക്ക് നിന്നെ പറഞ്ഞു വിട്ടത്.. പക്ഷെ അവിടെ എല്ലാം നീ നിന്റെ കഴിവ് തെളിയിച്ചു ” വാപ്പി പറഞ്ഞു...

“വാപ്പി എന്താണ് പറയുന്നത് ” ഞാൻ മനസിലാവാതെ ചോദിച്ചു...

“ഈ കാണുമ്പോൾ തന്നെ ഇഷ്ടമാണെന്ന് തോന്നുന്നതിൽ തെറ്റ് ഒന്നും ഇല്ല... പക്ഷെ ആളെ മനസിലാക്കാൻ നീ പഠിക്കണം ” വാപ്പി പറഞ്ഞു...

“അതൊക്കെ ഞാൻ കളഞ്ഞു.. നിങ്ങൾ ഒരു കുട്ടിയെ കണ്ട് പിടിച്ചു തന്നാൽ മതി.. ഇഷ്ടപ്പെട്ടിട്ട് കഷ്ടപ്പെടുന്നതിലും നല്ലത് കഷ്ടപ്പെട്ട് ഇഷ്ടപെടുന്നതല്ലേ ” ഞാൻ ചോദിച്ചു...

“ഹ്മ് ” വാപ്പി ഒന്ന് മൂളിയതേ ഉള്ളു...

ഞാൻ എഴുനേറ്റ് പുറത്തേക്ക് ഇറങ്ങി..

ആഫി അവിടിരുന്നു ആരോടോ ഫോണിൽ സംസാരിക്കുകയാണ്... ഫൈസൽ ആണെന്ന് എനിക്ക് മനസിലായി... ഞാൻ അവളുടെ അടുത്ത് ഇരുന്നു... അപ്പോൾ പുറത്ത് നിന്ന് ഒരു ബൈക്ക് അകത്തേക്ക് വന്നു... നബീൽ ആയിരുന്നു... അവൻ വന്നു ബൈക്ക് ഒതുക്കി ഞങ്ങളുടെ അടുത്തേക്ക് വന്നു... അപ്പോൾ ആഫി ഫോൺ off ആക്കി...

“വാടാ കഴിച്ചിട്ട് പോകാം ” ഞാൻ അവനെ കഴിക്കാൻ ആയി വിളിച്ചു...

“എങ്ങോട്ടാ രണ്ടാളും കൂടെ പോകുന്നെ ”ആഫി ചോദിച്ചു...

“എങ്ങോട്ട് ആണേലും നിനക്കെന്താ ഫോണിൽ കളിച്ചോണ്ട് ഇരുന്നാൽ പോരെ ” ഞാൻ അവളോട് ചോദിച്ചു...

“എന്ത് ജാടയാ... പറയാൻ പറ്റാത്ത ഇടത്തേക്ക് എങ്ങാനം ആണേൽ പറയണ്ട ” അവൾ ചവിട്ടി തുള്ളി അകത്തേക്ക് പോയി...

നബീൽ ഇതെല്ലാം കണ്ട് ചിരിച്ചുകൊണ്ട് നിന്നു...ഞാൻ അവനേം വിളിച്ചുകൊണ്ടു കഴിക്കാൻ ആയി ഇരുന്നു... വാപ്പിയും വന്നു...

“എങ്ങോട്ടാണ് പോകുന്നത് ” വാപ്പി ചോദിച്ചു...

“വാപ്പി നാദിയെ ഒന്ന് കാണണം... കല്യാണത്തിന് കണ്ടതല്ലേ... പിന്നെ കണ്ടിട്ടില്ലല്ലോ...”ഞാൻ പറഞ്ഞു...

അങ്ങനെ ഞങ്ങൾ കഴിച്ചു കഴിഞ്ഞു... ഞാൻ ഡ്രസ്സ് മാറാൻ ആയി റൂമിലേക്ക്

പോയി... കുളിച്ച് ഡ്രസ്സ് ഒക്കെ മാറി താഴേക്ക് വന്നപ്പോൾ... ഒരുങ്ങി ഇരിക്കുന്ന അഫിയെ കണ്ടു...

“നീ ഇത് എങ്ങോട്ട് ആണ് ” ഞാൻ ആഫിയോട് ചോദിച്ചു...

“ഞാനും വരുന്നു നാദി ഇത്തിയെ കാണാൻ ” അവൾ പറഞ്ഞു...

“നീ വരണ്ട... ഞങ്ങൾ ബൈക്കിൽ ആണ് പോകുന്നെ ” ഞാൻ പറഞ്ഞു...

“പ്ലീസ് ഞാനും വരുന്നു എന്നെ കൂടെ കൊണ്ട് പോ ” ആഫി നിന്ന് ചിണുങ്ങി... അപ്പൊ ഉമ്മി ഞങ്ങളുടെ അടുത്തേക്ക് വന്നു...

“അവളും കൂടി വരട്ടെ ” ഉമ്മി പറഞ്ഞു.. പിന്നെ എനിക്ക് എതിര് പറയാൻ പറ്റില്ല... കൊണ്ട് പോകണ്ട എന്ന് ഒന്നും ഇല്ല.. പക്ഷെ അവളെ ഒന്ന് വട്ടാക്കുന്നത് നല്ല രസം ആണ്...

ഞാനും നബീലും ആഫിയും കൂടെ കാറിൽ കയറി ഞാൻ വണ്ടി ഓടിച്ചു നബീൽ ഫ്രണ്ടിലും ആഫി ബാക്കിലും ആയി ആണ് ഇരിപ്പ്...

“ടാ ബസ്സ് അറേഞ്ച് ചെയ്യണം നിനക്ക് ഏതേലും അറിയാമോ ” വണ്ടി ഓടിക്കുന്നതിനടിയിൽ ഞാൻ നബീലിനോട് ചോദിച്ചു...

“ബസ്സ് ഒക്കെ അറിയാം... എത്ര എണ്ണം വേണ്ടി വരും?” അവൻ ചോദിച്ചു

“7,8 എണ്ണം വേണ്ടി വരും... കുറെ പേരെ ക്ഷണിച്ചിട്ടുണ്ട് ”ഞാൻ പറഞ്ഞു...

“അപ്പൊ 8 എണ്ണം അല്ലെ... ഞാൻ ഇന്ന് വിളിചിട്ട് പറയാം ” അവൻ പറഞ്ഞു...

“ഒരു കാര്യം നിന്നോട് പറയണമായിരുന്നു ” ഞാൻ പറഞ്ഞു...

“എന്താടാ ” അവൻ ചോദിച്ചു...

“എടാ നീ കല്യാണം കഴിക്കാൻ പോകുന്ന ജെന്ന ഇല്ലേ... അവളെ ഇവൾ എനിക്ക് കല്യാണം ആലോചിച്ചു ” ഞാൻ ആഫിയെ ചൂണ്ടി കാണിച്ചുകൊണ്ട് പറഞ്ഞു...

“അതൊക്കെ ഞാൻ അറിഞ്ഞു ഇന്നലെ ഇവൾ എല്ലാം എന്നോട് പറഞ്ഞു... ജെന്ന സമ്മതിച്ചെന്നും.. അവൾ സമ്മതിച്ചതല്ല അവൾ ഒന്നും പറയാതെ

ഇരുന്നതാ.. ഇവൾ അങ്ങോട്ട് കയറി ചെല്ലണ്ടതല്ലേ.. അപ്പൊ ഒരു പ്രശ്നം ആക്കേണ്ട എന്ന് കരുതിയിട്ട് ആണ് " അവൻ പറഞ്ഞു...

“അതൊക്കെ പോട്ടെ നിന്റെ ജോലി ഒക്കെ എങ്ങനെ പോകുന്നു...”ഞാൻ ചോദിച്ചു...

“ജോലി ഒക്കെ നന്നായി പോകുന്നു...ഞാൻ സ്വന്തമായി ഒരു കമ്പനി തുടങ്ങിയാലോ എന്ന് ആലോചിക്കുവാ”

അവൻ പറഞ്ഞു...

“അതിനെന്താ നല്ല കാര്യം അല്ലെ.. തുടങ്ങ് " ഞാൻ പറഞ്ഞു...

“ക്യാഷ് പ്രോബ്ലം ആണ്... കുറെ ഒക്കെ ഞാൻ set ആക്കി വെച്ചിട്ടുണ്ട് ഒരു 10 ലക്ഷം കൂടെ വേണം " അവൻ പറഞ്ഞു...

“അത് ഞാൻ തരാം... നീ അതിന്റെ കാര്യങ്ങൾ നോക്ക്... ഒന്നുമില്ലേലും നമ്മൾ ഒരുമിച്ച് വളർന്നതല്ലേ " ഞാൻ പറഞ്ഞു...

അവൻ ഒന്നും പറഞ്ഞില്ല വണ്ടിയിൽ മുഴുവൻ നിഷ്ബദ്ധതയായിരുന്നു...

“ഇവിടെ വരെ ഓർമ ഉണ്ട് വാക്കി വഴി അറിയില്ല " ഞാൻ അവനോട് പറഞ്ഞു.

“നീ വണ്ടി സൈഡിലേക്ക് നിർത്ത്.. വണ്ടി ഞാൻ എടുക്കാം ” എന്ന് പറഞ്ഞു

ഞാൻ വണ്ടി നിർത്തി ഇറങ്ങി.. അവൻ വണ്ടി എടുത്തു... വണ്ടിയിൽ പാട്ടുകൾ മാറി മാറി വന്നുകൊണ്ടേ ഇരുന്നു... ആരും സംസാരമില്ലാതെ ആ പാട്ടുകൾ കേട്ടുകൊണ്ട് ഇരുന്നു.. അവൻ വണ്ടി ഒരു വീടിന് മുന്നിൽ കൊണ്ട് ഒതുക്കി നിർത്തി...എന്നിട്ടവൻ ഇറങ്ങി ഞങ്ങളും ഇറങ്ങി... അവൻ അകത്തേക്ക് കയറി പോയി കൂടെ ഞങ്ങളും ആഫി ഇവിടെ വന്നിട്ടുണ്ടെങ്കിലും വന്നിട്ടില്ല എന്ന് രീതിയിൽ ആയിരുന്നു നടത്തം... അവൻ കാളിങ്ബെൽ അടിച്ചു... ആദ്യം അടിച്ചപ്പോൾ തുറന്നില്ല... രണ്ടാമത് അടിച്ചപ്പോൾ തുറന്നു.. പുറത്ത് നിൽക്കുന്ന ഞങ്ങളെ കണ്ടപ്പോൾ ആദ്യം അവളുടെ മുഖത്ത് സന്തോഷം മിന്നി മറഞ്ഞു...

“ഇവനെ ഞാൻ എവിടെയോ കണ്ടിട്ടുണ്ടല്ലോ ” നാദി എന്നെ ചൂണ്ടിക്കൊണ്ട് ഓർത്തു...

“ആരാ ഇക്ക ഇവൻ ” നാദി എന്നെ നോക്കി നബീലിനോട് ചോദിച്ചു...

“വഴിയിൽ നിന്ന് കിട്ടിയതാ.. ഇങ്ങോട്ട് വരണം എന്ന് പറഞ്ഞു ” നബീൽ ചിരിച്ചുകൊണ്ട് പറഞ്ഞു...

“ഇപ്പോഴെങ്കിലും തോന്നിയല്ലോടാ നാറി എന്നെ കാണാൻ തോന്നാൻ ”നാദി എന്നോട് പറഞ്ഞു... ഞാൻ ഒന്ന് ചിരിച്ചു...

“ആഹ്, കല്യാണം ആയോണ്ട് വന്നതാണോടി നീ... വാ കേറി ഇരിക്ക്” നാദി ആഫിയെ നോക്കി പറഞ്ഞിട്ട് അകത്തേക്ക് കയറി...

“അളിയൻ എന്തിയെ ” അകത്തേക്ക് കയറുമ്പോൾ ഞാൻ ചോദിച്ചു..നാദി എന്നെ ഒന്ന് നോക്കി...

“ഓ ഞങ്ങൾക്ക് നിങ്ങളെ പോലെ ബിസ്സിനെസ്സ് ഒന്നും ഇല്ല.. ജോലിക്ക് പോയേക്കുവാ ” നാദി പറഞ്ഞു...

“ഓ ശെരി... മോൻ എന്തിയെ ” ഞാൻ ചോദിച്ചു...

“അവിടെ ഉണ്ട് അങ്ങോട്ട് പോകല്ലേ... ആദ്യമായിട്ടാ കാണുന്നതല്ലേ ചിലപ്പോ നിന്നെ കണ്ട് പേടിക്കും ” അവൾ റൂം കാണിച്ച തന്നിട്ട് ചിരിച്ചുകൊണ്ട് പറഞ്ഞു...

“നിന്നെ ഇന്ന് ഞാൻ ” എന്ന് പറഞ്ഞു അടിക്കാൻ ആയി കൈ ഓങ്ങിയതും അവൾ കിച്ചനിലേക്ക് ഓടി..ഞാൻ പോയി മോനെയും എടുത്തുകൊണ്ടു കിച്ചനിലേക്ക് പോയി...

“എന്നാലും നീ എന്നെ വന്ന് ഒന്ന് കണ്ടത് പോലും ഇല്ലല്ലോ ” അവൾ പരിഭവം കാണിച്ചു...

“നീ എന്താ ഒന്നും അറിയാത്ത പോലെ സംസാരിക്കുന്നെ... അന്ന് എന്നെ വണ്ടി ഇടിച്ചതു ഞാൻ ആത്മഹത്യാ ചെയ്യാൻ നോക്കിയതാണെന്ന് പറഞ്ഞവർ ആണ്... അന്ന് കല്യാണത്തിന് വന്നതേ നീ അടി ഉണ്ടാക്കാതിരിക്കാൻ ആയിരുന്നു ” ഞാൻ പറഞ്ഞിട്ട് മോനെ കളിപ്പിച്ചോണ്ട് ഇരുന്നു...

“ഇത്പോലെ ഒരണ്ണം നിനക്കും വേണ്ടേ ”വെള്ളം കലക്കികൊണ്ട് നാദി ചോദിച്ചു…

“അതിനെ കുറിച്ച് ഒന്നും പറയണ്ട.. മിനഞ്ഞാന്ന് ആഫി ഒരാളെ നോക്കി… ആരെയാണെന്ന് അറിയാമോ ” ഞാൻ ചോദിച്ചു…

“ആരെയാ ” നാദി ചോദിച്ചു…

“അവളുടെ നാത്തൂൻ ആകാൻ പോകുന്ന ജെന്ന ആണ് ” ഞാൻ പറഞ്ഞു

“അള്ളാ നബീലിക്കക്ക് ആലോചിച്ചിരിക്കുന്ന കൊച്ചിനെയോ? ” നാദി ചോദിച്ചു…

“അതിനെ തന്നെ ” ഞാൻ പറഞ്ഞു..

“എന്നിട്ട് എന്തായി ” നാദി ചോദിച്ചു…

“എന്താവാൻ ആഫി അത് ഫൈസലിനെ വിളിച്ചു ചോദിച്ചു… അവൻ കാര്യം പറഞ്ഞു ഞാൻ അത് അവിടെ കളഞ്ഞു ” ഞാൻ പറഞ്ഞു…

“ഇവിടെ നല്ല പിള്ളേർ ഉണ്ട് നോക്കട്ടെ ” നാദി ചോദിച്ചു...

“വേണ്ട...ഇപ്പൊ എന്റെ കല്യാണ കാര്യം നോക്കുന്നത് ഉമ്മിയും വാപ്പിയും ആണ്..” ഞാൻ പറഞ്ഞു... എന്നിട്ട് ഞാൻ കുഞ്ഞിനെ കളിപ്പിച്ചോണ്ട് ഇരുന്നു... എന്നിട്ട് നാദി വെള്ളവുമായി ഹാളിലേക്ക് പോയി ഞാനും പുറകെ പോയി... നബീൽ tv കാണുന്നു... ആഫി ഫോണിൽ തന്നെ...

“ആരോടാടി ഫോണിൽ ചാറ്റുന്നെ ” നാദി ആഫിയോട് ചോദിച്ചു....

“അത് ആരുമില്ല.. വെറുതെ ഇൻസ്റ്റാഗ്രാം നോക്കി ഇരുന്നെയാ ” ആഫി അപ്പോഴേക്കും ഫോൺ മാറ്റി വെച്ചു... എന്നിട്ട് എന്റെ കയ്യിൽ നിന്ന് കുഞ്ഞിനെ പിടിച്ചു വാങ്ങി അതിനെ കളിപ്പിച്ചോണ്ട് ഇരുന്നു...

ഞാൻ നാദിയോട് ഓരോരോ കാര്യങ്ങൾ സംസാരിച്ചോണ്ട് ഇരുന്നു.. എന്നിട്ട് ഞങ്ങളെ ഫുഡ് ഒക്കെ കഴിച്ചു...

“ഞങ്ങളെ നാളെ ഡ്രസ്സ് ഒക്കെ എടുക്കാൻ പോകുന്നുണ്ട് നീ വരണം ” വീട്ടിലേക്ക് പോകാൻ ഇറങ്ങാൻ നേരം ഞാൻ പറഞ്ഞു...

“ഞാൻ ഇക്കയോട് ചോദിക്കട്ടെ ” അവൾ പറഞ്ഞു...

“നീ എന്തായാലും നാളെ ഒരുങ്ങി നിക്ക് ഞാൻ വന്ന് വിളിക്കാം” ഞാൻ പറഞ്ഞിട്ട് ഞങ്ങൾ മൂന് പേരും കാറിൽ കയറി തിരിച്ചു വീട്ടിലേക്ക് പോയി...

നബീലിന് എങ്ങോട്ടോ അത്യാവശ്യമായി പോകണ്ടത് കൊണ്ട് അവൻ വീട്ടിലേക്ക് പോകാൻ ഇറങ്ങി...

"മോനെ നാളെ ഉമ്മയോടും വാപ്പയോടും വരാൻ പറയണം.. നീയും വരണം " അവൻ ബൈക്കിലേക്ക് കയറിയപ്പോൾ ഉമ്മി പറഞ്ഞു....

"ആഹ് ശെരി മാമി..."

"ടാ.ബസ്സിന്റെ കാര്യം ഇന്ന് തന്നെ റെഡി ആക്കണേ " ഞാൻ അവനെ ഒന്നകൂടെ ഓർമിപ്പിച്ചു...

"അത് ഞാൻ നോക്കിക്കോളാം.. അതിനെ കുറിച്ച് നീ ടെൻഷൻ അടിക്കേണ്ട "എന്ന് പറഞ്ഞു അവൻ പോയി..

ഉച്ചക്ക് ഒന്ന് കിടന്ന് ഉറങ്ങാം എന്ന് കരുതി റൂമിലേക്ക് കയറി നോക്കിയപ്പോൾ ഫോൺ റിങ് ചെയ്യുന്നു.. സൈലന്റ് ആയിരുന്നു... ഞാൻ ഫോൺ എടുത്ത് നോക്കി പരിചയം ഇല്ലാത്ത ഒരു number ആണ്...

"ഹലോ " ഞാൻ കാൾ എടുത്തു...

"ഹലോ " അവിടുന്ന് ഒരു സ്ത്രി ശബ്ദം...

"ആരാണ് " ഞാൻ ചോദിച്ചു...

“ഇക്ക ഞാൻ ജാസ്മിൻ ആണ് ” അവൾ പറഞ്ഞു..

“ഏത് ജാസ്മിൻ ”ഞാൻ ഓർത്തു നോക്കിയിട്ട് മനസിലാകാത്തപ്പോൾ പറഞ്ഞു...

“കോളേജിൽ... ഐഷയുടെ കൂടെ... പഠിച്ച ആൾ ആണ് ” അവൾ നിർത്തി നിർത്തി പറഞ്ഞു...

“എന്തേലും പറയാനുണ്ടോ ” ഞാൻ ദേഷ്യത്തിൽ ചോദിച്ചു..

“എനിക്ക് അറിയാം.. ഇക്കാക്ക് അവളോട് ഉള്ള ദേഷ്യം സ്വഭാവികമായും ഞങ്ങളോടും കാണും... പക്ഷെ എന്നെ ” അവൾ പറഞ്ഞു തീരുന്നതിനു മുൻപ് ഞാൻ കാൾ കട്ട് ചെയ്തു.....ഇവളും അവളെ പോലെ ആകും എന്ന് njan കരുതി...ദേഷ്യം കൊണ്ട് ആയിരുന്നു.ഞാൻ കാൾ കട്ട് ചെയ്തത്..... ഞാൻ കണ്ണടച്ചു ബെഡിലേക്ക് കിടന്നു... ഫോൺ പിന്നെയും റിങ് ചെയ്യുന്നുണ്ട്... ഞാൻ എടുത്തില്ല... കണ്ണ് അടച്ചു ഒന്ന് ഉറക്കം വന്ന് തുടങ്ങിയപ്പോൾ പഴയ കാര്യങ്ങൾ ഓർമയിലേക്ക് വന്നു....ഞാൻ ഉറക്കം കളഞ്ഞു എഴുന്നേറ്റ്.. ടീവിക്ക് മുന്നിൽ ചെന്നിരുന്നു...അപ്പോഴും പഴയ കാര്യങ്ങൾ എന്നെ അലട്ടിക്കൊണ്ട് ഇരുന്നു.. അത് ആലോചിച്ചപ്പോൾ കണ്ണിൽനിന്ന് കണ്ണുനീർ വന്നു... ആഫി പെട്ടന്നാണ് അങ്ങോട്ട് കയറി വന്നത് സന്തോഷത്തിൽ ആയിരുന്നു അവളുടെ വരവ് എന്റെ കണ്ണുനീർ കണ്ടതും അവളുടെ മുഖം മാറി...അവൾ എന്റെ അടുത്ത് വന്ന് ഇരുന്നു.. അവൾ വന്നത് അപ്പോഴാണ് ഞാൻ അറിഞ്ഞത്... ഞാൻ വേഗം കണ്ണുനീർ തുടച്ചു... അവൾ എന്നെ നോക്കുന്നുണ്ടോ എന്ന് അറിയാൻ ഞാൻ കണ്ണ് സൈഡിലേക്ക് ആക്കി നോക്കി... പണി ആയി... അവൾ എന്നെ തന്നെ നോക്കി ഇരിക്കുവാ... നല്ല ദേഷ്യവും ഉണ്ട് മുഖത്ത്...

ഞാൻ മുഖം പതിയെ ഒന്ന് ചരിച്ചു അവളെ നോക്കിയിട്ട് ടീവിയിൽ നോക്കി...

“എന്താ കാര്യം ” അവൾ ചോദിച്ചു...

“എന്ത് കാര്യം ” ഞാൻ അവളോട് ചോദിച്ചു...

“എന്തിനാണ് ഇപ്പൊ കണ്ണ് നിറഞ്ഞത്... കാര്യം പറയുന്നുണ്ടോ ” അവളുടെ ശബ്ദം ഉറച്ചു...

“അതോ കണ്ണിൽ ഒരു കരട് പോയത് അങ്ങനെ കണ്ണ് നിറഞ്ഞതാണ് ” ഞാൻ നിന്ന് പരുങ്ങി...

“ആണോ.. ഇത് വിശ്വസിക്കാൻ മാത്രം പൊട്ടി ഒന്നും അല്ല ഞാൻ... കാര്യം പറയുന്നുണ്ടോ ” അവൾ പറഞ്ഞു...

“അത് ഒന്നുമില്ലടി... ഞാൻ വെറുതെ ഇരുന്നപ്പോൾ ഓരോന്ന് ആലോചിച്ച്... ആ അത് വിട് നമുക്ക് വേറെ എന്തേലും സംസാരിക്കാം ”ഞാൻ വിഷയം മാറ്റാൻ ആയി പറഞ്ഞു...

“ഇതിപ്പോൾ കുറെ ആയല്ലോ... ഇത് അങ്ങനെ വിടാൻ പറ്റില്ല... അത് മാത്രവും അല്ല... ഇപ്പൊ അത് ഓർക്കാൻ ഉള്ള കാരണം എന്താണ്?” അവൾ ചോദിച്ചു...

“അത് ഒരു ജാസ്മിൻ വിളിച്ചിരുന്നു എന്റെ ജൂനിയർ ആയിരുന്നു ഐഷയുടെ ക്ലാസിൽ പഠിച്ചതാണ്.. അപ്പോൾ തുടങ്ങിയതാണ്... ഉറങ്ങാൻ കിടന്നപ്പോൾ

അത് മനസ്സിൽ വന്നു... ഇവിടെ വന്ന് ഇരുന്നപ്പോൾ അപ്പോഴും വന്നു... ഞാൻ എന്ത് ചെയ്യണം "ഇനിയും പിടിച്ചു നിക്കാൻ പറ്റില്ല എന്ന് മനസിലായപ്പോൾ ഞാൻ പറഞ്ഞു...

“അവൾ എന്താണ് പറഞ്ഞത്?” ആഫി നല്ല ദേഷ്യത്തിൽ ആണെന്ന് ആ ചോദ്യത്തോടെ എനിക്ക് മനസിലായി..

“ഒന്നും പറഞ്ഞില്ല... എന്തോ പറഞ്ഞപ്പോൾ ഞാൻ കട്ട് ആക്കി... പിന്നെയും ഒരുപാട് പ്രാവശ്യം വിളിച്ചു ഞാൻ എടുക്കാൻ നിന്നല്ല ” ഞാൻ പറഞ്ഞു...

“ഒരുപാട് പ്രാവശ്യം വിളിച്ചിട്ടുണ്ടേൽ.. എന്തോ കാരണം കാണും... വാ നമുക്ക് തിരിച്ചു വിളിച്ചു നോക്കാം ” ആഫി പറഞ്ഞു...

“അതൊന്നും വേണ്ട ആഫി... വിളിച്ചു മടുക്കുമ്പോൾ നിർത്തിക്കോളും..” ഞാൻ പറഞ്ഞു...

“അതൊന്നും പറഞ്ഞാൽ പറ്റില്ല... എന്തേലും സഹായം ചോദിച്ചു വിളിക്കുവാണേൽ നമുക്ക് പറ്റുമെങ്കിൽ സഹായിച്ചു കൊടുക്കണം "അവൾ എന്റെ കയ്യിൽ പിടിച്ചു വലിച്ചുകൊണ്ട് റൂമിലേക്ക് പോയി... എന്റെ ഫോൺ എടുത്ത് തിരിച്ചു വിളിച്ചു... അപ്പോൾ തന്നെ കാൾ എടുത്തു...ആഫി ലൗഡ് സ്പീക്കറിൽ ഇട്ടു സംസാരിച്ചു...

“ഹലോ ” ആഫി പറഞ്ഞു...

“ഹലോ ” അവിടെ നിന്ന്.ശബ്ദം ഇടറി കൊണ്ട് അവൾ പറഞ്ഞു....

“ഞാൻ ആഫിയ... അജാസ് ഇക്കയുടെ പെങ്ങൾ ആണ്.. നിങ്ങൾ എന്തിനാണ് എന്റെ ഇക്കയെ വിളിച്ചത് ” ആഫി ചോദിച്ചു...

“എന്നെ ഒന്ന് സഹായിക്കണം...” എന്ന് പറഞ്ഞു അവൾ എങ്ങൽ അടിച്ചു കരഞ്ഞു...

“അതെ നിങ്ങൾ കരയാതെ കാര്യം പറയു ” ആഫി വല്ലാണ്ട് ആയി...

“എന്റെ... എന്റെ അനിയൻ.. പോലീസ് സ്റ്റെ.. സ്റ്റേഷനിൽ ആണ് ” അവൾ എങ്ങി എങ്ങി പറഞ്ഞു...

“എന്ത് പറ്റി ” ആഫി ചോദിച്ചു...

“എന്റെ ഉമ്മയും വാപ്പയും ഒരു വർഷം മുന്നേ ഒരു ആക്സിഡന്റിൽ മരിച്ചുപോയി.. (അതും പറഞ്ഞവൾ ഉറക്കി കരഞ്ഞു...)” ഇത് കേട്ട് എനിക്കും അഫിക്കും സങ്കടമായി...

“പിന്നെ ഞങ്ങളെ നോക്കിയത് ചെറിയുപ്പയും ആയിരുന്നു... ചെറിയുമ്മയെ ഗൾഫിൽ നിർത്തിയിട്ടാണ് ചെറിയുപ്പ ഞങ്ങളെ നോക്കാൻ വന്നത്....പക്ഷെ ചെറിയുമ്മക്ക് എന്തോ അസുഖമായി അപ്പോൾ ചെറിയുപ്പാക്ക് ഗൾഫിലേക്ക് പോകേണ്ടതായി വന്നു... ചെറിയുപ്പ പോയതിൽ പിന്നെ ഞാനും അനിയനും ഒറ്റക്കായി വീട്ടിൽ... അങ്ങനെ ഇരിക്കെ ഒരു ദിവസം ഓഫിസിൽ വെച്ച് ഒരു

മെയിൽ സ്റ്റാഫ് എന്നോട് അപ.. അപമരിയാതെയായി പെരുമാറി.ആരും ഇല്ലാത്ത ധൈര്യം ആയിരുന്നു .. അന്ന് ഞാൻ അയാളോട് ദേഷ്യപ്പെട്ടു അങ്ങനെ ആളുകൾ കൂടി അയാളെ തല്ലി... പിന്നീട് കുറച്ചു ദിവസത്തേക്ക് ശല്യം ഒന്നും ഇല്ലായിരുന്നു... പക്ഷെ ഇന്നലെ രാത്രി അയാൾ മദ്യപിച്ചു വീട്ടിലേക്ക് കയറി വന്നു ഞാൻ കിച്ചണിൽ പണിയിലായിരുന്നു... അനിയൻ tv കണ്ട് കൊണ്ട് ഇരിക്കുകയായിരുന്നു... ഇയാൾ അകത്തേക്ക് കയറി വരുന്നത് കണ്ട് അവൻ അയാളെ തടഞ്ഞു... പക്ഷെ അയാൾ അവനെ.. അവനെ തള്ളി താഴെ ഇട്ടു എന്നിട്ട് എന്റെ നേരെ വന്നു... എന്റെ.. എന്റെ ദേഹത്ത് കയറി പിടിച്ചു... ഞാൻ അലറി നാട്ടുകാരെ വിളിച്ചു.. ഇത് കണ്ട് അനിയൻ അവിടെ ഇരുന്ന കത്തി എടുത്ത് അയാളെ കുത്തി....അപ്പോഴേക്കും അടുത്തുള്ള വീടുകളിലെ ആളുകൾ വന്ന് അയാളെ ഹോസ്പിറ്റലിലേക്ക് കൊണ്ട് പോയി..അനിയൻ പേടിച്ചു വീട്ടിൽ നിന്ന് ഇറങ്ങി ഓടി.... ഞാൻ അവനെ തടയാൻ നോക്കിയെങ്കിലും സാധിച്ചില്ല...ഇന്നലെ അടുത്ത വീട്ടിലെ ചേച്ചി ആണ് എനിക്ക് കൂട്ട് നിന്നത്... രാത്രി 1 മണി ഒക്കെ

ആയപ്പോൾ ഫോണിൽ കാൾ വന്നു... പോലീസ് അവനെ പിടിച്ചു.. എന്ന് പറഞ്ഞു... അപ്പോൾ മുതൽ ഞാൻ ഒരുപാട് പേരെ വിളിച്ചു... ആരും സഹായിക്കുന്നില്ല.. അങ്ങനെ ഒരാളെ വിളിച്ചപ്പോൾ ആണ് ഇക്കാടെ കാര്യം പറഞ്ഞത്.. അത്കൊണ്ട് ആണ് വിളിച്ചത്... പ്ലീസ് ഒന്ന് സഹായിക്കണം... ഇനി സഹായം ചോദിക്കാൻ ആരും ഇല്ല..കൊച്ചാപ്പയെ വിളിച്ചപ്പോൾ കിട്ടുന്നില്ല...പ്ലീസ് അവളോട് ഉള്ള ദേഷ്യം എന്നോട് തീർക്കരുത്.. ഞങ്ങളെ സഹായിക്കാൻ പറയാമോ പ്ലീസ് " അവൾ കരഞ്ഞു കൊണ്ട് പറഞ്ഞു... ആഫി ഇതെല്ലാം കേട്ട് കരയുവാണ്...

“പേടിക്കണ്ട... ഇനി എല്ലാ സഹായത്തിനും ഇക്ക ഉണ്ടാകും..” ആഫി കണ്ണുനീർ തുടച്ചുകൊണ്ട് പറഞ്ഞു...

“ഒരുപാട് നന്ദി ഉണ്ട് " അവൾ പറഞ്ഞു...

“നിങ്ങൾ എവിടെ ആണ് താമസം " ആഫി ചോദിച്ചു...

“ആലുവ ആണ് ” അവൾ പറഞ്ഞു...

“ആ ലൊക്കേഷൻ ഒന്ന് ഈ നമ്പറിൽ വാട്സ്ആപ്പ് അയച്ചരെ... ഞാൻ ഇപ്പൊ വരാം ” ആഫി പറഞ്ഞു എന്നിട്ട് കാൾ കട്ട് ചെയ്തു...

“നീ എന്താണ് ചെയ്യാൻ പോകുന്നത്..”ഞാൻ ആഫിയോട് ചോദിച്ചു...

“അറിയില്ല...” ആഫി പറഞ്ഞു...

അപ്പോൾ വാട്സാപ്പിൽ നോട്ടിഫിക്കേഷൻ വന്നു... ലൊക്കേഷൻ അയച്ചിട്ടുണ്ട്..

“ഇക്ക വേഗം റെഡി ആകു.. ഞാൻ ഉമ്മിയോടും വാപ്പിയോടും പറയട്ടെ അവർ എന്താ പറയുന്നതെന്ന് നോക്കാം ” ആഫി പറഞ്ഞിട്ട് ഇറങ്ങി പോയി... അവൾ എന്താണ് തീരുമാനിച്ചിരിക്കുന്നത് എന്ന് എനിക്ക് അറിയില്ല... ഞാൻ ഡ്രസ്സ് മാറി താഴേക്ക് ചെന്നു...

“മോനെ നീ ആ കൊച്ചിനെ ഇങ്ങ് കൂട്ടികൊണ്ട് വാ... ഇന്ന് ശനി നാളെ ഞായർ.. കോടതി കാണില്ല.. ആ കൊച്ച് അവിടെ തനിച്ചു നിക്കുന്നത് സേഫ് അല്ല ” വാപ്പി പറഞ്ഞു...

“എന്തിനാ വാപ്പി വെറുതെ നാട്ടുകാരെകൊണ്ട് ഓരോന്ന് പറയിപ്പിക്കാൻ... അവൾ അവിടെ നിക്കട്ടെ ” ഞാൻ പറഞ്ഞു...

“ഇത് നമ്മുടെ ആഫിക്ക് ആണ് വന്നതെങ്കിലോ.. നീ ഒന്ന് ആലോചിച്ച് നോക്ക് ” വാപ്പി അത് പറഞ്ഞപ്പോൾ ആണ് അതിന്റെ ശെരിക്കുള്ള അവസ്ഥാ എനിക്ക് മനസിലായത്... ആഫി അപ്പോൾ ഇറങ്ങി വന്നു...

“മോളെ ഇവൻ എന്ത് പറഞ്ഞാലും നോക്കണ്ടാ ആ മോളെ ഇങ്ങ് കൂട്ടികൊണ്ട് പോര് ” ഉമ്മി ആഫിയോട് പറഞ്ഞു... ആഫി തലയാട്ടി സമ്മതിച്ചിട്ട് എന്നെ നോക്കി... ഞാൻ കാറിന്റെ കിയും എടുത്ത് കാറിലേക്ക് കയറി... വണ്ടി നല്ല സ്പീഡിൽ അങ്ങോട്ടേക്ക് വണ്ടി വിട്ടു... വീട്ടിൽ എത്തുമ്പോൾ ആ വീടിന് ചുറ്റും ആളുകൾ കൂടി നിക്കുന്നുണ്ട്.. അത്യാവശ്യം നല്ല ഒരു വീട് ആണ്... സിറ്റ്ഔട്ടിൽ അവൾ ഇരിപ്പുണ്ട് കൂടെ കുറെ ചേച്ചിമാരും... ആദ്യമായിട്ടാണ് അവളെ കാണുന്നതെങ്കിലും ആൾ അവളെന്ന് എനിക്ക് മനസിലായി...അവൾ കരഞ്ഞ കരഞ്ഞു ഒരു പരുവം ആയി.. എന്ന് കണ്ടാൽ തന്നെ അറിയാം... അവൾ എന്നെ കണ്ടു ആഫി അവളുടെ അടുത്തേക്ക് പോയി എന്നിട്ട് എന്തോ പറഞ്ഞു... ഞാൻ പുറത്ത് തന്നെ നിന്നു... കുറച്ചു കഴിഞ്ഞു അവളും ആഫിയും കൂടെ വീടിനകത്തേക്ക് പോയി... കുറെ നേരം ആയിട്ടും പുറത്തേക്ക് വരാതെ ആയപ്പോൾ ഞാനും അകത്തേക്ക് കയറി... അവർ ഹാളിൽ തന്നെ ഇരിപ്പുണ്ട്...

“എന്താ.. പെട്ടന്ന് വാ പോകാം ” ഞാൻ ആഫിയെ നോക്കി പറഞ്ഞു...

“ഇവൾ വരുന്നില്ലെന്ന് ” ആഫി അവളെ ചൂണ്ടിക്കൊണ്ട് പറഞ്ഞു...

“അതെന്താ.. ” ഞാൻ അവളോട് ചോദിച്ചു...

“നിങ്ങൾ അനിയനെ ഇറക്കി തരാം എന്ന് സമ്മതിച്ചത് തന്നെ വലിയ ഉപകാരം ആണ്... ഞാൻ ഇവിടെ തന്നെ നിന്നോളം ” അവൾ എന്റെ മുഖത്തേക്ക്

നോക്കാതെ പറഞ്ഞു...

“ആഫി നീ പോയി ഇവളുടെ ഡ്രസ്സ് ഒക്കെ എടുത്ത് ഒരു ബാഗിൽ ആക്കി കൊണ്ട് വാ ” ഞാൻ ആഫിയോട് പറഞ്ഞു... ആഫി നടക്കാൻ തുടങ്ങിയപ്പോൾ ജാസ്മിൻ ആഫിടെ കയ്യിൽ കയറി പിടിച്ചു...

“അതെ ഞങ്ങളോട് ഒരു സഹായം ചോദിച്ചാൽ ആരെയും ഞങ്ങൾ ഒഴിവാക്കാറില്ല... ഞങ്ങളെ കൊണ്ട് പറ്റുന്നതൊക്കെ ഞങ്ങൾ സാഹയിക്കും... ഇപ്പൊ തന്റെ ഉത്തരവാദിത്വവും ഞങ്ങൾക്ക് ഉള്ളതാ.. അത്കൊണ്ട് ഒന്നും പറയാതെ വന്ന് ഡ്രസ്സ് എടുത്ത് വെക്ക് ” ആഫി അവളുടെ പേടിയും വിഷമവും എല്ലാം കുറക്കാൻ ചിരിച്ചുകൊണ്ട് പറഞ്ഞു... ജാസ്മി എഴുനേറ്റ് റൂമിൽ കയറി ഡ്രസ്സ് ഒക്കെ ചേഞ്ച് ചെയ്ത്... കൊണ്ട് പോകാൻ ഉള്ള ഡ്രസ്സ് എല്ലാം എല്ലാം എടുത്ത് ബാഗിൽ വെച്ച് പുറത്തേക്ക് വന്നു...

ഞാൻ വീട്ടിൽ നിന്നും ഇറങ്ങി ബാഗ് അവളുടെ കയ്യിൽ നിന്ന് പിടിച്ചുവാങ്ങി ആഫി നടന്നു... പുറത്തിറങ്ങി വീട് പുട്ടി അവിടുള്ള ചേച്ചിമാരോട് കാര്യം പറഞ്ഞു ഞങ്ങൾ കാറിലേക്ക് കയറി... ആഫി അവളുടെ വിഷമം മാറ്റാൻ ആയി എന്തൊക്കെയോ പൊട്ടത്തരങ്ങൾ പറയുന്നുണ്ടെങ്കിലും ഒരു ചെറിയ ചിരി മാത്രമാണ് അവളിൽ നിന്ന് വന്നുകൊണ്ടിരിക്കുന്നു ഇരുന്നത്...വീട്ടിൽ എത്തുന്നതുവരെ ആഫി അങ്ങനെ സംസാരിച്ചുകൊണ്ട് ഇരുന്നു... കാറിന്റെ ശബ്ദം കേട്ട് ഉമ്മിയും വാപ്പിയും പുറത്തേക്ക് വന്നു... ഉമ്മി വന്ന് ജാസ്മിനെ അകത്തേക്ക് കൊണ്ട് പോയി... ഞങ്ങളുടെ റൂമിന്റെ അടുത്ത റൂം ശെരിയാക്കി കൊടുത്തു... ബാഗ് എടുത്ത് ആഫി അവളുടെ പുറകെ പോയി... കുറച്ചു നേരം ഇരുന്നിട്ടാണ് ഉമ്മി ഇറങ്ങി വന്നത്...

“നല്ല വിഷമം ഉണ്ട് ആ കൊച്ചിന്..” ഉമ്മി പറഞ്ഞു...

“ഈ വീട്ടിൽ അവൾ ഒറ്റക്കക്കുന്ന പോലെ അവൾക്ക് തോന്നും അത്കൊണ്ട് ആഫി എന്തേലും പറഞ്ഞു അവളെ കുറച്ചു ഫ്രണ്ട്‌ലി ആക്കി എടുക്ക് ” ഞാൻ ആഫിയോട് പറഞ്ഞു...

രാത്രിയായി... ഫുഡ് കഴിക്കാൻ ആഫി അവളെ വിളിച്ചുകൊണ്ടു വന്നു... കുളിച്ച് ഡ്രസ്സ് ഒക്കെ മാറ്റിയിട്ടുണ്ട് പക്ഷെ കരയുവായിരുന്നു... ആഫി അവളെ ഇരുത്തി... ഫുഡ് വിളമ്പി... അവൾ കുറച്ചേ കഴിച്ചുള്ളൂ... എല്ലാരും കഴിച്ചു കഴിഞ്ഞു... ആഫി ജാസ്മിന്റെ കൂടെ ജാസ്മിന്റെ റൂമിലേക്ക് പോയി... ഞാൻ എന്റെ റൂമിൽ കിടന്നു അന്ന് എന്റെ മനസിന് ഒരു സന്തോശം ആയിരുന്നു... അന്ന് ഞാൻ നല്ലത് പോലെ ഉറങ്ങി... രാവിലെ എഴുനേറ്റ് ഞാൻ പല്ലൊക്കെ തേച്ചു പുറത്തേക്ക് ഇറങ്ങുമ്പോൾ ആഫി ജാസ്മിന്റെ റൂമിൽ നിന്ന് ഇറങ്ങി വരുന്നു...

“നീ ഇന്നലെ അതിനെ ഉറക്കിയില്ലേ ” ഞാൻ അവളോട് ചോദിച്ചു...

“അതിനു ഒരുപാട് വിഷമങ്ങൾ ഉണ്ട്... ഇന്നലെ എല്ലാം എന്നോട് പറഞ്ഞു..കുറെ സമയം എടുത്തു ഒന്ന് പറയിപ്പിക്കാൻ.. എല്ലാം കഴിഞ്ഞപ്പോൾ സമയം ഒരുപാടായി..” അവൾ പറഞ്ഞു,എന്നിട്ട് അവളുടെ റൂമിലേക്ക് പോയി....

ഞാൻ താഴെ പോയി ചായ കുടിച്ചു അവിടെ ഇരുന്നു tv കണ്ടു..

.

.

1 മണിക്കൂറോളം കഴിഞ്ഞു പോയി... അപ്പോൾ ജാസ്മിനുമായി ആഫി താഴേക്കു വന്നു... അവൾക്ക് ചായയും കൊടുത്ത് ആഫിയും ചായ എടുത്തുകൊണ്ട് എന്റെ അടുത്തേക്ക് വന്നു...

“അജാസ് ഇക്കാക്ക് എന്നോട് ദേഷ്യം ഉണ്ടോ ”ജാസ്മിൻ എന്നോട് ചോദിച്ചു…

“ദേഷ്യമോ എന്തിന് ” ഞാൻ ചോദിച്ചു….

“അല്ല..ഞാൻ ആദ്യം വിളിച്ചപ്പോൾ കട്ട് ചെയ്തില്ലേ അത്കൊണ്ട് ചോദിച്ചതാ ” അവൾ പറഞ്ഞു…

“എനിക്ക് ഈ പഴയ കാര്യങ്ങൾ ഓർക്കുന്നത് ഇഷ്ടമല്ല… നീ പെട്ടന്ന് അങ്ങനെ ഒക്കെ പറഞ്ഞപ്പോൾ പെട്ടന്ന്… അതാണ് ” ഞാൻ പറഞ്ഞു…

“അല്ല ഞാൻ നിന്നെ കണ്ടിട്ടില്ലല്ലോ… എന്റെ number എവിടുന്ന് കിട്ടി ”ഞാൻ ചോദിച്ചു…

അപ്പോൾ അവൾ കുടിച്ചുകൊണ്ട് ഇരുന്ന ചായ നെറുകിൽ കയറി… അവൾ ഒന്ന് ചുമച്ചു…

“അത്.., ആ ” അവൾ പറയാൻ വയ്യാതെ വിക്കി…

“നീ എന്തിനാ ഇങ്ങനെ ഒക്കെ ആകുന്നെ.. കാര്യം പറ ” ഞാൻ പറഞ്ഞു…

“ ദേഷ്യപ്പെടരുത്… ഞാൻ എല്ലാരേയും വിളിക്കുന്നതിനിടയിൽ ഐഷയെയും വിളിച്ചായിരുന്നു… അവൾ ആണ് ഇക്കാടെ number തന്നിട്ട് വിളിച്ചു നോക്കാൻ പറഞ്ഞത് ” അവൾ പേടിച്ചു പേടിച്ച് ആണ് പറഞ്ഞത്.. ഞാൻ പിന്നെ ഒന്നും ചോദിക്കാൻ നിന്നില്ല

അപ്പോൾ ആണ് ഗേറ്റ് തുറക്കുന്ന ശബ്ദം കേട്ടത് ഞാൻ പുറത്തേക്ക് നോക്കി.. നബീൽ ആണ് അവർ വന്നു അകത്തു കയറി മാമ ഇല്ല... മാമിയും അവനും മാത്രമേ ഉണ്ടായിരുന്നുള്ളു...

"നീ വന്നിട്ട് അങ്ങോട്ട് ഒന്ന് വന്നില്ലല്ലോടാ " മാമി എന്നോട് ചോദിച്ചു...

"വന്നിട്ട് നിന്ന് തിരിയാൻ സമയം ഇല്ലായിരുന്നു മാമി. അതുകൊണ്ട് ആണ് " ഞാൻ പറഞ്ഞു... അത് കേട്ട് മാമി അകത്തേക്ക് കയറി.. ഉമ്മി അപ്പൊ ഹാളിലേക്ക് വന്നു... അപ്പോൾ ആണ് അവിടിരിക്കുന്ന ജാസ്മിനെ മാമി കണ്ടത്...

"ഇത് ആരാണ് " മാമി ഉമ്മിയോട് ചോദിച്ചു..

"അതൊക്കെ പറയാം നീ വാ " എന്ന് പറഞ്ഞു ഉമ്മി മാമിയെയും വിളിച്ചു അകത്തു കൊണ്ട് പോയി...

"ആരാടാ അത് " നബീൽ എന്നോട് ചോദിച്ചു... ഞാൻ അവനോട് കാര്യം പറഞ്ഞു...

എന്നിട്ട് ഞങ്ങൾ എല്ലാരും ഒരുമിച്ചിരുന്നു ഫുഡ് ഒക്കെ കഴിച്ചു... എന്നിട്ട് ഉമ്മിയും വാപ്പിയും ഒരുങ്ങാൻ ആയി റൂമിലേക്ക് പോയപ്പോൾ ഞാനും അവരുടെ കൂടെ പോയി...

“ഉമ്മി വാപ്പി..” അവർ രണ്ട് പേരും എന്നെ നോക്കി

“നമ്മൾ എല്ലാവരും പോയാൽ പിന്നെ ജാസ്മി ഇവിടെ ഒറ്റക്ക് ആകില്ലേ ” ഞാൻ ചോദിച്ചു...

“അതിനു അവളെ നമ്മൾ കൂടെ കൊണ്ട് പോകുന്നുണ്ടല്ലോ ” ഉമ്മി ആണ് മറുപടി പറഞ്ഞത്..

“എന്താണ് ” ഞാൻ ചോദിച്ചു..

“അവരെ അങ്ങനെ പറഞ്ഞു വിടാൻ തോന്നുന്നില്ല... അത് മാത്രവുമല്ല ഞങ്ങളുടെ മനസ്സിൽ വേറെ ഒരു പ്ലാൻ ഉണ്ട് സമയം ആകുമ്പോൾ ഞങ്ങൾ പറയാം... കല്യാണത്തിന് അവൾക്കും അനിയനും ഉള്ളത് എടുക്കണം ” ഉമ്മി പറഞ്ഞു.. എന്തായിരിക്കും അവരുടെ പ്ലാൻ.. ഞാൻ അതൊന്നും അപ്പോചിക്കാതെ മുകളിലേക്ക് പോയി.. അവളുടെ റൂം കഴിഞ്ഞാണ് എന്റെ റൂം... ഞാൻ അത് വഴി പോയപ്പോൾ അവൾ ബെഡിൽ കണ്ണ് പൊത്തി ഇരിക്കുന്നത് ഞാൻ കണ്ടു....

“ഹലോ.. ഒരുങ്ങ് പോകണ്ടേ ” എന്റെ ശബ്ദം കേട്ട് അവൾ പെട്ടന്ന് തല പൊക്കി... എന്നിട്ട് തിരിഞ്ഞിരുന്ന കണ്ണുകൾ തുടച്ചു...

“എന്ത് പറ്റി..” ഞാൻ അവളോട് ചോദിച്ചു...

“എന്നെ തിരിച്ചു വീട്ടിൽ കൊണ്ട് വിടുമോ ” അവൾ എന്നോട് ചോദിച്ചു...

ചോദിക്കുമ്പോൾ അവളുടെ ശബ്ദം ഇടറി..

“അതെന്താ പെട്ടന്ന് അങ്ങനെ തോന്നാൻ ” ഞാൻ ചോദിച്ചു...

“പ്ലീസ് ഒന്ന് കൊണ്ട് വിടുമോ ” അവൾ ഒന്നും പറയാതെ അതിൽ തന്നെ ഉറച്ചു നിന്നു...

“ഇന്ന് ഞായറാഴ്ച അല്ലെ.. നാളെ അവന്റെ കാര്യം എന്താകും എന്ന് നോക്കിയിട്ട് നമുക്ക് നോക്കാം ” ഞാൻ പറഞ്ഞു.. അവടെ നിന്ന് മറുപടി ഒന്നും ഇല്ല

“എന്തായാലും ഫ്രഷ് ആയി ഡ്രസ്സ് ഒക്കെ ഒന്ന് മാറ്.. കല്യാണത്തിന് എന്തായാലും വരണം അത്കൊണ്ട് ഡ്രസ്സ് എടുക്കാൻ പോകണം ” ഞാൻ പറഞ്ഞു... അപ്പോൾ ആഫി ആ റൂമിലേക്ക് കയറി വന്നു...

“എന്താ പ്രശ്നം ” ആഫി ജാസ്മിന്റെ കണ്ണ് നിറഞ്ഞിരിക്കുന്നത് കണ്ട് ചോദിച്ചു...

“എനിക്ക് അറിയില്ല.. ഡ്രസ്സ് എടുക്കാൻ പോകാൻ വിളിച്ചിട്ട് വരുന്നില്ല.. നീ ഒന്ന് സംസാരിക്ക് ” ഞാൻ പറഞ്ഞിട്ട് റൂമിൽ നിന്ന് ഇറങ്ങി എന്റെ റൂമിൽ കയറി കുളിച്ച് ഡ്രസ്സ് ഒക്കെ ചേഞ്ച് ചെയ്ത് പുറത്തേക്കിറങ്ങി... ഞാൻ താഴേക്ക് ചെന്നു... ഉമ്മി, വാപ്പി ഞാനും റെഡി ആണ്... ഇനി അവർ രണ്ടും കൂടെ വന്നാൽ പോകാം... കുറച്ചു സമയം എടുത്തു അവർ ഇറങ്ങി വരാൻ... ആഫിക്ക് പുറകിലായി.. ഒരു പച്ച കളർ ചുരുദാർ ഒക്കെ ഇട്ട് കണ്ണൊക്കെ എഴുതി അവൾ താഴേക്ക് ഇറങ്ങി വന്നു...ആദ്യം എന്റെ മനസ്സിൽ ഒരു

ആഗ്രഹം വന്നെങ്കിലും അത് ശെരിയായില്ലെങ്കിൽ ഉണ്ടാകുന്ന വിഷമത്തെ കുറിച്ച് ഓർത്തു അത് വേണ്ടന്ന് വെച്ചു...

“നിങ്ങൾ നാല് പേരും ആ വണ്ടിയിൽ വാ.. ഞങ്ങൾ മൂന് പേരും പോയി നദിയുമായി അങ്ങ് എത്താം ” എന്ന് പറഞ്ഞു ഞാൻ ആഫിയും ജാസ്മിനുമായി നാദിയുടെ അടുത്തേക്ക് പോയി... അവിടെ ചെല്ലുമ്പോൾ അവൾ ഒരുങ്ങി നിപ്പുണ്ട്... കൊച്ചിനെ ആഫിയുടെ കയ്യിൽ കൊടുത്തിട്ട് നാദി ഫ്രണ്ടിൽ കയറി...

“ഇത് ആരാ ” എന്ന് നാദി കൈക്കൊണ്ട് ആംഗ്യം കാണിച്ചു ചോദിച്ചു...

“പറയാം ” ഞാൻ പറഞ്ഞു...

അങ്ങനെ ഞങ്ങൾ നേരെ ഡ്രസ്സ് എടുക്കാൻ ആയി PARTHAS ടെസ്റ്റൈൽസിലേക്ക് പോയി..

എറണാകുളത്തെ ഏറ്റവും നല്ല ഷോപ്പുകളിൽ ഒന്ന് ആയിരുന്നതുകൊണ്ടും കല്യാണ സീസൺ ആയത്കൊണ്ടും നല്ല തിരക്ക് ഉണ്ടായിരുന്നു... കല്യാണ സാരി ചെറുക്കൻ വീട്ടുകാരുടെ ആണ് അതുകൊണ്ട് രണ്ട് ജോഡി എടുത്താതെ ഉള്ളു... ഒരു വൈലറ്റ് വെഡിങ് ഗൗണും.. പിന്നെ ഒരു ലൈറ്റ് റെഡ് ഗൗണും ആയിരുന്നു അവൾക്ക് എടുത്തത്... നാദിക്കും ജാസ്മിനും ക്രീം കളർ സാരിയും എടുത്ത് അതിനു പറ്റിയ ബ്ലൗസ് അവിടെ തന്നെ തൈക്കുന്നത് കൊണ്ട് ഞാൻ അവരെയും കൊണ്ട് ബ്ലൗസ് തയ്യ്ക്കാൻ ആയി പോയി..

“ആരാണെടാ ആ കൊച്ച് ” നാദി എന്നോട് ചേർന്ന് നിന്ന് ചോദിച്ചു...

“അത് എന്റെ ഒരു ഫ്രണ്ട് ആണ് ” ഞാൻ പറഞ്ഞു...

“മം ഫ്രണ്ട് ഫ്രണ്ട് ” അവൾ എന്നെ ഒന്ന് വല്ലാതെ നോക്കി...

“ഇത് അതല്ല സംഭവം ” എന്ന് പറഞ്ഞു ഞാൻ കാര്യം പെട്ടന്ന് വ്യക്തമാക്കി കൊടുത്തു...

“ഹലോ... ഞങ്ങളോട് ഒന്നും മിണ്ടില്ലേ ” ഒന്നും മിണ്ടാതെ നേരെ നോക്കി നടക്കുന്ന ജാമിനോട് നാദി ചോദിച്ചു...

“പരിചയമില്ലാത്തോണ്ട് ആണ് സംസാരിക്കാൻ വരാഞ്ഞത്.” ജാസ്മിൻ പറഞ്ഞു...

അപ്പോഴേക്കും അളവെടുക്കുന്ന സ്ഥലം എത്തി... അളവെടുത്ത ഞങ്ങൾ തിരിച്ചു വരുമ്പോൾ നാദിയും ജാസ്മിനും എന്തൊക്കെയോ സംസാരിച്ചുകൊണ്ടിരിക്കുകയാണ്..

തിരിച്ചെത്തുമ്പോൾ മിക്കവാറും എല്ലാവർക്കുമുള്ള ഡ്രസ്സ് എടുത്ത് കഴിഞ്ഞിരുന്നു... എനിക്കും നബീലിനുമുള്ളത് ഒക്കെ ആഫിയുടെ സെലെക്ഷൻ ആണ്...

ബ്ലാക്ക് ഷർട്ടും ഷർട്ടും വൈറ്റ് കോട്ടിൽ ബ്ലാക്ക് ചെക്കും ബ്ലാക്ക് പാന്റും ആയിരുന്നു എനിക്ക്... നബീലിന് നേരെ തിരിച്ചും വൈറ്റ് ഷർട്ടും ബ്ലാക്കിൽ വൈറ്റ് ചെക്കും ബ്ലാക്ക് പാന്റും ആയിരുന്നു...

“നിന്റെ അനിയന് xl അല്ലെ ” ആഫി നദിയോട് സംസാരിച്ചുകൊണ്ട് ഇരുന്ന ജാസ്മിനോട് ചോദിച്ചു...

“അവനു ലാർജ് മതി ” ജാസ്മിൻ പറഞ്ഞു...

“പാന്റ്സ് ” ആഫി അതും പറഞ്ഞു ജാസ്മിനെ നോക്കി..

“അളവ് കറക്റ്റ് ആയി അറിയില്ല... ഒരു 34 മതിയാകും ”എന്ന് പറഞ്ഞു വീണ്ടും നദിയോട് സംസാരിച്ചിരുന്നു...

ആഫി അവനുള്ള ഡ്രസ്സ് എല്ലാം എടുത്തിട്ട് ഇറങ്ങി... ഞാനും നബീലും ബില്ല് ഒക്കെ പേ ചെയ്ത് ഡ്രസ്സ് എല്ലാം എടുത്ത് ഇറങ്ങി...

“ടാ ബസ്സിന്റെ കാര്യം എന്തായി ” ഞാൻ നടക്കുന്നതിനിടയിൽ അവനോട് ചോദിച്ചു...

“ഞാൻ അത് പറയാൻ മറന്നു...ബസ് ഒക്കെ set ആക്കിയിട്ടുണ്ട് 9 ബസ് ആണ് പറഞ്ഞിരിക്കുന്നത്... Rate ഒക്കെ അവരെ നേരിട്ട് കണ്ടിട്ട് തീരുമാനിക്കാം എന്നാണ് പറഞ്ഞത് ” അവൻ പറഞ്ഞു...

“ആഹ് എന്നാ നാളെ തന്നെ കാണാം ” ഞാൻ പറഞ്ഞു... എന്നിട്ട് ഡ്രസ്സ് എല്ലാം എന്റെ വണ്ടിയിൽ വെച്ചിട്ട് നേരെ ജോസ്കോ ജുവലേഴ്സിലേക്ക് പോയി...അവൾക്ക് സ്വർണം എല്ലാം ഉണ്ടെങ്കിലും കല്യാണത്തിന്റെ അന്ന് ഇടാൻ ആയിട്ടുള്ള മാലയും അങ്ങനെ എന്തൊക്കെയോ വാങ്ങാൻ ആണ്

വന്നത്... എനിക്ക് അതിനെ കുറിച്ച് ഒന്നും അറിയാത്തത് കൊണ്ട് ഞാൻ മാറി ഇരുന്നു... നബീലും എന്റെ കൂടെ വന്നു...

“ടാ എന്താ അടുത്ത പരിപാടി...” അവൻ ചോദിച്ചു...

“ഇത് എടുത്ത് കഴിഞ്ഞ് വീട്ടിൽ പോകണം ” ഞാൻ പറഞ്ഞു...

“അതല്ല... ആ കൊച്ചിന്റെ കാര്യം...” നാദിയുടെ കൂടെ സംസാരിച്ചുകൊണ്ടിരിക്കുന്ന ജാസ്മിനെ നോക്കി നബീൽ ചോദിച്ചു..

“അതോ.. അവൾക്ക് വീട്ടിൽ പോകണമെന്ന് ആണ്... ഞാൻ ആ പയ്യനെ ഇറക്കാൻ പറ്റുമോ എന്ന് നോക്കട്ടെ.. എന്നിട്ട് വീട്ടിൽ പോകണമെന്ന് ആണെങ്കിൽ പോകട്ടെ... പക്ഷെ ഉമ്മി വേറെന്തോ തീരുമാനിച്ചിട്ടുണ്ട്.. എന്താന്ന് അറിയില്ല ” ഞാൻ പറഞ്ഞു...

“നീ സ്റ്റേഷനിൽ ഒന്ന് പോയി നോക്കിയോ ” അവൻ എന്നോട് ചോദിച്ചു... അപ്പോഴാണ് ഞാനും ആ കാര്യം ആലോചിച്ചത്...

“ഞാൻ ആ കാര്യമേ വിട്ട്പോയി.. ഇന്ന് ഇവരെ ആക്കിയിട്ട് പോയി കാണാം ” ഞാൻ പറഞ്ഞു... സമയം കുറെ പോയി... ഏകദേശം രണ്ട് മണി ആയി തിരിച്ചു വീട്ടിൽ എത്തിയപ്പോൾ... വരുന്ന വഴി ഹോട്ടലിൽ നിന്ന് തന്നെ ഫുഡ് ഒക്കെ കഴിച്ചു... പുറത്ത് നല്ല ചൂട് ആയതുകൊണ്ട് ഞാൻ നേരെ പോയി ഒന്ന് കുളിച്ചു... റൂമിലേക്ക് വന്നപ്പോൾ ആഫി അവിടെ ഇരിപ്പുണ്ട്...അവളുടെ ഫോണിൽ കുത്തിക്കൊണ്ട് ഇരിക്കുവാണ്..

അവൾ ഞാൻ വരുന്നത് കണ്ടു...

“ഇക്ക അവൾക്ക് അനിയനെ ഒന്ന് കാണണമെന്ന് ” അവൾ എന്നോട് പറഞ്ഞു...

“ആ ഞാൻ അങ്ങോട്ട് പോകാൻ ഇരിക്കുവായിരുന്നു ” ഞാൻ പറഞ്ഞു...

“എന്നാ ഞാൻ അവളോട് റെഡി ആകാൻ പറയാം...” എന്ന് പറഞ്ഞിട്ട് അവൾ

ഇറങ്ങി പോയി... ഞാൻ ഒരു ബ്ലൂ ഷർട്ടും ഗ്രെ പാന്റും ഇട്ട് ഇറങ്ങി...ഞാൻ താഴെ ചെന്ന് അവളെ കാത്ത് ഇരുന്നു... അവൾ ഒരു ക്രീം കളർ ചുരുദാർ ആണ് ഇട്ടിരിക്കുന്നത്... എന്റെ കണ്ണുകൾ അവളിൽ നിന്ന് മാറ്റാൻ തോന്നിയില്ല.. അവൾ എന്നെ നോക്കി ഞങ്ങളുടെ കണ്ണുകൾ തമ്മിൽ ഉടക്കി... ഞാൻ പെട്ടന്ന് നോട്ടം മാറ്റി...

“നീ വരുന്നില്ലേ ” ഞാൻ ജാസ്മിന്റെ പുറകെ വന്ന ആഫിയോട് ചോദിച്ചു...

“ഞാൻ വരുന്നില്ല നിങ്ങൾ പോയിട്ട് വാ ” ആഫി പറഞ്ഞു...ഞാൻ ഇറങ്ങി.. പുറകെ ജാസ്മിനും ഇറങ്ങി.. ഞാൻ കാർ എടുത്തു.. അവൾ പുറകിൽ കയറി... ഞാൻ വണ്ടി നേരെ ആലുവയിലേൽക് വിട്ടു... അവിടുന്ന് പോലീസ് സ്റ്റേഷനിൽ പോയി... വഴി കൃത്യമായി അറിയാത്തത്കൊണ്ട് കുറച്ചു കറങ്ങേണ്ടി വന്നു..വണ്ടി പുറത്തിട്ടിട്ട് ഞാൻ ഇറങ്ങി ജാസ്മിനും ഇറങ്ങി... ഞങ്ങൾ ഫ്രണ്ടിൽ നിന്ന പോലീസുകാരനോട് SI സാറിനെ കാണാം എന്ന് പറഞ്ഞു... അയാൾ അകത്തു നിന്ന് വേറെ ഒരു ആളെ വിളിച്ചിട്ട് ഞങ്ങളെ അയാളുടെ കൂടെ വിട്ടു... പോകുന്ന വഴി സെല്ലിൽ കിടക്കുന്ന ജാസ്മിന്റെ അനിയൻ ജാസിമിനെ ഞങ്ങൾ കണ്ടു.. അവൻ ഞങ്ങളെ കണ്ടില്ല... അവനെ കണ്ട ഉടനെ ജാസ്മിൻ കരച്ചിലിന്റെ വക്കിൽ എത്തി എന്ന് എനിക്ക് മനസിലായി... ഞാൻ അവളുടെ കയ്യിൽ പിടിച്ചു... അവൾ എന്നെ ഒന്ന് നോക്കി... ഞാൻ കരയരുത് എന്ന് കണ്ണകൊണ്ട് കാണിച്ചു... ഞങ്ങൾ SI യുടെ റൂമിലേക്ക് കയറി...

“എന്താണ് ” അയാൾ ഞങ്ങളോട് ചോദിച്ചു...

“സർ ഇത് ആ കിടക്കുന്ന പയ്യന്റെ പെങ്ങൾ ആണ് ” ഞാൻ ജാസ്മിന്റെ ചൂണ്ടി കാണിച്ചുകൊണ്ട് പറഞ്ഞു...

“ഓഹോ... ഇപ്പോഴെങ്കിലും വന്നല്ലോ ” അയാൾ എന്നെ പുച്ഛിച്ചു...

“സർ ഇവർക്ക് ആരും ഇല്ല ” ഞാൻ പറഞ്ഞു...

“പിന്നെ താൻ ആരാണ് ” അയാൾ എന്നോട് ചോദിച്ചു...

“ഞാൻ ഇവളുടെ ഒരു ഫ്രണ്ട് ആണ്.. ഇവരുടെ ഉമ്മയും വാപ്പയും ഒരു ആക്സിഡന്റിൽ മരിച്ചു പിന്നെ ഉള്ളത് ഒരു ചെറിയുപ്പ ആണ്... പുള്ളി ഗൾഫിൽ ആണ്.. അതുകൊണ്ട് ആണ് ”

ഞാൻ പറഞ്ഞു...

“അതൊക്കെ ആ പയ്യൻ പറഞ്ഞു..ഇതിപ്പോ കുത്ത് കൊണ്ടയാൾ മരിച്ചിട്ടില്ല അതുകൊണ്ട് കൊലപാതക ശ്രമം എന്നാ പേരിലെ കേസ് എടുക്കാൻ പറ്റു... ഈ കുട്ടി ഒരു കേസ് തന്നാൽ അത് നമുക്ക് രക്ഷപ്പെടുത്താൻ ചെയ്തതാണെന്ന് പറഞ്ഞാൽ അവൻ രക്ഷപെടും... എന്ത് പറയുന്നു ”അയാൾ ചോദിച്ചു...

“ഞാൻ തരാം സർ.. ഞാൻ തരാം ” ജാസ്മിൻ പെട്ടന്ന് തന്നെ പറഞ്ഞു... അയാൾ അപ്പോൾ വേറെ ഒരു പോലീസുകാരനെ വിളിച്ചു...

“ഈ കുട്ടിയെ കൊണ്ട് പോയി, കേസ് എഴുതു ” SI മറ്റേ ആളോട് പറഞ്ഞു... അയാൾ ജാസ്മിനെ കൊണ്ട് പോയി...

“കോടതി അടച്ചിരിക്കുന്നത് കൊണ്ട് ആണ് ഇന്നലെയും ഇന്നും കൊണ്ട് പോകാഞ്ഞത്... ഇന്ന് നിങ്ങൾ വന്നില്ലായിരുന്നെങ്കിൽ നാളെ ആ പയ്യൻ അകത്തായേനെ ” SI പറഞ്ഞു...

“സർ വേറെ കുറച്ചു പണി ഉണ്ടായിരുന്നു... അതുകൊണ്ട് ആണ് ” ഞാൻ പറഞ്ഞു...

“അവരോട് സുഖിച്ചോളാൻ പറഞ്ഞേക്ക്... കുത്ത് കൊണ്ട ആൾ ചില്ലറകാരൻ അല്ല...” SI പറഞ്ഞു...

“സർ എനിക്ക് അവനെ ഒന്ന് കാണാൻ പറ്റുമോ..” ഞാൻ SI യോട് ചോദിച്ചു...

“അതിനെന്താ കണ്ടോളു... അധികം സമയം എടുക്കരുത്...” SI പറഞ്ഞു... ഞാൻ

അവിടെ നിന്ന് ഇറങ്ങി സെല്ലിന്റെ അടുത്തേക്ക് നടന്നു.. അവൻ തല കാൽ മുട്ടിൽ വെച്ച് ഇരിക്കുകയാണ്... ഞാൻ അങ്ങോട്ട് പോകുന്നത് കണ്ട് ജാസ്മിനും വന്നു...

“ജാസിമേ മോനെ ” ജാസ്മിൻ വിങ്ങിക്കൊണ്ട് വിളിച്ചു….

“ഇത്താ ” എന്ന് വിളിച്ചു അവൻ കരഞ്ഞു…

“ഒന്നുമില്ല… ഇത്താക്ക് ഒന്നും ഇല്ല.. നമുക്ക് നാളെ ഇറങ്ങാം.. നീ ഒന്നും പേടിക്കണ്ട ” ജാസ്മിനും അവനെ സമാധാനിപ്പിക്കാൻ പറഞ്ഞു… അത് പറയുമ്പോൾ അവളും കരഞ്ഞു…

“ഇത്ത അവിടെ ഒറ്റക്ക് ആണോ… അവർ ഇത്തയെ എന്തേലും ചെയ്യും ” അവൻ പേടിച്ചുകൊണ്ട് പറഞ്ഞു… ജാസ്മിനോട് സംസാരിച്ചുകൊണ്ട് ഇരുന്നത്കൊണ്ട് അവൻ എന്നെ കണ്ടില്ല…

“ഞാൻ ഇപ്പൊ ഈ ഇക്കാടെ വീട്ടിൽ ആണ് ” അവൾ എന്നെ ചൂണ്ടി കാണിച്ചുകൊണ്ട് പറഞ്ഞു… അപ്പോൾ ആണ് അവൻ എന്നെ കാണുന്നത്… എന്നെ നോക്കി അവൻ കൈ കൂപ്പി…

“നീ പേടിക്കണ്ട ഇത്ത എന്റെ വീട്ടിൽ സുരക്ഷിതയാണ്” ഞാൻ പറഞ്ഞു… അപ്പോൾ SI വന്നു…

“അതെ… കൂടുതൽ സമയം തരാൻ പറ്റില്ല… നിങ്ങൾ ഇന്ന് എന്തായാലും പോയി ഒരു വക്കിലിനെ കാണ്…” SI പറഞ്ഞു…

“സർ ഒരു വക്കിലിനെ പറഞ്ഞു തരുമോ എനിക്ക് ആരെയും പരിചയം ഇല്ല ” എന്ന് പറഞ്ഞപ്പോൾ അയാൾ അകത്തേക്ക് പോയി ഒരു number കൊണ്ട തന്നു...

“ഇതിൽ വിളിച്ചിട്ട് പോയാൽ മതി ” ഞാൻ number വാങ്ങി പുറത്തേക്ക് നടന്നു... ജാസ്മിൻ കരഞ്ഞുകൊണ്ട് ആണ് പുറകെ വരുന്നത്....

ഞാൻ ഫോൺ എടുത്ത് ആ number ഡയൽ ചെയ്തു... കാൾ പോയി...

“ഹലോ ”ഞാൻ വിളിച്ചു..

“ആരാണ് ” അവിടുന്ന് ഒരു പരുക്കൻ ശബ്ദം...

“വിജയ്ശങ്കർ വക്കിൽ ആണോ ”ഞാൻ ചോദിച്ചു...

“അതെ ആരാണ് ” അയാൾ ചോദിച്ചു...

“സർ ഒരു കേസിന്റെ കാര്യം സംസാരിക്കാൻ ആണ് ” ഞാൻ പറഞ്ഞു...

“ആണോ...”

“അതെ സർ... സാറിന്റെ അഡ്രെസ്സ് തന്നാൽ വന്ന് കാണാമായിരുന്നു ”

“പോലീസ് സ്റ്റേഷൻ കഴിഞ്ഞു ലെഫ്റ്റിലോട്ട് ഒരു റോഡ് ഉണ്ട് അത് വഴി നേരെ വന്നാൽ മതി അവിടെ ബോർഡ് ഉണ്ട് ” അയാൾ പറഞ്ഞു

ഞാൻ ഫോൺ കട്ട് ചെയ്തു കാറിൽ കയറി ജാസ്മിനും കയറി.. ഞാൻ വണ്ടി എടുത്ത് പുറത്തേക്ക് ഇറങ്ങി എന്നിട്ട് ലെഫ്റ്റ് എടുത്ത് പതിയെ ഫ്രണ്ടിലോട്ട് പോയി... രണ്ട് സൈഡിലേക്കും നോക്കി നോക്കി പോയി.. ഇടത് സൈഡിൽ ആയിട്ട് ഒരു ബോർഡ് കണ്ടു.. വിജയ്ശങ്കർ LLB എന്ന് ഞാൻ വണ്ടി ഒതുക്കി.. ജാസ്മിനോട് വരണ്ട എന്ന് പറഞ്ഞിട്ട് ആ ബോർഡിലെ ആരോ കാണിച്ചിരിക്കുന്ന സൈഡിലേക്ക് പോയി... ഒരു ചെറിയ റൂം ആണ്...

“സർ മേ ഐ കം ഇൻ ” ഞാൻ ചോദിച്ചു...

“യസ് ” ഞാൻ കത്തേക്ക് കയറി...

“സർ ഞാൻ ആണ് നേരത്തെ വിളിച്ചത് ” ഞാൻ പറഞ്ഞു...

“ഇരിക്ക്... എന്നിട്ട് കേസിനെ പറ്റി പറയു ”അയാൾ പറഞ്ഞു.. ഞാൻ അവിടെ ഇരുന്നു. എന്നിട്ട് അയാളോട് കാര്യം പറഞ്ഞു...

“വല്യ പ്രശ്നം ഒന്നും ഇല്ല ഇതിനൊക്കെ വേറെ സാക്ഷികൾ ഉണ്ടോ...” അയാൾ ചോദിച്ചു...

“സർ സാക്ഷികൾ ആയി അടുത്ത വീട്ടുകാർ ഒക്കെ ഉണ്ട് അതുമതിയാകുമോ ” ഞാൻ ചോദിച്ചു...

“അത് മതി.. നിങ്ങൾ ഫീസ് അടച്ചിട്ടു പൊക്കൊളു.. വാക്കി ഒക്കെ ഞാൻ നോക്കിക്കോളാം ” അയാൾ പറഞ്ഞു...

ഞാൻ അവിടെ ഇരുന്ന സ്റ്റാഫിനോട് ഫീസ് 10,000 അടച്ചു തിരിച്ചു കാറിൽ വന്ന് കയറി...

“ഒന്ന് കൊണ്ടും പേടിക്കണ്ട... അവനെ നാളെ നമുക്ക് ഇറക്കാം.. പിന്നെ അടുത്ത വീട്ടിലെ ആളുകളോട് ഒന്ന് സംസാരിക്കണം ” ഞാൻ പറഞ്ഞു... അവൾ തലയിട്ടിയത് മാത്രമേ ഉള്ളു...ഞാൻ നേരെ അവളുടെ വീട്ടിലേക്ക് വണ്ടി വിട്ടു..അവിടെ ചെന്ന് അവരോട് ഒക്കെ സംസാരിച്ച നാളെ രാവിലെ കോടതിയിലേക്ക് വരണം എന്ന് പറഞ്ഞു ഞാൻ ഇറങ്ങി...

വീട്ടിൽ തിരിച്ചെത്തിയപ്പോൾ രാത്രി ആയിരുന്നു... എല്ലാരോടും കാര്യം പറഞ്ഞു ഞാൻ ഫുഡും കഴിച്ചു കിടന്നു...

നല്ല ഒരു ഉറക്കം ഉറങ്ങി..രാവിലെ എഴുന്നേക്കുമ്പോൾ എന്റെ അടുത്ത് ആഫി ഉണ്ട്...

“എന്താടി നീ ഇവിടെ ഇരിക്കുന്നത് ” ഞാൻ ആഫിയോട് ചോദിച്ചു...

“ഇക്കാക്ക് ജാസ്മിനെ ഇഷ്ടമായി അല്ലെ ” അവൾ ഒരു കള്ള ചിരിയോടെ ചോദിച്ചു...

“ഏ ഇല്ല...” ഞാൻ നിന്ന് പരുങ്ങി...

“എന്നോട് ആണോ കള്ളം പറയുന്നേ... എനിക്ക് മനസിലായി ഇന്നലെ എന്ത് നോട്ടം ആയിരുന്നു... സത്യം പറ.. ഇഷ്ടമായില്ലേ ” അവൾ ചോദിച്ചു...

“ഇഷ്ടമായി... പക്ഷെ വേണ്ട... അവൾ നമ്മളോട് ഒരു സഹായം ചോദിച്ചു... നമ്മൾ അത് ചെയ്ത് കൊടുത്തു.. അത്രെ ഉള്ളു നമ്മളും അവരും തമ്മിലുള്ള ബന്ധം..” അവൾക്ക് എന്നെ ഇഷ്ടമല്ല എങ്കിൽ ഞാൻ വീണ്ടും വിഷമിക്കും എന്ന് ഓർത്തു ഞാൻ കടുപ്പിച്ചു അങ്ങ് പറഞ്ഞു...

ആഫി പിന്നെ എന്നോട് ഒന്നും പറഞ്ഞില്ല അവൾ എഴുനേറ്റ് പോയി...

ഇന്ന് 10 മണിക്കാണ് കോടതിയിൽ പോകേണ്ടത്... ഞാൻ ഒന്ന് കുളിച്ചു ഒരുങ്ങി... താഴെ വന്ന് ഫുഡും കഴിച്ചു...അവിടെ ഇരുന്നു... സമയം പോയിക്കൊണ്ട് ഇരിക്കുന്നു 8.30 ആയപ്പോൾ ജാസ്മിൻ ഇറങ്ങി വന്നു... കയ്യിൽ ബാഗും ഉണ്ട്... ബാഗുമായി ഇറങ്ങി വരുന്ന ജാസ്മിനെ കണ്ട് ഉമ്മി ചോദിച്ചു...

“ബാഗ് ഒക്കെ ആയിട്ട് എങ്ങോട്ട് ആണ് ”

“അനിയനുമായി തിരിച്ചു നാട്ടിലേക്ക് പോകുവാണ് ” അവൾ മറുപടി കൊടുത്തു...

“അതൊന്നും പറഞ്ഞാൽ പറ്റില്ല... ഇങ്ങ് തിരിച്ചു വന്നേ പറ്റു ”ഉമ്മി വാശി പിടിച്ചു...

“ഇല്ല മാമി അത് ശെരിയാകില്ല ഞങ്ങൾ കല്യാണത്തിന്റെ തലേന്ന് ഇങ്ങ് എത്താം ” അവൾ മറുപടി കൊടുത്തു...

“ഉമ്മി വേണ്ട നിർബന്തിക്കേണ്ട.. അവർക്ക് പോകണമെന്ന് ആണേൽ പൊക്കോട്ടെ ” ഞാൻ പറഞ്ഞു... ഉമ്മി പിന്നെ ഒന്നും പറയാൻ നിന്നില്ല.. അവൾക്ക് ഫുഡും കൊടുത്ത് എന്റെ കൂടെ പറഞ്ഞു വിട്ടു... ഞാൻ വണ്ടിയുമെടുത്ത് ആലുവയിലേക്ക് പോയി.. അവിടുന്ന് നേരെ കോടതിയിലേക്കും...

ആദ്യമേ തന്നെ ഞങ്ങളുടെ കേസ് ആണ് വിളിച്ചത്..വാതിഭാഗം വക്കിലും പ്രതിഭാഗം വക്കിലും എത്തി ചേർന്നിട്ടുണ്ട്...

കേസ് വിളിച്ചു ജാസിമിനെ പ്രതികൂട്ടിൽ നിർത്തി.. അപ്പോഴാണ് ഞാൻ ആ കാഴ്ച കണ്ടത്...

ഒരുപാട് സന്തോഷം ഉണ്ട്.. എല്ലാരുടെയും സപ്പോർട്ടിനു..

പിറകിൽ നിന്ന് കുത്തിയത് കൊണ്ടും അധികം മുറിവില്ലാത്ത കൊണ്ടും വേറെ ഒരു കേസിലെ പ്രതി ആകും എന്ന് നിലയിലും അയാൾ അവിടെ ഉണ്ടായിരുന്നു.. ഹാത്തിം.. അയാളുടെ കൂടെ നിന്ന ആളെ കണ്ട് ആണ് ഞാൻ ഞെട്ടിയതും സന്തോഷിച്ചതും.. വീൽ ചെയറിൽ ഇരിക്കുന്ന ഹത്തിമിനെ പിടിച്ചു നിൽക്കുന്ന ഐഷ... അപ്പോഴാണ് ഞാൻ വേറെ ഒരു കാര്യം ചിന്തിച്ചത്... ഐഷ ആണ് എന്റെ number കൊടുത്തതെന്ന് ആണ് ജാസ്മിൻ പറഞ്ഞത്. ഞാൻ ജാസ്മിനോട് തന്നെ അതിനെ പറ്റി ചോദിക്കാൻ തീരുമാനിച്ചു.. ഞാൻ തിരിഞ്ഞപ്പോൾ ഞാൻ നോക്കിയ ഇടത്തേക്ക് നോക്കിയിട്ട് എന്നെ നോക്കുന്ന ജാസ്മിനെ ആണ് ഞാൻ കണ്ടത്...

“പുറത്തിറിങ്ങിയിട്ട് ഞാൻ എല്ലാം പറയാം ” ഞാൻ ചോദിക്കുന്നതിനു മുൻപ് തന്നെ അവൾ പറഞ്ഞു...

അങ്ങനെ വാദങ്ങൾ തുടങ്ങി...

ഞങ്ങളുടെ വക്കിൽ :- നിങ്ങൾ ആണ് അദ്ദേഹത്തെ കുത്തിയത്... അല്ലെ..

ജാസിം :- അതെ

ഞങ്ങളുടെ വക്കിൽ :- എന്തിനാണ് കുത്തിയത്. എന്തേലും പൂർവ വൈരാഗ്യം..

ജാസിം :- ഇല്ല സർ.. അയാൾ എന്റെ പെങ്ങളെ ഉപദ്രവിക്കാൻ നോക്കി..

ഞങ്ങളുടെ വക്കിൽ :- യുവർ ഓണർ.. പ്രതിയുടെ പെങ്ങളെ ചോദ്യം ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു...

ജഡ്ജി :-യെസ് പ്രൊസീഡ്..

ജാസ്മിൻ അങ്ങോട്ട് കയറി നിന്നു...

ഞങ്ങളുടെ വക്കിൽ :- മിസ് ജാസ്മിൻ നിങ്ങളുടെ സഹോദരൻ പറഞ്ഞത് പോലെ നിങ്ങളെ ഇയാൾ ഉപദ്രവിക്കാൻ ശ്രേമിച്ചിട്ടുണ്ടോ...

ജാസ്മിൻ :- ഉണ്ട് സർ...

ഞങ്ങളുടെ വക്കിൽ :- എവിടെ വെച്ചാണ് നിങ്ങളെ ഉപദ്രവിക്കാൻ ശ്രേമിച്ചത്...

ജാസ്മിൻ :- ആദ്യം അയൽ ഓഫിസിൽ വെച്ച് എന്നെ ഉപദ്രവിക്കാൻ ശ്രേമിച്ചു... പിന്നീട് വീട്ടിൽ കയറിയപ്പോളാണ് അനിയൻ അയാളെ കുത്തിയത്...

ഞങ്ങളുടെ വക്കിൽ:-നോട്ട് ദി പോയിന്റ് ബി ലോർഡ്.. ആ ഇരിക്കുന്ന ആൾ ഒരു സ്ത്രീ മോഹി ആണ്...ഈ കുട്ടിയെ മാത്രമല്ല പല കുട്ടികളെയും ഉപദ്രവിക്കാൻ ശ്രേമിച്ചിട്ടുണ്ടുന്നുള്ളതിന്റെ തെളിവാണ് ഇത്... എന്ന് പറഞ്ഞു വക്കിൽ ഒരു പേപ്പർ അവിടെ കൊടുത്തു... ഇയാളുടെ മൂന്നാമത്തെ ഭാര്യയാണ് ആ നിൽക്കുന്നത് കഴിഞ്ഞ രണ്ട് ഭാര്യമാരെയും കല്യാണം കഴിച്ചു ഒരു വർഷം കഴിയുമ്പോൾ ഡിവോഴ്സ് ചെയ്തിരുന്നു...തന്റെ പെങ്ങളെ രക്ഷിക്കാൻ വേണ്ടി ചെയ്തതാണ് എന്നാ പേരിലും.. അയാൾ ഒരു സ്ത്രി മോഹി ആണ് എന്നതിന്റെ പേരിലും എന്റെ പ്രതിയെ ഈ കേസിൽ നിന്നും മുക്തനാക്കേണ്ടതാണ്...

ജഡ്ജി :- പ്രോസിക്യൂഷൻ വക്കീലിന് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടോ?

പ്രോസിക്യൂഷൻ വക്കീൽ :- നോ യുവർ ഓണർ..

ജഡ്ജി :- സഹോദരിയെ രക്ഷിക്കാൻ വേണ്ടി സഹോദരൻ ചെയ്തതാണ് എന്നതിന്റെ പേരിലും പ്രതി വേറെ ഒരു കേസിലും ഇല്ല എന്ന് പേരിലും വാദിയുടെ ഭാഗത്തു ആണ് തെറ്റ് എന്നതിന്റെ പേരിയിലും... പ്രതിയെ കുട്ടവിമുക്തനായി കേസിൽ നിന്ന് ഒഴിവാക്കാൻ ഈ കോടതി ഉത്തരവിടുന്നു...

ജഡ്ജി അത് പറഞ്ഞു തീർന്നതും ഞാൻ ഒരു ദീർഘ നിശ്വാസം ഇട്ടു

ജാസ്മിൻ എന്നെ നോക്കി അവളുടെ കണ്ണുകൾ നിറഞ്ഞു പക്ഷെ അവൾ ചിരിച്ചു.. അവളുടെ അനിയൻ മുഖം പൊത്തി ഇരുന്നു... പോലീസുകാർ അവനേം കൊണ്ട് പുറത്തിറങ്ങി... ജാസ്മിനും ഞാനും പിറകെ ഇറങ്ങി..

“ഇക്ക ഒരുപാട് നന്ദി ഉണ്ട്...” അവൾ എന്റെ കയ്യിൽ പിടിച്ചുകൊണ്ടു പറഞ്ഞു...

“ അതിനു ഞാൻ ഒന്നും ചെയ്തില്ലല്ലോ.ചെയ്തത് ആ വക്കിൽ അല്ലെ അയാളോട് ഒരു thanks പറഞ്ഞേക്ക് ” ഞങ്ങൾ പറഞ്ഞു തിരിയുമ്പോൾ അയാൾ ഞങ്ങളുടെ പിറകിൽ ഉണ്ട്...

“നന്ദി ഒന്നും വേണ്ട... ഒരുപാട് കാലമായി ഞാൻ ഈ കോടതിയിൽ കയറിയിട്ട്... ഒരുകാലത്ത്.. എനിക്ക് കേസുകളോടെ കേസുകൾ ആയിരുന്നു... ഒരു കേസ് ഞാൻ വാദിച്ചതിൽ എനിക്ക് ഒരു അബദ്ധം പറ്റി... അന്നത്തോടെ തീർന്നു എന്ന് കരുതിയതാണ്... SI എന്റെ ഫ്രണ്ട് ആണ്.. അതാണ് അയാൾ നിങ്ങളെ എന്റെ അടുത്തേക്ക് അയച്ചത്.. അതുകൊണ്ട് എനിക്ക് ഇവിടെ വീണ്ടും വരാൻ പറ്റി ” അയാൾ പറഞ്ഞു...

“അല്ല സർ.. ഈ 2 ഭാര്യമാർ ഉള്ളതൊക്കെ എവിടുന്ന് കിട്ടി ” ഞാൻ അയാളോട് എന്റെ സംശയം ചോദിച്ചു...

“ഇതൊക്കെ ആ SI ടെ പണി ആണ്.. അയാൾ ആണ് എനിക്ക് എല്ലാം എടുത്ത് തന്നത് ” എന്ന് പറഞ്ഞു അയാൾ മുൻപോട്ട് പോയി... SI അവിടെ നിപ്പുണ്ടായിരുന്നു...

ജാസ്മിൻ അയാളുടെ അടുത്തേക്ക് ചെന്നു..

“ഒരുപാട് നന്ദി ഉണ്ട് സർ ” ജാസ്മിൻ അയാളോട് പറഞ്ഞു...

“ഇത് ഞാൻ അയാളോട് ഉള്ള ദേഷ്യത്തിൽ ചെയ്തതാണ്... അയാൾ രണ്ടാമത്

കല്യാണം കഴിച്ചത്... ഞാൻ ആത്മർത്ഥമായി പ്രണയിച്ച എന്റെ അൽഫിയെ ആണ്... എന്നിട്ട് അയാളുടെ കാര്യം കഴിഞ്ഞപ്പോൾ അവളെ ഉപേക്ഷിച്ചു ” അയാൾ പറഞ്ഞു...

അയാളുടെ കണ്ണുകൾ നിറയുന്നുണ്ടായിരുന്നു... അയാൾ അപ്പോൾ തന്നെ അവിടുന്ന് മാറി.. ജാസ്മിൻ ജാസിമിന്റെ അടുത്തേക്ക് നടന്നു ഞാനും പിറകെ നടക്കാൻ തുടങ്ങിയപ്പോൾ എന്റെ തോളിൽ ആരോ കൈ വെച്ചു... ഞാൻ തിരിഞ്ഞു നോക്കുമ്പോൾ.. ഞാൻ ഇനി കാണരുതേ എന്ന് ആഗ്രഹിച്ച ആൾ... ഐഷ

ഞാൻ അവളുടെ കൈ തട്ടി മാറ്റി നടക്കാൻ പോയപ്പോൾ അവൾ എന്റെ കയ്യിൽ കയറി പിടിച്ചു...

“ഇത് കോടതി ആണ്... എനിക്ക് നല്ല ദേഷ്യം വരുന്നുണ്ട് കൈ എടുക്ക് ” ഞാൻ അവളോട് പറഞ്ഞു...

“ഞാൻ പറയുന്നത് കേട്ടാൽ മാത്രം മതി.. വേറെ ഒന്നും വേണ്ട... പ്ലീസ് ”അവൾ പറഞ്ഞു... അല്ലേലും പണ്ട് മുതലേ അങ്ങനെ ആണെല്ലോ... ആരേലും കരഞ്ഞു പറഞ്ഞാൽ ഞാൻ വീണു പോകും...

“വാ കാന്റീനിലേക്ക് ഇരിക്കാം ” അവൾ പറഞ്ഞിട്ട് ഫ്രണ്ടിലേക്ക് നടന്നു.. ഞാൻ മനസില്ല മനസോടെ പുറകെ നടന്നു...

ഞങ്ങൾ രണ്ടുപേരും ഇരുന്നു...അവൾ 2 ചായ പറഞ്ഞു...

“ഞാൻ നിന്റെ സൽക്കാരത്തിന് അല്ല ഇവിടെ വന്നത് ” ഞാൻ പറഞ്ഞു...

“എനിക്ക് അറിയാം പൊറുക്കാൻ പറ്റാത്ത തെറ്റ് ആണ് ഞാൻ ചെയ്തതെന്ന്.. അതിന്റെ ആണ് ഞാൻ ഇപ്പോൾ അനുഭവിക്കുന്നത് ” അവൾ പറഞ്ഞു... അപ്പോൾ ചായ വന്നു...

“അന്ന് പോലീസ് സ്റ്റേഷനിൽ വീട്ടിൽ നിന്ന് വാപ്പ വന്നു.. ആദിലിക്കാടെ വീട്ടിൽ നിന്ന് അവരുടെ വാപ്പയും വന്നു..അന്ന് ഇക്ക കേസ് ഒന്നും വേണ്ടന്ന് പറഞ്ഞത് കൊണ്ട് അവർ ഞങ്ങളെ വെറുതെ വിട്ടു... വീട്ടിൽ ചെന്നപ്പോൾ എങ്ങനെ ആണെന്ന് അറിയില്ല.. നാട്ടുകാർ മുഴുവൻ ഞാൻ അങ്ങനെ ആണെന്ന് ഒരു സംസാരം പടർന്നു... സമയം അധികം താമസിപ്പിക്കാതെ ആദിലിക്കാടെ വീട്ടിൽ വാപ്പ ചെന്ന് സംസാരിച്ചു...

{ അവിടെ നടന്നത് }

ഐഷയുടെ വാപ്പ ആദിലിന്റെ വീട്ടിലേക്ക് കയറി ചെന്നു..ആദിലിന്റെ വാപ്പ പുറത്ത് തന്നെ ഇരിപ്പുണ്ട്...

“പിള്ളേരുടെ കാര്യം വേഗം തന്നെ തീരുമാനിക്കണം ” ഐഷയുടെ വാപ്പ ആദിലിന്റെ വാപ്പയോട് പറഞ്ഞു...

“പിള്ളേരുടെ എന്ത് കാര്യം...” ആദിലിന്റെ വാപ്പ ചോദിച്ചു...

“പിള്ളേർ തമ്മിൽ ഇഷ്ടത്തിൽ ആണല്ലോ... അത് വേഗം നടത്തി കൊടുക്കണം ” ഐഷയുടെ വാപ്പ പറഞ്ഞു...

“ഹ, ഹ, ഹ.. പിള്ളേർ തമ്മിൽ ഇഷ്ടത്തിൽ ആണെന്ന് താൻ അങ്ങ് തീരുമാനിച്ചാൽ

മതിയോ... ആദിലെ എടാ ആദിലെ ” ആദിലിന്റെ വാപ്പ അകത്തേക്ക് നോക്കി വിളിച്ചു ആദിൽ കയ്യിൽ പാൽസ്റ്റർ ഒക്കെ ഇട്ട് തലയിൽ കേട്ടൊക്കെ കെട്ടി പുറത്തേക്ക് വന്നു...

“നീയും ഇയാളുടെ മോൾ ഐഷയും തമ്മിൽ എന്താണ് ബന്ധം ” ആദിലിന്റെ വാപ്പ അവനോട് ചോദിച്ചു...

“വാപ്പ എനിക്ക് അവളെ ഇഷ്ടമാണ് ” അവൻ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു...

“നിനക്ക് ഇഷ്ടമാണെങ്കിൽ അവളെ കല്യാണം കഴിച്ചോളൂ... പക്ഷെ ഈ വീടിന്റെ പാടി ചവിട്ടാൻ പിന്നെ വന്നേക്കരുത് ” അവന്റെ വാപ്പ അവനോട് പറഞ്ഞു...

“അങ്ങനെ വല്യ ഇഷ്ടം ഒന്നും ഇല്ല വാപ്പ... കല്യാണം ഒന്നും കഴിക്കാൻ എന്നെ കൊണ്ട് പറ്റില്ല ” ആദിൽ പറഞ്ഞു...

“കേട്ടല്ലോ... കല്യാണം കഴിക്കാൻ പറ്റില്ലാന്ന്.. ഇനിയിപ്പോ നിക്കണം എന്ന് ഇല്ല ” എന്ന് പറഞ്ഞു അവന്റെ വാപ്പ അകത്തേക്ക് പോയി...

“മോനെ ഒന്നകൂടെ ആലോചിച്ചിട്ട് പോരെ ” ഐഷയുടെ വാപ്പ പുറത്ത് തന്നെ നിന്ന അവനോട് ചോദിച്ചു...

“എന്റെ വാക്ക് കേട്ട് അവനെ പറ്റിച്ച അവൾ നാളെ വേറെ ഒരുത്തന്റെ വാക്ക് കേട്ട് എന്ന് പറ്റിക്കില്ല എന്ന് ആര് കണ്ടു... അതുകൊണ്ട് എനിക്ക് വേണ്ട.. നിങ്ങൾക്ക് പോകാം ” എന്ന് പറഞ്ഞു അവൻ ഐഷയുടെ വാപ്പയെ അവിടെ നിന്ന് ഇറക്കി വിട്ടു...

ഐഷയുടെ വാപ്പ തിരിച്ചു വീട്ടിലേക്ക് വന്നു... അവളും ഉമ്മയും ഹാളിൽ തന്നെ ഇരുന്നിപ്പുണ്ടായിരുന്നു...

“പോയ കാര്യം എന്തായി ” ഉമ്മ വാപ്പയോട് ചോദിച്ചു... വാപ്പ ഐഷയെ ഒന്ന് രൂക്ഷമായി നോക്കി...

“മോളെ ഇപ്പൊ അവനു വേണ്ടന്ന്... അവന്റെ വാക്ക് കേട്ട് ആ പയ്യനെ ചതിച്ചതുപോലെ... നാളെ വേറെ ഒരുത്തന്റെ വാക്ക് കേട്ട് അവനെ ചതിക്കില്ല എന്ന് എന്താ ഉറപ്പെന്ന്..” വാപ്പ അവളുടെ മുഖത്ത് നോക്കി പറഞ്ഞു... ഇത് കേട്ട ഐഷ പൊട്ടി കരഞ്ഞു... ആ സോഫയിലേക്ക് വീണു...

“ഇനി ഇപ്പൊ എന്താ ചെയ്യുക ” ഉമ്മ വാപ്പയോട് ചോദിച്ചു...

“എന്ത് ചെയ്യാൻ അനുഭവിക്കുക തന്നെ ”എന്ന് വാപ്പ പറഞ്ഞു...

{ഇനി അവളുടെ വാക്കുകൾ }

പിന്നെ എനിക്ക് ഒരുപാട് ആലോചനകൾ വന്നു... പക്ഷെ നാട്ടിൽ എന്നെ കുറിച്ച് തിരക്കുമ്പോൾ ആ ആലോചന മുടങ്ങികൊണ്ട് ഇരുന്നു.. ഞാൻ തിരിച്ചു കോളേജിലേക്ക് വന്നു പക്ഷെ ആരോടും സംസാരിക്കാനോ ഒന്നിനും നിന്നില്ല... ക്ലാസ്സ് മാത്രം ആയിരുന്നു ഞാൻ ശ്രദ്ധിച്ചിരുന്നത് ....അങ്ങനെ ഇരിക്കെ ഒരു ദിവസം വാപ്പ വിളിച്ചു... ഇതേപോലെ ഒരു കല്യാണ ആലോചന വന്നിരുന്നു.. വീട്ടിലേക്ക് ചെല്ലാൻ പറഞ്ഞു... ഞാൻ വീട്ടിലേക്ക് ചെന്നു... പക്ഷെ അവിടെ ചെന്നപ്പോൾ ആയിരുന്നു ഞങ്ങൾ ആ ഞെട്ടിക്കുന്ന വാർത്തകൾ അറിഞ്ഞത്... അയാളുടെ മൂന്നാമത്തെ കേട്ട് ആണെന്നും അയാൾക്ക് 38 വയസ് ഉണ്ടെന്നും

ഒക്കെ..

****

“വാപ്പ എനിക്ക് ഈ കല്യാണം വേണ്ട ” ഐഷ വാപ്പയോട് പറഞ്ഞു...

“പിന്നെ നിന്നെ കേട്ടന്ന് രാജകുമാരൻ വരുമോ.. ഞങ്ങൾ പറയുന്നത് കേട്ട് ജീവിച്ചോ നിയ്.. ” അവളുടെ വാപ്പ അവളോട് ചൂടായി...

“എന്നും പറഞ്ഞു ഒരു മൂന്നാം കേട്ട് കാരന് ആണോ എന്നെ കെട്ടിച്ചു കൊടുക്കുന്നെ ” അവളും ചൂടായി...

“അല്ല നിന്നെ കേട്ടാണ് അവിടെ പുതുമണവാളന്മാർ ക്യു നിക്കുവാ... നീ അനുഭവിക്കണം... നീ തന്നെ ആണ് ഇതൊക്കെ വരുത്തി വച്ചത് ” വാപ്പ അവളോട് പറഞ്ഞു...

****

എനിക്ക് തിരിച്ചു പറയാൻ വാക്കുകൾ ഇല്ലായിരുന്നു.. എന്റെ തെറ്റ് ആയതുകൊണ്ട് ജീവിച്ചു തീർക്കാം എന്ന് ഞാനും കരുതി... അങ്ങനെ ആ കല്യാണത്തിന് ഞാൻ സമ്മതിച്ചു... കല്യാണം ബന്ധുക്കളെ മാത്രം വിളിച്ചു ചെറിയ പരിപാടി ആയി നടത്തി... കല്യാണം കഴിഞ്ഞു ആദ്യ നാളുകൾ എനിക്ക് സ്വർഗം ആയിരുന്നു.. എന്റെ സന്തോഷം മാത്രം നോക്കി എനിക്ക് വേണ്ടതെല്ലാം വാങ്ങി തന്നു... എന്നെ ബീച്ചിൽ കൊണ്ടുപോയി.. എന്നെയും കൊണ്ട് കറങ്ങി നടന്നു... അത് അധിക കാലം നീണ്ടു നിന്നില്ല... ഞങ്ങൾ തിരിച്ചു ആലപ്പുഴയിലേക്ക് താമസം മാറ്റിയ ശേഷം ആണ് കാര്യങ്ങൾ മനസിലായത്.. അയ്യാൾ 1 വർഷം കഴിഞ്ഞാൽ എന്നെയും കളയും എന്ന്.. അത് നടക്കാതെ ഇരിക്കാൻ അയാളുടെ സന്തോഷം മാത്രം ഞാൻ നോക്കി.. ഏകദേശം ഒന്ന് ശെരിയായി വന്നതായിരുന്നു.. അപ്പോഴാണ് സ്ഥാലംമാറ്റം കിട്ടി അയാൾ ആലുവയിലേക്ക് പോയത്.” അവൾ പറഞ്ഞു...

“പിന്നെ എന്തിനാണ് നീ നിന്റെ ഭർത്താവിനെ രക്ഷിക്കാതെ അവളെ സഹായിക്കാൻ എന്റെ number കൊടുത്തത് ” ഞാൻ ചോദിച്ചു...

“കല്യാണ ശേഷം ഞാൻ എല്ലാം മറന്നു ജീവിക്കുകയായിരുന്നു... കയിലുണ്ടായിരുന്ന ഫോൺ മാറ്റി ഒരു കീപാഡ് ഫോൺ വാങ്ങി.. എന്റെ

കല്യാണം കഴിഞ്ഞത് മാത്രമേ എല്ലാവർക്കും അറിയാവൂ.. ആൾ ആരാണെന്ന് ആർക്കും അറിയില്ലായിരുന്നു... ജാസ്മിൻ സഹായം ചോദിച്ചു വിളിച്ചു കാര്യം ഒന്നും പറഞ്ഞില്ല.. എനിക്ക് സഹായിക്കാൻ പറ്റില്ല എന്ന് അറിയാവുന്നത് കൊണ്ട് ആണ്... കാര്യം ഞാൻ ചോദിക്കാതെ ഇരുന്നത് "അവൾ പറഞ്ഞു...

“കാര്യം അറിഞ്ഞിരുന്നെങ്കിൽ നീ സമ്മതിക്കില്ലായിരുന്നു... കാരണം നിനക്ക് എന്നും നിന്റെ കാര്യം മാത്രമേ ഉള്ളായിരുന്നു ചിന്ത..” ഞാൻ പറഞ്ഞു...

“ആയിരുന്നു... എനിക്ക് എന്നെക്കുറിച്ചു ചിന്തിക്കാൻ ഉള്ള പ്രായമേ അന്ന് ഉല്ലായിരുന്നുള്ളു...” അവൾ പറഞ്ഞു...

“അന്ന് നീ നേരെ നടന്നിരുന്നെങ്കിൽ... ഈ കൊച്ച് പ്രായത്തിൽ നിനക്ക് ഇങ്ങനെ ആകേണ്ടി വരില്ലായിരുന്നു..” എന്ന് പറഞ്ഞു ചിരിച്ചുകൊണ്ട് ഞാൻ എഴുനേറ്റ്

ചായയുടെ ക്യാഷ് കൊടുത്ത് പുറത്തേക്ക് ഇറങ്ങി...

“അതെ സന്തോഷിച്ചു പോകണ്ട.. നിങ്ങൾ അവളെ സുരക്ഷിതയായി എത്രനാൾ കൊണ്ട് നടക്കും.. നിങ്ങളുടെ കയ്യിൽ നിന്ന് അവൾ പുറത്ത് വരുന്നതിന്റെ അന്ന് അവൾ മരിക്കും.. ഹ ഹ ഹ " ഐഷ എന്റെ ചെവിയിൽ വന്ന് പറഞ്ഞു ചിരിച്ചുകൊണ്ട് മുന്നോട്ട് നടന്നു...

“എന്റെ ജീവിതം നശിപ്പിച്ചവൾ ആണ് അവൾ.. എന്റേതാക്കി കൊണ്ട് വന്നതാണ് ഞാൻ... അവൾ കാരണം അത് നഷ്ടപെടുവാണേൽ.. അവളും ഇനി ജീവിക്കണ്ട " അവൾ തിരിഞ്ഞു നിന്ന് അത് പറയുമ്പോൾ അവളുടെ കണ്ണില്ലേ ആ ദേഷ്യം എനിക്ക് കാണാമായിരുന്നു... ഞാൻ പെട്ടന്ന് തന്നെ അവരുടെ അടുത്തേക്ക് പോയി... ജാസ്മിനും ജാസിമും സംസാരിച്ചുകൊണ്ട്

ഇരിക്കുവാണ്... ഞാൻ ജാസ്മിന്റെയും ജാസിമിന്റെയും കയ്യിൽ പിടിച്ചു കൊണ്ട് വന്ന് കാറിൽ കയറ്റി...

“എന്താ ഇക്ക എന്തേലും പ്രശ്നം ഉണ്ടോ ” രണ്ട് പേരും ഒരുമിച്ചു ചോദിച്ചു...

“പ്രശ്നം ഒന്നും ഇല്ല... നിങ്ങൾ നാട്ടിലേക്ക് പോകണ്ട... കല്യാണം കഴിഞ്ഞിട്ട് നാട്ടിലേക്ക് പോയാൽ മതി ” ഞാൻ പറഞ്ഞു...

“അത് വേണ്ട ഇക്ക.. അ ” ജാസ്മിനെ പറയാൻ ഞാൻ അനുവദിച്ചില്ല. അതിനു മുൻപ് ഞാൻ പറഞ്ഞു ..

“അത് മതി ” അത് പറയുമ്പോൾ എന്റെ ഉള്ളിലെ പേടിയും ദേഷ്യവും ഒരുമിച്ചു വന്നു... കുറച്ചു ശബ്ദം കൂടി പോയി അതോടെ അവർ രണ്ടും പേടിച്ചു.. പിന്നെ അവർ ഒന്നും സംസാരിക്കാൻ നിന്നില്ല...

എന്തിനാണ് ഞാൻ ഇങ്ങനെ പേടിക്കുന്നത്... അവൾ എന്റെ ആരും അല്ലല്ലോ... പിന്നെ എന്താ.. ഒരു സഹായം ചോദിച്ചു വന്നു അത് ചെയ്തു.. ഇനി അവരുടെ കാര്യം അവർ നോക്കിക്കോളും.. ഇങ്ങനെ പല കാര്യങ്ങളും ഞാൻ ആലോചിച്ചു.. പക്ഷെ എനിക്ക് അവളെ ഒറ്റക്കാക്കി പോരാൻ തോന്നുന്നില്ല...

അങ്ങനെ ഞാൻ തിരിച്ചു വീട്ടിലേക്ക് വന്നു... ഡോർ അടച്ചിരിക്കുവായിരുന്നു...ഞാൻ ഇറങ്ങി ഡോർ ബെൽ അടിച്ചു... രണ്ട് പ്രാവശ്യം അടിച്ചു.. തുറന്നില്ല... ഒന്നുകൂടെ അടിച്ചപ്പോൾ തുറന്നു...ആഫി ആണ് തുറന്നത്...

“ഇത്രയും നേരം എവിടെ ആയിരുന്നെടി ”ഞാൻ അവളോട് ദേഷ്യത്തിൽ ചോദിച്ചു... അവൾ ഫോണിൽ തന്നെ ആണ് നോക്കുന്നത്.. ഞാൻ ആ ഫോൺ വാങ്ങി താഴേക്ക് വലിച്ചെറിഞ്ഞു... എന്റെ ആ പ്രവർത്തിയിൽ മൂന് പേരും പേടിച്ചു...

“ഇവന് ഒരു റൂം ശെരിയാക്കി കൊടുക്ക് ” എന്ന് പറഞ്ഞു ജാസിമിനെ അകത്തേക്ക് കയറ്റി.. ജാസ്മിൻ അവിടെ തന്നെ നിന്നു...

“നിന്നോട് ഇനി പ്രേതേകം പറയണോ കേറി പോ അകത്തു ” അവളോട് എനിക്ക്

ദേഷ്യത്തിൽ പറയാൻ തോന്നിയില്ല... അവൾ എന്റെ മുഖത്ത് നോക്കാതെ താഴേക്ക് നോക്കി തന്നെ അകത്തേക്ക് കയറി പോയി... ഞാൻ താഴെ കിടന്ന് ഫോൺ നോക്കി... പൊട്ടി ചിതറി കിടക്കുന്നു...ഞാൻ അങ്ങോട്ട് തലയിൽ കൈ വെച്ച് ഇരുന്നു...

കുറച്ചു കഴിഞ്ഞു ആഫി ഡോറിന്റെ സൈഡിൽ വന്ന് നിക്കുന്നത് പോലെ എനിക്ക് തോന്നി...ഞാൻ പെട്ടന്ന് തിരിഞ്ഞു നോക്കി... അപ്പോൾ അവൾ അവിടെ നിന്ന് മാറി കളഞ്ഞു... ഞാൻ അകത്തേക്ക് കയറി അവൾ അവിടെ മുഖം വിറപ്പിച്ചു ഇരിപ്പുണ്ട്...

“എന്താടി ” ഞാൻ ദേഷ്യത്തിൽ ചോദിച്ചു...

“എന്താ ” അവൾ തിരിച്ചു ചോദിച്ചു...

“നീ എന്തിനാ ഇങ്ങനെ മുഖം വീർപ്പിച്ചു വച്ചിരിക്കുന്നെ ” ഞാൻ ചോദിച്ചു...

“ഞാൻ മുഖം വിറപ്പിച്ചു ഇരുന്നാൽ ഇക്കാക്ക് എന്താ... ഒന്ന് പോയി തരുമോ പ്ലീസ് ” അവൾ അങ്ങനെ പറയുമെന്ന് ഞാൻ ഒരിക്കലും കരുതിയില്ല... അവൾ അങ്ങനെ പറഞ്ഞപ്പോൾ ഞാൻ അങ്ങ് ഇല്ലാണ്ടായി പോകുന്നത് പോലെ തോന്നി... ഞാൻ ഉള്ളിൽ നിന്ന് വന്ന സങ്കടത്തെ ഒതുക്കി... പുറത്തേക്ക് നടന്നു... വിഷമം മാറ്റാൻ ആയി ഗാർഡനിലേക്ക് നടന്നു... അവിടെ ചെന്ന് ഇരുന്നു... ഓരോന്ന് ആലോചിച്ച് ഞാൻ അങ്ങോട്ട് കിടന്നു... ആഫി അങ്ങനെ പറഞ്ഞത് ആലോചിച്ചപ്പോൾ വിഷമം സഹായിക്കാൻ പറ്റിയില്ല... ഞാൻ കരഞ്ഞു പോയി...കരച്ചിൽ ഒന്ന് നിന്നപ്പോൾ..

“കഴിഞ്ഞോ... നാണം ഇല്ലല്ലോ... ഞാൻ അപ്പോഴത്തെ ദേഷ്യത്തിന് എന്തേലും പറഞ്ഞു എന്ന് കരുതി ഇവിടെ വന്ന് ഇരുന്നു കരയാതെ... ആ സമയത്ത് തന്നെ എനിക്ക് ഒരണ്ണം തന്നാൽ പോരായിരുന്നോ ” കരച്ചിൽ നിന്നപ്പോൾ എന്റെ പുറകിൽ ആഫി വന്ന് നിന്നിട്ടുണ്ടെന്ന് എനിക്ക് മനസിലാലായത്...

ഞാൻ തിരിച്ചു ഒന്നും പറഞ്ഞില്ല..

“മതി ഇവിടെ ഇരുന്നത് വാ വന്ന് ഫുഡ് കഴിക്ക്... ഉച്ചക്കും ഒന്നും കഴിച്ചില്ലലോ ” ആഫി എന്റെ കയ്യിൽ പിടിച്ചു വലിച്ചുകൊണ്ട് പറഞ്ഞു...

ഞാൻ എഴുന്നേറ്റ് അവളുടെ കൂടെ പോയി... അവൾ എന്നെ കൊണ്ട് ഇരുത്തി... ഫുഡ് വിളമ്പി തന്നു വിശപ്പുള്ളത് കൊണ്ട് ഞാൻ അത് കഴിച്ചു... മനസ് വല്ലാതെ മരവിച്ചത് പോലെ... ഞാൻ റൂമിലേക്ക് ഒന്നും പോകാൻ നിന്നില്ല ഹാളിലെ സോഫയിൽ തന്നെ കിടന്നു...

“ഇക്ക ഞങ്ങളെ തിരിച്ചു വീട്ടിൽ കൊണ്ട് വിടുമോ ” ജാസ്മിൻ എന്നോട് ചോദിച്ചു...

ഞാൻ അവളെ ഒന്ന് ദേഷ്യത്തോടെ നോക്കി...

“ഇവിടുന്ന് നിങ്ങൾ എവിടെയും പോകുന്നില്ല ” ഞാൻ പറഞ്ഞു... അവൾ അവിടെ ഒറ്റക്ക് അയാൾ ഐഷ പറഞ്ഞത് പോലെ എന്തെകിലും സംഭവിക്കുമോ എന്നുള്ള പേടി ആയിരുന്നു...

“അത് പറയാൻ ഉള്ള അധികാരം നിങ്ങൾക്ക് ഇല്ല... ഞങ്ങൾ പോവുകയാണ് ”എന്ന് പറഞ്ഞു അവൾ ജാസിമിന്റെ കയ്യിൽ പിടിച്ചു പുറത്തേക്ക് ഇറങ്ങി... ആഫി

അവരെ തടയാൻ നോക്കി പക്ഷെ ജാസ്മിൻ അത് കേക്കാൻ കൂട്ടാക്കിയില്ല... ഞാൻ അനങ്ങാതെ അങ്ങനെ ഇരുന്നു...

“അവർ പോകുവാണേൽ പൊക്കോട്ടെ.. ഒന്ന് കൊണ്ട് വിട് അവരെ ” ആഫി ഓടി കേറി വന്ന് എന്നോട് പറഞ്ഞു...

“എന്തിന്...അവൾക്ക് നമ്മുടെ സഹായം അവളുടെ അനിയനെ ഇറക്കാൻ മാത്രം മതിയായിരുന്നു... അവൾക്ക് നമ്മുടെ സഹായം.. ഇനി വേണ്ട ” ചെറുപുഞ്ചിരിയോടെ ഞാൻ പറഞ്ഞു...

“എനിക്കും അത്യാവശ്യം കാർ ഓടിക്കാൻ അറിയാം... ഞാൻ കൊണ്ട് വിടണോ അവരെ ” അവൾ എന്നോട് ചോദിച്ചു...

“വേണ്ട ഞാൻ കൊണ്ട് വിട്ടോളാം ” ഞാൻ പറഞ്ഞു എന്നിട്ട് ഞാൻ വണ്ടിയുമെടുത്ത് അവരുടെ പിറകെ പോയി... അവർ റോഡിലൂടെ നടക്കുകയാണ്... ഞാൻ വണ്ടി അവരുടെ മുൻപിൽ കൊണ്ട് നിർത്തി എന്നിട്ട്

അവരോട് കയറാൻ പറഞ്ഞു... ആദ്യം അവർ അത് കേട്ടില്ല... അപ്പോൾ ഞാൻ ഇറങ്ങി ജാസിമിനെ പിടിച്ചു വണ്ടിയിൽ കയറ്റി... അത് കണ്ടപ്പോൾ ജാസ്മിനും കയറി... ഞാൻ അവരോട് ഒന്നും സംസാരിക്കാൻ നിന്നില്ല.. അവർക്ക് ഒരു ഡ്രൈവർ ആയി മാത്രം ഞാൻ പോയി... ആഫി അപ്പോഴത്തെ ദേഷ്യത്തിൽ പറഞ്ഞതായിരുന്നു എങ്കിലും... ജാസ്മിൻ കൂടെ അങ്ങനെ പറഞ്ഞപ്പോൾ... ഇനി ജീവിക്കണോ എന്ന് വരെ ഞാൻ ചിന്തിച്ചു പോയി.. ഞാൻ വണ്ടി അവരുടെ വീടിന് മുൻപിൽ ചെന്ന് നിർത്തി.. വണ്ടി വന്ന് നിക്കുന്നത് കണ്ട് അടുത്ത വീട്ടിൽ ഉള്ളവർ ഒക്കെ കാറിനു ചുറ്റും കൂടി.. ജാസ്മിൻ കാറിൽ നിന്ന് ഇറങ്ങി...

“മോളെ വേണ്ട നിങ്ങൾ ഇവിടെ നിക്കണ്ട... കുറച്ചു മുൻപ് ഒരു വണ്ടിയിൽ ആൾകാർ വന്നിട്ട്... നിങ്ങൾ ഇവിടെ വന്നാൽ നിങ്ങളെ കൊല്ലും എന്നൊക്കെ ഭീഷണി പെടുത്തി... നിങ്ങൾ ഇവിടെ നിക്കണ്ട ” അടുത്ത വീട്ടിലെ ചേച്ചി പറഞ്ഞു... എന്നിട്ട് അവളെ പിടിച്ചു കാറിൽ കയറ്റി...

“മോനെ ഇവരേം കൊണ്ട് പൊക്കോ ” ആ ചേച്ചി എന്നോട് പറഞ്ഞു... ഞാൻ അപ്പോൾ തിരിഞ്ഞ് ജാസ്മിനെ നോക്കി... അവൾ തല താഴ്ത്തി ഇരിക്കുകയാണ്.. ഞാൻ വണ്ടി എടുത്തു തിരിച്ചു വീട്ടിലേക്ക് പോയി...വീട്ടിലേക്ക് പോകാൻ വണ്ടി തിരിച്ചു. അപ്പോഴാണ് ഞാൻ കണ്ടത് ഒരു ബ്ലാക്ക് ബോലേറോ ഞങ്ങളെ പിൻ തുടരുന്നത് ഞാൻ ശ്രദ്ധിച്ചു... അത് ഞങ്ങളെ പിന്തുടരുന്നത് തന്നെ ആണോ എന്ന് അറിയാൻ ഞാൻ രണ്ട് മൂന് വഴികൾ മാറി പോയി നോക്കി... ശെരിയാണ് അവർ ഞങ്ങളെ പിന്തുടരുകതന്നെ ആണ്.. ഇതൊന്നും പറഞ്ഞു അവരെ പേടിപ്പിക്കേണ്ട എന്ന് കരുതി ഞാൻ അവരോട് പറഞ്ഞില്ല...വീട്ടിൽ ചെന്ന് കയറുന്നത് വരെ അവർ ഞങ്ങളെ പിന്തുടർന്ന്....വീട്ടിൽ ചെന്ന് കയറിയപ്പോൾ ഉമ്മിയും വാപ്പിയും വന്നിട്ടുണ്ട്.. ഞാൻ വണ്ടിയിൽ നിന്ന് ഇറങ്ങി ജാസ്മിനും ജാസിമും മടിച്ചുമാടിച്ചാണ് ഇറങ്ങിയത്..

“എവിടെ പോയതാണ്?” വാപ്പി ചോദിച്ചു...

“ഇവരെ കൊണ്ട് വിടാൻ ആയി പോയതാണ്.. പക്ഷെ അവിടെ ആരോ ചെന്ന് ഭീഷണി പെടുത്തി എന്നൊക്കെ പറഞ്ഞു...” ഞാൻ പറഞ്ഞിട്ട് അകത്തേക്ക് പോയി... വാപ്പി അവരെ പിടിച്ചു നിർത്തി എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു...ഞാൻ നേരെ റൂമിൽ ചെന്ന് ഒന്ന് കുളിച്ചു... എന്നിട്ട് ഡ്രസ്സ് ഒക്കെ മാറി.. ഒന്ന് ടൗണിൽ പോയി ആഫിക്ക് ഒരു ഫോൺ വാങ്ങാൻ ഞാൻ തീരുമാനിച്ചു.. അങ്ങനെ ഞാൻ ഒരു ടി ഷർട്ടും ഒരു പാന്റും എടുത്തിട്ട് താഴേക്ക് ഇറങ്ങി ചെന്നു... വാപ്പി അവരോട് എന്തൊക്കെയോ സംസാരിച്ചുകൊണ്ട് തന്നെ

ഇരിക്കുകയാണ്...

“ഉമ്മി ഞാൻ ഒന്ന് ടൌൺ വരെ പോയിട്ട് വരാം ” ഞാൻ ഉമ്മിയോട് പറഞ്ഞിട്ട് ബൈക്കുമെടുത്ത് ടൗണിലേക്ക് പോകാനായി ഇറങ്ങി.. കുറച്ചു ദൂരം പോയപ്പോൾ തൊട്ട് എനിക്ക് ഓരോ പിന്തുടരുന്നത് പോലെ തോന്നാൻ തുടങ്ങി... പക്ഷെ തിരിഞ്ഞു നോക്കുമ്പോൾ ആരെയും കാണുന്നില്ല... അങ്ങനെ ഞാൻ സംശയിച്ചു സംശയിച്ചു ടൗണിൽ എത്തി... നല്ല ഒരു മൊബൈൽഷോപ്പിൽ തന്നെ കയറി...

“എന്താ ഇക്കാ വേണ്ടത് ” അവിടെ നിക്കുന്ന പയ്യൻ എന്നോട് ചോദിച്ചു....

“ഒരു മൊബൈൽ വേണം ” ഞാൻ പറഞ്ഞു...

“ഏതാ ഇക്കാ വേണ്ടത്... ” അവൻ ചോദിച്ചു...

”iphone 12pro max” ഞാൻ അത് പറഞ്ഞു അവൻ ആദ്യം എന്നെ ഒന്ന് നോക്കി എന്നിട്ട് ഫോൺ എടുത്ത് കാണിച്ചു...

“ഇതിന് എത്രയാകും ” ഞാൻ അവനോട് ചോദിച്ചു...

“ഇതിന് 1,26000 ഇത്രയും ആകും...” അവൻ പറഞ്ഞു...

“paytm ചെയ്താൽ പോരെ ” ഞാൻ അവനോട് ചോദിച്ചു...

അവൻ മതി എന്നാ രീതിയിൽ തലയാട്ടി.. അവൻ ആകെ വണ്ടർ അടിച്ചു നിക്കുകയാണ്.. ഞാൻ ഫോൺ എടുത്ത് paytm Qr code സ്കാൻ ചെയ്ത് ക്യാഷ് അയച്ചു...

“ok വന്നിട്ടുണ്ട്..ഫോൺ വേണമെങ്കിൽ ഇവിടെ തന്നെ വരണം ” അവൻ എനിക്ക് കൈതന്നുകൊണ്ട് പറഞ്ഞു...

“തീർച്ചയായും ” എന്ന് പറഞ്ഞുകൊണ്ട് ഞാൻ ഇറങ്ങി.. ഞാൻ വണ്ടിയിൽ കയറി കുറച്ചു ദൂരം പോയപ്പോൾ ഇരുട്ടുള്ള സ്ഥലം എത്തി... പോസ്റ്റിലെ ലൈറ്റ് അവിടെ ഇല്ലായിരുന്നു... അടുത്തെങ്ങും വീടുകളുമില്ല.. അധികം വണ്ടികളും പോക്ക് ഇല്ല... പെട്ടന്ന് ഇടത് സൈഡിൽ നിന്ന് ഒരു വണ്ടി സ്പീഡിൽ കൊണ്ട് വന്ന് നിർത്തി... പ്രതിക്ഷിക്കാതെ ആ വണ്ടി വന്നതുകൊണ്ടും ഞാൻ നല്ല സ്പീഡിൽ ഓടിച്ചതുകൊണ്ട് ബ്രേക്ക് പിടിച്ചടുത് കിട്ടിയില്ല... ഞാൻ ആ വണ്ടിയിൽ ഇടിച്ചു ഇടിച്ചില്ല എന്ന് രീതിൽ വണ്ടി നിർത്തി എന്നിട്ട് ചാടി ഇറങ്ങി...

“ആരെ കൊല്ലാൻ നടക്കുവാടാ ” ഞാൻ അതിന്റെ അടുത്തേക്ക് പോയി ചോദിച്ചു...

“നിന്നെ ” എന്ന് പറഞ്ഞു എന്നെ ആരോ ചവിട്ടി തെറിപ്പിച്ചു... ചവിട്ട് കൊണ്ട് ഞാൻ അവിടെ തന്നെ മറിഞ്ഞു...

“നീ വീട്ടിൽ നിർത്തിയിരിക്കുന്നവരെ മര്യാദക്ക് ഇറക്കി വിട്ടോ ഇല്ലെങ്കിൽ നമ്മൾ ഒന്നുകൂടി കാണേണ്ടി വരും....കേട്ടോടാ” എന്നും പറഞ്ഞു ആരോ എന്നെ വീണ്ടും ചവിട്ടി.. ഇരുട്ടായത്കൊണ്ട് ആരാണെന്ന് കാണാൻ പറ്റിയില്ലെങ്കിലും ചെയ്യിച്ചത് ആരാണെന്ന് എനിക്ക് മനസിലായി.. അതുവഴി അപ്പോൾ ഏതോ ഒരു വണ്ടി വരുന്നത് കണ്ടു... അവന്മാർ വേഗം വണ്ടി എടുത്ത് പോയി...ഞാനും വേഗം വണ്ടിയിൽ കയറി... ചവിട്ട് കൊണ്ടയിടത്തു നല്ല വേദനയുണ്ടായിരുന്നു... ഇതൊന്നും വീട്ടിൽ ആരും അറിയണ്ട അവർ പീടിക്കുമെന്ന് എന്ന് അറിയാം...

ഞാൻ അതുകൊണ്ട് വീട്ടിൽ ചെന്ന് കയറിയിട്ടും ഒന്നും പറ്റാത്ത രീതിയിൽ ഫോൺ കയ്യിൽ പിടിച്ചുകൊണ്ടു റൂമിലേക്ക് പോകാനായി സ്റ്റെപ്പുകൾ കയറി...

“മോനെ നിനക്ക് ഫുഡ് എടുക്കട്ടെ ” ഉമ്മി ചോദിച്ചു...

“വേണ്ട ഉമ്മി ഞാൻ പുറത്തുന്നു കഴിച്ചു ” വിശപ്പില്ല എന്ന് പറഞ്ഞിട്ട് കാര്യമില്ല അത്തുകൊണ്ടാണ് ഞാൻ അങ്ങനെ ഒരു കള്ളം പറഞ്ഞത്... ഞാൻ നടന്ന് റൂമിൽ കയറി ഫോൺ അവിടെ വെച്ചിട്ട് ബാത്റൂമിൽ കയറി... ടി ഷർട്ട് മാറ്റി ഒന്ന് നോക്കി... ചവിട്ട് കൊണ്ട ഭാഗത്ത് പാട് വീണു കിടക്കുന്നു.. ഞാൻ അത് മാറ്റി വേറെ ടി ഷർട്ട് എടുത്ത് ഇട്ടു.. എന്നിട്ട് ആഫിയുടെ റൂമിലേക്ക് പോയി..ഫോൺ ഞാൻ മനപ്പൂർവം എടുത്തില്ല... ഞാൻ ചെല്ലുമ്പോൾ കാണുന്നത്... പൊട്ടി ചിതറിയ ഫോൺ കയ്യിൽ വെച്ച് തിരിച്ചും മറിച്ചും ഒക്കെ നോക്കുന്ന ആഫിയെ ആണ്... ഞാൻ നോക്കുന്നത് കണ്ടപ്പോൾ അവൾ പെട്ടന്ന് ഫോൺ ബാക്കിലേക്ക് മാറ്റി എന്നിട്ട് എന്നെ ചിരിച്ചുകൊണ്ട് നോക്കി...

“എന്താ നോക്കുന്നെ ” അവൾ ചോദിച്ചു...

“സോറി ” ഞാൻ പറഞ്ഞുകൊണ്ട് അവളുടെ അടുത്തേക്ക് ചെന്നു...

“എന്തിന് ” അവൾ എന്നോട് ചോദിച്ചു...

“ഞാൻ പെട്ടന്ന് ദേഷ്യം വന്നപ്പോൾ ആണ് അങ്ങനെ ഒക്കെ ചെയ്തത് ” ഞാൻ പറഞ്ഞു...

“അതൊന്നും സാരമില്ല.. എനിക്ക് അത് ആവശ്യമായിരുന്നു ” അവൾ പറഞ്ഞു ചിരിച്ചു... ഞാൻ അവളുടെ മടിയിലേക്ക് തല വെച്ചു അവൾ എന്റെ തലയിൽ പതിയെ തടകികൊണ്ട് ഇരുന്നു...അവൾ മറ്റേ കൈ എന്റെ നെഞ്ചിന്റെ ചവിട്ട് കൊണ്ട് ഭാഗത്ത് തന്നെ വെച്ചു...

“ആഹ് ” ഞാൻ വേദന കൊണ്ട് പുളഞ്ഞു...

“എന്താ എന്ത്പറ്റി ” അവൾ വേവലാതിയോടെ ചോദിച്ചു...

“ഏഹ് ഒന്നുമില്ല ” ഞാൻ മടിയിൽ നിന്ന് എഴുനേറ്റ് ഒഴിഞ്ഞുമാരാൻ നോക്കി...

“അല്ല എന്തോ അവിടെ പറ്റിയിട്ടുണ്ട്... ഞാൻ നോക്കട്ടെ ” എന്ന് പറഞ്ഞു അവൾ എന്റെ ടി ഷർട്ട് പിടിച്ചു പൊക്കാൻ തുടങ്ങി... ഞാൻ തടയാൻ ശ്രമിച്ചെങ്കിലും പറ്റിയില്ല... അവൾ കണ്ടു...

“ആരാ ഇക്കാ ഇവിടെ ചവിട്ടിയെ ” അവളുടെ കണ്ണുകൾ നിറഞ്ഞു...

“അത് ചവിട്ടിയതൊന്നുമല്ല... ഞാൻ നോക്കാതെ നടന്ന് പോയപ്പോൾ അവിടെ തട്ടിയതാ ” അവൾ അറിഞ്ഞു പേടിക്കാതെ ഇരിക്കാനായി ഞാൻ പറഞ്ഞു...

“എന്തിനാ എന്നോട് കള്ളം പറയുന്നേ..” എന്ന് പറഞ്ഞു അവൾ കരയാൻ തുടങ്ങി...

“മോളെ ആഫി നീ അത് അറിയണ്ട...” ഞാൻ അവളുടെ കണ്ണുകൾ തുടച്ചുകൊണ്ട് പറഞ്ഞു...

“എനിക്ക് അത് അറിയണം ഇക്കാ ” അവൾ വാശിപിടിച്ചു...വേറെ വഴിയില്ലാതെ വന്നപ്പോൾ എനിക്ക് ഇന്ന് നടന്ന മൊത്തം കാര്യം അവളോട് പറയേണ്ടി വന്നു...

“ആ ഐഷ ആണോ ഇതിന് പിറകിൽ ” ആഫി ചോദിച്ചു... അവളുടെ കണ്ണുകൾ ചുവന്നിരുന്നു...

“ആണെന്നാണ് തോന്നുന്നേ... നീ അതിനെ പറ്റി ചിന്തിക്കേണ്ട ” ഞാൻ പറഞ്ഞു...

“ഇത്രയും ഒക്കെ ജാസ്മിൻ ചെയ്ത് കൊടുത്തില്ലേ.. സത്യം പറ ഇക്കാക്ക് അവളെ ഇഷ്ടമല്ലേ ” അവൾ എന്നോട് ചോദിച്ചു...

“എനിക്ക് അറിയില്ല ആഫി...എനിക്ക് അവളെ ഇഷ്ടമാണ്... പക്ഷെ ഇനി ഒരുപ്രാവശ്യം കൂടെ കോമാളി ആകാൻ എന്നെ കിട്ടില്ല ” ഞാൻ പറഞ്ഞു...

“എന്നാ പിന്നെ ഇക്കാ അവരോട് പൊക്കോളാൻ പറ.. വെറുതെ ഇക്കാ എന്തിനാ ഇങ്ങനെ അവരെ സംരെക്ഷിക്കുന്നത് ” അവൾ പറഞ്ഞു...

“നമ്മൾ ഇപ്പൊ അവരെ ഇറക്കി വിട്ടാൽ... ഐഷ പറഞ്ഞതൊക്കെ സംഭവിക്കും... അവളുടെ ജീവനും പോകും ഐഷ സുഖമായി ജീവിക്കുകയും ചെയ്യും... എന്നെ അവൾ എന്തോരം വേദനിപ്പിച്ചതാണ്... ആ അവൾ സന്തോഷമായി ജീവിക്കണോ?” ഞാൻ ഒരു ചെറുചിരിയോടെ ചോദിച്ചു...

“ഓ അപ്പോൾ പ്രതികാരം ആണ് ഉദ്ദേശം അല്ലെ ” അവൾ എന്നെ മടിയിലേക്ക് പിടിച്ചു കിടത്തി തലയിൽ തടകിക്കൊണ്ട് ചോദിച്ചു...

“അത് മാത്രം അല്ല... ഒരു ജീവൻ നമ്മൾ കാരണം രക്ഷപ്പെടുമെങ്കിൽ അത് നല്ലതല്ലേ ” ഞാൻ ആഫിയോട് ചോദിച്ചു...

“ആ അത് ശെരിയാണ്.. അവളെ രക്ഷിക്കണം ”ആഫി പറഞ്ഞു... അവൾ എന്റെ തലയിൽ തടവികൊണ്ട് ഇരുന്നു ഞാൻ പതിയെ ഉറക്കത്തിലേക്ക് വീണു... എന്തോ ശബ്ദം കേട്ട് ആണ് ഞാൻ ഞെട്ടി ഉണർന്നത്... ഞാൻ ഫോണിൽ സമയം നോക്കി...12 മണി ആയി.. ഞാൻ ആഫിയുടെ റൂമിൽ ആണ്.. അവൾ ബെഡിൽ ചാരി ഇരുന്നു ഉറങ്ങുന്നു... ഞാൻ അവിടെ നിന്ന് എഴുനേറ്റ് എന്റെ റൂമിലേക്ക് പോയി... റൂമിൽ കയറാൻ തുടങ്ങിയപ്പോൾ.. ജാസ്മിന്റെ റൂമിൽ നിന്ന് കരച്ചിലിന്റെ ശബ്ദം കേക്കുന്നത്... ഞാൻ എന്താണെന്ന് അറിയാനായി... ആ ഡോർ തള്ളി നോക്കി... വല്ലാത്ത കരച്ചിൽ...

“എന്താ എന്ത് പറ്റി ” ഞാൻ ചോദിച്ചു...

“ഒന്നുമില്ല ” അവൾ എന്നെ കണ്ട് പെട്ടന്ന് കണ്ണ് തുടച്ചുകൊണ്ട് പറഞ്ഞു...

“കാര്യം പറയുന്നുണ്ടോ ” എനിക്ക് ദേഷ്യം വന്നു...

“എനിക്ക് വാപ്പയേം ഉമ്മയേം ഓർമ വന്നു ” അവൾ പറഞ്ഞു...

“ഓ സോറി ” ഞാൻ പറഞ്ഞു...

“അതൊക്കെ മറന്നേക്ക് പോയവർ പോയി... ഇനി ഉള്ളവർക്കായി സന്തോഷമായി ജീവിക്കണം ” ഞാൻ അവളോട് പറഞ്ഞു...

“അത് മാത്രം അല്ല... എന്നെ ഇവിടെ നിന്ന് ഇറക്കി വിടാൻ പറ്റാത്തത്കൊണ്ട് ആണ് ഇവിടെ നിർത്തിയിരുന്നതെന്ന് ”അവൾ പറഞ്ഞു..

“അത് ശെരി... അതായിരുന്നു കാരണം അല്ലെ... ഇപ്പൊ എന്ത് തോന്നുന്നു ” ഞാൻ ചോദിച്ചു...

“അത് ഇക്കാന്റെ വാപ്പ കുറെ കാര്യങ്ങൾ പറഞ്ഞു... ഇക്കാന്റെ വാപ്പയേം ഉമ്മയേം സ്വന്തമായി കാണാമെന്നും.. സ്വന്തം വീട് പോലെ കരുതാം എന്നൊക്കെ

പറഞ്ഞു.” അവൾ കണ്ണുനീർ തുടച്ചുകൊണ്ട് പറഞ്ഞു...

“അതാണ് വാപ്പി ... അവർ ഒക്കെ നല്ല മനസ്സിൽ ഉള്ളവർ ആണ് ” ഞാൻ പറഞ്ഞു...

“അതെ നിന്റെ അനിയന് എത്ര വയസ് ഉണ്ട് ”

“അവന് അടുത്ത മാസം 21 ആകും.. എന്തെ? ”

“ഒന്നുമില്ല..അവന്റെ കോഴ്സ് എന്ന് കഴിയും.. ”

“അവന്റെ കോഴ്സ്.. ഒരു 6 മാസം കൂടി ഉണ്ട് ”

“പിന്നെ ഇക്കാ...” അവൾ എന്തോ പറയാൻ ആയി തുടങ്ങിയിട്ട് നിർത്തി

“എന്താ പറയാൻ വന്നത് നിർത്തിയത് ” ഞാൻ എന്തൊക്കെയോ വിചാരിച്ചു അവളോട് ചോദിച്ചു....

“അത് ഇക്കാ... എനിക്ക് ഒരാളോട് ഇഷ്ടമുണ്ട്” അവൾ ശബ്ദം താഴ്ത്തി പറഞ്ഞു... എന്റെ നെഞ്ചിൽ കത്തി കുത്തി ഇറക്കുന്ന പോലെ ആയി പോയി...

“ആരാ ആൾ ” ശബ്ദം ഇടറിക്കൊണ്ട് ഞാൻ ചോദിച്ചു...

“ആളെ ഞാൻ പറയില്ല.. കാരണം അത് ശെരിയാകില്ല... അവർ ഒക്കെ വലിയ ആളുകൾ ആണ്..” അവൾ പറഞ്ഞു...

“അത്രക്ക് ഇഷ്ടമാണോ ” ഞാൻ ചോദിച്ചു...

“ഒരുപാട് നാളായി മനസ്സിൽ കൊണ്ട് നടന്ന്.. പക്ഷെ എനിക്ക് പറയാൻ പറ്റിയില്ല ” അവൾ പറഞ്ഞു...

“അത് ശെരിയായില്ല... പറയേണ്ടതായിരുന്നു ”

“പറയാമായിരുന്നു... ഇനി പറ്റില്ല... കാരണം ഞങ്ങളെ അനാഥർ ആയില്ലേ... ഇനി ആ ഇക്കാടെ വീട്ടിൽ സമ്മതിക്കില്ല ”

“എനിക്ക് അറിയാവുന്ന ആൾ ആണോ ” ഞാൻ ചോദിച്ചു...

“ഇക്കാക് ആളെ അറിയാം ” അവൾ പറഞ്ഞപ്പോൾ പലരുടെയും മുഖങ്ങൾ എന്റെ മനസ്സിൽ മിന്നിമറഞ്ഞുകൊണ്ട് ഇരുന്നു...

“അതെ സമയം 1 മണി ഒക്കെ ആയി... എനിക്ക് ഉറങ്ങണം.. ഈ സമയത്ത് പ്രായപൂർത്തിയായ ഒരു പെൺകുട്ടിയുടെ റൂമിൽ ഇരിക്കുന്നത് ശെരിയല്ല ” അവൾ ചിരിച്ചുകൊണ്ട് എന്നെ കളിയാക്കി...

“അയ്യോ സോറി ഞാൻ അത് ഓർത്തില്ല ” എന്ന് പറഞ്ഞു ഞാൻ എഴുനേറ്റു...

“ഞാൻ അത് വെറുതെ പറഞ്ഞതാ... ഇവിടെ ഇരിക്ക് എനിക്ക് കുറച്ചു കാര്യങ്ങൾ സംസാരിക്കാൻ ഉണ്ട് ” അവൾ എന്നോട് പറഞ്ഞു...ഞാൻ അവിടെ ഇരുന്നു

“എന്താ ” ഞാൻ ചോദിച്ചു...

“ഇക്കാക്ക് എങ്ങനെ ഉള്ള പെൺകുട്ടിയെ ആണ് കല്യാണം കഴിക്കാൻ താല്പര്യം ” അവൾ എന്നോട് ചോദിച്ചു...

“അതെന്താ അങ്ങനെ ചോദിച്ചുക്കുന്നെ ” സംശയം കൊണ്ട് ഞാൻ ചോദിച്ചു...

“അല്ല ഇക്കാടെ ഉമ്മ ഒക്കെ ഇക്കാടെ കല്യാണത്തെ പറ്റി പറയുന്നത് കേട്ടു... എന്നെ സഹായിച്ചതല്ലേ.. അതുപോലെ എനിക്കും സഹായിക്കാൻ പറ്റിയാലോ ” അവൾ ചോദിച്ചു...

“എനിക്ക് അങ്ങനെ വലിയ ആഗ്രഹങ്ങൾ ഒന്നും ഇല്ല... നല്ല സ്വഭാവം ആയിരിക്കണം.. പിന്നെ ആഫിയോടും ഉമ്മിയോടുമൊക്കെ വഴക്കുണ്ടാക്കാത്ത ഒരാളെ ആണ് ഞാൻ നോക്കുന്നത് ” ഞാൻ അവളോട് പറഞ്ഞു...

“സൗന്ദര്യം ഒക്കെ? ”അവൾ ചോദിച്ചു...

“സൗന്ദര്യം ഒക്കെ തേടി പോയിട്ട് ഞാൻ അനുഭവിച്ചതാ... എനിക്ക് അതിലൊന്നും ഇപ്പൊ താല്പര്യം ഇല്ല.. എന്നെ ചതിക്കാത്ത ഒരു നല്ല കുട്ടിയെ.. അത്രെ ഉള്ളു ” ഞാൻ പറഞ്ഞു..

“ഐഷയെ ആണോ ഇക്കാ ഉദ്ദേശിച്ചത് ” അവൾ ചോദിച്ചു...

“മ്മ്ഹ് ” ഞാൻ ഒന്ന് മൂളി...

“ഞാൻ ഒരു കാര്യം ചോദിച്ചാൽ ദേഷ്യപ്പെടുമോ ” അവൾ ചോദിച്ചു...

“നീ ചോദിച്ചോ ” ഞാൻ പറഞ്ഞു...

“ഇക്കാക്ക് ഐഷയെ ഒരുപാട് ഇഷ്ടമായിരുന്നോ ” അവൾ ചോദിച്ചു..

“അവൾ എനിക്ക് ജീവൻ ആയിരുന്നു... അവൾ പോയപ്പോൾ എന്റെ ജീവൻ പോകുന്നത് പോലെ തോന്നിപ്പോയി” ഞാൻ പറഞ്ഞു...

“ ഇനി കെട്ടാൻ പോണ കുട്ടിയേയും അങ്ങനെ തന്നെ സ്നേഹിക്കുമോ ” അവൾ ചോദിച്ചു...

“അതിലും നന്നായി സ്നേഹിക്കും ” ഞാൻ പറഞ്ഞു...

“അത് ഞാനാണെങ്കിലോ ” അവൾ തല തഴ്ത്തി പതിഞ്ഞ സ്വരത്തിൽ ചോദിച്ചു...

“ജാസ്മി നീ എന്താ പറയുന്നേ ” ഞാൻ അധിഷയത്തോടെ ചോദിച്ചു....

“ഒരുപാട് കാലം കൊണ്ട് മനസ്സിൽ കയറ്റിയതാണ്... എന്നെ വേണ്ടാ എന്ന് പറയരുത് പ്ലീസ് ” എന്ന് പറഞ്ഞവൾ രണ്ട് കൈകൊണ്ടും എന്റെ കയ്യിൽ പിടിച്ചു... അവളുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ഒഴുകി...

“ഞാൻ ഒരുപാട് ആലോചിച്ചു...വേണ്ട വേണ്ട എന്ന് മനസ്സിൽ പറഞ്ഞു പഠിപ്പിച്ചു... പക്ഷെ ഇക്കാ ഓരോ കാര്യം ചെയുമ്പോഴും ഞാൻ അതിൽ വീണു പോകുകയാണ്...ഇനിയും ഇവിടെ നിന്നാൽ ഇക്കാ നഷ്ടപെടുന്നത് കാണേണ്ടി വരും എന്ന് തോന്നി...അതുകൊണ്ട് ആണ് ഞാൻ തിരിച്ചു വീട്ടിലേക്ക് പോകാമെന്നു കരുതിയത്... അതും പറ്റിയില്ല.. ഇത്രയും നേരം ഞാൻ പിടിച്ചു നിന്നു ഇനി എനിക്ക് പറ്റില്ല...എന്നെ ഒഴിവാക്കല്ലേ... പ്ലീസ് ” അവൾ കൂട്ടി പിടിച്ച കൈകളിൽ തല വെച്ചു കരഞ്ഞു... ഞാൻ ആണേൽ എന്ത് ചെയ്യാണെമെന്ന് അറിയത്തെ അമ്പരന്നിരുന്നു...പെട്ടന്ന് ഞാൻ അവളുടെ കൈകളിൽ നിന്ന് കൈ മാറ്റി അവളെ നെഞ്ചോട് ചേർത്ത കെട്ടി പിടിച്ചു...

“നീ എന്റേതാണ് എന്റേത് മാത്രം... നിന്നെ ആർക്കും ഞാൻ വിട്ട് കൊടുക്കില്ല ” എന്ന് പറഞ്ഞു അവളുടെ തലയിൽ ഒരു ഉമ്മ കൊടുത്തു... അവൾ എന്റെ നെഞ്ചത്ത് വീണു കരയുകയായിരുന്നു...

“പക്ഷെ ഇക്കാടെ വീട്ടുകാർ സമ്മതിക്കില്ല ”അവൾ എന്റെ നെഞ്ചിൽ തലവെച്ചു കരച്ചിൽ ഒന്ന് അടങ്ങിയപ്പോൾ പറഞ്ഞു...

“അവർ സമ്മതിക്കും... അവർക്ക് എന്റെ സന്തോഷമാണ് വലുത് ” ഞാൻ പറഞ്ഞു...

“അവർ സമ്മതിച്ചില്ലെങ്കിൽ എന്നെ വേണ്ടന്ന് വെക്കുമോ ” അവൾ ചോദിച്ചു...

“ആര് സമ്മതിച്ചില്ലെങ്കിലും കുഴപ്പമില്ല... നീ ഇനി എനിക്കുള്ളതാണ് ” എന്ന് പറഞ്ഞു അവളെ ഞാൻ ഒന്ന് കൂടെ മുറുക്ക് കെട്ടിപിടിച്ചു ബെഡിലേക്ക് വീണു... കരഞ്ഞു തളർന്നതിന്റെ ക്ഷീണവും... യാത്ര ചെയ്തതിന്റെയും കൂടെ ആയപ്പോൾ... പെട്ടന്ന് തന്നെ ഞങ്ങളെ ഉറങ്ങി പോയി...ഞാൻ കണ്ണ് തുറന്ന് നോക്കുമ്പോൾ കാണുന്നത് വാപ്പിയും ഉമ്മിയും ഡോറിന്റെ അവിടെ നിന്ന് ദേഷ്യത്തോടെ എന്നെ നോക്കുന്നു...

“എന്താടാ ഇത് ” വെടിയൊച്ച പോലെ വാപ്പിയുടെ ശബ്ദം... അതുക്കെട്ട് ജാസ്മിൻ ഞെട്ടി എഴുനേറ്റു...

“വാപ്പി... അത് ഇവൾക്ക് എന്നെ ഇഷ്ടമാണ്.. എനിക്ക് ഇവളെയും ” ഞാൻ ആദ്യം ഒന്ന് പേടിച്ചെങ്കിലും ധൈര്യത്തിൽ തന്നെ പറഞ്ഞു...

"ഇത് നടക്കില്ല... ഇവളെ കെട്ടാൻ ഞങ്ങൾ സമ്മതിക്കില്ല " വാപ്പി പറഞ്ഞു...

"വാപ്പി കാര്യമായിട്ടാണോ " ഞാൻ ചോദിച്ചു...

"പിന്നെ ഇങ്ങനെ ഉള്ള കാര്യങ്ങളിൽ ഞങ്ങൾ തമാശ പറയാറില്ല.. നീ തന്തയും തള്ളയുമുള്ള ആരെ വേണമെങ്കിലും കെട്ടിക്കോ.." ഉമ്മിയുടെ അഭിപ്രായാവും വന്നു...അങ്ങനെ പറഞ്ഞത് ജാസ്മിന് വല്ലാതെ വിഷമമായി അവളുടെ കണ്ണുകൾ നിറഞ്ഞു...

"എനിക്ക് ഇവളെ ഉപേക്ഷിക്കാൻ പറ്റില്ല... ആരുടെയും സമ്മതം എനിക്ക് വേണ്ട... ഞാൻ ഇവളെയെ കേട്ടു " ഞാൻ എന്റെ തീരുമാനം പറഞ്ഞു...

"എങ്കിൽ നിനക്ക് ഇന്ന് ഇവിടുന്ന് ഇറങ്ങാം " വാപ്പി പറഞ്ഞു..പെട്ടന്ന് അങ്ങനെ പറഞ്ഞപ്പോൾ ഞാൻ ഞെട്ടി.... വാപ്പി അങ്ങനെ പറയുന്നെന്ന് ഞാൻ കരുതിയില്ല...

"എടുക്കാൻ ഉള്ളതൊക്കെ എടുത്തോ.. നമ്മൾ ഇവിടെ നിന്ന് ഇറങ്ങുവാ " ഞാൻ ജാസ്മിനെ നോക്കി പറഞ്ഞു... അവൾ എന്നെ തന്നെ നോക്കി...

"പെട്ടന്ന് വേണം " ഞാൻ പറഞ്ഞിട്ട് എന്റെ റൂമിലേക്ക് പോയി...എന്റെ ഡ്രസ്സ് എടുത്ത് ബാഗിൽ വെച്ചു...

“അതെ... അതൊക്കെ എന്റെ കാശുകൊണ്ട് വാങ്ങിയതാണ് ” വാപ്പി എന്നെ നോക്കി പറഞ്ഞു... അത് കേട്ടപ്പോൾ എന്റെ ചങ്ക് തളർന്നു പോയി... നാണം കേട്ടു ഞാൻ... ഞാൻ ഒരു ഷർട്ടും പാന്റും എടുത്ത് ഇട്ടു... എന്നിട്ട് പേഴ്സിൽ നിന്ന് ഒരു മൂവായിരം എടുത്ത് ഉമ്മിയുടെ കൈയിൽ കൊടുത്തു....

“ഇത് എന്റെ ക്യാഷ് ആണ്... ഈ ഷർട്ടും പാന്റും ഞാൻ എടുത്തതിനു ” ഞാൻ പറഞ്ഞു... ജാസ്മിൻ ബാഗുമായി കരഞ്ഞുകൊണ്ട് നിപ്പുണ്ട്... അവളുടെ കൂടെ ജാസിമും..ഞാൻ ജാസ്മിന്റെ കയ്യും പിടിച്ചു സ്റ്റെപ് ഇറങ്ങി...

“ഇറങ്ങി പോകുന്നതൊക്കെ കൊള്ളാം... ഇനി ഈ വിടുമായി നിനക്ക് യാതൊരു ബന്ധവും ഇല്ല ” അത് പറഞ്ഞപ്പോൾ ഞാൻ ഒന്ന് തിരിഞ്ഞു നോക്കി.... അപ്പോൾ ഡോർ തള്ളി തുറന്ന്... ആഫി ഓടി എന്റെ അടുത്തേക്ക് വന്നു...അവൾ കുളിക്കുവായിരുന്നു എന്ന് തോന്നുന്നു... മുടി ഒക്കെ നനഞ്ഞിരിക്കുന്നു...

“ഇക്കാ....” ആ ഒറ്റ വിളിയിൽ എന്റെ ധൈര്യം എല്ലാം പോയി...

“ഇല്ല മോളെ... ഇവളുടെ കല്യാണത്തിന് ഞാൻ വരും... ആങ്ങള ആയിട്ട് അല്ല... കല്യാണം വിളിച്ച ഒരു അപരിചിതനെ പോലെ..” എന്ന് പറഞ്ഞു ആഫിയെ പിടിച്ചു മാറ്റി നിർത്തിയിട്ട് താഴേക്ക് ഇറങ്ങി... കാർ എടുത്താൽ അതും വാപ്പിടെ പൈസ കൊടുത്ത് വാങ്ങിയതായത്കൊണ്ട് കാർ എടുക്കാൻ നിന്നില്ല... പുറത്തേക്ക് ഇറങ്ങി.. ഒരു ഓട്ടോ വിളിച്ചു... ഞങ്ങൾ മൂന് പേരും നേരെ ജാസ്മിന്റെ വീട്ടിലേക്കാണ് പോയത്... പോകുന്ന വഴിയിൽ കാർ റെന്റിനെടുക്കുന്ന ഒരു സ്ഥലം കണ്ടായിരുന്നു... ഞാൻ അവരെ വീട്ടിൽ കൊണ്ട് ഇറക്കി തിരിച്ചുവന്നു കാർ 1 ആഴ്ചത്തേക്ക് റെന്റിനെടുത്തു... ആഫിയുടെ കല്യാണത്തിന്ന് ഇനി 4 ദിവസം കൂടെ...ഞാൻ കുറച്ചു നേരം ഇനി എന്ത് ചെയ്യാമെന്ന് ആലോചിച്ചു... അവസാനം ഒരു തീരുമാനത്തിലെത്തി... നേരെ ജുവലറിയിൽ പോയി... ഒരു മാല വാങ്ങി... ഫോൺ വാങ്ങിയത് കൊണ്ട് വാക്കി അധികം ക്യാഷ് ഒന്നും കയ്യിൽ ഇല്ലായിരുന്നു... മാലയും

വാങ്ങി... തിരിച്ചു പോകുന്ന വഴി... ഒരു വെള്ള ഷർട്ടും വെള്ള മുണ്ടും... ഒരു സെറ്റ് സാരിയും വാങ്ങി... എന്നിട്ട് നേരെ വീട്ടിലേക്ക് പോയി...

“എവിടെ പോയതാ ” ജാസ്മിൻ കരഞ്ഞുകൊണ്ട് ചോദിച്ചു...

“നീ കരയാതെ... ഇന്നാ പോയി ഒരുങ്ങി വാ ” എന്ന് പറഞ്ഞു സെറ്റ് സാരി അവളുടെ കയ്യിൽ കൊടുത്തു...അവൾ കണ്ണുകൾ തുടച്ചുകൊണ്ട് കവർ തുറന്ന് നോക്കി...

“എന്താ ഇത് ” അവൾ ചോദിച്ചു...

“നീ പോയി ഒരുങ്ങി വാ ” ഞാൻ അവളോട് പറഞ്ഞു... എന്നിട്ട് ഞാൻ വേറെ ഒരു റൂമിലേക്ക് കയറി... എന്താ നടക്കുന്നതെന്ന് മനസിലാക്കാതെ ജാസ്മിം അന്തം വിട്ട് ഇരിക്കുകയാണ്... കുറച്ചു സമയം കഴിഞ്ഞു ഞാൻ പുറത്തേക്ക് ഇറങ്ങി... വെള്ള ഷർട്ടും മുണ്ടും ഒക്കെ ഉടുത്ത പുറത്തേക്ക് വന്നു...

“ഇതെന്താ സെറ്റ് സാരി...” എന്ന് ചോദിച്ചുകൊണ്ട് അവൾ ഡോർ തുറന്ന് പുറത്ത് വന്നപ്പോൾ ഞങ്ങൾ രണ്ട് പേരും ഒരുമിച്ചു ഞെട്ടി... അവളെ ആ സെറ്റ് സാരിയിൽ കാണാൻ എന്ത് ഭംഗി ആണെന്നോ... നോക്കി നിന്നുപോകും... അവൾ ഞെട്ടിയത്... ഞാൻ വെള്ള ഷർട്ടും മുണ്ടും ഉടുത്തിരിക്കുന്നതിലാണ്...

ഞാൻ നോട്ടം മാറ്റി...

“ഒരുങ്ങിയോ വാ പോകാം ” അവളുടെ മുഖത്ത് നോക്കിയാൽ കണ്ണ് മാറ്റാൻ പറ്റില്ല എന്ന് മനസിലായത്കൊണ്ട് ഞാൻ താഴെ നോക്കി പറഞ്ഞു...

“എങ്ങോട്ട് ” അവൾ ചോദിച്ചു...

“രജിസ്റ്റർ ഓഫീസിലേക്ക്... ഇന്ന് നമ്മുടെ കല്യാണം ആണ് ” ഞാൻ പറഞ്ഞു...

“ഞാൻ അറിഞ്ഞില്ലല്ലോ ” അവൾ താടിക്ക് കൈക്കൊടുത്ത് ചോദിച്ചു...

“ആഹ് ഇപ്പൊ അറിഞ്ഞില്ലേ അത് മതി... വാ ” ഞാൻ അവളോട് പറഞ്ഞിട്ട് അവളുടെ കയ്യിൽ പിടിച്ചു പുറത്തേക്ക് ഇറങ്ങി...

“അളിയാ... വാ... രണ്ട് കൂട്ടുകാരെ കൂടെ വിളിച്ചോ ” കൂടെ വരാതെ അവിടെ തന്നെ ഇരുന്ന ജാസിമിനോട് ഞാൻ പറഞ്ഞു...

“അതെന്തിനാ രണ്ട് പേർ ” ജാസ്മിൻ എന്നോട് ചോദിച്ചു...

“രണ്ട് സാക്ഷികൾ വേണം.. ഒപ്പിടാൻ ” എന്ന് പറഞ്ഞു ഞാൻ അവളെ ചേർത്ത് പിടിച്ചു.. അവൾ എന്റെ കയ്യിൽ നിന്ന് കുതറി മാറി... അപ്പോഴേക്കും ജാസിം ആരെയൊക്കെയോ വിളിച്ചു സംസാരിച്ചു... ഞങ്ങൾ കാറിൽ കയറി നേരെ രെജിസ്റ്റർ ഓഫീസിലേക്ക് പോയി... അവിടെ ചെല്ലുമ്പോൾ ജാസിമിന്റെ കുറച്ചു കൂട്ടുകാർ ഉണ്ട്.. പെൺപിള്ളാരും ആൺപിള്ളാരും...

“അളിയാ... ബോക്കുകയും മാലയും വാങ്ങിക്കണ്ടേ ” ജാസിം എന്നോട് ചേർന്ന് നിന്ന് ചോദിച്ചു...

“അത് ഞാൻ മറന്നു ” ഞാൻ അവനോട് പറഞ്ഞു...

“അത് സാരമില്ല... ഞാൻ ആരെയെങ്കിലും പറഞ്ഞു വിട്ടോളാം ” എന്ന് പറഞ്ഞു അവൻ അവന്റെ കൂട്ടുകാരനോട് പറഞ്ഞു... അവൻ പോയി വാങ്ങിക്കൊണ്ട് വന്നു... അതിനു ശേഷം ഞങ്ങൾ അകത്തേക്ക് പോയി... റെജിസ്റ്റാർ പേപ്പേഴ്സ് ഒക്കെ എടുത്ത് വെച്ചു എന്നിട്ട് ഞങ്ങളോട് ഒപ്പിടാൻ പറഞ്ഞു... ഞങ്ങൾ ഒപ്പിട്ടു എന്നിട്ട് സാക്ഷികൾ ഒപ്പിട്ടു...

“ഇനി താലി കെട്ടിക്കോളൂ ” റെജിസ്റ്റാർ പറഞ്ഞു...

ഞാൻ പോക്കറ്റിൽ നിന്ന് താലിമാല എടുത്ത്... എന്നിട്ട് ജാസ്മിന്റെ കഴുത്തിലേക്ക് വെച്ചു...

കഴിഞ്ഞ പാർട്ടിൽ ഒരുപാട് കമന്റ്സ് കണ്ടു... അത് ഈ പാർട്ടിൽ നിങ്ങൾക്ക് വ്യക്തമാകും...“ഇനി താലി കെട്ടിക്കോളൂ ” റെജിസ്റ്റാർ പറഞ്ഞു...

ഞാൻ പോക്കറ്റിൽ നിന്ന് താലിമാല എടുത്ത്... എന്നിട്ട് ജാസ്മിന്റെ കഴുത്തിലേക്ക് വെച്ചു...പെട്ടന്ന് എന്റെ ദേഹത്തു എന്തോ വീഴുന്നതറിഞ്ഞു ഞാൻ ഞെട്ടി എഴുന്നേറ്റത്... ആഫി എന്തോ എടുത്ത് പുതപ്പിച്ചതാണ്... അപ്പോൾ ഞാൻ ഇത്രയും നേരം കണ്ടത് ഒരു സ്വപ്നം ആയിരുന്നോ... ഞാൻ ചിരിച്ചുകൊണ്ട് എന്റെ തലയിൽ ഒരു തട്ട് തട്ടി.. അപ്പോൾ അത് കണ്ട് ആഫി എന്നെ നോക്കി ചിരിച്ചു....

“എന്താ ” അവൾ ചോദിച്ചു...

“മ്ച്ച്.. ഒന്നുല്ല ” ഞാൻ പറഞ്ഞിട്ട് ചരിഞ്ഞു കിടന്നു...

“എണീച്ചില്ലേ.. ഇനി ഇപ്പൊ ഉറങ്ങണ്ട ” അവൾ എന്നെ സൈഡിൽ നിന്നും പിടിച്ചുവലിച്ചുകൊണ്ട് പറഞ്ഞു...

“ടി ആഫി എന്റെ മുത്ത് അല്ലെ... ഞാൻ ഉറങ്ങിക്കോട്ടെ ”ഞാൻ കൊഞ്ചിക്കൊണ്ട് പറഞ്ഞു...

“ഇന്ന് ഒറ്റ ദിവസത്തേക്ക് മാത്രം നാളെ മുതൽ നേരത്തെ എഴുന്നേറ്റോണം ” അവൾ പറഞ്ഞിട്ട് പോയി...ഞാൻ ആ സ്വപ്നം ഒന്നുകൂടെ ആലോചിച്ചു... ആ സ്വപ്നം ഒന്ന് സത്യമായിരുന്നുവെങ്കിൽ എന്ന് ഞാൻ വെറുതെ ആശിച്ചു... ഞാൻ വീണ്ടും കണ്ണടച്ചു കിടന്നു...11 മണി ഒക്കെ ആയി ഞാൻ എഴുന്നേറ്റപ്പോൾ... ഞാൻ ഫ്രഷ് ആയി താഴേക്ക് ചെന്നപ്പോൾ tv ഓൺ ചെയ്തിട്ട്.. വേറെ എങ്ങോട്ടോ നോക്കി ഇരിക്കുന്ന ആഫിയെ ആണ്..

“ ഹലോ, ഇവിടെയെങ്ങും അല്ലെ ” ഞാൻ ആഫിയെ വിളിച്ചുകൊണ്ടു ചോദിച്ചു...

“ഞാൻ, ഞാൻ... വെറുതെ....” അവൾ പറയാൻ വിക്കി...

“ആഹ് മതി മതി... നീ tv കാണുന്നില്ലേൽ അത് ഇട്ടിരിക്കുന്നത് എന്തിനാ? ” ഞാൻ ചോദിച്ചു...

“അതിൽ നല്ല പ്രോഗ്രാം ഒന്നും ഇല്ല...” അവൾ പറഞ്ഞു...

“എന്നാ പിന്നെ നീ വേറെ എന്തേലും ചെയ്യ് ” ഞാൻ പറഞ്ഞു...

“എന്ത് ചെയ്യാനാ... ഫോൺ ഉണ്ടായിരുന്നേൽ സമയം പോയേനെ...അതാണേൽ എറിഞ്ഞു പൊട്ടിച്ചുകളഞ്ഞു... ഒരു തെണ്ടി ” അവൾ പറഞ്ഞിട്ട് മുഖം വെട്ടിച്ചു...

“പൊട്ടിച്ചു കളഞ്ഞിട്ടുണ്ടെൽ അത് നിന്റെ കയ്യിലെ കുഴപ്പം കൊണ്ട് തന്നെ ആണ് ” ഞാൻ പറഞ്ഞു...

“നീ പോടാ ” അവൾ കൈ കെട്ടിയിരുന്ന പറഞ്ഞു...

“ടി നിന്നെ ഇന്ന് ഞാൻ ” എന്ന് പറഞ്ഞു അവളെ തല്ലാനായി പോയി... അവൾ ഓടി കളഞ്ഞു ഞാൻ പിറകെ ഓടി... എവിടെ കിട്ടാൻ അവൾ ഓടി റൂമിൽ കയറി രക്ഷപെട്ടുകളഞ്ഞു....ഞാൻ തിരിച്ചു താഴെ വരുമ്പോൾ കിച്ചണിൽ നിന്ന് എന്തൊക്കെയോ സംസാരങ്ങൾ കേക്കുന്നു ആരാണെന്ന് അറിയാനായി ഞാൻ എത്തി നോക്കിയപ്പോൾ ആണ്... ജാസ്മിനും ഉമ്മിയും കൂടെ എന്തൊക്കെയോ പണിയിലാണ്...ഞാൻ കണ്ട സ്വപ്നത്തെ കുടിച്ചോന്ന് ഓർത്തു നോക്കി എന്തോ എടുക്കാൻ തിരഞ്ഞപ്പോഴാണ് ഡോറിന്റെ സൈഡിൽ നിക്കുന്ന എന്നെ ഉമ്മി കണ്ടത്...

“എഴുന്നേറ്റോ..” എല്ലാ ഉമ്മമാരും ചോദിക്കുന്ന ആ ടോണിൽ ചോദിച്ചു...

“ആഹ് ഇത്തിരി ലേറ്റ് ആയിപോയി ” ഞാൻ തല ചൊറിഞ്ഞുകൊണ്ട് പറഞ്ഞു...

“ആഹ് അവിടെ പോയി ഇരിക്ക്... നിനക്കുള്ള ഫുഡ് ഇപ്പൊ കൊണ്ട് വരാം ” ഉമ്മി പറഞ്ഞു...

ഞാൻ ഡെയിനിങ് ടേബിളിൽ പോയി ഇരുന്നു... ഫുഡ് ഉമ്മി കൊണ്ട് വെച്ചപ്പോൾ തന്നെ അതിന്റെ മണം എന്റെ മുക്കിലേക്ക് അടിച്ചുകയറി... ദോശയും ചമ്മന്തിയും സാമ്പാറും... ഞാൻ ദോശ കുറച്ചു പിച്ചി ചമ്മന്തിയിൽ മുക്കി സാമ്പാറിൽ മുക്കി കഴിച്ചു... വല്ലാത്ത ടേസ്റ്റ്... ഇത് ഉമ്മി ഉണ്ടാക്കിയതല്ല എന്ന് എനിക്ക് മനസിലായി..

“എങ്ങനെ ഉണ്ട്?... ഇത് ഉണ്ടാക്കിയത് ആ ജാസ്മിൻ മോള് ആണ് ” എന്റെ ഭാവം മനസിലാക്കി ഉമ്മി പറഞ്ഞു...

“എനിക്ക് തോന്നി... അല്ലേലും ഉമ്മിക്ക് ഇത്രയും രുചിയുള്ള ഫുഡ് ഉണ്ടാക്കാൻ അറിയില്ലല്ലോ ” കിട്ടിയ ടൈമിൽ ഞാൻ ഉമ്മിയെ ഒന്ന് ആക്കി..

“ടാ ചെറുക്കാ ” എന്ന് പറഞ്ഞു ഉമ്മി എന്റെ ചെവി പിടിച്ചു തിരിച്ചു...

“ആാാ, ആ, വിട് വേദനിക്കുന്നു... ഉമ്മി ആ ഉമ്മി ഉണ്ടാക്കുന്നതാ ബെസ്റ്റ്... ഇത് കൊള്ളില്ല ” ആ പിച്ചിൽ നിന്ന് രക്ഷപെടാൻ ആയി ഞാൻ പറഞ്ഞു...അത് ഏറ്റു

ഉമ്മി കൈ മാറ്റി...ഞാൻ പെട്ടന്ന് തന്നെ കഴിച്ചെഴുനേറ്റു... നേരെ ചെന്ന് റൂമിൽ ഇരുന്ന ഐഫോൺ എടുത്തു... ആഫിയുടെ റൂമിൽ പോയി ഡോറിൽ തട്ടി...

“ആഫി,ഡോർ തുറക്ക് ” കുറച്ചു നേരം തട്ടിയിട്ടും തുറക്കാതെ ആയപ്പോൾ ഞാൻ പറഞ്ഞു...

“എന്നെ അടിക്കാൻ അല്ലെ ഞാൻ തുറക്കില്ല ” അവൾ പറഞ്ഞു...

“അപ്പൊ നിനക്ക് ഇത് വേണ്ട അല്ലേ ” ഞാൻ ചോദിച്ചു... സ്പോട്ടിൽ തന്നെ അവൾ ഡോർ തുറന്നു... എന്റെ കയ്യിലിരുന്ന ഫോൺ കണ്ട് അവൾ വാ പൊളിച്ചു കൈ രണ്ടും കവിളിൽ വെച്ച് അത്ഭുതംത്തോടെ നോക്കി... എന്നിട്ട് ചാടി എന്റെ മുകളിൽ കയറി ഇരുന്നു...

“എന്ത് വെയിറ്റ് ആണെടി നിനക്ക്.. താഴെ ഇറങ്ങ് ഇല്ലേൽ ഞാൻ ഒടിഞ്ഞു പോകും ” ഞാൻ ചരിച്ചുകൊണ്ട് പറഞ്ഞു... അവൾ ചാടി ഇറങ്ങി എന്നിട്ട് എന്റെ കയ്യിൽ നിന്ന് ഫോൺ വാങ്ങി റൂമിലേക്ക് ഓടി.. അകത്തു ചെന്ന് അവൾ കവർ പൊട്ടിച്ചു.. ഞാൻ അവളുടെ കൂടെ ബെഡിൽ ഇരുന്നു... അവൾ ഫോൺ കിട്ടിയ സന്തോഷത്തിൽ ആണ്... അവൾ പൊട്ടിയ ഫോണിൽ നിന്നും സിം ഊരി എടുത്ത് ഐഫോണിൽ ഇട്ടു...

“ആഫി ” ഞാൻ അവളോട് സ്വപ്നത്തിന്റെ കാര്യം പറയാനായി വിളിച്ചു...

“അ” അവൾ വിളി കേട്ടു...

“ആഫി... ഇങ്ങോട്ട് നോക്ക് ” ഞാൻ അവളെ വിളിച്ചു..

“എന്താ, പറ ” അവൾ ഫോൺ മാറ്റി വെച്ചിട്ട് ഞാൻ പറയുന്നത് കേക്കാനായി ഇരുന്നു...

“ഞാൻ ഇന്ന് ഒരു സ്വപ്നം കണ്ടു ”

“എന്താ ” അവൾ ആകാംഷയോടെ കേക്കാനായി ഇരുന്നു...ഞാൻ അവളോട് കണ്ടതെല്ലാം പറഞ്ഞു...

“ഇങ്ങോട്ട് നോക്കിക്കേ... അങ്ങനെ വല്ലതും മനസ്സിൽ ഉണ്ടെങ്കിൽ അങ്ങ് മറന്നേക്ക്.. വാപ്പി അങ്ങനെ പറയും എന്ന് ഇക്കാക്ക് തോന്നുന്നുണ്ടോ... അഥവാ പറഞ്ഞാൽ അപ്പൊത്തന്നെ ഇറങ്ങി അങ്ങ് പോകുമോ... കല്യാണത്തിന് ഒരു അപരിചിതനെ പോലെ വരുമെന്ന് ” അവൾക്ക് എന്റെ സ്വപ്നം ഇഷ്ടപെടാത്ത പോലെ പറഞ്ഞു...

“ഇത് സ്വപ്നം അല്ലേടി ഞാൻ എന്ത് ചെയ്യാൻ ആണ്.. എനിക്ക് അറിയാമല്ലോ ഉമ്മിയും വാപ്പിയും അങ്ങനെ പറയില്ലാന്ന്..” ഞാൻ പറഞ്ഞു...

“ഹും, എന്നോട് പറഞ്ഞത് പോട്ടെ വേറെ ആരോടും പറയാൻ നിക്കണ്ട അവർ ചിലപ്പോ കിണറ്റിൽ എടുത്ത് ഇടും ” അവൾ പറഞ്ഞു എന്നിട്ട് അവൾ ഫോൺ

എടുത്ത് എന്തൊക്കെയോ ചെയ്ത്കൊണ്ട് ഇരുന്നു... സിം ഇട്ട് കുറച്ചു കഴിഞ്ഞതും അവൾക്ക് ഒരു കാൾ വന്നു... അവൾ കാൾ എടുത്തു സ്‌പീക്കറിൽ ഇട്ടു...

“ഹലോ... എവിടെ ആയിരുന്നു ഇന്നലെ രാത്രി മുതൽ വിളിക്കുവാ ” ഫൈസൽ ആയിരുന്നു...

“ഒന്നും പറയണ്ട, ഇന്നലെ ഇങ്ങക്ക് മെസ്സേജ് അയച്ചോണ്ട് ഇരിക്കുന്നത് കണ്ട്... എപ്പോഴും ഫോണിലാണെന്ന് പറഞ്ഞു നിങ്ങളുടെ അളിയൻ ഫോൺ എറിഞ്ഞു പൊട്ടിച്ചു... ഇപ്പൊ ഐഫോൺ വാങ്ങി തന്നു ” ആഫി പറഞ്ഞു...

“ഓഹോ, അളിയൻ ദേഷ്യകാരൻ അല്ലായിരുന്നല്ലോ ” അവൻ ചോദിച്ചു...

“ഒന്നും പറയണ്ട അളിയാ ഓരോന്ന് കാണുമ്പോൾ ദേഷ്യം വരില്ലേ... അങ്ങനെ ദേഷ്യം വന്നപ്പോൾ പെട്ടന്ന് ചെയ്തതാണ് ” ഞാൻ പറഞ്ഞു...

“ആ ആൾ അടുത്ത് ഉണ്ടായിരുന്നോ..” അവൻ ചോദിച്ചു...

“ആഹ്.... നിങ്ങൾ സംസാരിക്കാൻ... ഞാൻ പോകുവാ ” എന്ന് പറഞ്ഞു ഞാൻ എഴുന്നേറ്റു..

“അളിയാ എന്നോട് ദേഷ്യം ഉണ്ടോ ” അവൻ ചോദിച്ചു...

“അതെന്താ ഇപ്പൊ അങ്ങനെ ചോദിക്കാൻ ” ഞാൻ ചോദിച്ചു...

“അല്ല ജെന്നാടെ കാര്യം ” അവൻ ചോദിച്ചു...

“എന്റെ പൊന്ന് അളിയാ... എനിക്ക് സന്തോഷമേ ഉള്ളൂ... അതൊന്നും ഓർത്തു വിഷമിക്കണ്ട... അവിടെ കാര്യങ്ങൾ എല്ലാം ok ആക്കിയിട്ടില്ലേ ” ഞാൻ ചോദിച്ചു...

“എല്ലാം ok ആയിട്ടുണ്ട് ” അവൻ പറഞ്ഞു...

“ശെരി ” എന്ന് പറഞ്ഞിട്ട് ഞാൻ ആ റൂമിൽ നിന്ന് ഇറങ്ങി ഹാളിലേക്ക് വന്നു.. അവിടെ ഉമ്മിയും വാപ്പിയും ജാസിമും ജാസ്മിനും സംസാരിച്ചുകൊണ്ട് ഇരിക്കുവായിരുന്നു... ഞാൻ ഉമ്മിടെ അടുത്ത് പോയി ഇരുന്നു... അപ്പോൾ തന്നെ ആഫിയും ഇറങ്ങി വന്നു...

“എന്താ ഇവിടെ എന്നെ കൂട്ടാതെ ഒരു സമ്മേളനം ” ആഫി ചോദിച്ചു...

“അതോ.. ഞങ്ങൾ ഇവന്റെ കല്യാണത്തിനെ പറ്റി സംസാരിക്കുകയായിരുന്നു.. ” ഉമ്മി പറഞ്ഞു...

“ഞാൻ ഇല്ലാതെയോ ” അവൾ മുഖം വെട്ടിച്ചു...

“അതിനു ഞങ്ങൾ ഒന്നും സംസാരിച്ചില്ലല്ലോ ” ഞാൻ പറഞ്ഞു.. അവൾ വാപ്പിയുടെ അടുത്ത് ഇരുന്നു...

“എന്താ വാപ്പി കാര്യം ” ആഫി വപ്പിയോട് കൊഞ്ചിക്കൊണ്ട് ചോദിച്ചു...

“അതെ നിന്റെ ഉമ്മിക്ക് നിന്റെ ഇക്കയെ ആ കൊച്ചിനെ കൊണ്ട് കെട്ടിച്ചാൽ കൊള്ളാം എന്ന് ഉണ്ട്… അത് സംസാരിക്കാൻ തുടങ്ങുവായിരുന്നു ” വാപ്പി അഫിടെ ചെവിയിൽ പറഞ്ഞു…

അത് കേട്ട് ആഫി എന്നെയും ഉമ്മിയെയും മാറി മാറി നോക്കി… ഞാൻ എന്താണ് എന്നാ രീതിയിൽ തലകൊണ്ട് ചോദിച്ചു… അവൾ ഒന്നുമില്ല എന്നാ രീതിയിൽ തോൾ അനക്കി…

“മോളെ ജാസ്മി.. ഞങ്ങൾ എന്താ പറയാൻ വന്നതെന്ന് വെച്ചാൽ….” ഉമ്മി പറയാൻ തുടങ്ങിയതും… പുറത്ത് ഒരു കാറിന്റെ ഹോൺ കേട്ടു… ഉമ്മി അപ്പോൾ അവിടെ വെച്ചു നിർത്തി.. ഞാൻ പുറത്തേക്ക് ഇറങ്ങി ആരാ വന്നതെന്ന് അറിയാൻ… ഞാൻ അപ്പോൾ കാണുന്നത് കാർ തുറന്ന് ഇറങ്ങി വരുന്ന വിവേകിനെ ആണ്… ഞാൻ ഓടി അവന്റെ അടുത്തേക്ക് പോയി…

“നീ എന്താടാ വന്നേ ” അവൻ ടിക്കിയിൽ നിന്ന് ബാഗ് എടുക്കുമ്പോൾ ഞാൻ ചോദിച്ചു..

“അതെന്താടാ എനിക്ക് വന്നൂടെ ” അവൻ ബാഗ് എടുത്തിട്ട് എന്നോട് ചോദിച്ചു…

“അതല്ലടാ അടുത്ത ആഴ്ച നിന്റെ കല്യാണം അല്ലെ… അതുകൊണ്ട് ചോദിച്ചതാ ” ഞാൻ പറഞ്ഞു…

“ആഫി ഇന്നലെ രാത്രി എല്ലാം വിളിച്ചു പറഞ്ഞു… അതുകൊണ്ട് ആണ് ഞാൻ ഇങ്ങ് വന്നത് ” അവൻ പറഞ്ഞു…

“എന്നാലും അടുത്താഴ്ച കല്യാണം അല്ലെ ”

“അതൊന്നും കുഴപ്പമില്ല... അവളുടെ കല്യാണം കഴിയുന്നത് വരെ ഞാൻ ഇവിടെ ഉണ്ട്.. നീ ഇനി എന്തൊക്ക പറഞ്ഞാലും ഞാൻ പോകില്ല ” അവൻ എന്റെ തോളിൽ തട്ടിക്കൊണ്ടു പറഞ്ഞു... ഞങ്ങൾ വീട്ടിലേക്ക് കയറി.. അവർ എന്തൊക്കെയോ പറഞ്ഞു ചിരിക്കുകയാണ്...

“ആഹ് മോൻ ആയിരുന്നോ ” ഉമ്മി വിവേകിനോട് ചോദിച്ചു... വിവേക് ഉമ്മിയെ നോക്കി ഒന്ന് ചിരിച്ചതെ ഉള്ളു... ഞാൻ അവനു എന്റെ റൂം തന്നെ സെറ്റ് ആക്കി കൊടുത്തു... അപ്പൊ ആഫി അങ്ങോട്ട് കയറി വന്നു...

“ഒരു സ്വപ്നം.. അവിടെ താഴെ എന്തായിരുന്നെന്നോ... ഇക്കയെ അവളെ കൊണ്ട് കെട്ടിച്ചാലോ എന്ന് ചർച്ച തുടങ്ങിയതായിരുന്നു... അപ്പോഴാണ് ഈ വിവേകേട്ടൻ വന്നത്.. ഇല്ലായിരുന്നേൽ ഇപ്പൊ ചോദിച്ചേനെ ” ആഫി പറഞ്ഞു...

“ഓഹോ അങ്ങനെ ആണോ കാര്യങ്ങൾ ” ഞാൻ പറഞ്ഞു...

“ആഹ് അങ്ങനെയാ ”

“എന്തേലും നടക്കട്ടെ ” ഞാൻ പറഞ്ഞു...

“എടാ നീ ഒന്ന് ഫ്രഷ് ആക്. നമുക്ക് ഒരു സ്ഥലം വരെ പോണം ” ഞാൻ അവനോട് പറഞ്ഞിട്ട് അഫിയുമായി പുറത്തേക്ക് ഇറങ്ങി...

“നടക്കുവോ ” ഞാൻ ആഫിയോട് ചോദിച്ചു...

“ചോദിച്ചാൽ അല്ലെ പറയാൻ പറ്റു... ഞാൻ ചോദിച്ചു നോക്കട്ടെ ” ആഫി ചോദിച്ചു

“ആഹ് നോക്ക് ” എന്നിട്ട് ഞാനും ആഫിയും അവളുടെ റൂമിലേക്ക് പോയി ഇരുന്നു..അവൾ ഫോണിൽ എന്തൊക്കെയോ ചെയ്ത് കൊണ്ട് ഇരുന്നു... ഞാൻ അവളുടെ മടിയിൽ തലവെച്ചു കിടന്നു.. അപ്പോൾ എന്റെ ഫോണിൽ മെസ്സേജ് നോട്ടിഫിക്കേഷൻ വന്നു... ഞാൻ ഫോൺ എടുത്തു നോക്കി അറിയാത്ത ഒരു നമ്പറിൽ നിന്ന് ഒരു വോയിസ് മെസ്സേജ് ആയിരുന്നു... ഞാൻ അത് പ്ലേ ചെയ്തു...

‘നീ എത്രയെന്ന് പറഞ്ഞു അവളെ അവിടെ പിടിച്ചു നിർത്തും... അവൾ എന്ന് പുറത്തിറങ്ങുന്നോ അന്ന് അവൾ തീരും... അതിനു നീ എതിരായി നിന്നാൽ നിന്നെയും തീർക്കും ’ ഒരു പെണ്ണിന്റെ ശബ്ദം ആയിരുന്നു... ഐഷ ആണെന്ന് എനിക്ക് മനസിലായി...ഇത് കേട്ട് ഞാൻ ആഫിയെ നോക്കി അവൾ ചെറുതായി പേടിച്ചെന്ന് തോന്നുന്നു...

“അയ്യേ നീ പേടിക്കണ്ട... അവൾ ഒന്നും ചെയ്യില്ല.. ” ഞാൻ അവളെ പറഞ്ഞു സമാധാനിപ്പിച്ചു...എന്നിട്ട് എന്ത് ചെയ്യണം എന്ന് ആലോചിച്ചു... കുറെ നേരത്തെ ആലോചനക്ക് ശേഷം ഒരു കാര്യം അങ്ങ് തെരുമാനിച്ചു... ഞാൻ എഴുന്നേറ്റ് വിവേകിനെ വിളിച്ചു...

“എടാ വാ ഒരു സ്ഥാലം വരെ പോകാം ” ഞാൻ പറഞ്ഞു...

“എങ്ങോട്ടാ ” അവൻ ചോദിച്ചു...

“ഐഷയുടെ അടുത്തേക്ക് ” ഞാൻ പറഞ്ഞു...

“എടാ വേണ്ട.. അത് ശെരിയാകില്ല... നീ അവളെ ഇറക്കി വിട്...നീ എന്തിനാ അവളെ ഇങ്ങനെ സംരെക്ഷിക്കുന്നെ... ഇറക്കി വിട് ”

“എടാ അത് പറ്റില്ല അവൾ ഒരു സഹായം ചോദിച്ചതാ... അത് ചെയ്തില്ലായിരുന്നെങ്കിൽ ചിലപ്പോൾ ഇതൊന്നും വരില്ലായിരുന്നു... ഇതിപ്പോ ഞാൻ ചെയ്തത് പോലെ ആയില്ലേ... ഇനി അങ്ങനെ ഇറക്കി വിടാൻ പറ്റില്ല ”ഞാൻ പറഞ്ഞു...

“എടാ അവളെ ഇറക്കി വിടുന്നതാണ് നല്ലത് ” അവൻ പറഞ്ഞു...

“നീ ഇനി എന്തൊക്കെ പറഞ്ഞാലും ഇറക്കി വിടാൻ പറ്റില്ല... അല്ല നീ എന്തിനാ ഇത്രക്ക് പേടിക്കുന്നെ ”

“എടാ , ഞാൻ ഇനി എന്ത് ചെയ്യണം ”അവൻ ചോദിച്ചു... ഞാൻ ഒന്ന് ആലോചിച്ചു...

“നിനക്ക് അവളുടെ സ്ഥലം അറിയാമോ ” ഞാൻ ചോദിച്ചു

“എടാ അത് വേണ്ട.. അവൾ താമസിക്കുന്ന സ്ഥലം ശെരിയല്ല ” അവൻ എന്നെ പിന്തിരിപ്പിക്കാൻ നോക്കി...

“എടാ നീ സ്ഥലം പറയുന്നുണ്ടോ... പേടി ആണേൽ നീ വരണ്ട ”

“എനിക്ക് പേടി ഒന്നുമില്ല... ഞാൻ വരാം ”അവൻ പറഞ്ഞു... ഞങ്ങൾ അപ്പോൾ തന്നെ അവിടെ നിന്ന് ഇറങ്ങി... ആലപ്പുഴയിൽ പറവൂർ അവിടെ ആയിട്ടാണ് അവളുടെ വീട്.. ഒരു കോളനി ആണ് അതിന്റെ ഏറ്റവും അറ്റാതായിട്ടാണ് അവളുടെ വീട്.. ഞങ്ങൾ ആ വീടിന്റെ ഫ്രണ്ടിൽ വണ്ടി നിർത്തി... പരിചയമില്ലാത്ത ആളുകൾ ആയതുകൊണ്ട് ആകും... അടുത്തുള്ളവർ ഒക്കെ ഞങ്ങളെ ശ്രെദ്ധിക്കുന്നുണ്ടായിരുന്നു... വിവേക് ഡോർ ബെൽ അടിച്ചു.. അപ്പോൾ തന്നെ ഐഷ വാതിൽ തുറന്നു...

“ആഹ് ഇയ്യാളും ഉണ്ടായിരുന്നോ... വരുമെന്ന് എനിക്ക് അറിയാമായിരുന്നു... ഇവനും ഉണ്ടാകുമെന്ന് ഞാൻ കരുതിയില്ല... ആഹ് അവിടെ തന്നെ നിക്കുവാണോ അകത്തേക്ക് കയറി ഇരിക്ക് ” പുറത്ത് നിക്കുന്നത് ശെരിയാകില്ല എന്ന് മനസിലാക്കി ഞാൻ വീടിന് അകത്തേക്ക് കയറി... വിവേകും കയറി... ഐഷ ഡോർ അടച്ചു... ഞാൻ വീടൊന്ന് നോക്കി നല്ല വൃത്തിയുള്ള വീട്... ഞങ്ങൾ അവിടെ സോഫയിൽ ഇരുന്നു...

“ഞാൻ വെള്ളം എടുത്തോണ്ട് വരാം ” അവൾ പറഞ്ഞിട്ട് അകത്തേക്ക് പോകാൻ തുടങ്ങി...

“വെള്ളം ഒന്നും വേണ്ട... കുറച്ചു കാര്യം പറയാനാണ് വന്നത്... അത് പറഞ്ഞിട്ട് ഞങ്ങൾ അങ്ങ് പോകും ” ഞാൻ പറഞ്ഞു...

“ആഹ് നല്ല ചൂടിൽ ആണല്ലോ... അവിടെ ഇരിക്കൂന്നേ.. ഞാൻ വെള്ളം ആയിട്ട് വരാം ” ഞാൻ പറഞ്ഞത് ഗൗനിക്കാതെ അവൾ പറഞ്ഞിട്ട് അകത്തേക്ക് പോയി... ഞാൻ എന്റെ ദേഷ്യം അടക്കി പിടിച്ചു... അവൾ വെള്ളവുമായി വന്നു... ഞാൻ കുടിച്ചില്ല അവൻ കുടിച്ചു... അവന്റെ മുഖത്ത് ചെറിയാ പേടി ഉണ്ടായിരുന്നു... അത് കൊണ്ട് ആണെന്ന് തോന്നുന്നു ഐഷയുടെ മുഖത്ത് വല്ലാത്ത ചിരിയുമുണ്ടായിരുന്നു... വെള്ളം അവിടെ വെച്ചിട്ട് അവിടെ ഇരുന്നു...

“ആഹ് ഇനി പറ.. എന്താ കാര്യം ” അവൾ കാലിന്റെ മേലിൽ കാൽ കയറ്റി വെച്ച് ചോദിച്ചു...

“എന്താ നിന്റെ ഉദ്ദേശം ” ഞാൻ അവളോട് ചോദിച്ചു...

“എന്റെ ഉദ്ദേശം ഞാൻ പറഞ്ഞല്ലോ.. എന്റെ ജീവിതം നശിപ്പിച്ചവളാണ് അവൾ അവളുടെ ജീവൻ എനിക്ക് വേണം ” അവൾ ഒരു ചിരിയോടെ പറഞ്ഞു...

“ടി നിന്നെ ” എന്ന് പറഞ്ഞു ഞാൻ അവളെ അടിക്കാനായി കൈ വീശിയതും വിവേക് എന്റെ കയ്യിൽ പിടിച്ചു...

“ഹ ഹ ഹ, കൂട്ടുകാരാന് നല്ലബുദ്ധി പറഞ്ഞു കൊടുക്ക്.. ഞാൻ ഒന്ന് വിളിച്ചാൽ നിങ്ങളുടെ പൊടി പോലും ബാക്കി കിട്ടില്ല... ഇത് മാർട്ടിന്റെ

ഏരിയ ആണ്... പറവൂർ മാർട്ടിന്റെ ഏരിയ " ഐഷ അഭിമാനത്തോടെ പറഞ്ഞു... അത്

കേട്ടപ്പോൾ ഞാൻ ഒന്ന് അടങ്ങി...

“നിങ്ങളോട് ഞാൻ മാന്യമായിട്ട് പറഞ്ഞതല്ലേ അവളെ ഇറക്കി വിടാൻ.. ഇറക്കി വീട്ടിരുന്നേൽ ഇന്നലെ ആ ചവിട്ട് കൊള്ളേണ്ട കാര്യം ഉണ്ടായിരുന്നോ.. എന്തായാലും ഇവിടെ വരെ വന്നതല്ലേ... തിങ്കൾ വരെ നിങ്ങൾക്ക് സമയം ഉണ്ട്... അതിനു ശേഷവും ഇത് തന്നെയാണ് ഉദ്ദേശമെങ്കിൽ.. പിന്നെ എന്റെ കയ്യിൽ നിക്കില്ല " അവൾ പറഞ്ഞു... ഞാൻ അപ്പോൾ തന്നെ അവിടെ നിന്ന് എഴുന്നേറ്റു.. തിരിഞ്ഞു പോലും നോക്കാതെ നടന്നു....

“ആ വീട്ടിൽ ഒരു കല്യാണം നടക്കുന്നത് കൊണ്ട് ആണ്... വീട്ടിൽ കേറി അവളെ കൊണ്ട് പോകാത്തത്... ഓർത്തു വെച്ചോ... തിങ്കൾ..” അവൾ എന്നെ ഒന്നകൂടെ ഓർമിപ്പിച്ചു...എന്ത് ചെയ്യണം എന്ന് ഒരു എത്തും പിടിയും ഇല്ലാതെ ഞാൻ അവിടെ നിന്ന് ഇറങ്ങി വിവേക് വണ്ടി എടുത്തു... ഞങ്ങൾ തിരികെ വീട്ടിലേക്ക് വന്നു... ഞാൻ ആരോടും ഒന്നും സംസാരിക്കാതെ എന്ത് ചെയ്യണം എന്ന് ആലോചിച്ച് റൂമിലേക്ക് പോയി കിടന്നു... ആലോചിച്ച് ആലോചിച്ച്... ഞാൻ എപ്പോഴോ ഉറങ്ങി പോയി...

ജാസ്മിനെ അവൾ കഴുത്തു ഞെരിച്ചു കൊല്ലുന്നത് ഞാൻ സ്വപ്നം കണ്ട് ഞെട്ടി എഴുന്നേറ്റു... സമയം 1.30 എല്ലാരും ഉറക്കമായി എന്ന് തോന്നുന്നു...ഞാൻ ശ്വാസം നേരെ ആകുന്നത് വരെ നെഞ്ചിൽ തടവി... എന്നിട്ട് കണ്ണ് അടച്ചു കിടന്നു...വീണ്ടും ഞാൻ ഉറക്കത്തിലേക്ക് പോയി...

..2 ദിവസം കടന്ന് പോയി... കണ്ടാൽ ചിരിക്കും എന്ന് അല്ലാതെ ജാസ്മിനുമായി യാതൊരു സംസാരവുമില്ലായിരുന്നു... പീടിച്ചു പേടിച്ചാണ് ഞാനും വിവേകും പുറത്തേക്ക് ഇറങ്ങിയതൊക്കെ...പന്തൽ എല്ലാം ഇട്ടു

ഇന്നാണ് മെഹന്ദി... പാചകത്തിനുള്ള എല്ലാ സാധനങ്ങളും എത്തിച്ചിട്ടുണ്ട്...കുടുംബക്കാർ എല്ലാം എത്തിയിട്ടുണ്ട്...അന്നത്തെ ദിവസത്തിന്റെ തിരക്കിനിടക്ക്.. ഫോണിൽ ഒരു മെസ്സേജ് വന്നു...

'ഇനി 2 ദിവസം കൂടെ ഉള്ളു.. ഒരമ്മയുണ്ടല്ലോ ' ഐഷയുടെ മെസ്സേജ്.. അത് കേട്ട് ഞാൻ എന്ത് ചെയ്യണമെന്ന് അറിയതെ ഞാൻ അവിടെ ഇരുന്നു...

"ഇക്കാ ദോ അവിടെ വിളിക്കുന്നു " ആലോചിച്ചിരുന്ന എന്റെ തോളിൽ തട്ടി ജാസ്മിൻ പറഞ്ഞു... എന്നിട്ട് അവൾ അകത്തേക്ക് പോകാൻ തുടങ്ങി...

"ജാസ്മി " ഞാൻ അവളെ വിളിച്ചു...

"എന്താ ഇക്കാ " അവൾ തിരിഞ്ഞു എന്നെ നോക്കി ചോദിച്ചു...ഞാൻ എന്ത് പറയണമെന്ന് അറിയാതെ നിന്ന് പരുങ്ങി...

"നാളെ ഈ കല്യാണം കഴിഞ്ഞാൽ ഞങ്ങൾ പൊക്കോളാം... ഇക്കാ പേടിക്കണ്ട " അവൾ പറഞ്ഞു...

"നീ ഇത് എങ്ങനെ " ഞാൻ ചോദിച്ചു.

"ആഫി പറഞ്ഞിരുന്നു... കാര്യം എല്ലാം.. എനിക്ക് മരിക്കാൻ പേടി ഇല്ല ഇക്കാ.. ഞങ്ങൾ പൊക്കോളാം " അവൾ പറഞ്ഞു... എന്നിട്ട് അവൾ തിരിഞ്ഞു...

“നിനക്ക് എന്റെ കൂടെ ജീവിക്കാൻ പറ്റുമോ ” ഞാൻ തല താഴ്ത്തി ചോദിച്ചു...

“എന്താ ഇക്കാ ” അവൾ കേട്ടത് ശെരിയാണോ എന്ന് അറിയാൻ ഒന്നകൂടെ ചോദിച്ചു...

“നിനക്ക് എന്റെ കൂടെ എന്റെ ഭാര്യയായി ജീവിക്കാൻ പറ്റുമോന്ന് ” ഞാൻ അവളുടെ മുഖത്ത് നോക്കി ചോദിച്ചു... അത് കേട്ടപ്പോൾ അവളുടെ കണ്ണിലെ തിളക്കം ഞാൻ കണ്ടു...

“അത്, ഞാൻ, ഇ. ഇപ്പൊ. അത് വേണ്ട ഇക്കാ... ഈ അവസ്ഥയിൽ വേണ്ട ” അവൾ ഒഴിഞ്ഞു മാറി...

“പെട്ടന്ന് എടുത്ത തീരുമാനം അല്ല ” ഞാൻ പറഞ്ഞു...

“എനിക്ക് അറിയാം ഇക്കാ... ആദ്യം കണ്ടപ്പോൾ മുതൽ ഞാൻ ശ്രെദ്ധിച്ചതാണ്.. പിന്നെ ആഫി എന്നോട് ചോദിച്ചു.. ഇപ്പൊ തന്നെ ഞങ്ങൾ നിങ്ങൾക്ക് ഒരു ബുദ്ധിമുട്ട് ആണ്.. പിന്നെ ആ ഐഷ എന്നെ കൊല്ലാനും നോക്കുന്നു വെറു....” പറഞ്ഞു തീരുന്നതിനു മുന്നേ അവളുടെ വാ ഞാൻ പൊത്തി... അവൾ എന്നിലേക്ക് ചേർന്നു.. അവളുടെ കണ്ണുകളും എന്റെ കണ്ണുകളും തമ്മിൽ ഉടക്കി... എന്റെ നോട്ടം അവളുടെ കണ്മഷി എഴുതിയ കറുത്ത കണ്ണുകളിൽ തന്നെ നിന്നു...

“നിന്നെ ആരും ഒന്നും ചെയ്യില്ല…” ഞാൻ അവൾക്ക് ഉറപ്പ് നൽകി… അപ്പോൾ അവളുടെ കണ്ണുകൾ നിറഞ്ഞു തുടങ്ങി… ഞാൻ അത് തുടച്ചു… എന്നിട്ട് അവളെ രണ്ട് കൈ കൊണ്ടും എന്റെ നെഞ്ചിലേക്ക് ചേർത്തു.. അവൾ എന്റെ നെഞ്ചിലേക്ക് വീണതും പൊട്ടി കരഞ്ഞു…പെട്ടന്ന് അവൾ എന്തോ ഓർത്തിട്ട് നെഞ്ചിൽ നിന്നും ഞെട്ടി എഴുനേറ്റു…എന്നിട്ട് അവൾ എന്റെ മുഖത്ത് പോലും നോക്കാതെ കരഞ്ഞുകൊണ്ട് പുറത്തേക്ക് ഓടി…

“ജാസ് ” അവളുടെ പേര് മുഴുവൻ പോലും വിളിക്കാൻ എനിക്ക് പറ്റിയില്ല.. ഞാൻ അവിടെ തന്നെ ഇരുന്നു… കണ്ണിൽ നിന്ന് ചെറുതായി വെള്ളം വന്നു… പെട്ടന്ന് ആരോ എന്റെ തൊലിൽ തട്ടി.. വാപ്പി ആണ്… ഞാൻ വേഗം കണ്ണ് തുടച്ചു…

“മോനെ എന്തേലും പ്രശനം ഉണ്ടോ ” വാപ്പി ചോദിച്ചു…

“ഏഹ് ഒന്നുമില്ല വാപ്പി ” എന്ന് പറഞ്ഞു വാപ്പിയുടെ ചോദ്യത്തിൽ നിന്ന് ഞാൻ ഒഴിഞ്ഞു മാറാൻ ശ്രെമിച്ചു…

“ പിന്നെ എന്തിനാ നീ കരയുന്നത് ”എന്നെ വിടാതെ പിടിച്ചുകൊണ്ടു വാപ്പി ചോദിച്ചു… എന്റെ വിഷമം വാപ്പി അറിയത്തെ ഇരിക്കാൻ

.. വാപ്പിടെ കണ്ണിലേക്കു നോക്കാതെ താഴത്തേക്ക് നോക്കി…

“അത് വാപ്പീ…”ഞാൻ പറയാൻ മടിച്ചു…

“വിഷമിക്കണ്ട... അവൾക്ക് ഇഷ്ടമല്ലാതെ അത് നടക്കില്ലല്ലോ... വേണ്ടന്ന് വെച്ചേക്ക് ” വാപ്പി എന്റെ തോളിൽ തട്ടി പറഞ്ഞു...

അത് കേട്ട് ഞാൻ വാപ്പിടെ കണ്ണുകളിലേക്ക് നിറക്കണ്ണുകളോടെ നോക്കി...

“എന്നാലും നീ അവരെ രക്ഷിക്കണം..” വാപ്പി എന്നെ പറഞ്ഞു..

“ ഇത് വാപ്പി എങ്ങനെ അറിഞ്ഞു” ഞാൻ അതിശയത്തോടെ ചോദിച്ചു..

“ നീ എന്തെല്ലാം ഞങ്ങൾ ഒളിപ്പിച്ചു വെച്ചാലും ഞങ്ങൾക്ക് അതെല്ലാം മനസ്സിലാവുന്നുണ്ട്.. അതുകൊണ്ടുതന്നെയാണ് നിനക്ക് അവളോട് ഇഷ്ടമുള്ള കാര്യം നിങ്ങളുടെ ഉമ്മിക്ക് മനസ്സിലായത്”..

അപ്പോൾ ഉമ്മി അങ്ങോട്ട് കയറി വന്നു... ഞാൻ പെട്ടന്ന് എന്റെ കണ്ണുകൾ തുടച്ചു.. പക്ഷെ ഉമ്മി അത് കണ്ടിരുന്നു..

“എന്താ മോനെ ” ഉമ്മി പെട്ടന്ന് എന്റെ കവിളിൽ പിടിച്ചുകൊണ്ടു ചോദിച്ചു...

“അവനു ആഫി പോണത്തിൽ വിഷമം ആണ് ” വാപ്പി ആണ് മറുപടി കൊടുത്തത്...

“അതിനു അവൾ ദൂരെ ഒന്നും പോണില്ലല്ലോ.. അടുത്തല്ലേ... മോൻ വിഷമിക്കണ്ട ” ഉമ്മി എന്നെ കെട്ടിപിടിച്ചു സമാധാനിപ്പിച്ചു.. അപ്പോൾ അടുത്ത വീട്ടിലെ രണ്ട് ചേച്ചിമാർ വന്ന് ഉമ്മിയെ വിളിച്ചു ഉമ്മി പോയി...

“മോനെ നീ അവരെ രക്ഷിക്കണം… നിന്റെ സ്നേഹം അവൾ മനസിലാക്കും… ഇല്ലേൽ നിന്നെ മനസിലാക്കുന്ന ഒരു കുട്ടിയെ കിട്ടും ” വാപ്പി എന്നോട് ഒന്നുകൂടെ ഓർമിപ്പിച്ചു…എന്നിട്ട് വാപ്പിയും അവിടെ നിന്ന് പോയി… ഞാൻ അവിടെ തന്നെ ഇരുന്നു ഓരോരോ കാര്യങ്ങൾ ആലോചിച്ചു…എന്റെ അവസ്ഥാ മനസിലാക്കി നബീലും വിവേകും കാര്യങ്ങൾക്കെല്ലാം ഓടി നടന്നു.. കുറച്ചു ആലോചിച്ചപ്പോൾ തന്നെ എനിക്ക് ഒരു ഐഡിയ കിട്ടി അതിന്റെ സന്തോഷം എനിക്ക് ഉണ്ടായിരുന്നു… അതുകൊണ്ട് ഞാൻ വാക്കി എല്ലാത്തിനും സന്തോഷത്തോടെ തന്നെ ഓടി നടന്നു… ഏകദേശം 6.30 ഒക്കെ ആയപ്പോൾ മെഹന്തിക്കായി ചെറുക്കന്റെ വീട്ടുകാർ എല്ലാം എത്തി.ഞാൻ കുളിച്ച് വേറെ ഡ്രസ്സ് ഒക്കെ ഇട്ട് നിന്നു .അവരുടെ കൂട്ടത്തിൽ ജന്നാഹ് തന്നെ ആയിരുന്നു ഹൈലൈറ്റ്..ഒരു തവണയെ ഞാൻ നോക്കിയുള്ളു… അപ്പോഴേക്കും നാദി എന്നെ പിടിച്ചു വലിച്ചു അവിടുന്ന് മാറ്റി…

“അങ്ങോട്ട് ഉള്ള നോട്ടം വേണ്ട ” നാദി പറഞ്ഞു…

“അയ്യോ എനിക്ക് വേണ്ടായേ… അറിയത്തെ നോക്കിപോയതാ ” ഞാൻ പറഞ്ഞു…

“അങ്ങനെ ആണേൽ നിനക്ക് കൊള്ളാം ” നാദി എന്നോട് പറഞ്ഞിട്ട് ജന്നയെ ഞങ്ങളുടെ അടുത്തേക്ക് വിളിച്ചു.. ജെന്ന ആദ്യം ഒന്ന് മടിച്ചു.. പക്ഷെ അവൾ ഞങ്ങളുടെ അടുത്തേക്ക് വന്നു…

“നിങ്ങൾ തമ്മിൽ ഇതിന് മുൻപ് കണ്ടിട്ടുണ്ട് അല്ലെ ” നാദി ജന്നയോട് ചോദിച്ചു..

. കണ്ടിട്ടുണ്ടെന്ന് ജന്ന തലയാട്ടി..

“അപ്പൊ പിന്നെ പരിചയപെടുത്താണ്ട കാര്യം ഇല്ലാലോ ” നാദി എന്നെ നോക്കി ചോദിച്ചു ഞാനൊന്നും പറഞ്ഞില്ല... ഞാൻ വെറുതെ ചുറ്റും ഒന്ന് നോക്കിയപ്പോൾ ആഫിയുടെ കൂടെ നിന്ന് ഞങ്ങളെ തന്നെ ഒരു ദേഷ്യത്തോടെ നോക്കുന്ന ജാസ്മിനെ ഞാൻ കണ്ടു... ഞാൻ നോക്കുന്നത് കണ്ടപ്പോൾ അവൾ പെട്ടന്ന് നോട്ടം മാറ്റി... അവളുടെ aa നോട്ടത്തിൽ എന്തൊക്കെയോ ഉണ്ടെന്ന് എനിക്ക് മനസിലായി.. അവൾ ഞങ്ങളെ നോക്കും എന്ന് നന്നായി അറിവായുന്നത് കൊണ്ട് ഞാൻ ജന്നയുമായി സംസാസാരിക്കാൻ തന്നെ തീരുമാനിച്ചു...

“അതെ ഇപ്പോഴും അന്ന് ആഫി പറഞ്ഞ കാര്യം ആലോചിച്ചിട്ട് ആണോ ഇങ്ങനെ നിക്കുന്നെ ” ഞാൻ ചിരിച്ചുകൊണ്ട് ജന്നയോട് ചോദിച്ചു...

“അത്.. ഇക്കാ.. അപ്പോൾ എനിക്ക് ” അവൾ വിക്കി..

“ആയോ അവളെ നിനക്കും അറിയില്ലേ... എന്നോട് ഉള്ള സ്നേഹം കൊണ്ടും നിന്നോട് ഉള്ള സ്നേഹം കൊണ്ടുമാണ് അവൾ അങ്ങനെ പറഞ്ഞത് .. അതൊക്കെ വിട്ടേക്ക്.. കുറച്ചു നാൾ കൂടെ കഴിഞ്ഞാൽ എന്റെ ചേട്ടത്തി ആകാൻ ഉള്ളയാ ” ഞാൻ ചിരിച്ചുകൊണ്ട് തന്നെ പറഞ്ഞു... അവളുടെ മുഖം അപ്പോൾ നാണത്താൽ ചുവന്നു...

“ഞാൻ കരുതി ഇക്കാക്ക് എന്നോട് ദേഷ്യം ഉണ്ടാകുമെന്ന്” അവൾ ചിരിയോടെ പറഞ്ഞു.. അപ്പോൾ തന്നെ ഞാൻ ജാസ്മിന്റെ ഭാഗത്തേക്ക് നോക്കി... ഞാൻ പ്രേധിക്ഷിച്ചത് പോലെ തന്നെ... അവൾ ഞങ്ങളെ തന്നെ നോക്കി നിക്കുകയായിരുന്നു.. അവളുടെ കണ്ണുകൾ നിറഞ്ഞു തുടങ്ങിയിരുന്നു... ഇനിയും വേണ്ടന്ന് മനസിലായി ഞാൻ അവിടെ നിന്ന് ഉമ്മിയുടെ അടുത്ത് വന്ന് ചടങ്ങ് തുടങ്ങാം എന്ന് പറയാൻ പറഞ്ഞു... ഉമ്മി പറഞ്ഞു... അങ്ങനെ ചടങ്ങ് തുടങ്ങി...ഓരോരുത്തരായി മൈലാഞ്ചി ഇട്ടു... അതിനു ശേഷം ഫുഡ് ഒക്കെ കഴിഞ്ഞു അവർ യാത്രയായി... ജന്ന ഓരോ സമയം എന്റെ അടുത്ത് വരുമ്പോളും ഞാൻ ജാസ്മിനെ നോക്കും അവൾ ഞാൻ നോക്കുന്നത്

കാണുമ്പോൾ നോട്ടം മാറ്റും.. അവർ എല്ലാം പോയി കഴിഞ്ഞു.. ഞാൻ ക്ഷീണത്തിൽ അവിടെ ഇരുന്നു.. ഇന്നത്തെ രാത്രി ഉറക്കം ഇല്ലന്ന് എനിക്ക് അറിയാമായിരുന്നു... പക്ഷെ എന്റെ കണ്ണുകൾ അടഞ്ഞടഞ്ഞു പോയിക്കൊണ്ട് ഇരുന്നു...പെട്ടന്ന് എന്റെ തോളിൽ കൈവെച്ചുകൊണ്ട് ആരോ മുൻപിൽ ഉള്ള കസേരയിൽ ഇരുന്നു.. ഞാൻ പെട്ടന്ന് കണ്ണ് തുറന്നു... എന്നിട്ട് നേരെ ഇരുന്നു...ആളെ എനിക്ക് മനസിലായില്ല...

“ആരാ ” ഞാൻ ചോദിച്ചു...

“എന്നെ നിനക്ക് അറിയത്തില്ല... പക്ഷെ നിനക്ക് നാളെ ഒരു ദിവസം കൂടെ സമയം ഉണ്ട്... നിനക്ക് നല്ലൊരു തീരുമാനം എടുക്കാം ” എന്ന് പറഞ്ഞിട്ട് അയാൾ എഴുനേറ്റ് പോയി...അപ്പോൾ എനിക്ക് മനസിലായി നല്ല ഒരു തീരുമാനം എടുത്തില്ലെങ്കിൽ കാര്യങ്ങൾ കൈവിട്ട് പോകുമെന്ന്.. അങ്ങനെ ആലോചിച്ചു ഇരുന്നപ്പോൾ ആണ് നബീൽ വന്നത്

“എടാ നീ ഓഡിറ്റോറിയത്തിൽ പോകാൻ വരുന്നുണ്ടോ ” അവൻ ചോദിച്ചു..

മറുപടി ഒന്നും പറയാതെ ഞാൻ അവന്റെ കൂടെ നടന്നു...ഞങ്ങൾ ഓഡിറ്റോറിയതിൽ എത്തി.. കുറച്ചു നേരം പണി ഒക്കെ നോക്കി ഇരുന്നു.. കുറച്ചു കഴിഞ്ഞപ്പോൾ ഞാൻ ഇരുന്നായിടത് തന്നെ ഇരുന്നു ഉറങ്ങി പോയി... എന്തോ ശബ്ദം കേട്ട് ഞാൻ ഞെട്ടി ഉണർന്നു... നോക്കുമ്പോൾ ബലൂൺ വിറപ്പിച്ചതിൽ ഒരണ്ണം പൊട്ടിയതാണ്.. ഞാൻ ചുറ്റും ഒന്ന് നോക്കി.. നബീൽ കുറച്ചു മാറി ഒരു കസേരയിൽ ഇരുന്നു ഉറക്കം തൂങ്ങുന്നു...ഞാൻ അവന്റെ അടുത്തേക്ക് ചെന്നു...

“വാ മതി വാക്കി അവർ നോക്കിക്കോളും..” എന്നും പറഞ്ഞു അവനെയും താങ്ങി കൊണ്ട് ഞാൻ വീട്ടിലേക്ക് വന്നു... നേരെ റൂമിലേക്ക് ചെന്ന് ഞങ്ങൾ രണ്ടും എന്റെ ബെഡിലേക്ക് തന്നെ കിടന്നങ് ഉറങ്ങി... രാവിലെ 6 മണിയൊക്കെ ആയപ്പോൾ തന്നെ എഴുനേറ്റു... എന്തോ ഉള്ളിന്റെ ഉള്ളിൽ ഒരു

പേടി പോലെ... ഞാൻ എഴുനേറ്റ് വീടിന് ചുറ്റും ഒന്ന് നടന്നു.. അപ്പോൾ ഞാൻ കണ്ടു.. വീടിനു ചുറ്റും കിടക്കുന്ന പരിചയമില്ലാത്ത 2 കറുകൾ... ഞാൻ പുറത്തേക്ക് ഇറങ്ങി നോക്കി അതിൽ തന്നെ ആരൊക്കെയോ കിടന്ന് ഉറങ്ങുന്നുണ്ട്.. ഞാൻ തിരിച്ചു വീട്ടിൽ കയറി... ഞാൻ കൂടിയ കണക്കുകൾ എല്ലാം തെറ്റി... ഇത് ഇങ്ങനെ പോയാൽ ശെരിയാകില്ല... എന്ന് എനിക്ക് മനസിലായി... ഞാൻ ആലോചിച്ചു ഒരു തീരുമാനത്തിലേക്ക് എത്തി... പക്ഷെ അത് റിസ്ക് ആണ്... പക്ഷെ അവരെ രക്ഷിക്കാനും ഞങ്ങൾ കുടുക്കിൽ ചാടാതെ ഇരിക്കാനും ഒരു വഴിയേ ഉള്ളു... അങ്ങനെ ആലോചിച്ചുകൊണ്ട് ഇരിക്കുമ്പോഴാണ് നബീൽ ഇറങ്ങി വരുന്നത്...

“അഹ് നീ എപ്പോ എഴുനേറ്റു ” അവൻ ചോദിച്ചു...

“എടാ നീ ഒരു കാര്യം ചെയ്യാമോ ” അവൻ ചോദിച്ച ചോദ്യത്തിന് വേറെ ചോദ്യം ഞാൻ ചോദിച്ചു...

“എന്താടാ ” അവൻ എന്റെ അടുത്ത് ഇരുന്നു ചോദിച്ചു...

ഞാൻ എന്റെ പ്ലാൻ അവനു പറഞ്ഞു കൊടുത്തു...

“ഇത്രേ ഉള്ളോ ഇത് ഞാൻ നോക്കിക്കോളാം ” എന്ന് അവൻ പറഞ്ഞു... പിന്നീട് ആ വീട്ടിൽ ഒരു ബഹളം ആയിരുന്നു... കുളിച്ച് ഡ്രസ്സ് മാറി.. ഞങ്ങൾ ഓഡിറ്റോറിയത്തിൽ എത്തി.. എന്റെ മനസ്സിൽ വല്ലാത്ത ഒരു വെപ്രാളം പോലെ... ആഫിയെ മേക്കപ്പ് ചെയ്യാൻ ആയി കൊണ്ട് പോയി... പിന്നീട് സമയം അങ്ങനെ പെട്ടന്ന് പോയി... ചെറുക്കൻ വന്നു... ഞാൻ കാൽ കഴുകി അകത്തേക്ക് കൊണ്ട് പോയി... നിക്കാഹ് കല്യാണം... ആഘോഷമായി... ഫോട്ടോ എടുപ്പ് എല്ലാം കഴിഞ്ഞു ഫുഡ് കഴിച്ചു... ആഫിയും ഫൈസലും അവർക്കായി എടുത്ത കാറിൽ പോയി...സാധാരണ എല്ലാ കല്യാണം കഴിഞ്ഞു പെണ്ണ് കരയുന്നത് ഒരു ചടങ്ങ് പോലെ ആണല്ലോ അത് ഇവിടെ ഉണ്ടായിരുന്നില്ല... Avar പോയി കഴിഞ്ഞു ഞാനും ഉമ്മിയും വാപ്പിയും

ജാസ്മിനും ജാസിമും ഒരു കാറിൽ... നബീലും മാമയും മാമിയും ഒരു കാർ... നദിയും അവളുടെ ഹസ്ബൻഡ് ആഷിക്കും അവരുടെ മകനും ഒരു കാറിൽ.വിവേക് എന്റെ ബൈക്കിലും

പിന്നെ വാക്കി ഉള്ള ബെന്തുക്കൾ എല്ലാം അവരവരുടെ കാറിലും ബസ്സിലുമായി വന്നു...

"ജാസ്മി നിന്റെ അനിയനെയും വിളിച്ചു നബീലിന്റെ കാറിൽ കയറിക്കോ " ജാസ്മിൻ ബാഗ് എടുക്കാനായി റൂമിലേക്ക് പോയി... ജാസിമിന്റെ മുഖത്ത് ചെറിയ പേടി ഉണ്ട്...

"മോനെ എന്ത് ചെയ്യാനാ " വാപ്പി ചോദിച്ചു..

"വാപ്പി ഞാൻ ആദ്യമേ എന്റെ വണ്ടി കൊണ്ട് പോകും... എന്റെ വണ്ടിയിൽ നാദി ഇരിക്കട്ടെ..വിവേകും വരട്ടെ എന്റെ കൂടെ... അപ്പോൾ അവർ ഇത് ജാസ്മിൻ ആണെന്ന് കരുതി എന്റെ പിറകെ വരുമ്പോൾ നബീൽ ഇവരെയും കൊണ്ട് ബാംഗ്ലൂർ നമ്മുടെ വില്ലയിലേക്ക് പോകട്ടെ... അവിടുത്തെ കാര്യങ്ങൾ ഞാൻ വിളിച്ചു പറഞ്ഞിട്ടുണ്ട് " ഞാൻ പറഞ്ഞു...

ജാസ്മിൻ ബാഗുമായി വന്നു എന്നെ ഒന്ന് നോക്കി എന്നിട്ട് ഉമ്മിടെ കയ്യിൽ പിടിച്ചു കരഞ്ഞു...

"മോള് കരയണ്ട... മോൾക്ക് ഒന്നും വരത്തില്ല " ഉമ്മി അവളുടെ കണ്ണുകൾ തുടച്ചുകൊണ്ട് പറഞ്ഞു.. എന്നിട്ട് ഞാൻ നദിയെയും അവളുടെ കുഞ്ഞ് നഫാസിനെയും കൊണ്ട് വണ്ടിയിൽ കയറി...എന്നിട്ട് njan വണ്ടി പുറത്തേക്ക് ഇറക്കി... പുറത്ത് ഞങ്ങളെ തന്നെ കുറച്ചു പേര് നോക്കി നിന്നിരുന്നു... ഞാൻ വണ്ടി അവരുടെ അടുത്തേക്ക് കൊണ്ട് നിർത്തി... പുറത്ത് നിന്ന് അകത്തേക്ക് വെക്തമായി കാണാൻ പറ്റില്ല പക്ഷെ ഒരു ആൾ അകത്തുള്ളതായി അവർക്ക് മനസിലാകും.. അതായിരുന്നു എന്റെ ബുദ്ധി... ഞാൻ വണ്ടി ചെറിയ

സ്പീഡിൽ മുൻപോട്ട് പോയി... പ്രേതിക്ഷിച്ചത് പോലെ തന്നെ അവർ ഞങ്ങളുടെ പിറകെ വരാനായി വണ്ടിയിൽ കയറി... ഞാൻ അതെ സ്പീഡിൽ തന്നെ മുൻപോട്ട് പോയി.. ആളുകൾ ഉള്ള സ്ഥാലത് വെച്ച് അവർക്ക് ഞങ്ങളെ പിടിക്കാൻ പറ്റില്ല എന്ന് അറിയാവുന്നത് കൊണ്ട് സമയം കളയാനായി ഞാൻ അങ്ങനെ ഉള്ള സ്ഥാലത് കൂടെ തന്നെ പൊയി... ഏകദേശം 2 മണിക്കൂറോളം ഞങ്ങൾ കറങ്ങി... അപ്പോഴേക്കും ആളൊഴിഞ്ഞ പ്രേശ്ദേശത്തേക്ക് എത്തി... അവിടെ വെച്ച് ഞങ്ങളെ അവർ വളഞ്ഞു... അവർ നേരെ വന്ന് നാദി ഇരുന്ന സീറ്റിന്റെ ഡോർ തുറന്നു... അവിടെ അവർ ഉദ്ദേശിച്ച ആളല്ല ഇരിക്കുന്നതെന്ന് മനസിലാക്കിയ അവർ എന്റെ നേരെ വന്ന് ഡോർ വലിച്ചു തുറന്നു... എന്നിട്ട് എന്നെ വലിച്ചു വെളിയിൽ ഇറക്കി...

“അവൾ എവിടെ ” എന്റെ കോളറിൽ പിടിച്ചിരുന്നവൻ ചോദിച്ചു.. അത് കേട്ട് വിവേക് ബാക്ക് ഡോർ തുറന്ന് ഇറങ്ങി...

“അവൾ പോയല്ലോ ” ഞാൻ പറഞ്ഞു...

“നീ അങ്ങനെ ഒഴിയാൻ ശ്രെമിക്കണ്ട... അവൾ ഇത് വരെ നിന്റെ വീട്ടിൽ ഉണ്ടായിരുന്നു ” അവന്റെ കൂടെ നിന്നവർ പറഞ്ഞു...

“ഉണ്ടായിരുന്നു... ഞങ്ങൾ ഇങ്ങോട്ട് ഇറങ്ങിയപ്പോൾ അവൾ പോയി ”ഞാൻ പറഞ്ഞു..

“എങ്ങോട്ട് ” അവൻ ചോദിച്ചു...

“എനിക്ക് അറിയില്ല ” ഞാൻ പറഞ്ഞു... പറഞ്ഞു തീർന്നതും കോളറിൽ

പിടിച്ചിതിരുന്നവന്റെ വലത് കൈ എനിക്ക് നേരെ വന്നു... പുറകിൽ നിന്ന് വിവേക് അത് കൈ കൊണ്ട് തടുത്തിട്ടു...

“അവന് അറിയതോണ്ടല്ലേ ” വിവേക് പറഞ്ഞു...

“നീ എന്റെ കൈ തടയാൻ മാത്രമായോ ” എന്ന് ചോദിച്ചു അവൻ കാല് പൊക്കി വിവേകിനെ ചവിട്ടാൻ ആഞ്ഞതും താജ് അവന്റെ കൈ പിടിച്ചു തിരിച്ചു അവനെ കുനിച്ചു നിർത്തി അവന്റെ തലയിൽ ചവിട്ടി... അതോടെ അവൻ ഫ്ലാറ്റ്... ഇത് കണ്ട് നിന്നവൻ എനിക്ക് നേരെ ഓടി അടുത്തു.. അവൻ എന്നെ ഇടിക്കാൻ വന്നതും ഞാൻ കുനിഞ്ഞു എന്നിട്ട് അവന്റെ മുതുകിൽ കൈമുട്ട് കൊണ്ട് ഇടിച്ചു ബാക്കിലേക്ക് ആക്കി വിവേക് അവനെ വന്ന സ്പീഡിൽ തന്നെ ചവിട്ടി ചവിട്ട് കൊണ്ട് അവൻ താഴെ വീണു... അപ്പോഴണ് വണ്ടിയിൽ നിന്നും ടൂൾസുമായി ഒരു കൂട്ടം ഇറങ്ങി വരുന്നത് കണ്ടത്... അവർ ഞങ്ങളുടെ അടുത്തേക്ക് വരുമ്പോൾ അവരുടെ പിറകിലായി കുറച്ചു ദൂരത്തിൽ പോലീസ് വണ്ടി വരുന്നത് ഞങ്ങൾ കണ്ടു... അവർ ഞങ്ങളുടെ അടുത്ത് എത്തിയപ്പോളേക്കും പോലീസും എത്തി... വണ്ടിയിൽ നിന്ന് ചാടി ഇറങ്ങി... അവരെ എല്ലാം പിടിച്ചു വണ്ടിയിൽ കയറ്റി... വേറെ ആരെങ്കിലും ഉണ്ടോ എന്ന് നോക്കാനായി ഒരാൾ അവരുടെ വണ്ടിയിൽ നോക്കി...

“ആഹ് മാർട്ടിൻ സാറും ഉണ്ടായിരുന്നോ ” ആ പോലീസുകാരൻ പുച്ഛത്തോടെ ചോദിച്ചു... എന്നിട്ട് മാർട്ടിനെ പുറത്തേക്ക് ഇറക്കി... ഞാൻ നോക്കിയപ്പോൾ മാർട്ടിന്റെ രണ്ട് കയ്യും പ്ലാസ്റ്റർ ഇട്ടിരിക്കുന്നു..

“എന്ത് പറ്റി മാർട്ടിനെ കയ്ക്കൊക്കെ ” SI സാർ മാർട്ടിനോട് ചോദിച്ചു... മാർട്ടിൻ ദേഷ്യത്തോടെ വിവേകിനെ നോക്കുന്നത് ഞാൻ കണ്ടു... ഞാൻ വിവേകിന്റെ മുഖത്ത് നോക്കിയപ്പോൾ നാണം കലർന്നൊരു ഭാവം അവന്റെ മുഖത്ത്..

“മാർട്ടിനെ പോകാം... കുറെ കേസുകൾ കിടപ്പുണ്ട് നിന്റെ പേരിൽ.. പിന്നെ തെളിയാത്ത കുറച്ചു കേസുകളും... അതൊക്കെ നിന്റെയും ഇവരുടെ തലയിൽ ഞാൻ കെട്ടി വെക്കും... നിയൊക്കെ കുറേക്കാലം ജെയിലിൽ കിടക്ക് അതാണ് നല്ലത് ” എന്ന് പറഞ്ഞു SI സാർ അവരെ എല്ലാം പിടിച്ചു ജീപ്പിൽ കയറ്റി... എന്നിട്ട് എന്റെ അടുത്തേക്ക് വന്നു...

“ഒരുപാട് കാലമായി ഇവനെ പിടിക്കാൻ നോക്കുന്നു നടന്നില്ല. ഓളിവിൽ ആയിരുന്നു.. Thanks ” SI സർ പറഞ്ഞു...

“thanks ഞങ്ങൾ അങ്ങോട്ട് അല്ലെ പറയേണ്ടത്... നിങ്ങൾ ഇപ്പോൾ വന്നില്ലായിരുന്നെങ്കിൽ അവർ ഞങ്ങളെ ഇപ്പൊ കൊന്നേനെ ” ഞാൻ പറഞ്ഞു...

“ഞങ്ങളെ ആരോ വിളിച്ചു പറഞ്ഞതാണ് ഇവിടെ ഇങ്ങനെ ഒരു പ്രശ്നം ഉണ്ടെന്ന് ” SI സർ പറഞ്ഞു...

“ആര് ” ഞാൻ ചോദിച്ചു...

“പേരൊന്നും അറിയില്ല... പക്ഷെ ഒരു സ്ത്രീ ആണ് ” SI സർ പറഞ്ഞു... ഞാൻ ഡോർ തുറന്നു നദിയെ ഒന്ന് നോക്കി.. നടന്ന കാര്യങ്ങൾ ആലോചിച്ച് പേടിച്ചിരിക്കുകയാണ്...

“അപ്പൊ ശെരി സർ... ഞങ്ങൾ അങ്ങോട്ട് ” ഞാൻ കൈ കൊടുത്തുകൊണ്ട് ചോദിച്ചു...

“ശെരി ” എന്ന് പറഞ്ഞു അയാൾ അവരേം കൊണ്ട് പോയി ഞാൻ കാറിലേക്ക് കയറി....

നാദി അപ്പോൾ എന്റെ കയ്യിലുടെ കൈ പിടിച്ചു... അവൾ നല്ലതുപോലെ പേടിച്ചു എന്ന് എനിക്ക് അവളുടെ ആ പ്രവർത്തിയിൽ നിന്ന് മനസിലായി... ഞാൻ അവളുടെ കയ്യിൽ മുറുകെ പിടിച്ചുകൊണ്ടു തന്നെ വണ്ടി വീട്ടിലേക്ക് പോയി... ഞങ്ങൾ വീട്ടിൽ ചെല്ലുമ്പോൾ അവിടെ ആരും ഉണ്ടായിരുന്നില്ല... അവർ അടുക്കള «കല്യാണം കഴിഞ്ഞു ചെറുക്കന്റെ വീട്ടിലേക്ക് പെണ്ണവീട്ടുകാർ പോകുന്നതിനാണ് അടുക്കള കാണാൻ പോകുന്നു എന്ന് പറയുന്നത് എല്ലാ ജില്ലകളിലും അങ്ങനെ ആണോ പറയുന്നത് എന്ന് എനിക്ക് അറിയില്ല » കാണാൻ പോയതാണ് എന്ന് എനിക്ക് മനസിലായി ഞങ്ങൾ താമടിച്ചു പോകുന്നത് ശെരിയല്ലല്ലോ എന്ന് ഓർത്തു പോകാൻ നിന്നില്ല... ഞാൻ വീട്ടിലേക്ക് കയറാൻ തുടങ്ങിയപ്പോൾ ഫോണിൽ ഒരു കാൾ വന്നു... ഫൈസൽ ആയിരുന്നു...

“അളിയാ നിങ്ങൾ ഇത് എവിടെയാണ് ” അവൻ ചോദിച്ചു...

“ഞങ്ങൾ കുറച്ചു തിരിക്കിൽ ആയി പോയി.. ഇപ്പൊ വീട്ടിൽ ഉണ്ട് ” ഞാൻ പറഞ്ഞു...

“ഇങ്ങോട്ട് വരുന്നില്ലേ” അവൻ ചോദിച്ചു...

“അളിയാ ഇപ്പൊ സമയം പോയില്ലേ... ഇനി ഇപ്പൊ വന്നാൽ ആളുകൾ എന്ത് കരുതും ” ഞാൻ ചോദിച്ചു..

“അളിയാ ഇപ്പൊ വന്നില്ലെലാണ് ആൾക്കാർ ഓരോന്ന് കരുതുന്നെ... ഇനി ഒന്നും പറയണ്ട ഇപ്പൊ ഇവിടെ എത്തണം ” അവൻ പറഞ്ഞിട്ട് ഫോൺ കട്ട്

ചെയ്തു... ഞാൻ നദിയെയും വിവേകിനെയും കൊണ്ട് അവിടെക്ക് പോയി... അങ്ങും ഇങ്ങും നിക്കുന്നവർ ഒക്കെ എന്തൊക്കെയോ പറയുന്നുണ്ട് ഞാൻ അതൊന്നും ശ്രെദ്ധിക്കാതെ വീടിന്റെ അകത്തേക്ക് പോയി.. അകത്തു ആഫിയെ കണ്ടപ്പോൾ തന്നെ നാദി അവളുടെ അടുത്തേക്ക് പോയി...

“എന്തായി ” വാപ്പി എന്നോട് ചോദിച്ചു...

“കാര്യങ്ങൾ ഏകദേശം ശെരിയായിട്ടുണ്ട്..1 ആഴ്ച അവർ അവിടെ നിക്കട്ടെ... ഇവന്റെ കല്യാണം കഴിഞ്ഞു ഞാൻ അവരുടെ അടുത്തേക്ക് പൊക്കോളാം ” ഞാൻ വിവേകിനെ ചൂണ്ടിക്കൊണ്ട് പറഞ്ഞു..

“നബീലിനെ വിളിച്ചിരുന്നു അവനു നിന്റെ വില്ലയുടെ അഡ്രെസ്സ് പറഞ്ഞു കൊടുക്കാൻ പറഞ്ഞു..”

“അത് ഞാൻ ആളെ ഏർപ്പാട് ആക്കിക്കോളാം” ഞാൻ പറഞ്ഞു... ഉമ്മി

ഫൈസലിന്റെ ഉമ്മയോട് എന്തൊക്കെയോ തള്ളി മറിക്കുകയാണ്...

“എന്ത് തള്ളാണ് ഉമ്മി തള്ളുന്നെ ” ഞാൻ ഉമ്മിടെ അടുത്ത് ചെന്ന് കളിയാക്കി ചോദിച്ചു...

“നീ ഒന്ന് പോടാ അവിടുന്ന്... ഞാൻ വെറുതെ കാര്യം പറഞ്ഞതാ ”ഉമ്മി എന്റെ തോളിൽ അടിച്ചിട്ട് പറഞ്ഞു...

“മോൻ എവിടെ ആയിരുന്നു ” ഫൈസലിന്റെ ഉമ്മ എന്നോട് ചോദിച്ചു...

“ഞാൻ അത്യാവശ്യമായി ഒരു സ്ഥലം വരെ പോയതാണ് ” അപ്പോൾ ആഫി എന്റെ അടുത്തേക്ക് വന്നു...

“എങ്ങനെ ഉണ്ട് വീട്ടുകാർ ഒക്കെ ” ഞാൻ അവളുടെ അടുത്തേക്ക് തിരിഞ്ഞു നിന്ന് പതിയെ ചോദിച്ചു...

“നാത്തൂനും ഉമ്മയും വാപ്പയും ഒന്നും കുഴപ്പമില്ല... പക്ഷെ അടുത്ത വീട്ടിൽ ഇവരുടെ സ്വന്തക്കാർ താമസിക്കുന്നുണ്ട്... അവിടെ ഇക്കാടെ മുറപ്പെണ്ണ് ഉണ്ട്.. അവൾ ആൾ അത്ര ശെരിയല്ല... എനിക്ക് പണ്ടേ അവളെ ഇഷ്ടമല്ല ” ആഫി പറഞ്ഞു...

“നാളെ മുതൽ നീ ഇവിടെ താമസിക്കേണ്ടതാ... വെറുതെ പ്രേശ്നങ്ങൾ ഒന്നും ഉണ്ടാക്കരുത്.. എല്ലാരേയും സ്നേഹിക്കണം ” അത് പറയുമ്പോൾ എനിക്ക് എവിടുന്നോ വിഷമം വന്നുകൊണ്ടിരിക്കുന്നു ഇരുന്നു...

“ദേ ഇക്കാ, വെറുതെ എന്നെക്കൂടെ കരയിപ്പിക്കരുത്.. മിണ്ടാതെ പോയെ ” അവൾ നിറഞ്ഞു വന്ന കണ്ണുനീർ തുടച്ചുകൊണ്ട് പറഞ്ഞു...

അങ്ങനെ ഞങ്ങൾ ഫുഡ് ഒക്കെ കഴിച്ചു ചെക്കനേം പെണ്ണിനേം കൊണ്ട് ഞങ്ങളുടെ വീട്ടിലേക്ക് യാത്രയായി.. വീട്ടിൽ ചെന്നപ്പോൾ മുതൽ എല്ലാരും കളിയും ചിരിയുമായി സന്തോഷത്തോടെ ആയിരുന്നു.. പക്ഷെ ഒരാളെ മാത്രം എല്ലാവർക്കും മിസ്സ് ചെയ്തു... കുറച്ചു നാൾ മാത്രമേ ഞങ്ങളുടെ കൂടെ ഉണ്ടായിരുന്നു എങ്കിലും അത്രയും നാൾ കൊണ്ട് തന്നെ ഞങ്ങളുടെ എല്ലാം മനസ്സിൽ ഇടം നേടിയ ജാസ്മിൻ.. സമയം കടന്നു പോയി... എല്ലാവരും

ഉറക്കമായി.. അങ്ങനെ ആ കല്യാണ ദിവസം കഴിഞ്ഞു... അടുത്ത ദിവസം പെണ്ണിനേയും ചെറുക്കനെയും അവർ കൊണ്ട് പോകാനായി വന്നു..അവർ വന്നത് മുതൽ ആഫിക്ക് ടെൻഷൻ ആയിരുന്നു...കുറച്ചു നേരം ഇരുന്നു സംസാരിച്ചിട്ട് അവർ ഫുഡ് ഒക്കെ കഴിച്ചു ആഫി എന്തൊക്കെയോ കഴിച്ചെന്നു വരുത്തി എഴുനേറ്റു... അവൾ പോകുന്നതിന്റെ വിഷമം എനിക്ക് അവളുടെ മുഖത്ത് നോക്കിയപ്പോൾ എവിടുന്നോ വന്നു..എന്റെ കണ്ണുകൾ നിറഞ്ഞു തുടങ്ങി.. ഞാൻ അത് ആരും കാണാതെ ഇരിക്കാനായി വീടിന്റെ ഉള്ളിലേക്ക് കയറി പോയി... റൂമിൽ കയറി ഭിത്തിയിൽ ചാരി നിന്നതും കണ്ണുകളിൽ നിന്ന് കണ്ണുനീർ കവിളിലൂടെ ഒഴുകാൻ തുടങ്ങി...ആരോ ഡോറിലൂടെ എത്തി നോക്കുന്നത് ഞാൻ അറിഞ്ഞു... അപ്പോൾ തന്നെ ഞാൻ മറു സൈഡിലേക്ക് ചരിഞ്ഞു നിന്ന് കണ്ണുകൾ തുടച്ചു തിരിഞ്ഞതും ആഫി എന്റെ മുകളിക്കേക്ക് വന്ന് വീണു പൊട്ടി കരഞ്ഞു... അതുകണ്ട് നിക്കാൻ എനിക്കും പറ്റുന്നുണ്ടായിരുന്നില്ല... ഞാനും അവളും കരച്ചിലോടെ കരച്ചിലായി... ഞാൻ അവളെയും കൊണ്ട് ബെഡിലേക്ക് ഇരുന്നു... അവൾ എന്തൊക്കെയോ

പറയുന്നുണ്ട് പക്ഷെ അവൾ എങ്ങി കരയുന്നത്കൊണ്ട് അത് പുറത്തേക്ക് വരുന്നുണ്ടായിരുന്നില്ല... കുറച്ചു സമയം കഴിഞ്ഞപ്പോൾ ഏകദേശം കരിച്ചിൽ എല്ലാം അവസാനിച്ചു എന്ന് ആയപ്പോഴാണ്... ഉമ്മിയും മാമിയും നാദിയും കയറി വന്നത്... കരഞ്ഞു കലങ്ങിയ ഞങ്ങളുടെ മുഖം കണ്ടപ്പോഴേ അവരുടെ മുഖവും മാറി കരച്ചിലിലേക്ക് വന്നു...ഇന്നലെ കരയാതെ ഇരുന്നതിനാലാകും വലിയ ശബ്ദത്തിൽ ആയിരുന്നു കരച്ചിൽ അവർ നാല് പേരും കരയുന്നത് കാണാൻ കഴിയാതെ ഞാൻ പുറത്തേക്ക് മാറി നിന്നു... അപ്പോൾ വാപ്പി അങ്ങോട്ട് കയറി വന്നു...

“നിങ്ങളും കൂടെ ഇങ്ങനെ ആയാൽ എങ്ങനെയാ... അവർ അവിടെ കാത്ത് നിക്കുകയാ ” വാപ്പി ഇടറിയ സ്വരത്തിൽ പറഞ്ഞു...എന്നിട്ട് വാപ്പി അവളെ പിടിച്ചു എഴുനേപ്പിച്ചു... മുന്നോട്ട് നടന്നു... പെട്ടന്ന് അവൾ വാപ്പിയെ കെട്ടിപിടിച്ചു കരച്ചിൽ വീണ്ടും തുടങ്ങി... പുറകെ പോയ ഉമ്മിയും മാമിയും നാദിയും അടിക്കി പിടിച്ചു വെച്ചിരുന്ന കരച്ചിൽ വീണ്ടും തുടർന്നു...

“മോളെ നീ വിഷമിക്കാതെ ദൂരത്തേക്ക് ഒന്നും അല്ലല്ലോ.. നിനക്ക് ഞങ്ങളെ കാണണം എന്ന് തോന്നുമ്പോൾ വന്ന് കണ്ടുടെ ” സാധാരണ എല്ലാ വാപ്പമാരും

പറയുന്നത് പോലെ തന്നെ വാപ്പി പറഞ്ഞു എന്നിട്ട് അവളെ നെഞ്ചിൽ നിന്ന് അടർത്തി മാറ്റി.. എന്നിട്ട് കൈ പിടിച്ചു മുന്നോട്ട് നടന്നു പിറകെ വാക്കി ഉള്ളവരും... അവൾ പോകുന്നത് കണ്ട് നിക്കാനുള്ള ശക്തി ഇല്ലാത്തത് കൊണ്ട് ഞാൻ താഴേക്ക് ഇറങ്ങാൻ നിന്നില്ല.... കുറച്ചു നേരം അവിടെ തന്നെ നിന്നെങ്കിലും അവർ പോയില്ല... അപ്പോൾ വാപ്പി എന്റെ അടുത്തേക്ക് വന്നു...

“നീ താഴേക്ക് വാ അവർ എല്ലാവരും നിന്നെ അന്വേഷിക്കുന്നു ” വാപ്പി പറഞ്ഞു...

“എന്നെക്കൊണ്ട് പറ്റില്ല വാപ്പി അവൾ പോകുന്നത് കണ്ട് നിക്കാൻ എനിക്ക് പറ്റില്ല ” ഞാൻ പറഞ്ഞു....

“നീ കൊച്ച് പിള്ളേരെ പോലെ ആകല്ലേ.. അവൾ നല്ലൊരു ജീവിതം തുടങ്ങാൻ പോകുകയല്ലേ... നീ വാ താഴേക്ക്.. ” വാപ്പി എന്റെ കയ്യിൽ ബലമായി പിടിച്ചുകൊണ്ടു താഴേക്ക് നടന്നു... കൂടി നിന്ന എല്ലാവരുടെയും കണ്ണുകൾ എന്റെ നേരെ തിരിഞ്ഞു... ആഫി ഓടി വന്നെന്നെ കെട്ടിപിടിച്ചു.... ഷർട്ടിൽ പിടുത്തമിട്ടു.... കരയാൻ തുടങ്ങി... ആളുകളൊക്കെ നിക്കുന്നത് കൊണ്ട് എനിക്ക് കരയാനും പറ്റാത്ത അവസ്ഥായായി.... ജെന്ന വന്ന് അവളെ പിടിക്കുന്നുണ്ട്... പക്ഷെ അവൾ എന്റെ ഷർട്ടിൽ തന്നെ പിടുത്തം മുറുക്കി... വാപ്പിയും വന്ന് പിടിച്ചു മാറ്റാൻ നോക്കുന്നുണ്ട് നടക്കുന്നില്ല.. ഞാൻ അവളെ ചേർത്ത പിടിച്ചു കാറിന്റെ അടുത്തേക്ക് നടന്നു... എന്തേലും സംസാരിക്കാൻ തുടങ്ങിയാൽ കരഞ്ഞു പോകും എന്ന് അറിയാവുന്നത്കൊണ്ട് ഒന്നും സംസാരിച്ചില്ല... കാറിന്റെ അടുത്ത് ചെന്ന് ഡോർ തുറന്ന് അവളെ അതിലേക്ക് കയറ്റാൻ നോക്കി... എവിടെ പിടിവിടണ്ടേ.. ഞാൻ അവളെയും കൊണ്ട് കാറിൽ കയറി...

“നീ കരയണ്ട... ഇക്കാ ഉണ്ട് എപ്പോഴും മോളുടെ കൂടെ.. അവരെ വെറുതെ മുഷിപ്പിക്കണ്ട... മോള് ഈ പിടി വിട് ” അവളുടെ തല എന്റെ നെഞ്ചിൽ നിന്ന് മാറ്റിയിട്ട് അവളുടെ കൈ പിടിച്ചു മാറ്റാൻ ഞാൻ നോക്കി.... അവൾ

വിടുന്ന ലക്ഷണം ഇല്ല.. അവസാനം അവളുടെ കൂടെ ഞാനും പോകാൻ തീരുമാനിച്ചു...

കേറിയത് മുതൽ പിടിച്ച പിടി ആണ് എത്തിയിട്ടും പിടി വിട്ടിട്ടില്ല... വണ്ടിയിൽ നിന്നും ഇറങ്ങുമ്പോളും ആ പിടി വിടാതെ ഇരിക്കുന്നത് കണ്ട് കുടുംബക്കാർ എന്നെ നോക്കുന്നുണ്ടായിരുന്നു.... അവർക്കെല്ലാം ഞാൻ ഒരു ചെറു ചിരി സമ്മാനിച്ചു... അപ്പോൾ ജെന്ന അങ്ങോട്ട് വന്നു... ഞാൻ ആഫിയുടെ പിടി വിടിപ്പിച്ചു ജെന്നയുടെ കയ്യിലേക്ക് കൊടുത്തു... അവളുടെ മുഖത്തേക്ക് നോക്കാൻ പോലും എനിക്ക് ശക്തി ഇല്ലായിരുന്നു...

“അളിയാ ഞാൻ പോകുവാ...ഇനിയും നിന്നാൽ ശെരിയാകില്ല ” ഞാൻ ഫൈസലിനോട് പറഞ്ഞു...

“മുറ്റത്ത് വരെ വന്നിട്ട് അകത്തേക്ക് കയറാതെ ഇരുന്നാൽ എങ്ങനെയാ.. ഒരു വെള്ളം കുടിച്ചിട്ട് പോകാം ” അവൻ എന്നോട് പറഞ്ഞു...

“വേണ്ട അളിയാ ” എന്റെ ശബ്ദം ഇടറി...

“എന്നാ ok അളിയാ.. അളിയൻ എന്റെ ബൈക്ക് എടുത്തോ ” എന്ന് പറഞ്ഞിട്ട് അവൻ അവന്റെ ഉമ്മയോട് ചാവി എടുത്തോണ്ട് വരാൻ പറഞ്ഞു... അവന്റെ ഉമ്മ ചാവി എടുത്ത് തന്നതും ഞാൻ ബൈക്കിൽ കയറി... അവൻ എന്റെ അടുത്തേക്ക് വന്നു...

“രാത്രി അവിടുന്ന് ഇങ്ങോട്ട് വരാൻ സാധ്യത ഉണ്ട് ” ഞാൻ ചെറു ചിരിയോട് അവനോട് പറഞ്ഞു...

“അതിനു എന്താ. വരട്ടെ ” അവനും ചിരിച്ചുകൊണ്ട് പറഞ്ഞു..ഞാൻ അപ്പോൾ തന്നെ അവിടെ നിന്ന് തിരിച്ചു വീട്ടിലേക്ക് വന്നു... വണ്ടി നിർത്തി ഞാൻ അകത്തേക്ക് കയറി... വീട്ടിൽ ആരും ഇല്ലാത്തപോലെ ഒരു ഫീൽ.. ഒരു അനക്കവും ഇല്ല. ഹാളിൽ കയറിയ ഞാൻ കാണുന്നത്... വാപ്പിയുടെ നെഞ്ചേത്തേക്ക് ചാഞ്ഞു കിടന്ന് കരയുന്ന ഉമ്മിയെ ആണ്.. മാമിയും മാമയും നാദിയും ആഷിക്കും മോനും അവിടെ അടുത്ത് തന്നെ ഇരിപ്പുണ്ട്.. ഞാൻ അടുത്തുള്ള സോഫയിൽ ഇരുന്നു...എല്ലാരും എന്നെ ഒന്ന് നോക്കി എന്നിട്ട് പഴയത് പോലെ തന്നെ ഇരുന്നു...

“അജീന മതി എഴുന്നേറ്റ് പോയി കുളിക്ക് എന്നിട്ട് പോയി ഫുഡ് റെഡി ആക്ക് ” വാപ്പി ഉമ്മിയെ പിടിച്ചു എഴുന്നേപ്പിച്ചു കൊണ്ട് പറഞ്ഞു..മാമി ഉമ്മിയെ പിടിച്ചു കൊണ്ട് പോയി.. ഞാൻ അതെ ഇരിപ്പ് തന്നെ തുടർന്നു... എന്തോ വല്ലാത്ത വിഷമം ആയിരുന്നു... ആഷിക് നാദിയുമായി അവരുടെ വീട്ടിലേക്ക് പോയി... കുറച്ചു കഴിഞ്ഞു ഉമ്മി കുളിച്ചിറങ്ങി ഫുഡ് ഉണ്ടാക്കാനായി പോയി... വലിയ ഉഷാർ ഒന്നും ഇല്ല ആൾക്ക്... ഫുഡ് ഒക്കെ കഴിഞ്ഞ് മാമയും മാമിയും യാത്രയായി... ഞാൻ ഹാളിൽ സോഫയിൽ തന്നെ ഇരുന്നു.. അപ്പോൾ ഉമ്മി എന്റെ അടുത്ത് വന്ന് ഇരുന്നു... ഞാൻ ഉമ്മിയുടെ മടിയിലേക്ക് തലവെച്ചു കിടന്നു... ഉമ്മി എന്റെ തലയിൽ വാത്സല്യത്തോടെ തടകികൊണ്ട് ഇരുന്നു...കരഞ്ഞതിന്റെ ക്ഷീണം കാരണം ഞാൻ പതിയെ ഉറക്കത്തിലേക്ക് വീണിരുന്നു..

ഞാൻ ഉറക്കം എഴുന്നേക്കുമ്പോളും ഉമ്മി അതെ ഇരുത്തം തന്നെ തുടർന്നു... ഒരുപാട് ഇഷ്ടമായിരുന്നു ആഫിയെ... ഒരു കാര്യത്തിനും വഴക്ക് പോലും പറയില്ലായിരുന്നു.. ഞാൻ തല ചരിച്ചു നോക്കുമ്പോൾ വാപ്പിയും ഇരിപ്പുണ്ട്... വാപ്പിടെ മുഖത്തും വിഷമം ഉണ്ട്... ഞങ്ങൾ തമ്മിൽ സംസാരിച്ചതെ ഇല്ല.. ഉറക്കം

കഴിഞ്ഞപ്പോൾ വിഷമങ്ങൾ കുറഞ്ഞത് പോലെ തോന്നി.. ഞാൻ എഴുന്നേറ്റ് റൂമിൽ പോയി ഒന്ന് കുളിച്ചിട്ട് താഴേക്ക് വന്നു... അപ്പോഴും രണ്ട് പേരും ഒരേ ഇരിപ്പ് തന്നെ...

“രണ്ട് പേരും വാ എഴുന്നേക്ക്... അവളുടെ അടുത്ത് പോയിട്ട് വരാം ” ഞാൻ ഉമ്മിയെ പിടിച്ചു പൊക്കി നിർത്തിക്കൊണ്ട് പറഞ്ഞു...

“അതൊന്നും വേണ്ട ” വാപ്പി പറഞ്ഞു...

“എനിക്ക് കാണണം എന്റെ കൊച്ചിനെ ” ഉമ്മി എന്റെ അടുത്ത് പറഞ്ഞു...

“ഇപ്പോൾ ആണോ കാണാൻ പോകുന്നെ നാളെ പോകാം ” വാപ്പി പറഞ്ഞു...

“ഒന്നും പറയണ്ട... എനിക്ക് ഇപ്പൊ കാണണം ” ഉമ്മി വാശി പിടിച്ചു... അതിനു മുന്നിൽ വാപ്പിക്ക് ഒന്നും പറയാൻ ഇല്ലായിരുന്നു... അങ്ങനെ ഞങ്ങൾ വണ്ടിയിൽ കയറി അവളുടെ അടുത്തേക്ക് പോയി... വീട്ടിലോട്ട് വണ്ടി കയറ്റുമ്പോൾ കാണുന്നത് ജന്നയും ഉമ്മയും വാപ്പയും വെളിൽ നിക്കുന്നു... ഫൈസൽ അവരോട് എന്തോ പറഞ്ഞിട്ട് കാറിലേക്ക് കയറുന്നു... ഞങ്ങളുടെ വണ്ടി വരുന്നത് കണ്ട് ഫ്രണ്ട് ഡോർ തുറന്ന് ആഫി ഞനങ്ങളുടെ അടുത്തേക്ക് ഓടി വന്നു... ഞാൻ വണ്ടി അവിടെ തന്നെ നിർത്തി.. ഉമ്മി ഡോർ തുറന്ന് ഓടി വന്ന ആഫിയെ കെട്ടി പിടിച്ചു മുഖം മുഴുവൻ ഉമ്മ വെച്ചു... രണ്ടും കരച്ചിലായി... ഫൈസൽ അത് കണ്ട് ചിരിച്ചുകൊണ്ട് എന്റെ അടുത്തേക്ക് വന്നു...

“അവിടുന്ന് വന്നപ്പോൾ തുടങ്ങിയതാ ഇക്കയെ കാണണം ഉമ്മിയെ കാണണം വാപ്പി കാണണം എന്ന് പറഞ്ഞു... നാളെ കാണാം എന്ന് പറഞ്ഞപ്പോൾ പറ്റില്ല ഇന്ന് തന്നെ കാണണം എന്ന്.. അങ്ങനെ കൊണ്ട് വരാൻ ഇറങ്ങിയതാ ” അവൻ ചിരിച്ചുകൊണ്ട് തന്നെ പറഞ്ഞു...

“കുറച്ചു വാശി കൂടുതലാ എന്നെ ഉള്ളു.. പാവം ആണ് ” ഞാൻ അവനോട് പറഞ്ഞു...

“അത് എനിക്ക് അറിയാം.. ഇതിപ്പോൾ പെട്ടന്ന് ആയപ്പോൾ ആയതായിരിക്കും.. ” അവൻ പറഞ്ഞു...

“അവൾ പോയതിൽ പിന്നെ ഞങ്ങളുടെ വീട്ടിൽ ആരും ഇല്ലാത്ത പോലെ ആയി... ഉമ്മി ഒക്കെ വിഷമിച്ചു കണ്ടില്ലേ ” ആഫിയെ കെട്ടിപിടിച്ചു നിക്കുന്ന ഉമ്മിയെ ചൂണ്ടി കാണിച്ചുകൊണ്ട് ഞാൻ പറഞ്ഞു...

“നിങ്ങൾ അവിടെ തന്നെ നിക്കുവാണോ അകത്തേക്ക് കയറി വാ ” പുറത്ത് തന്നെ നിക്കുന്ന ഞങ്ങളെ കണ്ട് ഫൈസലിന്റെ വാപ്പ പറഞ്ഞു.. ഉമ്മി അഫിയെയെയും ചേർത്ത പിരിച്ചുകൊണ്ട് വീട്ടിലേക്ക് പോയി..ഞാനും വാപ്പിയും ഫൈസലും ഉമ്മിക്ക് പുറകെ നടന്നു..

“അധികാകാലം പിരിഞ്ഞു ഇരുന്നിട്ടില്ല... അതുകൊണ്ട് ആണ് ” അകത്തോട്ടു കയറാൻ തുടങ്ങിയപ്പോൾ തന്നെ ഉമ്മി ഫൈസലിന്റെ ഉമ്മയോട് പറഞ്ഞു... അവർ ഒരു ചെറു ചിരി ഉമ്മിക്ക് കൊടുത്തു... അകത്തു കയറി... ഞാനും വാപ്പിയും ഫൈസലും അവന്റെ വാപ്പയും ഞങ്ങൾ നാല് പേരും ഇരുന്നു ഓരോന്ന് സംസാരിച്ചുകൊണ്ട് ഇരുന്നു... അവർ നാല് പേരും അടുക്കളയിൽ

എന്തൊക്കെയോ പണിയിൽ ആയിരുന്നു... കുറച്ചു കഴിഞ്ഞപ്പോൾ അവരും ഞങ്ങളുടെ അടുത്തേക്ക് വന്നു...

“ഇവന് പെണ്ണിനെ ഒന്നും നോക്കുന്നില്ലേ ” ഫൈസലിന്റെ ഉമ്മ ഞങ്ങളോട് എല്ലാരോടുമായി ചോദിച്ചു...

“നോക്കണം ” വാപ്പി പറഞ്ഞു…

“ഇക്കാന്റെ പെങ്ങളുടെ ഒരു മോള് ഉണ്ട് ഫൗസിയ… നമുക്ക് ഒന്ന് ആലോചിച്ചാലോ ” ഫൈസലിന്റെ ഉമ്മ ചോദിച്ചു… വാപ്പിയും ഉമ്മിയും മുഖത്തോട് മുഖം നോക്കിയിട്ട് എന്റെ മുഖത്തേക്ക് നോക്കി…

“നമുക്ക് ഒന്ന് ആലോചിക്കാം…” ആഫി ആണ് അത് പറഞ്ഞത്….ഞങ്ങൾ മൂനു പേരും ഒരുമിച്ച് ആഫിയെ നോക്കി… അവൾ ഒരു ഭാവമാറ്റവും ഇല്ലാതെ തന്നെ ഇരിപ്പ് ആണ്…

“എന്നാ പിന്നെ ഞാൻ നാളെ തന്നെ ഞാൻ അത് വിളിച്ചു സംസാരിക്കാം എന്നിട്ട് നിങ്ങൾ ഒരു ദിവസം കാണാൻ പോ ” ഫൈസലിന്റെ ഉമ്മ പറഞ്ഞു…

“അധികം താമസിപ്പിക്കണ്ട എന്നാണ് എന്റെ അഭിപ്രായം ” ആഫി വീണ്ടും പറഞ്ഞു… ഞാൻ അവളെ രൂക്ഷമായി ഒന്ന് നോക്കിയിട്ട് കണ്ണ് കൊണ്ട് പുറത്തേക്ക് വരാൻ കാണിച്ചു… എന്നിട്ട് കാൾ വരുന്നു എന്നാ ഭാവേന ഞാൻ പുറത്തേക്ക് ഇറങ്ങി…അവിടെ നിന്നു…അപ്പോൾ അവൾ വന്ന് എന്റെ തോളിൽ തട്ടി…

“നീ ഇത് എന്ത് ഭവിച്ചാണ്.. എന്റെ കല്യാണകാര്യം ഒക്കെ തീരുമാനിച്ചത്… എന്റെ മനസിലുള്ളത് നിനക്ക് അറിയാത്തതൊന്നും അല്ലല്ലോ ” ഞാൻ കുറച്ചു ചൂടായി തന്നെ ആണ് സംസാരിച്ചത്… പക്ഷെ അവൾക്ക് അതൊന്നും പ്രേശ്നമേ അല്ലായിരുന്നു… അവൾ അത് കേട്ടിട്ടും ഒന്നും മിണ്ടാതെ നിന്നു…

“നീ എന്താ പൊട്ടൻ കളിക്കുവാണോ…വല്ലതും വാ തുറന്ന് പറ ” ഞാൻ കുറച്ചുകൂടെ ചൂടായി….

“ഞാൻ പറഞ്ഞാൽ മതിയോ ” ആഫിയുടെ പുറകിൽ നിന്ന് ജെന്ന ചോദിച്ചു...

ഞാൻ എന്ത് പറയാണെമെന്ന് അറിയതെ നിന്ന് ഉരുകി...

“ഇവൾ പറഞ്ഞത് ശെരിയാണെന്നെ എനിക്കും തോന്നിയിട്ടുള്ളു... കാരണം തന്റെ ജീവിതം വരെ രക്ഷിച്ച ഒരാൾ കല്യാണം കഴിച്ചോട്ടെ എന്ന് ചോദിച്ചപ്പോൾ ഒന്നും പറയാതെ പോയ ആൾ ആണ് ജാസ്മിൻ... അവളുടെ സ്ഥാനത്ത് ഞാൻ ആയിരുന്നേൽ കണ്ണും പൂട്ടി സമ്മതം പറഞ്ഞേനെ... അങ്ങനെ ഉള്ളപ്പോൾ ഇവൾ ഇവളുടെ ഇക്കാടെ കാര്യം നോക്കി അത്രയും മാത്രമേ ഇവിടെ ഉണ്ടായുള്ളൂ ”ജെന്ന കാര്യം വ്യക്തമാക്കി...

“ഇനി ഇക്കാക്ക് തീരുമാനിക്കാം... എന്തെടുത്താലും എനിക്ക് ഒന്നും ഇല്ല..” അത്രയും നേരം ഒന്നും മിണ്ടാതെ ഇരുന്ന ആഫി പറഞ്ഞു... ഞാൻ കുറച്ചു നേരം ആലോചിച്ചു... വലിയ സന്ദോഷം ഇല്ലാതെ തന്നെ അവരുടെ സമ്മർദ്ധതിന് എനിക്ക് വഴങ്ങേണ്ടതായി വന്നു...

“നിങ്ങൾ പറഞ്ഞത് തന്നെ ആണ് ശെരി.. ഇതിന് ഞാൻ സമ്മതിച്ചിരിക്കുന്നു ”

ഞാൻ പറഞ്ഞു.... അപ്പോഴേക്കും ഫൈസൽ പുറത്തേക്ക് വന്നു...

“മതി സംസാരിച്ചത് വാ ഫുഡ് കഴിക്കാം ” ഫൈസൽ പറഞ്ഞു... ഞങ്ങൾ എല്ലാവരും അകത്തേക്ക് പോയി... മറ്റേ കാര്യങ്ങൾ മനസ്സിൽ കിടക്കുന്നത്കൊണ്ട് എനിക്ക് ഒന്നും കഴിക്കാൻ പറ്റുന്നില്ലായിരുന്നു.. ഞാൻ കുറച്ചു കഴിച്ചു എഴുന്നേറ്റു... ആഫി എന്റെ പുറകെ എഴുന്നേറ്റു വന്നു... ഞങ്ങൾ പുറത്തേക്ക് പോയി ഇരുന്നു....

“അന്ന് ഞാൻ ഇഷ്ടമാണെന്ന് പറഞ്ഞപ്പോൾ അവൾ എന്നെ കെട്ടിപിടിച്ചു കരഞ്ഞായിരുന്നു... പിന്നെ. അന്ന് മെഹന്തിടെ അന്ന് ഞാൻ ജന്നയുമായി സംസാരിച്ചുകൊണ്ട് ഇരുന്നപ്പോൾ അവൾ ഒളികണ്ണ് ഇട്ട് നോക്കുന്നുണ്ടായിരുന്നു ” ഞാൻ കൊച്ച് കുട്ടികളെ പോലെ പറഞ്ഞു...

“ഇതൊക്കെ ശെരിയായിരിക്കാം... പക്ഷെ ഇതൊക്കെ കൊണ്ട് അവൾക്ക് ഇക്കയെ ഇഷ്ടമാണെന്ന് നമ്മൾക്ക് കരുതാൻ പറ്റുമോ... അവൾ ഇക്കാക്ക് ഒരു സഹോദരന്റെ സ്ഥാനം ആണ് തന്നിരിക്കുന്നതെങ്കിലോ...ഇഷ്ടമാണെന്ന് പറഞ്ഞപ്പോൾ അല്ല എന്ന് പറഞ്ഞാൽ ഇക്കാ അവളെ സഹായിച്ചില്ലെങ്കിലോ എന്ന് പേടിച്ചിട്ട് അവൾ പറയാതെ ഇരുന്നതാണേൽ നമ്മൾ എന്ത് ചെയ്യും?” അവൾ എന്നോട് ചോദിച്ചു... അതിനൊന്നും എനിക്ക് ഉത്തരം ഇല്ലായിരുന്നു....

“അവൾക്ക് ഇഷ്ടമായിരിക്കാം ഇഷ്ടമല്ലായിരിക്കാം... നമ്മൾക്ക് ഒരു ഭാഗ്യപരീക്ഷണം കൂടെ വേണോ?” ആഫി ചോദിച്ചു... വേണ്ട എന്ന് എന്റെ മനസ് പറഞ്ഞു... കുറച്ചു വേദന സഹിച്ച് ആണേലും ജാസ്മിനെ മറക്കാൻ തന്നെ ഞാൻ തീരുമാനിച്ചു.... അപ്പോൾ എല്ലാരും പുറത്തേക്ക് വന്നു...

“നമ്മൾക്ക് പോകാം ” വെളിയിലേക്ക് ഇറങ്ങിയ ഉടനെ വാപ്പി ചോദിച്ചു...

“അഹ് പോകാം ” ഞാൻ പറഞ്ഞു...

“എന്നാൽ ഞങ്ങൾ ഇറങ്ങട്ടെ ”വാപ്പി ഫൈസലിന്റെ വാപ്പയോട് ചോദിച്ചു...

“ശെരി ” എന്ന് അവന്റെ വാപ്പ പറഞ്ഞു... ഉമ്മി ഫൈസലിന്റെ ഉമ്മയോട് എന്തൊക്കെയോ പറഞ്ഞു കൈ ഒക്കെ കൊടുത്തു എന്നിട്ട് ഞങ്ങളുടെ കൂടെ ഇറങ്ങി... ഞങ്ങൾ കാറിന്റെ അടുത്ത് എത്തി ആഫിയും ഫൈസലും ഞങ്ങളുടെ കൂടെ ഉണ്ടായിരുന്നു... കാറിലേക്ക് കയറുന്നതിനു മുന്നേ ഉമ്മി ആഫിയെ കെട്ടിപിടിച്ചു കവിളിൽ ഒരു ഉമ്മ കൊടുത്തു... എന്നിട്ട് കാറിലേക്ക് കയറി... ആഫി എന്റെ അടുത്തേക്ക് വന്നു...

“ഇക്കാ നല്ലതുപോലെ ആലോചിച്ചിട്ട് ഒരു തീരുമാനം എടുത്താൽ മതി ” ആഫി എന്റെ അടുത്ത് പതിയെ പറഞ്ഞു...

“അഹ് ” എന്ന് പറഞ്ഞിട്ട് ഞാൻ വണ്ടിയിലേക്ക് കയറി...

“അളിയാ വണ്ടി നാളെ ഞാൻ ഇങ്ങ് എത്തിക്കാം ” ഞാൻ പറഞ്ഞിട്ട് വണ്ടി തിരിച്ചു വീട്ടിലേക്ക് യാത്രയായി...

“എന്താ നിന്റെ തീരുമാനം ” വണ്ടിയിൽ വെച്ച് തന്നെ ഉമ്മി എന്നോട് ചോദിച്ചു....

“എന്ത് തീരുമാനം ” ഞാൻ തിരിച്ചു ചോദിച്ചു...

“ഫൈസലിന്റെ ഉമ്മ പറഞ്ഞ കാര്യം ഇല്ലേ.. അത് ”

“അത്.... നിങ്ങളുടെ ഇഷ്ടം എന്താണെന്ന് വെച്ചാൽ അത് ചെയ്തോ എനിക്ക് സമ്മതം ആണ് ” ഞാൻ പറഞ്ഞു... വാപ്പി ഇതൊക്കെ കേക്കുന്നുണ്ടെങ്കിലും ഒന്നും പറഞ്ഞില്ല...

“അങ്ങനെ ആണേൽ നാളെ വിളിച്ചു പറഞ്ഞിട്ട് നമുക്ക് വ്യാഴാഴ്ച പോയി കാണാം... അപ്പൊ നിനക്ക് വെള്ളിയാഴ്ച അങ്ങ് വിവേകിന്റെ വീട്ടിൽ പോകാമല്ലോ ” ഉമ്മി പറഞ്ഞു...

“ഷ്മ് ” ഞാൻ ഒന്ന് മൂളിയതേ ഉള്ളു... ഞങ്ങൾ പിന്നെ സംസാരിച്ചതെ ഇല്ല...

ഞാൻ വീട്ടിൽ എത്തി ഞാൻ നേരെ എന്റെ റൂമിലേക്ക് പോയി... ഒന്ന് ഫ്രഷ് ആയി ബെഡിലേക്ക് കിടന്നു ഉറങ്ങാൻ ആഗ്രഹം ഉണ്ടെങ്കിലും കണ്ണ് അടക്കുമ്പോൾ ജാസ്മിന്റെ മുഖം ഇങ്ങനെ മനസ്സിൽ വന്നുകൊണ്ടേ ഇരുന്നു... അത് മനസ്സിൽ വരാതെ ഇരിക്കാൻ ആയി ഞാൻ കുട്ടികാലത്തെ ഞാനും ആഫിയും കാണിച്ചുകൂട്ടിയ കുസൃതികൾ എല്ലാം ഓർത്തു.. ചിലത് ചിരിക്കാൻ ഉള്ളത് ആണേൽ ചിലത് അവൾ ഇപ്പൊ കൂടെ ഇല്ല എന്ന് ഉള്ളതിൽ വിഷമം ആകും... ഓരോന്ന് ആലോചിച്ച് ആലോചിച്ചു കണ്ണിൽ നിന്ന് വെള്ളം വന്ന് തുടങ്ങി... അവസാനം അത് വലിയ ഒരു കരച്ചിലിലേക്ക് എന്നെ കൊണ്ട് എത്തിച്ചു... കരഞ്ഞു കരഞ്ഞു ഞാൻ എപ്പോഴോ ഉറക്കത്തിലേക്ക് വീണു...

2 ദിവസത്തെ മുഴുവൻ ക്ഷീണവും തീർത്ത് ഞാൻ ഉറക്കം എഴുന്നേറ്റപ്പോൾ 11 മണി ആയി... ഞാൻ പല്ലൊക്കെ തേച്ചു താഴേക്ക് ചെന്നപ്പോൾ വാപ്പി പത്രം വായിക്കുന്നത്തെ ഉള്ളു...

“എഴുനേക്കാൻ താമസിച്ചോ വാപ്പി ” ഞാൻ വാപ്പിയോട് ചോദിച്ചു...

“അഹ്,ഇന്നാലേ ഓരോന്ന് പറഞ്ഞു ഇരുന്നു താമസിച്ചു... അതാ” വാപ്പി പറഞ്ഞു...

ഞാൻ അവിടെ നിന്ന് ഉമ്മിയുടെ അടുത്തേക്ക് പോയി... ഉമ്മി അവിടെ പണിയിൽ ആണ്... ഇഡലി ഉണ്ടാക്കുകയായിരുന്നു... ഞാനും ഉമ്മിടെ കൂടെ സഹായത്തിനായി നിന്നു... ഉമ്മിക്ക് പഴയ പോലെ ഒരു സന്തോഷം ഇല്ല സ്പീഡ് ഇല്ല...

“നിനക്ക് ജാസ്മിനെ ഇഷ്ടമായിരുന്നു അല്ലെ ” പണിക്കിടയിൽ ഉമ്മി എന്നോട് ചോദിച്ചു...

“ഇഷ്ടമായിരുന്നു ആ ഇഷ്ടം തിരിച്ചും പ്രേധിക്ഷിച്ചു പക്ഷെ അത് കിട്ടിയില്ല ” ഞാൻ ഉമ്മിടെ മുഖത്ത് നോക്കാതെ പറഞ്ഞു...

“വിധിച്ചതല്ലേ കിട്ടുകയുള്ളു...” ഉമ്മി പറഞ്ഞു നിർത്തി... അത്കഴിഞ്ഞു ഞങ്ങൾ ഫുഡ് ഒക്കെ കഴിച്ചു ഇരുന്നു...

വൈകിട്ട് വെറുതെ ഫോണിൽ നോക്കി ഇരുന്നപ്പോൾ ആൾ ഉമ്മി ആരോടോ സംസാരിച്ചുകൊണ്ട് എന്റെ അടുത്തേക്ക് വന്നത്...

“വ്യാഴാഴ്ച അല്ലെ ” ഉമ്മി എന്നെ ചൂണ്ടി ചോദിച്ചു...എനിക്ക് മനസിലായില്ല എന്താണെന്ന്...

“അഹ് ശെരി ” എന്ന് പറഞ്ഞു ഉമ്മി ഫോൺ കട്ട് ചെയ്തു...

“വ്യാഴാഴ്ച എന്താ ” ഞാൻ ഉമ്മിയോട് ചോദിച്ചു...

“അവരുടെ വീട്ടിൽ പോയി കാണണ്ടേ അത് ” ഉമ്മി ചെറിയ പേടിയോടെ ആണ് പറഞ്ഞത്...

“ആഹ് അതാണോ ശെരി ” ഞാൻ പറഞ്ഞിട്ട് വീണ്ടും ഫോണിൽ തന്നെ നോക്കി... ഉമ്മി അവിടെ തന്നെ ഇരുന്നു തലയിൽ തടകികൊണ്ട് ഇരുന്നു...

“ഇനി നീ എന്താണ് തീരുമാനിച്ചിരിക്കുന്നത് ജാസ്മിന്റെ കാര്യം ” ഉമ്മി തലയിൽ തടകികൊണ്ട് തന്നെ ചോദിച്ചു...

“അറിയില്ല അവരെ അങ്ങനെ ഇറക്കി വിടാൻ പറ്റില്ലല്ലോ... അവൾക്ക് ഒരു ജോലി ശെരിയാക്കികൊടുക്കാം അവിടെ.. പിന്നെ എന്താന്ന് വെച്ചാൽ അപ്പോൾ തീരുമാനിക്കാം ” ഞാൻ പറഞ്ഞു...

“അതല്ല ചിലപ്പോൾ പെണ്ണ് വീട്ടുകാർ നിന്നെപ്പറ്റി അന്വേഷിക്കുമ്പോൾ ഈ കാര്യം അറിഞ്ഞാലോ? ” ഉമ്മി ചോദിച്ചു...

“അത് വഴി ഉണ്ടാക്കാം ഉമ്മി... ഇതിപ്പോ നമ്മൾ ആയിട്ട് വരുത്തി വച്ചതല്ലേ... അവരെ ഇങ്ങോട്ട് തിരിച്ചു അയക്കാം ഇല്ലേൽ.. എന്നിട്ട് അവർക്ക് വീട്ടിൽ പോകണം എന്ന് ആണേൽ പോകട്ടെ ” ഞാൻ പറഞ്ഞു... പിന്നെ ഉമ്മി ഒന്നും സംസാരിച്ചില്ല തലയിൽ തടകിക്കൊണ്ട് ഇരുന്നു....

...2 ദിവസം കഴിഞ്ഞു ഇന്ന് പെണ്ണ് കാണാൻ പോകുന്ന ദിവസം.....

രാവിലെ തന്നെ എഴുന്നേറ്റു... ജാസ്മിൻ ഉള്ളിൽ കിടക്കുന്നത്കൊണ്ട് വലിയ താല്പര്യം ഒന്നും ഇല്ലെങ്കിലും ആരെയും വിഷമിപ്പിക്കാതെ ഇരിക്കാൻ എനിക്ക് അത് ചെയ്തേ പറ്റു... ഞാൻ ഒരു ലൈറ്റ് പച്ചയിൽ വരയുള്ള ഷർട്ടും നീല പാന്റ്സും ഇട്ട് വാച്ചും എടുത്ത് കെട്ടി ഷൂ എടുത്ത് ഇട്ടു അവിടെ ഇരുന്നു... അപ്പോൾ ഉമ്മിയും വാപ്പിയും ഡ്രസ്സ് ഒക്കെ ചെയ്ത് പുറത്തേക്ക് വന്നു... അവർ രണ്ടുപേരും നല്ല സന്തോഷത്തിൽ ആണ്... എന്റെ മുഖം മ്ലാനമായി ഇരിക്കുന്നത് കണ്ടാൽ ശെരിയാകില്ല എന്ന് ഓർത്തു ഞാൻ അവർ പറയുന്ന കോമെഡിക്ക് ഒക്കെ ചിരിച്ചുകൊടുത്തു...അങ്ങനെ ഞങ്ങൾ ഓരോന്ന് സംസാരിച്ചു അവിടെ എത്തി... അവിടെ അപ്പോൾ ഫൈസലിന്റെ വാപ്പയും ഉമ്മയും ജന്നയും ഉണ്ടായിരുന്നു... ഞങ്ങൾ വന്നതറിഞ്ഞു ഫൈസലിന്റെ വാപ്പയും ഫൗസിയുടെ വാപ്പയും പുറത്തേക്ക് വന്നു...ഫൈസലും ആഫിയും കല്യാണം കഴിഞ്ഞ് ഉള്ള കറക്കത്തിൽ ആണ്...

“ആഹ്, വാ വാ കേറിവാ... ഫാത്തിമ അവർ ദാ എത്തി ” ഫൗസിയുടെ വാപ്പ

അകത്തേക്ക് നോക്കി വിളിച്ചു... ഞങ്ങൾ മൂന് പേരും അവിടെ ഇരുന്നു...

“മോൻ എന്ത് ചെയ്യുന്നു?” ഫൗസിടെ വാപ്പ ചോദിച്ചു...

“ബിസ്സിനെസ്സ് ” ഒറ്റ വാക്കിൽ ഞാൻ ഉത്തരം പറഞ്ഞു...

“ബാംഗ്ലൂർ അല്ലെ ”

“ഗൾഫിൽ ഉള്ളത് വാപ്പി നോക്കും ബാംഗ്ലൂർ ഉള്ളത് ഞാനും... കേരളത്തിലും നോക്കാൻ തുടങ്ങണം ” ഞാൻ ചിരിച്ചുകൊണ്ട് പറഞ്ഞു...

“താമസിപ്പിക്കണ്ട കൊച്ചിനെ വിളിക്ക് ” ഫൈസലിന്റെ വാപ്പ പറഞ്ഞു…

“ഫാത്തിമാ, മോളെ കൊണ്ട് വാ ”

വിളിച്ചു പറഞ്ഞതും അടുക്കളയിൽ നിന്ന് ചായയുമായി അവൾ ഞങ്ങളുടെ അടുത്തേക്ക് വന്നു… അവൾ ചായ എനിക്ക് തന്നു… അവളുടെ മുഖത്തേക്ക് നോക്കാൻ പോലും എനിക്ക് തോന്നിയില്ല… അവളുടെ മുഖത്തേക്ക് നോക്കാൻ തുടങ്ങുമ്പോൾ ജാസ്മിന്റെ മുഖം മനസിലേക്ക് കടന്നുവന്നുകൊണ്ടിരിക്കുന്നു ഇരുന്നു… അവൾ ചായ ഒക്കെ തന്നു കഴിഞ്ഞ് മാറി നിന്നു… ഞാൻ ഉമ്മിയുടെ മുഖത്തേക്ക് നോക്കി… ഉമ്മിക്കും വാപ്പിക്കും നല്ല സന്തോഷം ആണ്…. ഞാൻ അവളുടെ മുഖത്തേക്ക് ഒന്ന് നോക്കി… നല്ല ബ്ലാക്ക് കളർ കണ്ണുകളും ചെറിയ മൂക്കും നല്ല റോസ് കളർ ചുണ്ടുകളും നിരയോത്ത പല്ലുകളും.. തലയിൽ ഒരു പച്ച ഷാളും ഇട്ട് നിക്കുന്നു..

“അവർക്ക് എന്തേലും സംസാരിക്കാൻ ഉണ്ടേൽ സംസാരിക്കട്ടെ ”ഫൗസിടെ വാപ്പ പറഞ്ഞു…അവൾ അടുത്തുള്ള റൂമിലേക്ക് പോയി…

“മോൻ അങ്ങോട്ട് ചെല്ല് ” ഉമ്മി എന്റെ തോളിൽ തട്ടി പറഞ്ഞു… ഞാൻ അവിടെ നിന്ന് എഴുനേറ്റ് ആ റൂമിലേക്ക് പോയി… അവൾ അവിടെ തിരിഞ്ഞു നിക്കുകയായിരുന്നു…

“ഇക്കാക്ക് ഐഷയെ ഇഷ്ടമായിരുന്നു അല്ലെ ” ഞാൻ വന്ന് എന്ന് മനസിലാക്കിക്കൊണ്ട് അവൾ ചോദിച്ചു…ഞാൻ അത് കേട്ട് ഞെട്ടി തരിച്ചുപോയി..

കഴിഞ്ഞ പാർട്ടിൽ ഒരുപാട് നെഗറ്റീവ് കമന്റ്സ് വന്നു… നിങ്ങൾക്ക് ഇഷ്ടപെടുന്നില്ലേൽ പറയണം…

സ്നേഹ പൂർവ്വം ചുള്ളൻ ചെക്കൻ..

“ഇക്കാക്ക് ഐഷയെ ഇഷ്ടമായിരുന്നു അല്ലെ ” ഞാൻ വന്ന് എന്ന് മനസിലാക്കിക്കൊണ്ട് അവൾ തിരിഞ്ഞ് നിന്ന് തന്നെ ചോദിച്ചു...ഞാൻ അത് കേട്ട് ഞെട്ടി തരിച്ചുപോയി...

“അത് നീ എങ്ങനെ...” ഞാൻ ചോദിച്ചു..

“ഞാൻ ചുമ്മാ ചോദിച്ചതാണ്... ജെന്ന പറഞ്ഞതാണ് ഇതൊക്കെ അപ്പൊ ഒന്ന് ചോദിച്ചു എന്നെ ഉള്ളു ” അവൾ തിരിഞ്ഞു ചിരിച്ചുകൊണ്ട് ചോദിച്ചു... അപ്പോഴാണ് എന്റെ ശ്വാസം നേരെ വീണത്...ഞാനൊരു ദീർഘനിശ്വാസം ഇട്ടു...

“എന്ത് പറ്റി ” അവൾ ചിരിച്ചുകൊണ്ട് ചോദിച്ചു...ഒന്നുമില്ല എന്നാ രീതിയിൽ ഞാൻ തോൾ അനക്കി...

“ഇക്കാ എന്താ ഒന്നും സംസാരിക്കാത്തത്? ” അവൾ ചോദിച്ചു...

“തൊണ്ട വയ്യ ” ഞാൻ ഒരു കള്ളം പറഞ്ഞു...

“കള്ളം ഒന്നും പറയണ്ട... ജെന്ന അതും എന്നോട് പറഞ്ഞു... അതൊന്നും എനിക്ക് ഒരു പ്രേശ്നമേ അല്ല ” അവൾ പറഞ്ഞു...

“അതെ മതി വിളിക്കുന്നു ” ജെന്ന ഡോറിന്റെ അവിടെ വന്ന് നിന്ന് പറഞ്ഞു...

ഞാൻ അവിടെ നിന്ന് എഴുനേറ്റ് തിരിച്ചു ഉമ്മിടെ അടുത്ത് ഇരുന്നു... അപ്പോൾ എന്റെ മുഖത്തും മനസിനും ഒരു ചെറിയാ സന്ദോഷം ഉണ്ടായിരുന്നു...

“കാര്യങ്ങൾ ഞങ്ങൾ അറിയിക്കാം... എന്നാൽ ശെരി ഇറങ്ങട്ടെ ” വാപ്പി ചോദിച്ചു കൊണ്ട് എഴുനേറ്റു...

“ഓ ആയിക്കോട്ടെ ”എന്ന് പറഞ്ഞു അവളുടെ വാപ്പയും ഫൈസലിന്റെ വാപ്പയും എല്ലാരും എഴുനേറ്റു... ഞങ്ങൾ കാറിലേക്ക് കയറി വണ്ടി തിരിച്ചു...

“മോനെ ഞങ്ങൾ തീരുമാനിക്കട്ടെ ” ഉമ്മി ആണ് ചോദിച്ചത്...

“നിങ്ങൾ തീരുമാനിച്ചോ എനിക്ക് കുഴപ്പം ഒന്നും ഇല്ല ” ഞാൻ പറഞ്ഞു...

“ഉമ്മിക്കും വാപ്പിക്കും ഫൗസിയെ അങ്ങ് ഇഷ്ടപ്പെട്ടു എന്ന് തോന്നുന്നല്ലോ ” ഞാൻ ചോദിച്ചു..

“പിന്നെ നല്ല കുട്ടി ആണല്ലോ ” വാപ്പി പറഞ്ഞു ..

“നല്ല സ്വഭാവും ആണ്, കാണാനും കൊള്ളാം ” ഉമ്മി പറഞ്ഞു...

“എത്രയും പെട്ടന്ന് ഇത് നടത്തണം..” വാപ്പി പറഞ്ഞു...

“തിരക്ക് പിടിക്കേണ്ട.. അവരോട് കാര്യം പറഞ്ഞിട്ട് അവർക്ക് എന്ന് നടത്താൻ പറ്റും എന്ന് ആലോചിച്ചിട്ട് തീരുമാനം എടുത്താൽ മതി ” ഉമ്മി പറഞ്ഞു

“എന്നാലും ആഫി കൂടെ വേണമായിരുന്നു...” ഞാൻ പറഞ്ഞു...

“അവർ പോയപ്പോൾ എന്നാൽ പിന്നെ നിനക്ക് പറഞ്ഞുകൂടായിരുന്നോ ഇത് കഴിഞ്ഞ് പോയാൽ മതിയെന്ന്” ഉമ്മി ചോദിച്ചു..

“ആ ഇനി അഥവാ ഇതും ശെരിയായില്ലായിരുന്നേൽ അവളോട് പിന്നെയും വഴക്ക് ഇടേണ്ടി വന്നേനെ..” ഞാൻ പറഞ്ഞു... അങ്ങനെ ഞങ്ങൾ ഓരോന്ന് സംസാരിച്ചു വീട്ടിലേക്ക് എത്തി..

ഉമ്മി നേരെ റൂമിലേക്ക് പോയി... അപ്പോൾ വാപ്പി എന്റെ കയ്യിൽ പിടിച്ചു...

“നിനക്ക് അവളെ ഇഷ്ടപെട്ടില്ലേ” വാപ്പി ചോദിച്ചു...

“ഇഷ്ടപ്പെട്ടു വാപ്പി എന്താ?” ഞാൻ ചോദിച്ചു...

“അല്ല നീ അവളെ നോക്കിയത് പോലും ഇല്ല.. ഞാൻ ശ്രദ്ധിച്ചിരുന്നു ”

“അത് വാപ്പി .. എനിക്ക് പെട്ടന്ന് നോക്കാൻ തോന്നിയില്ല അതുകൊണ്ട് ആണ്. പക്ഷെ അവൾക്ക് കാര്യം ഒക്കെ അറിയാം..”

“അപ്പൊ നിനക്ക് കുഴപ്പം ഒന്നും ഇല്ലാലോ ” വാപ്പി ഒന്നുകൂടെ ചോദിച്ചു...

“കുഴപ്പം ഒന്നും ഇല്ല വാപ്പി ” ഞാൻ ചിരിച്ചുകൊണ്ട് പറഞ്ഞിട്ട് വീടിനുള്ളിലേക്ക് കയറി പോയി...

..

..

അടുത്ത ദിവസം തന്നെ ഞാൻ വിവേകിന്റെ വീട്ടിലേക്ക് പോയി...

“ആ വാടാ അവിടുള്ള കാര്യങ്ങൾ എല്ലാം കഴിഞ്ഞില്ലേ ” വീടിന്റെ മുൻപിൽ ഒരു വണ്ടി വന്ന് നിക്കുന്നതറിഞ്ഞു ഇറങ്ങി വന്ന് വിവേക് ചോദിച്ചു...

“അവിടെ എല്ലാം കഴിഞ്ഞു എനിക്ക് ഒരു പെണ്ണും കണ്ടു ” ഞാൻ ചിരിച്ചുകൊണ്ട് പറഞ്ഞു...

“ഓഹോ അവിടെ വരെ ഒക്കെ ആയോ കാര്യങ്ങൾ... അപ്പോൾ ജാസ്മിനെ വേണ്ടന്ന് വെച്ചോ ” അവൻ ചോദിച്ചു...

“എടാ വേണ്ടന്ന് വെച്ചിട്ട് അല്ല.. അവൾക്ക് എന്നെ വേണ്ടെങ്കിൽ ഞാൻ പിന്നെ എന്ത് ചെയ്യാൻ ആണ് ” ഞാൻ അവനോട് ചോദിച്ചു..

“അത് ശെരിയാ..അഞ്ജന ഇന്നലെ കൂടെ നിന്നെ തിരക്കി ” അവൻ പറഞ്ഞു...

“അന്ന് ക്ലാസ്സ് കഴിഞ്ഞപ്പോൾ കണ്ടതാ... പിന്നെ അവളുമായി യാതൊരു ബന്ധവും ഇല്ലാ.” ഞാൻ പറഞ്ഞു...

“അതിന് നിനക്ക് അവൾ തരുന്നുണ്ടെന്ന് പറഞ്ഞിട്ടുണ്ട് ” അവൻ ചിരിച്ചുകൊണ്ട് പറഞ്ഞു....

“അപ്പൊ എന്റെ പണി തീരാറായി അല്ലെ ” ഞാനും ചിരിച്ചുകൊണ്ട് പറഞ്ഞു...

“അത് കൊള്ളാം വന്നിട്ട് സംസാരിച്ചുകൊണ്ട് അവിടെ തന്നെ നിക്കുവാണോ... വാ അകത്തേക്ക് വാ ”വിവേകിന്റെ അമ്മ സവിത ആന്റി ആണ്.. ഞാനും അവനും അകത്തേക്ക് കയറി...അവൻ എനിക്ക് ഒരു റൂം കാണിച്ചു തന്നു...

“നീ ഒന്ന് ഫ്രഷ് ആക്.. നമുക്ക് ഒന്ന് പുറത്തേക്ക് ഇറങ്ങാം ” അവൻ പറഞ്ഞു.

ഞാൻ ഫ്രഷ് ആയി പുറത്തേക്ക് വരുമ്പോൾ അവൻ ബെഡിൽ ഇരിക്കുവാണ്... ഞാൻ ഡ്രസ്സ് ചെയ്ത് പുറത്തേക്ക് വന്നു...

“എവിടെ പോകാനാണ് ” ഞാൻ അവനോട് ചോദിച്ചു...

“നീ വാ ” അവൻ പറഞ്ഞു എന്നിട്ട് അവൻ പുറത്തേക്ക് ഇറങ്ങി...

“അമ്മേ ഞങ്ങൾ ഒന്ന് പുറത്തേക്ക് പോവുകയാ...” അവൻ അകത്തേക്ക് നോക്കി വിളിച്ചു പറഞ്ഞു.. എന്നിട്ട് ഞങ്ങൾ യാത്രയായി..അവൻ എങ്ങോട്ടോ എന്നെ കൊണ്ട് പോയി.. എന്നിട്ട് ഒരു ടെക്സ്റ്റൈൽസിന്റെ മുൻപിൽ നിർത്തി...

“വാ ഇറങ് ” എന്ന് പറഞ്ഞു അവൻ ഇറങ്ങി... ഞാനും ഇറങ്ങി അവന്റെ കൂടെ പോയി..

“ഇവിടെ എന്താടാ ” ഞാൻ അവനോട് ചോദിച്ചു...

“സാധാരണ എല്ലാവരും ഇവിടെ തുണി എടുക്കാൻ ആണ് വരുന്നത് ” അവൻ ഒരു അളിഞ്ഞ ചിരിയോടെ പറഞ്ഞു...

“ഓ എനിക്ക് അറിയത്തില്ലായിരുന്നു... ഇവിടെ നമ്മൾ എന്തിനാ വന്നത് എന്നാണ് ഞാൻ ചോദിച്ചത്?”

“എടാ ഷർട്ട് എടുക്കാൻ നിനക്ക് ” അവൻ പറഞ്ഞു പിന്നെ ഞാൻ ഒന്നും മിണ്ടിയില്ല... അവൻ എനിക്ക് ഒരു ചെക്ക് ഷർട്ട് എടുത്ത് എന്നിട്ട് അത് പാക്ക് ചെയ്ത് വാങ്ങാൻ ചെന്നപ്പോൾ അവിടെ നിക്കുന്നു... നമ്മുടെ ശത്രു ഐഷ...

ഞാൻ അവളുടെ അടുത്തേക്ക് പോകാതെ മാറി നിക്കാൻ തന്നെ തീരുമാനിച്ചു... പക്ഷെ വിധി മറ്റൊന്ന് ആയിരുന്നു... അവൾ പെട്ടന്ന് തിരിഞ്ഞു നോക്കി അപ്പോൾ അവൾ എന്നെ കണ്ടു... അവൾ പെട്ടന്ന് ബില്ല് അടച്ചിട്ടു എന്റെ അടുത്തേക്ക് വന്നു...

"അവളെ മാറ്റി എന്ന് വെച്ച് അവൾ രക്ഷപെട്ടു എന്ന് കരുതണ്ട " ഐഷ ദേഷ്യത്തോടെ പറഞ്ഞു... അടുത്ത് നിന്നവർ ഒക്കെ ഞങ്ങളെ ശ്രെദ്ധിക്കുന്നത് ഞാൻ കണ്ടു... ഞാൻ അവളോട് ഒന്നും പറയാതെ ഷോപ്പിൽ നിന്ന് പുറത്തേക്ക് ഇറങ്ങി... ഐഷ എന്റെ പിറകെ വന്നു...

"എന്താടാ നിനക്ക് പേടി ആണോ എന്നോട് സംസാരിക്കാൻ " കാറിന്റെ അടുത്ത് എത്തിയപ്പോൾ അവൾ എന്റെ മുൻപിൽ കേറി നിന്നക്കൊണ്ട് പറഞ്ഞു...

ഞാൻ അവളുടെ കുത്തിന് പിടിച്ചു കാറിനോട് ചേർത്തു...

"അവളുടെ ദേഹത്ത് തൊടണമെങ്കിൽ നീ നിന്റെ തന്തക്ക് ഒന്ന് കൂടെ ജനിക്കണം " എന്ന് പറഞ്ഞു അവളുടെ കഴുത്തിൽ നിന്ന് പിടി വിട്ടു...അവൾ ഒന്ന് പേടിച്ചു...

"നിനക്ക് എന്നെ ശെരിക്ക് അറിയില്ല... ഇനി ഒരുതവണ കൂടെ നമ്മൾ തമ്മിൽ ഇത് സംസാരിക്കേണ്ടി വന്നാൽ അന്ന് നീ അറിയും ഞാൻ ആരാണെന്ന് " ഞാൻ നല്ല ദേഷ്യത്തിൽ പറഞ്ഞിട്ട് അവളെ ഡോറിന്റെ അവിടെ നിന്ന് മാറ്റി... അപ്പോൾ വിവേക് വന്ന് എന്നെ പിടിച്ചു അകത്തു കയറ്റി എന്നിട്ട് അവനും കയറി...

“നീ എന്താടാ മൈര് ഇങ്ങനെ ഒക്കെ കാണിക്കുന്നേ ” അവൻ ചെറിയ ദേഷ്യത്തിൽ എന്നോട് ചോദിച്ചു…

“പിന്നെ ഞാൻ എന്ത് ചെയ്യണം അവൾ വെല്ല വിളിക്കുമ്പോൾ മിണ്ടാതെ കേട്ട് നിക്കണോ ”

ഞാൻ ചോദിച്ചു അതിനു അവനു ഉത്തരം ഇല്ലായിരുന്നു… തിരിച്ചു വീട്ടിൽ വരുമ്പോൾ പന്തലിന്റെ പണി ഒക്കെ തുടങ്ങിയിരുന്നു…

2 ദിവസത്തിന് ശേഷം….വിവേകിന്റെ കല്യാണ ദിവസം…

രാവിലെ തന്നെ ഒരുക്കങ്ങൾ തുടങ്ങി…

10മണിക്ക് തന്നെ അവിടെ നിന്ന് എറണാകുളത്തേക്ക് യാത്രയായി..വലിയ തിരക്കുകൾ ഒന്നും ഇല്ലാത്തത്കൊണ്ട് 11.30 ഒക്കെ ആയപ്പോൾ ഞങ്ങൾ ഓഡിറ്റോറിയത്തിൽ എത്തി ചേർന്നു… ഒരു ക്ഷേത്രത്തോട് ചേർന്ന് ഉള്ള ഓഡിറ്റോറിയം ആയിരുന്നു… ഞങ്ങളെ നേരെ ക്ഷേത്രത്തിലേക്ക് പോയി… അഞ്ജനയെ ഞാൻ ഒന്ന് നോക്കി..സ്വർണ ബോർഡറോട് കൂടിയ ഒരു നീല കളർ സാരിയും മജന്ത ബ്ലൗസും ആണ് അഞ്ജന ധരിച്ചിരുന്നത്. തലമുടിയിൽ ധാരാളം മുല്ലപ്പൂ ചൂടിയിരുന്നു. കൈയിലും കഴുത്തിലും കത്തിലുമായി സ്വർണാഭരണങ്ങളും. അതെല്ലാം ട്രഡീഷണൽ മോഡലിൽ ഉള്ളതും ആയിരുന്നു.അവൾ പണ്ടത്തെ പോലെ ഒന്നും അല്ല കുറച്ചു തടി ഒക്കെ വെച്ചിട്ടുണ്ട്… കല്യാണത്തിന്റെ ഒരു പേടി അവളുടെ മുഖത്ത് ഉണ്ടായിരുന്നു… വിവേകിന്റെ മുഖത്തും ഉണ്ടായിരുന്നു..അവൻ ഒരു വെള്ള മുണ്ടും ഷർട്ടും ആണ് ധരിച്ചത്.അവർ ക്ഷേത്രത്തിനുള്ളിലേക്ക് കയറി… ഞാൻ പുറത്ത് തന്നെ നിന്നു..

അവർ തൊഴുത് ഇറങ്ങി വന്നു... എന്നിട്ട് ഞങ്ങൾ നേരെ ഓഡിറ്റോറിയത്തിൽ വന്നു...വിവേക് മണ്ഡപത്തിലേക്ക് കയറി ഇരുന്നു അവന്റെ വീട്ടുകാരും അവിടെ നിന്നു കൂടെ ഞാനും...

"മുഹൂർത്തം ആയി പെണ്ണിനെ വിളിച്ചോളൂ " പൂചാരി പറഞ്ഞു... അപ്പോൾ തന്നെ അവളുടെ അച്ഛൻ അകത്തേക്ക് പോയി... കുറച്ചു കഴിഞ്ഞു അവളുടെ അച്ഛൻ ഇറങ്ങി വന്നു അച്ഛന്റെ പുറകിലായി... അമ്മയും ചെറിയമ്മയും അവളുടെ കൂടെ ഇറങ്ങി വന്നു പുറകെ കുറെ കുട്ടികളും... അവൾ മണ്ഡപത്തിൽ വന്ന് സദസിൽ ഇരിക്കുന്നവരെ കൈ കൂപ്പി കാണിച്ചു മണ്ഡപത്തിലേക്ക് ഇരുന്നു... പൂചാരി എന്തൊക്കെയോ മന്ത്രങ്ങൾ ചൊല്ലിക്കൊണ്ട് ഇരുന്നു...അഞ്ജനയുടെ തൊട്ട് പിന്നിൽ നാത്തൂൻ സ്ഥാനം അലങ്കരിച്ച വൃന്ദയും നിപ്പുണ്ട്.

പൂജാരി താലിമാല എടുത്ത് വിവേകിന്റെ കൈയിൽ കൊടുത്തു. അവൻ കണ്ണുകൾ അടച്ച് ഒരു നിമിഷം പ്രാർത്ഥിച്ചു. അതിനു ശേഷം അഞ്ജനയുടെ

കഴുത്തിലേക്ക് ആ താലി മാല കെട്ടി. വൃന്ദാ അഞ്ജനയുടെ മുടി ഉയർത്തി കൊടുത്തു മാല കെട്ടുവാനായി.പുറകിൽ നിന്നവർ എല്ലാം പൂക്കൾ വാരി എറിഞ്ഞു അവരെ അനുഗ്രഹിച്ചു... ശേഷം അവർ രണ്ടുപേരും എഴുന്നേറ്റ് രണ്ട് അച്ഛനമ്മമാരുടെയും അനുഗ്രഹം വാങ്ങി മണ്ഡപത്തിന് ചുറ്റും വലം വെച്ചു...അതിനു ശേഷം ബന്ധുക്കളും സുഹൃത്തുക്കളുമെല്ലാം ഓരോരോ ഗിഫ്റ്റ് കൊണ്ട് കൊടുത്തു... ഞാൻ സ്റ്റേജിൽ നിന്ന് മാറി നിന്നു... അപ്പോൾ ഉമ്മിയും വാപ്പിയും ഒരു ഗിഫ്റ്റുമായി കേറി ചെല്ലുന്നത് കണ്ടത് അപ്പോഴാണ് അവർ വന്നിട്ടുണ്ട് എന്ന് തന്നെ ഞാൻ അറിഞ്ഞത്... ഉമ്മിയും വാപ്പിയും അവരോട് എന്തൊക്കെയോ പറഞ്ഞു ചിരിച്ചുകൊണ്ട് ഫോട്ടോക്ക് പോസ് ചെയ്തു... അവർ ഇറങ്ങിയപ്പോൾ അടുത്ത ആൾ വന്നു... ഒരു ഗോൾഡൻ കളർ സാരിയിലും അതെ കളർ ബ്ലൗസും ഇട്ട് ഐഷ ഒരു ഗിഫ്റ്റുമായി വന്നു... അവൾ അത് അഞ്ജനയുടെ കയ്യിൽ കൊടുത്തു... വിവേക് എന്നെ ഒന്ന് നോക്കി... അഞ്ജനക്കും അവൾ വന്നത് അത്രക്ക് പിടിച്ചിട്ടില്ല... അവൾ അവരുടെ കൂടെ നിന്ന് ഫോട്ടോ എടുത്തതിനു ശേഷം എന്നെ നോക്കി ചിരിച്ചുകൊണ്ട് ഇറങ്ങി എന്റെ അടുത്ത് വന്നു...

“പേടിപ്പിച്ചാൽ പേടിക്കുന്നവൾ അല്ല ഈ ഐഷ.. ഒരു കാര്യം ഞാൻ മനസ്സിൽ കണ്ടാൽ അത് ഞാൻ നടത്തിയിരിക്കും.. നോക്കിക്കോ.. ഇന്നലെ എന്റെ കഴുത്തിൽ പിടിച്ച കൈക്കൊണ്ട് നാളെ നിങ്ങൾ എന്റെ കാലിൽ വീണു കരയും ” എന്ന് പൊട്ടി ചിരിച്ചുകൊണ്ട് അവൾ പുറത്തേക്ക് പോയി... അപ്പോൾ ഉമ്മിയും വാപ്പിയും എന്റെ അടുത്തേക്ക് വന്നു..

“അത് ഐഷ അല്ലെ മോനെ ആ പോയത് ” ഉമ്മി സംശയത്തോട് കൂടെ ചോദിച്ചു...

“ആ ഉമ്മി ” ഞാൻ പറഞ്ഞു...

“അവൾ എന്താ നിന്നോട് പറഞ്ഞത് ” ഉമ്മി ചോദിച്ചു...

“അവൾ ഒന്ന് ഭീഷണി പെടുത്താൻ വന്നതാണ് ” ഞാൻ ചിരിച്ചുകൊണ്ട് പറഞ്ഞു...

“മോനെ നീ സൂക്ഷിക്കണേ ” ഉമ്മി പേടിയോടെ പറഞ്ഞു..

“എന്നെ ഒന്നും ചെയ്യില്ല ഉമ്മി... അവൾക്ക് വേണ്ടത് ജാസ്മിനെ ആണ്... ജാസ്മിൻ എവിടെ ആണെന്ന് അവൾക്ക് അറിയുകയും ഇല്ല... പിന്നെ എന്ത് ചെയ്യാനാണ് ” ഞാൻ ചോദിച്ചു...

“എന്നാലും ഒന്നും സൂക്ഷിച്ചോ ” വാപ്പി പറഞ്ഞു... വിവേകിന്റെ മുഖത്ത് ചെറിയ പേടി പോലെ ഞാൻ കണ്ടു... ഞാൻ ചിരിച്ചുകൊണ്ട് കണ്ണടച്ചു

കാണിച്ചു... അപ്പോൾ അവന്റെ മുഖത്ത് ചെറിയ ചിരി വിടർന്നു...അത് കഴിഞ്ഞു ഭക്ഷണം കഴിക്കാനായി ഇരുന്നു... അപ്പോഴാണ് അഞ്ജന എന്നോട് സംസാരിച്ചത്...

“എടാ എത്ര നാൾ ആയെടാ ഒന്ന് സംസാരിച്ചിട്ട് ” അവൾ എന്റെ തോളിൽ ഒരു അടി തന്നുകൊണ്ട് പറഞ്ഞു..

“നീ ആണ് കല്യാണ പെണ്ണ് അടങ്ങി ഇരിക്ക് ആളുകളെകൊണ്ട് ഒന്നും പറയിപ്പിക്കാതെ ” ഞാൻ അടി കൊണ്ട് ഭാഗം തടവി ചിരിച്ചുകൊണ്ട് പറഞ്ഞു...

“ആര് എന്ത് പറഞ്ഞാലും ആ അമ്മക്കും അച്ഛനും... പിന്നെ ഈ പൊട്ടനും എന്നെ നല്ലത് പോലെ അറിയാം എനിക്ക് അത് മതി ”അവൾ ഒരു ഇതും ഇല്ലാതെ പറഞ്ഞു...

“നീനക്ക് ഞാൻ വെച്ചിട്ടുണ്ട് അന്ന് പോയതിൽ പിന്നെ ഒന്ന് വിളിച്ചിട്ട് പോലും ഇല്ല ഫ്രണ്ട് ആണ് പോലും..” എന്ന് പറഞ്ഞു അവൾ മുഖം മാറ്റി.

“സമയം ഇല്ലായിരുന്നീടി... ആകെ കിട്ടുന്ന സമയത്താണ് ഇവനെ വിളിക്കുന്നത്... അപ്പോഴോ ഈ നാറി നിന്റെ കാര്യം പറഞ്ഞോണ്ട് ഇരിക്കും ” ഞാൻ അഞ്ജനെയെ പൊക്കി പറഞ്ഞു... വിവേക് അപ്പൊ എന്നെ ഒന്ന് നോക്കി. ഞാൻ അവനെ ഒരു കണ്ണ് അടച്ചു കാണിച്ചു...

“ആഹ് ഞങ്ങൾ വീട്ടിലോട്ട് വരുന്നുണ്ട് ഒരു ദിവസം” അവൾ കഴിച്ചുകൊണ്ട് പറഞ്ഞു...

“ഒരു കാര്യവും ഇല്ല.. ഞാൻ നാളെ തന്നെ തിരിച്ചു പോകും ” ഞാൻ പറഞ്ഞു...

“അതൊന്നും പറഞ്ഞാൽ പറ്റില്ല... ഞങ്ങൾ വരുന്നതിന് മുൻപ് വിളിച്ചു പറയും അപ്പൊ നീ ഇവിടെ ഉണ്ടായിരിക്കണം... ഇല്ലേൽ ഈ ജന്മത്ത് ഞാൻ നിന്നോട് മിണ്ടില്ല നോക്കിക്കോ ” അവൾ വാശി പിടിച്ചു പറഞ്ഞു...

“ഒരു രണ്ട് ആഴ്ച സമയം താ ഞാൻ അവിടെ പോയി ഒന്ന് set ആക്കിയിട്ട് തിരിച്ചുവരാം ” ഞാൻ പറഞ്ഞു അവൾ ok പറഞ്ഞു.. ഫുഡ് ഒക്കെ കഴിച്ചു കഴിഞ്ഞു അവർ വിവേകിന്റെ വീട്ടിലേക്ക് പോയി.. എനിക്ക് നാളെ തന്നെ തിരിച്ചു പോകേണ്ടത് കൊണ്ട് ഞാൻ അവനോട് പറഞ്ഞിട്ട് നേരെ ഞങ്ങൾ വീട്ടിലേക്ക് യാത്രയായി...ഞാൻ നേരെ പോയി കിടന്ന് ഉറങ്ങി... രാത്രി ഒരു 8 മണി ഒക്കെ ആയപ്പോളാണ് എഴുന്നേറ്റത്... ഉമ്മി അപ്പൊ എനിക്ക് കൊണ്ട് പോകാനായി എന്തൊക്കെയോ ഉണ്ടാക്കി പാക്ക് ചെയ്യുകയാണ്... വാപ്പി അവിടെ ഹാളിൽ ഇരിക്കുകയായിരുന്നു...

“വാപ്പി ഇനി എപ്പോഴാ തിരിച്ചു പോകുന്നത്..” ഞാൻ ചോദിച്ചു...

“ഈ ആഴ്ച തന്നെ പോകാനാണ് തീരുമാനിക്കുന്നത്.. എന്ത്?”

“അല്ല ഞാൻ നാളെ അങ്ങ് പോകും പിന്നെ വാപ്പിയും പോയാൽ ഉമ്മി ഇവിടെ ഒറ്റക്ക് ആകില്ലേ ” ഞാൻ ചോദിച്ചു...

“അത് ഞാൻ ഓർത്തായിരുന്നു... അവൾക്ക് ഉള്ള വിസ ശെരിയാക്കാൻ പറഞ്ഞിട്ടുണ്ട്.. ഞാനും അവളും ഒരുമിച്ചാണ് പോകുന്നത് ” വാപ്പി പറഞ്ഞു... ഞാൻ അവിടുന്ന് എഴുന്നേറ്റ് ഉമ്മിടെ അടുത്തേക്ക് പോയി...ഉമ്മിയെ പിറകിലൂടെ കെട്ടിപിടിച്ചു നിന്നു...

എന്റെ പ്രേവർത്തിയിൽ ആദ്യം ഒന്ന് പേടിച്ചെങ്കിലും അത് മാറി.

“എന്താ ഇപ്പൊ ഒരു സ്നേഹപ്രേഘടനം ” ചെയ്തോണ്ട് ഇരുന്ന പണിയിൽ ശ്രെദ്ധിച്ചുകൊണ്ട് ഉമ്മി പറഞ്ഞു...

“ഇന്ന് കൂടെ അല്ലെ ഇതൊക്കെ ഉള്ളു നാളെ ഞാൻ പോയി കഴിഞ്ഞാൽ പിന്നെ ഉമ്മിയും വാപ്പിയും അങ്ങ് പോകില്ലേ അതുകൊണ്ടാ ” ഞാൻ ഉമ്മിടെ തോളിൽ തല വെച്ച് പറഞ്ഞു...

“എനിക്ക് അങ്ങ് പോകണമെന്ന് ഇല്ല... പക്ഷെ ഇക്കാ നിർബന്തിച്ചപ്പോ... അത് മാത്രം അല്ല ഞാൻ ഇവിടെ ഒറ്റക്ക് ആകില്ലേ.. അപ്പൊ പിന്നെ പോകാമെന്നു വിചാരിച്ചു ” ഉമ്മി പറഞ്ഞു...

“ആ പിന്നെ അവർക്ക് 3 മാസത്തിനുള്ളിൽ കല്യാണം വേണമെന്ന്... അതിനു മുൻപ് വള കൊണ്ട് ഇടാൻ പറഞ്ഞു... അപ്പോൾ ഞങ്ങൾ പോകുന്നതിന് മുൻപ്

തന്നെ ചെറിയ ഒരു ചടങ്ങ് ആയി.. നമ്മുടെ കുറച്ചു ആളുകളെയും കൊണ്ട് ചെന്ന് അതങ്ങ് നടത്താം... എന്താ നിന്റെ അഭിപ്രായം ” ഉമ്മി ചോദിച്ചു ...

“അതെല്ലാം നിങ്ങൾ വേണ്ട പോലെ ചെയ്താൽ മതി ” ഞാൻ പറഞ്ഞിട്ട് അവിടെ നിന്നും ഹാളിലേക്ക് വന്ന് ഇരുന്നു... അതിനെ പറ്റി കൂടുതൽ സംസാരിക്കാൻ എനിക്ക് താല്പര്യം ഇല്ലായിരുന്നു... അത് അവളെ ഇഷ്ടമല്ലാത്തത് കൊണ്ട് അല്ല... എനിക്ക് ഇത് വരെ ജാസ്മിൻ എന്റെ അല്ല എന്ന് ഉൾകൊള്ളാൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് കൊണ്ട് ആണ്... അന്ന് അങ്ങനെ ഞങ്ങൾ ഫുഡ് ഒക്കെ കഴിച്ചു കിടന്നു... രാവിലെ തന്നെ യാത്രയാകണം... ആഫി ഒക്കെ ടൂറിൽ ആയതുകൊണ്ട് അവരെ കാണാൻ പോകണ്ട... ഫൗസിയുടെ വീട്ടിൽ പോയി അവരോട് കൂടെ പറഞ്ഞിട്ട് പോകാൻ ആണ് ഉമ്മി പറഞ്ഞത്...

പക്ഷെ എനിക്ക് അതിൽ താല്പര്യം ഇല്ലാത്തത്കൊണ്ട് ഞാൻ പോകാൻ നിന്നില്ല...

... അങ്ങനെ ഞാൻ തിരിച്ചു ബാംഗ്ലൂർ എത്തി... വില്ലയുടെ ഫ്രണ്ടിൽ നിക്കുമ്പോൾ അകത്ത് ആളുണ്ടോ എന്ന് എനിക്ക് സംശയം ഉണ്ടായിരുന്നു... കാരണം പുറത്തേക്ക് ഒരു ശബ്ദവും ഇല്ലായിരുന്നു... ഞാൻ ഡോർ ബെൽ അടിച്ചു...

കുറച്ചു സമയം കഴിഞ്ഞ് ആണ് ഡോർ തുറന്നത്... ഞാൻ വരുന്ന വിവരം വീട്ടിൽ നിന്ന് ഉമ്മി വിളിച്ചു പറഞ്ഞു എന്ന് പറഞ്ഞിരുന്നു.... അവൾ കുളിക്കുവായൊരുന്നു എന്ന് തോന്നുന്നു... മുടിയിൽ നിന്ന് വെള്ളം ഇറ്റ് ഇറ്റ് വീഴുന്നുണ്ട്...

“ഞാൻ കുളിക്കുവായിരുന്നു അതാ താമസിച്ചത് ” അവളെ തന്നെ നോക്കി നിന്ന എന്റെ മുഖത്തേക്ക് നോക്കാതെ അവൾ പറഞ്ഞു.. എന്നിട്ട് അവൾ റൂമിലേക്ക് പോയി... ഞാൻ അകത്തേക്ക് കയറി... എന്ത് വൃത്തി ആയി ഇരിക്കുന്നു വീട്.. ഞാൻ മാത്രം ഉണ്ടായിരുന്നപ്പോൾ എങ്ങനെ കിടന്ന് വീട് ആണ്... ഞാൻ ഷൂ ഒക്കെ അഴിച്ചു വെച്ചിട്ട് നേരെ റൂമിലേക്ക് പോയി ഒന്ന് ഫ്രഷ് ആയി ഹാളിൽ തന്നെ വന്ന് ഇരുന്നു... അപ്പോൾ തന്നെ ജാസ്മിൻ ഒരു ചായയുമായി വന്നു...

“അവൻ എന്തെ ” ഞാൻ ജാസ്മിനോട് ചോദിച്ചു...

“അവൻ റൂമിൽ കാണും ” അവൾ കപ്പ് എനിക്ക് തന്നുകൊണ്ട് പറഞ്ഞു എന്നിട്ട് എന്നെ തന്നെ നോക്കി നിന്നു... അവൾക്ക് എന്നോട് എന്തോ പറയാനുണ്ടെന്ന് ആ നോട്ടത്തിൽ നിന്ന് എനിക്ക് മനസിലായി...

“എന്നോട് എന്തെങ്കിലും പറയാൻ ഉണ്ടോ ” ഞാൻ അവളോട് ചോദിച്ചു...

“അത്.. അവന് തിരിച്ചു കോളേജിൽ പോകണമെന്ന്.. അവന് exam ഒക്കെ വരുവാണ് ” അവൾ പറഞ്ഞു...

“അത് ഞാൻ ചോദിക്കാൻ വരുവായിരുന്നു... നീ തിരിച്ചു നാട്ടിൽ പോകുന്നോ അതോ ഇവിടെ തന്നെ നിക്കുന്നോ ” ഞാൻ കപ്പ് ടിപോയുടെ മുകളിൽ വെച്ചു എന്നിട്ട് നേരെ ഇരുന്നുകൊണ്ട് ചോദിച്ചു...

“നാട്ടിലോട്ട് പോയിട്ടും കാര്യം ഇല്ല.. എന്റെ അവിടുത്തെ ജോലി പോയി... ആ വരുമാനം കൊണ്ട് ആണ് ഞങ്ങൾ പൊക്കൊണ്ടിരുന്നത്...”അവൾ പറഞ്ഞു...

“അങ്ങനെ ആണേൽ എന്റെ കമ്പനിയിൽ ഒരു ജോലി ശെരിയാക്കാം... അവന് എന്നാണ് പോകുന്നത് ” ജോലി ശെരിയാക്കാം എന്ന് പറഞ്ഞു കേട്ടപ്പോൾ തന്നെ അവളുടെ മുഖം ഒന്ന് വിടർന്നു...

“അവന് നാളെ പോയാൽ മറ്റന്നാൾ മുതൽ മുതൽ ക്ലാസ്സിന് കേറാമെന്ന് ആണ് പറയുന്നത് ” അവൾ പറഞ്ഞു...

“അങ്ങനെ ആണേൽ പൊക്കോട്ടെ...” എന്ന് പറഞ്ഞിട്ട് ഞാൻ റൂമിലേക്ക് പോയി... യാത്ര ക്ഷീണം ഉള്ളത്കൊണ്ട് ഞാൻ നല്ലത് പോലെ ഉറങ്ങി... ഉറക്കം എഴുന്നേക്കുമ്പോൾ ജാസ്മിൻ ഡോറിന്റെ അവിടെ ചാരി നിക്കുവായിരുന്നു... ഞാൻ അവളോട് എന്താണെന്ന് പിരികം ഉയർത്തി ചോദിച്ചു... അവൾ ഒന്നുമില്ലന്ന് തോൾ അനക്കി കാണിച്ചു... അവളുടെ ഈ പ്രവർത്തി എന്റെ ഉള്ളിൽ അവൾക്ക് എന്നോട് ഇഷ്ടമുണ്ടോ എന്ന് സംശയം ഉയർന്ന വന്നു... ഞാൻ മുഖം കഴുകി വന്നു അവൾ അവിടെ തന്നെ നിക്കുകയായിരുന്നു... ഇനി

അവളോട് ഇഷ്ടമാണോ എന്ന് ചോദിച്ചിട്ടും കാര്യമില്ല...അവിടെ വെളിയിടാൻ ഉള്ള കാര്യങ്ങൾ നടക്കുകയാണ്.. അതുകൊണ്ട് അവളോട് അധികം സംസാരവും ഒന്നും വേണ്ടന്ന് ഞാൻ തീരുമാനിച്ചു..ഞാൻ ഹാളിൽ ചെന്നപ്പോൾ ഫുഡ് ഒക്കെ ഉണ്ടാക്കി വെച്ചിട്ടുണ്ട്.. ടേബിളിൽ ഇരിക്കുന്നു... നല്ല വിശപ്പ് ഉള്ളത്കൊണ്ട് ഞാൻ നേരെ ഇരുന്നു അങ്ങ് കഴിച്ചു... ഞാൻ ഇരിക്കുന്നത് കണ്ട് അവളും വന്ന് ഇരുന്നു കഴിക്കാൻ...

“അവൻ കഴിച്ചോ?” ഞാൻ ചോദിച്ചു...

“അഹ് ” എന്നൊന്ന് മൂളി... അവൾക്ക് എന്നോട് എന്തോ സംസാരിക്കണം എന്ന് ഉണ്ട്... പക്ഷെ അവൾക്ക് പറയാൻ എന്തോ ബുദ്ധിമുട്ടും ഉണ്ട്... ഞാൻ അത് ചോദിക്കാനും നിന്നില്ല... കഴിച്ചു കഴിഞ്ഞ് ഞാൻ നേരെ റൂമിലേക്ക് പോയി... റൂമിന്റെ അടുത്ത് വരെ അവൾ എന്റെ പിറകെ ഉണ്ടായിരുന്നു... ഞാൻ റൂമിലേക്ക് കയറിയതും അവൾ വേറെ റൂമിലേക്ക് പോയി... ഞാൻ ഡോർ ലോക്ക് ചെയ്തു എന്നിട്ട് ബെഡിലേക്ക് കിടന്നു... എന്ത് ചെയ്യണം എന്ന് അറിയില്ല... വല്ലാത്ത ഒരു അവസ്ഥയാണ്... ഇനി ജാസ്മിന് എന്നെ ഇഷ്ടമാണെൽ ഫൗസിയെ ഒഴിവാക്കാൻ എനിക്ക് പറ്റില്ല... ജാസ്മിനെയും ഒഴിവാക്കാൻ പറ്റില്ല... രണ്ട് പേരുടെയും ഉള്ളിൽ മോഹം കൊടുത്തത് ഞാൻ ആണ്... അങ്ങനെ ഓരോന്ന് ആലോചിച്ച് ഇരുന്നപ്പോഴാണ് ഒരു കാൾ വരുന്നത്... ആരാണ് അറിയില്ല...

“ഹലോ ” ഞാൻ തുടക്കമിട്ടു...

“ഹലോ ” ഒരു സ്ത്രി ശബ്ദം ആണ്... ആദ്യം ആരാണെന്ന് മനസിലായില്ല...

“എന്താ ഒന്നും മിണ്ടാതെഇരിക്കുന്നേ...ഞാൻ ഫൗസിയാ മനസിലായില്ലേ ” അപ്പോളാണ് എനിക്ക് ഫൗസി ആണ് വിളിക്കുന്നതെന്ന് മനസിലായത്...

“ആദ്യം മനസിലായില്ല... പറഞ്ഞപ്പോ മനസിലായി... ആഹ് പറഞ്ഞോ ” ഞാൻ പറഞ്ഞു എനിക്ക് താല്പര്യം ഇല്ലായിരുന്നു സംസാരിക്കാൻ...

“അങ്ങ് പോയപ്പോൾ ഒരു വാക്ക് എന്നോട് പറഞ്ഞില്ലല്ലോ ” അവൾ പിണക്കം കാണിച്ചു...

“അത്.. പിന്നെ ” ഞാൻ വിക്കി...

“വേണ്ട ഒന്നും പറയണ്ട... നാളെ ഇക്കാടെ വീട്ടിൽ നിന്ന് അവർ വരും എന്ന് പറഞ്ഞിട്ടുണ്ട് ” അവൾക്ക് നല്ല സന്തോഷം ഉണ്ടോ ഞാൻ ആണേൽ ഇവിടെ ഉരുകി തീരുകയാണ്...ഞാൻ തിരിച്ചു ഒന്നും പറഞ്ഞില്ല...

“എന്താ ഒന്നും മിണ്ടാത്തെ... ഞാൻ വിളിച്ചത് ഇഷ്ടപെട്ടില്ലേ ” അവൾ ചോദിച്ചു...

“അതൊന്നും അല്ല ചെറിയ ഒരു ക്ഷീണം അത്രെ ഉള്ളു...” ഞാൻ പറഞ്ഞു...

“ആണോ... ഞാൻ അത് ഓർത്തില്ല... എന്നാ പോയി റസ്റ്റ് എടുത്തോ... ലവ് യു... ഉമ്മ്ഹ ” എന്ന് പറഞ്ഞു ഫോൺ അപ്പോഴേക്കും കട്ട് ആയി... അത് കേട്ടപ്പോൾ കുറച്ചു നേരം ഞാൻ ഒന്ന് സ്തംഭിച്ചു നിന്ന് പോയി... അവൾ എന്നെ വല്ലാതെ സ്നേഹിക്കുന്നുണ്ട് എന്ന് എനിക്ക് മനസിലായി... ഇനി ഞാൻ എന്ത് ചെയ്യും എന്ന് അലോചിച്ചു കണ്ണടച്ചിരുന്നു... പതിയെ എപ്പോഴോ ഉറക്കത്തിലേക്ക് വീണു പോയി... കൃത്യം 8 മണിക്ക് ഓഫീസിൽ പോകുന്ന ഞാൻ അന്ന് എഴുന്നേറ്റപ്പോൾ കുറച്ചു താമസിച്ചു പോയി...9 മണി

ആയിരുന്നു... ഞാൻ വേഗം തന്നെ എഴുനേറ്റ് ഫ്രഷ് ആയി.. താഴെ ചെന്നപ്പോൾ അവിടെ ജാസിം പോകാനായി ഒരുങ്ങുകയാണ്... ഞാൻ താഴെ ചെല്ലുമ്പോൾ ജാസ്മിൻ ഫുഡ് എല്ലാം എടുത്ത് വെച്ചിട്ടുണ്ട്... ഞാൻ അത് കഴിക്കാനായി ഇരുന്നു... കഴിച്ചു കഴിഞ്ഞപ്പോൾ അവനും ഒരുങ്ങി ഇറങ്ങി... ഞാൻ കാറിൽ അവനെ കൊണ്ട് ബസ്സ്റ്റാന്റിൽ വിട്ടു... അവൻ നേരത്തെ തന്നെ ബസ് ബുക്ചെയ്തിരുന്നു.... അങ്ങനെ അവൻ യാത്രയായി... ഞാൻ നേരെ ഓഫീസിലേക്ക് ചെന്നു...2 ആഴ്ചത്തെ വർക്കുകൾ ചെയ്ത് തീർക്കാൻ ഉണ്ടായിരുന്നു... അങ്ങനെ ഓരോന്നും തീർത്ത വന്നപ്പോൾ സമയം ഒരുപാട് വൈകി രാത്രി 9 മണി ആയിരുന്നു... ഉച്ചക്ക് ഒന്നും കഴിച്ചില്ല... വർക്ക് നീട്ടിക്കൊണ്ട് പോകുന്നത് എനിക്ക് ഇഷ്ടമല്ല അതുകൊണ്ട് ആണ് ഞാൻ അത് ഒറ്റ ദിവസം കൊണ്ട് തന്നെ തീർക്കാൻ തീരുമാനിച്ചത്... അങ്ങനെ ജോലി ഒക്കെ കഴിഞ്ഞ് തിരിച്ചു വീട്ടിലേക്ക് ചെന്നു... കാളിങ്ബെൽ അടിച്ചു... അപ്പോൾ തന്നെ ഡോർ തുറന്നു... അവൾ tv കാണുകയായിരുന്നു... ഞാൻ അവളോട് ഒന്നും സംസാരിക്കാതെ നേരെ റൂമിലേക്ക് പോയി ഒന്ന് ഫ്രഷ് ആയി ഉച്ചക്ക് കഴിക്കാത്തതിന്റെയും വിശപ്പിൽ ഞാൻ ഫുഡ് കഴിക്കാനായി ഇരുന്നു... ജാസ്മിൻ അപ്പോൾ ഓടി വന്ന് ഫുഡ് വിളമ്പാൻ തുടങ്ങി..

“ഇങ്ങനെ വിളമ്പി തരാൻ ഒന്നും നിക്കണ്ട എനിക്ക് കൈ ഉണ്ട് ഞാൻ എടുത്ത് കഴിച്ചോളാം ” ഞാൻ അങ്ങനെ പറഞ്ഞതും അവളുടെ മുഖം പെട്ടന്ന് ഇരുണ്ടുമൂടി... അവൾ വിളമ്പി കഴിഞ്ഞ് റൂമിലേക്ക് പോയി... ഞാൻ ഫുഡ് കഴിച്ചു എഴുനേറ്റു എന്നിട്ട് പ്ലേറ്റ് കഴുകാനായി കിച്ചനിലേക്ക് പോയി... ഞാൻ കഴിച്ച പ്ലേറ്റ് കഴുകാനായി വന്ന ജാസ്മിൻ അത് കണ്ടു... ഞാൻ തിരിഞ്ഞപ്പോളാണ് അവൾ അവിടെ നിക്കുന്നത് ഞാൻ കണ്ടത്..

“നാളെ മുതൽ ഫുഡ് ഒന്നും ഉണ്ടാക്കാൻ നിക്കണ്ട... അതിനൊക്കെ ഞാൻ ആളെ നിർത്തിയിട്ടുണ്ട്..അവർ നാളെ വരും... പിന്നെ നാളെ മുതൽ ഓഫീസിൽ പോകാൻ റെഡി ആകണം ” ഞാൻ പറഞ്ഞു അവൾ അത് കേട്ട് ഒന്ന് ചിരിച്ചു ഞാൻ അത് കാര്യമാക്കാതെ റൂമിലേക്ക് പോയി...

ഫോൺ എടുത്ത് വാട്സ്ആപ്പ് നോക്കിയപ്പോൾ കുറെ ഫോട്ടോകൾ.. ഉമ്മിയും പിന്നെ ഫൗസിയും അയച്ചിരിക്കുന്നു... ഇന്നത്തെ പരിപാടിയുടെ ആയിരുന്നു... അങ്ങനെ അവർ അതെല്ലാം തീരുമാനിച്ചു..

.......

അടുത്ത ദിവസം രാവിലെ തന്നെ ഞാൻ എഴുന്നേറ്റു കുളിച്ചു ഒരുങ്ങി ഹാളിൽ വരുമ്പോൾ അവർ വന്ന് ഫുഡ് ഒക്കെ ഉണ്ടാക്കി വെച്ചിരുന്നു... ഞാൻ അത് കഴിച്ചുകൊണ്ട് ഇരുന്നപ്പോളാണ് റൂമിൽ നിന്ന് ഇറങ്ങി വരുന്ന ജാസ്മിനെ ഞാൻ കണ്ടത്.... ഒരു ഗോൾഡൻ കളറിൽ വർക്കുകൾ ചെയ്ത് ഒരു ടോപ്പും ഒരു പച്ച പാന്റും ആയിരുന്നു അവൾ ഇട്ടിരുന്നത്... എന്റെ കണ്ണുകൾ അവളിൽ ഉടക്കി നിന്നു... അവൾ അത് കണ്ടു അവൾ ചെറിയ ഒരു ചിരി ചിരിച്ചു... പെട്ടന്ന് ഞാൻ നോട്ടം മാറ്റി.. അവൾ എന്റെ എതിരെ ഉള്ള കസേരയിൽ വന്ന് ഇരുന്നു... ഫുഡ് കഴിക്കാൻ തുടങ്ങി....

കഴിച്ചുകൊണ്ട് ഇരിക്കുമ്പോൾ അവളെ നോക്കാതെ ഇരിക്കാൻ പല പ്രാവശ്യം ഞാൻ ശ്രെമിച്ചു... പക്ഷെ പല പ്രവശ്യവും നോട്ടം ചെന്നു... അവൾ അത് കാണുകയും ചിരിക്കുകയും ചെയ്യും.. ഞാൻ പെട്ടന്ന് തന്നെ കഴിച്ചു എഴുന്നേറ്റു... ഞങ്ങൾ ഒരുമിച്ചു ഓഫീസിലേക്ക് പോയി...

ഞാനും പിന്നെ പരിചയമില്ലാത്ത ഒരാളും കൂടെ ഓഫീസിലേക്ക് നടന്നു വരുന്നത് കണ്ട് എല്ലാരും ഓരോന്ന് ഒക്കെ പറയുന്നുണ്ടായിരുന്നു... ഞാൻ അതൊന്നും കാര്യമാക്കാതെ എന്റെ കാബിനിനുള്ളിലേക്ക് കയറി... കൂടെ ജാസ്മിനും... എന്നിട്ട് ഞാൻ എന്റെ പേർസണൽ സെക്രട്ടറി ആയ പ്രവീണയെ വിളിച്ചു....

"സർ മേ ഐ " പ്രവീണ ചോദിച്ചു...

"യസ് കം ഇൻ " ഞാൻ പറഞ്ഞു ...

"എന്താ സർ വിളിപ്പിച്ചത്..."

“താൻ റിസൈൻ ചെയ്യാൻ പോവുകയല്ലേ... തന്റെ പൊസിഷനിലേക്ക് വരാൻ പോകുന്ന പുതിയ അപ്പോയിമെന്റ് ആണ് ഇയാൾ... താൻ ഇയാൾക്ക് എങ്ങനെ ആണ് കാര്യങ്ങൾ എന്നൊക്കെ ഒന്ന് പറഞ്ഞു മനസിലാക്കണം ” ഞാൻ പറഞ്ഞു...{പ്രവീണയുടെ കല്യാണം ആയി അപ്പോൾ അവളും അവളുടെ ഹസ്ബെന്റും കൂടെ US ഇലേക്ക് പോവുകയാണ്...}

“യസ് സർ ” അവളുടെ മുഖത്ത് ഒരു അത്ഭുതം ആയിരുന്നു... ഒരു ഇന്റർവ്യൂ പോലും ചെയ്യാതെ നേരെ പേർസണൽ സെക്രട്ടറി ആക്കുവാണെന്ന് കേട്ടതിന്റെ ആയിരുന്നു അത്...

“അടുത്ത മാസം അല്ലെ റിസൈൻ ചെയ്യുന്നത് ” ഞാൻ ചോദിച്ചു...

“യസ് സർ ” അവൾ മറുപടി പറഞ്ഞു...

“ഓക്കേ... യു ക്യാൻ ഗോ ” എന്ന് പറഞ്ഞു അവൾ ജാസ്മിനെയും വിളിച്ചുകൊണ്ടു പുറത്തേക്ക് പോയി... {ഞാൻ ഓഫീസിൽ ഉള്ള ആരുമായും പേർസണൽ വിഷയങ്ങളിൽ സൗഹൃദം സ്ഥാപിച്ചിരുന്നില്ല... പക്ഷെ പ്രവീണ അങ്ങനെ അല്ലായിരുന്നു... എല്ലാരുമായും പെട്ടന്ന് അടുക്കുന്ന ടൈപ്പ് ആയിരുന്നു... അവൾ പോകുന്നതിന്റെ വിഷമം എല്ലാവർക്കും ഉണ്ട് } അന്ന് ഉച്ചയോടെ തന്നെ ജാസ്മിൻ ആണ് അടുത്ത പേഴ്സണൽ സെക്രട്ടറി എന്ന് ഓഫീസിൽ മുഴുവൻ പരന്നു.. ഇന്റർവ്യൂ പോലും ഇല്ലാതെ അവളെ അപ്പോയിന്റ് ചെയ്തു എന്ന് പറഞ്ഞു ഞാനും അവളും തമ്മിൽ പ്രേമത്തിൽ ആണ് എന്നുള്ള ഗോസിപ്പും പരന്നു... അന്ന് എനിക്ക് പ്രധാനപ്പെട്ട ഒരു മീറ്റിംഗ് ഉണ്ടായിരുന്നു... തിരിച്ചു വരുമ്പോൾ 8 മണി ഒക്കെ ആയിരുന്നു... വീട്ടിൽ എത്തിയപ്പോൾ ഗേറ്റ് പൂട്ടി ഇട്ടിരിക്കുന്നു... അപ്പോഴാണ് ജാസ്മിൻ അവിടെ ഓഫീസിൽ ആയിരിക്കും എന്ന് ഞാൻ ഓർത്തത്... ഞാൻ വേഗം

തന്നെ ഓഫീസിലേക്ക് പോയി... അവൾ അവിടെ ഒറ്റക്ക് ഇരിക്കുകയായിരുന്നു...

“നിനക്ക് എന്നെ ഒന്ന് വിളിച്ചിതുകൂടായിരുന്നോ ” ഞാൻ ചോദിച്ചു...

“ഞാൻ വിളിക്കുവാൻ തുടങ്ങുകയായിരുന്നു...”

“കുറെ നേരം ആയോ ഇവിടെ ഒറ്റക്ക് നിക്കാൻ തുടങ്ങിയിട്ട് ”

“ഒരു 7 മണി വരെ പ്രവീണ ഉണ്ടയായിരുന്നു... അവൾക്ക് ലാസ്റ്റ് ബസ് വന്നപ്പോൾ കയറി പോയി..”

“ആഹ് നീ വാ.. പോകാം ” എന്ന് പറഞ്ഞു അവളേം കൊണ്ട് കാറിലേക്ക് കയറി..

.

“ജോലി എങ്ങനെ ആണെന്ന് അവൾ പറഞ്ഞു തന്നോ ” അവൾ എന്തോ പറയാൻ തുടങ്ങിയപ്പോൾ അതിനു മുൻപ് ഞാൻ ചോദിച്ചു....

“ആഹ് ഒരു ഏകദേശം രൂപം കിട്ടി ” അവൾ പറഞ്ഞു...

"ഇനി ഏതെങ്കിലും ദിവസം ഇത്പോലെ ഞാൻ താമസിക്കുവാണേൽ ഞാൻ ഒരു നമ്പർ തരാം... അതിൽ വിളിച്ചാൽ മതി... അവർ നിന്നെ വീട്ടിൽ കൊണ്ട് ആക്കിക്കോളും " ഞാൻ പറഞ്ഞു... അവൾ എന്തോ പറയാൻ തുടങ്ങിയിട്ട് വേണ്ടന്ന് വെച്ചു... ഞാൻ എന്താണെന്ന് ചോദിക്കാനും പോയില്ല...

....

അങ്ങനെ ദിവസങ്ങൾ കടന്ന് പോയി...ഉമ്മിയൊക്കെ ഗൾഫിലേക്ക് പോയി... എന്റെ കാര്യങ്ങൾ ഒരേപോലെ നടന്ന് പോയി...

ഒരു ദിവസം ഞാൻ ഓഫീസിൽ നിന്ന് നേരെ ഒരു മീറ്റിംഗിന് പോയി... അന്ന് താമസിച്ചിരുന്നു... വീട്ടിൽ വന്ന് കയറുമ്പോൾ എന്നെ കാത്ത്... പുറത്ത് തന്നെ ജാസ്മിൻ നിൽപുണ്ടായിരുന്നു....അവളുടെ മുഖം വല്ലാതെ ഇരിക്കുന്നു...

"എന്താ എന്ത് പറ്റി നിന്റെ മുഖം എന്താ വല്ലാതെ ഇരിക്കുന്നത്..." ഞാൻ ചോദിച്ചു...

"അത്,.... ഇക്കാ... നമ്മുടെ ഓഫീസിലെ സൈനു ഇല്ലേ ആയാൾ ഞാൻ വന്നതിന്റെ അന്ന് മുതൽ എന്നെ ശല്യം ചെയ്യാൻ തുടങ്ങിയതാണ്..."

"എന്നിട്ട് നീ എന്താ അത് ആദ്യമേ എന്നോട് പറയാതെ ഇരുന്നത് " ഞാൻ ദേഷ്യത്തിൽ ചോദിച്ചു...

"ഞാൻ കരുതി നിർത്തിക്കോളുമെന്ന.... പക്ഷെ ഇന്ന് ആയാൽ എന്നെ തടഞ്ഞു നിർത്തി എന്നിട്ട് എന്നോട് ഇഷ്ട്ടമാണെന്ന് പറഞ്ഞു... നാളെ ഒരു തീരുമാനം പറയണം എന്നും പറഞ്ഞു " അവൾ പറഞ്ഞു...

“അതിനെ കുറിച്ച് ഓർത്തു നീ ടെൻഷൻ അടിക്കേണ്ട.. അത് ഞാൻ നോക്കിക്കോളാം ” ഞാൻ പറഞ്ഞു എന്നിട്ട് റൂമിലേക്ക് പോയി...

ഞാൻ ഫോൺ എടുത്ത് നോക്കുമ്പോൾ അഫിയുടെയും ഉമ്മിയുടെയും ഫൗസിയുടെയും കുറെ മിസ്സ്ഡ് കാൾസ് കിടക്കുന്നു....ഫോൺ സൈലന്റിൽ ആയിരുന്നു

ഞാൻ ഉമ്മിയെ തിരിച്ചു വിളിച്ചു...

“എവിടെ ആയിരുന്നെടാ ചെറുക്കാ നീ...” ഉമ്മി ചോദിച്ചു...

“ഞാൻ ഇപ്പോഴാ ഓഫീസിൽ നിന്ന് വന്നത്... എന്താ ഉമ്മി കാര്യം ” ഞാൻ ചോദിച്ചു...

“എടാ കല്യാണത്തിന്റെ ഡേറ്റ് തീരുമാനിച്ചു... അടുത്ത മാസം 10 ന്... ഇന്ന് 15 ആയില്ലേ.. ഇനി 25 ദിവസം കൂടെ ” ഉമ്മി പറഞ്ഞു....

“എന്നോട് ചോദിക്കാതെ എന്തിനാ ഡേറ്റ് തീരുമാനിച്ചത് ” ഞാൻ ചെറിയ ദേഷ്യത്തോടെ ചോദിച്ചു...

“നീ ദേഷ്യപ്പെടേണ്ട കാര്യം ഒന്നും ഇല്ല... നീ തന്നെയാണ് പറഞ്ഞത്... ഞങ്ങളോട് തീരുമാനിച്ചോളാൻ... അതുകൊണ്ട് ആണ് ഞങ്ങൾ തീരുമാനിച്ചത് ” ഉമ്മി പറഞ്ഞു...

“അതല്ല ഉമ്മി എനിക്ക് ഇത് വരെ എന്താണ് എന്റെ ജീവിതത്തിൽ നടക്കുന്നത് എന്ന് ഉൾകൊള്ളാൻ പറ്റിയിട്ടില്ല ” ഞാൻ പറഞ്ഞു....

“ടാ ചെറുക്കാ... നീ ഇനി എന്തൊക്കെ പറഞ്ഞാലും ശെരി അന്ന് തന്നെ കല്യാണം നടക്കും... ഒരു പെങ്കൊച്ചിന്റെ ജീവിതം വെച്ചിട്ടാൻ നീ കളിക്കുന്നത് എന്ന് ഓർക്കണം ” ഉമ്മി പറഞ്ഞു...

ഞാൻ ഒന്നും മിണ്ടിയില്ല...

“ഈ മാസം 30 ന് നീ ഇങ്ങ് എത്തിക്കോണം ഞങ്ങൾ ഈ ആഴ്ച തന്നെ അങ്ങ് എത്തും കാര്യങ്ങൾ എന്തെല്ലാം കിടക്കുന്നു... നീ ഒഴിയാൻ ഒന്നും നിക്കണ്ട അവിടെ ഒരുക്കങ്ങൾ തുടങ്ങി കഴിഞ്ഞു ” ഉമ്മി പറഞ്ഞു... എനിക്ക് സമ്മധിക്കാൻ അല്ലാതെ വേറെ വഴി ഇല്ലായിരുന്നു...ഞാൻ കണ്ണടച്ചു കിടന്നു...

“ഇക്കാ വാ ഫുഡ് കഴിക്കാം ”കണ്ണ് ഒന്ന് അടഞ്ഞു തുടങ്ങിയപ്പോഴേക്കും ജാസ്മിൻ വന്ന് വിളിച്ചു...

“ആ ഞാൻ ഒന്ന് ഫ്രഷ് ആയിട്ട് വരാം ” എന്ന് പറഞ്ഞിട്ട് ഞാൻ കുളിക്കാൻ കയറി... തലയിലൂടെ കുറെ വെള്ളം വീണപ്പോഴേക്കും തല ഒന്ന് തണുത്തു... ഞാൻ ഡ്രസ്സ് ഒക്കെ ഇട്ട് കഴിക്കാനായി ചെന്നു... അവൾ ഞാൻ ഇറങ്ങി വരുന്നത് കണ്ടു... Tv ഓഫ് ചെയ്ത് വന്ന് ഇരുന്നു ഞങ്ങൾ ഒരുമിച്ച് ഇരുന്നു കഴിച്ചു... പക്ഷെ ഞങ്ങൾ ഒന്നും സംസാരിച്ചില്ല...

...

അടുത്ത ദിവസം രാവിലെ ഞങ്ങൾ ഒരുമിച്ച് ഓഫീസിലേക്ക് പോയി... ജാസ്മിന്റെ വരവും നോക്കി നിക്കുകയായിരുന്നു സൈനു... ഞാൻ അവളെയും കൂട്ടി അവന്റെ അടുത്തേക്ക് പോയി...

“നിനക്ക് ഇവളോട് പ്രേമം ആണെന്ന് കേട്ടല്ലോ എന്താ സത്യമാണോ? ” ഞാൻ ചെറു ചിരിയോടെ അവന്റെ അടുത്ത് ചോദിച്ചു...

അവൻ ആണെന്ന രീതിയിൽ തല ആട്ടി...

“എന്നാലേ അത് ഇവിടെ വെച്ച് നിർത്തിക്കോ ” പെട്ടന്ന് എന്റെ മുഖം മാറി ഞാൻ അവന്റെ കുത്തിന് കയറി പിടിച്ചു... അത്രയും നേരം ചെറിയ പേടിയോടെ നിന്ന ജാസ്മിൻ അവന്റെ ഷർട്ടിൽ പിടിച്ചിരുന്ന കൈ തട്ടി മാറ്റി... എന്നിട്ട് എന്റെയും അവന്റെയും ഇടയിൽ കയറി നിന്നു...

“അത് പറയാൻ നിങ്ങൾക്ക് എന്ത് അവകാശം...” അവൾ എന്റെ കണ്ണിലേക്കു തന്നെ നോക്കി ചോദിച്ചു....

“ജാസമീ ” അവളുടെ പ്രവർത്തിയിൽ ആശ്ചര്യപ്പെട്ട് ഞാൻ അവളെ ഒന്ന് വിളിച്ചു....

“ആ പേര് വിളിക്കാൻ പോലും നിങ്ങൾക്ക് അവകാശം ഇല്ല... വീട്ടിൽ നിന്നപ്പോ ഞാൻ അയാളുടെ ആരൊക്കെയോ ആയിരുന്നു... എന്നെ ഇങ്ങോട്ട് കയറ്റി വിട്ടിട്ട് അയാൾ വേറെ പെണ്ണ് കണ്ട് അവളുമായി കല്യാണവും തീരുമാനിച്ചു... എന്റെ മനസ്സിൽ ആശ തന്നിട്ട് ഇയാൾ എന്നെ പറ്റിച്ചു... നിന്നെ ഒക്കെ കാത്തിരുന്ന എന്നെ പറഞ്ഞാൽ മതിയല്ലോ... വന്നപ്പോൾ ഒരു വാക്ക് പറഞ്ഞിരുന്നേൽ.. എനിക്ക് ഇത്രയും വിഷമം കാണില്ലായിരുന്നു ” അവൾ കരയാതെ കരഞ്ഞുകൊണ്ട് പറഞ്ഞു...

“ശെരിയാണ് നിനക്ക് ഞാൻ ആശ തന്നു... നീ എപ്പോഴെങ്കിലും എന്നോട് ഇഷ്ടമാണെന്ന് പറഞ്ഞിരുന്നോ... ഒരു തവണയെങ്കിലും... ഇല്ല... പിന്നെ എന്ത്

പറഞ്ഞു ഞാൻ നിന്നെ കാത്തിരിക്കണം... പിന്നെ എന്റെ കല്യാണയത്തിന്റെ കാര്യം... അത് നിന്നോട് പറഞ്ഞില്ല..." ഞാൻ പറഞ്ഞു...

" ജാസ്മി നിനക്ക് എന്നെ ഇഷ്ടമല്ലേ... ഇനി ഇവനോട് ഒന്നും സംസാരിച്ചു നിക്കണ്ട കാര്യം ഇല്ല... ഇവിടുത്തെ ജോലി ഒക്കെ മതിയാക്കി വാ നമുക്ക് നാട്ടിലേക്ക് പോകാം..." സൈനു അവളുടെ കയ്യിൽ പിടിച്ചു കൊണ്ട് പറഞ്ഞു... അതൊക്കെ കണ്ട് നിക്കാനേ എനിക്ക് കഴിഞ്ഞുള്ളു... എന്റെ കണ്ണുകൾ നിറഞ്ഞു അത് തുടച്ചുകൊണ്ട് ഞാൻ തല തിരിച്ചപ്പോളാണ്... ബാക്കിൽ കൂടി നിക്കുന്ന ആളുകളെ ഞാൻ കണ്ടത്... ഓഫീസിലെ മുഴുവൻ പേരും ഉണ്ടായിരുന്നു... അവരിൽ പലരുടെയും മുഖത്തെ സന്തോഷം ഞാൻ കണ്ടു... പറഞ്ഞ ഗോസിപ്പ് ശെരിയായിരുന്നു എന്ന് അറിഞ്ഞതിന്റെ സന്തോഷം ആയിരിക്കും... അത് കൂടെ ആയപ്പോൾ എന്റെ ശരീരം തളരുന്നത് പോലെ എനിക്ക് തോന്നി... ഞാൻ അവരെ ഒക്കെ തള്ളി മാറ്റി പിടിച്ചു പിടിച്ചു എന്റെ കാബിനിനുള്ളിലേക്ക് കയറി ഇരുന്നു...

പ്രവീണ ഉടനേ എന്റെ അടുത്തേക്ക് വന്നു....

"സർ ആർ യു ഓക്കേ " അവൾ ചോദിച്ചു...

"പ്രവീണാ... കുറച്ചു വെള്ളം കിട്ടുമോ " ഞാൻ ചോദിച്ചു..അവൾ പെട്ടന്ന് തന്നെ പോയി ഒരു ബോട്ടിൽ വെള്ളവുമായി വന്നു.... അവൾ ആ ബോട്ടിൽ എനിക്ക് തന്നു...കുറച്ചു നേരം അവൾ അവിടെ തന്നെ നിന്നു...

"സർ ഇത് വരെ സർ പേർസണൽ കാര്യങ്ങൾ ആരോടും സംസാരിച്ചിട്ടില്ല... ആരും അത് ചോദിക്കാനും വന്നിട്ടില്ല... വിരോധം ഇല്ലേൽ എന്നോട് പറഞ്ഞൂടെ... സാറിന്റെ വിഷമങ്ങൾ കുറച്ചു കുറയും " കുറച്ചു നേരം കഴിഞ്ഞു അവൾ പറഞ്ഞു.. ഞാൻ അവളെ ഒന്ന് നോക്കി...ഒന്ന് ആലോചിച്ചപ്പോൾ അതാണ് ശെരി എന്ന് എനിക്കും തോന്നി...

ഞാൻ അവളോട് കാര്യങ്ങൾ എല്ലാം പറഞ്ഞു...

" ഇത്രയും ഒക്കെ അനുഭവിച്ചിട്ടാണോ... സർ അവളുടെ ഭാഗത്ത് നിന്ന് ചോദിച്ചാൽ അവൾ പറയുന്നത് ശെരിയല്ലേ... പക്ഷെ സർ സാറിന്റെ ഭാഗത്ത് നിന്ന് നോക്കിയാൽ സർ ചെയ്തതും ശെരി തന്നെ ആണ് " അവൾ പറഞ്ഞു...

"സർ പറഞ്ഞത് വെച്ച് നോക്കുവാണേൽ... അവൾ സാറിന്റെ കാര്യം അറിഞ്ഞത് ഇന്നലെ ആയിരിക്കും.. അങ്ങനെ ആണേൽ ഒറ്റ ദിവസം കൊണ്ട് സാറിനെ ഉപേക്ഷിച്ചു അവനെ സ്നേഹിക്കണമെങ്കിൽ അവളുടെ സ്നേഹം സർ ഒന്ന് ആലോചിച്ച് നോക്ക് " അവൾ എന്നോട് ചോദിച്ചു... ശെരിയാണ്... ഒരാളെ മറന്നു മറ്റേ ആളെ സ്നേഹിച്ച അവൾ.. അവളെ ഞാൻ കല്യാണം കഴിച്ചു കഴിഞ്ഞ് ഒരു പ്രശ്നം ഉണ്ടായാൽ എന്നെ വിട്ട് പോകില്ല എന്ന് ഉറപ്പ് പറയാൻ പറ്റില്ല... അപ്പോൾ എന്തോ ഭാഗ്യം കൊണ്ട് തന്നെ ആണ് അവൾ പോയത്....

"താങ്ക്യൂ " ഞാൻ പ്രവീണയോട് പറഞ്ഞു...

"എന്തിനാണ് സർ " അവൾ ചിരിച്ചുകൊണ്ട് ചോദിച്ചു...

"ഈ അവസ്ഥായിൽ താൻ കൂടെ ഇല്ലായിരുന്നേൽ ഞാൻ ആകെ തളർന്നു പോയേനെ " ഞാൻ പറഞ്ഞു...

"അത് നല്ലതിനാണ് എന്ന് കരുതിയാൽ മതി സർ... കെട്ടാൻ പോകുന്ന ആളെ സ്നേഹിച്ചാൽ മതി... ഇനി പ്രശനം ഒന്നും ഇല്ലല്ലോ ഇനി സർ ആ കുട്ടിയോട് ഒന്ന് തുറന്ന് സംസാരിച്ചാൽ എല്ലാം ശെരിയാകും" അവൾ പറഞ്ഞു...

“ഞാൻ തന്നോട് പണ്ടേ കൂട്ടുകൂടേണ്ടതായിരുന്നു…” ഞാൻ അവളോട് ചിരിച്ചുകൊണ്ട് പറഞ്ഞു…

“ ഞാൻ സംസാരിക്കാൻ വന്നിട്ടുള്ളതല്ലേ സർ അല്ലെ മൈൻഡ് ചെയ്യാതെ ഇരുന്നത് ” അവൾ മുഖം തിരിച്ചുകൊണ്ട് പറഞ്ഞു..

“അതൊക്കെ കഴിഞ്ഞില്ലേ… അതല്ല എന്റെ പ്രശ്നം.. എല്ലാരും അത് കണ്ടുകൊണ്ട് ആണ് നിന്നത് ഇനി ഞാൻ എങ്ങനെ അവരുടെ ഒക്കെ മുഖത്ത് നോക്കും ” ഞാൻ ചോദിച്ചു…

“സാറിന് എന്താ പ്രശ്നം അവർ പറയുന്നത് പറയട്ടെ… അവർ അല്ല സാറിന്റെ സാലറി തരുന്നത് സർ അവർക്ക് ആണ് സാലറി കൊടുക്കുന്നത്… അവരുടെ ഒക്കെ വാ അടപ്പിക്കുന്നതിലും നല്ലത് സർ അത് കേട്ടില്ല എന്ന് നടിക്കുന്നതാണ് ”അവൾ പറഞ്ഞു…

“താൻ എന്തായാലും ഈ മാസം പോവുകയല്ലേ… അടുത്ത ആളെ ഉടനെ കണ്ട് പിടിക്കണം ” ഞാൻ പരിഭ്രാന്തിയോടെ പറഞ്ഞു…

“സർ ടെൻഷൻ അടിക്കേണ്ട… കല്യാണത്തിന് ഇനി 2 മാസം കൂടെ ഉണ്ടല്ലോ… ഞാൻ പറഞ്ഞാൽ കേക്കുന്ന ആൾ തന്നെ ആണ് എന്നെ കല്യാണം കഴിക്കാൻ പോകുന്നത്… അതുകൊണ്ട് പുതിയ ആളെ കിട്ടിയിട്ടേ ഞാൻ പോകുന്നുള്ളൂ…” അവൾ ചിരിച്ചുകൊണ്ട് പറഞ്ഞു… അവളുടെ വാക്കുകൾ എനിക്ക് ഒരു ആശ്വാസം ആയിരുന്നു…

“ഇന്ന് തന്നെ എന്തായാലും ആളെ ആവശ്യം ഉണ്ടെന്ന് പറഞ്ഞു ന്യൂസ് കൊടുത്തേക്ക് ” ഞാൻ അവളോട് പറഞ്ഞു...

“യസ് സർ ” പെട്ടന്ന് തന്നെ അവൾ അവളുടെ ജോലി നോക്കാൻ ആയി പോയി... അവൾ ഈ കമ്പനിക്ക് ഒരു മുതൽ കൂട്ട് ആയിരുന്നു... ഇനി വരാൻ പോകുന്ന ആൾ എങ്ങനെ ആണോ എന്തോ? എന്ന് ആലോചിച്ച് ഞാൻ ടേബിളിൽ തല വെച്ചു കിടന്നു... കണ്ണ് ഒന്ന് അടഞ്ഞു തുടങ്ങിയപ്പോൾ ആരോ വന്ന് ഡോറിൽ മുട്ടി...

“യസ് കം ഇൻ ” ഞാൻ പറഞ്ഞു...

“സർ ആളെ ആവശ്യമുണ്ടെന്ന് നമ്മുടെ എല്ലാ സോഷ്യൽ നെറ്റ്വർകുകളിലും പറഞ്ഞിട്ടുണ്ട് ന്യൂസ് പേപ്പറിൽ നാളെ വരും... മാറ്റാനാളത്തേക്ക് ആണ് ഡേറ്റ് വെച്ചിരിക്കുന്നത് ” അവൾ പറഞ്ഞു...

“ആഹ് ഓക്കേ ” ഞാൻ ഉറക്ക ക്ഷീണത്തിൽ പറഞ്ഞു...

“സർ വീട്ടിലേക്ക് പൊക്കൊളു.. എന്തേലും ആവശ്യം ഉണ്ടേൽ ഞാൻ വിളിക്കാം ” അവൾ പറഞ്ഞു... എന്നിട്ട് അവൾ പുറത്തേക്ക് പോയി. ഇന്ന് എനിക്ക് അധികം ജോലി ഒന്നും ഇല്ല അതുകൊണ്ട് ഞാൻ വീട്ടിലേക്ക് പോകാൻ തന്നെ തീരുമാനിച്ചു... ഓഫിസിൽ നിന്ന് ഇറങ്ങി വണ്ടിയും എടുത്ത് മുന്നോട്ട് പൊക്കൊണ്ട് ഇരുന്നപ്പോഴാണ് ബസ്സ്റ്റോപ്പിൽ അവളും അവനും ഇരിക്കുന്നത് കണ്ടത്... അവളെ കണ്ടതും ഒന്ന് അടങ്ങിയിരുന്ന മനസ് വീണ്ടും കൈവിട്ട് പോകുന്നതുപോലെ എനിക്ക് തോന്നി... ഞാൻ വേഗം വണ്ടി സൈഡ് ഒതുക്കി ഇറങ്ങി...ഞാൻ ചിരിച്ചുകൊണ്ട് തന്നെ അവരുടെ അടുത്തേക്ക് പോയി... രണ്ടുപേരും അവിടെ ഇരിക്കുകയായിരുന്നു... ഞാൻ വരുന്നത് അവർ കണ്ടു പക്ഷെ അവർക്ക് ഒരു ഭാവവും ഇല്ലായിരുന്നു... ഞാൻ നേരെ ചെന്ന്

അവളുടെ കൂടെ ഇരുന്ന സൈനുവിന്റെ കരണം നോക്കി ഒരണ്ണം പൊട്ടിച്ചു... ഒട്ടും പ്രേധിക്ഷിക്കാതെ കിട്ടിയ അടി ആയതുകൊണ്ട് അവൻ ഇരുന്നിടത് നിന്നും

താഴെ വീണു... ജാസ്മിൻ അത് കണ്ട് പേടിച്ചു... അവൻ പെട്ടന്ന് എഴുന്നേറ്റ് എന്റെ നേരെ അലറിക്കൊണ്ട് കൈ വീശി... ഞാൻ അവന്റെ കൈ തട്ടി മാറ്റിയിട്ടു അവനെ ഭലമായി പിടിച്ചു അവിടെ ഇരുത്തി..

"ഇപ്പൊ തന്നത് എന്തിനാണെന്ന് അറിയാമോ?... എന്റെ ഓഫീസിന്റെ ഫ്രണ്ടിൽ കിടന്ന് ഷോ ഇറക്കിയില്ലേ അതിനാണ് " ഞാൻ പറഞ്ഞു...

"ആ പിന്നെ നീ ഒന്ന് സൂക്ഷിച്ചോ... ഒറ്റ ദിവസം കൊണ്ട് മനസ് മാറിയ ആൾ ആണ് നീ ഇപ്പൊ കൂടെ കൊണ്ട് നടക്കുന്നത്... നാളെ വേറെ ഒരുത്തനെ കാണുമ്പോൾ അവന്റെ കൂടെ പോകില്ല എന്ന് ഉറപ്പുണ്ടെങ്കിൽ മാത്രമേ..... അല്ലേൽ വേണ്ട നീ നിനക്ക് ഇഷ്ടമുള്ളതുപോലെ ചെയ് "ഞാൻ അവനോട് പറഞ്ഞു... അത്രയും പറഞ്ഞപ്പോൾ എന്റെ മനസ്സിൽ എന്തോ സുഖമുള്ള ഒരു ഫീൽ ആയിരുന്നു...

"പിന്നെ നീ സൂക്ഷിച്ചോ... ഞാൻ ഉണ്ടായിരുന്നു എന്നുള്ള ഒറ്റ കാരണത്തിൽ ആയിരുന്നു ഇത്രയും നാൾ ഉള്ള നിന്റെ ജീവൻ... അവൾ നീ എവിടെ ഉണ്ടെന്ന് തിരക്കി നടക്കുകയാണ്... ഇനി നീ ആയി നിന്റെ കാര്യങ്ങളായി... എനിക്ക് ഇതിലൊന്നും ഒരു വിഷമവും ഇല്ല " ഞാൻ പറഞ്ഞു എന്നിട്ട് തിരിഞ്ഞു നടന്നു... എന്നിട്ട് തിരഞ്ഞു വാലറ്റിൽ നിന്ന് ഒരു 3000 എടുത്ത് അവളുടെ കയ്യിൽ കൊടുത്തു... അവൾ ആദ്യം അത് വാങ്ങിച്ചില്ല....

"ഇത് നിനക്ക് വെറുതെ തരുന്നതല്ല...10,20 ദിവസം എന്റെ ഓഫിസിൽ നിന്നതല്ലേ ഇരിക്കട്ടെ " എന്ന് പറഞ്ഞിട്ട് ഞാൻ കാറിലേക്ക് കയറി... നേരെ വീട്ടിലേക്ക് ചെന്നു... അവൾ അങ്ങനെ ഒക്കെ പറഞ്ഞതിൽ എനിക്ക് നല്ല വിഷമം ഉണ്ടായിരുന്നു.. ഞാൻ നേരെ കയറി അങ്ങ് കിടന്നു... പതിയെ

ഉറക്കത്തിലേക്ക് വീണു...ഉറക്കം എഴുന്നേറ്റപ്പോൾ തന്നെ മനസിന് എന്തോ വല്ലാത്ത ഒരു വേദന... ആരോടെങ്കിലും പറഞ്ഞാൽ കുറച്ചു ആശ്വാസം ആകും എന്ന് പറഞ്ഞു ഞാൻ നേരെ ഉമ്മിയെ വിളിച്ചു...

"ഉമ്മി " ഞാൻ വിളിച്ചു... എന്റെ ശബ്ദം ഇടറിയിരുന്നു...

"എന്താടാ എന്താ പറ്റിയെ " ഉമ്മി ചോദിച്ചു...

"ഉമ്മി... അവൾക്ക് എന്നെ ഇഷ്ടമായിരുന്നു... അവൾ ഇന്നലെ കാര്യങ്ങൾ എല്ലാം അറിഞ്ഞു... അവൾ ഓഫീസിന്റെ മുന്നിൽ വെച്ച് ഇതൊക്കെ പറഞ്ഞു എന്നിട്ട് വേറെ ഒരാളുടെ കൂടെ പോയി " ഞാൻ പറഞ്ഞു...

"അയ്യോ.. ഞാനാണ് തെറ്റ് ചെയ്തത്... കുറച്ചു കൂടെ നോക്കിയിരുന്നേൽ ഇങ്ങനെ ഒന്നും വരില്ലായിരുന്നു " ഉമ്മി പറഞ്ഞു... കരയാൻ തുടങ്ങുവാണെന്ന് ആ ശബ്ദം കേട്ടപ്പോളേ മനസിലായി...

"അതൊക്കെ നന്നായി എന്ന് കരുതിയാൽ മതി ഉമ്മി... ഇനി അങ്ങനെ ഒരു പ്രശ്നം ഇല്ലല്ലോ " ഞാൻ പറഞ്ഞു...

"എന്നാലും "

"ഒരു എന്നാലും ഇല്ല... എന്റെ ഒരു വിഷമം മാറാൻ ആണ് ഉമ്മിയെ വിളിച്ചത്... എന്നിട്ട് ഇപ്പൊ ഉമ്മി കൂടെ ഇങ്ങനെ ആയാലോ " ഞാൻ പറഞ്ഞു...

“ശെരി ഞാൻ ഒന്നും പറയുന്നില്ല... പിന്നെ നീ പറഞ്ഞതുപോലെ അങ്ങ് എത്തിക്കോണം കേട്ടല്ലോ ” ഉമ്മി പറഞ്ഞു...

“എന്നാ ഞാൻ വെക്കട്ടെ ”

“ആ മോനെ ”എന്ന് പറഞ്ഞു.. ഞാൻ ഫോൺ കട്ട് ചെയ്തു... ഫോൺ അവിടെ തന്നെ വെച്ചിട്ട് കിടന്നു... ആഗ്രഹിച്ച പലതും എന്റെ കയ്യിൽ നിന്ന് നഷ്ടപ്പെട്ടു... ജീവിതം തന്നെ വെറുതെ ആയി തുടങ്ങിയിരിക്കുന്നു... അങ്ങനെ ഓരോന്ന് ആലോചിച്ച് വിഷമിച്ചു ഇരിക്കുമ്പോൾ ആണ്.. ഫൗസി വിളിച്ചത്...

“ഹലോ... എന്താ ഒരു മൈൻഡ് ഇല്ലാത്തെ ” അവൾ ചോദിച്ചു...

“ഒന്നുമില്ല ” ഞാൻ താല്പര്യം ഇല്ലാതെ പറഞ്ഞു...

“എന്താ സുഖമില്ലേ.. ശബ്ദം വല്ലാതെ ഇരിക്കുന്നത് ” അവൾ പേടിയോടെ ചോദിച്ചു...

“അല്ല കുറച്ചു പ്രശനം ഉണ്ട്... അതുകൊണ്ട് ആണ് ” ഞാൻ പറഞ്ഞു...

“എന്ത് പ്രശനം? ” അവൾ ചോദിച്ചു..

അപ്പോഴാണ് പ്രവീണ പറഞ്ഞ കാര്യം ഞാൻ ഓർത്തത്... ഇനി ഇവളോട് മറച്ചുവെച്ചിട്ട് അത് ഇനി എന്തെങ്കിലും കുഴപ്പം ആയാലോ എന്ന് കരുതി... ഞാൻ അവളോട് കാര്യം പറഞ്ഞു...

"അതൊക്കെ കഴിഞ്ഞില്ലേ ഇനി അവളെ പറ്റി ചിന്തിക്കേണ്ട... ഞാൻ ഉണ്ടല്ലോ എല്ലാത്തിനും " അവൾ പറഞ്ഞു... ആ വാക്കുകൾ എനിക്ക് തന്ന ആശ്വാസം പറഞ്ഞറിയിക്കാൻ പറ്റില്ലായിരുന്നു... മനസ്സിൽ സന്തോഷം വന്നുകൊണ്ടിരിക്കുന്നു ഇരുന്നു... ഞാൻ ആ സന്തോഷത്തിൽ അവളോട് ഓരോന്ന് ചോദിച്ചു ഇരുന്നു... സമയം പോയത് അറിഞ്ഞില്ല.9 മണിക്ക് തുടങ്ങിയ കാൾ അവസാനിച്ചത് 12 മണിക്ക് ആണ്...

"അതെ ഉറക്കം ഒന്നും ഇല്ല " അവൾ എന്നോട് ചോദിച്ചു...

"വെക്കാൻ തോന്നണില്ല " ഞാൻ കൊഞ്ചിക്കൊണ്ട് പറഞ്ഞു...

"വെച്ചിട്ട് പോയി കിടന്ന് ഉറങ്ങാൻ നോക്ക് മനുഷ്യ " അവൾ ചിരിച്ചുകൊണ്ട് പറഞ്ഞു... ആ ചിരി കേക്കാൻ തന്നെ നല്ല സുഗമായിരുന്നു...

"അതെ നാളെ ഓഫീസിൽ പോകുമ്പോൾ അവിടെ ഉള്ളവരുടെ മുഖത്തേക്ക് നോക്കാൻ നിക്കണ്ട... കേട്ടല്ലോ " അവൾ ശാസനയോട് പറഞ്ഞു...

"ശെരി മാഡം... അതെ എനിക്ക് ഒരു ഉമ്മ തരുമോ?" ഞാൻ ചോദിച്ചു...

“അയ്യടാ... അതൊക്കെ കല്യാണം കഴിഞ്ഞിട്ട് ” അവൾ ഒഴിഞ്ഞു മാറാൻ നോക്കി ഞാൻ വിടുമോ...

“വേണ്ടടെ കല്യാണം കഴിഞ്ഞും വേണ്ട ” ഞാൻ വിഷമം അഭിനയിച്ചു പറഞ്ഞു...

“അയ്യേ ഞാൻ വെറുതെ പറഞ്ഞതല്ലേ... ഉമ്മ ”

“എന്നാ ശെരി പോയി ഉറങ്ങിക്കോ ” ഞാൻ പറഞ്ഞു

“അത് എന്ത് പരിപാടി ആണ്.. ഒരു സാധനം തന്നാൽ അത് തിരിച്ചു തരണ്ടേ ” അവൾ ചോദിച്ചു...

“ഞാൻ ചോദിച്ചപ്പോൾ തരാൻ ബുദ്ധിമുട്ടായിരുന്നല്ലോ... അതുകൊണ്ട് ഞാൻ തരുന്നില്ല ” ഞാൻ പറഞ്ഞു...

“പ്ലീസ്, പ്ലീസ്, പ്ലീസ്... ഒരണ്ണം ഒരണ്ണം മതി... ഒരെണ്ണം തന്നുടെ ” അവൾ കെഞ്ചി...

“ഒരെണ്ണമേ തരു... ഉമ്മാ ”ഞാൻ അവൾക്ക് കൊടുത്തു..

“അയ്യേ ഈ ഒണക്ക ഉമ്മക്കായിരുന്നോ ഞാൻ കിടന്ന് കെഞ്ചിയത്... ശ്ശേ ” അവൾ നിരാശപെട്ടു...

“ഇനി നീ ചോദിച്ചു വരുമെടി ഉമ്മ താ ഉമ്മ താ എന്ന് പറഞ്ഞു ” ഞാൻ പറഞ്ഞു ഫോൺ കട്ട് ചെയ്തു... അപ്പോൾ തന്നെ അവളുടെ കാൾ വന്നു...

“എന്താ ദേഷ്യത്തിൽ ആണോ.”അവൾ ചോദിച്ചു...

“ആണെങ്കിൽ ”

“എന്നാ ഇത് വെച്ചോ... ഉമ്മ. ഉമ്മ, ഉമ്മ ” എന്നിട്ട് അപ്പോൾ തന്നെ കാൾ കട്ട് ആയി... വല്ലാത്ത ഒരു ഫീൽ തന്നെയാണ് സംസാരം എല്ലാം കഴിയുമ്പോൾ ഉള്ള ആ ഉമ്മക്ക്... ആ സമയം തന്നെ ജാസ്മിന്റെ ഓർമ്മകൾ എല്ലാം പോയിരുന്നു... എന്റെ മനസ് ഫൗസിയുടെ അടുത്തേക്ക് എന്താണ് കൊതിച്ചുകൊണ്ട് ഇരുന്നു... ഞാൻ പതിയെ ഉറക്കത്തിലേക്ക് വീണു... നല്ല താമസിച്ചു തന്നെ ആണ് ഞാൻ എഴുന്നേറ്റത്... കണ്ണ് തുറന്നപ്പോൾ ഫോൺ കാൾ വന്ന് വൈബ്രേറ്റ് ചെയ്യുന്നതാണ് കണ്ടത്... അപ്പോൾ തന്നെ കാൾ കട്ട് ആയി... ഞാൻ ഫോൺ നോക്കിയപ്പോൾ 30+ മിസ്സ്ഡ് കാൾസ്.. പ്രവീണ ആയിരുന്നു... പിന്നെ വേറെ കുറച്ചു സ്റ്റാഫുകളും വിളിച്ചിരിക്കുന്നു...

ഞാൻ പ്രവീണയെ തന്നെ തിരിച്ചു വിളിച്ചു...

“ഹലോ സർ ” അവളുടെ ശബ്ദം കേട്ടപ്പോൾ എനിക്ക് മനസിലായി പേടിച്ചാണ് വിളിക്കുന്നത്...

“എന്താണ് പ്രവീണ എന്താ പ്രോബ്ലം ” ഞാൻ ചോദിച്ചു...

“സർ എത്രയും പെട്ടന്ന് വരണം... ഇവിടെ പോലീസ് വന്ന് നിൽക്കുന്നു.. എന്താ പ്രോബ്ലം എന്ന് അറിയില്ല ” അവൾ പറഞ്ഞു...

“ഞാൻ ഇപ്പോൾ വരാം... താൻ പേടിക്കണ്ട ” ഞാൻ ഫോൺ കട്ട് ചെയ്തിട്ട് വേഗം തന്നെ ഫ്രഷ് ആയി ഡ്രസ്സ് ചെയ്ത് ഇറങ്ങി.. പെട്ടന്ന് തന്നെ ഓഫീസിൽ എത്തി... പുറത്ത് ഒരു വണ്ടിയിൽ പോലീസ് നിൽക്കുന്നു... ഞാൻ ഓഫീസിനകത്തേക്ക് ചെന്നു... എന്റെ കാബിനിൽ ഒരു SI ഇരിക്കുന്നു... ഞാൻ അകത്തേക്ക് കയറി...

{കന്നഡ ഭാഷയിൽ ആണ് സംസാരം അത് മലയാളത്തിൽ തർജിമ ചെയ്യാം }

“എന്താണ് സർ പ്രോബ്ലം ” ഞാൻ ചോദിച്ചു...

“നിങ്ങളുടെ കൂടെ കേരളത്തിൽ നിന്ന് ഇവിടെ വന്ന ആളെ ഇന്നലെ മുതൽ കാണാൻ ഇല്ല എന്ന് പറഞ്ഞു ഒരു പരാതി കിട്ടിയിട്ടുണ്ട് ” Si പറഞ്ഞു...

“സർ എന്റെ കൂടെ വന്നു എന്നുള്ളത് ശെരിയാണ്... പക്ഷെ ഇന്നലെ ചെറിയ പ്രേശ്നങ്ങൾ ഉണ്ടായി അവൾ ഒരാളുടെ കൂടെ പോയി...” ഞാൻ പറഞ്ഞു.

“ആരുടെ കൂടെ? ”

“സർ ഇവിടെ ജോലി ചെയ്തിരുന്ന ആൾ ആണ്... അയാൾക്ക് അവളെ ഇഷ്ടമായിരുന്നു... അവൾ ഇന്നലെ അയാളുടെ കൂടെ പോയി ” ഞാൻ പറഞ്ഞു...

“ഇയാളുടെ കൂടെ ആണോ ” എന്ന് പറഞ്ഞു Si എന്നെ ഒരു ഫോട്ടോ കാണിച്ചു...

അത് സൈനുവിന്റെ ആയിരുന്നു...

“അതെ സർ ഇയാളുടെ കൂടെ ആണ് അവൾ പോയത് ” ഞാൻ പറഞ്ഞു....

“ഇയാൾ തന്നെ ആണ് ഞങ്ങൾക്ക് പരാതി തന്നത്... ആളെ കാണാനില്ലന്നും. അതിന്റെ പിന്നിൽ താൻ ആയിരിക്കും എന്നൊക്കെ...”

“സർ അത് ഒരു തെറ്റധാരണയുടെ പുറത്ത് പറ്റിയതാണ്... സർ ഞാനും ജാസ്മിനും ഒരേ കോളേജിൽ ആയിരുന്നു സർ പഠിച്ചിരുന്നത്...2 മാസം മുൻപ് പെങ്ങളുടെ കല്യാണം ഉണ്ടായിരുന്നു... ഞാൻ നാട്ടിൽ ചെന്നു.. അന്ന് ആണ് ജാസ്മിൻ എന്നെ ആദ്യമായി വിളിക്കുന്നത്.. അവളുടെ അനിയൻ പോലീസ് സ്റ്റേഷനിൽ ആണെന്ന് പറഞ്ഞു... അന്ന് അങ്ങനെ ഞാൻ അവളെ സഹായിച്ചു.. അന്ന് അവൾക്ക് ആ കേസ് കാരണം ഒരുപാട് ശത്രുകൾ ഉണ്ടായി... അവൾക്ക് എതിരെ വധ ഭീഷണി വരെ ഉണ്ടായിരുന്നു... അതുകൊണ്ട് ഞങ്ങൾ അവളെ ഞങ്ങളുടെ വീട്ടിൽ തന്നെ താമസിപ്പിച്ചു... അവളെ കണ്ടപ്പോൾ മുതൽ എനിക്ക് അവളോട് പ്രണയം തുടങ്ങി..അത് ഞാൻ അവളോട് പറയുകയും ചെയ്തു... അന്ന് അവൾ എന്നെ കെട്ടിപ്പിച്ചു കുറച്ചു നേരം കരഞ്ഞു... എന്നിട്ട് വിട്ട് മാറി പൊയി...ഇടക്ക് ഭീഷണി മുഴക്കുന്നവരുടെ ശല്യം സഹിക്കാതെ ആയപ്പോൾ ആണ് അവളെ ഞാൻ ഇങ്ങോട്ട് കയറ്റി വിട്ടത്...അവൾക്ക് എന്നെ ഇഷ്ടമാണെന്ന് പറയാത്തതിനാൽ വീട്ടുകാർ എനിക്കായി കണ്ടെത്തി തന്ന കുട്ടിയെ എനിക്ക് കല്യാണം കഴിക്കാൻ തീരുമാനിക്കേണ്ടി വന്നു.. അതിനു ശേഷം ഞാൻ തിരിച്ചു ഇങ്ങ് എത്തി..ഞാൻ അവൾക്ക് എന്റെ പേർസണൽ സെക്രട്ടറി എന്നാ പോസ്റ്റ് കൊടുത്തതാണ്...അവൾ വന്നപ്പോൾ മുതൽ സർ കാണിച്ചവൻ ശല്യം ഉണ്ടെന്നു പറഞ്ഞിരുന്നു... അങ്ങനെ ഇരിക്കെ 2 ദിവസം മുൻപ് അവൾ ഞാൻ വേറെ കല്യാണം കഴിക്കാൻ പോകുകയാണെന്ന് അറിഞ്ഞു... അപ്പോൾ അവൾ എന്നെ നാണം കെടുത്താനായി ഒരു നാടകം

ഒപ്പിച്ചു... അതിനു ശേഷം അവനുമായി ഇറങ്ങി പോയി..ഉച്ചയൊക്കെ ആയപ്പോൾ ഞാൻ അവരെ വീണ്ടും കണ്ടു... അപ്പോൾ ഞാൻ അവനെ ഒരു അടി അടിച്ചു... പിന്നെ കുറച്ചു ഡയലോഗ് പറഞ്ഞു... അതാണ് സർ ആ തെറ്റധാരണ... അല്ലാതെ അവളെ മാറ്റി നിർത്തേണ്ട കാര്യം ഒന്നും എനിക്ക് ഇല്ല സർ " ഞാൻ പറഞ്ഞു കഴിഞ്ഞ് അവിടെ ഇരുന്ന വെള്ളം എടുത്ത് കുടിച്ചു...

"നോക്ക് mr അജാസ്... നിങ്ങൾ പറയുന്നത് ശെരിയായിരിക്കാം... പക്ഷെ ഇപ്പൊ തെളിവുകൾ നിങ്ങൾക്ക് എതിരാണ്... നിങ്ങൾ തന്നെ ആണ് എന്ന് ഞാൻ പറയില്ല... പക്ഷെ ഇങ്ങനെ ഒരു സാഹചര്യത്തിൽ എനിക്ക് ഒന്നും ചെയ്യാൻ കഴിയില്ല... പക്ഷെ നിങ്ങൾ പറഞ്ഞത് വെച്ച് നോക്കുമ്പോൾ അവൾക്ക് മറ്റു ശത്രുക്കൾ ഉള്ളത് കൊണ്ട് അവർ ചെയ്തത് ആണോന്ന് എനിക്ക് ഇപ്പോൾ സംശയം ഉണ്ട്... എപ്പോൾ വിളിപ്പിച്ചാലും അങ്ങ് സ്റ്റേഷനിൽ എത്തിക്കോണം " എന്ന് പറഞ്ഞു അയാൾ പുറത്തേക്ക് ഇറങ്ങി ഞാനും Si ടെ കൂടെ ഇറങ്ങി...

"ഓക്കേ mr. അജാസ്.. നമുക്ക് ഇനിയും കാണേണ്ടി വരും." അയാൾ ചിരിച്ചുകൊണ്ട് പറഞ്ഞു..

എനിക്ക് എന്റെ ദേഷ്യം ഇരച്ചു കയറി... ഞാൻ ഫോൺ എടുത്ത് ഐഷയെ വിളിച്ചു..

"ഹലോ " ഞാൻ ദേഷ്യം കൊണ്ട് അലറി...

"എന്താ " അവൾ പേടിച്ചു ചോദിച്ചു...

"നീ ജാസ്മിനെ എവിടെയാ ഒളിപ്പിച്ചു വച്ചിരിക്കുന്നത്?" ഞാൻ അവളോട്

ചോദിച്ചു...

“നിങ്ങൾ ഇത് എന്തൊക്കെയാ പറയുന്നത് ” അവൾ ഒന്നും മനസിലാക്കാത്തത് പോലെ ചോദിച്ചു...

“നീ എന്താ എന്നെ മണ്ടൻ ആക്കാൻ നോക്കുകയാണോ... സത്യം പറഞ്ഞോ ജാസ്മിൻ എവിടെയാണ് ” ഞാൻ ദേഷ്യത്തിൽ തന്നെ ചോദിച്ചു...

“നിങ്ങൾ വിഷ്വസിച്ചാലും ഇല്ലെങ്കിലും ഞാൻ ഒന്ന് പറയാം... ഞാനും എന്റെ ഹാത്തിം ഇക്കയും ഇപ്പോൾ എന്റെ വീട്ടിൽ ആണ്..” അവൾ പറഞ്ഞു... ഞാൻ അപ്പോൾ തന്നെ കാൾ കട്ട് ആക്കി.. അവൾ പറഞ്ഞത് എനിക്ക് വിശ്വാസം ആയിട്ടില്ല... ഞാൻ നേരെ വിവേകിനെ വിളിച്ചു...

“അളിയാ എന്താടാ...2 ആഴ്ച കഴിഞ്ഞ് വരാം എന്ന് പറഞ്ഞു പോയവൻ ആണ് ” അവൻ ആദ്യം വിശേഷം ചോദിക്കാൻ തുടങ്ങി...

“എടാ ഞാൻ വേറെ ഒരു പ്രോബ്ലത്തിൽ നിക്കുകയാണ്... ജാസ്മിനെ കാണാൻ ഇല്ല... അവൾക്ക് എന്നെ ഇഷ്ടമായിരുന്നു... ഞാൻ വേറെ കല്യാണം കഴിക്കാൻ പോകുന്നു എന്ന് അറിഞ്ഞു അവൾ വേറെ ആളുടെ കൂടെ പോയി ഇന്ന് ഇപ്പൊ പോലീസ് വന്നപ്പോൾ ആണ് അവളെ കാണാൻ ഇല്ല എന്ന് അറിഞ്ഞത്... എനിക്ക് സംശയം ഐഷയെ ആണ്... അവൾ പറയുന്നത് അവളും അവളുടെ ഭർത്താവും ഐഷയുടെ വീട്ടിൽ ആണെന്ന് ആണ് ” ഞാൻ പറഞ്ഞു...

“എടാ അവൾ നാട്ടിൽ ഉണ്ടോ എന്ന് ഞാൻ ഇപ്പൊ പറയാം ” എന്ന് പറഞ്ഞു അവൾ കാൾ കട്ട് ആക്കി.. ഞാൻ ടെൻഷൻ അടിച്ചു അങ്ങോട്ടും ഇങ്ങോട്ടും

നടന്നു... എന്നിട്ട് ഞാൻ ഓഫീസിനുള്ളിലേക്ക് കയറി... എല്ലാവരും അങ്ങോട്ടും ഇങ്ങോട്ടും ഒക്കെ എന്തൊക്കെയോ സംസാരിച്ചുകൊണ്ട് ഇരിക്കുന്നു....

“നിങ്ങൾക്കൊന്നും വെറുതെ ഇരിക്കാൻ അല്ല മാസം തുടങ്ങുമ്പോൾ സാലറി തരുന്നത്...” എന്റെ ഉള്ളിലെ ദേഷ്യം കൊണ്ട് ഞാൻ എല്ലാരോടുമായി അലറി... എല്ലാരും പെട്ടന്ന് നിശബ്ദരായി... അവരെ ഓരോരുത്തരെയും ദേഷ്യത്തോടെ നോക്കി നിന്ന എന്റെ അടുത്തേക്ക് പ്രവീണ വന്നു...

“സർ എനിക്ക് ഒരു കാര്യം പറയാൻ ഉണ്ട്... ഒന്ന് വരുമോ ” അവൾ പതിഞ്ഞ സ്വരത്തിൽ ചോദിച്ചു...ഞാൻ അവളെ ഒന്ന് നോക്കി എന്നിട്ട് അവളുടെ കൂടെ പോയി...

“എന്താ, എന്താ കാര്യം ” ഞാൻ അവളോട് ചോദിച്ചു...

“സർ എന്റെ ഒരു സംശയം മാത്രം ആണ്...അതിൽ എത്ര സത്യം ഉണ്ടെന്ന് എനിക്ക് അറിയില്ല ”

“താൻ വളച്ചു കേട്ട് ഇല്ലാതെ കാര്യം പറ ” ഞാൻ പറഞ്ഞു...

“സർ ആ സൈനു നമ്മുടെ സ്റ്റാഫായ സ്ത്രീകളോട് വളരെ മോശം ആയി ആണ് സംസാരിക്കാർ.. എന്റെ ഒരു സംശയം ആണ്... ഇനി അവൻ തന്നെ അവളെ മാറ്റി നിർത്തി സാറിന്റെ ഇമേജ് കളയാൻ ആണ് ഈ കേസ് കൊടുത്തതെങ്കിൽ ” അവൾ എന്നോട് ചോദിച്ചു... പക്ഷെ ഐഷ ആയിരിക്കും ഇത് ചെയ്തത് എന്ന്

കരുതി ഞാൻ അത് കാര്യമാക്കിയില്ല... അത് മാത്രവും അല്ല അവനും ഞാനുമായി വേറെ ഒരു പ്രേശ്നവും ഇല്ല... അപ്പോൾ ആണ് വിവേകിന്റെ കാൾ വരുന്നത്...

“ഹലോ... പറയെടാ ”

“എടാ ശെരിയാണ് നമ്മുടെ ജൂനിയർ ഒരുത്തൻ ഉണ്ട് കൊല്ലത്ത്... അവളും അവളുടെ ഹസ്ബന്റും അവിടെ ഉണ്ട് എന്ന്... ഇനി ഇപ്പൊ ആരായിരിക്കും ” അവന് പറഞ്ഞു...

“ആരായാലും അത് എന്റെ തലയിലെ വരൂ... ഇനി അവളെ കണ്ട് പിടിക്കേണ്ടത് എന്റെ മാത്രം ജോലി ആണ് ” എന്ന് പറഞ്ഞു ഞാൻ ഫോൺ കട്ട് ചെയ്തു... തലക്ക് കൈ കൊടുത്ത് കേസെരയിൽ ഇരുന്നു....

“സർ ആർ യു ഓക്കേ ” പ്രവീണ ചോദിച്ചു...

“പ്രവീണ താൻ പൊക്കോ...ഞാൻ കുറച്ചു നേരം ഒറ്റക്ക് ഇരുന്നോട്ടെ.. ”അവൾ എന്നെ ഒന്ന് നോക്കിയിട്ട് പുറത്തേക്ക് പോയി...

ഇനി പ്രവീണ പറഞ്ഞത് പോലെ അവൻ തന്നെ ആയിരിക്കുമോ... ആണെങ്കിൽ എന്തിന്?

തേപ്പ് ആണ് നമ്മുടെ മെയിൻ  അത് പറയേണ്ടത് ഇല്ലല്ലോ അവസാനം ശെരിയാക്കാൻ ഇരുന്നതായിരുന്നു പക്ഷെ അത് കൈ വിട്ട് പോയി.. മാക്സിമം നല്ലത് പോലെ തന്നെ ഞാൻ എഴുതിയിട്ടുണ്ട്..

ആലോചിച്ചു ആലോചിച്ചു സമയം പോയിക്കൊണ്ട് ഇരുന്നു... അപ്പോൾ ഫോണിൽ ഒരു കാൾ വന്നു...ആരോടും സംസാരിക്കാൻ പറ്റിയ സിറ്റുവേഷൻ അല്ലായിരുന്നത് കൊണ്ട് ഞാൻ കാൾ എടുത്തില്ല... രണ്ടാമത് ഒന്നകൂടെ റിങ് ചെയ്തു... അതെ നമ്പറിൽ നിന്ന് തന്നെ ആയിരുന്നു.. എന്തേലും അത്യാവശ്യം ആയതുകൊണ്ട് വിളിക്കുന്നതാണെന്ന് കരുതി ഞാൻ കാൾ അറ്റന്റ് ചെയ്തു...

“ഹ....” ഹലോ പറയാൻ പോലും പറ്റിയില്ല...

“ഇക്കാ ഇത് ഞാനാ ജാസ്മിൻ.. ഇക്കാ അയാൾ വിശ്വസിക്കാൻ കൊള്ളാത്തവൻ ആണ്... ഇന്നലെ രാത്രി... എന്നെ...” വാക്കി പറയാതെ അവിടെ നിന്ന് കരച്ചിൽ ആയിരുന്നു...

“നീ ഇപ്പൊ എവിടെയാണ് ” ഞാൻ അവളെ കിട്ടി എന്ന് ഉള്ള സന്തോഷത്തിൽ ചോദിച്ചു...

“എനിക്ക് അറിയില്ല ഇക്കാ... ഇന്നലെ അവരുടെ കയ്യിൽ നിന്ന് രക്ഷപെട്ട് ഇങ്ങോട്ട് ഓടി കേറിയതാണ്.. ഇന്നലെ എന്റെ ഫോൺ മാറി അയാളുടെ കൂട്ടുകാരന്റെ ഫോൺ ആണ് ഞാൻ എടുത്തുകൊണ്ടു വന്നത്... ഞാൻ ഇപ്പോൾ നിൽക്കുന്നത് ഏതോ ഗോഡൗണിൽ ആണെന്ന് തോന്നു..”

“ എന്തിന്റെ ഗോഡൗൺ ആണ് എന്ന് നോക്ക്... പെട്ടന്ന് പറ ” ഞാൻ പറഞ്ഞു..

“ഇക്കാ ഇവിടെ മുഴുവൻ മാർബിൾ ആണ്...”

“സ്ഥാലം ഓഫീസിന്റെ അടുത്ത് തന്നെ അല്ലെ ”

“അറിയില്ല ഇക്കാ പക്ഷെ ഞാൻ അധികം ദൂരെ ഒന്നും വന്നില്ല ”

“അവിടെ വർക്കേഴ്സ് ഒന്നും ഇല്ലേ ”

“അവർ ഒക്കെ അങ്ങ് ഫ്രണ്ടിൽ ആണ്... ഞാൻ ഇങ്ങ് ബാക്കിൽ ആണ് ”

“നീ പേടിക്കണ്ട... ഞാൻ ഇപ്പൊ എത്താം ” എന്ന് പറഞ്ഞു ചാടി എഴുന്നേറ്റു... ഡോർ തല്ലിതുറന്ന് പുറത്തേക്ക് ഓടി.. സ്റ്റാഫുകൾ എല്ലാം എന്നെ നോക്കുനുണ്ടായിരുന്നു... ഞാൻ അതൊന്നും കാര്യമാക്കാതെ ഓടി... വണ്ടിയിൽ കയറി... ഈ ഏരിയയിൽ മാർബിളിന്റെ ഒരു ഗോഡൗൺ മാത്രമേ ഉണ്ടായിരുന്നുള്ളു... ഞാൻ വണ്ടി നേരെ അകത്തേക്ക് കൊണ്ട് പോയി... വർക്കേഴ്സ് ഒക്കെ എന്നെ നോക്കുന്നുണ്ടായിരുന്നു... ഞാൻ ഒന്നും ശ്രെദ്ധിക്കാതെ അകത്തേക്ക് പോയി... അകത്തേക്ക് പോകുംതോറും ആരോ നിലവിളിക്കുന്ന ശബ്ദം കൂടിക്കൊണ്ട് ഇരുന്നു... ശബ്ദം വരുന്ന ഭാഗത്തേക്ക് ഞാൻ വണ്ടി വിട്ടു...കുറച്ചു കൂടെ പോയപ്പോൾ ഞാൻ കാണുന്നത്... സൈനുവും വേറെ രണ്ട് പേരും കൂടെ ചേർന്ന് ജാസ്മിനെ വലിച്ചുകൊണ്ട് പോകുന്നതാണ്... സൈനു ജാസ്മിനെ പിടിച്ചിട്ടില്ല... മറ്റേ രണ്ടുപേരുമാണ് ജാസ്മിനെ പിടിച്ചിരിക്കുന്നത്... ഞാൻ വേഗം വണ്ടി ഒതുക്കി... എന്നിട്ട് ഇറങ്ങി ഓടി പോയി ഒരുത്തനെ പിറകിലൂടെ ചവിട്ടി... അവൻ തെറിച്ചു പോയി... എന്നിട്ട് ഞാൻ മറ്റവന്റെ കയ്യിൽ പിടിച്ചു വലിച്ചു അവനെ അടുത്തുള്ള മാർബിളിൽ കൊണ്ട് തല ഇടിപ്പിച്ചു... അവൻ താഴെ വീണു... ഞാൻ അവരെ അടിക്കുന്നത് കണ്ട് സൈനു എന്റെ അടുത്തേക്ക് കൈ വീശി ഓടി വന്നു.. അവന്റെ കൈ ഞാൻ തട്ടി മാറ്റി കാലിന്റെ പിറകിൽ വലിച്ചു തട്ടി... അവൻ താഴെ വീണു ഞാൻ അവന്റെ നെഞ്ചിൽ ചവിട്ടി ഞാൻ തിരിഞ്ഞതും ആദ്യം ഞാൻ ചവിട്ടി ഇട്ടവൻ എന്നെ ചവിട്ടി തെറിപ്പിച്ചു.. ഞാൻ മാർബിളിൽ പോയി തട്ടി വീണു.. അപ്പോൾ മറ്റവൻ ഓടി പോയി അവരുടെ വണ്ടിയിൽ നിന്ന് 2 കമ്പി എടുത്തുകൊണ്ടു വന്നു... ഒരണ്ണം അവൻ

എടുത്തു മറ്റേത് മാറ്റവനും കൊടുത്തു... ഒരുത്തൻ അതും കൊണ്ട് എന്നെ അടിക്കാൻ തുടങ്ങിയതും ഞാൻ കുഞ്ഞിഞ്ഞു മാറി അവന്റെ വയറ്റിൽ ഇടിച്ചു... അവന്റെ കയ്യിൽ നിന്ന് കമ്പി താഴെ വീണു... ഞാൻ അത് എടുത്തിട്ട് പൊങ്ങി വന്നതും ആരോ എന്നെ തള്ളി മാറ്റി... ഞാൻ തിരിഞ്ഞു നോക്കുമ്പോൾ മാറ്റവന്റെ അടി കൊണ്ട് തല പൊത്തി ബാക്കിലേക്ക് പോകുന്ന ജാസ്മിനെ ആണ്..അടി കൊണ്ടതും അവർ രണ്ടും ഓടി... ജാസ്മിനെ പോയി വീഴാൻ തുടങ്ങിയഹും സൈനു അവളെ താങ്ങി പിടിച്ചു... എവിടുന്നെന്നോ ആര് പറഞ്ഞിട്ട് വന്നു എന്നോ അറിയില്ല.. ആ സമയം പോലീസ് വണ്ടി അവിടെ വന്നു നിന്നു... പോലീസുകാർ ചാടി ഇറങ്ങി...

“സർ ഞാൻ പറഞ്ഞില്ലേ ഇവൻ ആയിരുന്നു... ഞാൻ അറിഞ്ഞു എന്ന് മനസിലായപ്പോൾ ഇവൻ എന്റെ ജാസ്മിനെ കൊല്ലാൻ നോക്കി സർ... എത്രയും പെട്ടന്ന് ഞങ്ങളെ ഹോസ്പിറ്റലിൽ എത്തിക്കണം സർ ” എന്ന് പറഞ്ഞു അവൻ ഒടുക്കത്തെ അഭിനയം... ഞാൻ അതൊക്കെ കണ്ട് അന്തം വിട്ട് നിൽക്കുകയാണ്... പെട്ടന്ന് തന്നെ ഗോഡൗണിലേക്ക് ഒരു വണ്ടി വന്നു... അവരെ ആ വണ്ടിയിലേക്ക് കയറ്റി... കയറുമ്പോൾ അവൻ എന്നെ നോക്കി ചിരിച്ചുകൊണ്ട് നില്കുകയാണ്.... അവനെ നോക്കി നിന്ന എന്റെ കരണം നോക്കി ഒരു പോലീസുകാരൻ അടിച്ചു... അടി കൊണ്ട് ഞാൻ കുഞ്ഞിന്നതും മുത്തുകത്ത് അവർ നിർത്താതെ ഇടിച്ചുകൊണ്ട് ഇരുന്നു...

“എനിക്ക് അപ്പോഴേ നിന്നെ സംശയം ഉണ്ടായിരുന്നു അതുകൊണ്ട് ആണ് നിന്നെ follow ചെയ്യാൻ ആളെ വിട്ടത്... പക്ഷെ ഒരു സ്ഥാലത് ഞങ്ങൾ കുറച്ചു താമസിച്ചു പോയി... ഇല്ലായിരുന്നേൽ ആ കൊച്ചിന് ഒന്നും പറ്റില്ലായിരുന്നു ” ഇടി നിർത്തി Si സർ പറഞ്ഞു...

“ഇവനെ പിടിച്ചു വണ്ടിയിൽ കയറ്റ് ” Si പറഞ്ഞിട്ട് വണ്ടിയിൽ കയറി... ഇടി കൊണ്ട് തളർന്നു നിന്ന എന്നെ പോലീസുകാർ ചേർന്ന് പോലീസ് വണ്ടിയിലേക്ക് കയറി... അവർ നേരെ എന്നെ സ്റ്റേഷനിലേക്ക് കൊണ്ട് പോയി... എന്നെ ഒരു സെല്ലിലേക്ക് കയറ്റി... Si സാറും കൂടെ വന്നു...

“ഉള്ളത് ഉള്ളതുപോലെ പറഞ്ഞാൽ ഇടിയുടെ എണ്ണം കുറയും... എന്തിനാണ് നീ ആ കുട്ടിയെ തട്ടിക്കൊണ്ടു പോയത്?” Si ചോദിച്ചു...

“സർ ഞാൻ അല്ല അവൻ ആണ് ” പറഞ്ഞു തീർന്നതും കിട്ടി ഒരു ഇടി കവിളിൽ ഇടി കൊണ്ട് ഞാൻ ഭിത്തിയിൽ പോയി ഇടിച്ചു...

“ഓ പിന്നെ ഞങ്ങൾ പൊട്ടന്മാർ ആണല്ലോ... നിന്റെ കയ്യിൽ ആയിരുന്നു കമ്പി ഇരുന്നത് ” Si പറഞ്ഞു...

“സത്യമാണ് സർ പറഞ്ഞത്... അവൻ ആണ് അവളെ തട്ടിക്കൊണ്ടു പോയത് നിങ്ങൾ ഇറങ്ങിയതിന് ശേഷം അവൾ എന്നെ വിളിച്ചിരുന്നു.. അവൾ അവന്റെ കയ്യിൽ നിന്ന് ഇന്നലെ രക്ഷപെട്ടു ഓടിയതാണ് എന്ന് പറഞ്ഞു.. അങ്ങനെ അവളെ കാണാൻ പോയപ്പോൾ ആണ് സൈനുവും വേറെ രണ്ടുപേരും കൂടെ അവളെ വലിച്ചുകൊണ്ട് പോകുന്നത് ഞാൻ കണ്ടത്... അവരെ ഒക്കെ അടിച്ചു അവളെ രക്ഷിച്ചു കൊണ്ട് വരാൻ തുടങ്ങിയപ്പോളാണ് അവരുടെ കൂട്ടത്തിൽ ഉള്ള രണ്ടുപേരും കമ്പിയുമായി വന്നത്... അതിൽ ഒരാളുടെ കമ്പി ഞാൻ പിടിച്ചു വാങ്ങിയപ്പോൾ മാറ്റവൻ പുറകിലൂടെ അടിക്കാൻ വന്നു... അവൾ എന്നെ തള്ളി മാറ്റിയപ്പോൾ അവൾക്ക് ആണ് ആ അടി കൊണ്ടത്.. ഞാൻ ഈ പറഞ്ഞത് സത്യമാണ് സർ ഇല്ലേൽ സർ അവളോട് തന്നെ ചോദിച്ചോളൂ ” ഞാൻ പറഞ്ഞു... അത് വിശ്വസിച്ചു എന്നോണം Si ഒന്നും പറയാതെ പുറത്തേക്ക് പോയി... ശക്തമായ അടി ആയിരുന്നു Si തന്നത്.. ഞാൻ കവിൾ തടക്കി കൊണ്ട് എഴുന്നേറ്റ് അവിടെ ഇരുന്ന ഒരു കോൺസ്റ്റബിളിനോട് എന്റെ ഫോൺ ചോദിച്ചു...

“സോറി ഫോൺ തരാൻ പറ്റില്ല ” അയാൾ എടുത്തടിച്ചത് പോലെ പറഞ്ഞു... ഞാൻ കുറച്ചു നേരം കൂടെ അയാളെത്തന്നെ നോക്കി നിന്നു... നോ രെക്ഷ അയാൾ തരില്ല എന്ന് ഉറപ്പായി അപ്പോൾ ഞാൻ ഇരുന്ന ഇടത്തു തന്നെ പോയി ഇരുന്നു...

കുറച്ചു നേരം കഴിഞ്ഞു ആരോടോ സംസാരിച്ചുകൊണ്ട് Si സർ അകത്തേക്ക് വന്നു...എന്റെ അടുത്ത് വന്ന് കാൾ കട്ട് ചെയ്തു...

"നീ കുടുങ്ങാൻ പോവുകയാണ്... ഇത്രയും നേരം കൊലപാതക ശ്രമം എന്നാ രീതിയിൽ ആണ് കേസ് എഴുതാൻ പറഞ്ഞത്... പക്ഷെ നിന്റെ അടി കൊണ്ട് ആ കൊച്ച് മരിക്കാറായി... ഇനി ഒരു മിറാക്കിൽ സംഭവിക്കണം എന്തെങ്കിലും നടക്കണമെങ്കിൽ... സാഹചര്യ തെളിവുകളുടെ അടിസ്ഥാനത്തിൽ നീ തന്നെ ആണ് കുറ്റക്കാരൻ... അതുകൊണ്ട് നാളെ തന്നെ കോർട്ടിൽ നിന്നെ ഹാജരാക്കും..." എന്ന് പറഞ്ഞിട്ട് Si പുറത്തേക്ക് ഇറങ്ങി സെൽ പൂട്ടി...

എന്തൊക്കെയാണ് നടക്കുന്നത്... വേറെ ഒരാൾ ചെയ്ത കുറ്റം എന്റെ തലയിൽ വരാൻ പോകുന്നു.... എന്റെ ജീവിതം ഇതോടെ അവസാനിക്കും എന്ന് എനിക്ക് ഉറപ്പായി... ഞാൻ മാനസികമായും ശാരീരികമായും തളർന്നു...

ഞാൻ വിഷമം കൊണ്ട് തലയിൽ കൈ കൊടുത്തിരുന്നു കരഞ്ഞു... കുറച്ചു കഴിഞ്ഞപ്പോൾ പുറത്ത് കുറച്ചു ശബ്ദം കേക്കുന്നത് കേട്ടു...

"നടക്കില്ല... നാളെ കോർട്ടിൽ കൊണ്ട് വരും... നിങ്ങൾക്ക് അവിടെ നിന്ന് ജാമ്യം കിട്ടുവാണേൽ വാങ്ങിക്കോ " Si സർ ആരോടോ പറയുന്നു... ആരോടാണെന്ന് ഞാൻ നോക്കി ഒരു വാക്കിൽ ആണ് അയാളുടെ പുറകിൽ പ്രവീണ നിക്കുന്നു... അത് കേട്ട് വാക്കിൽ അവിടെ നിന്ന് എഴുനേറ്റു...

"സർ ഞാൻ ഒന്ന് സംസാരിച്ചോട്ടെ " പ്രവീണ ചോദിച്ചു... Si കൈ കൊണ്ട് സംസാരിച്ചോ എന്ന് കാണിച്ചു... എന്നിട്ട് എന്തോ പേപ്പറിൽ ചെയ്തുകൊണ്ട് ഇരുന്നു...

അവൾ എന്റെ അടുത്തേക്ക് വന്നു...

"സർ എന്താണ് ഇപ്പൊ ചെയ്യുക " അവൾ ചോദിച്ചു...

“ഒന്നും ചെയ്യാനില്ല പ്രവീണ... എന്റെ ജീവിതം പോയി... ഈ കേസ് എന്റെ ജീവിതം നശിപ്പിക്കും... ഞാൻ ചെയ്യാത്ത തെറ്റ്കൊണ്ട് ഞാൻ ജയിലിൽ പോവാൻ പോവുകയാണ്...” അതും പറഞ്ഞു ഞാൻ അവളുടെ മുൻപിൽ നിന്ന് മാറി... ഇനിയും അവളോട് സംസാരിച്ചാൽ കരയേണ്ടി വരും എന്ന് ഉറപ്പുള്ളത്കൊണ്ട് തന്നെ ആയിരുന്നു അത്... അവൾ ഒരുപാട് തവണ വിളിച്ചു എങ്കിലും അവളുടെ മുപിൽ പോകാൻ ഞാൻ കൂട്ടാക്കിയില്ല...കുറെ നേരം അവൾ അവിടെ തന്നെ നിന്നു... അപ്പൊ ആരോ വന്ന് സമയമായി പോകാൻ പറഞ്ഞു... അപ്പോൾ ആണ് അവൾ പോയത്... സമയം കടന്നുപോയികൊണ്ട് ഇരുന്നു... ഫുഡ് ഒക്കെ അവർ വാങ്ങി തന്നു എങ്കിലും ഞാൻ കഴിച്ചില്ല... അത് മനസിലാക്കി Si എന്റെ അടുത്തേക്ക് വന്നു..

“ആരോടുള്ള ദേഷ്യം കൊണ്ട് ആണ് നീ ഇങ്ങനെ ഒക്കെ കാണിക്കുന്നേ... നീ കഴിച്ചാലും ഇല്ലേലെങ്കിലും ഞങ്ങൾക്ക് ഒന്നും ഇല്ല നിനക്കെ ഉള്ളു... നീ നിരപരാധി ആയിരിക്കാം പക്ഷെ തെളിവുകൾ നിനക്ക് എതിർ ആണ് ” അത്രയും പറഞ്ഞിട്ട് Si പുറത്തേക്ക് പോയി... ഒറ്റക്ക് ഇരുന്നു മനസ്സിൽ ആവശ്യമില്ലാത്ത ഓരോന്ന് കടന്നുവന്നുകൊണ്ട് ഇരുന്നു... ഇനി എന്തിനാണ് ജീവിക്കുന്നത് എന്ന് വരെ തോന്നി... ഉറക്കം വരുന്നുണ്ടെങ്കിലും ഉറങ്ങാൻ തോന്നുന്നില്ല... ഇടി കൊണ്ടതത്തിന്റെ അസ്സഹാനിയമായ വേദനയും ഉണ്ടായിരുന്നു.. മനസ്സിൽ ചിന്തകൾ വന്നുകൊണ്ടിരിക്കുന്നു ഇരുന്നു... ഓരോന്ന് ആലോചിക്കുമ്പോഴും വിഷമം കൂടി വന്നുകൊണ്ടിരിക്കുന്നു ഇരുന്നു... അത് പതിയെ കരച്ചിലിലേക്ക് മാറി... കരഞ്ഞു കരഞ്ഞു തളർന്ന ഞാൻ ഉറക്കത്തിലേക്ക് വീണു...

രാവിലെ അവർ തന്നെ എന്നെ കോർട്ടിലേക്ക് കൊണ്ട് പോയി... [കോടതിയിൽ

കയറി പരിചയം ഇല്ലാത്തത്കൊണ്ട്... സിനിമയിൽ കണ്ട അറിവ് വെച്ചാണ് ഈ സീൻ എഴുതിയിരിക്കുന്നത്.. അതുകൊണ്ട് തെറ്റുകൾ ഉണ്ടേൽ ക്ഷെമിക്കുക ]അവിടെ ഉമ്മിയും വാപ്പിയും ഉണ്ടായിരുന്നു... ഉമ്മി അറിഞ്ഞപ്പോൾ മുതൽ ഉള്ള കരച്ചിൽ ആയിരുന്നു... നോട്ടം ഒന്ന് മാറിയപ്പോൾ ഞാൻ കണ്ടു ആഫിയും ഫൈസലും നിക്കുന്നു... ആഫി എന്നെ ദഹിപ്പിക്കുന്ന നോട്ടം ആണ് നോക്കുന്നത്... ഫൈസൽ എന്നെ നോക്കുന്നതുപോലും ഇല്ല... എനിക്ക്

അവരോട് സംസാരിക്കാൻ പോലും പറ്റിയില്ല... കുറെ സമയം ഞങ്ങൾ അവിടെ നിന്നു... കേസ് വിളിച്ചപ്പോൾ 11 മണി ആയിരുന്നു...

ഞാൻ പ്രേതിക്കൂട്ടിലേക്ക് നിന്നു...

എന്നെ കൊണ്ട് സത്യം ചെയ്യിപ്പിച്ചു...പോലീസ് ഭാഗം വക്കിലും എനിക്കുവേണ്ടി വാദിക്കുന്ന വക്കിലും എത്തിയിരുന്നു...

“അഡ്വ സുഭാഷ് യു ക്യാൻ പ്രോസീഡ് നൗ ” ജഡ്ജി പറഞ്ഞു...

“താങ്ക് യു യുവർ ഓണർ ”

“അജാസ് പരിക്കെറ്റ് ഹോസ്പിറ്റലിൽ കിടക്കുന്ന ആൾ നിങ്ങളുടെ ആരാണ് ”

“കോളേജ് മേറ്റ് ആണ് ”

“കോളേജ് മേറ്റ് ആണേൽ ആ കുട്ടി നിങ്ങളുടെ കൂടെ നാട്ടിലും ഇവിടെയും താമസിച്ചത് എന്തിനാണ് ”

“ആൾക്ക് നാട്ടിൽ കുറച്ച് ശത്രുക്കൾ ഉണ്ടായിരുന്നു അതുകൊണ്ട് ആണ് ഞങ്ങളുടെ വീട്ടിൽ താമടിച്ചത്... വധഭീഷണി വന്നപ്പോളാണ് അവർ ഇങ്ങോട്ട് വന്നു...”

“നിങ്ങൾക്ക് ആ കുട്ടിയെ ഇഷ്ടമായിരുന്നു എന്ന് പറഞ്ഞാൽ നിഷേധിക്കുമോ?”

“ഇല്ല ”

“നിങ്ങൾ ആ കുട്ടിയെ പറഞ്ഞു ചതിക്കുകയല്ലായിരുന്നോ ചെയ്തിരുന്നത് ”

“അല്ല... എനിക്ക് ആ കുട്ടിയെ ഇഷ്ടമായിരുന്നു... പക്ഷെ ഒരു തവണ പോലും അവൾ തിരിച്ചു ആ ഇഷ്ടം പറഞ്ഞിരുന്നില്ല ”

“ആ കുട്ടിയെ കാണാതായ ദിവസം നിങ്ങളും ആ കുട്ടിയുമായി എന്തെങ്കിലും പ്രശ്നം ഉണ്ടായിരുന്നോ ”

“കാണാതായതിന്റെ തലേന്ന് ആയിരുന്നു ഞാൻ വേറെ കല്യാണത്തിന് സമ്മതിച്ചു എന്ന് അവൾ അറിഞ്ഞത്.. അവളെ ഞാൻ ചതിച്ചു എന്ന് പറഞ്ഞു നടത്തിയ ഒരു നാടകം ആയിരുന്നു അത്...”

“അത് ആരെങ്കിലും ഒക്കെ കണ്ടിരുന്നോ ”

“ഓഫീസിൽ ഉള്ളവർ എല്ലാവരും കണ്ടിരുന്നു ”

“നോട്ട് ദ പോയിന്റ് യുവർ ഓണർ... ആ കുട്ടിക്ക് ഒരു ജീവിതം കൊടുക്കാം എന്ന് പറഞ്ഞു പറ്റിച്ചിട്ട്.. അവളോട് പോലും പറയാതെ വേറെ കല്യാണം കഴിക്കാൻ പോയി... സമൂഹത്തിൽ നല്ലപ്പേര് ഉള്ള ഇയാളെ ആ കുട്ടി ഓഫീസിന്റെ മുൻപിൽ വെച്ച് നാണം കെടുത്തി.. അതിന്റെ പേരിൽ അവളെ

തട്ടികൊണ്ട് പോയി ശാരീരികമായി ഉപദ്രവിക്കുകയും അവളെ രക്ഷിക്കാൻ വന്നവർ അവളെ രക്ഷിക്കും എന്ന് ഉറപ്പായപ്പോൾ അവളെ കൊല്ലാൻ ശ്രമിക്കുകയും ചെയ്തു...തെളിവുകളുടെ അടിസ്ഥാനത്തിൽ എതിർ കക്ഷിക്ക് ജാമ്യം കൊടുക്കരുതേ എന്ന് താഴ്മയായി അപേക്ഷിക്കുന്നു.." എന്ന് പറഞ്ഞു വാക്കിൽ സീറ്റിലേക്ക് ഇരുന്നു...

“ഡിഫെൻസ് മേ പ്രോസഡ് ”ജഡ്ജി പറഞ്ഞു...

“thanks യുവർ ഓണർ ”

“ആ കുട്ടിയെ രക്ഷിക്കാൻ വന്നവരെ ചോദ്യം ചെയ്യുവാൻ അനുവദിക്കണമെന്ന അപേക്ഷിക്കുന്നു ” എന്റെ വാക്കി ചോദിച്ചു..

“യു പ്രോസീഡ് ” ജഡ്ജി പറഞ്ഞു...

സൈനു വന്നു നിന്നു...

“എന്താണ് നിങ്ങളുടെ പേര് ”

“സൈനു ”

“നിങ്ങളും ആ കുട്ടിയും തമ്മിൽ ഉള്ള ബന്ധം?”

“ഞങ്ങൾ തമ്മിൽ ഇഷ്ടത്തിൽ ആയിരുന്നു ”

“എന്ന് മുതൽ ”

“അവളെ കണ്ടപ്പോൾ മുതൽ എനിക്ക് ഇഷ്ടമായിരുന്നു... അന്ന് പ്രശനം നടന്നതിന്റെ അന്ന് ആണ് അവൾ തിരിച്ച് ഇഷ്ടമാണെന്ന് പറഞ്ഞത് ”

“അപ്പോൾ നിങ്ങൾ പറഞ്ഞു വരുന്നത്... ഒറ്റ ദിവസം കൊണ്ട് എന്റെ പ്രേതിയോടുള്ള ഇഷ്ടം നിങ്ങളോട് ആയി..അല്ലെ? ”

“യുവർ ഓണർ പ്രതിഭാഗം വാക്കിൽ ആവശ്യമില്ലാത്ത ചോദ്യങ്ങളാണ് ചോദിക്കുന്നത് ”

“കം ടു ദ പോയിന്റ് അഡ്വ രമേശ് ”

“സർ ഇത് അവശമുള്ള ചോദ്യം തന്നെയാണ്... നിങ്ങൾ പറയു..ഒറ്റ ദിവസം കൊണ്ട് എന്റെ പ്രേതിയോടുള്ള ഇഷ്ടം നിങ്ങളോട് ആയി..അല്ലെ?”

“അതെ ”

“കാണാതാകുമ്പോൾ ആ കുട്ടി നിങ്ങളുടെ കൂടെ ആയിരുന്നോ?”

“അതെ ഞങ്ങൾ എന്റെ റൂമിൽ ആയിരുന്നു ”

“തട്ടിക്കൊണ്ടു പോയപ്പോൾ നിങ്ങൾ അവരെ തടഞ്ഞില്ലേ ”

“ഞാൻ ബാത്റൂമിൽ പോയപ്പോഴാണ് അത് നടന്നത് ”

“അപ്പോൾ സമയം ”

“9.30, 10 ഇടക്ക് ”

“പ്ലീസ് നോട്ട് ദ പോയിന്റ് മൈ ലോഡ്.. ഈ കുട്ടി ആ ഗോഡൗണിൽ ഉള്ള കാര്യം നിങ്ങൾ എങ്ങനെ ആണ് അറിഞ്ഞത് ”

“അവൾ തന്നെ വിളിച്ചു പറഞ്ഞതാണ് ”

“അവൾ വിളിക്കുമ്പോൾ സമയം എത്രയായിരുന്നു ”

“11 മണി ആയിരുന്നു ”

“അവൾ അവളുടെ നമ്പറിൽ നിന്നാണോ വിളിച്ചത്, അതോ വേറെ നമ്പറിൽ നിന്നോ ”

“വേറെ നമ്പറിൽ നിന്നാണ് വിളിച്ചത് ”

“മൈ ലോഡ് ഇയാൾ പറയുന്നത് മുഴുവൻ കള്ളമാണ്.. ഇയാളുടെ നമ്പറിലേക്ക് 8 മണിക്ക് ശേഷം ഒരു കാൾ വന്നത് ഉച്ചക്ക് 2 മണിക്കാണ് ” എന്ന് പറഞ്ഞു ജൂനിയെറിന്റെ കയ്യിൽ നിന്ന് ഒരു പേപ്പർ വാങ്ങി ജഡ്ജിക്ക് കൊടുത്തു...

“എന്റെ കക്ഷയാൻ തട്ടിക്കൊണ്ടു പോയതെന്ന് വാതിഭാഗം വാക്കിൽ പറഞ്ഞു... ഇയാൾ പറഞ്ഞത് 9.30 ക്കും 10 നും ഇടക്കാണ് സംഭവം നടന്നതെന്ന്... ആ സമയം എന്റെ കക്ഷി ഭാവി വധുവുമായി സംസാരിച്ചുകൊണ്ട് ഇരിക്കുകയായിരുന്നു... ” ഒരു പേപ്പർ എടുത്തു കൊടുത്തു...

“അതിൽ തന്നെ ഏത് ടവർ ആണെന്നും ഉണ്ട് ”

“യുവർ ഓണർ, എന്റെ കക്ഷിയെ കാസ്റ്റഡിയിൽ എടുത്ത Si യെ ചോദ്യം ചെയ്യണം ”

“യസ് പ്രോസീഡ് ”

Si കയറി നിന്നു...

“നിങ്ങൾ എന്താണ് അവിടെ കണ്ടത് ”

“അടി കൊണ്ട ആ കുട്ടി സൈനുവിന്റെ കയ്യിൽ വീഴുന്നത്... അപ്പോൾ അവർ 3 പേര് മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളു... അവന്റെ കയ്യിലായിരുന്നു കമ്പി ” Si എന്നെ ചൂണ്ടിക്കൊണ്ട് പറഞ്ഞു...

“യുവർ ഓണർ... Si പറയുന്നത് അടിക്കുന്നത് കണ്ടിട്ടില്ല... വീഴുന്നത് മാത്രമേ കണ്ടുള്ളു...”

“യുവർ ഓണർ Si സർ പറഞ്ഞത് കമ്പി ഇരുന്നത് പ്രതിയുടെ കയ്യിൽ ആയിരുന്നു... കമ്പി കൊണ്ടാണ് തലക്ക് അടി കിട്ടിയതെന്ന് മെഡിക്കൽ റിപ്പോർട്ടിൽ

വെക്തമായി പറഞ്ഞിട്ടുണ്ട് ”

“ശെരിയാണ് യുവർ ഓണർ... കമ്പി കൊണ്ട് ആണ് അടി കൊണ്ടത്... പക്ഷെ വാതിഭാഗം വാക്കിൽ അറിയത്തെ പോയതോ അതോ മനപ്പൂർവം ഓർക്കാത്തതോ ആയ ഒരു കാര്യം ഉണ്ട്... അടി കൊണ്ടത് ആ കമ്പി കൊണ്ട് ആയിരുന്നോ?” എന്ന് വാതിഭാഗം വക്കിലിനെ നോക്കി ചോദിച്ചു...

“അല്ലായിരുന്നു യുവർ ഓണർ... അടിച്ച കമ്പിയിൽ തല പൊട്ടിയപ്പോൾ ചോര വീണിരിക്കണം... പക്ഷെ പോലീസ് എന്റെ കക്ഷിയുടെ കയ്യിൽ നിന്ന് കണ്ടെടുത്ത കമ്പിയിൽ ചോരയുടെ ഒരു അംശം പോലും ഇല്ലായിരുന്നു എന്ന് ഉള്ള ഫോറെൻസിക്കിൽ നിന്ന് കിട്ടിയ report ആണ് ഇത് ” എന്റെ വക്കിൽ തന്നെ പറഞ്ഞു...

ജൂനിയെറിന്റെ കയ്യിൽ നിന്ന് ഒരു പെൻഡ്രൈവ് വാങ്ങി ജഡ്ജിയുടെ കയ്യിൽ കൊടുത്തുകൊണ്ട് എന്റെ വക്കിൽ പറഞ്ഞു

“യുവർ ഓണർ ഇത് ആ നിൽക്കുന്ന സൈനു അവന്റെ ഫ്രണ്ട്സുമായി നിൽക്കുന്ന ഫോട്ടോസ് ആണ്... അതിൽ അവന്റെ കൂടെ നിൽക്കുവർ 2 കൊലപാതകം ചെയ്ത് ഒളിവിൽ കഴിയുന്നവർ ആണ്... ഇന്നലെ രാവിലെ അവന്റെ കൂടെ അവരെ റോഡിലെ ക്യാമറയിൽ കിട്ടിയിരുന്നു.. പക്ഷെ Si സർ അവരെ ശ്രെദ്ധിച്ചില്ല...അത് മാത്രവുമല്ല യുവർ ഓണർ ഏതൊരു സാധാരണ മനുഷ്യനും മനസിലാകും തലക്ക് അടി കൊണ്ട് ചോര വന്നാൽ അത് കമ്പിയിലും ആകുമെന്ന്... Si അത് ശ്രെദ്ധിക്കാതെ എന്റെ കക്ഷി ആണ് പ്രതി എന്ന് ഉറപ്പിച്ചിരുന്നു.. സമൂഹത്തിൽ നല്ല പേരുള്ള എന്റെ കക്ഷിയെ നാണം കെടുത്താനുമായിട്ടാണ് Si സർ എന്റെ കക്ഷിയുടെ പേരിൽ ഈ കേസ് കൊണ്ട് വച്ചത്... എന്റെ കക്ഷി നിരപരാതിയാണ്... അദ്ദേഹത്തെ വെറുതെ വിട്ട് യഥാർത്ഥ പ്രതികളെ ശിക്ഷിക്കണമേ എന്ന് താഴ്മയായി അഭ്യർത്ഥിക്കുന്നു ” എന്റെ വക്കീൽ കോട്ട് ഒന്ന് കുടഞ്ഞു തന്റെ സീറ്റിലേക്ക് ഇരുന്നു...

“ലഞ്ചിനു ശേഷം വിധി പറയുന്നതാണ് ”

ഒരു പ്രേധിക്ഷയും ഇല്ലാതിരുന്ന ഒരു കേസ്.. എന്റെ തലയിൽ നിന്ന് ഊരി പോകുന്നു... പക്ഷെ ഇനിയും രക്ഷപെട്ടിട്ടില്ല... എതിർഭാഗം വക്കീൽ ചില്ലറകാരൻ അല്ല..

ലഞ്ച് ബ്രേക്കിന് ശേഷം ഞങ്ങൾ തിരിച്ചു എത്തി...ജഡ്ജി വിധി പറയാൻ തുടങ്ങുന്നതിനു മുൻപ് എതിർഭാഗം വക്കിലിനോട് എന്തേലും ചോദിക്കാൻ ഉണ്ടോ എന്ന് ചോദിച്ചു ഇല്ല എന്ന് വക്കീൽ ഉത്തരം പറഞ്ഞു...

“തെളിവുകളുടെ അദ്ധിസ്ഥാനത്തിൽ പ്രതി കുറ്റകാരൻ അല്ല എന്ന് തെളിഞ്ഞിരിക്കുകയാണ്... സമൂഹത്തിൽ നല്ല പേരുള്ള അദ്ദേഹത്തെ ഇങ്ങനെ ഒരു കേസിൽ പെടുത്തി പേര് നശിപ്പിക്കാൻ ശ്രെമിച്ചതിന് Si ക്ക് എതിരെ നടപടി എടുക്കാൻ ഈ കോടതി ഉത്തരവിടുന്നു... എഥാർത്ത പ്രീതികളെ കണ്ടുപിടിച്ചു ഉടനെ ഹാജരാക്കാൻ കോടതി ഉത്തരവിടുന്നു ” അത്രയും പറഞ്ഞു തീർന്നതും ഞാൻ ദീർഘ നിശ്വാസം ഇട്ട് ഉമ്മിയെ നോക്കി... പക്ഷെ ഉമ്മി ഇപ്പോഴും

കരയുകയാണ്... വാപ്പിയുടെ മുഖത്ത് ചെറിയ സന്ദോഷം ഉണ്ട്... ആഫിയുടെ കണ്ണ് നിറഞ്ഞിരിക്കുന്നു ഫൈസൽ അപ്പോഴും എന്നെ നോക്കുന്നത്തെ ഇല്ലായിരുന്നു.. അങ്ങനെ പോലീസുകാർ തന്നെ എന്നെ പുറത്തേക്ക് കൊണ്ട് വന്നു... Si സാറിന്റെ മുഖത്ത് എന്നെ കൊല്ലാനുള്ള ദേഷ്യമുണ്ടെന്ന് എനിക്ക് മനസിലായി... ഞാൻ അങ്ങോട്ട് നോക്കാതെ ഉമ്മി ഒക്കെ നിന്ന ഇടത്തേക്ക് പോയി... എന്നെ കണ്ടതും ഉമ്മി എന്റെ അടുത്തേക്ക് ഓടി വന്ന് എന്നെ കെട്ടി പിടിച്ചു കരഞ്ഞു... കരച്ചിൽ എന്ന് പറഞ്ഞാൽ ഒരു നിർത്താലില്ലാത്ത കരച്ചിൽ... ഞാൻ പിടിച്ചു മാറ്റാൻ നോക്കിയെങ്കിലും മാറുന്നില്ല പിടിച്ചു വച്ചിരിക്കുകയാണ്...

“നിങ്ങൾ വാ... അവൾ വിടുമെന്ന് തോന്നണില്ല ” എന്ന് പറഞ്ഞു വാപ്പി ഞങ്ങളെ കൊണ്ട് കാറിൽ കയറ്റി... ആഫി ഞങ്ങളുടെ അടുത്തേക്ക് വരാൻ തുടങ്ങിയപ്പോൾ ഫൈസൽ അവളുടെ കയ്യിൽ പിടിച്ചു നിർത്തുന്നത് ഞാൻ കണ്ടു.. അവൾക്ക് വരണമെന്ന് ഉണ്ടെങ്കിലും അവൻ വിടാത്തത്കൊണ്ട് അവൾ വന്നില്ല... അത് കണ്ട് എന്റെ ചങ്ക് ഒന്ന് ആളി... പക്ഷെ ഞാൻ വിഷമം സഹിച്ചു നിന്നു... വാപ്പി വണ്ടി തിരിച്ചു.. അവരുടെ അടുത്ത് ചെന്നു...

“ഞങ്ങൾ അവന്റെ വില്ലയിലോട്ടാണ് പോകുന്നത് നിങ്ങൾ പിറകെ വന്നോ ” വാപ്പി ഫൈസലിനോട് പറഞ്ഞു...

“അത് മാമാ... എനിക്ക് നാളെ അത്യാവശ്യമായി ഹോസ്പിറ്റലിൽ പോവണം.. അതുകൊണ്ട് ഞങ്ങൾ അങ്ങ് പോകുവാ ” അവൻ തല തടക്കി കൊണ്ട് പറഞ്ഞു...

“അവളെയും കൊണ്ട് പോകണോ?” അവളെ ഞങ്ങളുടെ കൂടെ അങ്ങ് കൊണ്ട് വരാം ” വാപ്പി പറഞ്ഞു... ഞാൻ അവനെ തന്നെ നോക്കി നിക്കുകയായിരുന്നു...

“അവളില്ലാതെ ഞാൻ എങ്ങനെയാ... അവളെയും ഞങ്ങൾ അങ്ങ് കൊണ്ട് പോകുവാ ” അവൻ മടിച്ചു മടിച്ചു പറഞ്ഞു... വാപ്പി ആഫിയെ നോക്കി...

“ ഞാനും പോകുവാ വാപ്പി ” അവൾക്ക് നിക്കണം എന്ന് ഉണ്ടായിരുന്നു എന്ന് അവളുടെ സംസാരത്തിൽ നിന്ന് തന്നെ ഞങ്ങൾക്ക് എല്ലാം മനസിലായി... അത് കേട്ടതും ഉമ്മി കുറച്ചുകൂടെ ഉറക്കെ കരയാൻ തുടങ്ങി...

“എങ്കിൽ ശെരി നിങ്ങൾ പൊക്കോ ” അവരുടെ മറുപടി പോലും കേക്കാതെ വാപ്പി വണ്ടി എടുത്തു... ഓടിച്ചു എന്ന് പറഞ്ഞാൽ പോരാ, പറപ്പിച്ചു എന്ന് വേണം പറയാൻ ആ സ്പീഡിലാണ് വാപ്പി വണ്ടി ഓടിച്ചത്... ഞങ്ങൾ അകത്തേക്ക് കയറി... ഉമ്മി എന്നെ അതെ പിടി പിടിച്ചിരിക്കുകയാണ് ഹാളിലെ സോഫയിൽ ഞാനും ഉമ്മിയും ഇരുന്നു... ഉമ്മി പിടി വിടുന്നില്ല...

“അജീന നീ അവനെ ഒന്ന് വിട്... അവൻ ഒന്ന് പോയി ഫ്രഷ് ആകട്ടെ.. എന്നിട്ട് അവനു കഴിക്കാൻ എന്തേലും ഉണ്ടാക്കി ” വാപ്പി അത് പറഞ്ഞിട്ടും ഉമ്മിക്ക് ഒരു അനക്കവും ഇല്ല.. അതുകണ്ടപ്പോൾ വാപ്പി തന്നെ വന്ന് ഉമ്മിടെ പിടി വീടിപ്പിച്ചു...

“നീ പോയി കുളിച്ചിട്ട് വാ...”വാപ്പി എന്നെ പറഞ്ഞു വിട്ടു..നല്ല തലവേദന ഉണ്ടായിരുന്നു അതുകൊണ്ട് ഞാൻ കുറച്ചു അധികം നേരം വെള്ളത്തിനടിയിൽ നിന്നു... കുറച്ച് ഒന്ന് അടങ്ങിയപ്പോൾ ഞാൻ തല ഒക്കെ തുടച്ചു

പുറത്തിറങ്ങി.... ഡ്രസ്സ് ഇട്ടുകൊണ്ട് ഇരിക്കുമ്പോൾ ഹാളിൽ നിന്ന് ചെറിയ രീതിയിൽ ഉള്ള സംസാരം കേട്ടു...

"ഞാൻ ഇതെങ്ങനെ അവനോട് പറയും... എന്റെ കുഞ്ഞ് ഇപ്പോഴേ വല്ലാത്ത ഒരു അവസ്ഥായിലാണ് " ഉമ്മി പറഞ്ഞു...

"ഇപ്പൊ തന്നെ അറിഞ്ഞാൽ നമുക്ക് പറഞ്ഞു മനസിലാക്കാം..." വാപ്പി പറഞ്ഞു...

ഞാൻ അപ്പോൾ ഡോർ തുറന്ന് പുറത്തേക്ക് ഇറങ്ങി... ഡോർ തുറക്കുന്ന ശബ്ദം കേട്ടപ്പോൾ തന്നെ ആ സംസാരം അവർ അവിടെ നിർത്തി...ഞാൻ ഉമ്മിയുടെ അടുത്തായിട്ട് ഇരുന്നു... എന്നിട്ട് തല പൊക്കി വാപ്പിയെ നോക്കി...

"എന്നോട് പറയാതെ നിങ്ങൾ ഒളിപ്പിച്ചു വെച്ചിരിക്കുന്ന കാര്യം എന്താണ് " ഞാൻ ഉമ്മിയെയും വാപ്പിയെയും മാറി മാറി നോക്കി ചോദിച്ചു...

"അത്... അത് ഒന്നുമില്ല മോനെ " ഉമ്മി പറഞ്ഞു...

"ഉമ്മി എന്നോട് എന്തിനാ പറയാതെ ഇരിക്കുന്നത്.. പറ ഞാൻ അത് കേക്കട്ടെ " ഞാൻ ഉമ്മിയുടെ കൈ എന്റെ രണ്ട് കയ്യുടെയും ഉള്ളിൽ വെച്ചു ചോദിച്ചു...

"നീ ആദ്യം ഞങ്ങൾ പറയുന്നത് സമാധാനമായി കേക്കണം " വാപ്പി പറഞ്ഞു എന്തോ സീരിയസ് ആയ വിഷയം ആണെന്ന് എനിക്ക് മനസിലായി.. ഞാൻ തലയാട്ടി...

“വേണ്ട പറയണ്ട ” ഉമ്മി വാപ്പിയെ തടയാൻ നോക്കി...

“നീ ഒന്ന് മിണ്ടാതെ ഇരിക്ക് അജീന.. മോനെ ഈ കല്യാണം നടക്കില്ല ” വാപ്പി എന്നെ നോക്കാതെ താഴെ നോക്കി പറഞ്ഞു... അത് കേട്ടതും ഞാൻ ഉമ്മിടെ കൈ വിട്ടു സൈഡിലേക്ക് നീങ്ങി ഇരുന്നു...ഹൃദയം വളരെ വേഗത്തിൽ ഇടിക്കുന്നു... കണ്ണുകൾ നിറഞ്ഞു തുടങ്ങി...

“ഈ വാർത്ത നാട്ടിൽ അറിഞ്ഞപ്പോൾ തന്നെ അവർ വിളിച്ചു പറഞ്ഞു... നമ്മുടെ കുടുംബവുമായി അവർക്ക് ഒരു ബന്ധവും വേണ്ടന്ന് ” ഞാൻ ഒന്നും മിണ്ടിയില്ല.. അതെ ഇരുത്തം തുടർന്നു...

“അവൾ എന്ത് പറഞ്ഞു ” കുറെ നേരം മൗനമായി ഇരുന്ന ഞാൻ ചോദിച്ചു...

“അവൾ ഒന്നും പറഞ്ഞില്ല... മറ്റൊരു പെണ്ണിനെ മനസ്സിൽ വച്ചിട്ട് അവരുടെ മോളെ കല്യാണം ഉറപ്പിച്ചത് തെറ്റായി പോയി ” അത് കേട്ടതും ഞാൻ അവിടെ നിന്ന് എഴുന്നേറ്റു...

റൂമിലേക്ക് നടക്കാൻ തുടങ്ങിയിട്ട് അവിടെ നിന്നു...

“നിങ്ങൾ നാളെ തന്നെ തിരിച്ചു നാട്ടിലേക്ക് പൊക്കോ ” ഞാൻ തിരിഞ്ഞു നോക്കാതെ തന്നെ പറഞ്ഞു...

“അപ്പൊ നിയോ ” ഉമ്മി ചോദിച്ചു…

“ഞാൻ ഇനി ആ നാട്ടിലേക്ക് ഇല്ല ” ഞാൻ പറഞ്ഞു…

“ഇല്ല നീയില്ലാതെ ഞങ്ങൾ തിരിച്ചു പോകില്ല ” ഉമ്മി പറഞ്ഞു…

“എനിക്ക് കുറച്ചു നേരം ഒറ്റക്ക് ഇരിക്കണം… പക്ഷെ എന്റെ തീരുമാനത്തിന് മാറ്റം ഇല്ല ഞാൻ നാട്ടിലേക്ക് ഇല്ല…” ഞാൻ കടുപ്പിച്ചു പറഞ്ഞു… എന്നിട്ട് ഞാൻ റൂമിലേക്ക് കയറി…

കരയില്ല എന്ന് ഒരു തീരുമാനം എടുത്തു… പക്ഷെ ഒറ്റക്ക് ഇരുന്നു ഓരോന്ന് ആലോചിക്കുമ്പോൾ വല്ലാത്ത സങ്കടം വന്നുകൊണ്ടിരിക്കുന്നു.. പതിയെ അത് കരച്ചിലിക്ക് തന്നെ വന്നു… വിഷമം ഒന്ന് അടങ്ങുന്നത്തെ ഇല്ല… ഓരോ കാര്യങ്ങൾ ആലോചിക്കുമ്പോൾ വിഷമം കൂടുന്നത്തെ ഉള്ളു… മണിക്കൂറുകളോളം കരഞ്ഞു.. ഫാസിയുമായുള്ള കല്യാണം നടക്കാത്തത്തിൽ അല്ല എനിക്ക് ഏറ്റവും വിഷമം ആഫി എന്നെ അങ്ങനെ നോക്കിയതും ഫൈസൽ അങ്ങനെ പെരുമാറിയതുമാണ്… കരച്ചിൽ അവസാനിക്കാതെ ആയപ്പോൾ ഞാൻ ശ്വാസം വലിച്ചു വിട്ടു… എന്നിട്ട് കണ്ണടച്ചു കിടന്നു… പതിയെ ഉറക്കത്തിലേക്ക് പോയി… രാത്രി ഭക്ഷണം ഇല്ലായിരുന്നു.. നല്ലതുപോലെ കഴിച്ചിട്ട് 3 ദിവസം ആകുന്നു… രാവിലെ ഡോറിൽ ആരോ മുട്ടുന്നത് കേട്ടപ്പോൾ ആണ് ഞാൻ കണ്ണ് തുറന്നത്… ഞാൻ ബാത്റൂമിലേക്ക് ഒന്ന് പോയി മുഖം ഒന്ന് കഴുകി. പല്ലൊക്കെ തേച്ചു പുറത്തേക്ക് വന്നു… ഉമ്മി ഡോറിന്റെ അവിടെ തന്നെ ചാരി നിക്കുവാ… രാത്രി ഉറങ്ങിയിട്ടില്ല… വാപ്പി ഇന്നലെ ഇരുന്ന ഇടത്തു തന്നെ ഇരിപ്പുണ്ട്..

“നീ ഇങ്ങ് വാ എനിക്ക് കുറച്ചു സംസാരിക്കാൻ ഉണ്ട് ” വാപ്പി കനത്ത ശബ്ദത്തിൽ പറഞ്ഞു…

ഞാൻ സോഫയിലേക്ക് പോയി ഇരുന്നു... ഉമ്മി അവിടെ തന്നെ ഭിത്തിയിൽ ചാരി നിക്കുന്നു...

“എന്താ നിന്റെ തീരുമാനം ”വാപ്പി മുഖത്തോട്ട് നോക്കാതെ തന്നെ പറഞ്ഞു...

“ഞാൻ ഇന്നലെ പറഞ്ഞല്ലോ... ഞാൻ നാട്ടിലേക്ക് ഇല്ല... നിങ്ങൾക്ക് തിരിച്ചു പോകാം ” ഞാൻ പറഞ്ഞു...

“നിങ്ങൾ എല്ലാരും കൂടെ എന്തിനാ ഞങ്ങളെ ഇങ്ങനെ വിഷമിപ്പിക്കുന്നെ... ഞങ്ങൾ എന്ത് തെറ്റ് ആണ് ചെയ്തത് നിങ്ങളോടൊക്കെ ” ഉമ്മി അവിടെ നിന്ന് തന്നെ ചോദിച്ചു.. ഞാൻ ഉമ്മിയെ നോക്കി

“ഞാൻ നിങ്ങളെ വിഷമിപ്പിച്ചുന്നോ... സ്നേഹിച്ച പെണ്ണിനെ വേണ്ടന്ന് വെച്ച് നിങ്ങൾ രണ്ടുപേരും പറഞ്ഞ പെണ്ണുമായി കല്യാണം ഉറപ്പിക്കുമ്പോൾ എനിക്ക് ഉണ്ടായിരുന്നു വിഷമം... അന്ന് ഞാൻ എതിർ പറഞ്ഞിരുന്നെങ്കിൽ നിങ്ങൾക്ക് വിഷമമാകും എന്ന് കരുതിയാണ് ഞാൻ അത് സമ്മതിച്ചത്... പിന്നെ ഇപ്പൊൾ, ചിലപ്പോൾ നിങ്ങൾ കരുതുന്നുണ്ടാകും ഞാൻ ആത്മഹത്യ ചെയ്യുമെന്ന്... അതൊന്നും ഓർത്തു നിങ്ങൾ പേടിക്കണ്ട... അതൊന്നും ഒരിക്കലും നടക്കില്ല... പിന്നെ ആഫി നിങ്ങളെ വേദനിപ്പിച്ചതും ഞാൻ കാരണം ആയിരിക്കാം.. ഞാൻ കാരണം ആണെങ്കിൽ നിങ്ങൾ രണ്ടുപേരും എന്നോട് ക്ഷെമിക്കണം... ഇന്നലെ ഞാൻ കണ്ടായിരുന്നു അവരെ രണ്ടുപേരെയും... രണ്ടുപേർക്കും എന്നോട് ഇപ്പൊ ദേഷ്യം ആണ്.. ഇന്നലെ അവൾ എന്നോട് ഒരു അക്ഷരം പോലും സംസാരിച്ചില്ല... നിങ്ങൾക്ക് അറിയില്ലേ ഞങ്ങൾ എങ്ങനെ അറിയിരുന്നു എന്ന്.. അവൾ എന്നോട് അങ്ങനെ ഒക്കെ കാണിക്കുമ്പോൾ ഞാൻ എന്ത് ചെയ്യണം ഞാനും ഒരു മനുഷ്യൻ ആണ് എനിക്കും ഉണ്ട് വിഷമങ്ങൾ ഒക്കെ... എന്റെ സന്തോഷത്തിന് വേണ്ടി

ഞാൻ ജീവിച്ചിട്ട് കുറെ നാളുകളായി... ഞാൻ ഐഷ പോയതിന് ശേഷം നിങ്ങൾക്ക് ഒക്കെ വേണ്ടി അല്ലെ ജീവിച്ചത്... എന്നിട്ടും എല്ലാരും എന്നോട്

ഇങ്ങനെ ഒക്കെ കാണിക്കുന്നത് എന്തിനാണ്..." ഞാൻ ഏങ്ങി ഏങ്ങി കരഞ്ഞുകൊണ്ട് പറഞ്ഞു..

ഉമ്മി ഇത് കേട്ട് ഓടി വന്നെന്നെ കെട്ടി പിടിച്ചു...

"നിനക്ക് എന്താ ഞങ്ങളുടെ കൂടെ വന്നാൽ... ബിസ്സിനെസ്സ് ആണ് പ്രേശ്നമെങ്കിൽ ആ പൊസിഷനിൽ വേറെ ആളെ നിയമിക്കാം " വാപ്പി പറഞ്ഞു...

"എന്റെ ഭാഗത്ത് നിന്ന് നിങ്ങൾ ഒരു തവണ ചിന്തിച്ചു നോക്കാമോ... അവിടെ വന്നിട്ട് എന്തിനാണ്... ഒന്നും സംസാരിക്കാത്ത ആഫിയും എന്നെ ഒഴിവാക്കാൻ നോക്കുന്ന അളിയനും... അവർക്ക് എന്നെ കാണണ്ടല്ലോ.. എന്നെ കണ്ടാൽ അല്ലെ പ്രശ്നം ഉള്ളു... പിന്നെ ഫൗസിയുടെ വീട്ടുകാർ അവർ വന്ന് എന്നോട് ഒരു ചോദ്യം ചോദിച്ചാൽ ഞാൻ എന്ത് പറയും.. " ഞാൻ വാപ്പിയോട് ചോദിച്ചു... വാപ്പിക്ക് അതിനു ഉത്തരം ഇല്ലായിരുന്നു...

"അജീന എഴുനേക്ക് നമുക്ക് നാട്ടിലേക്ക് പോകാം... അവൻ പറഞ്ഞത് ശെരിയാണ്... തെറ്റ് നമ്മുടെ ഭാഗത്തായിരുന്നു... അവന്റെ സ്നേഹം കാണാൻ നമ്മൾ ശ്രെമിച്ചില്ല.." എന്നും പറഞ്ഞു വാപ്പി എഴുനേറ്റ് റൂമിലേക്ക് പോയി... ഉമ്മി എന്നെ വിടാതെ പിടിച്ചിരിക്കുകയാണ്...

"പ്പടോ " എന്നൊട് ശബ്ദം കേട്ട് അങ്ങോട്ട് നോക്കിയപ്പോൾ കതക് ചവിട്ടി തുറന്നതാണ്... ഉമ്മി പെട്ടന്ന് എന്നെ പിടി വിട്ട് മാറി.. പെട്ടന്ന് മാസ്ക് ഇട്ട ഒരാൾ അകത്തേക്ക് വന്ന് എന്റെ കഴുത്തിൽ കൈക്കൊണ്ട് മുറുക്കി... ജീവൻ പോകുന്നത് പോലെ തോന്നി എനിക്ക് ഞാൻ കൈകാലുകൾ ഇട്ട് അടിച്ചു... ആരാണെന്ന് പോലും അറിയില്ല...വലിയ ശബ്ദം കേട്ട് പുറത്തു വന്ന വാപ്പി കാണുന്നത് എന്റെ കഴുത്തിൽ ചുറ്റി പിടിച്ചു ഒരുത്തൻ നിക്കുന്നതാണ്... വാപ്പി ഓടി വന്ന് അവനെ ചവിട്ടി. അവൻ ചെന്ന് ഭിത്തിയിൽ ഇടിച്ചു വാപ്പി

അവന്റെ അടുത്തേക്ക് ചെന്ന് വാപ്പിയുടെ പരുക്കൻ കൈ കൊണ്ട് അവന്റെ കരണം നോക്കി ഒന്ന് പൊട്ടിച്ചു... എന്നിട്ട് അവന്റെ മാസ്ക് ഊരി മാറ്റി...

ഞങ്ങൾ മൂന് പേരും അവനെ കണ്ട് ഒന്ന് അന്തം വിട്ട് നിന്ന് പോയി...

"ജാസിം " ഞാൻ വിളിച്ചു... അവന്റെ കണ്ണുകൾ ദേഷ്യത്തോടെ ചുവന്ന ഇരിക്കുന്നു..

"നിങ്ങൾ എനിക്ക് ആകെ ഉള്ള എന്റെ ഇത്തയെ കൊല്ലാൻ നോക്കി... അവൾ ഇപ്പൊ ജീവനോടെ മല്ലിടുകയാണ് " അവൻ അവിടെ ഇരുന്നു തന്നെ ചോദിച്ചു...

"അവൾ നിങ്ങളോടൊക്കെ എന്ത് തെറ്റാണ് ചെയ്തത്... അന്ന് സഹായം ചോദിച്ചതാണോ?,അതോ ഇഷ്ടാണെന്ന് പറഞ്ഞപ്പോൾ ഒന്നും പറയാതെ ഇരുന്നതാണോ?.. അവൾക്ക് നിങ്ങളെ എല്ലാരേയും ജീവൻ ആയിരുന്നു അറിയാമോ... അവൾ എന്നോട് പലപ്പോഴും പറഞ്ഞിട്ടുണ്ട് പടച്ചോൻ നമ്മളെ കൈ വിട്ടിട്ടില്ല ഉമ്മയുടെയും വാപ്പയുടെയും സ്നേഹം ഇവർ തരുന്നുണ്ടന്ന്.. അന്ന് ഇയാൾ എന്റെ ഇത്തയോട് ഇഷ്ടമാണെന്ന് പറഞ്ഞതിന്റെ അന്ന് അവൾ എന്നോട് വന്ന് പറഞ്ഞു...

{ജാസ്മിനും ജാസിമും }

എന്റെ റൂമിൽ നിന്ന് അവൾ നേരെ പോയത് ജാസിമിന്റെ റൂമിലേക്ക് ആണ്...

"എന്താ ഇത്ത വല്ലാതെ ഇരിക്കുന്നേ " ജാസിം ചോദിച്ചു...

“എടാ അജാസ് ഇക്കാക്ക് എന്നെ ഇഷ്ടമാണെന്ന് ഞാൻ ഇപ്പൊ എന്ത് പറയും ”അവൾ അവനോട് ചോദിച്ചു...

“നിനക്ക് അജാസിക്കയെ ഇഷ്ടമാണോ ”

“എനിക്ക് ഇഷ്ടമാണെടാ ”

“എന്നാൽ പിന്നെ നിനക്ക് അത് തുറന്ന് പറഞ്ഞൂടെ ”

“എടാ ഉമ്മയും വാപ്പയും മരിച്ചുപോയ നമുക്ക് പടച്ചോൻ തന്ന അനുഗ്രഹം ആണെടാ ഇവിടുത്തെ ഉമ്മയും വാപ്പയും... അവർക്ക് എന്നെ ഇഷ്ടമല്ലെങ്കിലോ?, അജാസിക്കാടെ നിർബന്ധത്തോടെ ചിലപ്പോൾ അവർ സമ്മതിച്ചാലും അവർക്ക് ഇപ്പോൾ ഉള്ള സ്നേഹം പിന്നീട് നമ്മളോട് കാണില്ല ”

“അത് ശെരിയാണ് ഇത്ത.. ഇപ്പൊ എന്ത് ചെയ്യും ”

“എനിക്ക് അറിയില്ല കിട്ടുവാണേൽ എനിക്ക് എല്ലാവരെയും വേണം... അല്ലേൽ ഇത് പോലെ തന്നെ പോക്കട്ടെ ” ജാസ്മിൻ പറഞ്ഞു

ഇങ്ങനെ പറഞ്ഞ അവളെ ആണ് നിങ്ങളെ ചതിച്ചു എന്ന് പറഞ്ഞു കൊല്ലാൻ നോക്കിയത്.. അന്ന് ഇയാൾ വേറെ കല്യാണം കഴിക്കാൻ പോവുകയാണ് എന്ന് അറിഞ്ഞതിന്റെ അന്ന് അവൾ എന്നെ വിളിച്ചു..

“എടാ.......” എന്ന് വിളിച്ചു ജാസ്മിൻ ഒറ്റ കരച്ചിൽ...

“എന്താ ഇത്ത എന്താ പ്രശ്നം... എന്തിനാ കരയുന്നെ ”

“എടാ എല്ലാരും നമ്മളെ പറ്റിക്കുവായിരുന്നെടാ... നമ്മൾക്ക് നമ്മൾ മാത്രമേ ഉള്ളു... അയാൾക്ക് ഞാൻ അവിടെ ഉള്ളപ്പോൾ ഞാൻ വേണമായിരുന്നു... ഞാൻ അല്ലാതെ വേറെ ഒരു പെണ്ണ് ഇല്ല എന്നൊക്കെ ആണ് അയാൾ പറഞ്ഞത്... ഇപ്പൊ അയാൾ വേറെ കല്യാണം കഴിക്കാൻ പോവുകയാണെടാ... ഞാൻ ഇപ്പൊ എന്താ ചെയ്യണ്ടേ... എനിക്ക് മനസും ശരീരവും തളരുന്നത് പോലെ ” അവൾ കരഞ്ഞുകൊണ്ട് പറഞ്ഞു...

“എനിക്ക് സംശയം ഉണ്ടായിരുന്നെടി.. നമ്മൾക്ക് ക്യാഷ് ഇല്ല ചോദിക്കാനും ആരും ഇല്ല അപ്പോൾ എന്ത് വേണമെങ്കിലും ചെയ്യാമല്ലോ.. എനിക്ക് മനസിലാകും നിന്റെ അവസ്ഥ.. പക്ഷെ നീ അയാളുടെ മുന്നിൽ തൊറ്റ് കൊടുക്കാൻ നിക്കരുത്... നീ വേറെ ആരോടെങ്കിലും ഇഷ്ടമാണെന്ന് പറഞ്ഞു അവരുടെ കൂടെ നടക്ക് ”

“നീ എന്തൊക്കെയാടാ ഈ പറയുന്നേ... എനിക്ക് അയാളെ മറക്കാൻ പറ്റില്ലടെ അവിടുന്ന് ഇവിടെ വന്നപ്പോൾ മുതൽ എന്റെ അവസ്ഥ നിനക്ക് അറിയാവുന്നതല്ലേ... അയാൾ ഇല്ലാതെ എനിക്ക് പറ്റില്ല ”

“എന്നാൽ നീ ഞാൻ പറയുന്നത് പോലെ കേക്ക് ആരോടെങ്കിലും... ഇക്കാനെ കാണിക്കാൻ ഇഷ്ടമാണെന്ന് പറ.. ഇക്കാക്ക് നിന്നെ ഇഷ്ടമാണെൽ അത്

സഹിക്കാൻ പറ്റില്ല ”

“എടാ ഞാൻ എങ്ങനെ ആണെടാ ”

“നിന്റെ നല്ലതിന് വേണ്ടി ആണ് ”

അന്ന് ഞാൻ പറഞ്ഞതിന്റെ പേരിലാണ് അന്ന് അവൾ അവനോട് ഇഷ്ടമാണെന്ന് പറഞ്ഞത്... പക്ഷെ അന്ന് അവൾക്ക് മനസിലായി നിങ്ങൾക്ക് അവളെ ഇഷ്ടമല്ലെന്ന്.. അന്ന് തന്നെ അവൾ നാട്ടിലേക്ക് പോകാൻ ഇറങ്ങിയതാണ് പക്ഷെ അതിനുള്ള ക്യാഷ് അവളുടെ കയ്യിൽ ഇല്ലായിരുന്നു... എന്ന് മാത്രം അല്ല അവൾ ഇഷ്ടമാണെന്ന് പറഞ്ഞവൻ അത് സീരിയസ് ആയിട്ട് എടുക്കുകയും ചെയ്തു... പിന്നെ ഞാൻ അവളെ കാണുന്നത് ന്യൂസിൽ ആണ്... കാണാനില്ല എന്ന് പറഞ്ഞൊരു ന്യൂസ് വന്നപ്പോൾ... ഞാൻ അന്ന് തന്നെ ഇറങ്ങി പക്ഷെ എനിക്ക് വണ്ടി കിട്ടിയില്ല... അറിയാവുന്നവരോടൊക്കെ ഞാൻ വിളിച്ചു ചോദിച്ചു... ആർക്കും ഒരു വിവരവും കിട്ടിയില്ല... പിറ്റേന്ന് അവളെ കൊല്ലാൻ നോക്കി എന്ന് കൂടെ അറിഞ്ഞപ്പോൾ ഞാൻ ആകെ തളർന്ന പോയി... കൂട്ടുകാർ ആണ് ഇവിടെ കൊണ്ട് വന്നത് എന്നെ... കോടതിൽ നിങ്ങൾ ജയിച്ചിരിക്കും... പക്ഷെ എന്റെ ഇത്തയെ കൊല്ലാൻ നോക്കിയതിനു നിങ്ങൾ രക്ഷപ്പെടുമെന്ന് കരുതണ്ട...” അവൻ ദേഷ്യത്തോടെ പറഞ്ഞു...

“നിന്റെ ഇത്ത ഒന്ന് എഴുന്നേറ്റാൽ അവൾ പറയും ഞാൻ അവളെ കൊല്ലാൻ ശ്രെമിച്ചിട്ടുണ്ടോ എന്ന്... അവളെ എനിക്ക് ഇഷ്ടമായിരുന്നു...” ഞാൻ പറയാൻ തുടങ്ങിയപ്പോൾ അവൻ കൈ പൊക്കി പറയണ്ട എന്ന് കാണിച്ചു... എന്നിട്ട് അവന് എഴുനേറ്റ് പുറത്തേക്ക് പോകാൻ ഇറങ്ങി ഡോറിന്റെ അവിടെ ചെന്നിട്ട് തിരിഞ്ഞു നിന്നു...

“എന്റെ ഇത്താ ഈ ലോകം വിട്ട് പോയാൽ... ആര് കൊല്ലാൻ ശ്രമിച്ചെന്ന് എനിക്ക് അറിയണ്ട... നീയും നിന്റെ കുടുംബവും പിന്നെ ജീവനോടെ ഉണ്ടാകില്ല...” എന്ന് ഭീഷണി മുഴക്കി അവൻ പുറത്തേക്ക് പോയി...

വാപ്പി ഇതൊക്കെ കേട്ട് ഞെട്ടി നിക്കുകയാണ്... ഞങ്ങളുടെ വീട്ടിൽ നിന്നപ്പോൾ വാ തുറന്ന് സംസാരിക്കാത്ത പയ്യൻ ആയിരുന്നു...ഇപ്പൊ എന്തൊക്കെയാ വിളിച്ചു പറഞ്ഞിട്ട് പോയി...

“ഇനി നീ ഇവിടെ നിക്കണ്ട... ഞങ്ങളുടെ കൂടെ വാ ”ഉമ്മി എന്റെ കയ്യിൽ പിടിച്ചു താഴെ ഇരുന്നു കരഞ്ഞു...

“ഇതൊക്കെ അറിഞ്ഞിട്ടും അവളെ ഒന്ന് കാണാൻ പോലും കൂട്ടക്കാതെ നിങ്ങൾ പോകുവാണേൽ പൊക്കോ... പക്ഷെ ഇതൊക്കെ അറിഞ്ഞിട്ട് ഇനിയും അവളെ ഉപേക്ഷിക്കാൻ ഞാൻ ഇല്ല...”

“നീ അവളെ കല്യാണം കഴിക്കാൻ പോവുകയാണോ?” വാപ്പി ചോദിച്ചു...

“അവൾക്ക് എന്നെ ഇഷ്ടമാണെൽ അവളെ ഞാൻ കല്യാണം കഴിക്കും... ”

അത് കേട്ട് കഴിഞ്ഞതും നീണ്ട ഒരു നിശബ്ദത ആയിരുന്നു അവിടെ... വാപ്പി എഴുനേറ്റ് റൂമിലേക്ക് പോയി... കുറച്ചു കഴിഞ്ഞു ഒരുങ്ങി വന്നു...

“മോനെ, നിന്റെ സന്തോഷത്തിനാണ് ഞങ്ങൾ ജീവിക്കുന്നത്.. ഞങ്ങൾക്ക് തെറ്റ് പറ്റിപ്പോയി... ജാസ്മി മോളുടെ സ്നേഹം മനസിലാക്കാൻ നിന്നെ പോലെ തന്നെ ഞങ്ങൾക്കും പറ്റിയില്ല... നീ ആ വിഷമത്തിൽ ഇരിക്കുന്നത് കാണാൻ വയ്യാത്തത്കൊണ്ട് ആണ് ഞങ്ങൾ നിനക്ക് വേറെ പെണ്ണ് നോക്കിയത്.. അന്ന് നിന്റെ മുഖത്ത് ഒരു സന്തോഷം ഒരു സന്തോഷം ഉണ്ടായിരുന്നു... അതുകണ്ടിട്ടാണ് ഞങ്ങൾ പെട്ടന്ന് തന്നെ ആ കല്യാണം നടത്താൻ നോക്കിയത്... പക്ഷെ വിധി ഇങ്ങനെ ആക്കി കളഞ്ഞു.. നീ വേഗം പോയി ഒരുങ്ങ്... ഇനി അവളെ നമ്മൾ നാട്ടിൽ കൊണ്ട് പോകാം ” വാപ്പി പറഞ്ഞു എനിക്ക് അപ്പോൾ തുള്ളിച്ചടാൻ ആണ് തോന്നിയത്... ഞാൻ ഓടി ചെന്ന് വാപ്പിയെ കെട്ടിപിടിച്ചു... വാപ്പി എന്നെയും... ഉമ്മിയുടെ കണ്ണുകൾ സന്തോഷം കൊണ്ട് നിറഞ്ഞു... ഞാൻ ഡ്രസ്സ് ഒക്കെ മാറി തിരിച്ചു വന്നു... ഞങ്ങൾ നേരെ ഹോസ്പിറ്റലിലേക്ക് പോയി... അന്ന് Si പറഞ്ഞത് പോലെ രണ്ട് പോലീസികാർ അവിടെ ഉണ്ടായിരുന്നു... ജാസ്മിമും അവിടെ ഇരിപ്പുണ്ടായിരുന്നു... അവൻ കുനിഞ്ഞു ഇരിക്കുകയായിരുന്നു... ഞാൻ അവന്റെ അടുത്ത് ചെന്ന് ഇരുന്നു അവന്റെ തോളിൽ കൈ ഇട്ടു... അവൻ പെട്ടന്ന് എഴുനേറ്റ് എന്റെ കുത്തിന് പിടിച്ചു... കൈ മടക്കി എന്റെ നെഞ്ചത്ത് ഇടിച്ചു... ആ ഇടിയുടെ ആഘാദത്തിൽ ഞാൻ ബാക്കിലേക്ക് പോയി അവൻ തലങ്ങും വിലങ്ങും എന്നെ ഇടിച്ചുകൊണ്ട് ഇരുന്നു... അവിടെ നിന്ന പോലീസുകാർ വന്ന് അവനെ പിടിച്ചു മാറ്റി...

വാപ്പിയും ഉമ്മിയും എന്റെ അടുത്ത് വന്ന് എനിക്ക് എന്ത് പറ്റി എന്ന് നോക്കി പക്ഷെ എന്റെ നോട്ടം അവനിൽ തന്നെ ആയിരുന്നു...

“നിങ്ങൾ എല്ലാരും കൂടെ എന്തിനാ വന്നേ ജീവച്ഛവം ആയി കിടക്കുന്ന അവളുടെ ബാക്കിയുള്ള കുറച്ച് ജീവൻ കൂടെ എടുക്കാൻ ആണോ... ഞാൻ നിങ്ങളുടെ കാൽ പിടിക്കാം... അവളെ ഒന്നും ചെയ്യരുത്... എനിക്ക് സ്വന്തം എന്ന് പറയാൻ വേറെ ആരും ഇല്ല...” അവൻ പറഞ്ഞു കൈ കൂപ്പി കരഞ്ഞുകൊണ്ട് താഴെക്ക് ഇരുന്നു...

ഞാൻ ഞെട്ടി ബാക്കിലേക്ക് വീണു... തല കറങ്ങുന്ന പോലെ,കൈകാലുകൾ നിശ്ചലമാകുന്നു,ഹൃദയം വല്ലാത്ത സ്പീഡിൽ ഇടിക്കുന്നു, കാഴ്ച മങ്ങുന്നു,ജീവൻ പോകുന്ന പോലെ... എന്റെ കണ്ണുകൾ അടഞ്ഞു...

കണ്ണുകൾ തുറക്കുമ്പോൾ ട്രിപ്പ് ഇട്ട് ഏതോ ബെഡിൽ കിടക്കുകയാണ് ഞാൻ... ഉമ്മിയും വാപ്പിയും എന്റെ അടുത്ത് തന്നെ ഉണ്ട്...

"ഞാനാ.. ഞാനാണ് എല്ലാത്തിനും കാരണം... എന്റെ മനസ്സിൽ പ്രേമം തോന്നിയത്കൊണ്ട് ആണ് അവൾ ഇപ്പൊ അങ്ങനെ കിടക്കുന്നത്... ഞാൻ... ഞാൻ ഇനി എന്ത് ചെയ്യും? "

"മോനെ നീ വിഷമിക്കണ്ട.. പടച്ചോൻ ഇതൊന്നും കാണാതെ ഇരിക്കില്ലടാ " വാപ്പി പറഞ്ഞു...

"വാപ്പി എനിക്ക് അവനോട് ഒന്ന് സംസാരിക്കണം "

"മോനെ അത് വേണോ?"

"വേണം " വാപ്പി പുറത്തേക്ക് പോയി അവനുമായി അകത്തേക്ക് വന്നു...

അവൻ ദേശിച്ച മുഖത്തോടെ എന്നെ നോക്കുന്നുണ്ടായിരുന്നു അവൻ എന്റെ അടുത്തു വന്നു ഞാൻ അവന്റെ കയ്യിൽ പിടിച്ചു...

"പൊറുക്കാൻ പറ്റാത്ത തെറ്റ് ആണ് ഞാൻ നിങ്ങളോട് ചെയ്തത്... പക്ഷെ അവളെ കൊല്ലാൻ നോക്കിയത് ഞാൻ അല്ല.. എനിക്ക് അതിന് പറ്റില്ലടാ... അവളെ എനിക്ക് വേണമെടാ... ഞാൻ നോക്കിക്കോളാം പൊന്ന് പോലെ.. അതിന് നീ, നിന്റെ സമ്മതം തരണം.. അത് മാത്രം മതി എനിക്ക് " ഞാൻ അവന്റെ കൈയിൽ പിടിച്ചു കരഞ്ഞു പറഞ്ഞു...

“ഇത്രയും ഒക്കെ ആയി... നിങ്ങൾ ഉള്ളത്കൊണ്ട് മാത്രമാണ് അവളെ അവിടെ ആക്കിയിട്ട് ഞാൻ പോയത്...എന്നിട്ടും ഞാൻ എന്ത് വിശ്വസിച്ചു അവളെ നിങ്ങൾക്ക് തരും ”

അവൻ ചോദിച്ചു...

“അങ്ങനെ പറയല്ലേ മോനെ... ഞങ്ങൾ കാരണം ആണ് അവൻ ജാസ്മിനെ മറന്നു വേറെ ആളെ കല്യാണം കഴിക്കാൻ തീരുമാനിച്ചത്... അവനോടും ഞങ്ങളോടും ക്ഷെമിക്കണം മോനെ... അവളെ എന്റെ മോള് ആയി ഞാൻ നോക്കിക്കോളാം... ഞങ്ങളുടെ കൂടെ വാ നിങ്ങൾ ” ഉമ്മി പറഞ്ഞു....

അവൻ കുറെ നേരം ആലോചനയിൽ ആയിരുന്നു..

“എനിക്ക് നിങ്ങളോട് ദേഷ്യം ഒന്നും ഇല്ല.. അത് ചെയ്തത് ഇക്കാ അല്ലെന്ന് എനിക്ക് അറിയാം.. ഞാൻ നിങ്ങളോട് അങ്ങനെ ഒക്കെ ചെയ്തത് എന്തിനാണെന്ന് ചോദിച്ചാൽ.. നിങ്ങൾ അവളെ മറക്കാൻ ആയിരുന്നു... അവൾ ഇപ്പൊ കോമ സ്റ്റേജിൽ ആണ്.. ഇനി അവൾ കാരണം നിങ്ങൾ വിഷമിക്കണ്ട എന്ന് പറഞ്ഞാണ് ഞാൻ അങ്ങനെ ഒക്കെ പറഞ്ഞത്... നിങ്ങൾ ആലോചിച്ച് ആണോ അത് പറഞ്ഞത്... കുറെ കഴിഞ്ഞ് ഞങ്ങൾ നിങ്ങൾക്ക് ഒരു ശല്യം ആകരുത് എന്ന് എനിക്ക് ഉണ്ട് ”

“മോനെ ഞങ്ങൾ ഇവന്റെ ആഗ്രഹങ്ങൾക്ക് ഒന്നും എതിർ നിന്നിട്ടില്ല.. ആകെ നിന്നത് നിന്റെ ഇത്താടെ കാര്യത്തിൽ ആയിരുന്നു.. അതും അവൾക്ക് ഇഷ്ടമല്ല എന്ന് കരുതിയിട്ടാണ്... അവൾക്ക് സമ്മതം ആയിരിക്കുമോ ഈ കാര്യം ” ഉമ്മി അവനോട് ചോദിച്ചു...

“അവൾക്ക് ഇഷ്ടമാണ്.. പക്ഷെ അവൾ ഇനി പഴയ സ്ഥിതിയിലേക്ക് വന്നില്ലേൽ ഇക്കാടെ ജീവിതം പോകില്ലേ ”അവൻ ചോദിച്ചു...

“അവളെ മറന്നു ഞാൻ ഒരു ജീവിതം തുടങ്ങാൻ പോയപ്പോൾ ഇങ്ങനെ... വേറെ ഒരു ജീവിതം തുടങ്ങിയിരുന്നേൽ ഒന്ന് ആലോചിച്ച് നോക്ക് ” ഞാൻ അവനോട് ചോദിച്ചു... അതിന് അവനു ഉത്തരം ഇല്ലായിരുന്നു...

“എല്ലാർക്കും സമ്മതം ആണ്... ഞാൻ ഡോക്ടറെ കണ്ടിരുന്നു... ഇപ്പൊ അവൾക്ക് യാത്രക്ക് പറ്റിയ സമയം അല്ല...1 മാസം കഴിഞ്ഞ് നാട്ടിലേക്ക് കൊണ്ട് പോകാം... ഇനി ചികിത്സ മുഴുവൻ അവിടെ നോക്കാം ” വാപ്പി പറഞ്ഞു... അന്ന് ട്രിപ്പ് ഇട്ടത്

ഊരി കഴിഞ്ഞപ്പോൾ തന്നെ അവളെ കാണാൻ ആയി ഞാൻ പോയി... കണ്ട് സഹിച്ചു നിക്കാൻ എനിക്ക് പറ്റിയില്ല ഞാൻ കരഞ്ഞു പോയി... അവളുടെ കാലുകളിൽ വീണു കരഞ്ഞു... വാപ്പിയും ഉമ്മിയും ആണ് എന്നെ പിടിച്ചു മാറ്റിയത്...

പിന്നീട് ഉള്ള ഒരു മാസം ഞാൻ അവളുടെ കൂടെ തന്നെ ആയിരുന്നു രാവിലെ വന്നാൽ രാത്രി തിരിച്ചു പോകും... ഫുഡ് കൊടുക്കുന്നതൊക്കെ ഞാൻ തന്നെ ആയിരുന്നു...

അങ്ങനെ ഇന്നേക്ക് ഒരു മാസം കഴിഞ്ഞു.. ഇതിനിടയിൽ സംഭവിച്ച ഒരേ ഒരു മാറ്റം എന്താണെന്നു വെച്ചാൽ പോയ ശേഷം ആഫി എന്നെ വിളിച്ചിട്ടില്ല ഞാൻ അവളെ വിളിച്ചപ്പോഴൊക്കെ അവൾ എടുത്തിട്ടും ഇല്ല അതിൽ എനിക്ക് നല്ല വിഷമം ഉണ്ടായിരുന്നു പക്ഷെ ഞാൻ അതൊക്കെ ജാസ്മിന്റെ അടുത്ത് ചെല്ലുമ്പോൾ മറക്കും ഒന്നും പ്രീതികരിക്കില്ലേലും അവളെ കാണുമ്പോൾ തന്നെ മനസ്സിൽ സന്തോഷവും സങ്കടവും ഒരുമിച്ച് വരും... അങ്ങനെ ഞങ്ങൾ നാട്ടിലേക്ക് തിരിച്ചു ഞാനും ജാസ്മിനും ആംബുലൻസിൽ... വാപ്പിയും ഉമ്മിയും ജാസിമും കാറിൽ...

നാട്ടിലേക്ക് തിരിച്ചെത്തിയ അന്ന് ഹോസ്പിറ്റലിൽ കൊണ്ട് പോയി.. അവിടെ ഒരാഴ്ച കിടന്നു... ഒരു മാറ്റവും ഉണ്ടായിരുന്നില്ല... അങ്ങനെ തിരിച്ചു ഞങ്ങളുടെ വീട്ടിലേക്ക് തന്നെ മാറ്റി അവളെ... അപ്പോഴും ആഫി വീട്ടിലേക്ക് വന്നിരുന്നില്ല... എന്നോട് സംസാരിച്ചിരുന്നില്ല... ഞങ്ങൾ വീട്ടിൽ വന്നതിന് ശേഷം ഞാൻ ഒരുപാട് മാറി പോയിരുന്നു.. എപ്പോഴും ജാസ്മിന്റെ കൂടെ ആയി.. ഒരു റൂമിൽ ഫുഡ് പോലും ആ റൂമിൽ തന്നെ ആയിരുന്നു...

അങ്ങനെ ഇരിക്കുമ്പോൾ ആണ് നാട്ടിൽ വന്നിട്ട് കൃത്യം 17 ആം ദിവസം താഴെ വാക്ക് തർക്കവും സംസാരവും ഒക്കെ കേക്കുന്നത്... ഞാൻ ഓടി ഹാളിലേക്ക് ചെന്നു... ആഫിയും ഫൈസലും വന്നിട്ടുണ്ട്... എന്നെ അവർ കണ്ടു പക്ഷെ മൈൻഡ് ചെയ്യുന്നില്ല... പക്ഷെ ഞാൻ വന്നപ്പോൾ സംസാരം അവിടെ നിന്നു...

“എന്താ വാപ്പി എന്താ പ്രശ്നം ” ഞാൻ ചോദിച്ചു...

“അത് മോനെ ഇവർ ഈ ആഴ്ച ജർമ്മനിയിലേക്ക് പോകുകയാണെന്ന്.. രണ്ടുപേർക്കും അവിടെ ജോലി ശെരിയായി എന്ന് ”വാപ്പി വിഷമത്തോടെ ആണ് പറഞ്ഞത്...അത് കേട്ടതും ഞാൻ തളർന്നു

“അതിനെന്താ വാപ്പി നമ്മൾ അവൾക്ക് ഇപ്പൊ ആരും അല്ല... പോകുന്നതിന് മുൻപ് വന്ന് പറഞ്ഞല്ലോ അത് തന്നെ ഭാഗ്യം ” ശബ്ദത്തിൽ ഉള്ള ഇടർച്ച മാക്സിമം വരാതെ ഞാൻ പറഞ്ഞു..

“അതല്ല അവർ പോയി കഴിഞ്ഞാൽ നാട്ടിലേക്ക് ഒരു തിരിച്ചു വരവ് കാണില്ലെന്ന് ” അത് കൂടെ കേട്ട് നിന്നപ്പോൾ കാൽ തളർന്ന ഞാൻ

സോഫയിലേക്ക് ഇരുന്നു... ഞാൻ എന്നിട്ട് ആരുടെയും മുഖത്ത് നോക്കാതെ തലയാട്ടി...

“നിന്റെ അഭിപ്രായം എന്താണ്?” വാപ്പി എന്നോട് ചോദിച്ചു...

“ഇത് എന്റെ ജീവിതം അല്ലല്ലോ വാപ്പി അവരുടെ അല്ലെ... അവർ എങ്ങനെ ജീവിച്ചാലും സന്തോഷത്തോടെ ഇരുന്നാൽ പോരെ... നമ്മൾ ഇപ്പൊ പോകണ്ട എന്ന് പറഞ്ഞാലും അവർ പോകും.. ജോലി കിട്ടിയത് ഇപ്പോഴാ പറഞ്ഞത്... പോകുന്നതും ഇപ്പോഴാണ് പറഞ്ഞത്... തിരിച്ചു വരില്ലെന്നും പറഞ്ഞത് ഇപ്പോഴാണ്.. ഇങ്ങനെ ഉള്ള കാര്യങ്ങൾ അവൾക്ക് അവളുടെ ഭർത്താവുമായി തീരുമാനിക്കാമെങ്കിൽ നമ്മുടെ സമ്മതം ഒന്നും അവൾക്ക് വേണ്ട വാപ്പി പോകാൻ.. ” ഞാൻ തല താഴ്ത്തി പറഞ്ഞു...

“വേണ്ടേ നിങ്ങളുടെ ആരുടെയും സമ്മതം വേണ്ടേ... നിങ്ങൾ ഒന്നും എന്റെ ആരും അല്ല അല്ലെ.. നിങ്ങൾ പോകരുത് എന്ന് പറഞ്ഞാലും ഞാൻ പോകും

അല്ലെ... അല്ലേടാ പട്ടി ” എന്ന് പറഞ്ഞു ആഫി എന്റെ തല പിടിച്ചു പൊക്കി... കുറെ നാളുകൾക്ക് ശേഷം ആണ് അവളെ ഞാൻ ചിരിച്ചു കാണുന്നത്... അങ്ങനെ കണ്ടപ്പോൾ എവിടെ നിന്നോ വന്ന സന്തോഷത്തിൽ അവളെ ഞാൻ കെട്ടിപിടിച്ചു പൊക്കി എടുത്ത് കറക്കി...

“താഴെ ഇറക്ക് കറക്കത്തെ... അകത്തു ഒരാൾ കൂടെ ഉണ്ട് ” അവൾ എന്നെ കെട്ടിപിടിച്ചു കൊണ്ട് പറഞ്ഞു... ഞാൻ അവളെ താഴെ നിർത്തി...

“സത്യം ആണോ?.. ഏഹ് ” ഞാൻ ചോദിച്ചു...

“ആണ് ഇക്കാ ഒരു മാമ ആക്കാൻ പോകുവാ ” അത് കേട്ട് ഞാൻ വാപ്പിയെ നോക്കി വാപ്പി എന്നെ നോക്കി ചിരിക്കുകയാണ്... അപ്പോൾ എനിക്ക് മനസിലായി എന്നെ പറ്റിക്കാൻ വേണ്ടി ആണ് ഇവർ അങ്ങ് ജർമനിയിലേക്ക് പോകുന്നു എന്നൊക്കെ പറഞ്ഞത്... ഞാൻ സന്തോഷം കൊണ്ട് വാപ്പിയെ കെട്ടിപിടിച്ചു... അപ്പോഴും ഫൈസൽ ദേഷ്യം വിടാത്ത മുഖവുമായി നിക്കുകയായിരുന്നു... ഞാൻ അവനിക്ക് എന്താ പറ്റിയതെന്ന് ആഫിയോട് ചോദിച്ചു... അവൾ നേരിട്ട് ചോദിക്കാൻ പറഞ്ഞു... ഞാൻ പതിയെ അവന്റെ അടുത്തേക്ക് നടന്നു...

“എന്താ അളിയാ പ്രോബ്ലം ” ഞാൻ അവന്റെ തോളിൽ തട്ടി ചോദിച്ചു...

“എന്റെ പൊന്ന് അളിയാ, അളിയൻ അല്ലാതെ വേറെ ആരെങ്കിലും ഇവളുടെ വാക്ക് കേക്കുമോ... അന്ന് കോടതിയിൽ വരുമ്പോൾ എനിക്ക് നല്ല ദേഷ്യം ഉണ്ടായിരുന്നു... വേറെ ഒരു പെണ്ണിനെ മനസ്സിൽ വെച്ചിട്ട് വേറെ ആളെ കല്യാണം ആലോചിച്ചതിൽ... അതാണ് അവിടെ നിക്കാതെ തിരിച്ചു പോന്നത്... തിരിച്ചു വരുന്ന വഴി ആണ് ഇവൾ കാര്യങ്ങൾ ഒക്കെ പറഞ്ഞത്... അതിന്റെ പേരിൽ ഞങ്ങൾ അടി ആയിരുന്നു.. അന്ന് ഞാൻ അവളുടെ ഫോൺ വാങ്ങി എറിഞ്ഞു പൊട്ടിച്ചു..”

“അതൊന്നും സാരമില്ല അളിയാ... പക്ഷെ ഇത്രയും നാൾ ആയിട്ട് നിങ്ങൾ വരാതെ ആയപ്പോൾ ഞാൻ കരുതി എന്നോട് ഉള്ള ദേഷ്യം കൊണ്ട് ആണ് വരാതെ ഇരുന്നതെന്ന് ”

“ആ അതുകൊണ്ട് തന്നെയാ എന്റെ മര്യധക്ക് ഈ വീട്ടീന്ന് പൊക്കോണം ”അവൾ എന്നെ കളിയാക്കി കൊണ്ട് പറഞ്ഞു...

“നീ പൊടി ”

“അത് അളിയാ ഇവളാണ് പറഞ്ഞത്... അളിയനെ ഒന്ന് പരീക്ഷിക്കാമെന്ന് ”

“എന്ത് പരീക്ഷണം ”

“അളിയൻ ഇവളെ കാണാൻ അങ്ങ് വരുമെന്ന് ഇവൾ പറഞ്ഞു... പക്ഷെ അളിയൻ ആണ് ജയിച്ചത് ”

“അത് ഇവിടെ വന്നതിന് ശേഷം ഞാൻ ഹാളിലേക്ക് വന്നതേ ഇപ്പോൾ ആണ്... എപ്പോഴും ആ റൂമിൽ ആണ് ”

“അത് ഇവൾ പറഞ്ഞു..”

“അല്ല ഉമ്മി എന്തെ ”

“നല്ല ഉറക്കത്തിൽ ആണെടാ.... ശല്യം ചെയ്യണ്ട എന്ന് ഞാനും കരുതി ”...

“ഇക്കാ ഇങ്ങ് വന്നേ” എന്ന് പറഞ്ഞു ആഫി എന്റെ കയ്യിൽ പിടിച്ചു ജാസ്മിൻ കിടക്കുന്ന റൂമിലേക്ക് കൊണ്ട് പോയി...

“ഇക്കാ ഞാൻ കാരണം ആണ് ഇവൾക്ക് ഇങ്ങനെ ഒക്കെ വന്നത്.. എങ്ങനെ ഇരിക്കേണ്ട ആൾ ആണ്.. ഈ പാപങ്ങൾ ഒക്കെ ഞാൻ എവിടെ കൊണ്ട് വെക്കും ”

“അവൾക്ക് വിഷമം ഒന്നും കാണില്ല... പാവം ഒരുപാട് അനുഭവിച്ചിട്ടുണ്ട്... ജീവിതത്തിലേക്ക് തിരിച്ചു വന്നിരുന്നേൽ സ്വർഗം കാണിച്ചേനെ ഞാൻ ” അത് പറയുമ്പോൾ എന്റെ കണ്ണ് നിറഞ്ഞു... ആഫി അത് തുടച്ചു...

“ഇക്കാടെ ഈ സ്നേഹം മതി അവൾ തിരിച്ചു ജീവിതത്തിലേക്ക് വരും ”...

2 വർഷങ്ങൾക്ക് ശേഷം...

ഈ രണ്ട് വർഷത്തിനിടക്ക് സംഭവിച്ചത്... ജാസിം ജോലിക്ക് കയറി... ആഫിക്ക് കുഞ്ഞ് ഉണ്ടായി അഫ്ന.. ബസ്സിനസുകൾ പലതും നിർത്തി... ജാസ്മിൻ ചെറിയ അനക്കങ്ങൾ കാണിച്ചു തുടങ്ങി....ഞാൻ പുറത്തേക്ക് ഇറങ്ങാതെ അവളുടെ കൂടെത്തന്നെ ആയി...കുടുംബക്കാർ പോലും ഓരോന്ന് ഒക്കെ പറഞ്ഞു തുടങ്ങി.. എന്റെയും ജാസ്മിന്റെയും ജീവിതം ആ റൂമിനുള്ളിൽ ഒതുങ്ങി... വീട്ടുകാർക്ക് അതിൽ ചെറിയ എതിർപ്പ് ഉണ്ടായിരുന്നു പക്ഷെ എനിക്ക് വിഷമം ആകും എന്ന് കരുതി അവർ പറഞ്ഞില്ല..അങ്ങനെ ഇരിക്കെ ഒരു ദിവസം ഞാൻ കുളിക്കാൻ കയറി...

കുളിച്ചോണ്ട് ഇരുന്നപ്പോൾ “ആാാഹ് ഉമ്മാാാ” എന്നൊരു വിളി കേട്ടു.... ഞാൻ പെട്ടന്ന് ഇറങ്ങി നോക്കുമ്പോൾ കാണുന്നത്... എഴുന്നേറ്റ് തലയിൽ പിടിച്ചു ഇരിക്കുന്ന ജാസ്മിനെ ആണ്.... എനിക്ക് സന്തോഷം കൊണ്ട് എന്തൊക്കെ ചെയ്യണം enn അറിയാതെ ആയി... ഞാൻ ഹാളിലേക്ക് ഓടി...

“ഉമ്മി, വാപ്പി... ഓടി വാ ” ഞാൻ സന്തോഷം കൊണ്ട് അലറി...

അവർ രണ്ടുപേരും അടുത്തേക്ക് വന്ന് എന്ത് പറ്റിയെന്നു തിരക്കി...

“അവൾ, അവൾ ” ശ്വാസം വലിക്കുന്നത് കൊണ്ട് എനിക്ക് പറയാൻ പറ്റാതെ ആയി...

“എന്താടാ എന്ത് പറ്റി ” ഉമ്മി ചോദിച്ചു...

“ഉമ്മി അവൾ എഴുന്നേറ്റ് ഇരുന്നു ഉമ്മി ” എന്ന് പറഞ്ഞു ഞാൻ ഉമ്മിയെ പൊക്കി എടുത്തു കറക്കി....

“സത്യം ആണോടാ നീ ഈ പറയുന്നെ ” വാപ്പി വിശ്വസിക്കാത്ത പോലെ ചോദിച്ചു...

“ ആണ് വാപ്പി അവൾ എഴുന്നേറ്റ് ഇരുന്നു...” ഞാൻ ഉമ്മിയെ താഴെ ഇറക്കി... രണ്ട് പേരും കൂടെ ഓടി റൂമിലേക്ക് പോയി...

ഞാൻ ഫോൺ എടുത്ത് ആഫിയെ വിളിച്ചു...

“ആഫി നീ എത്രയും പെട്ടന്ന് വീട്ടിൽ എത്തണം അത്യാവശ്യം ആണ് ” അവൾ തിരിച്ചു ഒന്നും പറയാൻ സമ്മതിക്കാതെ ഞാൻ കട്ട് ആക്കി...

ഞാൻ ജാസിമിനെ വിളിച്ചു...

“എടാ നമ്മുടെ ദുആ പടച്ചവൻ കേട്ടെടാ..” ഞാൻ പറഞ്ഞു...

“എന്താ ഇക്കാ എന്താ പറയുന്നേ ”

“എടാ നിന്റെ ഇത്ത എഴുന്നേറ്റട... നീ വേഗം വാ ”

“ദാ എത്തി ഇക്കാ ” എന്ന് പറഞ്ഞു അവൻ ചിരിക്കുന്നത് കേട്ടു... എല്ലാർക്കും സന്തോഷം... കുറച്ചു കഴിഞ്ഞപ്പോൾ പുറത്ത് ഒരു കാർ വന്ന് നിന്നത് അറിഞ്ഞു... ആഫി ആയിരുന്നു അവൾ പേടിച്ചു ആണ് അകത്തേക്ക് വന്നത്...

“എന്താ എന്ത് പറ്റി ”അവൾ ചോദിച്ചു... ഫൈസലും അഫ്നയും ഉണ്ടായിരുന്നു...

“വാ കാണിച്ച തരാം ” എന്ന് പറഞ്ഞു അവളേം പിടിച്ചു വലിച്ചുകൊണ്ട് റൂമിലേക്ക് പോയി...

ഞങ്ങൾ ചെല്ലുമ്പോൾ കാണുന്നത് ഉമ്മിടെ ദേഹത്തേക്ക് ചാരി കിടന്ന് കരയുന്ന ജാസ്മിനെ ആണ്... ആഫി അത് കണ്ടിട്ട് എന്നെ നോക്കി ചിരിച്ചു കൊണ്ട് കെട്ടിപിടിച്ചു...

“ഇത് വിളിച്ചപ്പോൾ പറഞ്ഞിരുന്നേൽ ഇത്രയും ടെൻഷൻ ആകേണ്ട കാര്യം ഇല്ലായിരുന്നു ” അവൾ എന്നെ കെട്ടിപിടിച്ചുകൊണ്ട് പറഞ്ഞു... എന്നിട്ട് വിട്ട് മാറി ജാസ്മിന്റെ അടുത്തേക്ക് പോയി...

“ഉമ്മി ഒന്ന് വരുമോ ” ഞാൻ ഉമ്മിയെ വിളിച്ചു...

“ഉമ്മി ഞാൻ പുറത്തേക്ക് പോകുവാ ഇന്ന് ഒരു പാർട്ടി ആയിക്കോട്ടെ... പിന്നെ എനിക്ക് അവളെ ഇഷ്ടമാണെന്ന് അവളോട് പറയണ്ട.. കല്യാണം കഴിഞ്ഞില്ല എന്ന് മാത്രം പറഞ്ഞാൽ മതി ”ഞാൻ ഉമ്മിയോട് പറഞ്ഞു... ഉമ്മി തല ആട്ടി... ഞാൻ വേഗം ഡ്രസ്സ് ഒക്കെ ചേഞ്ച് ആക്കി.. പുറത്തേക്ക് ഇറങ്ങി ഫൈസൽ അവിടെ ഇരിപ്പുണ്ടായിരുന്നു...

“അളിയാ ഞാൻ ഒന്ന് പുറത്ത് പോയിട്ട് വരാം ” എന്ന് പറഞ്ഞു പുറത്തേക്ക് ഇറങ്ങി... ബൈക്ക് എടുത്തു... ബാലൻസ് ശെരിയാകാണില്ല... കുറച്ച് ഓടിച്ചപ്പോൾ ശെരിയായി...

ഞാൻ നേരെ ടൗണിൽ ചെന്നു ഫസ്റ്റ് ജുവലറിയിൽ കയറി... അവൾക്ക് ഒരു സർപ്രൈസ് ഗിഫ്റ്റ് വാങ്ങി... എന്നിട്ട് കേക്കും വാക്കി സാധനങ്ങളും വാങ്ങി വീട്ടിൽ എത്തി... അപ്പോൾ ഹാളിൽ എല്ലാരും കൂട്ടം കൂടി ഇരുന്നു സംസാരിക്കുകയാണ്... ജാസ്മിൻ എന്നെ ഒന്ന് നോക്കി... അവളുടെ കണ്ണുകളിൽ ഏതോ വശ്യത പോലെ... പക്ഷെ അവളുടെ കണ്ണുകളിലേക്ക് നോക്കാൻ എനിക്ക് ഏതോ പേടി പോലെ... ഞാൻ സാധനങ്ങൾ ഒക്കെ കൊണ്ട് വെച്ചിട്ട് അവരുടെ കൂടെ വന്ന് ഇരുന്നു...

“എന്നാ നമുക്ക് കേക്ക് മുറിച്ചാലോ ” അവർ എന്തൊക്കെയോ സംസാരിച്ചുകൊണ്ട് ഇരുന്നപ്പോൾ ഞാൻ പറഞ്ഞു...

“കേക്കോ.. അതിന് ഇന്ന് എന്താ ” ആഫി സംശയത്തോടെ ചോദിച്ചു..

“ഇന്ന് ഒരു സന്തോഷം ദിവസം ആണ് അതുകൊണ്ട് ആണ് ” ഞാൻ പറഞ്ഞു...

“എന്നാ വാ മുറിച്ചേക്കാം, അല്ല ആരാ മുറിക്കുന്നെ ” ആഫി എന്നെ കുടുക്കുവാണെന്ന് എനിക്ക് മനസ്സിലായി

”അത് ചോദിക്കാൻ ഉണ്ടോ.. ജാസ്മി തന്നെ മുറിക്കട്ടെ ” അതിന് ഉത്തരം പറഞ്ഞത് ഉമ്മി ആയിരുന്നു... ഞാൻ നന്ദി സൂചകമായി ഉമ്മിയെ നോക്കി.. ഉമ്മി എന്നെ നോക്കി ഒന്ന് ചിരിച്ചു കാണിച്ചു...

അതിനു ശേഷം എല്ലാരും ഡെയിനിങ് ടേബിളിന് ചുറ്റും നിന്നു... ഉമ്മി കേക്ക് എടുക്കാൻ ആ കിച്ചണിലേക്ക് പോയി... പുറകെ ഞാനും പോയി...

“ഉമ്മി ഞാൻ അവളോട് ചോദിക്കാൻ പോകുവാണ് ”ഞാൻ പേടിയോടെ പറഞ്ഞു...

“നീ പേടിക്കാതെ ഇരിക്ക് അവൾക്ക് നിന്നെ ഇഷ്ടം ആയിരിക്കും ” എന്റെ പേടി കണ്ട് ഉമ്മി പറഞ്ഞു...

അങ്ങനെ ഞങ്ങൾ കേക്ക് എടുത്ത് ടേബിളിന് അടുത്ത് എത്തി... കേക്ക് എടുത്തു വെച്ചു... ഉമ്മി അവളോട് മുറിക്കാൻ പറഞ്ഞു... അവൾ ചുറ്റും ഒന്ന്

നോക്കി എന്റെ അടുത്ത് എത്തിയതും നോട്ടം സ്റ്റിക്ക് ആയി... അവൾ പെട്ടന്ന് നോട്ടം മാറ്റി... എന്നിട്ട് കേക്ക് മുറിച്ചു ഒരു പിസ് എടുത്ത് ജാസിമിന് കൊടുത്തു.. അവൻ തിരിച്ചും കൊടുത്തു... അങ്ങനെ എല്ലാവർക്കും കൊടുത്തു എല്ലാരും കേക്ക് കഴിച്ചു തിരിച്ചു പോയി... ജാസ്മിൻ അവസാനമാണ് പോവാൻ തുടങ്ങിയത്... ഞാൻ പെട്ടന്ന് അവളുടെ കയ്യിൽ പിടിച്ചു... അവൾ എന്നെ ഒന്ന് നോക്കി... ഞാൻ പോക്കറ്റിൽ നിന്ന് ആ ഗിഫ്റ്റ് എടുത്തു... ബോക്സ് ഓപ്പൺ ആക്കി...അതിൽ ഉണ്ടായിരുന്ന മോതിരം കയ്യിൽ എടുത്തു..

“will you marry me” ഞാൻ അവളോട് ചോദിച്ചു.. Yes പറയണം എന്ന് എനിക്ക് നിർബന്ധം ഉണ്ടായിരുന്നു... ഞാൻ അത് വല്ലാതെ ആഗ്രഹിച്ചു പോയിരുന്നു...

“സോറി, എനിക്ക് നിങ്ങളെ സ്വീകരിക്കാൻ പറ്റില്ല ” അവൾ പറഞ്ഞു...

“സോറി, എനിക്ക് നിങ്ങളെ സ്വീകരിക്കാൻ പറ്റില്ല ” അവൾ പറഞ്ഞു.. ഗിഫ്റ്റിൽ നോക്കി നിന്ന ഞാൻ അത് കേട്ട് അവളെ നോക്കി.. അപ്പോഴാണ് ഞാൻ കാണുന്നത് എല്ലാരും ഞങ്ങളെ തന്നെ ശ്രദ്ധിക്കുകയായിരുന്നു...

ഞാൻ അവർക്ക് എതിരായി തിരിഞ്ഞു... ഞാൻ വീണ്ടും തോറ്റിരിക്കുന്നു... എന്തിനാണ് ഇനിയും ഇങ്ങനെ ജീവിക്കുന്നത് എന്നൊക്കെ ആലോചിച്ചു മുൻപോട്ട് നടന്നതും ഒരു കൈ എന്റെ കയ്യിൽ പിടിച്ചു... ഞാൻ തിരിഞ്ഞതും ഒരു പൊട്ടിച്ചിരി ആയിരുന്നു.... ഞാൻ ഒഴികെ വാക്കി ഉള്ളവർ എല്ലാം ചിരിക്കുകയാണ്...ഞാൻ എല്ലാരേയും മാറി മാറി നോക്കി... അപ്പോൾ ഒരു കൈ എനിക്ക് മുന്നിലേക്ക് നീണ്ടു വന്നു.. അത് ജാസ്മിന്റെ കൈ ആയിരുന്നു... ഞാൻ അതൊന്നും ശ്രദ്ധിക്കാതെ നിന്നു...

“എന്നെ ഇത്രയും ഒക്കെ വിഷമിപ്പിച്ചിട്ട് ഞാൻ ഇത്രയെങ്കിലും തന്നിലേൽ പിന്നെ എനിക്ക് അത് ഒരു വിഷമം ആകും അതുകൊണ്ട് ആണ് ” അവൾ ഒരു ചിരി ചിരിച്ചുകൊണ്ട് പറഞ്ഞപ്പോഴാണ് എനിക്ക് മനസിലായത്... എന്നെ പറ്റിക്കാൻ വേണ്ടി ചെയ്തതാണെന്ന്... ഞാൻ എവിടുന്നോ വന്ന സന്തോഷത്തിൽ അവളെ കെട്ടിപിടിച്ചു...

“ടാ ചെറുക്കാ..” എന്നുള്ള ഉമ്മിടെ വിളി കെട്ടാണ് ഞാൻ പിടി വിട്ടത്.. അപ്പോഴാണ് ഞങ്ങൾ എവിടെ ആണെന്നും ആരൊക്കെ ഞങ്ങളെ ശ്രെദ്ധിക്കുന്നുണ്ട്ണെന്നും ഞാൻ ഓർത്തത്... പിടി വിട്ട് കഴിഞ്ഞപ്പോൾ നാണിച്ചു ജാസ്മിൻ എന്റെ പുറകെ ഒളിച്ചു... ഞാനും നാണിച്ചു തല താഴ്ത്തി...

“ആ മതി മതി... രണ്ടും അവിടെ പോയി ഇരുന്നേ എനിക്ക് കുറച്ച് പറയാൻ ഉണ്ട് ”ഉമ്മി പറഞ്ഞു... ഞങ്ങൾ രണ്ടുപേരും സോഫയിൽ അകന്ന് ഇരുന്നു... ഉമ്മി എന്താ പറയാൻ പോകുന്നതെന്ന് എല്ലാവരും ശ്രെദ്ധയോടെ നോക്കി...

“മോളെ അന്ന് നീ ഇഷ്ടമാണെന്ന് ഒരു വാക്ക് പറഞ്ഞിരുന്നേൽ ഇങ്ങനെ എന്തേലും സംഭവിക്കുമായിരുന്നോ? നീ ഞങ്ങൾക്ക് ഇഷ്ടമാകില്ല എന്ന് കരുതി ആയിരിക്കും പറയാതെ ഇരുന്നത്.. നീ നല്ല മനസ് ഉള്ളവൾ അല്ലെ നിന്നെ ഞങ്ങൾ എങ്ങനെ വേണ്ടന്ന് വെക്കും ” ഉമ്മി അവളോട് ചോദിച്ചു..

“പിന്നെ നീ, ഇനി ഇവളുടെ പേരും പറഞ്ഞു വീട്ടിൽ കേറി ഇരിക്കാൻ വല്ല പ്ലാനും ഉണ്ടെങ്കിൽ കാണിച്ചു തരാം നിന്നെ ” ഉമ്മി എന്റെ നേരെ കൈ ചൂണ്ടി പറഞ്ഞു...

“അവൻ ഇനി പഴയത് പോലെ ആകും... അധികം താമസിപ്പിക്കാതെ രണ്ടിനെയും പിടിച്ചങ് കെട്ടിക്കണം ” വാപ്പി പറഞ്ഞു... ഞാൻ അപ്പോൾ ജാസ്മിനെ ഒന്ന് നോക്കി അവളുടെ മുഖം ചുവന്ന തുടുത്തു...

“അതെ ഞങ്ങൾക്ക് പോകണം കഴിച്ചിട്ട് ഇറങ്ങാൻ ആണ് ” ആഫി പറഞ്ഞു...

കുറെ നാളുകൾക്ക് ശേഷം ഞങ്ങൾ എല്ലാരും സന്തോഷമായി ഭക്ഷണം കഴിച്ചു... ജാസ്മിക്ക് നല്ല ക്ഷീണം ഉള്ളത്കൊണ്ട് അവൾ ഉറങ്ങാൻ ആയി പോയി... ആഫിയും ഫൈസലും തിരിച്ചു പോയി... എല്ലാരും ഉറങ്ങാനായി പോയി... ഞാനും ജാസ്മിനും ഒരു റൂമിൽ ആയിരുന്നല്ലോ കിടന്നിരുന്നത് അതുകൊണ്ട് ഞാൻ ശ്രെദ്ധിക്കാതെ ആ റൂമിലേക്ക് തന്നെ പോയി ഡോർ തുറന്ന് ഞാൻ അകത്തു കയറി... ജാസ്മിൻ അവിടെ കണ്ണ് തുറന്ന് കിടക്കുകയായിരുന്നു... ഞാൻ അകത്തു കയറിയത് കണ്ട് അവൾ പെട്ടന്ന് എഴുനേറ്റ് ഇരുന്നു... അവൾ എന്താ എന്ന് കണ്ണുകൊണ്ട് ചോദിച്ചു...

“ഞാൻ ഇവിടെ ആയിരുന്നു കിടന്നിരുന്നത്. അതുകൊണ്ട് ശ്രെദ്ധിക്കാതെ വന്നെയാ ” ഞാൻ പറഞ്ഞു.. അവൾ ഒന്നും പറയാതെ അവിടെ ഇരുന്നു...

“എന്നോട് ഇപ്പോഴും ദേഷ്യം ആണോ?” ഞാൻ അവളോട് ചോദിച്ചു...

“ദേഷ്യം ഉണ്ടായിരുന്നു.. എന്നും കൂടെ ഉണ്ടാകും എന്ന് പറഞ്ഞിട്ട് മറ്റൊരാളെ വിവാഹം കഴിക്കാൻ പോയപ്പോൾ എനിക്ക് ദേഷ്യം ഉണ്ടായിരുന്നു... പക്ഷെ ഇത്രയും നാൾ വേറെ ഒരു കാര്യവും നോക്കാതെ എന്റെ കൂടെ ഈ റൂമിൽ കഴിഞ്ഞുകൂടിയതും... അവർ എല്ലാവരും നിർബന്തിച്ചപ്പോൾ ആണ് കല്യാണത്തിന് സമ്മതിച്ചതെന്നും അറിഞ്ഞപ്പോൾ ഉള്ള ദേഷ്യം എല്ലാം മാറി..” അവൾ പറഞ്ഞു...

“നീ എന്തിനാ ആദ്യം ഇഷ്ടമല്ല എന്ന് പറഞ്ഞത്... എനിക്ക് വല്ലാതെ വിഷമമായി ” ഞാൻ തല വീട്ടിതെറ്റിച്ചുകൊണ്ട് പറഞ്ഞു...

“അത് നിങ്ങളുടെ പുന്നാര പെങ്ങളുടെ പണി ആണ്... ഇക്കയെ പറ്റിക്കാൻ എന്നെകൊണ്ട് പറയിപ്പിച്ചതാണ് ” അവൾ വാ പൊത്തി ചിരിച്ചുകൊണ്ട് പറഞ്ഞു...

ഞാൻ മനസ്സിൽ അവളെ ചീത്ത വിളിച്ചു...

“അതെ എന്താ ആലോചിക്കുന്നേ ” അവൾ ചോദിച്ചു...

“ഒന്നുല്ല ”

“ഞാൻ ഒരു കാര്യം പറയട്ടെ ”

“എന്താ പറ ”

“പണ്ട് മുതലേ ഉള്ള ഒരു ആഗ്രഹം ആണ് ബൈക്കിൽ നൈറ്റ്റൈഡ് പോകണം എന്നുള്ളത് എന്നെ ഒന്ന് കൊണ്ട് പോകുമോ ”അവൾ ചോദിച്ചു...

“ഇത്രേ ഉള്ളോ... പെട്ടന്ന് റെഡി ആക് നമുക്ക് പോകാം ” ഞാൻ ഡ്രസ്സ് ഒക്കെ ചേഞ്ച് ചെയ്ത് ഇറങ്ങി... അവളെ ഇനി ഒരു കാര്യത്തിലും വിഷമിപ്പിക്കരുത് എന്ന് എനിക്ക് ഉണ്ടായിരുന്നു.. അവളുടെ ആഗ്രഹങ്ങൾ എല്ലാം സാധിച്ചു കൊടുക്കണം എന്നും ഉണ്ടായിരുന്നു... ഞാൻ ഡ്രസ്സ് ചെയ്ത് ഇറങ്ങിയപ്പോൾ അവളും ഇറങ്ങി... വർഷങ്ങൾക്ക് ശേഷം അവളെ അങ്ങനെ കണ്ടപ്പോൾ എനിക്ക് വല്ലാത്ത സന്തോഷം തോന്നി...

“പോകാം ” ഞാൻ അവളോട് ചോദിച്ചു... അവൾ മറുപടി പറയാതെ ചിരിച്ചുകൊണ്ട് തല ആട്ടി കാണിച്ചു...

ഞാൻ ആരും അറിയത്തെ പോകാനായി പതിയെ ഇറങ്ങി അവളും എന്റെ പിറകെ ഇറങ്ങി... പക്ഷെ ഞങ്ങളുടെ പ്രേധിക്ഷകൾ എല്ലാം തെറ്റിച്ചുകൊണ്ട് ഹാളിൽ ലൈറ്റ് കിടക്കുന്നു... ഞാൻ മുകളിലേക്ക് ഓടാൻ തുടങ്ങിയതും അവർ എന്നെ കണ്ടു...

"ഇങ്ങ് വാടാ " ഞാൻ അവരുടെ അടുത്തേക്ക് പോയി...

"എങ്ങോട്ടാ രണ്ടുപേരും കൂടെ രാത്രിയിൽ " ഒളിച്ചു നിന്ന ജാസ്മിനെയും അവർ കണ്ടു...

"വാപ്പി അത്, അവൾക്ക്, നൈറ്റ് റൈഡ് പോകണമെന്ന്, അവളുടെ ആഗ്രഹം ആണെന്ന് അപ്പോൾ ഞങ്ങൾ അങ്ങോട്ട് " ഞാൻ വിക്കി വിക്കി ചോദിച്ചു...

"കല്യാണം കഴിഞ്ഞിട്ട് പോരെ?" വാപ്പി ചോദിച്ചു...

"നിങ്ങൾ മിണ്ടാതെ ഇരിക്ക് മനുഷ്യ.. നിങ്ങൾ പോയിട്ട് വാ മക്കളെ... പണ്ട് എനിക്ക് ഉണ്ടായിരുന്നു രാത്രി ഇങ്ങേരുടെ കൂടെ ഒക്കെ പുറത്ത് പോകണമെന്ന്... കല്യാണത്തിന് ശേഷം ഇങ്ങേരെ ഒന്ന് നേരെ കാണാൻ പോലും കിട്ടിയിട്ടില്ല " ഉമ്മിയുടെ സമ്മതം കിട്ടിയതും ഒളിച്ചു നിന്ന ജാസ്മിൻ ഓടി എന്റെ അടുത്തേക്ക് വന്നു...

"കണ്ടോ എന്റെ മക്കളുടെ മുഖത്ത് ആ സന്തോഷം, അത് കണ്ടിട്ട് എത്ര നാൾ ആയി.. നിങ്ങൾ പൊക്കോ, അധികം താമസിക്കരുത് കേട്ടല്ലോ " ഉമ്മി താക്കിത് തന്നെ ഞങ്ങളെ പറഞ്ഞയച്ചു... ഞാൻ വണ്ടി എടുത്തു അവൾ പിറകിൽ

കയറി... അവൾ എന്നെ കെട്ടിപിടിച്ചു എന്റെ ദേഹത്ത് ചേർന്ന് ഇരുന്നു... ഞങ്ങൾ കുറേ ദൂരം വണ്ടി ഓടിച്ചു... സംസാരം ഇല്ലായിരുന്നു... വിജനമായ ഒരു റോഡ് സൈഡിൽ ഞാൻ വണ്ടി നിർത്തി... അത് ഒരു പാലം ആയിരുന്നു... ഞാനും അവളും ഇറങ്ങി... ഞാൻ അവളുടെ കയ്യിൽ പിടിച്ചു എന്നോട് ചേർത്ത നിർത്തി സൈഡിൽ ആയി ഇരുന്നു... അവൾ തല എന്റെ നെഞ്ചിൽ വെച്ചു...

“പണ്ട് ഞാൻ ഒരുപാട് ആഗ്രഹിച്ചിരുന്നു ഇങ്ങനെ ഈ നെഞ്ചിൽ കിടക്കാനായി... പക്ഷെ അന്ന് അതിനു സാധിച്ചില്ല... നിങ്ങൾ വേറെ കല്യാണം കഴിക്കാൻ പോകുന്നു എന്ന് അറിഞ്ഞപ്പോൾ ജീവിതം അവസാനിപ്പിക്കാൻ ആണ് ആദ്യം തോന്നിയത് പിന്നെ ജാസ്മിന് ആരും ഇണ്ടാകില്ലല്ലോ എന്ന് ഓർത്തപ്പോൾ വേണ്ടന്ന് വെച്ചു... പിന്നെ അവന്റെ പൊട്ട ബുദ്ധിയിൽ തോന്നിയതാണ് ഇങ്ങനെ ഒക്കെ ആയത് ” അവൾ എന്റെ നെഞ്ചിൽ മുഖം അമർത്തി പറഞ്ഞു...

“നീ കൂടുതൽ ഒന്നും ഇപ്പൊ ചിന്തിക്കേണ്ട... ഇനിമുതൽ ഈ ഭാഗം നിനക്ക് മാത്രം അവകാശപ്പെട്ടതാണ് ”ഞാൻ അവളെ ചേർത്ത് പിടിച്ചുകൊണ്ടു പറഞ്ഞു

അവൾ എന്റെ മുഖത്ത് തന്നെ നോക്കി ഇരുന്നു...

“എന്താ ഇങ്ങനെ നോക്കുന്നെ ” ഞാൻ അവളോട് ചോദിച്ചു...

അവൾ ഒന്നുമില്ല എന്നാ രീതിയിൽ തോൾ അനക്കി... ഞാൻ മുഖം അവളുടെ മുഖത്തോട്ട് അടുപ്പിച്ചു അവളും അവളുടെ മുഖം എന്നിലേക്ക് അടുപ്പിച്ചു... ഞാൻ മുഖം അവളുടെ ചുണ്ടിലേക്ക് എത്തിച്ചതും അവൾ കൈ എടുത്ത് ചുണ്ട് മറച്ചു

.. എന്റെ മുഖം ചെന്ന് അവളുടെ കയ്യിൽ മുത്തമിട്ടു....

“ശേ നീ എന്ത് പണിയാണ് ഈ കാണിച്ചത്... നല്ല ഫീൽ ആയിരുന്നു ” ഞാൻ ചെറിയ പരിഭവത്തോടെ പറഞ്ഞു...

“ഇത്രയും ഫീൽ ഒക്കെ മതി.. ഇതൊക്കെ കല്യാണത്തിന് ശേഷം മതി.. അല്ല ഇനി വേറെ ആരെയെങ്കിലും കിട്ടിയിട്ടില്ല എന്നെ വേണ്ടന്ന് വെച്ചാൽ ഞാൻ എന്ത് ചെയ്യും ” അവൾ ചിരിച്ചുകൊണ്ട് എന്നോട് ചോദിച്ചു.. പക്ഷെ എനിക്ക് അത് ഫീൽ ആയി ഞാൻ അവളെ വിട്ട് നീങ്ങി എതിർ വശത്തേക്ക് നോക്കി ഇരുന്നു... ഞാൻ പിണങ്ങി എന്ന് മനസിലാക്കി അവൾ എന്റെ അടുത്തേക്ക് ചേർന്ന് ഇരുന്നു...

“ഞാൻ വെറുതെ പറഞ്ഞതല്ലേ മുത്തേ... ഇങ്ങനെ അയാൽ..എങ്ങനെ ആണ്... ഇങ്ങോട്ട് നോക്കിയേ ” അവൾ ശക്തമായി എന്റെ മുഖം അവളെ നോക്കുന്ന രീതിയിൽ തിരിച്ചു... പക്ഷെ ഞാൻ അവളുടെ കൈ തട്ടി മാറ്റി...

“അത്രക്ക് ജാഡ ആണോ എന്നാ മിണ്ടണ്ട, ഒരു ഉമ്മ തരാം എന്ന് കരുതിയതാ ” അവൾ പറഞ്ഞിട്ട് മുഖം തിരിച്ചു...

“ഞാൻ വെറുതെ ഇരുന്നായ... താ ഇവിടെ തന്നാൽ മതി ” ഞാൻ ചുണ്ട് തൊട്ട് കാണിച്ചുകൊണ്ട് പറഞ്ഞു...

“അയ്യടാ ഇപ്പൊ തരാം... വാ എഴുനേറ്റെ സമയം ഒരുപാട് ആയി... വീട്ടിൽ പോകാം ” അവൾ എഴുനേറ്റ് എന്റെ കയ്യിൽ പിടിച്ചു വലിച്ചുകൊണ്ട് പറഞ്ഞു...

“ഒരണ്ണം മതി പ്ലീസ് പ്ലീസ്, ഒരണ്ണം ” ഞാൻ അവളോട് കെഞ്ചി...

“ഒരെണ്ണമേ തരു വേറെ ചോദിക്കരുത് ” അവൾ പറഞ്ഞു..

“ആഹ് മതി മതി ” അവൾ തരുമെന്ന ആകാംഷ ആയി ഞാൻ കണ്ണ് അടച്ചു ചുണ്ട് അവളോട് ചേർത്തു... അവൾ എന്റെ മുഖം പിടിച്ചു തിരിച്ചിട്ട് കവിളിൽ

ചുണ്ടുകൾ ചേർത്ത് ഉമ്മ വെച്ചു... കവിളിൽ ആണ് കിട്ടിയതെന്ന് അറിഞ്ഞ ഞാൻ കണ്ണ് തുറന്നു നോക്കുമ്പോൾ എന്നെ പറ്റിച്ചു എന്നാ രീതിയിൽ ഉള്ള ചിരി ആയിരുന്നു അവളുടെ മുഖത്ത്...

“ഒരണ്ണം തരാൻ പറഞ്ഞു.. തന്നു ഇനി വാ വണ്ടി എടുക്ക് ” അവൾ പറഞ്ഞു...

“ഞാൻ ചുണ്ടിൽ അല്ലെ തരാൻ പറഞ്ഞെ.. നീ എന്തിനാ കവിളിൽ തന്നത് ” ഞാൻ ചോദിച്ചു...

“എന്നോട് ചുണ്ടിൽ തരാൻ ഒന്നും പറഞ്ഞില്ല... ഒരണ്ണം തരാനെ പറഞ്ഞുള്ളു.. അത് ഞാൻ തന്നു ” അവൾ ചിരിച്ചുകൊണ്ട് പറഞ്ഞു...

“അങ്ങനെ ആണോ... എന്നാ ഒന്നിങ്കിൽ നീ വണ്ടി എടുത്തോ അല്ലെങ്കിൽ എനിക്ക് ഇവിടെ ഒരണ്ണം താ ” ഞാൻ ചുണ്ടുകൾ തൊട്ട് കാണിച്ചുകൊണ്ട് പറഞ്ഞു...

“വണ്ടി എനിക്ക് ഓടിക്കാൻ അറിയില്ലല്ലോ ” അവൾ കൈ മലത്തി കാണിച്ചുകൊണ്ട് പറഞ്ഞു

“എങ്കിൽ ഒരണ്ണം താ... ഇല്ലെങ്കിൽ നമുക്ക് ഇവിടെ ഇരിക്കാം ”ഞാൻ പറഞ്ഞിട്ട് അവിടെ തന്നെ ഇരുന്നു...

“അങ്ങനെ പറയല്ലേ പ്ലീസ്.. വാ നമുക്ക് പോകാം... എനിക്ക് തണുക്കുന്നു ” അവൾ കൈ രണ്ടും നെഞ്ചിനോട് ചേർത്ത വെച്ച് ഷാൾ കൊണ്ട് ദേഹം മറച്ചുകൊണ്ട് പറഞ്ഞു...

ഞാൻ മറുപടി ഒന്നും പറയാതെ വിദൂരതയിലേക്ക് നോക്കി ഇരുന്നു..

“ഒരണ്ണം തന്നാൽ പിന്നെ ചോദിക്കരുത് ” ഞാൻ കേക്കാൻ ആഗ്രഹിച്ചത് അവൾ പറഞ്ഞു... ആ സന്തോഷത്തിൽ ഞാൻ അവളെ നോക്കി... അവൾ എന്നെ നോക്കി ചിരിക്കുകയായിരുന്നു... ഞാൻ കൈ നീട്ടി അവളെ എന്റെ അടുത്തേക്ക് ക്ഷെണിച്ചു... അവൾ ഓടി വന്ന് എന്റെ അടുത്ത് ഇരുന്നു... ഞാൻ അവളുടെ കണ്ണുകളിലേക്ക് നോക്കി...കമ്പിസ്റ്റോറീസ്.കോം രണ്ട് കണ്ണുകളിലേക്കും തിളക്കം ഞാൻ കണ്ടു... ഞാൻ കൈകളിൽ അവളുടെ മുഖം കോരി എടുത്തു... അവൾ കണ്ണുകൾ അടച്ചു... ഞാൻ പതിയെ എന്റെ മുഖം അവളുടെ അടുത്തേക്ക് അടുപ്പിച്ചു... പതിയെ അവളുടെ ചുവന്ന അദരങ്ങളിൽ ചന്ദ്രനെ സാക്ഷിയാക്കി തഴുകി പോകുന്ന കാറ്റിനെ സാക്ഷിയാക്കി ആദ്യ ചുംബനം കൊടുത്തു... ഷോക്ക് അടിച്ചത് പോലെ അവൾ കണ്ണ് തുറന്ന് ബാക്കിലേക്ക് വീഴാൻ പൊയി... ഞാൻ അവളുടെ കയ്യിൽ പിടിച്ചു അവളെ എന്റെ അടുത്തേക്ക് അടുപ്പിച്ചു... എനിക്ക് എന്തോ പ്രതേക ഫീൽ ആയിരുന്നു...

“പോകാം ” എന്റെ നെഞ്ചിൽ കിടന്ന് കൊണ്ട് അവൾ ചോദിച്ചു...

“നീ എടുത്തോ വണ്ടി ” വണ്ടിയുടെ അടുത്ത് എത്തിയപ്പോൾ ഞങ്ങൾ അവളോട് പറഞ്ഞു..അവൾ ഒഴിയാൻ നോക്കിയെങ്കിലും സമ്മതിക്കാതെ അവളെ ഞാൻ

വണ്ടിയിലേക്ക് പിടിച്ചിരുത്തി... ഞാൻ അവളുടെ പിറകിൽ അവളോട് ചേർന്ന് ഇരുന്നു... അവളുടെ ഇടുപ്പിയുടെ കൈ എത്തിച്ചു ഹാൻഡിലിൽ പിടിച്ചു... അവൾ സെൽഫ് അടിച്ചു വണ്ടി ഫസ്റ്റ് ഇട്ട് ഗിയർ പെട്ടന്ന് വിട്ടതും വണ്ടി ഇടിച്ചു നിന്നു... ഞാനും അവളും ഒരുമിച്ചു ഫ്രണ്ടിലേക്ക് പോയി... അവൾ ചെന്ന് പെട്രോൾ ടാങ്കിൽ ഇടിച്ചു.. ഞാൻ അവളുടെ ദേഹത്തും ഇടിച്ചു...

“അതെ ഈ ഫസ്റ്റ് ഒന്ന് ഇട്ട് തരാമോ വാക്കി എനിക്ക് അറിയാം ” അവൾ പറഞ്ഞു അവൾ കാൽ പൊക്കി മാറ്റി തന്നു.. ഞാൻ ക്ലെച്ച പിടിച്ചു ഗിയർ അടിച്ചു പതിയെ ക്ലെച്ച് വിട്ടു... അവൾ ആദ്യമേ പതുക്കെ ഓടിച്ചു.. അപ്പോൾ ഞാൻ കരുതി പേടി ആകുമെന്ന്.. കുറച്ചു ദൂരം പോയപ്പോൾ അവൾ അവളുടെ തനി സ്വഭാവം പുറത്തെടുത്തു... വണ്ടി അവൾ മെൻറോഡിലൂടെ പറപ്പിക്കുകയായിരുന്നു... ഓടിക്കുന്നവർക്ക് പേടി കാണില്ല... ഓടിക്കുന്നത് എത്ര നല്ല ഡ്രൈവർ ആണെങ്കിലും പുറകിൽ ഇരിക്കുന്നവർ പേടിക്കും അത് പോലെ ഞാനും പേടിച്ചു... ഞാൻ അവളെ ഇറുക്കി കെട്ടിപിടിച്ചു ഇരുന്നു... എക്സ്പേർടിനെ പോലെ ആയിരുന്നു അവളുടെ ഡ്രൈവിംഗ്... കുറച്ച് ദൂരം പോയപ്പോൾ വണ്ടികൾ ഉള്ള റോഡ് എത്തി എന്നിട്ടും അവൾ ആ സ്പീഡിൽ തന്നെ ആണ് വണ്ടി ഓടിച്ചത്... ഫ്രണ്ടിൽ ഒരു കാർ ഉണ്ട് ഇവൾ അതിനെ ഓവർടെക് ചെയ്യാൻ തുടങ്ങിയതും എതിരെ ഒരു കാർ വന്നു ഇവൾ അത് നോക്കാതെ വണ്ടി ആ രണ്ട് വണ്ടിയുടെയും ഇടയിലൂടെ ബൈക്ക് കൊണ്ട് പോയി... ഇത് കണ്ട് പേടിച്ചു അവളെ ഞാൻ കണ്ണടച്ചു കെട്ടിപിടിച്ചു ഇരുന്നു... പിന്നീട് ഉള്ളത് ഒന്നും കാണാൻ എനിക്ക് ധൈര്യം ഇല്ലായിരുന്നു...

എവിടെയോ വണ്ടി നിർത്തിയപ്പോൾ ആണ് ഞാൻ കണ്ണ് തുറന്നത്..വീട്ടിൽ എത്തിയിരുന്നു

“എന്താ പേടിച്ചോ ” അവൾ എന്നെ നോക്കി ചിരിച്ചുകൊണ്ട് ചോദിച്ചു...ഞാൻ അവളെ അടിക്കാനായി കൈ ഓങ്ങി... എന്നിട്ട് അവളെ ചേർത്ത് എന്റെ അടുത്ത് നിർത്തി...

“എന്ത് വരക്കമൊടി വന്നേ... പേടിച്ചു ചത്തേനെ ഞാൻ.. നീ ഓടിക്കാൻ അറിയില്ല എന്ന് പറഞ്ഞിട്ട് ”

“ഓടിക്കാൻ ഒക്കെ അറിയാമായിരുന്നു വാപ്പി പഠിപ്പിച്ചിട്ടുണ്ട്... കാർ ഡ്രൈവിങ്ങും അറിയാം.. പിന്നെ ആദ്യം പറഞ്ഞാൽ ആ സസ്പെൻസ് പോകില്ലേ അത്കൊണ്ട് ആണ് ” അവൾ പല്ല് കാട്ടി ചിരിച്ചുകൊണ്ട് പറഞ്ഞു ...

“നിന്റെ ഒരു സസ്പെൻസ് മനുഷ്യൻ ഇപ്പൊ ചത്തേനെ ” അപ്പോൾ ഡോർ തുറക്കുന്ന ശബ്ദം കേട്ടു ഞാൻ പെട്ടന്ന് അവളെ പിടി വിട്ടു... ഉമ്മി ആയിരുന്നു ഡോർ തുറന്നത്... ഉറക്കത്തിൽ നിന്ന് എഴുനേറ്റ് വന്നതാണ്... ഉമ്മി അങ്ങനെ ആണ് ചെറിയ ശബ്ദം കേട്ടാലും ഉണരും...ഞാനും അവളും ഉമ്മിയുടെ അടുത്ത് ചെന്ന് അകത്തേക്ക് നോക്കി... അവിടെ ഒരു ക്ലോക്ക് ഉണ്ടായിരുന്നു...2 മണി...

“ഉമ്മി എന്തിനാ എഴുനേറ്റെ എന്റ സ്പൈർ കീ ഉണ്ടായിരുന്നല്ലോ...” ഞാൻ പറഞ്ഞത് കേക്കാതെ ഉമ്മി അകത്തേക്ക് പോയി...

റൂമിലേക്ക് കയറാൻ തുടങ്ങിയിട്ട് തിരിഞ്ഞു നിന്നു പറഞ്ഞു...

“രണ്ട് പേരും രണ്ട് റൂമിൽ ആയിട്ട് കിടക്കണം കേട്ടല്ലോ ” ഞങ്ങൾ തമ്മിൽ

നോക്കിയിട്ട് ഉമ്മിയെ നോക്കി ഒരു അവിഞ്ഞ ചിരി ചിരിച്ചു... അങ്ങനെ ഞങ്ങൾ റൂമിലേക്ക് പോയി... രണ്ട് പേരും രണ്ട് റൂമിൽ ആയി കിടന്നു...

രാവിലെ എഴുന്നേറ്റ് ഹാളിലേക്ക് ചെന്നപ്പോൾ വാപ്പി അവിടെ ഇരുന്നു പത്രം വായിക്കുകയായിരുന്നു... ഞാൻ അവിടെ ഇരുന്നു... ജാസ്മിൻ അപ്പൊ എനിക്ക് ചായയുമായി വന്നു...

“മോളെ അങ്ങോട്ട് ഇരിക്ക് കുറച്ച് കാര്യം സംസാരിക്കണം ” വാപ്പി പറഞ്ഞു... ജാസ്മിൻ എന്നെ നോക്കിയിട്ട് അവിടെ ഇരുന്നു...

“അജീന ഒന്നിങ്ങു വന്നേ ” വാപ്പി ഉമ്മിയെ വിളിച്ചു.. ഉമ്മി വന്നു...

“മോളെ ആരെയെങ്കിലും അറിയിക്കണോ കല്യാണക്കാര്യം... എന്ന് വെച്ചാൽ കൊച്ചാപ്പയെ ” വാപ്പി പകുതി വെച്ച് പറഞ്ഞു നിർത്തികൊണ്ട് ചോദിച്ചു...

“അത്.. വിളിച്ചു നോക്കാം അവർ അല്ലാതെ വേറെ ആരും പറയാൻ ആയി എനിക്ക് ഇല്ല ”

“അതല്ല..അധികം നീട്ടണ്ട എന്ന് ആണ് ഞങ്ങളുടെ അഭിപ്രായം.. നിങ്ങളുടെയോ?” വാപ്പി ചോദിച്ചു

“അതിപ്പോ, ഞാൻ ” അവൾ നിന്ന് കുഴഞ്ഞു..

“മോള് എന്തായാലും അവരെ വിളിച്ചു ചോദിക്ക് ” അതും പറഞ്ഞു വാപ്പിയും ഉമ്മിയും നടന്നു പോയി...

അവൾ കൊച്ചാപ്പാടെ നമ്പറിലേക്ക് ഒരുപാട് ട്രൈ ചെയ്തു.. കുറെ പ്രാവശ്യം ട്രൈ ചെയ്തപ്പോൾ ഒരു പ്രാവശ്യം എടുത്തു.അവൾ സ്പീക്കറിൽ ഇട്ടു...

“കൊച്ചാപ്പ ഇങ്ങൾ എവിടെയാ... വിളിച്ചിട്ട് കിട്ടാനില്ലല്ലോ ” ജാസ്മിൻ ചോദിച്ചു...

“മോളെ ഒന്നും പറയണ്ട.. ഞങ്ങളെ ഇപ്പൊ ഇവിടെ കുടുങ്ങി കിടക്കുകയാണ്.. തിരിച്ചു നാട്ടിലേക്ക് എത്താൻ കൂടി പറ്റില്ല ”കൊച്ചാപ്പി പറഞ്ഞു..“ഓ അങ്ങോട്ട് ചെന്നിട്ട് അതിനെ രണ്ടിനെയും നോക്കാൻ അല്ലെ ” എന്ന് അതിന്റെ വാക്കിയായി ഞങ്ങൾ ആ കാളിലൂടെ കേട്ടു... അത് കേട്ടതും അവളുടെ മുഖം വാടി... ഞാൻ അപ്പൊ തന്നെ കാൾ കട്ട് ആക്കി...

“നിനക്ക് ഇപ്പൊ ഞങ്ങൾ ഒക്കെ ഉണ്ട്... അതൊക്കെ മതി, നീ വിഷമിക്കാതെ ഇരിക്ക് ” ഞാൻ അവളെ ചേർത്ത് പിടിച്ചുകൊണ്ടു പറഞ്ഞു...

“ഉമ്മി, വാപ്പി ഒന്നിങ്ങു വന്നേ ”അവർ രണ്ടുപേരും വന്നു...

“എന്തായി വിളിച്ചു ചോദിച്ചോ ” വാപ്പി ചോദിച്ചു

“ഇല്ല വാപ്പി വിളിച്ചിട്ട് കിട്ടണില്ല, നമ്പർ മാറ്റി കാണും ഇവളുടെ നമ്പർ ഓർമ ഇല്ലാത്തോണ്ട് കണ്ട് പിടിക്കാൻ പറ്റില്ലല്ലോ ” അവരോട് ഞാൻ ഒരു കള്ളം

പറഞ്ഞു... ജാസ്മിൻ പെട്ടന്ന് എന്നെ നോക്കി ഞാൻ അവളുടെ കയ്യിൽ മുറുക്കി പിടിച്ചു...

“ഇനി ഇപ്പൊ എന്താ ചെയ്യാ ” വാപ്പി ആലോചിച്ചു...

“ഇനിയിപ്പോ അവരെ അറിയിക്കുന്നത് വളരെ കഷ്ടപ്പാട് ആണ്, അറിയിക്കണോ ” കുറച്ച് നേരത്തിനു ശേഷം വാപ്പി പറഞ്ഞു...

“അറിയിക്കേണ്ട വാപ്പി, ഞങ്ങളെ വേണ്ടാത്തവരെ ഞങ്ങൾക്കും വേണ്ട ” ജാസ്മിൻ പറഞ്ഞു അപ്പൊ വാപ്പി എന്നെ നോക്കി... എന്തോ കാര്യം നടന്നിട്ടുണ്ട് എന്ന് വാപ്പിക്ക് മനസിലായി അതാണ് ആ നോട്ടത്തിന്റെ ഉദ്ദേശം..

“അങ്ങനെ ആണെങ്കിൽ നമുക്ക് ഈ മാസം 27 ന് നടത്താം.. ഇനി 3 ആഴ്ച കൂടെ ഉണ്ടല്ലോ... ഒരുക്കങ്ങൾ ഒക്കെ പെട്ടന്ന് വേണം...3 ആഴ്ച എന്നൊക്കെ പറഞ്ഞാൽ പെട്ടന്ന് അങ്ങ് പോകും അറിയാമല്ലോ ” ഉമ്മി ആണ് പറഞ്ഞത്... ജാസ്മിന്റെ മുഖത്ത് അപ്പൊ ചെറിയ ഒരു നാണം വിരിഞ്ഞു.. അവൾ അപ്പോൾ തന്നെ എഴുനേറ്റ് അടുക്കളയിലേക്ക് പോയി... വാപ്പി എന്നെ തന്നെ നോക്കി ഇരുന്നു...

“അവൾ എന്താടാ അങ്ങനെ പറഞ്ഞിട്ട് പോയത് ” വാപ്പി ചോദിച്ചു...

“അത് വാപ്പി ഞങ്ങൾ വിളിച്ചു അവരെ കിട്ടി... അവളുടെ കുഞ്ഞുമ്മക്ക് ഇഷ്ടല്ല ഇവിടെ അതാണ്.. അത് നിങ്ങൾ കൂടെ അറിയണ്ട എന്ന് കരുതി ആണ് ഞാൻ പറയാതെ ഇരുന്നത് ” ഞാൻ പറഞ്ഞു... അങ്ങനെ അന്നത്തെ ദിവസം രാത്രി ആയി... ഞാൻ മുകളിലെ ബാൽകാണിയിൽ നിൽക്കുകയായിരുന്നു... ആരോ നടക്കുന്ന ശബ്ദം ഞാൻ കേട്ടു... തിരിഞ്ഞ് നോക്കിയപ്പോൾ ജാസ്മിൻ ആയിരുന്നു...

അവൾ എന്റെ അടുത്ത് വന്നു... ഞാൻ അവളുടെ കയ്യിൽ പിടിച്ചു വലിച്ചു എന്നോട് ചേർത്ത നിർത്തി... അവൾ കുതറി മാറാൻ ഒരു വിഫല ശ്രമം നടത്തി... പക്ഷെ എന്റെ ശക്തിക്ക് മുന്നിൽ അത് ഒന്നും അല്ലായിരുന്നു.....

“ആരെങ്കിലും വന്ന് കണ്ടാൽ നാണക്കേട് ആകും... വിട്ടേ ഞാൻ പോകട്ടെ ” അവൾ പറഞ്ഞു...

“ഞാൻ കെട്ടാൻ പോകുന്ന ആളെ ആണ് ഞാൻ കെട്ടിപിടിച്ചു നിക്കുന്നത് ” ഞാൻ പറഞ്ഞു..

“എന്നാ നിന്നോ ആരെങ്കിലും എന്നെ കളിയാക്കിയാൽ... പിന്നെ കല്യാണം കഴിയുന്നത് വരെ എന്നോട് മിണ്ടാൻ വരണ്ട ” അവൾ മുഖം വീർപ്പിച്ചു പറഞ്ഞു...

ഞാൻ അവളെ പിടി വിട്ടിട്ട് മാറി നിന്നു... അവൾ എന്റെ പുറകിലൂടെ കയ്യിൽ പിടിച്ചു...

“അപ്പോളേക്കും പിണങ്ങിയോ എന്റെ ചെക്കൻ.. ഞാൻ ഒരു തമാശ പറഞ്ഞതല്ലേ ഇങ്ങോട്ട് നോക്ക് ” എന്ന് പറഞ്ഞു എന്റെ തല പിടിച്ചു ചരിച്ചിട്ട് എന്റെ കവിളിൽ അവൾ ഒരു ഉമ്മ തന്നു.. ഞാൻ പെട്ടന്ന് തിരിഞ്ഞു അവളെ ചേർത്ത പിടിച്ചു....

“എത്ര പെട്ടന്ന് ആണ് അല്ലെ കാര്യങ്ങൾ മാറിയത്...3 ആഴ്ച കൂടെ കഴിഞ്ഞാൽ നമ്മുടെ കല്യാണം ആണ് ” ഞാൻ അവളുടെ കവിളിൽ പിടിച്ചുകൊണ്ടു പറഞ്ഞു...

“ആ, അതുപറഞ്ഞപ്പോളാണ് ഓർത്തത്... എനിക്ക് കുറച്ച് കണ്ടിഷൻസ് ഉണ്ട് ”

“എന്തൊക്കെയാ ? ” ഞാൻ അവളോട് ചോദിച്ചു

“1. എനിക്ക് രണ്ട് ആൺപിള്ളേരെ വേണം ”

“എനിക്ക് രണ്ട് പെൺകുട്ടികളെ ആണ് വേണ്ടത് ”

“അത് പറ്റൂല്ല... രണ്ട് പ്രാവശ്യമേ ഞാൻ പ്രസവികൂ ” അവൾ കട്ടായം പിടിച്ചു...

“എല്ലാം നമ്മൾ അല്ലല്ലോ തീരുമാനിക്കുന്നത്.നീ അടുത്തത് പറ. ”

“എന്നോട് ദേഷ്യത്തിൽ ഒന്നും സംസാരിക്കരുത് ”

“അത് നിന്റെ പ്രേവർത്തി പോലെ ഇരിക്കും ” ഞാൻ ചിരിച്ചുകൊണ്ട് പറഞ്ഞു...

“3. എന്റെ കൂടെ വേണം എന്ന് എനിക്ക് തോന്നുന്ന സമയത്ത് ഇല്ലം എന്റെ കൂടെ തന്നെ ഉണ്ടാകണം ”

“അതൊക്കെ ഞാൻ ഉണ്ടാകും ”

“ആഹ് അത് മതി എനിക്ക് അതൊക്കെ മാത്രം മതി ” അവൾ പറഞ്ഞിട്ട് എന്റെ മുഖത്തേക്ക് നോക്കി...

“എന്തെ ” ഞാൻ ചോദിച്ചു...

അവൾ വിരൽ ചുണ്ടിൽ തൊട്ട് കാണിച്ചു...

“തരുല്ല ” ഞാൻ കണ്ണച്ചു കാണിച്ചുകൊണ്ട് പറഞ്ഞു

“വേണ്ട... ചോദിച്ചു വന്ന എന്നെ പറഞ്ഞാൽ മതിയല്ലോ... എന്നോട് എപ്പോഴെങ്കിലും ചോദിച്ചു വരും അപ്പൊ ഞാൻ കാണിച്ചു തരാം ” എന്ന് പറഞ്ഞു അവൾ തിരിഞ്ഞു നടക്കാൻ തുടങ്ങിയതും അവളുടെ കയ്യിൽ പിടിച്ചു വലിച്ചു ആ നീക്കത്തിൽ തന്നെ ഞാൻ എന്റെ ചുണ്ടുകൾ അവളുടെ ചുണ്ടുകളിൽ ചേർത്ത്.. അവൾ അത് ഒട്ടും പ്രർത്ഥിക്ഷിച്ചിരുന്നില്ല അവളുടെ കണ്ണുകൾ പുറത്തേക്ക് വരുന്നത് പോലെ ആയി...

“ജാസ്മി മോളെ ” എന്നുള്ള ഉമ്മിയുടെ വിളി ഉടനെ എത്തി... ജാസ്മി ഓടി താഴേക്ക് പോയി..

പിന്നിടുള്ള ഓരോ ദിവസവും വളരെ വേഗത്തിൽ പോയി കല്യാണ വിളികളും ഡ്രസ്സ് എടുക്കുന്നതും അങ്ങനെ ഓരോ കാര്യങ്ങൾക്ക്കുമായി സമയം പെട്ടന്ന് കടന്നു പോയി...

ഇന്ന് ഞങ്ങളുടെ കല്യാണ തലേന്ന് ആണ്... അതായത് ജാസ്മിന്റെ മൈലാഞ്ചി... ഞങ്ങളുടെ വീട്ടിൽ വെച്ച് തന്നെ ആണ്... അന്നത്തേക്കുള്ള ഡ്രസ്സ് നാദിയുടെ സെലെക്ഷൻ ആയിരുന്നു... വൈകുന്നേരം ആയപ്പോൾ തന്നെ ഫോട്ടോയും വീഡിയോയും എടുക്കാനായി ഫോട്ടോഗ്രാഫർസ് വന്നു... ഉച്ചക്ക് ഒരുക്കാനായി

കയറിയ ആഫിയും ജാസ്മിനും ജന്നയും തിരിച്ചു ഇറങ്ങിയപ്പോൾ സമയം 5 ആയിരുന്ന... അവരുടെ പുറകിലായി നാണിച്ചു തല താഴ്ത്തി ഗ്രീൻ ബ്രൈഡൽ ലഹങ്ക ആയിരുന്നു അവൾ ധരിച്ചിരുന്നത്... അവൾ അതിൽ വല്ലാത്ത സുന്ദരി ആയിരുന്നു... അവളുടെ മുഖത്ത് സന്തോഷവും നാണവും കലർന്ന ഒരു ഭാവം ആയിരുന്നു...ഞാൻ റൂമിൽ നിന്ന് പുറത്തേക്ക് ഇറങ്ങിയതേ ഇല്ല... കല്യാണ ചെക്കന്റെ പെങ്ങളുടെ ചുമതല ആഫി നല്ലതുപോലെ തന്നെ ചെയ്തു... അങ്ങനെ ഫോട്ടോ എടുപ്പും മെഹന്ധിയും എല്ലാം കഴിഞ്ഞു വീട് ഒന്ന് സമാധാനം ആയപ്പോൾ ഏകദേശം 10 മണി ആയിരുന്നു... അത്രയും നേരം അവളെ കാണാതെ എങ്ങനെ ഇരുന്നു എന്ന് എനിക്ക് മാത്രമേ അറിയുകയുല്ലായിരുന്നു..... അവൾ റൂമിലേക്ക് പോകുന്നത് ഒരു മിന്നായം പോലെ ഞാൻ കണ്ടു... അവൾ കണ്ണ് തുടക്കുന്നതായി ആണ് ഞാൻ കണ്ടത്... ഞാൻ വേഗം അവളുടെ പുറകെ പോയി.. അപ്പോൾ ഞാൻ കാണുന്നത് അവൾ ബെഡിൽ ഇരുന്നു കരയുന്നതാണ്... എനിക്ക് അത് കണ്ട് നിക്കാൻ പറ്റുകയില്ലായിരുന്നു... ഞാൻ ഓടി അവളുടെ അടുത്തേക്ക് ചെന്ന് അവളെ നെഞ്ചോട് ചേർത്തു.. കുറച്ച് നാളുകളായി അവൾക്കൊ എനിക്കോ എന്ത് വിഷമം വന്നാലും ഇങ്ങനെ ചെയ്യുന്നത് ഒരു ശീലം ആയിരുന്നു... അവൾ എന്റെ നെഞ്ചിലേക്ക് തലവെച്ചു കരയാൻ തുടങ്ങി....

“എന്താ എന്റെ വാവക്ക് പറ്റിയത്. എന്തിനാ നീ കരയുന്ന?” ഞാൻ അവളുടെ മുഖം കൈകളിൽ കോരി എടുത്തുകൊണ്ടു ചോദിച്ചു...

“ഒരിക്കലും നടക്കില്ല എന്ന് കരുതിയതാണ്... ആരും ഇല്ലാത്ത ഞങ്ങൾക്ക് ഇപ്പൊ എല്ലാരും ഉണ്ട്.. ഇതിനൊക്കെ ഞാൻ എങ്ങനെയാണ് നന്ദി പറയുന്നത് ” അവൾ നിറക്കണ്ണുകളോടെ എന്നോട് ചോദിച്ചു...

“ഒറ്റ ഇടി ഞാൻ തരും... ഞാൻ കരുതി എന്തേലും വലിയ പ്രശ്നം ആണെന്ന്... ഈ ചെറിയ കാര്യത്തിന് ആയിരുന്നോ ഇങ്ങനെ ഇരുന്നു കരയുന്നത്... നീ ഇങ്ങോട്ട് നോക്കിയേ. എല്ലാത്തിനും ഞാൻ ഉണ്ടല്ലോ നീ ഇനി ഒരു കാര്യത്തിനും കണ്ണ് നിറക്കരുത്.. അത് എനിക്ക് ഇഷ്ടവും അല്ല ” ഞാൻ അവളുടെ കണ്ണുകൾ തുടച്ചുകൊണ്ട് പറഞ്ഞു... അപ്പോൾ അവളുടെ മുഖത്ത് ഒരു ചിരി വിടർന്നു...

“നാളെ ഒരു ദിവസം കൂടെ കഴിഞ്ഞിട്ട് പോരെ ഇതൊക്കെ ” ഡോറിന്റെ അവിടെ നിന്ന് ശബ്ദം കേട്ടു ഞങ്ങൾ അങ്ങോട്ട് നോക്കുമ്പോൾ ആഫിയും നാദിയും ഞങ്ങളെ നോക്കി ചിരിക്കുന്നു... ജാസ്മിൻ പെട്ടന്ന് നാണിച്ചു മുഖം എന്റെ നെഞ്ചിൽ മറച്ചു ഇരുന്നു...

“മതി നാളെ കഴിഞ്ഞ് ഞങ്ങൾ തന്നെ തരും ഇവളെ അതിന് ശേഷം മതി ഇതൊക്കെ... നീ ഇറങ്ങിക്കെ ഇറങ് ” നാദി എന്റെ കയ്യിൽ പിടിച്ചുകൊണ്ടു പറഞ്ഞു.... ഞാൻ മനസില്ല മനസോടെ തിരിഞ്ഞു നോക്കി തിരിഞ്ഞു നോക്കി റൂമിലേക്ക് പോയി...

5 വർഷങ്ങൾക്ക് ശേഷം...

“എന്തിനാ പടച്ചോനെ നീ എന്നെ ഇങ്ങനെ പരീക്ഷിച്ചത്.. രണ്ട് പ്രാവശ്യമേ പ്രസവിക്കു എന്ന് പറഞ്ഞതിന് നീ എനിക്ക് തന്നത് 4 കുട്ടികളെ അല്ല ” അവൾ പടച്ചവനോട് കുറ്റം പറഞ്ഞു...

ഒന്നും പറഞ്ഞില്ലല്ലോ അല്ലെ... അവളുടെ ആഗ്രഹം പോലെ രണ്ട് പെൺകുട്ടികളും എന്റെ ആഗ്രഹം പോലെ രണ്ട് ആൺകുട്ടികളും ആണ് ഞങ്ങൾക്ക്... അവൾ രണ്ട് പ്രാവശ്യവും ഇരട്ട പ്രെസവിച്ചു... ഓരോ ആണും ഓരോ പെണ്ണുമായി...

“ഇക്കാ ഇങ്ങോട്ട് വന്നേ ഈ പിള്ളേരെ ഒന്ന് നോക്ക് ഇല്ലെൽ ഇന്നത്തെ എല്ലാം തെറ്റും ” അവൾ കിച്ചണിൽ നിന്ന് വിളിച്ചു പറഞ്ഞു... പിള്ളേർ ഒക്കെ അവളുടെ അടുത്ത് നിന്ന് കളിക്കുവാണ്... മൂത്ത മകൻ അസിൻ അവളുടെ അടുത്ത് നിന്ന് മാറാതെ അവളെ ശല്യം ചെയ്യുവായിരുന്നു... ഞാൻ അത് കണ്ട് അവളെ നോക്കി ചിരിച്ചുകൊണ്ട് ഇരുന്നു...

“എന്താ അവിടെ ചിരിച്ചോണ്ട് നിക്കുന്നത് ” അവൾ ദേഷ്യത്തിൽ ചോദിച്ചു...

“ഞാൻ അന്നേ പറഞ്ഞേയ പെൺപിള്ളേർ മതി പെൺപിള്ളേർ മതിയെന്ന്.. ഇപ്പൊ കണ്ടില്ലേ നിന്നെ ശല്യം ചെയ്യുന്നത് ” ഞാൻ അവളെ കളിയാക്കികൊണ്ട് പറഞ്ഞു...

“അത് അവർക്ക് എന്നോട് ഉള്ള ഇഷ്ടം കൊണ്ട് ആണ്... നിങ്ങൾ ഇവരേം വിളിച്ചോണ്ട് അപ്പുറത്തോട്ട് പോയെ..” അവൾ ദേഷ്യത്തിൽ പറഞ്ഞിട്ട് പണി തുടർന്നു... ഞാൻ 4 പിള്ളേർ വിളിച്ചുകൊണ്ടു ഹാളിലേക്ക് പോയി പോയി.. പിള്ളേർ ഒക്കെ ഫുൾ ഹാപ്പി ആണ്.. സംഭവം ഇങ്ങനെ ഒക്കെ ആണെങ്കിലും ഞങ്ങളും ഫുൾ ഹാപ്പി ആണ്...

അവസാനിച്ചു... ഒരുപാട് തെറ്റുകൾ ഉണ്ടായിട്ടുണ്ട്, ആദ്യ കഥ ആയിരുന്നു.. നല്ല സപ്പോർട്ട് കിട്ടിയിരുന്നു ഉടനെ തന്നെ അടുത്ത കഥയുമായി വരുന്നതാണ്... എല്ലാരും like അടിച്ചു സപ്പോർട്ട് തരിക...

സ്നേഹപൂർവ്വം ചുള്ളൻ ചെക്കൻ